# പ്രാദേശിക ഭരണ നിർവ്വഹണം

## സർക്കാർ ഉത്തരവുകളും സർക്കുലറുകളും

## വോള്യം - 36

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)

ജനുവരി 2026

# പ്രാദേശിക ഭരണ നിർവ്വഹണം

സർക്കാർ ഉത്തരവുകളും സർക്കുലറുകളും

## വോള്യം - 36

*ചീഫ് എഡിറ്റർ*
**ശ്രീ നിസാമുദ്ദീൻ ഐ.എ.എസ്,**
ഡയറക്ടർ ജനറൽ, കില

*എഡിറ്റർമാർ*
**ശ്രീ സുമേഷ് കെ. ആർ,**
രജിസ്ട്രാർ, കില

**ഡോ. കെ. പി. എൻ. അമൃത,**
അസിസ്റ്റന്റ് ഡയറക്ടർ (ട്രെയിനിങ്ങ്), കില

*അസോസിയേറ്റ് എഡിറ്റർമാർ*
**ശ്രീ. സി. പി. സുനിൽ,** കൺസൽട്ടന്റ്, ഹെൽപ്ഡെസ്ക്, കില
**ശ്രീ. ബാലഗംഗാധരൻ,** കൺസൽട്ടൻറ്, ഹെൽപ്ഡെസ്ക്, കില
**ശ്രീ. സി. എസ്. സന്തോഷ്,** റിസോഴ്സ് പേഴ്സൺ, കില
**ശ്രീ. കെ. ബി. ബാബുകുമാർ,** റിസോഴ്സ് പേഴ്സൺ, കില
**ശ്രീ കണ്ണൻ നായർ എം,** കൺസൽട്ടൻറ്, ഹെൽപ്ഡെസ്ക്, കില
**ശ്രീ. സി . നന്ദകുമാർ,** എസ്. ആർ. ജി. അംഗം
**ശ്രീ. കെ. എൻ. വിമൽകുമാർ,** എസ്. ആർ. ജി. അംഗം

*ലേഔട്ട് & കവർ*
ഫോർസൈറ്റ് ഡിസൈൻസ്, തൃശ്ശൂർ

*പ്രസാധനം*

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ**
**മുളങ്കുന്നത്തുകാവ് പി. ഒ., തൃശ്ശൂർ– 680581**
**ഫോൺ – 0487 2207000, 0487 2201062 (ഫാക്സ്)**
E-mail : info@kila.ac.in, Website : www.kila.ac.in

**2026 ജനുവരി**

# ആമുഖം

**നിസാമുദ്ദീൻ എ, ഐ.എ.എസ്**
ഡയറക്ടർ ജനറൽ, കില

സദ്ഭരണത്തിന്റെ അടിസ്ഥാന ശിലകളിലൊന്നായ നിയമവാഴ്ച്ച ഉറപ്പ് വരുത്തുന്നതിന് ആക്ടുകൾ, ചട്ടങ്ങൾ അവയുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, സർക്കുലറുകൾ മുതലായവ എളുപ്പത്തിൽ ലഭ്യമാവുന്നു എന്നത് അനിവാര്യമാണ്. ഒട്ടനവധി വികസനക്ഷേമ മേഖലകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന തദ്ദേശ സ്ഥാപനങ്ങൾക്ക് അവയൊക്കെയുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും സർക്കുലറുകളും ക്രോഡീകരിച്ച് ലഭ്യമാക്കുന്നതിന് കില പരിശ്രമിച്ച് വരുന്നുണ്ട്. കേരളത്തിൽ അധികാര വികേന്ദ്രീകരണം ആരംഭിച്ചതിന് ശേഷം ഇപ്രകാരം പ്രസിദ്ധീകരിക്കപ്പെട്ട സർക്കാർ ഉത്തരവുകളും സർക്കുലറുകളും 29 വോള്യങ്ങളായി കില ഇതിനോടകം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

വികേന്ദ്രീകൃതാസൂത്രണവുമായി ബന്ധപ്പെട്ട് 2018 മുതൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും സർക്കുലറുകളും വിഷയമേഖലാടിസ്ഥാനത്തിൽ ക്രോഡീകരിച്ച് 30, 31, 32, 33, 34, 35, 36 എന്നീ വോള്യങ്ങളായി കില പ്രസിദ്ധീകരിക്കുകയാണ്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ജീവനക്കാർക്കും തദ്ദേശസ്വയംഭരണ വകുപ്പിനും ഈ പ്രസിദ്ധീകരണങ്ങൾ ഏറെ പ്രയോജനകരമായിരിക്കും എന്ന് വിശ്വസിക്കുന്നു.

ഈ സംരംഭത്തിന് മുൻകൈ എടുത്ത കില ഹെൽപ്പ് ഡെസ്ക് അംഗങ്ങൾ, കിലയുടെ റിസോഴ്സ് പേഴ്സൺമാർ മുതലായവരെ പ്രത്യേകം അഭിനന്ദിക്കുന്നു.

കില
30.12.2025

**എ. നിസാമുദ്ദീൻ ഐ.എ.എസ്**
ഡയറക്ടർ ജനറൽ, കില

# പ്രസാധക കുറിപ്പ്

അധികാരവികേന്ദ്രീകരണ പ്രക്രിയ ആരംഭിച്ചത് മുതൽ തദ്ദേശ സ്ഥാപനങ്ങളുടെ വിവിധ മേഖലകളിലെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാനസർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളും സർക്കുലറുകളും 'അധികാരവികേന്ദ്രീകരണം- സർക്കാർ ഉത്തരവുകളും സർക്കുലറുകളും' എന്ന പേരിൽ ക്രോഡീകരിച്ച് കില പ്രസിദ്ധീകരിച്ചു വരികയാണ്. ഇതിന്റെ 29 വോള്യങ്ങളാണ് ഇതിനോടകം പ്രസിദ്ധീകരിച്ചിട്ടുള്ളത്.

30 മുതൽ 36 വരെയുള്ള വാള്യങ്ങളാണ് ഇപ്പോൾ പ്രസിദ്ധീകരിക്കുന്നത്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ 2018-19 മുതൽ 2021-22 വരെയുള്ള കാലയളവിൽ പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും സർക്കുലറുകളുമാണ് 30, 31, 32 വോള്യങ്ങളായി സമാഹരിച്ചിട്ടുള്ളത്.

പതിനാലാം പദ്ധതിയുമായി ബന്ധപ്പെട്ട് 2022-23 മുതൽ 2025 മെയ് മാസം വരെ പ്രസിദ്ധീകരിച്ചിട്ടുള്ള ഉത്തരവുകളും സർക്കുലറുകളും ആണ് 33, 34, 35, 36 വോള്യങ്ങളായി സമാഹരിച്ചിട്ടുള്ളത്. റഫറൻസിനുള്ള സൗകര്യത്തിനായി പദ്ധതി രൂപീകരണ മാർഗ്ഗരേഖയിലെ വിഷയക്രമത്തിൽ തന്നെയാണ് അവ ക്രമീകരിച്ചിട്ടുള്ളത്. ഓരോ വാള്യങ്ങളിലുമുള്ള വിഷയമേഖലകളുടെ സംഗ്രഹം ചുവടെ ചേർക്കുന്നു.

## പതിമൂന്നാം പഞ്ചവത്സര പദ്ധതി (2018-19 മുതൽ 2021-22 വരെ)

### വോള്യം - 30

1) പദ്ധതി രൂപീകരണം, അംഗീകാരം, നിർവ്വഹണം

### വോള്യം - 31

2) കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC Grant)
3) മെയ്ന്റനൻസ് ഗ്രാന്റ്
4) സദ്ഭരണം
5) ഡെപ്പോസിറ്റ് പ്രവൃത്തികൾ
6) പൊതുമരാമത്ത്
7) Plan Fund/Joint Venture Projects - Fund
8) സബ്സിഡി/ധനസഹായം
8.1 കൃഷി
8.2 മൃഗസംരക്ഷണം/ക്ഷീരവികസനം
8.3 മത്സ്യബന്ധന മേഖല
8.4 ചെറുകിട വ്യവസായം
8.5 മണ്ണ്-ജലസംരക്ഷണം
8.6 കുടിവെള്ളം
8.7 വീട് / വീട് പുനരുദ്ധാരണം/വീട് വയറിംഗ്
ലൈഫ് ഭവന നിർമ്മാണ പദ്ധതി
എ) ലൈഫ് ഭവന പദ്ധതി -മാർഗ്ഗരേഖകൾ

### വോള്യം - 32

ബി) ലൈഫ് ഭവന പദ്ധതി-ഉത്തരവുകൾ
8.8 മാലിന്യ സംസ്കരണം
9. ധനസഹായങ്ങൾ
9.1 സാമൂഹ്യ നീതി
9.2 പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ
9.3 വിദ്യാഭ്യാസം
9.4 വനിതാ വികസനം, ശിശു വികസനം

9.5 പൊതുജനാരോഗ്യം
9.6 കലാ-സംസ്കാരിക-കായിക വികസനം
9.7 ദാരിദ്ര്യ ലഘൂകരണം
9.8 തെരുവു വിളക്ക്

## പതിനാലാം പഞ്ചവത്സര പദ്ധതി (2022-23 മുതൽ 2025 മെയ് വരെ)

### വോള്യം - 33

1) പദ്ധതി രൂപീകരണം, അംഗീകാരം, നിർവ്വഹണം

### വോള്യം - 34

1) പദ്ധതി രൂപീകരണം (തുടർച്ച)

### വോള്യം - 35

2) വിവിധ ഗ്രാന്റുകളുടെ വിനിയോഗം - എ) **CFC Grant**, ബി) **Health Grant**, സി) മെയ്ന്റനൻസ് ഗ്രാന്റ്
3) സദ്ഭരണം
4) ഡെപ്പോസിറ്റ് പ്രവൃത്തികൾ
5) മരാമത്ത് പ്രവൃത്തികൾ
6) അക്രഡിറ്റഡ് ഏജൻസികൾ - എ) ധനകാര്യ വകുപ്പിന്റെ അക്രഡിറ്റേഷൻ ബി) തദ്ദേശ സ്വയംഭരണ വകുപ്പ് നൽകുന്ന അക്രഡിറ്റേഷൻ
7) സബ്സിഡി-അനുബന്ധ ഉത്തരവുകൾ
7.1 കൃഷി
7.2 മണ്ണ്-ജലസംരക്ഷണം
7.3 മൃഗസംരക്ഷണം/ക്ഷീരവികസനം

### വോള്യം - 36

7.4 മത്സ്യ മേഖല
7.5 പ്രാദേശിക സാമ്പത്തിക വികസനം
7.6 കുടിവെള്ളം
7.7എ) ഭവന നിർമ്മാണം-പുനരുദ്ധാരണം-വയറിംഗ്
7.7ബി)ലൈഫ് ഭവന നിർമ്മാണം - മാർഗ്ഗരേഖകൾ
7.7സി)ലൈഫ് ഭവന നിർമ്മാണം - ഉത്തരവുകൾ
7.8 സഹകരണം
8. സാമൂഹ്യ നീതി
9. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ
10. മത്സ്യത്തൊഴിലാളി ക്ഷേമം
11. വിദ്യാഭ്യാസം
12. വനിതാ വികസനം-ശിശു വികസനം
13. പൊതുജനാരോഗ്യം
14. കലാ-സംസ്കാരിക-കായിക വികസനം
15. പരിസ്ഥിതി സംരക്ഷണം
16. ദാരിദ്ര്യ ലഘൂകരണം
17. തെരുവു വിളക്ക്
18. വാഹനങ്ങൾ വാങ്ങൽ/വാടകയ്ക്ക് എടുക്കൽ

പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 2018 ഏപ്രിൽ മുതൽ 2025 മെയ് മാസം വരെയുള്ള ഉത്തരവുകളും സർക്കുലറുകളും പൂർണ്ണമായും സമാഹരിക്കുവാൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്. വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാവർക്കും ഇത് ഫലപ്രദമാകുമെന്ന വിശ്വാസത്തോടെ സമർപ്പിക്കുന്നു.

കില, തൃശ്ശൂർ

# പ്രാദേശിക ഭരണ നിർവ്വഹണം

## സർക്കാർ ഉത്തരവുകളും സർക്കുലറുകളും

## വോള്യം - 36

## ഉള്ളടക്കം


**7.4 മത്സ്യ മേഖല**

| ക്രമ നം. | ഉത്തരവ്/സർക്കുലർ നം. | തിയതി | വിഷയം | പേജ് നം. |
|---|---|---|---|---|
| 1 | സ.ഉ(സാധാ)നം.449/2023/ LSGD | 21-02-2023 | കൂടിലെ മത്സ്യകൃഷിക്കുള്ള സബ്സിഡി യൂണിറ്റ് നിരക്ക് വർദ്ധിപ്പിച്ചു. | 20 |
| 2 | സ.ഉ(സാധാ)നം.1073/2024/ LSGD | 19-06-2024 | പരമ്പരാഗത ചെറിയ തടിവള്ളത്തിനും കട്ടമരത്തിനും നൽകുന്നതിനുപോലെ ഫൈബർ വള്ളത്തിനും ഗിൽനെറ്റ് നൽകാൻ അനുമതി. | 22 |

**7.5 പ്രാദേശിക സാമ്പത്തിക വികസനം**

| ക്രമ നം. | ഉത്തരവ്/സർക്കുലർ നം. | തിയതി | വിഷയം | പേജ് നം. |
|---|---|---|---|---|
| 1 | G.O.(Rt)No.1431/ 2022/LSGD | 12-06-2022 | ആയിരത്തിൽ അഞ്ച് പേർക്ക് തൊഴിൽ സൃഷ്ടിക്കൽ-വിവര ശേഖരണത്തിനും പോർട്ടൽ വികസിപ്പിക്കുന്നതിനും പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തി. | 26 |
| 2 | സ.ഉ(കൈ)നം.214/2022/LSGD | 15-09-2022 | തൊഴിൽ/സംരഭക സാധ്യതകളും തൊഴിൽ പരിശീലന സാധ്യതകളും തൊഴിൽ അന്വേഷകർക്ക് പരിചയപ്പെടുത്തുന്നതിനായി തൊഴിൽ സഭകൾ വിളിച്ചു ചേർക്കൽ-മാർഗ്ഗ നിർദ്ദേശങ്ങൾ | 28 |
| 3 | G.O(Rt)No. 2289/ 2022/LSGD | 19-09-2022 | പ്രാദേശിക സാമ്പത്തിക വികസനം- തൊഴിൽസഭ - ജില്ലാതല കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിക്കുന്നത് സംബന്ധിച്ച് | 58 |
| 4 | സ.ഉ(സാധാ)നം.2759/2022/ LSGD | 09-11-2022 | ഖാദി സ്ഥാപനങ്ങൾക്കും കേരള ഖാദി ഗ്രാമവ്യവസായ ബോർഡിനും ഉള്ള സ്ഥലത്ത് നിലവിലുള്ള യൂണിറ്റുകൾക്ക് കെട്ടിട നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനും സബ്സിഡി പുനഃസ്ഥാപിച്ചു. | 61 |
| 5 | സ.ഉ(സാധാ)നം.3/2023/LSGD | 04-01-2023 | പ്രാദേശിക സാമ്പത്തിക വികസന പദ്ധതി (Local Economic Development) നടപ്പാക്കുന്നതിനുള്ള മാർഗ്ഗരേഖ. | 64 |

| | | | | |
|---|---|---|---|---|
| 6 | സ.ഉ(സാധാ)നം.2255/2023/ LSGD | 16-11-2023 | ഗ്രൂപ്പ് സംരംഭങ്ങൾക്ക് സബ്സിഡി നൽകുന്നതിനുള്ള വ്യവസ്ഥ ഭേദഗതി ചെയ്തു. | 111 |
| 7 | സ.ഉ(സാധാ)നം. 557/2024/ തസ്വഭവ | 07-03-2024 | ലൈഫ് മിഷൻ കേരള നോളേജ് ഇക്കോണമി മിഷനുമായി ചേർന്ന് ലൈഫ് ഗുണഭോക്താക്കൾക്ക് തൊഴിൽ സജ്ജരാക്കി കൊണ്ട് പ്രത്യേക നൈപുണ്യ പരിശീലനവും വൈജ്ഞാനിക തൊഴിൽ പരിചയവും നൽകുന്നത് സംബന്ധിച്ച മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. | 114 |
| 8 | സ.ഉ(സാധാ)നം.1175/2024/ LSGD | 30-06-2024 | ജീവിത ശൈലീ രോഗങ്ങളുടെ പരിശോധനയ്ക്ക് മൊബൈൽ യൂണിറ്റുകൾക്ക് ധനസഹായം-അധിക മാനദണ്ഡങ്ങൾ ചേർത്തു. | 122 |
| 9 | സ.ഉ(കൈ)നം.179/2024/LSGD | 19-12-2024 | കേരള നോളേജ് ഇക്കണോമി മിഷൻ(KKEM) പ്രവർത്തനങ്ങൾ കൂടുതൽ ജനകീയവും ഫലപ്രദവുമാക്കുന്നതിനുള്ള കർമ്മപരിപാടി-വിജ്ഞാന കേരളം പദ്ധതിയുടെ പ്രവർത്തന മാർഗ്ഗരേഖ അംഗീകരിച്ചു. | 124 |
| 10 | സ.ഉ(സാധാ)നം.2563/2024/ LSGD | 30-12-2024 | സ്ത്രീകൾ മാത്രമുള്ള സ്വയംതൊഴിൽ ഗ്രൂപ്പിന് നൽകുന്ന നിരക്കിൽ ട്രാൻസ്ജന്റർ ഗ്രൂപ്പ് സംരംഭത്തിനും സബ്സിഡി നൽകാൻ അനുമതി. | 134 |
| 11 | സ.ഉ(സാധാ)നം.116/2025/ LSGD | 13-01-2025 | ആലപ്പുഴ ജില്ലാ പഞ്ചായത്ത്-ട്രാൻസ്ജന്റർ വിഭാഗത്തിൽപ്പെട്ടവരുടെ ഗ്രൂപ്പ് സംരംഭങ്ങൾക്ക് സബ്സിഡി നൽകിയതിന് സാധൂകരണം നൽകി. | 136 |
| 12 | സ.ഉ(സാധാ)നം.445/2025/ LSGD | 12-02-2025 | വിജ്ഞാന കേരളം ജനകീയ കാമ്പയിൻ-സംസ്ഥാനതല കൗൺസിൽ രൂപീകരിച്ചു. | 138 |
| 13 | സ.ഉ(സാധാ)നം.727/2025/ LSGD | 19-03-2025 | വിജ്ഞാന കേരളം ജനകീയ കാമ്പയിൻ-ബ്ലോക്ക് പഞ്ചായത്തുകളിലും നഗരഭരണ സ്ഥാപനങ്ങളിലും ജോബ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം. | 144 |
| 14 | സ.ഉ(സാധാ)നം.814/2025/ LSGD | 26-03-2025 | കെൽപാം-ഇടം പോയിന്റ്-തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ബങ്കുകൾ സ്ഥാപിക്കുന്നതിന് അനുമതി. | 189 |
| 15 | സ.ഉ(സാധാ)നം.1164/2025/ LSGD | 12-05-2025 | വിജ്ഞാന കേരളം പരിപാടി-തൊഴിൽ മേള-യാത്രാക്രമീകരണം, ജോബ് സ്റ്റേഷനുകൾ എന്നിവയ്ക്കുള്ള ചെലവുകൾ കണ്ടെത്തുന്നതിന് ഫണ്ട് വകയിരുത്താൻ അനുമതി. | 191 |
| 16 | സ.ഉ(കൈ)നം.112/2025/LSGD | 03-07-2025 | സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഉയർത്തുന്നതിന് വിജ്ഞാന കേരളം പരിപാടിയുമായി ബന്ധപ്പെട്ട് കുടുംബശ്രീ നടപ്പിലാക്കുന്ന കാമ്പയിൻ-മാർഗ്ഗനിർദ്ദേശങ്ങൾ. | 194 |

## 7.6 കുടിവെള്ളം

| ക്രമ നം. | ഉത്തരവ്/സർക്കുലർ നം. | തിയതി | വിഷയം | പേജ് നം. |
|---|---|---|---|---|
| 1 | സ.ഉ(സാധാ)നം.652/2022/ LSGD | 16-03-2022 | കുടിവെള്ളക്ഷാമം-കുടിവെള്ള വിതരണം-2022-തനത് ഫണ്ട്/പ്ലാൻഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിനുള്ള യഥേഷ്ടാനുമതി-ഉത്തരവ്. | 226 |
| 2 | സ.ഉ(സാധാ)നം.564/2023/ LSGD | 06-03-2023 | കുടിവെള്ളക്ഷാമം-കുടിവെള്ള വിതരണം-2023-തനത് ഫണ്ട്/പ്ലാൻഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിനുള്ള യഥേഷ്ടാനുമതി-ഉത്തരവ്. | 228 |
| 3 | സ.ഉ(സാധാ)നം. 734/2023/ തസ്വഭവ | 27-03-2023 | ഉഷ്ണതരംഗം, സൂര്യാഘാതം എന്നിവയുടെ സാധ്യത മുൻനിർത്തി തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച ഉത്തരവ്. | 230 |
| 4 | സ.ഉ(സാധാ)നം.1153/2023/ LSGD | 02-06-2023 | 2023വർഷത്തെ കുടിവെള്ള വിതരണ കാലാവധി വ്യവസ്ഥകൾക്ക് വിധേയമായി ദീർഘിപ്പിച്ചു. | 233 |
| 5 | സ.ഉ(സാധാ)നം.405/2024/ LSGD | 19-02-2024 | കുടിവെള്ളക്ഷാമം-കുടിവെള്ള വിതരണം-2024-തനത് ഫണ്ട്/പ്ലാൻഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിനുള്ള യഥേഷ്ടാനുമതി-ഉത്തരവ്. | 235 |
| 6 | സ.ഉ(സാധാ)നം.605/2025/ LSGD | 04-03-2025 | കുടിവെള്ളക്ഷാമം-കുടിവെള്ള വിതരണം-2025-തനത് ഫണ്ട്/പ്ലാൻഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിനുള്ള യഥേഷ്ടാനുമതി-ഉത്തരവ്. | 237 |

## 7.7 എ) ഭവന നിർമ്മാണം-പുനരുദ്ധാരണം-വയറിംഗ്

| ക്രമ നം. | ഉത്തരവ്/സർക്കുലർ നം. | തിയതി | വിഷയം | പേജ് നം. |
|---|---|---|---|---|
| 1 | സ.ഉ(സാധാ)നം.440/2023/ LSGD | 21-02-2023 | വീട് അറ്റകുറ്റപ്പണിക്ക് ധനസഹായം നൽകൽ-മാർഗ്ഗരേഖ പുതുക്കി. | 242 |
| 2 | സ.ഉ(സാധാ)നം.1229/2023/ തസ്വഭവ | 14-06-2023 | കേരളത്തിൽ 2018-19 വർഷങ്ങളിലെ പ്രളയത്തെ തുടർന്ന് SDRF/CMPRF ഉൾപ്പെടെ ഏതെങ്കിലും സർക്കാർ വകുപ്പുകളിൽ നിന്നോ സർക്കാർ ഏജൻസികളിൽ നിന്നോ വീട് നിർമ്മാണം/ പുനരുദ്ധാരണത്തിന് ധനസഹായം ലഭിച്ചവർക്ക് ലൈഫ് മിഷൻ പ്രകാരം നൽകിയിട്ടുള്ള ആനുകൂല്യം പി.എം.എ.വൈ (നഗരം) പദ്ധതിയ്ക്കും ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. | 243 |
| 3 | സ.ഉ(സാധാ)നം.1185/2024/ LSGD | 01-07-2024 | ഭവന നിർമ്മാണം നടത്തിയ ഗുണഭോക്താക്കൾക്ക് ഒഴിച്ചുകൂടാൻ പറ്റാത്ത സാഹചര്യത്തിൽ വീട് വിൽക്കേണ്ടി വരുമ്പോൾ പാലിക്കേണ്ട പൊതു മാനദണ്ഡം. | 245 |

| | | | | |
|---|---|---|---|---|
| 4 | കത്ത്നം. ഡി ഇ3/6/2023-തസ്വഭവ | 02-09-2024 | ഭവന നിർമ്മാണം നടത്തിയ ഗുണഭോക്താക്കൾക്ക് ഒഴിച്ചുകൂടാൻ പറ്റാത്ത സാഹചര്യത്തിൽ വീട് വിൽക്കേണ്ടി വരുമ്പോൾ പാലിക്കേണ്ട പൊതു മാനദണ്ഡം-സർക്കാർ ഉത്തരവിൽ വ്യക്തത വരുത്തി. | 250 |
| 5 | സ.ഉ(സാധാ)നം.1677/2024/ LSGD | 10-09-2024 | വീട് പുനരുദ്ധാരണം ആവശ്യമുള്ള അതിദരിദ്ര വിഭാഗത്തിൽപ്പെട്ടവരിൽ SAFE പദ്ധതിയിൽ ആനുകൂല്യം ലഭിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിന് അനുമതി. | 251 |
| 6 | സർക്കുലർ നം.ഡിഇ3/238/ 2024-തസ്വഭവ | 24-09-2024 | ഭവന നിർമ്മാണത്തിനായി വാങ്ങി നൽകുന്ന ഭൂമി നിർമ്മാണ പ്രവർത്തനത്തിന് യോഗ്യമാണെന്ന് ഉറപ്പ് വരുത്തൽ-നിർദ്ദേശം. | 254 |
| 7 | സ.ഉ(സാധാ)നം.2495/2024/ LSGD | 19-12-2024 | ഭവന നിർമ്മാണം നടത്തിയ ഗുണഭോക്താക്കൾക്ക് ഒഴിച്ചുകൂടാൻ പറ്റാത്ത സാഹചര്യത്തിൽ വീട് വിൽക്കേണ്ടി വരുമ്പോൾ പാലിക്കേണ്ട പൊതു മാനദണ്ഡം-ഭേദഗതി ഉത്തരവ്. | 256 |
| 8 | സ.ഉ(സാധാ)നം.2544/2024/ LSGD | 27-12-2024 | ഈസി കിച്ചൺ-അടുക്കള നവീകരണത്തിന് ധനസഹായം നൽകാൻ അനുമതി. | 259 |

## 7.7ബി) ലൈഫ് ഭവന നിർമ്മാണം - മാർഗ്ഗരേഖകൾ

| ക്രമ നം. | ഉത്തരവ്/സർക്കുലർ നം. | തിയതി | വിഷയം | പേജ് നം. |
|---|---|---|---|---|
| 1 | സ.ഉ(കൈ)നം.147/2022/ തസ്വഭവ | 08-07-2022 | ലൈഫ്-മൂന്നാം ഘട്ടം-"മനസ്സോടിത്തിരി മണ്ണ്"ക്യാമ്പയിന്റെ ഭാഗമായി ലഭ്യമാകുന്ന ഭൂമിയുടെ ഉപയുക്തത സംബന്ധിച്ച മാർഗ്ഗരേഖ. | 264 |
| 2 | സ.ഉ(കൈ)നം.297/2023/ തസ്വഭവ | 02-02-2023 | "മനസ്സോടിത്തിരി മണ്ണ്"- ക്യാമ്പയിൽ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനുള്ള മാർഗ്ഗരേഖ. | 271 |

## 7.7സി) ലൈഫ് ഭവന നിർമ്മാണം - ഉത്തരവുകൾ

| ക്രമ നം. | ഉത്തരവ്/സർക്കുലർ നം. | തിയതി | വിഷയം | പേജ് നം. |
|---|---|---|---|---|
| 1 | സ.ഉ(സാധാ)നം.1432/2022/ LSGD | 09-06-2022 | ലൈഫ്-ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാതെ പോയ അർഹരായവരുടെ പട്ടിക തയ്യാറാക്കൽ- പുതുക്കിയ പ്രവർത്തന കലണ്ടർ. | 290 |
| 2 | സ.ഉ(സാധാ)നം.123/2022/ LSGD | 15-06-2022 | ലൈഫ്-ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാതെ പോയ അർഹരായവരുടെ പട്ടിക തയ്യാറാക്കൽ- പുതുക്കിയ പ്രവർത്തന കലണ്ടർ. | 292 |
| 3 | സ.ഉ(സാധാ)നം.1531/2022/ LSGD | 25-06-2022 | ബ്ലോക്ക് പഞ്ചായത്തുകളിൽ IAY പദ്ധതിക്കായി ലഭിച്ച വിഹിതത്തിൽ മിച്ചമുള്ള തുക PMAY (ഗ്രാമീൺ) പദ്ധതി/LIFE മിഷൻ പദ്ധതി പ്രകാരമുള്ള വീടുകൾ എന്നിവയ്ക്കായി ഉപയോഗിക്കൽ-അനുമതി. | 297 |

| | | | | |
|---|---|---|---|---|
| 4 | സ.ഉ(സാധാ)നം.1789/ 2022/ LSGD | 25-07-2022 | ലൈഫ്-2020-അന്തിമ ഗുണഭോക്തൃ പട്ടിക-ഗ്രാമസഭകൾ/വാർഡ് സഭകൾ-മാർഗ്ഗനിർദ്ദേശങ്ങൾ. | 299 |
| 5 | സ.ഉ(സാധാ)നം.2604/2022/ LSGD | 27-10-2022 | ലൈഫ്-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭവന നിർമ്മാണത്തിനുള്ള സബ്സിഡി-6 ലക്ഷം -ഉത്തരവ്. | 304 |
| 6 | സ.ഉ(സാധാ)നം.1352/2023/ LSGD | 01-07-2023 | PMAY(നഗരം)-DPR കളിൽ ഉൾപ്പെടാത്ത ലൈഫ് ഗുണഭോക്താക്കൾക്കും മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിൽ ഭൂമിയാർജ്ജിച്ചവർക്കും ഭവന നിർമ്മാണാനുകൂല്യം-നിർദ്ദേശങ്ങൾ. | 306 |
| 7 | സ.ഉ(സാധാ)നം.1806/2023/ LSGD | 12-09-2023 | പട്ടികവർഗ്ഗ വിഭാഗം-ഭവന നിർമ്മാണത്തിനുള്ള ആനുകൂല്യം 6 ലക്ഷമായി ഏകീകരിച്ചു. | 309 |
| 8 | സ.ഉ(സാധാ)നം.2063/2023/ LSGD | 20-10-2023 | PMAY(നഗരം)-ലൈഫ് പദ്ധതി ഗുണഭോക്തൃ കേന്ദ്രീകൃത നിർമ്മാണ ഘടകത്തിൽ വിവിധ ഘട്ടങ്ങളിൽ വിതരണം ചെയ്യുന്ന തുകയിൽ ഭേദഗതി വരുത്തി. | 311 |
| 9 | സ.ഉ(സാധാ)നം.662/2024/ LSGD | 19-03-2024 | ലൈഫ്-പദ്ധതി നടത്തിപ്പും ഫണ്ട് വിനിയോഗവും സംബന്ധിച്ച അപാകതകളും മറ്റ് പരാതികളും പരിശോധിക്കുന്നതിനും പരിഹരിക്കുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പിലെ ഇന്റേണൽ വിജിലൻസ് വിഭാഗത്തെ ചുമതലപ്പെടുത്തി. | 313 |
| 10 | സ.ഉ(സാധാ)നം.1179/2024/ LSGD | 01-07-2024 | ലൈഫ്-ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവന രഹിതരിൽ നിന്നും ഭൂമി ആർജ്ജിച്ചു വരുന്ന ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണം ധനസഹായം അനുവദിക്കുന്നതിന് മുൻഗണനാക്രമം നിശ്ചയിച്ചു. | 315 |
| 11 | സ.ഉ(സാധാ)നം.115/2024/ LSGD | 04-09-2024 | ലൈഫ് ഭവനപദ്ധതിക്കു കീഴിൽ നിർമ്മിക്കുന്ന വീടുകൾക്ക് ഒക്യുപൻസിയും കെട്ടിട നമ്പറും നൽകൽ- നിർദ്ദേശം. | 317 |
| 12 | സർക്കുലർ നം.ഡി.എ1/ 405/2024-തസ്വഭവ | 08-11-2024 | PMAY-അർബൻ ലൈഫ് ഭവന പദ്ധതി പ്രകാരമുള്ള പ്രോജക്ടുകളുടെ വെറ്റിംഗ്-സ്പഷ്ടീകരണം. | 319 |
| 13 | സ.ഉ(സാധാ)നം.109/2025/ LSGD | 10-01-2025 | അർബൻ ലൈഫ് ഭവന പദ്ധതി പ്രകാരം അംഗീകരിച്ച ജിയോടാഗിംഗ് ഫീസിനുള്ള അധിക തുക(ഒരു ജിയോടാഗിന് 10 രൂപ) നഗരസഭയുംടെ തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി. | 321 |
| 14 | സ.ഉ(സാധാ)നം.364/2025/ LSGD | 06-02-2025 | ലൈഫ് മിഷന്റെ കീഴിൽ വരുന്ന PMAY(U) വ്യക്തിഗത ഗാർഹിക ഗുണഭോക്താക്കൾക്ക് യൂണിറ്റ് നിരക്കിന് ഉപരിയായി ശൌചാലയം പണിയുന്നതിന് സ്വച്ച് ഭാരത് മിഷൻ (നഗരം) 2 പദ്ധതി പ്രകാരം അധിക തുക അനുവദിച്ചു. | 323 |

| | | | | |
|---|---|---|---|---|
| 15 | സ.ഉ(സാധാ)നം.1107/2025/ LSGD | 03-05-2025 | ലൈഫ്-ഭൂരഹിത ഭവനരഹിത പട്ടികയിൽ ഉൾപ്പെട്ട അങ്കണവാടി ജീവനക്കാർക്ക് ലൈഫ് ഭവന പദ്ധതി പ്രകാരം ആനുകൂല്യം നൽകുന്നതിന് അനുമതി. | 326 |

## 7.8 സഹകരണം

| ക്രമ നം. | ഉത്തരവ്/സർക്കുലർ നം. | തിയതി | വിഷയം | പേജ് നം. |
|---|---|---|---|---|
| 1 | സ.ഉ(സാധാ)നം.1436/2024/ LSGD | 05-08-2024 | വിവിധ സഹകരണ സംഘങ്ങൾക്ക് ധനസഹായം-ഖ.6.10(ഇ)-സബ്സിഡി നൽകാവുന്ന ശതമാനവും തുകയും സംബന്ധിച്ച് വ്യക്തത വരുത്തി സബ്സിഡി മാർഗ്ഗരേഖയിൽ കൂട്ടിച്ചേർത്തു. | 330 |

## 8. സാമൂഹ്യ നീതി

| ക്രമ നം. | ഉത്തരവ്/സർക്കുലർ നം. | തിയതി | വിഷയം | പേജ് നം. |
|---|---|---|---|---|
| 1 | സർക്കുലർ നം. ഡി എ1/33/2022-തസ്വഭവ | 26-10-2022 | ഭിന്നശേഷിക്കാർക്കായുള്ള പ്രത്യേക യോഗങ്ങൾ വിളിച്ചു ചേർക്കൽ. | 335 |
| 2 | സർക്കുലർ നം. ഡി എ1/387/2022-തസ്വഭവ | 08-11-2022 | ഭിന്നശേഷിക്കാർക്ക് നൽകുന്ന സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ പോലുള്ള ചെലവ് കൂടിയ ഉപകരണങ്ങൾ ജില്ലാ പഞ്ചായത്ത് മുഖേന വാങ്ങി നൽകൽ-നിർദ്ദേശം. | 337 |
| 3 | സർക്കുലർ നം. ബി3/5/2023/സ.നീ.വ | 22-06-2023 | ഭിന്നശേഷിക്കാർക്കായുള്ള ഏകീകൃത തിരിച്ചറിയൽ കാർഡ് (യു.ഡി.ഐ.ഡി - യൂണിക് ഡിസെബിലിറ്റി ഐഡന്റിറ്റി കാർഡ്)- സർക്കാർ ആനുകൂല്യങ്ങൾക്കുള്ള ആധികാരിക രേഖയായി അംഗീകരിക്കുന്നത് സംബന്ധിച്ച്. | 339 |
| 4 | സർക്കുലർ നം. ഡിഎ1/190/ 2023-തസ്വഭവ | 30-06-2023 | ഭർത്താവ് ഉപേക്ഷിച്ചുപോയ സ്ത്രീക്ക് സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം-ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും ബാധകം. | 342 |
| 5 | സർക്കുലർ നം. ഡി എ1/228/2023-തസ്വഭവ | 01-07-2023 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്, ബത്ത-ഇരട്ടിപ്പ് ഉണ്ടാകുന്നില്ല എന്ന് ഉറപ്പു വരുത്തണം. | 344 |
| 6 | സ.ഉ(സാധാ)നം.1396/2023/ LSGD | 07-07-2023 | സബ്സിഡി മാർഗ്ഗരേഖയിലെ ഖ.7.1.2(ഡി) യുടെ തലവാചകം "പൂർണ്ണമായും കാഴ്ചശക്തി ഇല്ലാത്തവരുൾപ്പെടെയുള്ള കാഴ്ച പരിമിതർ"എന്ന് ഭേദഗതി വരുത്തി. | 345 |
| 7 | സർക്കുലർ നം. ഡി എ1/232/2023-തസ്വഭവ | 07-07-2023 | ഭിന്നശേഷി വിഭാഗക്കാർക്കുള്ള സ്കോളർഷിപ്പ്, ബത്ത-അർഹതപ്പെട്ട മുഴുവൻ തുകയും ഗുണഭോക്താക്കൾക്ക് നൽകൽ. | 347 |
| 8 | സ.ഉ(സാധാ)നം.1394/2023/ LSGD | 07-07-2023 | മാനസിക വെല്ലുവിളികൾ നേരിടുന്ന ഡേ സ്കോളർ വിദ്യാർത്ഥികൾക്കുള്ള പ്രതിമാസ യാത്രാബത്ത-വെക്കേഷൻ കാലയളവിലേതുൾപ്പെടെ പ്രതിവർഷം 12000 രൂപ ആകെ തുക നൽകാൻ അനുമതി. | 349 |

| | | | | |
|---|---|---|---|---|
| 9 | സ.ഉ(സാധാ)നം.162/2023/ SJD | 26-07-2023 | സാമൂഹ്യനീതി വകുപ്പ്-ശ്രുതിതരംഗം പദ്ധതിയും ബന്ധപ്പെട്ട പദ്ധതികളും സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കൈമാറി. | 351 |
| 10 | സ.ഉ(സാധാ)നം.1915/2023/ LSGD | 27-09-2023 | സാമൂഹ്യനീതി വർക്കിംഗ് ഗ്രൂപ്പിൽ ഭിന്നശേഷി വിഭാഗത്തിൽനിന്നുള്ള പ്രതിനിധികളെ നിർബന്ധമായും ഉൾപ്പെടുത്തണം. | 354 |
| 11 | സർക്കുലർ നം. ഡി എ1/295/2023-തസ്വഭവ | 04-11-2023 | പ്രവർത്തനം ഇല്ലാത്ത പകൽവീടുകൾ/വൃദ്ധ പരിപാലന കേന്ദ്രങ്ങളിൽ കെയർ ടേക്കർമാരെ നിയോഗിക്കുന്നത് ഒഴിവാക്കുന്നതും പദ്ധതി രൂപീകരണത്തിൽ ദുർബല വിഭാഗങ്ങൾക്ക് മുൻഗണന നൽകുന്നതും-നിർദ്ദേശങ്ങൾ. | 356 |
| 12 | സ.ഉ(സാധാ)നം.195/ 2024/ LSGD | 23-01-2024 | വയോജനങ്ങൾക്ക് കട്ടിൽ - മാർഗ്ഗരേഖയിലെ ഖ.7.1.14(2) -വ്യവസ്ഥകളിൽ ഭേദഗതി വരുത്തി. | 358 |
| 13 | സ.ഉ(സാധാ)നം.225/ 2024/ LSGD | 26-01-2024 | ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കായുള്ള സ്ഥാപനങ്ങളിൽ അടിസ്ഥാന സൌകര്യമൊരുക്കുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനും NIPMR ന്റെ സേവനം പ്രയോജനപ്പെടുത്തുവാൻ അനുമതി. | 360 |
| 14 | സ.ഉ(സാധാ)നം.41/ 2024/ LSGD | 15-03-2024 | കുടുംബശ്രീ-ബഡ്സ് സ്ഥാപനങ്ങൾക്ക് ഗ്രാന്റ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും കുടുംബശ്രീ മുഖേന അനുവദിക്കുന്ന തുകയുടെ വിനിയോഗം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളും അംഗീകരിച്ചു. | 363 |
| 15 | സ.ഉ(കൈ)നം.95/2024/ ധന | 31-07-2024 | കേരള സർവീസ് ചട്ടങ്ങളിൽ ഭിന്നശേഷിക്കാരെ പരാമർശിക്കുന്ന Disabled, Physically Handicapped, Physically or Mentally Challenged എന്നീ വാക്കുകൾക്ക് പകരം Differently Abled (DA) എന്ന് ഉപയോഗിക്കേണ്ട താണെന്ന് വ്യവസ്ഥ ചെയ്തു. | 366 |
| 16 | സ.ഉ(സാധാ)നം.2559/ 2024/ LSGD | 30-12-2024 | സെറിബ്രൽ പാൾസി ബാധിച്ചവർക്ക് ഡയപ്പർ വാങ്ങി നൽകാൻ അനുമതി നൽകി. | 367 |
| 17 | സ.ഉ(സാധാ)നം. 2565/2024/ തസ്വഭവ | 30-12-2024 | ഇടുക്കി-വയനാട് ജില്ലകളിലെ ഹൈറേഞ്ച് പ്രദേശത്തു താമസിക്കുന്ന വയോജനങ്ങൾക്കും പാലിയേറ്റീവ് രോഗികൾക്കും കമ്പിളി പുതപ്പ് വാങ്ങി നൽകാൻ തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു. | 369 |
| 18 | സ.ഉ(സാധാ)നം.117/ 2025/ LSGD | 13-01-2025 | ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്-ഹോസ്റ്റലിൽ താമസിക്കുന്ന കുട്ടികൾക്ക് യാത്രാബത്തയ്ക്ക് പകരം ഹോസ്റ്റർ ബത്ത അനുവദിക്കാം. | 371 |
| 19 | സ.ഉ(സാധാ)നം.183/ 2025/ LSGD | 19-01-2025 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പും ബത്തയും മുടക്കം കൂടാതെ നൽകുന്നതിനുള്ള അധിക മാർഗ്ഗനിർദ്ദേശങ്ങൾ. | 374 |

| | | | | |
|---|---|---|---|---|
| 20 | സ.ഉ(സാധാ)നം.342/2025/ LSGD | 04-02-2025 | പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത്-ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ നൽകാനുള്ള പ്രോജക്ട്-പ്രത്യേകാനുമതി. | 379 |
| 21 | സ.ഉ(സാധാ)നം.689/2025/ LSGD | 14-03-2025 | കാസർഗോഡ് ജില്ലാ പഞ്ചായത്ത്-ശാരീരീക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ജില്ലാതല കർമ്മസമിതി-2017-18 മുതൽ നടപ്പാക്കുന്ന പദ്ധതികളുടെ മിച്ചം ഉപയോഗിച്ച് ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് അനുമതി നൽകി. | 381 |
| 22 | സ.ഉ(സാധാ)നം.1076/ 2025/ LSGD | 29-04-2025 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പും ബത്തയും-മേൽനോട്ട സംവിധാനം. | 384 |
| 23 | സ.ഉ(സാധാ)നം.1221/ 2025/ LSGD | 19-05-2025 | HIV രോഗികൾക്ക് പോഷകാഹാര വിതരണത്തിന് പ്രതിമാസം ഉപയോഗിക്കാവുന്ന തുകയുടെ പരിധി ഉയർത്തി. | 387 |

## 9. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ

| ക്രമ നം. | ഉത്തരവ്/സർക്കുലർ നം. | തിയതി | വിഷയം | പേജ് നം. |
|---|---|---|---|---|
| 1 | സ.ഉ(സാധാ)നം.2247/2022/ LSGD | 15-09-2022 | ഐ.ടി.ഐ, പോളിടെക്നിക്ക് പാസായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് അവരുടെ ഗ്രേഡിന് അനുസരിച്ചുള്ള ടൂൾ കിറ്റ് വാങ്ങി നൽകാൻ അനുമതി. | 391 |
| 2 | സ.ഉ(സാധാ)നം.2593/2022/ LSGD | 26-10-2022 | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം-വകുപ്പ് നൽകുന്ന ധനസഹായവുമായി ഏകീകരിച്ചു. | 393 |
| 3 | സർക്കുലർ നം. ഡി എ1/395/2019-തസ്വഭവ | 27-10-2022 | ഗോത്രസാരഥി പദ്ധതി - പട്ടികജാതി വകുപ്പിന്റെ വിഹിതം-ഗുണഭോക്തൃ ലിസ്റ്റ് പരിശോധിക്കൽ | 395 |
| 4 | സർക്കുലർ നം. ഡി എ1/120/2023-തസ്വഭവ | 17-03-2023 | പട്ടികജാതി/പട്ടികവർഗ്ഗ, മത്സ്യത്തൊഴിലാളി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്-ഐ.ടി.ഐ, അംഗീകൃത മെഡിക്കൽ സയൻസ് ഡിപ്ലോമ എന്നിവ കൂടി ഉൾപ്പെടുത്തി. | 397 |
| 5 | സ.ഉ(സാധാ)നം.635/2023/ LSGD | 17-03-2023 | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ അഭ്യസ്ഥ വിദ്യരായ യുവജനങ്ങൾക്ക് സർക്കാർ സ്ഥാപനങ്ങളിൽ പരിശീലനം-ബി.എം.എൽ.റ്റി കോഴ്സിനൊപ്പം ഡി.എം.എൽ.റ്റി കോഴ്സ് പാസായവരെ കൂടി ഉൾപ്പെടുത്തി. | 399 |
| 6 | സ.ഉ(സാധാ)നം.738/2023/ LSGD | 28-03-2023 | പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി-മാർഗ്ഗരേഖയിലെ മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തി. | 401 |
| 7 | സ.ഉ(സാധാ)നം.415/2023/ SCSTD | 30-03-2023 | ഗോത്രസാരഥി പദ്ധതിയുടെ പേര് വിദ്യാവാഹിനി എന്ന് പുന:നാമകരണം ചെയ്തു. | 405 |
| 8 | സർക്കുലർ നം. ഡി എ1/174/2023-തസ്വഭവ | 17-05-2023 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള "ഗോത്രസാരഥി"(വിദ്യാവാഹിനി) പദ്ധതി തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതില്ലെന്ന് നിർദ്ദേശിച്ചു. | 412 |

| | | | | |
|---|---|---|---|---|
| 9 | സ.ഉ(സാധാ)നം.1877/2023/ LSGD | 21-09-2023 | പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി-മാർഗ്ഗരേഖയിലെ നിലവിലുള്ള മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തി. | 414 |
| 10 | സ.ഉ(സാധാ)നം.2058/2023/ LSGD | 19-10-2023 | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ അഭ്യസ്ഥ വിദ്യരായ യുവജനങ്ങൾക്ക് സർക്കാർ സ്ഥാപനങ്ങളിൽ പരിശീലനം-ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് ഉൾപ്പെടുത്തി. | 417 |
| 11 | സ.ഉ(സാധാ)നം.2388/2023/ LSGD | 01-12-2023 | ജില്ലാ കലോൽസവങ്ങളിലും കായിക മേളകളിലും മൽസരിച്ച് വിജയിക്കുന്നവർക്ക് ഉപകരണങ്ങൾ വാങ്ങി നൽകൽ-സ്കൂൾ വിദ്യാർത്ഥികൾക്ക് അനുവദിക്കാം. | 419 |
| 12 | സ.ഉ(സാധാ)നം.1016/2024/ LSGD | 11-06-2024 | പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്-മുഴുവൻ സമയ ഗവേഷണ വിദ്യാർത്ഥികൾക്ക് അർഹത. | 422 |
| 13 | സ.ഉ(സാധാ)നം.16/2024/ SCSTD | 18-06-2024 | പട്ടിക വിഭാഗക്കാർ അധിവസിക്കുന്ന മേഖലകളെ കോളനി, സങ്കേതം എന്നിവയ്ക്ക് പകരമായി നഗർ, ഉന്നതി, പ്രകൃതി മുതലായ പേരുകളോ ഓരോ പ്രദേശത്തും പ്രാദേശികമായി താത്പര്യമുള്ള കാലാനുസൃതമായ പേരുകളോ തെരഞ്ഞെടുക്കുന്നതിന് അനുമതി നൽകി. | 424 |
| 14 | സ.ഉ(സാധാ)നം.1074/2024/ LSGD | 19-06-2024 | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ അഭ്യസ്ഥ വിദ്യരായ യുവജനങ്ങൾക്ക് സർക്കാർ സ്ഥാപനങ്ങളിൽ പരിശീലനം-ബി.എസ്.സി നഴ്സിംഗ്(ആയുർവേദ) കൂടി ഉൾപ്പെടുത്തി. | 426 |
| 15 | സ.ഉ(സാധാ)നം.881/2025/ LSGD | 01-04-2025 | പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി-മാർഗ്ഗരേഖയിലെ നിലവിലുള്ള മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തി. | 428 |

## 10. മത്സ്യത്തൊഴിലാളി ക്ഷേമം

| ക്രമ നം. | ഉത്തരവ്/സർക്കുലർ നം. | തിയതി | വിഷയം | പേജ് നം. |
|---|---|---|---|---|
| 1 | സർക്കുലർ നം. ഡി എ1/120/2023-തസ്വഭവ | 17-03-2023 | പട്ടികജാതി/പട്ടികവർഗ്ഗ, മത്സ്യത്തൊഴിലാളി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലാപ്ടാപ്പ്-ഐ.ടി.ഐ, അംഗീകൃത മെഡിക്കൽ സയൻസ് ഡിപ്ലോമ എന്നിവ കൂടി ഉൾപ്പെടുത്തി. | 433 |
| 2 | സ.ഉ(സാധാ)നം.679/2023/ LSGD | 21-03-2023 | മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ഫർണീച്ചർ-സബ്സിഡി മാർഗ്ഗരേഖയിലെ ഖ.7.3.2 ൽ ഭേദഗതി വരുത്തി. | 435 |

## 11. വിദ്യാഭ്യാസം

| ക്രമ നം. | ഉത്തരവ്/സർക്കുലർ നം. | തിയതി | വിഷയം | പേജ് നം. |
|---|---|---|---|---|
| 1 | സ.ഉ(സാധാ)നം.169/2023/ LSGD | 20-01-2023 | ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലകൾക്ക് ഭൗതിക സാഹചര്യം ഒരുക്കുന്നതിനും ആധുനികവത്ക്കരണത്തിനുമുള്ള പ്രോജക്ട്-ജില്ലാ പഞ്ചായത്തുകൾക്കും അനുമതി നൽകി. | 439 |

| | | | | |
|---|---|---|---|---|
| 2 | സ.ഉ(സാധാ)നം.818/ 2023/ GEDN | 30-01-2023 | സ്കൂളുകൾക്കും ഓഫീസുകൾക്കും ആവശ്യമായ ICT ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ-പുതുക്കിയ അനുബന്ധം. | 441 |
| 3 | സ.ഉ(സാധാ)നം.953/2023/ LSGD | 02-05-2023 | ഹയർ സെക്കണ്ടറി സ്കൂളുകളിൽ ജലഗുണനിലവാര ലാബുകളിലേക്ക് ആവശ്യമായ ടെസ്റ്റിംഗ് സാമഗ്രികൾ, പരിശാധനാ ചെലവുകൾ എന്നിവ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിൽ നിന്നും വഹിക്കുന്നതിന് അനുമതി. | 446 |
| 4 | സ.ഉ(സാധാ)നം.1040/2023/ LSGD | 15-05-2023 | കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ലൈബ്രറികൾക്ക് സൗജന്യമായി ദിനപത്രം നൽകുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് യഥേഷ്ടാനുമതി നൽകി. | 448 |
| 5 | സ.ഉ(സാധാ)നം.1528/2023/ LSGD | 26-07-2023 | പ്രൈമറി സ്കൂൾ കായിക പരിശീലനം നൽകുവാനുള്ള അധ്യാപകരുടെ യോഗ്യത, വേതനം എന്നിവ നിശ്ചയിച്ചു. | 451 |
| 6 | സ.ഉ(സാധാ)നം.2107/2023/ LSGD | 28-10-2023 | ഹൈസ്കൂളുകളിലേക്കും ഹയർ സെക്കണ്ടറി സ്കൂളുകളിലേക്കും പെൺകുട്ടികൾക്കാവശ്യമായ ശുചിത്വ ഉപകരണങ്ങൾ HLL ലൈഫ് കെയർ ലിമിറ്റഡിൽ നിന്നും ടെണ്ടർ കൂടാതെ വാങ്ങുന്നതിന് അനുമതി. | 454 |
| 7 | സ.ഉ(സാധാ)നം.2305/2023/ LSGD | 22-11-2023 | വനിതാ വികസന കോർപ്പറേഷൻ - ഷീപാഡ് പദ്ധതി നടപ്പാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി. | 456 |
| 8 | സ.ഉ(കൈ)നം.209/2023/ LSGD | 02-12-2023 | KAICO മുഖേന സാനിറ്ററി നാപ്കിൻ വെന്റിംഗ് മെഷീനും ഇൻസിനറേറ്ററും സ്ഥാപിക്കൽ പ്രവൃത്തി എറ്റെടുക്കുന്നതിന് അനുമതി. | 459 |
| 9 | സ.ഉ(സാധാ)നം.2397/2023/ LSGD | 02-12-2023 | പ്രൈമറി സ്കൂൾ (അഞ്ചാം ക്ലാസ് വരെ) കായിക പരിശീലനം നൽകുവാനുള്ള അധ്യാപകരുടെ യോഗ്യത, വേതനം എന്നിവ നിശ്ചയിച്ച ഉത്തരവിൽ ഭേദഗതി വരുത്തി. | 462 |
| 10 | സ.ഉ(സാധാ)നം.743/2024/ LSGD | 12-04-2024 | സാക്ഷരതാ പ്രേരകമാരുടെ പ്രവർത്തനങ്ങൾ, ഹോണറേറിയം നൽകൽ- നിർദ്ദേശങ്ങൾ. | 464 |
| 11 | സർക്കുലർ നം. ഡി എ1/259/2024-തസ്വഭവ | 27-06-2024 | വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകൽ-പ്രോജക്ട് ഏറ്റെടുക്കേണ്ടതില്ലെന്ന് നിർദ്ദേശിച്ചു. | 467 |
| 12 | സ.ഉ(സാധാ)നം.1151/2024/ LSGD | 27-06-2024 | സ്റ്റുഡന്റ് പൊലീസ് കേഡറ്റ് പദ്ധതി - ഖ.7.4.4 ഭേദഗതി ചെയ്തു. | 469 |
| 13 | സർക്കുലർ നം. ഡി എ1/294/2024-തസ്വഭവ | 05-08-2024 | സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രോജക്ടുകൾ എല്ലാ തലത്തിലുള്ള സ്ഥാപനങ്ങൾക്കും ഏറ്റെടുക്കാം. | 472 |

| | | | | |
|---|---|---|---|---|
| 14 | സർക്കുലർ നം. EWB3/104/2024-LSGD | 07-11-2024 | സംസ്ഥാനത്തെ വിദ്യാലയങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കുന്ന വിഷയത്തിൽ സ്പഷ്ടീകരണം. | 474 |
| 15 | സർക്കുലർ നം. DB1/18/2024-തസ്വഭവ | 29-11-2024 | സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ ബാല സൗഹൃദപരമായും ആരോഗ്യപരമായും മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ. | 477 |
| 16 | സ.ഉ(സാധാ)നം.2561/2024/LSGD | 30-12-2024 | തദ്ദേശഭരണ സ്ഥാപനങ്ങളുടെ ലൈബ്രറികളിൽ കേരള സ്റ്റേറ്റ് ബുക്ക്മാർക്കിന്റെ സഹകരണത്തോടെ ഇ-ലൈബ്രറി സൗകര്യം ഏർപ്പെടുത്തുന്നതിന് അനുമതി. | 480 |
| 17 | സർക്കുലർ നം. ഡി എ1/26/2025-തസ്വഭവ | 21-04-2025 | സ്റ്റുഡന്റ് പൊലീസ് കേഡറ്റ് പദ്ധതി -തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉറപ്പാക്കൽ-നിർദ്ദേശങ്ങൾ. | 484 |

## 12. വനിതാ വകസനം-ശിശു വികസനം

| ക്രമ നം. | ഉത്തരവ്/സർക്കുലർ നം. | തിയതി | വിഷയം | പേജ് നം. |
|---|---|---|---|---|
| 1 | സർക്കുലർ നം. WCD-C2/26/22-WCD | 19-10-2022 | സാമ്പത്തിക സഹായം/പഠനോപകരണങ്ങൾ നൽകുമ്പോൾ കുട്ടികളുടെ ഫോട്ടോ പ്രചരിപ്പിക്കുന്നത് വിലക്കി. | 488 |
| 2 | സർക്കുലർ നം. ഡി എ1/221/2023-തസ്വഭവ | 02-08-2024 | അങ്കണവാടികൾക്ക് വൈഫൈ കണക്ഷൻ ലഭ്യമാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തുക അനുവദിക്കൽ-നിർദ്ദേശങ്ങൾ. | 489 |
| 3 | സ.ഉ(സാധാ)നം.2381/2024/LSGD | 06-12-2024 | കുടുംബശ്രീ മിഷൻ യൂണിറ്റുകൾ നിർമ്മിക്കുന്ന സാനിറ്ററി നാപ്കിനുകൾ ക്വട്ടേഷൻ/ടെണ്ടർ നടപടികൾ കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ വിതരണം ചെയ്യുന്നതിന് ഒരു വർഷത്തേക്ക് കൂടി അനുമതി നൽകി. | 491 |
| 4 | സ.ഉ(സാധാ)നം.496/2025/LSGD | 18-02-2025 | അങ്കണവാടി കുട്ടികളുടെ കായിക മത്സരങ്ങൾ-ഓരോ വർഷവും ചെലവഴിക്കാവുന്ന തുകയുടെ പരിധി ഉയർത്തി. | 493 |
| 5 | G.O(Rt)No. 1113/2025/LSGD | 05-05-2025 | കോഴിക്കോട് ജില്ല പഞ്ചായത്ത് - ജില്ലയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ സംയുക്തമായി നടപ്പാക്കുന്ന ആരോഗ്യ പരിരക്ഷ പദ്ധതിയായ 'സ്നേഹ സ്പർശം' 2024-25 ൽ നടപ്പാക്കിയതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. | 495 |

## 13. പൊതുജനാരോഗ്യം

| ക്രമ നം. | ഉത്തരവ്/സർക്കുലർ നം. | തിയതി | വിഷയം | പേജ് നം. |
|---|---|---|---|---|
| 1 | സർക്കുലർ നം. ഡിബി2/259/2021/തസ്വഭവ | 18-04-2022 | കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്ന ഡോക്ടർമാരുടെയും നഴ്സുമാരുടെയും വേതനം നിശ്ചയിച്ചു. | 500 |

| | | | | |
|---|---|---|---|---|
| 2 | സ.ഉ(സാധാ)നം.1214/2022/ LSGD | 13-05-2022 | ആയുർവേദ ഔഷധങ്ങൾ വിതരണം ചെയ്യൽ-പാട്യം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കാലയളവ് 09-03-2027 വരെ ദീർഘിപ്പിച്ചു. | 502 |
| 3 | സ.ഉ(സാധാ)നം. 1373/2022/ തസ്വഭവ | 03-06-2022 | സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന പാലിയേറ്റീവ് കെയർ നഴ്സുമാരുടെ ഓണറേറിയം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. | 504 |
| 4 | സർക്കുലർ നം. ഡി എ1/278/2022-തസ്വഭവ | 17-08-2022 | പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡിൽ നിന്നും മെൻസ്ട്രുവൽ കപ്പ് ക്വട്ടേഷൻ/ടെണ്ടർ ഒഴിവാക്കി വാങ്ങൾ-സ്പഷ്ടീകരണം. | 506 |
| 5 | സ.ഉ(സാധാ)നം.2243/2022/ LSGD | 15-09-2022 | കേരള സംസ്ഥാന മെഡിക്കൽ കോർപ്പറേഷനിൽനിന്നും അലോപ്പതി മരുന്നുകൾ ലഭിക്കുവാൻ കാലതാമസം നേരിട്ടാൽ നീതി സ്റ്റോറിൽ നിന്നും വാങ്ങാവുന്നതാണ്. | 508 |
| 6 | സർക്കുലർ നം. ഡി എ1/151/2022-തസ്വഭവ | 18-09-2022 | വൃക്ക രോഗികൾക്ക് ഡയാലിസിസിന് ധനസഹായം-നിർദ്ദേശങ്ങൾ. | 510 |
| 7 | സ.ഉ(സാധാ)നം.2596/2022/ LSGD | 26-10-2022 | മരുന്ന് വാങ്ങുവാൻ അനുമതിയുള്ള സ്ഥാപനങ്ങളുടെ പട്ടികയിൽ എസ്.എ.ടി ഇൻഹൗസ് ഡ്രഗ് ബാങ്കിനെ ഉൾപ്പെടുത്തി. | 512 |
| 8 | സ.ഉ(സാധാ)നം.3097/2022/ LSGD | 13-12-2022 | മരുന്ന് വാങ്ങുവാൻ അനുമതിയുള്ള സ്ഥാപനങ്ങളുടെ പട്ടികയിൽ HLL ലൈഫ് കെയർ ലിമിറ്റഡിനെ ഉൾപ്പെടുത്തുകയും വെറ്ററിനറി മരുന്നുകൾ,ഫാർമസ്യൂട്ടിക്കൽസ് എന്നിവയുടെ വിതരണക്കാരായി അംഗീകരിക്കുകയും ചെയ്തു. | 515 |
| 9 | GO(Rt)No. 185/2023/FWD | 26-01-2023 | Health and Family Welfare Department – Health Services Department – judgement of Hon'ble high court dated – 01.11.2022 in WP(c) No. 34191/2022 filed by Dr. K. Prathibha complied with – orders issued. | 518 |
| 10 | സർക്കുലർ നം. 93/ ഡി. സി1/2023/തസ്വഭവ | 17-03-2023 | കോവിഡ് സമയത്ത് വാങ്ങിയിട്ടുള്ള വിവിധ മെഡിക്കൽ ഉപകരണങ്ങളുടെ തുടർപരിപാലനം-നിർദ്ദേശങ്ങൾ. | 520 |
| 11 | സ.ഉ(സാധാ)നം.674/2023/ LSGD | 21-03-2023 | ആയുർവേദ ആശുപത്രികളിൽ ഔഷധം വിതരണം ചെയ്യുവാൻ കേരളശ്രീ ആയുർവേദിക്സ് എന്ന സ്ഥാപനത്തിന് അനുമതി നൽകി. | 522 |
| 12 | സ.ഉ(സാധാ)നം.1191/2023/ LSGD | 08-06-2023 | പാലിയേറ്റീവ് കെയർ-നഴ്സുമാരുടെ കരാർ പുതുക്കൽ, പിരിച്ചു വിടൽ, ശിക്ഷണ നടപടി-അപ്രൈസൽ കമ്മിറ്റി രൂപീകരിച്ചു. | 525 |
| 13 | സർക്കുലർ നം. ഡി. ബി3/143/2023/തസ്വഭവ | 10-07-2023 | PHC/CHC/FHC എന്നിവിടങ്ങളിൽ ദിവസവേതനം/ കരാർ വ്യവസ്ഥകളിൽ നിയമിക്കുന്ന ജീവനക്കാരുടെ വേതനം. | 527 |

| | | | | |
|---|---|---|---|---|
| 14 | സ.ഉ(സാധാ)നം.1523/2023/ LSGD | 26-07-2023 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽ ആവർത്ത നച്ചെലവ് വരുത്തുന്ന പദ്ധതികൾ സർക്കാർ അനുമതിയില്ലാതെ ഏറ്റെടുക്കേണ്ടതി ല്ല-സ്പഷ്ടീകരണം. | 529 |
| 15 | സ.ഉ(സാധാ)നം.1651/2023/ LSGD | 14-08-2023 | ഡോ.പ്രതിഭ.കെ ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത റിട്ട് ഹരജിയിന്മേലുള്ള വിധിന്യാ യം നടപ്പാക്കിയുള്ള ഉത്തരവ്. | 531 |
| 16 | സ.ഉ(സാധാ)നം.1813/2023/ LSGD | 13-09-2023 | നഴ്സുമാരെ അനധികൃതമായി പിരിച്ചുവിടൽ-സ.ഉ(സാധാ)നം.383/2017/ തസ്വഭവ ഉത്തരവ് ഭേദഗതി ചെയ്തു. | 538 |
| 17 | സ.ഉ(സാധാ)നം.2083/2023/ LSGD | 25-10-2023 | പാലിയേറ്റീവ് നഴ്സുമാരുടെ വേതനം വർദ്ധിപ്പിച്ചു. | 540 |
| 18 | സർക്കുലർ നം. ഡി എ1/363/2023-തസ്വഭവ | 25-10-2023 | ഡോക്ടർമാരേയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിക്കുന്നതിനു മറ്റ് പദ്ധതിക ൾ ഏറ്റെടുക്കുന്നതിനുമുള്ള വ്യവസ്ഥകളിൽ വ്യക്തത വരുത്തി. | 542 |
| 19 | സർക്കുലർ നം. ഡി എ1/284/2023-തസ്വഭവ | 09-11-2023 | ശ്രുതിതരംഗം പദ്ധതി-കോക്ലിയാർ ഇംപ്ലാന്റേഷ ൻ സർജ്ജറിക്ക് വിധേയരായ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയ്ന്റനൻസി നായി സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് തുക കൈമാറൽ-നിർദ്ദേശങ്ങൾ. | 546 |
| 20 | സർക്കുലർ നം. ഡി എ1/407/2023-തസ്വഭവ | 01-12-2023 | നിലവിൽ നടത്തിക്കൊണ്ടിരിക്കുന്ന ക്യാൻസർ നിർണ്ണയ ക്യാമ്പ് തുടരൽ-സ്പഷ്ടീകരണം. | 549 |
| 21 | സ.ഉ(സാധാ)നം.82/2024/ LSGD | 10-01-2024 | പാലിയേറ്റീവ് നഴ്സുമാരുടെ വേതനം വർദ്ധിപ്പിച്ചു. | 551 |
| 22 | സ.ഉ(സാധാ)നം.423/2024/ LSGD | 22-02-2024 | നേരിട്ട് മരുന്ന് വാങ്ങുവാൻ അനുമതിയുള്ള സ്ഥാപനങ്ങളുടെ പട്ടികയിൽ കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡി നെ ഉൾപ്പെടുത്തി. | 553 |
| 23 | സർക്കുലർ നം. ഡി എ1/404/2023-തസ്വഭവ | 19-06-2024 | അർബൻ ഹെൽത്ത് ആന്റ് വെൽനസ് സെന്റ റിലെ ജീവനക്കാരുടെ വേതനം-NHM പരിഷ്കരിച്ച വേതന നിരക്ക് നൽകുന്നത്-സ്പഷ്ടീകരണം | 555 |
| 24 | സ.ഉ(സാധാ)നം.1145/2024/ LSGD | 27-06-2024 | ഇ-ഹെൽത്ത് പദ്ധതി നടത്തിപ്പിനായി തുക ചെലവഴിക്കുന്നതിന് അനുമതി. | 558 |
| 25 | സ.ഉ(സാധാ)നം.1726/2023/ LSGD | 19-09-2024 | ആയുർവേദ ആശുപത്രികളിൽ ഔഷധം വിതരണം ചെയ്യുവാൻ കേരളശ്രീ ആയുർവേദി ക്സിന് സ്ഥാപനത്തിനുള്ള അനുമതി ദീർഘിപ്പിച്ചു നൽകി. | 560 |
| 26 | സർക്കുലർ നം. ഡി എ1/273/2024-തസ്വഭവ | 30-12-2024 | തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിൽ ഡയാ ലിസിസ് യൂണിറ്റ് ആരംഭിക്കൽ-നിർദ്ദേശം | 562 |
| 27 | സർക്കുലർ നം. ഡി എ1/34/2024-തസ്വഭവ | 13-01-2025 | മാരക രോഗങ്ങൾക്കും അപൂർവ്വ രോഗങ്ങൾക്കും സ്വകാര്യ ആശുപത്രിയിലെ ഡോക്ടർമാർ നിർദ്ദേശിക്കുന്ന മരുന്നുകൾ അതാത് സർക്കാർ ആശുപത്രികൾ മുഖേന വാങ്ങി നൽകൽ-നിർദ്ദേശങ്ങൾ | 564 |

| | | | | |
|---|---|---|---|---|
| 28 | സ.ഉ(സാധാ)നം.59/2025/ LSGD | 27-03-2025 | എ.പി.എൽ/ബി.പി.എൽ വ്യത്യാസമില്ലാതെ പാലിയേറ്റീ വ് കെയർ പ്രവർത്തനങ്ങൾ സാർവ്വത്രികമാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കാമ്പ യിൻ-പ്രവർത്തന രൂപരേഖ. | 567 |
| 29 | സ.ഉ(സാധാ)നം.1629/2025/ LSGD | 01-07-2025 | കിടപ്പ് രോഗികളായ ഭിന്നശേഷിക്കാർക്ക് ഡയപ്പർ വാങ്ങി നൽകുവാനും മെൻസ്ട്രുവൽ കപ്പ് ഉപയോഗിക്കുവാൻ കഴിയാത്ത ബി.ആർ.സി അന്തേവാസികൾക്ക് സാനിറ്ററി പാഡ് വാങ്ങി നൽകുവാനും അനുമതി നൽകി. | 576 |

## 14. കലാ-സംസ്കാരിക-കായിക വികസനം

| ക്രമ നം. | ഉത്തരവ്/സർക്കുലർ നം. | തിയതി | വിഷയം | പേജ് നം. |
|---|---|---|---|---|
| 1 | സർക്കുലർ നം. ഡി എ1/154/2025-തസ്വഭവ | 29-04-2025 | ലഹരിക്കെതിരെയുള്ള സംസ്ഥാന സർക്കാർ കാമ്പയിനിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ ഉറപ്പാക്കൽ-നിർദ്ദേശങ്ങൾ | 581 |

## 15. പരിസ്ഥിതി സംരക്ഷണം

| ക്രമ നം. | ഉത്തരവ്/സർക്കുലർ നം. | തിയതി | വിഷയം | പേജ് നം. |
|---|---|---|---|---|
| 1 | സ.ഉ(സാധാ)നം. 2550/2022/ തസ്വഭവ | 25-10-2022 | ജൈവവൈവിധ്യ പരിപാലന സമിതികൾക്കാവശ്യമായ വിദഗ്ധോപദേശം നൽകുന്നതിനും പ്രവർത്തനം വിലയിരുത്തുന്നതിനും ജില്ലാ ആസൂത്രണ സമിതിയുടെ സബ്കമ്മിറ്റി എന്ന നിലയിൽ ജില്ലാതല ജൈവവൈവിധ്യ കോർഡിനേഷൻ കമ്മിറ്റികൾ രൂപീകരിച്ചു. | 586 |

## 16. ദാരിദ്ര്യ ലഘൂകരണം

| ക്രമ നം. | ഉത്തരവ്/സർക്കുലർ നം. | തിയതി | വിഷയം | പേജ് നം. |
|---|---|---|---|---|
| 1 | സ.ഉ(സാധാ)നം.2397/2022/ LSGD | 01-10-2022 | ദേശീയ തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ പ്രവർത്തിക്കുന്ന നിർമ്മാണ സാമഗ്രി യൂണിറ്റുകൾക്ക് സാധനങ്ങൾ വിതരണം ചെയ്യുന്ന വേണ്ടർ ആയി പ്രവർത്തിക്കുന്ന കുടുംബശ്രീ സി.ഡി.എസ് കൾക്ക്റിവോൾവിംഗ് ഫണ്ട് നൽകുവാൻ അനുമതി നൽകി. | 591 |
| 2 | സ.ഉ(സാധാ)നം.694/2023/ LSGD | 23-03-2023 | കുടുംബശ്രീ സി.ഡി.എസ് കൾക്ക് ദേശീയ തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ പ്രവർത്തിക്കുന്ന നിർമ്മാണ സാമഗ്രി യൂണിറ്റുകൾക്ക് സാധനങ്ങൾ വിതരണം ചെയ്യുന്ന വേണ്ടർ ആയി പ്രവർത്തിക്കാനും അപ്രകാരമുള്ളവർക്ക് റിവോൾവിംഗ് ഫണ്ട് നൽകുവാൻ അനുമതി നൽകി. | 593 |

| | | | | |
|---|---|---|---|---|
| 3 | GO(Rt)No.1610/2023/ LSGD | 07-08-2023 | അതിദാരിദ്ര്യനിർമ്മാർജ്ജന പദ്ധതി- വിവിധ വകുപ്പുകൾ മുഖേന നല്കുന്ന ആനുകൂല്യങ്ങൾക്ക്/ സേവനങ്ങൾക്ക് തിരിച്ചറിയൽ രേഖകളും സാക്ഷ്യപത്രങ്ങളും ഹാജരാക്കുന്നതിൽ നിന്നും അതിദരിദ്ര പട്ടികയിൽപെട്ടവരെ ഒഴിവാക്കി. | 595 |
| 4 | സ.ഉ(സാധാ)നം. 1632/2023/ തസ്വഭവ | 10-08-2023 | കുടുംബശ്രീ ജനകീയ ഹോട്ടലുകൾ വഴി നൽകുന്ന ഉച്ചഭക്ഷണത്തിന്റെ സബ്സിഡി 2023 ഓഗസ്റ്റ് 1 മുതൽ നിർത്തലാക്കുകയും വില നിർണ്ണയാധികാരം ജില്ലാ ആസൂത്രണ സമിതികൾക്ക് നൽകുകയും ചെയ്തു. | 597 |
| 5 | സ.ഉ(സാധാ)നം. 1636/2024/ തസ്വഭവ | 06-09-2024 | അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി - അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ തയ്യാറാക്കിയ മൈക്രോ പ്ലാനിലുൾപ്പെട്ട ഭവന രഹിതരായ അതിദരിദ്ര കുടുംബങ്ങൾക്ക് വീട് ലഭ്യമാകുന്നത് വരെ താമസ സൗകര്യം ഒരുക്കുന്നതിനായി വീടുകൾ/കെട്ടിടങ്ങൾ വാടകയ്ക്ക് എടുക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നല്കി. | 600 |
| 6 | സ.ഉ(സാധാ)നം.2564/2024/ LSGD | 30-12-2024 | അതിദരിദ്ര കുടുംബത്തിന്റെ ലിസ്റ്റിൽ ഉൾപ്പെട്ട അർഹരായ വിദ്യാർത്ഥികൾക്ക് പഠനമുറിക്ക് ധനസഹായം നൽകുന്നതിന് അനുമതി. | 603 |

## 17. തെരുവു വിളക്ക്

| ക്രമ നം. | ഉത്തരവ്/സർക്കുലർ നം. | തിയതി | വിഷയം | പേജ് നം. |
|---|---|---|---|---|
| 1 | സർക്കുലർ നം. EWB1/101/2020-തസ്വഭവ | 26-10-2022 | നിലാവ് പദ്ധതി-വാറണ്ടി കാലയളവിൽ കേടാകുന്ന LED ബൾബുകളുടെ പരിപാലനച്ചെലവ്-നിർദ്ദേശം. | 606 |
| 2 | സ.ഉ(സാധാ)നം.199/2024/ LSGD | 24-01-2024 | മിനിമാസ്റ്റ്, ഹൈമാസ്റ്റ്, എൽ.ഇ.ഡി തെരുവു വിളക്കുകളുടെ പരിപാലനം യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിന് നൽകുന്നതിന് അനുമതി. | 608 |

## 18. വാഹനങ്ങൾ വാങ്ങൽ/വാടകയ്ക്ക് എടുക്കൽ

| ക്രമ നം. | ഉത്തരവ്/സർക്കുലർ നം. | തിയതി | വിഷയം | പേജ് നം. |
|---|---|---|---|---|
| 1 | സ.ഉ(സാധാ)നം.2030/2022/ LSGD | 20-08-2022 | തദ്ദേശഭരണ സ്ഥാപനങ്ങളിൽ (ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടിനും കോർപ്പറേഷൻ മേയർക്കും ഒഴികെ) വാഹനം വാങ്ങൽ പരിധി 13 ലക്ഷം രൂപയായി ഉയർത്തി. | 612 |
| 2 | G.O.(Rt)No.2159/2022/LSGD | 02-09-2022 | മാലിന്യ നിർമ്മാർജ്ജന പദ്ധതികൾക്ക്ആവശ്യമായ പിക്ക് അപ്പ് വാൻ/ഇലക്ട്രിക് ഓട്ടോ എന്നിവ കേരള ഓട്ടോമോബൈൽസ് ലിമിറ്റഡിൽ (KAL) നിന്നും വാങ്ങുന്നതിന് ഒരു വർഷത്തേക്ക് അനുമതി നൽകി. | 614 |

| | | | | |
|---|---|---|---|---|
| 3 | സ.ഉ(സാധാ)നം.680/2023/ LSGD | 21-03-2023 | ഓഫീസ് ആവശ്യത്തിന് വാഹനം വാടകയ്ക്ക് എടുക്കൽ-രണ്ടാമത്തെ ക്വട്ടേഷനിൽ വാഹനങ്ങളുടെ പഴക്കം സംബന്ധിച്ച വ്യവസ്ഥ ഒഴിവാക്കൽ-നിർദ്ദേശം. | 616 |
| 4 | സ.ഉ(സാധാ)നം.1021/2025/ LSGD | 23-04-2025 | ഓഫീസ് ആവശ്യത്തിന് നിശ്ചിത സ്പെസിഫിക്കേഷനുള്ള ഇലക്ട്രിക് സ്കൂട്ടർ GEM പോർട്ടലിൽ ലഭ്യമല്ലെങ്കിൽ ആയത് ഓപ്പൺ മാർക്കറ്റിൽ നിന്നും വാങ്ങാൻ അനുമതി നൽകി. | 618 |
| 5 | സർക്കുലർ നം. ഡി എ1/181/2025-തസ്വഭവ | 22-05-2025 | ഓഫീസ് ആവശ്യത്തിന് വാഹനം വാടകയ്ക്ക് എടുക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ മാനദണ്ഡങ്ങൾ ബഡ്സ് സ്കൂൾ തുടങ്ങിയ ആവശ്യത്തിന് വാടകയ്ക്ക് എടുക്കുമ്പോൾ അനുവർത്തിക്കൽ-സ്പഷ്ടീകരണം. | 620 |
| 6 | സ.ഉ(സാധാ)നം.1350/2025/ LSGD | 31-05-2025 | തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിൽ ആംബുലൻസ് വാങ്ങുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ. | 622 |

# 7.4 മത്സ്യ മേഖല

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ - കൂടിലെ മത്സ്യകൃഷിക്കുള്ള സബ്സിഡി യൂണിറ്റ് നിരക്ക് വർദ്ധിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.449/2023/LSGD തീയതി,തിരുവനന്തപുരം, 21-02-2023

പരാമർശം:- 1. സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28.05.2022

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.02.2023-ൽ കൂടിയ യോഗത്തിന്റെ തീരുമാനം 3.8

**ഉത്തരവ്**

തദ്ദേശ ഭരണസ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗരേഖ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിലെ ഖണ്ഡിക 6.4 (B)3 ൽ പ്രതിപാദിക്കുന്ന 'കൂടിലെ മത്സ്യകൃഷി'ക്കുള്ള യൂണിറ്റ് നിരക്ക് 3.00 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് ഉത്തരവാകുന്നു. 6x4x1.25 മീറ്റർ വലിപ്പമുള്ള ($30m^3$) രണ്ടു കൂടുകൾ അടങ്ങുന്നതാണ് ഒരു യൂണിറ്റായി കണക്കാക്കുന്നത്. ഇങ്ങനെയുള്ള ഒരു യൂണിറ്റിന്റെ യൂണിറ്റ് ചെലവിന്റെ 40 ശതമാനം തുക പൊതു വിഭാഗത്തിനും 75 ശതമാനം തുക പട്ടികജാതി വിഭാഗത്തിനും 100 ശതമാനം തുക പട്ടികവർഗ്ഗവിഭാഗത്തിനും നൽകാം. മാർഗ്ഗരേഖയിൽ ഖണ്ഡിക 6.4 (B) 3 ൽ പറയുന്ന മറ്റു മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

2. പരാമർശിത ഉത്തരവ് മേൽപ്രകാരം ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
4. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
5. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
6. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
7. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്

8. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
9. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
12. എല്ലാ ജില്ലാ കളക്ടർമാർക്കും
13. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
14. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
17. ഡയറക്ടർ ജനറൽ, കില
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
20. വിവര പൊതുജനസമ്പർക്ക(വെബ് &ന്യൂ മീഡിയ) വകുപ്പ്
21. മത്സ്യബന്ധനവും തുറമുഖവും വകുപ്പ്
22. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജനകീയാസൂത്രണ പദ്ധതി - പരമ്പരാഗത ചെറിയ തടി വള്ളത്തിനും കട്ടമരത്തിനും നൽകുന്നത് പോലെ ഫൈബർ വള്ളത്തിനും ഗിൽനെറ്റ് നൽകാൻ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1073/2024/LSGD തീയതി,തിരുവനന്തപുരം, 19-06-2024

പരാമർശം:-
1. സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28.05.2022
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.03.2024-ന നടന്ന യോഗത്തിന്റെ തീരുമാനം 3.5

**ഉത്തരവ്**

തദ്ദേശ ഭരണസ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച പരാമർശിത മാർഗരേഖ ഖണ്ഡിക 6.4(A)2 പ്രകാരം പരമ്പരാഗത ചെറിയ തടി വള്ളത്തിനും കട്ടമരത്തിനും ഗിൽനെറ്റ് നൽകാൻ അനുമതി നൽകിയിട്ടുണ്ട്. തടിവള്ളത്തിനും കട്ടമരത്തിനും ഗിൽനെറ്റ് നൽകുന്നതുപോലെ ഫൈബർ വള്ളത്തിനും ഗിൽനെറ്റ് നൽകാൻ അനുമതി നൽകി ഉത്തരവാകുന്നു. മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് പ്രകാരം യൂണിറ്റ് വിലയായ 20000 രൂപയുടെ 75 ശതമാനം (പരമാവധി 15,000 രൂപ) സബ്സിഡി നൽകാവുന്നതാണ്. മാർഗ്ഗരേഖയിൽ പറയുന്ന മറ്റു മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

2. മേൽ ഖണ്ഡിക വ്യവസ്ഥ പരാമർശം 1 മാർഗ്ഗരേഖയിൽ കൂട്ടി ചേർത്തും ഉത്തരവാകുന്നു. മേൽ ഭേദഗതിയോടെ പരാമർശിത ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T

ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും

6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ, ഫിഷറീസ് വകുപ്പ്
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
14. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
15. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
16. ഡയറക്ടർ ജനറൽ, കില
17. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
18. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
19. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
20. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

## 7.5 പ്രാദേശിക സാമ്പത്തിക വികസനം

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പ്രാദേശിക സാമ്പത്തിക വികസനം - ആയിരത്തിൽ അഞ്ച് പേർക്ക് തൊഴിൽ സൃഷ്ടിക്കുന്നത് - കൃത്യമായ വിവര ശേഖരണത്തിനും അതിനായി ഒരു പോർട്ടൽ വികസിപ്പിക്കുന്നതിനും പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

G.O.(Rt)No.1431/2022/LSGD തീയതി,തിരുവനന്തപുരം, 12-06-2022

പരാമർശം:-
1. സ.ഉ.(കൈ) നം.84/2022/തസ്വഭവ; തീയതി 19.04.2022
2. സ.ഉ.(കൈ) നം.86/2022/തസ്വഭവ; തീയതി 19.04.2022
3. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022

**ഉത്തരവ്**

പ്രാദേശിക സാമ്പത്തിക വികസന പദ്ധതിയോടനുബന്ധിച്ച് ജനസംഖ്യയുടെ പ്രതി 1000 ൽ 5 പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള പദ്ധതി ഏറ്റെടുക്കുന്നതിന് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പരാമർശിത ഉത്തരവുകൾ പ്രകാരം നൽകിയിട്ടുണ്ട്. പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വളരെ സജീവമായി തന്നെ ഈ കാര്യത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട് എങ്കിലും എത്ര തൊഴിലുകൾ പദ്ധതി പ്രകാരം സൃഷ്ടിക്കപ്പെടുന്നു എന്നത് സംബന്ധിച്ച് നിലവിൽ ആധികാരിക വിവരങ്ങൾ ലഭ്യമല്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ ഓരോ വർഷവും ആയിരത്തിൽ അഞ്ച് പേർക്ക് തൊഴിൽ നൽകുന്നതിനുള്ള പദ്ധതി പ്രകാരം സൃഷ്ടിക്കപ്പെടുന്ന തൊഴിലുകളുടെ എണ്ണവും അനുബന്ധ വിവരങ്ങളും പഞ്ചായത്ത് - നഗര ഡയറക്ടർമാർ ശേഖരിക്കുകയും പ്രിൻസിപ്പൽ ഡയറക്ടർ ഇത് ഏകോപിപ്പിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കേണ്ടതാണ്. വിവരങ്ങൾ ലഭ്യമാക്കി ക്രോഡീകരിക്കുന്നതിനായി ഫലപ്രദമായ ഒരു പോർട്ടൽ വികസിപ്പിക്കുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LEENA N P
JOINT SECRETARY

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ

ഗ്രാമവികസന കമ്മീഷണർ
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
ഡയറക്ടർ ജനറൽ, കില
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-
ബഹു. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പതിനാലാം പഞ്ചവത്സര പദ്ധതി - പ്രാദേശിക സാമ്പത്തിക വികസനം - തൊഴിൽ/സംരംഭക സാധ്യതകളും തൊഴിൽ പരിശീലന സാധ്യതകളും തൊഴിൽ അന്വേഷകർക്ക് പരിചയപ്പെടുത്തുന്നതിനായി തൊഴിൽ സഭകൾ വിളിച്ചു ചേർക്കുന്നതിനുള്ള - മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(കൈ) നം.214/2022/LSGD തീയതി,തിരുവനന്തപുരം, 15-09-2022

---

പരാമർശം:-
1. സ.ഉ.(കൈ) നം.84/2022/തസ്വഭവ, തീയതി 19.04.2022
2. സ.ഉ.(കൈ) നം.86/2022/തസ്വഭവ, തീയതി 19.04.2022
3. സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28.05.2022

**ഉത്തരവ്**

തദ്ദേശ ഭരണസ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം (1), (2) പ്രകാരവും ആയതിൽ അനുവർത്തിക്കേണ്ട സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗരേഖ പരാമർശം (3) പ്രകാരവും അംഗീകരിച്ച് പുറപ്പെടുവിച്ചിട്ടുണ്ട്.

2. സുസ്ഥിരമായ പ്രാദേശിക സാമ്പത്തിക വളർച്ചയുടെ പ്രഭവ കേന്ദ്രങ്ങളായി തദ്ദേശഭരണ സ്ഥാപനങ്ങളെ മാറ്റുന്നതിനാണ് പതിനാലാം പദ്ധതിയിൽ ലക്ഷ്യമിടുന്നത്. പ്രാദേശിക സാമ്പത്തിക വികസനവും തൊഴിലവസരങ്ങളുടെ സൃഷ്ടിയുമാണ് മുൻഗണന ലക്ഷ്യങ്ങൾ. എല്ലാ മേഖലകളിലും പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതും ഇതിനായി ആവശ്യമുള്ള ഭൗതിക സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനും തൊഴിൽ നൈപുണ്യപരിശീലനം നൽകുന്നതിനും സാങ്കേതിക സഹായം ഉറപ്പാക്കുന്നതിനും സൗകര്യമൊരുക്കുന്നതും സവിശേഷ വികസന ലക്ഷ്യങ്ങളാണ്. ഇതിനായി വിപുലമായ സംവിധാനങ്ങളാണ് പതിനാലാം പഞ്ചവത്സര പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതി ആസൂത്രണ, സബ്സിഡി മാർഗ്ഗ രേഖകളിൽ സംരംഭക പ്രവർത്തനമടക്കമുള്ള സാമ്പത്തിക പ്രവർത്തനങ്ങൾക്കുള്ള സഹായവും ഉൾകൊള്ളിച്ചിട്ടുണ്ട്.

3. അഞ്ചു വർഷം കൊണ്ട് ഇരുപത് ലക്ഷം പേർക്ക് തൊഴിൽ നൽകുക എന്ന ലക്ഷ്യം സർക്കാർ നിർണ്ണയിച്ചിട്ടുണ്ട്. കെ-ഡിസ്ക്, കുടുംബശ്രീയുമായി ചേർന്ന് 'എന്റെ തൊഴിൽ എന്റെ അഭിമാനം' പദ്ധതിയുടെ ഭാഗമായി നടത്തിയ സർവ്വേയിൽ സംസ്ഥാനത്തൊട്ടാകെ 53 ലക്ഷത്തോളം തൊഴിലന്വേഷകർ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ ലിസ്റ്റിൽ നിന്നുമുള്ള 23 വയസ്സിനും 40 വയസ്സിനും ഇടയിലുള്ള 29 ലക്ഷത്തോളം പേരെ കെ- ഡിസ്ക് തയ്യാറാക്കിയിട്ടുള്ള ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെൻറ് സിസ്റ്റത്തിലേക്ക് (D.W.M.S) രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ആയിരത്തിൽ അഞ്ച് പേർക്ക് തൊഴിൽ നൽകുന്ന

പ്രവർത്തനവും പ്രാദേശിക സാമ്പത്തിക വികസന പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടന്നു വരുന്നു.

4. തൊഴിൽ സൃഷ്ടി എന്ന ബൃഹത്തായ ലക്ഷ്യത്തിനായി അന്തർദേശീയവും ദേശീയവും പ്രാദേശികവുമായ തൊഴിൽ സാധ്യതകളെ പരമാവധി ഉപയോഗിക്കുന്നതരത്തിൽ സമഗ്രമായ തൊഴിലാസൂത്രണം നടത്തുന്നതിനുള്ള സൂക്ഷ്മതല ജനകീയ സംവിധാനമായി 'തൊഴിൽ സഭ' സർക്കാർ വിഭാവനം ചെയ്യുന്നു. തൊഴിൽ തേടുന്നവർ, സ്വയംതൊഴിൽ സംരംഭകർ, തൊഴിൽദായക സംരംഭകർ, സംരംഭപുനരുജ്ജീവനം ആവശ്യമുള്ളവർ, സംരംഭകത്വ മികവ് വർദ്ധിപ്പിക്കാൻ ആഗ്രഹിക്കുന്നവർ, നൈപുണ്യവികസനം ആവശ്യമുള്ളവർ എന്നിവരുടെ ഒരു കൂടിചേരൽ ആണ് തൊഴിൽസഭ. തൊഴിൽ/സംരംഭക സാധ്യതകളും തൊഴിൽ പരിശീലന സാധ്യതകളും പരിചയപ്പെടുത്തി തൊഴിൽ പ്രാപ്തമാക്കുന്നതടക്കമുള്ള സമഗ്രമായ തൊഴിലാസൂത്രണം സാധ്യമാകുന്നതിനായി, മേൽ പ്രകാരം കണ്ടെത്തിയിട്ടുള്ള തൊഴിൽ അന്വേഷകരെ പങ്കെടുപ്പിച്ച് തദ്ദേശ ഭരണ സ്ഥാപനങ്ങൾ തൊഴിൽ സഭ വിളിച്ചുചേർക്കുന്നതിനായി, അനുബന്ധമായി ചേർത്തിട്ടുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. പഞ്ചായത്ത് ഡയറക്ടർ
9. നഗരകാര്യ ഡയറക്ടർ
10. ഗ്രാമവികസന കമ്മീഷണർ
11. മെമ്പർ സെക്രട്ടറി, കെ-ഡിസ്ക്
12. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
13. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
14. ചീഫ് ടൗൺ പ്ലാനർ
15. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
16. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
17. എല്ലാ ജില്ലാകളക്ടർമാർക്കും
18. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
19. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
20. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
21. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
22. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും

23. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
24. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
25. ഡയറക്ടർ ജനറൽ, കില
26. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
27. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
28. വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
29. തദ്ദേശ സ്വയംഭരണ (ഐ.എ.) വകുപ്പ്
30. വ്യവസായ വകുപ്പ്
31. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Sureshkumar K
Date: 16-09-2022 12:34:56

സെക്ഷൻ ഓഫീസർ

പകർപ്പ് :-
ബഹു. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

**അനുബന്ധം**

# തൊഴിൽസഭ സംഘടിപ്പിക്കുന്നതിനുള്ള മാർഗ്ഗരേഖ

## ആമുഖം

അധികാരവികേന്ദ്രീകരണം വ്യവസ്ഥാപിതമാക്കുന്നതിനാണ് 25 വർഷങ്ങൾക്ക് മുമ്പ് ജനകീയാസൂത്രണ പ്രസ്ഥാനം ആരംഭിച്ചത്. ആസൂത്രണ പ്രക്രിയയിൽ വികസന മുൻഗണനകളും പരിഗണനകളും ജനകീയ പങ്കാളിത്തത്തോടെ നിശ്ചയിക്കുന്നതിനുള്ള ശ്രമമായിരുന്നു ഇത്.

ഇതിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനക്ഷമതയും കാര്യക്ഷമതയും ഗണ്യമായി വർദ്ധിച്ചു. ആസൂത്രണ - നിർവ്വഹണ പ്രവർത്തനങ്ങൾക്കുള്ള കാര്യശേഷി ഉയർന്നു. ദുരന്തങ്ങളെ അതിജീവിക്കാനുള്ള ശേഷി വികസിച്ചു. സേവന-ക്ഷേമ-അടിസ്ഥാന സൗകര്യ വികസന മേഖലകളിൽ വലിയ മുന്നേറ്റം ഉണ്ടാക്കി. എന്നാൽ പദ്ധതി ആസൂത്രണത്തിൽ കുറഞ്ഞു വരുന്ന ബഹുജന പങ്കാളിത്തം, സാമ്പത്തിക പദ്ധതികളുടെ ഫലപ്രാപ്തികുറവ്, കുറഞ്ഞ തൊഴിൽ സൃഷ്ടി നിരക്ക്, സംയോജന സാധ്യതകൾ പരിഗണിക്കാതെയുള്ള പദ്ധതി നിർവ്വഹണം, നൂതന ആശയങ്ങളുടെ അഭാവം ഇവയെല്ലാം പോരായ്മകളായി നിലനിൽക്കുന്നു.

## പതിനാലാം പഞ്ചവത്സര പദ്ധതിയും തൊഴിൽ സൃഷ്ടിയും

മാനേജ്മെന്റ് സഹായം, വിപണന സഹായം, മെന്ററിംഗ് എന്നിവ ഉൾപ്പെടെയുള്ള വിവിധതരം ഇൻകുബേഷൻ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തുക വിനിയോഗിക്കാവുന്നതാണ്. വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും സംരംഭക ആശയങ്ങൾ തയ്യാറാക്കി നൽകാവുന്നതാണ്. പരിശോധനയിൽ പ്രായോഗികമായും സാമ്പത്തികമായും വിജയ സാദ്ധ്യതയുള്ള ആശയങ്ങളാണെന്ന് കാണുന്നവ നടപ്പാക്കാനുള്ള സാഹചര്യം ഒരുക്കേണ്ടതാണ്. ഇതിനായി ഇൻകുബേഷനിൽ വൈദഗ്ധ്യമുള്ള സ്ഥാപനങ്ങൾ/ സർവകലാശാലകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ, സ്റ്റാർട്അപ് മിഷൻ പോലെയുള്ളവയുടെ നേതൃത്വത്തിലുള്ള ഇൻകുബേഷൻ സെന്ററുകളുടെ സേവനം ഉപയോഗിക്കാം. ഈ മേഖലയിൽ വൈദഗ്ധ്യവും പ്രവൃത്തി പരിചയവും സൗകര്യവുമുള്ള ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ ഇൻകുബേഷൻ സേവനം ഉപയോഗിക്കുമ്പോൾ ഇതിനുള്ള ഫീസ് ഈ സ്ഥാപനങ്ങൾക്ക് നിബന്ധനകളുടെ അടിസ്ഥാനത്തിൽ നൽകാവുന്നതാണ്. മെന്റർ റിസോഴ്സ് പേഴ്സൺമാർ എന്ന നിലയ്ക്ക് പരിചയ സമ്പന്നരും വിജയം കൈവരിച്ചവരുമായ സംരംഭകരുടെ സേവനവും ഉപയോഗപ്പെടുത്താവുന്നതാണ്. അവർക്ക് അർഹമായ പ്രതിഫലം നൽകാം. ഇൻകുബേഷനുള്ള ചെലവുകൾ വഹിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപ വരെയും ബ്ലോക്ക് പഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപ വരെയും ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും 15 ലക്ഷം രൂപ വരെയും ബന്ധപ്പെട്ട ഏജൻസികൾക്ക് നൽകാവുന്നതാണ്. സംരംഭക ആശയത്തിന്റെ ഫലക്ഷമത, സാങ്കേതിക ക്ഷമത, പ്രായോഗികത, സംരംഭകന്റെ ആശയം വികസിപ്പിക്കുന്നതിന് പര്യാപ്തമായ ഇൻകുബേഷൻ സെന്ററുകളുടെ ലഭ്യത, ഇൻകുബേഷന്റെ ആവശ്യകത, ഇൻകുബേഷൻ സമയത്ത് വേണ്ടുന്ന സഹായങ്ങൾ, അതിനുവേണ്ടിവരുന്ന ചെലവ് മുതലായവ ഈ സമിതി വിലയിരുത്തേണ്ടതാണ്.

**(ജി) സീഡ് സപ്പോർട്ട് സ്കീം :** പ്രാദേശിക തലത്തിലുള്ള ഉൽപ്പന്ന-സേവന ആവശ്യങ്ങളെ കൂട്ടിച്ചേർത്ത് ബിസിനസ് ആശയങ്ങളായി രൂപപ്പെടുത്തുന്നതിനുള്ള ഹാക്കത്തണിൽ വിജയിക്കുന്നവർക്ക്, സീഡ് മണി നൽകാവുന്നതാണ്. ഇതിനായി ഗ്രാമപഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപ വരെയും, ബ്ലോക്ക് പഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപ വരെയും, ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും 15 ലക്ഷം രൂപ വരെയും, സഹായം നൽകാം. ഇവർക്ക് ഇൻകുബേഷൻ സേവനങ്ങളും ലഭ്യമാക്കാവുന്നതാണ്.

(7) മേൽ ഉപഖണ്ഡിക (4), (5) എന്നിവയിലെ തീരുമാനമനുസരിച്ചുള്ള ചുവടെ പറയുന്ന പ്രൊപ്പോസലുകൾ തുടർ നടപടികൾക്കായി തദ്ദേശഭരണ സ്ഥാപനത്തിലേയ്ക്ക് സംരംഭകത്വ-തൊഴിൽ വികസന കൗൺസിൽ കൈമാറേണ്ടതാണ്.

(a) വിദഗ്ദ്ധ പരിശോധന ആവശ്യമില്ലാത്തതിനാൽ സംരംഭകത്വ-തൊഴിൽ വികസന കൗൺസിൽ അംഗീകാരം നൽകിയ പ്രൊപ്പോസലുകൾ

(b) കൂടുതൽ സാങ്കേതിക പരിശോധന ആവശ്യമായതിനാൽ ജില്ലാതല സാങ്കേതിക സമിതിയുടെ പരിഗണനയ്ക്കായി അയയ്ക്കണമെന്ന് തദ്ദേശസ്ഥാപനതല സാങ്കേതിക സമിതി ശുപാർശ ചെയ്ത പ്രൊപ്പോസലുകൾ

(c) വിവിധ തുടർ പിന്തുണാ ഫണ്ടുകൾക്കായുള്ള പ്രൊപ്പോസലുകൾ

(8) ജില്ലാതല സാങ്കേതിക സമിതിയുടെ അംഗീകാരം ലഭിച്ച പ്രൊപ്പോസലുകളും ഉപഖണ്ഡിക (4) പ്രകാരം അംഗീകാരം ലഭിച്ച പ്രൊപ്പോസലുകളും സാങ്കേതിക സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സംരംഭകത്വ-തൊഴിൽ വികസന കൗൺസിൽ അംഗീകാരം നൽകുന്ന ഉപഖണ്ഡിക (5) പ്രകാരമുള്ള പ്രൊപ്പോസലുകളും പരിഗണിച്ച് തദ്ദേശഭരണ സ്ഥാപനം അവയ്ക്ക് ഭരണാനുമതി നൽകി ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥന്/ഉദ്യോഗസ്ഥയ്ക്ക് പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചശേഷം നിർവഹണം നടത്തുന്നതിനുമായി കൈമാറേണ്ടതാണ്.

(9) എന്റർപ്രണർഷിപ്പ് ആന്റ് എംപ്ലോയ്മെന്റ് ഹെൽപ്പ് ഡെസ്കിൽ നിന്നും ലഭിക്കുന്ന അപേക്ഷകളിന്മേൽ സംരംഭകത്വ - തൊഴിൽ വികസന കൗൺസിലും തദ്ദേശഭരണ സ്ഥാപനവും പരമാവധി 30 ദിവസത്തിനുള്ളിൽ തീരുമാനം കൈക്കൊള്ളേണ്ടതും അതനുസരിച്ച് പ്രൊപ്പോസലുകൾ നിർവഹണ ഉദ്യോഗസ്ഥന്/ ജില്ലാതല സാങ്കേതിക സമിതിക്ക് കൈമാറേണ്ടതുമാണ്.

(10) സംരംഭകത്വ - തൊഴിൽ വികസന കൗൺസിലിന്റെ യോഗത്തിൽ പങ്കെടുക്കുന്ന അനൗദ്യോഗിക അംഗങ്ങൾക്ക് പദ്ധതി നിർവ്വഹണ ചെലവുകൾക്കായി നീക്കിവെച്ചിരിക്കുന്ന പ്രോജക്ടിൽ നിന്നും ഒരു യോഗത്തിന് 500/- രൂപ നിരക്കിൽ സിറ്റിംഗ് ഫീസ് നൽകാവുന്നതാണ്.

**7. മുന്നൊരുക്ക പ്രവർത്തനങ്ങൾ - അവബോധ ശില്പശാലകളുടെ സംഘാടനവും വിവിധ സമിതികളുടെയും സംഘടനകളുടെയും രൂപീകരണവും**

(1) പ്രാദേശിക സാമ്പത്തിക വികസന രംഗത്ത് സ്വീകരിക്കേണ്ട സമീപനം ഖണ്ഡിക 3 ൽ പ്രതിപാദിച്ചിട്ടുണ്ട്. അത്തരം പുതിയസമീപന രീതി, പ്രവർത്തന മാർഗ്ഗങ്ങൾ, വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പങ്കാളിത്തം, പ്രാദേശിക വിഭവ സാധ്യതകൾ എന്നിവയെക്കുറിച്ച് ഇതിൽ പങ്കാളികളാകുന്ന എല്ലാവരിലും അവബോധം സൃഷ്ടിക്കുകയാണ് ആദ്യപടി. ഇതിനായി സംസ്ഥാന തലത്തിലും എല്ലാ തദ്ദേശ ഭരണസ്ഥാപന തലങ്ങളിലും കിലയുടെ പിന്തുണയോടെ ചുവടെ പറയുന്ന പ്രാദേശിക സാമ്പത്തിക വികസന അവബോധ ശില്പശാലകൾ സംഘടിപ്പിക്കണം.

(a)**സംസ്ഥാനതല ശിൽപശാല**

ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് അസോസിയേഷൻ, മുനിസിപ്പൽ ചെയർമെൻ ചേംബർ, മേയേഴ്സ് കൗൺസിൽ എന്നിവയുടെ ഭാരവാഹികൾ, വിവിധ വകുപ്പുകളുടെ സംസ്ഥാന മേധാവികൾ, വിവിധ വികസന ഏജൻസികളുടെയും കോർപറേഷനുകളുടെയും മേധാവികൾ, വ്യത്യസ്ത മേഖലകളിലെ വിദഗ്ദ്ധർ, വ്യാപാരി വ്യവസായി സംഘടനാ പ്രതിനിധികൾ, ചെറുകിട വ്യവസായ സംരംഭക സംഘടനാ പ്രതിനിധികൾ, ചേമ്പർ ഓഫ് കോമേഴ്സ് പ്രതിനിധികൾ തുടങ്ങിയവരെ സംസ്ഥാനതല ശിൽപശാലയിൽ പങ്കെടുപ്പിക്കണം. സാമ്പത്തിക വികസനം എന്ന ആശയം, രീതിശാസ്ത്രം, കേരളത്തിന്റെ സാദ്ധ്യതകൾ, വിവിധ വകുപ്പുകളുടെ ഇതേ ദിശയിലുള്ള പദ്ധതികൾ തമ്മിലുള്ള സംയോജനം എന്നിവ സംബന്ധിച്ച് സമഗ്രമായ ചർച്ചകൾ ശില്പശാലയിൽ സംഘടിപ്പിക്കണം.

(b) **ജില്ലാതല ശിൽപശാല**

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത് അംഗങ്ങൾ, മുനിസിപ്പൽ ചെയർപേഴ്സൺമാർ, കോർപ്പറേഷൻ മേയർ, ഗ്രാമ-ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷനുകളുടെ ജില്ലാതല പ്രതിനിധികൾ, വിവിധ വകുപ്പുകളുടെ ജില്ലാതല മേധാവികൾ, വിവിധ വികസന ഏജൻസികളുടെയും കോർപറേഷനുകളുടെയും ജില്ലാതല മേധാവികൾ, കെ-ഡിസ്കിന്റെ ജില്ലാ കോഓർഡിനേറ്റർ, വ്യാപാരി വ്യവസായി സംഘടനാ പ്രതിനിധികൾ, ചെറുകിട വ്യവസായ സംരംഭക സംഘടനാ പ്രതിനിധികൾ, ചേംബർ ഓഫ് കോമേഴ്സ് പ്രതിനിധികൾ തുടങ്ങിയവരെ ജില്ലാതല ശിൽപശാലയിൽ പങ്കെടുപ്പിക്കണം. ജില്ലയിലെ സംരംഭകത്വ സാദ്ധ്യതകൾ വിലയിരുത്തുന്നതിനും ജില്ലയിലെ വിവിധ ഏജൻസികളുടെ ഏകോപന മാതൃകകൾ ചർച്ച ചെയ്യുന്നതിനും ഈ ശില്പശാല ഉപകരിക്കണം.

**(c) ബ്ലോക്കുതല ശിൽപശാല**

ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ, ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ വിവിധ പദ്ധതികളുടെ നിർവഹണ ഉദ്യോഗസ്ഥർ, പ്രാദേശിക തലത്തിലെ വ്യാപാരവ്യവസായ മേഖലകളിൽ പ്രവർത്തിക്കുന്ന വിവിധ സംഘടനാ പ്രതിനിധികൾ എന്നിവരെ ബ്ലോക്കുതല ശിൽപശാലയിൽ പങ്കെടുപ്പിക്കണം. മേൽ സൂചിപ്പിച്ചതു പോലെ ബ്ലോക്കുതല വികസന സാധ്യതകളും ഏകോപന രീതികളുമാണ് ഈ ശില്പശാലയിൽ ചർച്ച ചെയ്യേണ്ടത്.

**(d) ഗ്രാമ പഞ്ചായത്ത്/നഗരസഭാതല ശിൽപശാല**

(1) ഗ്രാമ പഞ്ചായത്ത്/നഗരസഭാ ഭരണസമിതി അംഗങ്ങൾ, ഘടക സ്ഥാപന മേധാവികൾ, കുടുംബശ്രീ സി.ഡി.എസ്. ഭരണസമിതി അംഗങ്ങൾ, എം.ഇ.സി.മാർ, വ്യവസായ വകുപ്പ് ഇന്റേൺ, വ്യാപാരവ്യവസായ മേഖലകളിൽ പ്രവർത്തിക്കുന്ന വിവിധ സംഘടനാ പ്രതിനിധികൾ, തൊഴിൽ ക്ലബ് അംഗങ്ങൾ എന്നിവരെ തദ്ദേശഭരണ സ്ഥാപനതല ശിൽപശാലയിൽ പങ്കെടുപ്പിക്കണം. ഗ്രാമ പഞ്ചായത്ത്/ നഗരസഭാ തലത്തിലുള്ള സംരംഭ സാധ്യതകൾ, ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ, വിവിധ ഉല്പാദന-സേവന മേഖലകളിലുള്ള ഇടപെടൽ സാദ്ധ്യതകൾ, തൊഴിൽസഭകളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ തുടങ്ങിയവ ശില്പശാലയിൽ ചർച്ച ചെയ്യേണ്ടതാണ്.

(2) അവബോധ ശിൽപശാലയ്ക്ക് ശേഷം പ്രാദേശിക സാമ്പത്തിക വികസനവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും സഹായകമായി പ്രവർത്തിക്കേണ്ട സംവിധാനവും സമിതികളും രൂപീകരിക്കേണ്ട ചുമതല അതത് തദ്ദേശഭരണ സ്ഥാപനങ്ങൾക്കാണ്.

**8. പ്രാദേശിക സാമ്പത്തിക വികസനം – അവസ്ഥാപഠനവും സെമിനാറും**

ഓരോ പ്രദേശത്തും നിലവിലുള്ള വിഭവങ്ങൾ, അനുകൂല സാഹചര്യങ്ങൾ, സാധ്യതകൾ, വെല്ലുവിളികൾ എന്നിവ ശാസ്ത്രീയമായി കണ്ടെത്തുകയും അവയെ വിശകലനം ചെയ്ത് ക്രിയാത്മകമായ ഉപയോഗം ഉറപ്പാക്കുന്നതിലൂടെ പ്രദേശിക സാമ്പത്തിക വികസനം സാധ്യമാക്കുകയാണ് ലക്ഷ്യം. ഇതിനായി പ്രാദേശിക പഠനത്തിൽ ലഭ്യമാകുന്ന വിവരങ്ങളെ അടിസ്ഥാനപ്പെടുത്തി സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിലൂടെ തൊഴിലവസരങ്ങൾ

സൃഷ്ടിക്കുകയും നൈപുണ്യവികസനത്തിലൂടെ തൊഴിൽ പ്രാപ്തി ഉറപ്പുവരുത്തുകയും ചെയ്യേണ്ടതുണ്ട്. സംരംഭ സാധ്യതകളെയും നൈപുണ്യവികസന ആവശ്യങ്ങളെയും കണ്ടെത്തുകയും സംരംഭങ്ങൾക്ക് ആവശ്യമായ സാങ്കേതിക - സാമ്പത്തിക പരിപാലന സഹായങ്ങൾ ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ നിർവഹണ രീതിയിൽ പ്രധാനമായും ഉൾപ്പെടുന്നത്. പ്രാദേശിക സാമ്പത്തിക വികസന പദ്ധതിയിൽ അവസ്ഥാപഠനവും തുടർന്നുള്ള സെമിനാറുകളും നിർബന്ധിത വ്യവസ്ഥയല്ല. അവ അഭികാമ്യമായ പ്രവർത്തനങ്ങളാണ്. പ്രാദേശിക സാധ്യതകൾ കണ്ടെത്തുന്നതിനായി ഏറ്റെടുക്കാവുന്ന അവസ്ഥാപഠനവും തുടർ പ്രവർത്തനങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 3 ആയി നൽകിയിട്ടുണ്ട്.

## 9 സംരംഭകത്വ വികസനത്തിനായി നടത്തേണ്ട തുടർ പ്രവർത്തനങ്ങൾ

### 9.1 സംരംഭകത്വത്തെ സംബന്ധിച്ച പൊതു അവബോധം സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ:

(1) സംരംഭം തുടങ്ങാൻ താല്പര്യമുള്ളവർക്ക് അവസ്ഥാ പഠനത്തിലൂടെയും, സംരംഭക നൈപുണ്യ മീറ്റിലൂടെയും ഉരുത്തിരിഞ്ഞുവന്ന പ്രോജക്ട് ആശയങ്ങൾ പരിചയപ്പെടുത്തുന്നതിനും വിവിധ പദ്ധതികളെയും പിന്തുണാ സംവിധാനങ്ങളെയും കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതുണ്ട്. തദ്ദേശഭരണ സ്ഥാപനതലത്തിൽ സംരംഭകത്വ-തൊഴിൽ വികസന കൗൺസിലിന്റെ നേതൃത്വത്തിലാണ് ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടത്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടക്കുന്ന വിവിധ യോഗങ്ങളിലും, കുടുംബശ്രീ അയൽക്കൂട്ടങ്ങളിലും തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പ്രാദേശിക സാമ്പത്തിക വികസന രംഗത്തെ സാധ്യതകൾ സംബന്ധിച്ചും വിവിധ പദ്ധതികൾ സംബന്ധിച്ചും അറിവും നൽകുന്നതിനുള്ള അവസരങ്ങൾ സൃഷ്ടിക്കാവുന്നതാണ്. കൂടാതെ നവമാധ്യമങ്ങളുടെ സാധ്യതകളും ഇതിനായി ഉപയോഗിക്കാം. തദ്ദേശ ഭരണ സ്ഥാപന പരിധിയ്ക്ക് പുറത്തുള്ള സംരംഭകരെ ആകർഷിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഇതോടൊപ്പം നടത്തേണ്ടതാണ്. സംരംഭം ആരംഭിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, ആശയ ലഭ്യത, സാങ്കേതിക വിദ്യകൾ, സാമ്പത്തിക സഹായ സാധ്യതകൾ എന്നിവ ഈ വേദികളിൽ വിശദീകരിക്കണം. സംരംഭകത്വ രംഗത്ത് വൈദഗ്ധ്യമുള്ള വ്യക്തികളുടെയും എന്റർപ്രണർഷിപ്പ് ആന്റ് എംപ്ലോയ്മെന്റ് ഹെൽപ്പ് ഡെസ്ക്കിന്റെയും, എംപ്ലോയബിലിറ്റി സെന്ററിന്റെയും സേവനം ഇതിനായി പ്രയോജനപ്പെടുത്താവുന്നതാണ്.

(2) സംരംഭകത്വത്തെ സംബന്ധിച്ച പൊതു അവബോധം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും തൊഴിൽസഭകൾ സംഘടിപ്പിക്കാവുന്നതാണ്. സാമൂഹ്യനീതി ഉറപ്പാക്കി തൊഴിൽ സാധ്യതകൾ ഫലപ്രദമായി ഉപയോഗിക്കുന്നതിനും വരുമാനദായക പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുമുള്ള പിന്തുണ നൽകുന്നതിനും തൊഴിൽ ഏകോപനത്തിനും ആയുള്ള സൂക്ഷ്മതല ജനകീയസംവിധാനമായി ഗ്രാമപഞ്ചായത്ത്/നഗരഭരണ സ്ഥാപനങ്ങൾക്ക് തൊഴിൽസഭകൾ സംഘടിപ്പിക്കാവുന്നതാണ്. ആധുനിക വൈജ്ഞാനിക മേഖലകളുടെ സാധ്യതകൾ കൂടി ഉപയോഗപ്പെടുത്തി ഉല്പാദന വ്യവസ്ഥകളെ പുനരുജ്ജീവിപ്പിക്കുകയും അതുവഴി തൊഴിൽ സൃഷ്ടി ഉറപ്പാക്കുന്നതിന് തല്പരരായവർക്ക് അറിവ് നൽകുകയും ചെയ്യുന്ന വേദികളാണ് തൊഴിൽസഭകൾ. തൊഴിൽസഭകളിൽ പങ്കെടുക്കുന്നവരുടെ

നൈപുണ്യം, പ്രവർത്തന പരിചയം, താല്പര്യം, മറ്റ് വിവരങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെടുന്ന സംരംഭക ക്ലബ്ബുകൾ, തൊഴിൽ ക്ലബ്ബുകൾ, തൊഴിൽക്കൂട്ടങ്ങൾ എന്നിവയിൽ ഉയരുന്ന ചർച്ചകൾക്കും തീരുമാനങ്ങൾക്കും അനുസൃതമായി നൈപുണ്യ വികസനത്തിനും സംരംഭങ്ങൾ ആരംഭിക്കുന്നതിനും ഇതര തൊഴിലുകൾ ആർജ്ജിക്കുന്നതിനുമുള്ള സാധ്യതകൾ സൃഷ്ടിക്കേണ്ടതുണ്ട്.

### 9.2 സംരംഭകത്വവികസന ശില്പശാല

(1) പൊതു ബോധവൽക്കരണ പ്രവർത്തനങ്ങൾ (സാധ്യതയുണ്ടെങ്കിൽ ഹാക്കത്തോൺ കൂടി സംഘടിപ്പിച്ച ശേഷം) കഴിഞ്ഞാലുടൻ സംരംഭം ആരംഭിക്കാൻ സന്നദ്ധരായവരെയും, സ്റ്റേക്ക് ഹോൾഡേഴ്സിനെയും പങ്കെടുപ്പിച്ചുകൊണ്ട് സംരംഭകത്വ വികസന പരിപാടി സംഘടിപ്പിക്കേണ്ടതാണ്. തദ്ദേശ ഭരണ സ്ഥാപന പരിധിയിൽ പ്രവർത്തിക്കുന്ന മറ്റു സംരംഭകർ, വ്യവസായ വികസന എസ്റ്റേറ്റുകളിലും പാർക്കുകളിലും സംരംഭങ്ങൾ നടത്തുന്നവർ, ഈ രംഗത്തെ വിദഗ്ദ്ധർ എന്നിവരെ ഇതിൽ പങ്കെടുപ്പിക്കാവുന്നതാണ്. പൊതുവായി സംരംഭങ്ങൾ ആരംഭിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, വിവിധതരം സംരഭകത്വശേഷികൾ, സാങ്കേതികവിദ്യകൾ, മാനേജ്മെന്റ് തലത്തിൽ ശ്രദ്ധിക്കണ്ട കാര്യങ്ങൾ, സാമ്പത്തിക സഹായം ലഭിക്കുന്ന സ്രോതസ്സുകൾ, പ്രോജക്ടുകൾ നൽകുന്ന രീതി, സാങ്കേതിക സഹായം ലഭിക്കുന്ന കേന്ദ്രങ്ങൾ, തരണംചെയ്യേണ്ട വെല്ലുവിളികൾ എന്നിവയെപ്പറ്റി ബോധവൽക്കരണം നടത്തുകയും യഥാർത്ഥ സംരംഭകരെ കണ്ടെത്താൻ ശ്രമിക്കുകയുമാണ് ഇതിലൂടെ ചെയ്യുന്നത്.

(2) ബ്ലോക്ക്/നഗരസഭാതലങ്ങളിൽ പ്രവർത്തിക്കുന്ന എംപ്ലോയബിലിറ്റി സെന്ററിനായിരിക്കും സംരംഭകത്വ വികസന ശില്പശാല സംഘടിപ്പിക്കുന്നതിന്റെ ചുമതല. പരിപാടിയിൽ ബോധവൽക്കരണ/വിശദീകരണ ക്ലാസുകൾ കൈകാര്യം ചെയ്യുന്നതിന് നിയോഗിക്കുന്ന വിദഗ്ദ്ധർക്ക് ഉചിതമായ പ്രതിഫലം അതാത് തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകേണ്ടതാണ്.

### 9.3 പ്രോജക്ട് ക്ലിനിക്കുകൾ സംഘടിപ്പിക്കൽ

(1) സംരംഭകത്വ വികസന പരിപാടിയ്ക്ക് ശേഷം സംരംഭങ്ങൾ ആരംഭിക്കുന്നതിന് സന്നദ്ധരായി എത്തുന്നവരെ ഉൾപ്പെടുത്തി അവരുടെ താല്പര്യങ്ങളുടെയും അവസ്ഥാ പഠനത്തിന്റെ ഫലമായി കണ്ടെത്തിയ മുൻഗണനാ മേഖലകളുടെയും, മറ്റ് നൂതന സംരംഭകത്വ മേഖലകളിലെ സാദ്ധ്യതകളുടെയും അടിസ്ഥാനത്തിൽ പദ്ധതികൾ രൂപവൽക്കരിക്കുന്നതിനും പ്രോജക്ട് ഗുണപരമായി മെച്ചപ്പെടുത്തുന്നതിനുമുള്ള പ്രോജക്ട് ക്ലിനിക്കുകൾ (Project Clinics) സംഘടിപ്പിക്കണം. തദ്ദേശഭരണ സ്ഥാപനതലത്തിൽ പ്രൊജക്ട് ക്ലിനിക്കുകൾ സംഘടിപ്പിക്കുന്നതിന്റെ ഉത്തരവാദിത്തം പഞ്ചായത്ത്/ നഗരസഭാതല സംരംഭകത്വ- തൊഴിൽ വികസന കൗൺസിലിനായിരിക്കും. പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് വിദഗ്ദ്ധരുടെ സഹായം ഉറപ്പുവരുത്താവുന്നതാണ്. നിർദ്ദിഷ്ട രൂപരേഖയ്ക്കനുസരിച്ചുള്ള പ്രോജക്ടുകളാണ് തയ്യാറാക്കേണ്ടത്.

**(2)** പ്രോജക്ട് ആശയങ്ങൾ രൂപീകരിക്കുന്നതിനും വിപുലപ്പെടുത്തുന്നതിനുമായി ജില്ലാ വ്യവസായ കേന്ദ്രം, കൃഷി/ മൃഗസംരക്ഷണ/ക്ഷീര വികസനം/ഫിഷറീസ് തുടങ്ങിയവിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും സേവനങ്ങൾ മേഖലയ്ക്കനുസരിച്ച് ഉപയോഗിക്കാവുന്നതാണ്. എന്റർപ്രണർഷിപ്പ് ആന്റ് എംപ്ലോയ്മെന്റ് ഹെൽപ്പ് ഡെസ്ക്

എംപ്ലായബിലിറ്റി സെന്റർ എന്നിവയുടെ ആഭിമുഖ്യത്തിലാണ് പ്രോജക്ട് ക്ലിനിക്കുകൾ സംഘടിപ്പിക്കേണ്ടത്.

(3) ഇത്തരത്തിൽ പ്രോജക്ട് ക്ലിനിക്കിൽ പങ്കെടുത്ത് സംരംഭങ്ങൾ ആരംഭിക്കുന്നതിന് തയ്യാറാകുന്നവരിൽ നിന്നും വിശദമായ പ്രോജക്ട് റിപ്പോർട്ട് സഹിതമുള്ള അപേക്ഷ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ എന്റർപ്രണർഷിപ്പ് ആന്റ് എംപ്ലേയ്മെന്റ് ഹെൽപ്പ് ഡെസ്ക്കിൽ സ്വീകരിക്കേണ്ടതാണ്. ആവശ്യമെങ്കിൽ പ്രോജക്ട് റിപ്പോർട്ടും അപേക്ഷയും തയ്യാറാക്കുന്നതിനുള്ള സഹായം എംപ്ലോയബിലിറ്റി സെന്റകൾ നൽകേണ്ടതാണ്.

(4) ഖണ്ഡിക 9.1, 9.2, 9.3 എന്നിവയിലെ പ്രവർത്തനങ്ങളോടൊപ്പം തന്നെ നൈപുണ്യ പരിശീലന പദ്ധതികളെ സംബന്ധിച്ച അവബോധം സൃഷ്ടിക്കൽ, പരിശീലനാർത്ഥികളെ കണ്ടെത്തൽ, പരിശീലന വിഷയങ്ങൾ തെരഞ്ഞെടുക്കൽ തുടങ്ങിയ പ്രക്രിയകളും നടത്തേണ്ടതാണ്.

### 9.4 സംരംഭകത്വത്തിനുള്ള പിന്തുണകൾ

(1) ഓരോ സംരംഭത്തിന്റെയും വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ (ഡി.പി.ആർ) സമർപ്പിക്കുമ്പോൾ സംരംഭകർ പ്രതീക്ഷിക്കുന്ന ആനുകൂല്യങ്ങളുടെയും സഹായത്തിന്റെയും വിശദാംശങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്. ഇത്തരത്തിൽ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് സംരംഭകത്വ-തൊഴിൽ വികസന കൗൺസിലും, എംപ്ലോയബിലിറ്റി സെന്ററും ഉറപ്പുവരുത്തണം. ഇത്തരത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശദാംശങ്ങളുടെ അടിസ്ഥാനത്തിലാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ അവയ്ക്ക് വ്യത്യസ്തങ്ങളായ പ്രോജക്ടുകൾ തയ്യാറാക്കി ആവശ്യമായ പിന്തുണ നൽകേണ്ടത്.

(2) സംരംഭം ആരംഭിക്കാൻ തയ്യാറായവർക്കായി അവരവർ തെരഞ്ഞെടുത്ത മേഖലയിൽ ആവശ്യമുള്ള നൈപുണ്യ പരിശീലനം, ധനകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾ, സാങ്കേതിക പിന്തുണ (യന്ത്രങ്ങൾ, നിർമാണസാമഗ്രികൾ, സാങ്കേതികവിദ്യ), ഇൻകുബേഷൻ, സംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ അനുമതി, ലൈസൻസുകൾ, അടിസ്ഥാന സൗകര്യങ്ങൾ, സബ്സിഡി എന്നിവ ലഭ്യമാക്കുകയാണ് അടുത്ത പടി. ഇതിനാവശ്യമായ പിന്തുണ ഉറപ്പുവരുത്തികൊണ്ട് സമയബന്ധിതമായി സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ഇടപെടലുകൾ സംരംഭകത്വ- തൊഴിൽ വികസന കൗൺസിൽ നടത്തേണ്ടതാണ്.

(3) ഇതിനായി എന്റർപ്രണർഷിപ്പ് ആന്റ് എംപ്ലോയ്മെന്റ് ഹെൽപ്പ് ഡെസ്ക്ക്, തദ്ദേശഭരണസ്ഥാപന സാങ്കേതികസമിതി എന്നിവയിലൂടെ നൽകേണ്ട പിന്തുണകൾ കാര്യക്ഷമമായി ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ട ചുമതല തദ്ദേശഭരണ സ്ഥാപനത്തിനാണ്. കൂടാതെ തദ്ദേശഭരണ സ്ഥാപനതലത്തിൽ അംഗീകാരം നൽകേണ്ട പ്രൊപ്പോസലുകൾ പരിശോധിച്ച് അംഗീകാരത്തിനായി ഭരണ സമിതിയ്ക്ക് ശുപാർശ നൽകേണ്ടതിന്റേയും ജില്ലാതല അംഗീകാരം ആവശ്യമായ പ്രൊപ്പോസലുകൾ ശുപാർശ ചെയ്ത് ഭരണ സമിതിയുടെ അനുമതിയോടെ ജില്ലാതല സാങ്കേതികസമിതിക്ക് സമർപ്പിക്കേണ്ടതിന്റേയും ഉത്തരവാദിത്തം സംരംഭകത്വ-തൊഴിൽ വികസന കൗൺസിലിനായിരിക്കും. ഏറ്റെടുക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തണം. പ്രോജക്ടുകൾക്ക് ആവശ്യമായ തുക തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നോ പൊതു വിഭാഗം വികസന

ഫണ്ടിൽ നിന്നോ മാർഗ നിർദ്ദേശങ്ങൾക്ക് വിധേയമായി മറ്റ് ഫണ്ടുകളിൽ നിന്നോ, വിവിധ വകുപ്പുകളുമായുള്ള സംയോജന സാധ്യതകൾ ഉപയോഗിച്ചോ കണ്ടെത്തേണ്ടതാണ്.

(4) ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സമയബന്ധിതമായി സംരംഭകർക്ക് ആവശ്യമായ വായ്പകൾ ലഭ്യമാക്കുന്നതിനുള്ള ഇടപെടലുകൾ നിർവ്വഹണ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ സംരംഭകത്വ- തൊഴിൽ വികസന കൗൺസിൽ നടത്തേണ്ടതാണ്.

(5) മേൽവിവരിച്ച സംരംഭകത്വ മാതൃകകൾക്ക് അനുകൂലമായ അന്തരീക്ഷം തദ്ദേശഭരണ സ്ഥാപനതലത്തിൽ സൃഷ്ടിക്കേണ്ടതുണ്ട്. പ്രസ്തുത സംരംഭകത്വ സൗഹൃദ അന്തരീക്ഷത്തിന് പ്രധാനമായും ഊന്നൽ നൽകേണ്ട മേഖലകൾ ചുവടെ പ്രതിപാദിക്കുന്നു.

**എ) ഭൂമിയും കെട്ടിടവും:**

(1) പൊതു ഉടമസ്ഥതയിലുള്ളതും, തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതു മായ ആയ ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങൾ, കെട്ടിടങ്ങൾ എന്നിവയെപ്പറ്റിയുള്ള വിവരങ്ങൾ ശേഖരിച്ച് ഡേറ്റാ ബാങ്ക് തയ്യാറാക്കി പ്രസിദ്ധപ്പെടുത്തണം (സംസ്ഥാന തലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പും, ജില്ലാതലത്തിൽ പഞ്ചായത്ത് ജോയിന്റ് ഡയറക്ടറും, തദ്ദേശ ഭരണ സ്ഥാപനതലത്തിൽ ഗ്രാമ പഞ്ചായത്തുകളും നഗരസഭകളുമാണ് ഇതിന്റെ ചുമതല വഹിക്കേണ്ടത് ).

(2) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമിയും കെട്ടിടവും നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് സംരംഭങ്ങൾ ആരംഭിക്കുന്നതിനും വിപുലീകരിക്കുന്നതിനുമായി സംരംഭകർക്ക് കൈമാറാവുന്നതാണ്. കൂടാതെ തദ്ദേശഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള സഹകരണ സ്ഥാപനങ്ങളുടെ പക്കലുള്ള കെട്ടിടവും ഭൂമിയും ഇതിനായി ലഭ്യമാക്കുന്നതും പരിഗണിക്കാവുന്നതാണ്. തദ്ദേശഭരണ സ്ഥാപന പരിധിയിൽ ഒഴിഞ്ഞുകിടക്കുന്ന സ്വകാര്യ ഉടമസ്ഥയിലുള്ള കെട്ടിടങ്ങളും ഭൂമിയും സംരംഭക ആവശ്യങ്ങൾക്കായി സംരംഭകർക്ക് ലഭ്യമാക്കുന്നതിനുള്ള ഇടപെടലുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നടത്താവുന്നതാണ്.

**ബി) അടിസ്ഥാന സൗകര്യവികസനം:**

(1) സംരംഭങ്ങളുടെ സുഗമമായ നടത്തിപ്പിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഊന്നൽ നൽകേണ്ടതാണ്.

(2) അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി എന്നിവയുടെ ലഭ്യത, മാലിന്യ സംസ്കരണ /നിർമ്മാർജ്ജന സംവിധാനങ്ങൾ, ഗതാഗത സൗകര്യം എന്നിവ സംരംഭക സാധ്യതയുള്ള പ്രദേശങ്ങളിൽ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ തദ്ദേശ ഭരണ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

(3) വൈദ്യുതി കണക്ഷനുകൾ എളുപ്പത്തിൽ ലഭ്യമാക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനത്തിൽ നിന്നും ലഭിക്കേണ്ടുന്ന ഓക്യൂപെൻസി സർട്ടിഫിക്കറ്റുകൾ സമയബന്ധിമായി നൽകണം. സംരംഭകർക്കുള്ള വൈദ്യുതി, കുടിവെള്ള കണക്ഷനുകൾ കാലതാമസം കൂടാതെ ലഭിക്കുന്നുണ്ടെന്ന് തദ്ദേശ ഭരണ സ്ഥാപനം ഉറപ്പുവരുത്തണം.

(4) പ്രാദേശികമായി പത്തുപേർക്കെങ്കിലും പ്രത്യക്ഷ തൊഴിൽ (Regular/Salaried Jobs) നൽകാൻ സാധ്യതയുള്ള സംരംഭങ്ങൾക്ക് 500 മീറ്റർ ദൈർഘ്യംവരെ റോഡുകൾ ഗതാഗത യോഗ്യമാക്കി നൽകാവുന്നതാണ്.

(5) നിലവിൽ സംരംഭങ്ങൾ പ്രവർത്തിക്കുന്ന പ്രദേശങ്ങളിലും ഭാവിയിൽ സംരംഭ വ്യവസായ സാധ്യതയുള്ള പ്രദേശങ്ങളിലും സംരംഭ വികസനത്തിന് അനുകൂലമാകുന്ന തരത്തിൽ റോഡുകളും അനുബന്ധ സൗകര്യങ്ങളും മുൻഗണനാ ക്രമത്തിൽ വികസിപ്പിക്കാവുന്നതാണ്. തദ്ദേശഭരണ സ്ഥാപന പരിധിയിലുള്ള വ്യക്തികൾക്ക് ലഭിക്കാൻ സാധ്യതയുള്ള തൊഴിലവസരങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം. അത്തരം വികസന പ്രവർത്തനങ്ങൾ നടത്തേണ്ടത്.

(6) സംരംഭകത്വ വികസനത്തിന്റെ ഭാഗമായുള്ള ജലം, വൈദ്യുതി എന്നിവയുടെ ലഭ്യത, ഗതാഗത സൗകര്യം ഏർപ്പെടുത്തൽ എന്നിവയ്ക്കുള്ള അടിസ്ഥാന സൗകര്യ വികസന പ്രോജക്ടുകൾ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതും ആവശ്യമെങ്കിൽ അത്തരം പ്രോജക്ടുകൾക്കുള്ള വിഹിതം ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറാവുന്നതുമാണ്.

**സി) മാനവ വിഭവശേഷി:**

(1) വിദഗ്ദ്ധ/അവിദഗ്ധ തൊഴിലാളികളുടെ ലഭ്യത ഉറപ്പാക്കൽ, തൊഴിലുമായി ബന്ധപ്പെട്ട വൈദഗ്ദ്ധ്യത്തിലുള്ള പോരായ്മ പരിഹരിക്കൽ എന്നിവയ്ക്കാവശ്യമായ നടപടികൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സ്വീകരിക്കാവുന്നതാണ്.

(2) നിലവിൽ കുടുംബശ്രീ മുഖേന നടപ്പിലാക്കി വരുന്ന നൈപുണ്യ വികസന പദ്ധതികളായ ഡി.ഡി.യു.ജി.കെ.വൈ., യുവകേരളം, ഗോത്രകിരണം എന്നിവയിലും കേരള അക്കാഡമി ഫോർ സ്കിൽ എക്സെലൻസ് (KASE), അഡിഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (ASAP)എന്നിവയിലും, കുടുംബശ്രീ മിഷൻ, കെ-ഡിസ്ക് എന്നിവ എംപാനൽ ചെയ്തിട്ടുള്ള ഏജൻസികൾ നടത്തുന്ന പരിശീലന പരിപാടികളിലും ഉൾപ്പെടുത്തി ആവശ്യമായ നൈപുണ്യ പരിശീലനങ്ങൾ നൽകാവുന്നതാണ്.

(3) വിവിധ വിഷയങ്ങളിൽ പ്രത്യേക നൈപുണ്യം ആവശ്യമുള്ള പക്ഷം സംരംഭകർക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഡേറ്റാ ബാങ്കിൽ രജിസ്റ്റർ ചെയ്തവരിൽ നിന്ന് പരിശീലനം സിദ്ധിച്ചവരെ ലഭ്യമാക്കാവുന്നതാണ്.

(4) തദ്ദേശഭരണസ്ഥാപന പരിധിയിലെ സംരംഭങ്ങളിൽ നിലവിലുള്ള തൊഴിൽ സാധ്യത മനസ്സിലാക്കി ആവശ്യമുള്ള മേഖലകളിൽ പരിശീലന പരിപാടികൾ നടത്തി നൈപുണ്യം വികസനത്തിലൂടെ തൊഴിലുകൾ ഏറ്റെടുക്കാൻ പ്രാപ്തമായ തൊഴിൽസേനയെ സജ്ജമാക്കണം. ഇത്തരം പരിശീലന പരിപാടികൾക്കാവശ്യമായ പ്രോജക്ടുകൾ പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതാണ്. കുടുംബശ്രീമിഷൻ അടക്കമുള്ള വിവിധ ഏജൻസികൾ രൂപം നൽകുന്ന നൈപുണ്യ പരിശീലന പരിപാടികളുടെ സംയോജന സാധ്യതകൾ പരിശീലനങ്ങൾക്കായി ഉപയോഗപ്പെടുത്താവുന്നതാണ്.

(5) ബ്ലോക്ക്/നഗരസഭാ തലങ്ങളിൽ പ്രവർത്തിക്കുന്ന എംപ്ലോയബിലിറ്റി സെന്ററുകളിൽ വിദഗ്ദ്ധ തൊഴിലാളികളോടൊപ്പം തന്നെ അവിദഗ്ദ്ധ തൊഴിൽ ആവശ്യമുള്ളവരുടെ

രജിസ്ട്രേഷൻ നടത്താവുന്നതും സംരംഭങ്ങൾക്ക് ആവശ്യമുള്ള പക്ഷം രജിസ്റ്റർ ചെയ്തവരെ ലഭ്യമാക്കാവുന്നതുമാണ്.

**ഡി) സാമ്പത്തിക സഹായം**

(1) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട സബ്സിഡി മാർഗ്ഗരേഖയിൽ പരാമർശിക്കുന്ന ധനസഹായങ്ങൾ സംരംഭകർക്ക് നൽകാവുന്നതാണ്. കൂടാതെ പൊതുമേഖലാ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, മറ്റുധനകാര്യ സ്ഥാപനങ്ങൾ എന്നവയിൽ നിന്നുള്ള വായ്പ ലഭിക്കുന്നതിനുള്ള പിന്തുണയും തദ്ദേശ ഭരണ സ്ഥാപനങ്ങൾ നൽകേണ്ടതാണ്.

(2) വായ്പാ ബന്ധിത പ്രോജക്ടുകളുടെ വായ്പാ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി ബ്ലോക്കുതല ബാങ്കേഴ്സ് സമിതിയുമായും ലീഡ് ബാങ്ക് പ്രതിനിധികളുമായും അർദ്ധ വാർഷിക/വാർഷിക അടിസ്ഥാനത്തിൽ ആശയവിനിമയം നടത്തുകയും തദ്ദേശ ഭരണ സ്ഥാപന പരിധിയിലെ സംരംഭകരുടെ സംരംഭ സാധ്യതകൾക്ക് അനുസൃതമായ ക്രെഡിറ്റ് പ്ലാൻ ചർച്ച ചെയ്യുകയും ചെയ്യാവുന്നതാണ്. തദ്ദേശ സ്ഥാപനതല ആസൂത്രണ സമിതി ഇക്കാര്യത്തിൽ മുൻകൈയെടുക്കേണ്ടതാണ്. സംരംഭം സ്ഥാപിക്കുന്നതിനു വേണ്ടി ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് വായ്പകളുടെ സാദ്ധ്യതകൾ വിലയിരുത്തുകയും അപേക്ഷകന് മാർഗനിർദ്ദേശം നൽകുകയും ചെയ്യാവുന്നതാണ്.

(3) ടെക്നോളേജി ഫണ്ട്, ടെക്നോളേജി അപ്ഗ്രേഡഷൻ ഫണ്ട്, ഇന്നവേഷൻ ഫണ്ട്, സംരംഭ പുനരുജ്ജീവന സമാശ്വാസം (റിവൈവൽ ഫണ്ട്), ഇൻക്യൂബേഷൻ ഫണ്ട്, സീഡ് സപ്പോർട്ട് സ്കീം തുടങ്ങിയ സഹായങ്ങൾ നൽകുന്നത് സംരംഭത്തിന്റെ പദ്ധതിരേഖയെ അടിസ്ഥാനമാക്കിയായിരിക്കണം. ക്രൈസിസ് മാനേജ്മെന്റ് ഫണ്ട് നൽകുന്നതിന് നഷ്ടമായ തൊഴിൽ പുന:സ്ഥാപിക്കുന്നുവെന്ന് ഉറപ്പുവരുത്തണം.

(4) സൃഷ്ടിക്കപ്പെടാവുന്ന തൊഴിലവസരങ്ങളെ അടിസ്ഥാനമാക്കി സംരംഭകർക്കു നൽകാവുന്ന ടെക്നോളേജി ഫണ്ട്, ടെക്നോളേജി അപ്ഗ്രേഡഷൻ ഫണ്ട്, ഇന്നവേഷൻ ഫണ്ട്, സംരംഭ പുനരുജ്ജീവന സമാശ്വാസം (റിവൈവൽ ഫണ്ട്), ഇൻക്യൂബേഷൻ ഫണ്ട്, സീഡ് സപ്പോർട്ട് സ്കീം എന്നിവയ്ക്കുള്ള മാനദണ്ഡങ്ങളും വകയിരുത്താവുന്ന തുകയും സ.ഉ.(കൈ)നം.115/2022/തസ്വഭവ തീയതി 28.05.2022, പ്രകാരമുള്ള സബ്സിഡി മാർഗ്ഗ നിർദ്ദേശങ്ങളിൽ ചേർത്തിട്ടുണ്ട്.

**(ഇ) സാങ്കേതിക സഹായങ്ങൾ**

(1) സംരംഭകർക്ക് അനിവാര്യമായിലഭിക്കേണ്ട സാങ്കേതിക സഹായം നൽകുന്നതിനുള്ള സംവിധാനങ്ങളും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തയ്യാറാക്കാവുന്നതാണ്. പ്രാദേശികമായി ലഭ്യമായ ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾ, കൺസൾട്ടൻസി ഏജൻസികൾ, സംരംഭകത്വ വിദഗദ്ധർ എന്നിവരുടെ സഹായത്തിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മുൻകൈ എടുക്കാം.

(2) പരിശീലനങ്ങൾ, കൺസൾട്ടൻസി, ഇൻകുബേഷൻ സൗകര്യം എന്നിവ ഏർപ്പെടുത്തുന്നതിന് വിവിധ ഏജൻസികളുമായി തദ്ദശഭരണ സ്ഥാപനത്തിന് ചർച്ച നടത്താം.

(3) സംരംഭകത്വ വികസനത്തിൽ വിവിധ നിർവഹണ ഏജസികൾ, വികസന വകുപ്പുകൾ എന്നിവയുടെ പദ്ധതികളുടെ സഹായം ലഭ്യമാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നേതൃത്വം നൽകാം.

**എഫ്) സംരംഭക സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കൽ**

(1) ചുവടെ പറയുന്ന മാനദണ്ഡങ്ങൾ പാലിക്കുന്ന നാനോ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഗ്രാമ പഞ്ചായത്ത്/നഗര ഭരണ സ്ഥാപനത്തിന്റെ അനുമതി ആവശ്യമില്ലാത്തതാണ്. എന്നാൽ ഇത്തരം സംരംഭങ്ങൾ ഗ്രാമ പഞ്ചായത്ത്/ നഗരഭരണ സ്ഥാപനങ്ങളിൽ ഫീസ് അടച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

a) ഭൂമി, കെട്ടിടം എന്നിവ ഒഴികെയുള്ള ആകെ മൂലധനം 5 ലക്ഷം രൂപവരെ

b) മലിനീകരണ നിയന്ത്രണ ബോർഡിന്റെ വൈറ്റ്, ഗ്രീൻ കാറ്റഗറിയിൽ ഉൾപ്പെട്ടവ.

c) അഞ്ച് കുതിരശക്തിയിൽ കുറവ് ശേഷിയുള്ള യന്ത്രങ്ങൾ സ്ഥാപിച്ചിട്ടുള്ളവ

(2) 2019-ലെ കേരള പഞ്ചായത്ത് /മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 25(2) (a) പ്രകാരം പാർപ്പിട ആവശ്യത്തിനായുള്ള കെട്ടിടങ്ങളുടെ 50 ചതുരശ്ര മീറ്റർ വരെ നിർമ്മിതി വിസ്തീർണ്ണമുള്ള ഭാഗത്ത് മുഖ്യ പാർപ്പിട ആവശ്യത്തിന്റെ ഭാഗമായി ചെറിയ പ്രൊഫഷണൽ ഓഫീസുകൾ, ചെറുകിട ഗാർഹിക ബിസിനസ്സുകൾ എന്നിവ നടത്തുന്നതിനും അല്ലെങ്കിൽ അഭിഭാഷകർ, ഡോക്ടർമാർ, എഞ്ചിനീയർമാർ, ആർക്കിടെക്ടുകൾ, ചാർട്ടേഡ് അക്കൗണ്ടന്റുമാർ, ബ്യൂട്ടീഷ്യൻമാർ, തയ്യൽക്കാർ, ഫോട്ടോഗ്രാഫർമാർ, വീഡിയോഗ്രാഫർമാർ, ടെലിഫോൺ ബൂത്ത് ഓപ്പറേറ്റർമാർ, കമ്പ്യൂട്ടർ വിദഗ്ദ്ധർ, ടൈപ്പിസ്റ്റുകൾ, ഇലക്ട്രിക്കൽ/ഇലക്ട്രോണിക് ഉപകരണ സേവന വിദഗ്ദ്ധർ എന്നിവരുടെ ഉപയോഗത്തിനായും അനുവാദം നൽകാവുന്നതാണ്.

(3) 200 ചതുരശ്ര മീറ്ററിൽ കവിയാത്ത നിർമ്മിതി വിസ്തീർണ്ണമുള്ള താമസ ആവശ്യത്തിനുള്ള കെട്ടിടങ്ങളിൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള ഉപയോഗ ഗണത്തിൽ മാറ്റം വരുത്താതെ ക്രഷ്, ഡേ കെയർ സെന്ററുകൾ, കുട്ടികളുടെ നഴ്സറികൾ, വായനശാലകൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ ആരംഭിക്കാവുന്നതാണ്.

(4) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഡാറ്റാ ബാങ്കിൽ നെൽവയലായോ തണ്ണീർത്തടമായോ ഉൾപ്പെട്ടിട്ടില്ലാത്ത (വിജ്ഞാപനം ചെയ്യപ്പെടാത്ത)ഭൂമിയിൽ (unnotiified land) 40 സ്ക്വയർ മീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് ഗ്രാമ പഞ്ചായത്ത്/നഗരസഭ സെക്രട്ടറിമാർക്ക് അനുമതി നൽകാവുന്നതാണ്. വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ കാര്യത്തിൽ ആർ.ഡി.ഒയുടെ തരംമാറ്റ ഉത്തരവ് ലഭിച്ചിട്ടുണ്ടെങ്കിൽ അവിടെ കെട്ടിടം നിർമ്മിച്ച് ഏതുതരത്തിലുള്ള സംരംഭങ്ങളും ആരംഭിക്കാവുന്നതുമാണ്.

(5) സംരംഭങ്ങൾക്ക് ആവശ്യമായ ലൈസൻസുകൾ, അനുമതികൾ, പെർമിറ്റുകൾ എന്നിവ സമയബന്ധിതമായി ലഭ്യമാക്കേണ്ടതാണ്. അനുമതി/ ലൈസൻസുകൾ/ പെർമിറ്റുകൾ എന്നിവയ്ക്കായി ലഭിക്കുന്ന അപേക്ഷകൾ നിരസിക്കുവാൻ പാടുള്ളതല്ല. അപാകതകൾ ഉള്ള അപേക്ഷകളാണെങ്കിൽ അവ പരിഹരിച്ച ശേഷം അനുമതി/ ലൈസൻസുകൾ/പെർമിറ്റുകൾ നൽകുകയാണ് വേണ്ടത്. സംരംഭങ്ങളിൽ അനാവശ്യമായ പരിശോധനകൾ ഒഴിവാക്കണം. നടത്തുന്ന പരിശോധനകൾ കൃത്യമായി

നിർവ്വചിക്കപ്പെട്ടതും വസ്തുനിഷ്ഠമായ ഘടകങ്ങളെ അടിസ്ഥാനമാക്കിയും ആയിരിക്കണം. പരിശോധനാ ഉദ്യോഗസ്ഥരായി പ്രവർത്തിക്കുന്നവരുടെ മാന്യമായ പെരുമാറ്റവും സംരംഭകരോടുള്ള സഹകരണവും ഉറപ്പാക്കണം. പരിശോധനമൂലം സ്ഥാപനത്തിന്റെ പ്രവർത്തനം തടസ്സപ്പെടുത്താതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ 31.08.2021-ലെ സ.ഉ.(കൈ)നം.191/2021/തസ്വഭവ നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

(6) 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസി'ന്റെ ഭാഗമായി നിലവിൽ വന്ന 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ നിയമ പ്രകാരം ഒരു സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനം ആരംഭിക്കുന്നതിന് ജില്ലാതല ഏകജാല ക്ലിയറൻസ് ബോർഡ് നൽകിയിട്ടുള്ള കൈപ്പറ്റ് സാക്ഷ്യപത്രമോ ഇതര വ്യവസായങ്ങൾ ആരംഭിക്കുന്നതിന് നിക്ഷേപം സുഗമമാക്കൽ ബ്യൂറോ നൽകിയിട്ടുള്ള അംഗീകാരമോ ഉണ്ടെങ്കിൽ അത്തരം സംരംഭങ്ങൾക്ക് നിയമം അനുശാസിക്കുന്ന കാലയളവ് വരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ലൈസൻസ്/അനുമതി ആവശ്യമില്ലാത്തതാണ്.

(7) 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ട് പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലും, 1994-ലെ കേരള മുൻസിപ്പൽ നിയമത്തിലും, 2019-ലെ കേരള പഞ്ചായത്ത് /മുനിസിപ്പാലിറ്റികെട്ടിട നിർമ്മാണ ചട്ടങ്ങളിലും വരുത്തിയ ഭേദഗതികൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

**10. നൈപുണ്യവികസന പരിപാടികൾ**

(1) പ്രാദേശികമായി ലഭ്യമായ മാനവവിഭവശേഷിയെ നിലവിലുള്ള തൊഴിലവസരങ്ങൾ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ കാര്യശേഷി വർദ്ധിപ്പിച്ച് പ്രാപ്തരാക്കുന്നതിനാണ് ഇവിടെ ലക്ഷ്യമിടുന്നത്. അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് അവരവരുടെ കഴിവിന്റെയും വിദ്യാഭ്യാസ യോഗ്യതയുടെയും അഭിരുചിയുടെയും പ്രവൃത്തി പരിചയത്തിന്റെയും അടിസ്ഥാനത്തിൽ അനുയോജ്യമായ നൈപുണ്യ പരിശീലനമാണ് നൽകേണ്ടത്. നൈപുണ്യ പരിശീലനവും തൊഴിലും വ്യവസ്ഥാപിതരീതിയിൽ നൽകുന്നതിലൂടെ തൊഴിലിടങ്ങളിൽ നേരിടുന്ന പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കുന്നതിനും തൊഴിലിടങ്ങൾ തൊഴിലാളി സൗഹൃദ ഇടങ്ങളാക്കി മാറ്റുന്നതിനും സാധിക്കുന്നതാണ്.

(2) നൈപുണ്യ വികസനവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾക്ക് തദ്ദേശഭരണ സ്ഥാപനതലത്തിൽ നേതൃത്വം നൽകേണ്ട സംരംഭകത്വ -തൊഴിൽ വികസന കൗൺസിലാണ്. സെക്ടർസ്കിൽ കൗൺസിൽ അംഗീകരിച്ച വിവിധ കോഴ്സുകളിലുള്ള പരിശീലനങ്ങൾ, സർവകലാശാലകൾ, ഗവേഷണ സ്ഥാപനങ്ങൾ സർക്കാർ അംഗീകൃത ഏജൻസികൾ (കുടുംബശ്രീ, KASE, ASAP തുടങ്ങി വിവിധ ഏജൻസികൾ) മുഖേനയാണ് നൽകേണ്ടത്. നൈപുണ്യ വികസനത്തിന് ചുവടെ പറയുന്ന അഞ്ചുതരം മാതൃകകൾ പ്രാദേശിക സർക്കാരുകൾക്ക് കൈക്കൊള്ളാവുന്നതാണ്.

(a) **ട്രേഡ് അടിസ്ഥാനമാക്കിയുള്ള നൈപുണ്യവികസനം (Trade-Specific Skill Training)** : അടിസ്ഥാന വിദ്യാഭ്യാസം മാത്രമുള്ളവരും ഒരു പ്രത്യേക മേഖലയിൽ നൈപുണ്യ പരിശീലനം ലഭിക്കാത്തവർക്കും വേണ്ടിയാണ് ഈ പരിശീലനം. പരിശീലനാർത്ഥികളുടെ

കഴിവിനും അഭിരുചിക്കും വിദ്യാഭ്യാസ യോഗ്യതയ്ക്കും അനുസൃതമായാണ് പരിശീലനം നൽകുക. സെക്ടർ സ്കിൽ കൗൺസിലുകൾ അംഗീകരിച്ച കോഴ്സുകളിൽ പരിശീലനം നൽകുകയും പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ തൊഴിൽ ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്.

(b) **തൊഴിൽ പ്രാപ്തിക്കുവേണ്ട അധിക പരിശീലനം (Industry-readiness and soft skills):** ആവശ്യമായ വിദ്യാഭ്യാസം നേടിയിട്ടും വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുയോജ്യമായ തൊഴിൽ നേടിയെടുക്കുന്നതിനുള്ള കാര്യപ്രാപ്തിയില്ലാത്തവർക്കു വേണ്ടിയാണ് ഈ പരിശീലനം. ഇന്റർവ്യൂ അടക്കമുള്ള തെരഞ്ഞെടുക്കൽ പ്രക്രിയകളെ നേരിടാൻ ആവശ്യമായ അറിവും ആത്മവിശ്വാസവും വളർത്തിയെടുക്കുന്നതിനുള്ള പരിശീലനമാണ് നൽകേണ്ടത്. ബ്രിഡ്ജ്കോഴ്സ്, ഇൻഡസ്ട്രിയൽ വിസിറ്റ് തുടങ്ങിയ ഹ്രസ്വകാല പരിശീലനങ്ങളാണ് ഇതിൽ ഉൾപ്പെടുത്തേണ്ടത്.

(c) **നിലവിലെ ആർജ്ജിത വൈദഗ്ധ്യത്തിന് അംഗീകാരം നൽകൽ (Recognition of prior learning):** കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ നിരവധി പേർ തൊഴിൽ നഷ്ടപ്പെട്ട് തിരികെ സ്വദേശത്ത് എത്തുകയും ഉപജീവന മാർഗങ്ങൾ അന്വേഷിക്കുകയും ചെയ്യുന്നുണ്ട്. അനുഭവ പരിചയവും നൈപുണ്യവും ഉണ്ടെങ്കിൽപോലും ഔദ്യോഗികമായ സർട്ടിഫിക്കേഷന്റെ അഭാവം പുതിയ ഉപജീവനമാർഗങ്ങൾ നേടിയെടുക്കുന്നതിൽ തടസ്സം സൃഷ്ടിക്കുന്നു. ഇത്തരം വിഭാഗങ്ങൾക്ക് നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ (NSDC) കീഴിലുള്ള വിവിധ സെക്ടർസ്കിൽ കൗൺസിലുകളുടെ അംഗീകൃത സർട്ടിഫിക്കറ്റ് നേടിക്കൊടുക്കുകയാണ് ഇത്തരം പരിശീലനങ്ങളിലൂടെ ലക്ഷ്യമിടുന്നത്.

(d) **അധിക നൈപുണ്യവും പുനർ നൈപുണ്യവും (Up-Skilling and reskilling)):** നിലവിൽ ഏതെങ്കിലും തരത്തിലുള്ള നൈപുണ്യമുള്ളവർക്ക് ആ മേഖലയുമായി ബന്ധപ്പെട്ട കൂടുതൽ ഉയർന്ന നിലയിലുള്ള വൈദഗ്ധ്യ പരിശീലനം നൽകുകയാണ് അധിക നൈപുണ്യ (Up-skilling) പരിശീലനത്തിലൂടെ ചെയ്യേണ്ടത്. ഏതെങ്കിലും തരത്തിലുള്ള നൈപുണ്യമുള്ള വർക്ക് കൂടുതൽ മെച്ചപ്പെട്ട ജോലി ലഭ്യമാക്കാൻ സഹായിക്കുന്ന തരത്തിൽ പുതിയ മേഖലയിൽ പരിശീലനം നൽകുകയാണ് പുനർനൈപുണ്യം (re-skilling) കൊണ്ടുദ്ദേശിക്കുന്നത്. ഇതിലൂടെ പരിശീലനാർത്ഥികളുടെ ജോലി സാധ്യത വർദ്ധിപ്പിക്കുകയും നിലവിൽ ജോലി ചെയ്യുന്നവരാണെങ്കിൽ കൂടുതൽമെച്ചപ്പെട്ട ജോലി സാധ്യത ഉറപ്പാക്കുകയുമാണ് ഉദ്ദേശിക്കുന്നത്.

(e) **മികവ് വർദ്ധന പരിപാടി (Performance Improvement Programme) - തൊഴിൽ സാഹചര്യങ്ങളുമായി പൊരുത്തപ്പെടുന്നതിനാവശ്യമായ ഹ്രസ്വകാല കോഴ്സുകൾ:** തൊഴിൽ ഉണ്ടായിരിക്കെ തന്നെ പുത്തൻ തൊഴിൽരീതികൾ, സാങ്കേതികവിദ്യകൾ എന്നിവയുമായി പൊരുത്തപ്പെടാനാവാത്തതുകൊണ്ട് നിലവിലുള്ള ജോലികൾ വേണ്ടത്ര നന്നായി ചെയ്യാൻ കഴിയാത്തവരെയാണ് ഈ പരിപാടിയിൽ ലക്ഷ്യമിടുന്നത്. നിലവിൽ അറിവും വൈദഗ്ധ്യവും തൊഴിൽ സന്നദ്ധതയുമുള്ളവരുടെ തൊഴിലിടങ്ങളിലെ കാര്യപ്രാപ്തി വികസിപ്പിക്കുന്നതിനും അവരുടെ വ്യക്തിപരമായ ആത്മവിശ്വാസം വർധിപ്പിക്കുന്നതിനും ഇത്തരം പരിശീലനം ഉപകരിക്കും. സ്വന്തമായിവരുമാനം ഉള്ളവരെയാണ് ലക്ഷ്യമിടുന്നത്. തൊഴിലിനോടൊപ്പം നേടാവുന്നതരത്തിൽ ജോലിസമയത്തിനു പുറത്തായിരിക്കും പരിശീലനം സംഘടിപ്പിക്കുക. പരിശീലനം ലഭിച്ചവർക്ക് നിലവിലെ

തൊഴിലിലോ/സ്ഥാപനത്തിലോ ഉയർന്ന നിലയിലേക്ക് നീങ്ങുന്നതിന് പരിശീലനം സഹായകരമാകാൻ ഇടയുണ്ട്. സബ്സിഡി മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കും നിബന്ധനകൾക്കും അനുസരിച്ച് പരിശീലന പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്.

**10.1 നൈപുണ്യവികസനവുമായി ബന്ധപ്പെട്ടുള്ള തുടർപ്രവർത്തനങ്ങൾ:**

(1) വിദ്യാഭ്യാസ യോഗ്യതയും നൈപുണ്യവും ഉണ്ടായിട്ടും തൊഴിൽ രഹിതരായിട്ടുള്ളവരിൽ തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ള യുവതീയുവാക്കൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനായി തൊഴിൽ സംഗമങ്ങൾ (job fairs), കെ-ഡിസ്കിന്റെ ഡിജിറ്റൽ വർക്ക് മാനേജ്മെന്റ് സിസ്റ്റം (DWMS), എംപ്ലോയബിലിറ്റി സെന്റർ എന്നിവയിലൂടെ തൊഴിലവസരങ്ങളിലേയ്ക്ക് ബന്ധിപ്പിക്കലാണ് ഇവിടെചെയ്യേണ്ടത്. ലഭ്യമായ അവസരങ്ങളിലേക്ക് വളരെവേഗം യോഗ്യരായവരെ എത്തിക്കുന്നതാണ് ഇവിടെ പ്രധാനം.

(2) നൈപുണ്യ വികസനത്തിലൂടെ തൊഴിൽ ഉറപ്പാക്കലാണ് രണ്ടാമത്തെ മാർഗ്ഗം. അവസരങ്ങൾ രൂപപ്പെട്ടുവരുന്നതിനു മുമ്പുതന്നെ അവയ്ക്കാവശ്യമായ നൈപുണ്യമുള്ള യുവാക്കളെ തയ്യാറാക്കി അവർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനാണ് ഇവിടെ പ്രാധാന്യം. വിവര സഞ്ചയത്തിലെ മാനവ-വിഭവശേഷിയിലെ വ്യത്യസ്തത വിശകലനം ചെയ്തു കൊണ്ട് യുവതീ-യുവാക്കൾക്ക് ആവശ്യമായ നൈപുണ്യ വികസനം നടത്തുന്നതിന് നേരത്തെ വിവരിച്ച അഞ്ച് തരത്തിലുള്ള സമീപനങ്ങൾ സ്വീകരിക്കുന്നതാണ്.

(3) സ്കിൽ ഗ്യാപ് അനാലിസിസ്: ഓരോ തദ്ദേശഭരണ സ്ഥാപനത്തിലുമുള്ള യുവതീ-യുവാക്കളുടെ നിലവിലുള്ള നൈപുണ്യവും ഉള്ള തൊഴിലവസരങ്ങളും തമ്മിലുള്ള അന്തരം മനസ്സിലാക്കുകയും ആയത് പരിശീലനത്തിലൂടെ നികത്തുകയും ചെയ്യേണ്ടതുണ്ട്. ഇതിനായി പ്രത്യേകം നൈപുണ്യവികസനപദ്ധതികൾ തദ്ദേശഭരണസ്ഥാപനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്. കൂടാതെ, ഭാവിയിൽ സൃഷ്ടിക്കപ്പെടാവുന്ന തൊഴിലവസരങ്ങൾ മുൻകൂട്ടിക്കണ്ടുള്ള നൈപുണ്യ പരിശീലനങ്ങളും നൽകണം. സ്കിൽ ഗ്യാപ് അനാലിസിസ് നടത്തുന്നതിനായി ആവശ്യമായ ഫണ്ട് തദ്ദേശഭരണ സ്ഥാപനങ്ങൾ വകയിരുത്തേണ്ടതാണ്. അനുബന്ധം 3 അനുസരിച്ച് ശേഖരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ സ്കിൽഗ്യാപ് അനാലിസിസ് നടത്തുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ സാങ്കേതിക വിദഗ്ദ്ധരുടെ സേവനം കുടുംബശ്രീ മിഷൻ ലഭ്യമാക്കേണ്ടതാണ്. സ്കിൽഗ്യാപ് അനാലിസിസ് നടത്തുന്നതിന് ആവശ്യമായ പ്രോജക്ട് ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും ഏറ്റെടുക്കാവുന്നതാണ്.

**10.2 പരിശീലന ഏജൻസികളെ തെരഞ്ഞെടുക്കൽ:**

(1) സർവകലാശാലകൾ, സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾ, ഗവേഷണ സ്ഥാപനങ്ങൾ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് എന്നിവയിലൂടെ പരിശീലന പരിപാടികൾ നടത്താവുന്നതാണ്. കുടുംബശ്രീ മിഷൻ, കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ് (KASE), കേരള ഡവലപ്മെന്റ് & ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (K-DISC), പട്ടികജാതി /പട്ടികവർഗ്ഗ വികസന വകുപ്പുകൾ, കേന്ദ്ര-സംസ്ഥാന സർക്കാർ വകുപ്പുകൾ എന്നിവ അംഗീകരിച്ചിട്ടുള്ള ഏജൻസികളെയാണ് പരിശീലനത്തിനായി ചുമതലപ്പെടുത്തേണ്ടത്.

(2) പരിശീലന ഏജൻസികളുടെ അക്രഡിറ്റേഷനായി കുടുംബശ്രീ മിഷൻ, കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ് (KASE) എന്നീ സ്ഥാപനങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി രൂപീകരിക്കുന്ന സമിതി എംപാനൽ ചെയ്യുന്ന ഏജൻസികളെയും പരിശീലന ഏജൻസികളായി പരിഗണിക്കാവുന്നതാണ്.

(3) നാഷണൽ സ്കിൽ ഡവലപ്മെന്റ് കോർപ്പറേഷന്റെ കീഴിലുള്ള സെക്ടർ സ്കിൽ കൗൺസിലുകൾ അംഗീകരിച്ച കോഴ്സുകളാണ് പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തേണ്ടത്.

(4) സംസ്ഥാന എംപ്ലോയ്മെന്റ് വകുപ്പിന്റെ പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ, ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ, മോഡൽ കരിയർ സെന്ററുകൾ, എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോകൾ, കരിയർ ഡെവലപ്മെന്റ് സെന്ററുകൾ, എംപ്ലോയബിലിറ്റി സെന്ററുകൾ എന്നിവിടങ്ങളിൽ ലഭ്യമാകുന്ന സേവനങ്ങളും എംപ്ലോയ്മെന്റ് വകുപ്പിന്റെ പദ്ധതികളും നൈപുണ്യ വികസനം/സംരംഭകത്വ വികസനത്തിന്റെ ഭാഗമായി ഉപയോഗപ്പെടുത്താവുന്നതാണ്.

**10.3 പരിശീലനാർത്ഥികളെ കണ്ടെത്തലും പരിശീലനങ്ങളും:**

തദ്ദേശഭരണ സ്ഥാപനം ഖണ്ഡിക 10.1 പ്രകാരം നടത്തുന്ന പ്രവർത്തനങ്ങളോടൊപ്പം തന്നെ നൈപുണ്യ പരിശീലനം ആവശ്യമുള്ള യുവതീ-യുവാക്കളുടെ പട്ടികയും പരിശീലനം ആവശ്യമുള്ള വിഷയങ്ങളും നിശ്ചയിക്കേണ്ടതാണ്. ഇതിനായി അത്തരം പ്രവർത്തനങ്ങളിൽ പരിശീലനത്തെപ്പറ്റിയുള്ള പ്രാഥമിക വിവരങ്ങൾ, സാധ്യതകൾ, പരിശീലനച്ചെലവ്, തൊഴിൽസാധ്യതകൾ എന്നിവയെ സംബന്ധിക്കുന്ന വിവരങ്ങളും ചർച്ച ചെയ്യേണ്ടതാണ്. പരിശീലനാർത്ഥികൾക്ക് ആവശ്യമായ കൗൺസിലിംഗും അഭിരുചി പരീക്ഷയും നടത്തി അനുയോജ്യമായ പരിശീലനം നൽകേണ്ട ചുമതല തദ്ദേശ ഭരണ സ്ഥാപനം കണ്ടെത്തുന്ന ഏജൻസികൾക്കായിരിക്കും. കഴിയുന്നതും കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സ്കീമുകളുമായുള്ള സംയോജനത്തിലൂടെയാണ് പരിശീലനത്തിന് ആവശ്യമായ ചെലവ് കണ്ടെത്തേണ്ടത്.

അനുബന്ധം –1

# അപേക്ഷാ ഫോറം

[ഖണ്ഡിക 6(1) കാണുക]

അപേക്ഷക(ന്റെ) യുടെ ഫോട്ടോ

ഭാഗം –1 (അപേക്ഷകൻ പൂരിപ്പിക്കേണ്ടത്)

| | | | |
|---|---|---|---|
| 1 | അപേക്ഷക(ന്റെ)യുടെ പേര് | : | |
| 2 | വയസ്സ് | : | |
| 3 | മേൽവിലാസം (പിൻകോഡ് ഉൾപ്പെടെ) | : | |
| 4 | ജനന തീയതി | : | |
| 5 | ആധാർ നമ്പർ | : | |
| 6 | മൊബൈൽ നമ്പർ | : | |
| 7 | ഇ–മെയിൽ ഐ.ഡി | : | |
| 8 | സ്ത്രീ/പുരുഷൻ | : | |
| 9 | വിഭാഗം | : | ജനറൽ/ എസ്.സി/ എസ്.ടി/ മറ്റുള്ളവ |
| 10 | സംരംഭത്തിന്റെ വിശദാംശങ്ങൾ | : | |
| (1) | ലഭ്യമാക്കുന്ന തൊഴിലവസരങ്ങളുടെ എണ്ണം | | |
| (2) | തദ്ദേശ സ്ഥാപനത്തിൽ നിന്നും ആവശ്യമുള്ള സാമ്പത്തിക സഹായം | : | പലിശ സബ്സിഡി/ഇതര ധനസഹായം വിശദമാക്കുക |
| (3) | ബാങ്ക് വായ്പ എടുത്തിട്ടുണ്ടോ? | : | ഉണ്ട് / ഇല്ല |
| | ബാങ്ക് വായ്പ എടുത്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ | | ബാങ്കിന്റെ പേര്: |
| | (വായ്പ അനുവദിച്ചുകൊണ്ടുള്ള ബാങ്കിന്റെ അറിയിപ്പിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യണം) | | ശാഖ: |
| | | | തുക : |
| | | | പലിശ നിരക്ക്: |
| (4) | ആരംഭിക്കാൻ ഉദ്ദേശിക്കുന്ന / നിലവിലുള്ള/പുനരുദ്ധരിക്കുന്ന | : | |

| | | | |
|---|---|---|---|
| | സംരംഭത്തിന്റെ പേരും മേൽവിലാസവും | | |
| (5) | സംരംഭത്തിന്റെപ്രവർത്തന മേഖല | : | ഉത്പാദനം/സേവനം/വിപണനം |
| (6) | ഉത്പന്നങ്ങളുടെ/സേവനങ്ങളുടെ വിവരങ്ങൾ | : | |
| (7) | ഏകദേശ മുതൽ മുടക്ക് (ഭൂമിയും കെട്ടിടവും ഒഴികെ | : | |
| (8) | സ്ഥലത്തിന്റെയും കെട്ടിടത്തിന്റെയും കൈവശത്തിന്റെ സ്വഭാവം | : | സ്വന്തം/ലീസ്/വാടക |
| (9) | സ്ഥലത്തിന്റെഅളവ് | : | |
| (10) | സർവ്വേ നം. | : | |
| | വില്ലേജ് | | |
| (11) | കെട്ടടത്തിന്റെ നമ്പർ | : | |
| | വാർഡ് | : | |
| (12) | ഗ്രാമപഞ്ചായത്ത് | : | |

സ്ഥലം
തീയതി

അപേക്ഷകന്റെ ഒപ്പ്

ഉള്ളടക്കം ചെയ്തിട്ടുള്ള രേഖകൾ

1) വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR)
2) വസ്തുവിന്റെയും കെട്ടിടത്തിന്റെയും ഉടമസ്ഥാവകാശം/കൈവശാവകാശം തെളിയിക്കുന്ന രേഖകളുടെ പകർപ്പ്
3) ഫോട്ടോ പതിച്ച അംഗീകൃത തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്

---

ഭാഗം - 2 (ഓഫീസ് ആവശ്യത്തിന് )

1) അപേക്ഷ ലഭിച്ച തീയതി
2) സംരംഭകത്വ - തൊഴിൽ വികസന കൗൺസിൽ അപേക്ഷ പരിഗണിച്ച തീയതി
3) അപേക്ഷയിന്മേലുള്ള സംരംഭകത്വ - തൊഴിൽ വികസന കൗൺസിൽ/സാങ്കേതിക സമിതി /ജില്ലാതല സാങ്കേതിക സമിതി/ഭരണസമിതി എന്നിവയുടെ തീരുമാനങ്ങൾ (ബാധകമായവ) ചേർക്കുക.

സംരംഭകത്വ പിന്തുണകൾക്കായുള്ള അപേക്ഷാ രജിസ്റ്റർ

[ഖണ്ഡിക 6(1) കാണുക]

**..... ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ**

| ക്രമ നം | അപേക്ഷ ലഭിച്ച തീയതി | അപേക്ഷകന്റെ പേരും മേൽ വിലാസവും (മൊബൈൽ നമ്പരും ഇ- മെയിൽ വിലാസവും ഉൾപ്പെടെ) | ആവശ്യപ്പെടുന്ന പിന്തുണ | ഡി.പി.ആർ ന്റെ വിശദാംശങ്ങൾ | അപേക്ഷ EEDC ക്ക് നൽകിയ തീയതി | അഭിപ്രായം |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |

# അവസ്ഥാപഠനവും അനുബന്ധ പ്രവർത്തനങ്ങളും

[ഖണ്ഡിക 8 കാണുക]

1. **അവസ്ഥാപഠനം:**

(1) അവസ്ഥാപഠനത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും തങ്ങളുടെ പരിധിയിലുള്ള പ്രകൃതിവിഭവങ്ങൾ, മാനവ വിഭവ ശേഷി, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ സംബന്ധിച്ച വിവരശേഖരം (LED Data Bank) സംരംഭകത്വ-തൊഴിൽ വികസന കൗൺസിലിന്റെ സഹായത്തോടെ തയ്യാറാക്കേണ്ടതാണ്.

(2) LED ഡേറ്റാബാങ്ക് എല്ലാവർഷവും പുതുക്കി തയ്യാറാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളിലും അവയുടെ ഘടക സ്ഥാപനങ്ങളിലും ലഭ്യമായിട്ടുള്ള വികസനരേഖകൾ, അടിസ്ഥാന വിവര രജിസ്റ്ററുകൾ, ആസ്തി രജിസ്റ്റർ, ലൈസൻസ് രജിസ്റ്ററുകൾ, വിവിധ വകുപ്പുകളുടെയും വികസന ഏജൻസികളുടെയും റിപ്പോർട്ടുകൾ, എന്നിവ വിവരശേഖരണത്തിനായി അവലംബിക്കാവുന്നതാണ്. ധനകാര്യ സ്ഥാപനങ്ങളും വിവിധ വകുപ്പുകളുമായുള്ള ചർച്ചകൾ, ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ എന്നിവയും വിവരശേഖരണം നടത്തുന്നതിനായി ഉപയോഗിക്കാവുന്നതാണ്. അവസ്ഥാപഠനത്തിനായി വിവിധ സാങ്കേതിക-വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും സന്നദ്ധ സംഘടനകൾ/സന്നദ്ധ പ്രവർത്തകർ തുടങ്ങിയവരുടെ സഹായം പ്രയോജനപ്പെടുത്തേണ്ടതാണ്. ആവശ്യമെങ്കിൽ യോഗ്യരായ സ്വകാര്യ ഏജൻസികൾ വഴിയും നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് അവസ്ഥാപഠനം നടത്താവുന്നതാണ്. അവസ്ഥാപഠനത്തിന് ആവശ്യമായ തുക തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കാവുന്നതാണ്. അവസ്ഥാപഠനം സംബന്ധിച്ച പ്രോജക്ടിന്റെ നിർവ്വഹണ ചുമതല തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിക്കായിരിക്കും. അവസ്ഥാ പഠനത്തിനായി മൂന്നു തരത്തിലുള്ള വിവരങ്ങളാണ് പ്രധാനമായും ശേഖരിക്കേണ്ടത്.

(a) പ്രകൃതി വിഭവങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ: ഓരോ തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലും സംരഭങ്ങൾക്കോ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനോ സാധ്യതയുള്ള പ്രകൃതി വിഭവങ്ങളുടെ വിശദവിവരങ്ങൾ ശേഖരിക്കണം. പ്രധാനപ്പെട്ട കാർഷിക വിഭവങ്ങളുടെ ലഭ്യത, ജലാശയങ്ങൾ, വനഭൂമി, മൃഗസമ്പത്ത് തുടങ്ങി എല്ലാതരത്തിലുമുള്ള പ്രകൃതി വിഭവങ്ങളുടെ അളവും അവസ്ഥയും ഇതിലൂടെ രേഖപ്പെടുത്തണം. നിലവിൽ ലഭ്യമായ ദ്വിതീയ വിവരങ്ങൾ ഉപയോഗപ്പെടുത്തുകയും കൂടുതലായി ആവശ്യമായ വിവരശേഖരണത്തിനായി പ്രാദേശികതലത്തിൽ ഫോക്കസ് ഗ്രൂപ്പ് ചർച്ചകളും വിവിധ വകുപ്പുകളുമായുള്ള ചർച്ചകളും സംഘടിപ്പിക്കുകയും ചെയ്യേണ്ടതാണ്.

(b) മാനവവിഭവശേഷി സംബന്ധിച്ച വിവരങ്ങൾ: കെ-ഡിസ്ക്കും കുടുംബശ്രീയും ചേർന്ന് തദ്ദേശ ഭരണ സ്ഥാപന തലത്തിൽ നടത്തിയ തൊഴിലന്വേഷകരുടെ സർവേയിൽ നിന്നും DWMS ലേക്ക് പ്രൊഫൈൽ ചെയ്ത് ലഭ്യമാക്കുന്ന +2 വിദ്യാഭ്യാസ യോഗ്യതയും അതിൽ കൂടുതൽ യോഗ്യതയും ഉള്ള തൊഴിൽ അന്വേഷകരുടെ വിശദാംശങ്ങളും തദ്ദേശഭരണ

സ്ഥാപനതല കുടുംബശ്രീ കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റി ഓഫീസുകളിൽ ലഭ്യമായ നൈപുണ്യ രജിസ്റ്ററിൽ നിന്നുള്ള വിവരങ്ങളും മാനവിഭവശേഷി അവസ്ഥാപഠനത്തിന് ഉപയോഗിക്കാവുന്നതാണ്. കൂടാതെ തദ്ദേശഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള പ്ലസ്2 വിന് താഴെ വിദ്യാഭ്യാസ യോഗ്യതയുള്ളവരുടെ വിവരവും ശേഖരിക്കണം. നിലവിൽ വിവിധ മേഖലകളിൽ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ഔപചാരിക വിദ്യാഭ്യാസ യോഗ്യത, മറ്റുകഴിവുകൾ, നിലവിലെ തൊഴിൽ അവസ്ഥ തുടങ്ങിയ മാനവ വിഭവശേഷിയുടെ സ്ഥിതിവിവരവും, പരമ്പരാഗത തൊഴിൽ മേഖലകളെ സംബന്ധിക്കുന്ന വിവരങ്ങളും ശേഖരിക്കേണ്ടതാണ്. സർക്കാരിന്റെ വിവിധ ക്ഷേമ പദ്ധതികളിലെ (ലൈഫ് പോലുള്ള) ഗുണഭോക്താക്കളിൽ ഉപജീവന സഹായം ആവശ്യമുള്ള കുടുംബങ്ങളുടെ മേൽപ്പറഞ്ഞ വിവരങ്ങളും ഉൾപ്പെടുത്തേണ്ടതാണ്. കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, തൊഴിൽസഭകളിൽ രൂപീകരിക്കപ്പെട്ട തൊഴിൽ ക്ലബുകൾ, തൊഴിലാളി ക്ഷേമനിധി ബോർഡുകൾ, ഏജൻസികൾ എന്നിവയിൽ നിന്നും തൊഴിൽ ആവശ്യമുള്ളവരുടെ വിവരങ്ങൾ ശേഖരിക്കാം. കൂടാതെ ഗ്രാമപഞ്ചായത്ത്/നഗരസഭാതലത്തിൽ രജിസ്ട്രേഷൻ സൗകര്യങ്ങളും ഏർപ്പെടുത്താവുന്നതാണ്.

(c) അടിസ്ഥാന സൗകര്യങ്ങളുടെ വിവരങ്ങൾ: പ്രാദേശികമായി ലഭ്യമായ അടിസ്ഥാന സൗകര്യങ്ങളായ കെട്ടിടങ്ങൾ, ഫെസിലിറ്റേഷൻ സെന്ററുകൾ, യന്ത്രങ്ങൾ തുടങ്ങി വിവിധ പദ്ധതികളിലൂടെ നിർമ്മിച്ച ഉപയോഗ യോഗ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ വിവരങ്ങൾ ശേഖരിക്കണം. ഇപ്രകാരം കണ്ടെത്തുന്ന വിഭവങ്ങളുടെ പരമാവധി വിനിയോഗത്തിലൂടെ സംരംഭകത്വ മേഖലയ്ക്ക് ആവശ്യമായ പിന്തുണ നൽകാൻ സാധിക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളിൽ വിവിധ പദ്ധതികളിലൂടെ ലഭ്യമായ കെട്ടിടം ഉൾപ്പെടെയുള്ള ഉപയോഗിക്കപ്പെടാത്ത അടിസ്ഥാന സൗകര്യങ്ങളെ ഫലപ്രദമായി ഉപയോഗിക്കേണ്ടതുണ്ട്. തദ്ദേശഭരണ സ്ഥാപനതലത്തിൽ ലഭ്യമായ വിവരങ്ങൾ, എകോണമിക്സ്&സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ ലഭ്യമായ വിവരങ്ങൾ എന്നിവ വിവര സഞ്ചയത്തിന്റെ ഭാഗമാക്കുകയും അധിക വിവരങ്ങൾ ആവശ്യമെങ്കിൽ ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ നടത്തിശേഖരിക്കുകയും ചെയ്യേണ്ടതാണ്.

(d) ഉൽപാദന സാദ്ധ്യതകൾ/മാർക്കറ്റിംഗ്/സാങ്കേതിക ലഭ്യത/ധനലഭ്യത എന്നിവയുടെ വിവരങ്ങൾ: തദ്ദേശഭരണ സ്ഥാപന പരിധിയിലെ ഉല്പാദന സാദ്ധ്യതകൾ മാർക്കറ്റിംഗ് സാദ്ധ്യതകൾ, സാങ്കേതികവിദ്യയുടെ പ്രാദേശിക ലഭ്യത എന്നിവ ഓരോ മേഖല തിരിച്ച് സംക്ഷിപ്തമായി തയ്യാറാക്കാവുന്നതാണ്.

2. **വിവരശേഖരണം പ്രവർത്തനരീതി:** ഗ്രാമപഞ്ചായത്ത്/നഗരസഭാതലത്തിലുള്ള ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ചുചേർത്ത് അവസ്ഥാപഠനത്തിന് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകണം. തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പരിധിക്ക് പുറത്തുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള ചുമതല തദ്ദേശ ഭരണ സ്ഥാപനത്തിലേയ്ക്ക് നിയോഗിച്ചിട്ടുള്ള ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ ഉദ്യോഗസ്ഥൻ നിർവ്വഹിക്കേണ്ടതാണ്. അവസ്ഥാപഠനത്തിന്റെ ഏകോപനവും, വിവരങ്ങളുടെ ക്രോഡീകരണവും വി.ഇ.ഒ/യു.പി.എ പ്രോജക്ട് ഓഫീസറും തദ്ദേശ ഭരണ സ്ഥാപനത്തിലേയ്ക്ക് നിയോഗിച്ചിട്ടുള്ള ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ ഉദ്യോഗസ്ഥനും തദ്ദേശ ഭരണ സ്ഥാപന സെക്രട്ടറി നിശ്ചയിക്കുന്ന

ജൂനിയർ സൂപ്രണ്ട്/ഹെഡ് ക്ലാർക്ക് തലത്തിലുള്ള ഒരു ഉദ്യോഗസ്ഥനും ചേർന്ന് നിർവ്വഹിക്കേണ്ടതാണ്. ഇതിനാവശ്യമായ മേൽനോട്ടവും ക്ലറിക്കൽ സഹായവും തദ്ദേശഭരണ സ്ഥാപനതല സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തുകൾ തങ്ങളുടെ പരിധിയിലുള്ള ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകളുടെ അധീനതയിലുള്ള ആസ്തികളുടെയും മറ്റു വിവരങ്ങളും അവസ്ഥാ പഠനത്തിന്റെ ഭാഗമായി ശേഖരിക്കേണ്ടതാണ്. ഇത്തരം ആസ്തികളും മറ്റു വിവരങ്ങളും ബ്ലോക്ക് /ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകേണ്ടതാണ്.

**3. വിവരങ്ങളുടെ ക്രോഡീകരണവും അവസ്ഥാപഠന റിപ്പോർട്ട് തയ്യാറാക്കലും**

പ്രകൃതി വിഭവങ്ങൾ, മാനവ വിഭവശേഷി, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ സംബന്ധിച്ച് മേൽ പ്രകാരം ശേഖരിച്ച വിവരങ്ങൾ ക്രോഡീകരിച്ച് പ്രാദേശിക സാമ്പത്തിക വികസന മേഖലയുടെ അവസ്ഥാപഠന റിപ്പോർട്ട്, ഇതിനായി കില നിയോഗിക്കുന്ന റിസോഴ്സ്പേഴ്സൺമാർ, പഞ്ചായത്ത് തല റിസോഴ്സ്പേഴ്സൺ എന്നിവരുടെ സഹായത്തോടെ സെക്രട്ടറി തയ്യാറാക്കേണ്ടതാണ്. ഭരണസമിതി അംഗങ്ങൾക്കും സെക്രട്ടറിമാർക്കും റിസോഴ്സ്പേഴ്സൺമാർക്കും അവസ്ഥാപഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള പരിശീലനം കില നൽകുന്നതാണ്.

4. 'പ്രാദേശിക സാമ്പത്തിക വികസന സെമിനാർ': അവസ്ഥാ പഠന റിപ്പോർട്ടിന്റെ കരട് തയ്യാറാക്കിക്കഴിഞ്ഞാൽ 'പ്രാദേശിക സാമ്പത്തിക വികസന സെമിനാർ' സംഘടിപ്പിച്ച് ഏറ്റെടുത്തു നടത്താവുന്ന ബിസിനസുകൾ, സംരംഭങ്ങൾ നൈപുണ്യവികസന പരിപാടികൾ എന്നിവ മുൻഗണനാക്രമപ്രകാരം പട്ടികപ്പെടുത്തേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ കരടു സാധ്യതാ പ്ലാനുകൾ തയ്യാറാക്കേണ്ടതുമാണ്. ജനപ്രതിനിധികൾ, ഘടക സ്ഥാപനമേധാവികൾ, സംരംഭകത്വ-തൊഴിൽ വികസന കൗൺസിൽ അംഗങ്ങൾ, വിവിധ പദ്ധതികളുടെ നിർവഹണ ഉദ്യോഗസ്ഥർ, കുടുംബശ്രീ എഡിഎസ് ഭാരവാഹികൾ, സി.ഡി.എസ്. പ്രതിനിധികൾ, കുടുംബശ്രീ ജില്ലാ മിഷൻ പ്രധിനിധികൾ, കുടുംബശ്രീ എം.ഇ.സി.മാർ, വിവരശേഖരണത്തിലും അവസ്ഥാ പഠനത്തിലും പങ്കാളികളായവർ സംരംഭ വികസന രംഗത്തെ വിദഗ്ദ്ധർ, സംരംഭകർ, വാണിജ്യ-വ്യവസായസംഘടനാ പ്രതിനിധികൾ, ബന്ധപ്പെട്ട വിഷയ മേഖലയിലെ സർക്കാർ, സർക്കാരിതര സ്ഥാപനങ്ങൾ, ഗവേഷണസ്ഥാപനങ്ങൾ, ധനകാര്യ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ പ്രതിനിധികൾ എന്നിവരെ പ്രാദേശിക സാമ്പത്തിക വികസന സെമിനാറിൽ പങ്കെടുപ്പിക്കേണ്ടതാണ്. ആസൂത്രണ നടപടികളുടെ ഭാഗമായി സംഘടിപ്പിക്കുന്ന വികസന സെമിനാറിന്റെ കാര്യപരിപാടി ആവശ്യമായ മാറ്റങ്ങളോടെ പ്രാദേശിക സാമ്പത്തിക വികസന സെമിനാറിനും അവലംബിക്കാവുന്നതാണ്. പ്രാദേശിക സാമ്പത്തിക വികസന സെമിനാറിൽ തയ്യാറാക്കിയ സാധ്യതാ പ്ലാനിലെ ആശയങ്ങൾ കൂടുതൽ ചർച്ചചെയ്യും അവസരങ്ങളും വെല്ലുവിളികളും വിശകലനം ചെയ്യും അവയിൽ നിന്നും ഉചിതമായവ തെരഞ്ഞെടുത്ത് വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്.

5. ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കുന്ന സാധ്യതാ പ്ലാനുകളിലെ ആശയങ്ങൾ ബ്ലോക്ക് പഞ്ചായത്തുകൾ ക്രോഡീകരിക്കണം. തുടർന്ന് പ്രദേശിക സാമ്പത്തിക വികസന സെമിനാർ വിളിച്ചുകൂട്ടി വിശകലനം ചെയ്ത് ബ്ലോക്ക്തല സാധ്യതാ പ്ലാൻ തയ്യാറാക്കേണ്ടതാണ്.

6. ബ്ലോക്ക് പഞ്ചായത്തുകൾ തയ്യാറാക്കുന്ന സാധ്യതാ പ്ലാനുകളിലെ ആശയങ്ങൾ ജില്ലാ പഞ്ചായത്തുകൾ ക്രോഡീകരിക്കണം. തുടർന്ന് പ്രദേശിക സാമ്പത്തിക വികസന സെമിനാർ വിളിച്ചുകൂട്ടി വിശകലനം ചെയ്ത് ജില്ലാ പഞ്ചായത്ത്തല സാധ്യതാ പ്ലാൻ തയ്യാറാക്കേണ്ടതാണ്.

7. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രാദേശിക സാമ്പത്തിക വികസന രംഗത്ത് ഒരു ദീർഘകാല പരിപ്രേക്ഷ്യം രൂപപ്പെടുത്തുന്നതിനും മുൻഗണനാ മേഖലകൾ കണ്ടെത്തുന്നതിനും പ്രദേശത്ത് സാദ്ധ്യതയുള്ള പദ്ധതി നിർദ്ദേശങ്ങൾക്ക് രൂപം കൊടുക്കുന്നതിലും അവസ്ഥാപഠനത്തിനും തുടർന്നുള്ള വികസന സെമിനാറിനും വലിയ പ്രാധാന്യമാണുള്ളത്. എന്നാൽ തൊഴിൽദായക സംരംഭങ്ങൾക്കും സംരംഭകത്വ പ്രവർത്തനങ്ങൾക്കും സഹായങ്ങൾ നൽകുന്നതിന് അവസ്ഥാപഠന പ്രക്രിയയോ സെമിനാറുകളോ മുന്നുപാധിയാക്കേണ്ടതില്ല. സംരംഭകരിൽ നിന്ന് ലഭിക്കുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ അവയിന്മേൽ തീരുമാനങ്ങൾ കൈക്കൊള്ളാവുന്ന താണ്.

അനുബന്ധം – 4

## ഹാക്കത്തോണുകൾ

[ഖണ്ഡിക 5.1.1(d) കാണുക]

(1) പുതിയ സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിനോ ഒരു പ്രശ്നം പരിഹരിക്കുന്നതിനുള്ള സാങ്കേതിക മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനോ വേണ്ടി വലിയൊരു വിഭാഗം വിദഗ്ദ്ധരുടെ സാങ്കേതിക പരിജ്ഞാനം ഒരു നിശ്ചിത കാലയളവിനുള്ളിൽ ഒരുമിച്ച് ഉപയോഗിക്കുന്നതിന് വിവര സാങ്കേതിക വൈജ്ഞാനിക മേഖലകളിൽ ഉപയോഗിക്കുന്ന ഒരു മാർഗ്ഗമാണ് ഹാക്കത്തോൺ. കൗശലക്കാരായ പ്രോഗ്രാമർമാരെ സൂചിപ്പിക്കുന്ന ഹാക്കർ, സ്ഥിരോത്സാഹവും ക്ഷമതയും ആവശ്യമായ മാരത്തോൺ എന്നീ വാക്കുകളുടെ സങ്കരമായാണ് ഹാക്കത്തോൺ എന്നവാക്ക് ഉരുത്തിരിഞ്ഞിട്ടുള്ളത്. വിവര സാങ്കേതിക മേഖലയിൽ വിജയികരമായി ഉപയോഗിക്കപ്പെട്ടിട്ടുള്ള ഈ സങ്കേതത്തെ പ്രാദേശിക തലത്തിലുള്ള സംരംഭ സാധ്യതകൾ കണ്ടെത്തി വികസിപ്പിക്കുന്നതിനായി ഉപയോഗിക്കാം.

(2) സംരംഭകത്വത്തിന് സാദ്ധ്യതയുള്ള ആശയങ്ങളോ അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളോ ആ പ്രദേശത്തെ വിദഗദ്ധരുടെയും പരിചയ സമ്പന്നരുടെയും മുന്നിൽ അവതരിപ്പിച്ച് അവരുടെ കൂട്ടായ ചിന്തയിലൂടെയും ചർച്ചയിലൂടെയും പ്രശ്ന പരിഹാരവും സാധ്യതകളും പുതിയ അശയം രൂപപ്പെടുത്തുകയാണ് ചെയ്യേണ്ടത്. ഇങ്ങനെ രൂപപ്പെടുത്തുന്ന അത്തരം ആശയങ്ങൾ നിലവിലുള്ള സംരംഭകർക്കോ പുതിയതായി സംരംഭങ്ങൾ തുടങ്ങാൻ താല്പര്യമുള്ളവർക്കോ ഉപയോഗിക്കാവുന്നതാണ്.

(3) കേരള ഡെവലപ്പ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെഡിസ്ക്), കേരള സ്റ്റാർട്ടപ്പ് മിഷൻ തുടങ്ങിയവയുടെ സഹായത്തോടെ ഹാക്കത്തോണുകൾ സംഘടിപ്പിക്കാവുന്നതാണ്. പ്രാദേശികമായി ലഭ്യമായ വിദഗ്ദ്ധരുടെ സഹായത്തോടെയും ഹാക്കത്തോണുകൾ സംഘടിപ്പിക്കാം. എല്ലാ തലങ്ങളിലുമുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും ഈ പ്രവർത്തനം നടത്താവുന്നതാണ്. വികസന സ്റ്റാന്റിംഗ് കമ്മിറ്റിക്കായിരിക്കും ഹാക്കത്തോണുകൾ സംഘടിപ്പിക്കേണ്ടതിന്റെ ചുമതല. ഹാക്കത്തോണുകൾ സംഘടിപ്പിക്കുന്നതിന് വാർഷിക പദ്ധതിയിൽ തുക വകയിരുത്താവുന്നതാണ്. ഗ്രാമ പഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപവരെയും, ബ്ലോക്ക് പഞ്ചായത്ത്/നഗരസഭകൾക്ക് 10 ലക്ഷം രൂപവരെയും, ജില്ലാ പഞ്ചായത്തുകൾക്കും, കോർപ്പറേഷനുകൾക്കും 15 ലക്ഷം രൂപവരെയും ഇതിനായി ചെലവഴിക്കാം. കൂടാതെ ആവശ്യമെങ്കിൽ വിവിധ സ്രോതസ്സുകളിൽ നിന്ന് ഫണ്ട് സ്വരൂപിക്കാവുന്നതുമാണ്. ഇതിനായി വിദഗ്ദ്ധരുടെയും മറ്റും സേവനം ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് ലഭ്യമാക്കുന്നതിന് ആവശ്യമായ പിന്തുണ ജില്ലാ പഞ്ചായത്തുകൾ നൽകേണ്ടതാണ്. ഹാക്കത്തോണുകൾ സംഘടിപ്പിക്കുകഎന്നത് ഒരു നിർബന്ധിത വ്യവസ്ഥയായി കണക്കാക്കേണ്ടതില്ല. ഓരോ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും സാധ്യതകൾക്കനുസരിച്ച് അനിവാര്യമെങ്കിൽ മാത്രം ഹാക്കത്തോണുകൾ സംഘടിപ്പിച്ചാൽ മതിയാകും .

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗരേഖ - പ്രാദേശിക സാമ്പത്തിക വികസനം - ഗ്രൂപ്പ് സംരംഭങ്ങൾക്ക് സബ്സിഡി നൽകുന്നതിനുള്ള വ്യവസ്ഥ ഭേദഗതി ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2255/2023/LSGD തീയതി,തിരുവനന്തപുരം, 16-11-2023

പരാമർശം:- 1. സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28.05.2022

2. സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് കൺവീനറുടെ 21.08.2023ലെ 1141/SRG/2023 നമ്പർ കത്ത്.

**ഉത്തരവ്**

ഗ്രാമ/ ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും പതിനാലാം പഞ്ചവത്സര പദ്ധതി തയ്യാറാക്കലുമായി ബന്ധപ്പെട്ട സബ്സിഡി, ധനസഹായം മറ്റ് അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച പരാമർശിത മാർഗ്ഗരേഖ ഖണ്ഡിക 6.5.2(എ) ക്രമ നമ്പർ 4 അനുസരിച്ച് സ്ത്രീകളുടെ മാത്രം തൊഴിൽ സംരംഭങ്ങൾക്ക് 75% (പരമാവധി 375000 രൂപ) സബ്സിഡിയായി അനുവദിക്കാവുന്നതാണ്. എന്നാൽ പ്രസ്തുത ഖണ്ഡികയിലെ ക്രമ നമ്പർ 19, 20 എന്നിവ പ്രകാരം വനിതകളുടെ സ്വയംതൊഴിൽ സംരംഭങ്ങളായ പഴം, പച്ചക്കറികൾ, സുഗന്ധ വ്യഞ്ജനങ്ങൾ തുടങ്ങിയവയുടെ മൂല്യവർദ്ധിത ഉല്പന്ന സംരംഭങ്ങൾ, സംസ്കരണ യൂണിറ്റുകൾ, ഫുഡ് പ്രോസസിംഗ് യൂണിറ്റുകൾ എന്നിവയ്ക്ക് അടങ്കൽ തുകയുടെ 50% (പരമാവധി 150000 രൂപ) മാത്രമേ നൽകുവാൻ കഴിയുകയുള്ളൂ. ഇത് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ സ്വയംതൊഴിൽ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിൽ ആശയക്കുഴപ്പവും ആഡിറ്റ് തടസ്സങ്ങൾക്കും ഇടയാക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ പരാമർശിത ഉത്തരവിലെ ഖണ്ഡിക 6.5.2(എ) ക്രമ നമ്പർ 19, 20 ഖണ്ഡികകൾ ചുവടെ പറയും പ്രകാരം ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

| | | | | |
|---|---|---|---|---|
| 19 | പഴം, പച്ചക്കറികൾ, സുഗന്ധ വ്യഞ്ജനങ്ങൾ തുടങ്ങിയവയുടെ മൂല്യവർദ്ധിത ഉല്പന്ന സംരംഭങ്ങൾ, സംസ്കരണ | സ്ത്രീകളുടെ മാത്രം സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭം | 75% (പരമാവധി 3,75,000 രൂപ) | 1. 18 മുതൽ 59 വയസ്സുവരെയുള്ള തൊഴിൽ രഹിതരായിരിക്കണം.<br>2. കുറഞ്ഞത് രണ്ട് പേർ ഉൾക്കൊള്ളുന്ന കുടുംബശ്രീ ഓക്സിലറി ഗ്രൂപ്പുകൾക്കും ജെ.എൽ.ജി |
| | | മറ്റുള്ള ഗ്രൂപ്പ് സംരംഭം | 50% (പരമാവധി 2,50,000 രൂപ) | |

| | | | | |
|---|---|---|---|---|
| | യൂണിറ്റുകൾ | | | ഗ്രൂപ്പുകൾക്കും മറ്റ് വനിതാ/ പുരുഷ ഗ്രൂപ്പുകൾക്കുമാണ് അർഹത |
| 20 | ഫുഡ് പ്രോസസിംഗ് യൂണിറ്റ് | സ്ത്രീകളുടെ മാത്രം ഗ്രൂപ്പ് സംരംഭം | 75% (പരമാവധി 3,75,000 രൂപ) | 3. പ്രോജക്ടിൽ ഉൾപ്പെടുത്തിയിരിക്കുന്ന മൂലധന ചെലവാണ് സബ്സിഡി നൽകുന്നതിന് ആധാരമാക്കേണ്ടത്.<br>4. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ് .<br>5. FSSAI നിയമം പ്രകാരമുള്ള നിബന്ധനകൾ പാലിക്കണം<br>6. ഒന്നോ അതിലധികമോ ഫുഡ് പ്രോസസിംഗ് ഒരു യൂണിറ്റിൽ തന്നെ നടത്താവുന്നതാണ്. |
| | | മറ്റുള്ള ഗ്രൂപ്പ് സംരംഭം | 50% (പരമാവധി 2,50,000 രൂപ) | |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
10. ഗ്രാമവികസന കമ്മീഷണർ
11. വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ
12. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്

13. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
14. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
15. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
16. എല്ലാ ജില്ലാ ആസൂത്രണ സമിതിഅദ്ധ്യക്ഷന്മാർക്കും
17. എല്ലാ ജില്ലാകളക്ടർമാർക്കും
18. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
19. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
20. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
21. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
22. ഡയറക്ടർ ജനറൽ, കില
23. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
24. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
25. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
26. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ കേരള നോളെജ് ഇക്കോണമി മിഷനുമായി ചേർന്ന് ലൈഫ് ഗുണഭോക്താക്കൾക്ക് തൊഴിൽ സജ്ജരാക്കികൊണ്ട് പ്രത്യേക നൈപുണ്യ പരിശീലനവും വൈജ്ഞാനിക തൊഴിൽ പരിചയവും നൽകുന്നത് സംബന്ധിച്ച മാർഗ്ഗ രേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്**

G.O.(Rt) No.557/2024/LSGD തീയതി,തിരുവനന്തപുരം, 07-03-2024

---

പരാമർശം:- ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 30/01/2024 ലെ എൽ.എം5/എസ്ഡി/2023 നമ്പർ കത്ത്

**ഉത്തരവ്**

ലൈഫ് മിഷൻ കേരള നോളെജ് ഇക്കോണമി മിഷനുമായി ചേർന്ന് ലൈഫ് ഗുണഭോക്തൃ കുടുംബത്തിലെ അർഹരായ അംഗങ്ങൾക്ക് സ്റ്റെപ് - അപ്പ് ക്യാമ്പയിന്റെ ഭാഗമായി DWMS (DIGITAL WORKFORCE MANAGEMENT SYSTEM ) പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്യിച്ച് നോളജ് മിഷന്റെ വിവിധ സേവനങ്ങളിലൂടെ തൊഴിൽ സജ്ജരാക്കികൊണ്ട് പ്രത്യേക നൈപുണ്യ പരിശീലനവും വൈജ്ഞാനിക തൊഴിൽ പരിചയവും നൽകുന്നതിനും, മറ്റ് വകുപ്പുകൾ / മിഷനുകളുമായി സംയോജിച്ച കൊണ്ട് ലൈഫ് ഗുണഭോക്താക്കൾക്ക് നൈപുണ്യ പരിശീലനം നൽകുന്നതിനുള്ള അനുമതി ക്കായും പരാമർശ പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ നിർദ്ദേശം സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച. മറ്റ് വകുപ്പുകൾ/ മിഷനുകളുമായി സംയോജിച്ച കൊണ്ട് ലൈഫ് ഗുണഭോക്താക്കൾക്ക് നൈപുണ്യ പരിശീലനം നൽകുന്നതിന് ലൈഫ് മിഷന് അനുമതി നൽകി കൊണ്ടും, ലൈഫ് ഗുണഭോക്താക്കൾക്ക് നോളെജ് ഇക്കോണമി മിഷനുമായി ചേർന്ന് തൊഴിൽ സജ്ജരാക്കികൊണ്ട് പ്രത്യേക നൈപുണ്യ പരിശീലനവും വൈജ്ഞാനിക തൊഴിൽ പരിചയവും നൽകുന്നത് സംബന്ധിച്ച അനുബന്ധമായി ചേർത്തിരിക്കുന്ന മാർഗ്ഗരേഖ അംഗീകരിച്ചും ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ANIL KUMAR G

ADDITIONAL SECRETARY

കോ -ഓഡിനേറ്റർ, നവകേരളം കർമ്മപദ്ധതി,ബി.എസ്.എൻ.എൽ ഭവൻ, ഉപ്പളം റോഡ്, സ്റ്റാച്ചു, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## മാർഗ്ഗരേഖ

3. പരാമർശിത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൊഴിൽ നൽകുന്നതിനായുള്ള സർക്കാരിന്റെ പ്രത്യേക പരിപാടിയാണ് ജില്ലാതലത്തിൽ നടക്കുന്ന ജോബ് ഫെയറുകൾ. ആയത് പരിഗണിച്ച്, തൊഴിൽ മേളകളിൽ/മെഗാ ജോബ് ഫെയറുകളിൽ പങ്കെടുക്കുന്ന രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് തനത് ഫണ്ട്/വികസന ഫണ്ട് (ജനറൽ) ഉപയോഗിച്ച് പൊതുവായ (ഒരുമിച്ച്) യാത്രാ സൗകര്യം ഒരുക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും അനുമതി നൽകി ഉത്തരവാകുന്നു. ഇതിനായി KSRTC യുടെ ബസ് വാടകയ്ക്കെടുത്ത് യാത്രാ സൗകര്യമൊരുക്കേണ്ടതാണ്. KSRTC ബസ് ലഭ്യമല്ലാതെ വന്നാൽ മാത്രം സ്വകാര്യ ബസ് വാടകയ്ക്കെടുക്കാവുന്നതാണ്.

4. ജോബ് സ്റ്റേഷനുകളുടെ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ളവ കാര്യക്ഷമമാക്കുന്നതിനായി, പരമാവധി 2.00 ലക്ഷം രൂപ തനത് ഫണ്ട്/ വികസനഫണ്ട് (ജനറൽ) ൽ നിന്നും ചെലവഴിക്കാൻ ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ദീപ റ്റി വി

ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
5. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
6. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
8. മെമ്പർ സെക്രട്ടറി, KDISC
9. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
10. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
11. എല്ലാ ജില്ലാ കളക്ടർമാർക്കും
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
14. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
15. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
16. ഡയറക്ടർ ജനറൽ, കില
17. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
18. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം

19. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
20. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഉയർത്തുന്നതിന് വിജ്ഞാന കേരളം പരിപാടിയുമായി ബന്ധപ്പെട്ട് കുടുംബശ്രീ നടപ്പിലാക്കുന്ന ക്യാമ്പയിൻ - മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(കൈ) നം.112/2025/LSGD തീയതി,തിരുവനന്തപുരം, 03-07-2025

പരാമർശം:-

1. സ.ഉ.(കൈ) നം.84/2022/തസ്വഭവ; തീയതി 19.04.2022
2. സ.ഉ.(കൈ) നം.86/2022/തസ്വഭവ; തീയതി 19.04.2022
3. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
4. സ.ഉ.(കൈ) നം.3/2023/തസ്വഭവ; തീയതി 04.01.2023
5. സ.ഉ.(കൈ) നം.179/2024/തസ്വഭവ; തീയതി 19.12.2024
6. സ.ഉ.(സാധാ)നം.445/2025/തസ്വഭവ; തീയതി 12.02.2025
7. സ.ഉ.(സാധാ) നം.727/2025/തസ്വഭവ; തീയതി 19.03.2025
8. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 27.06.2025ലെ KSHO/1108/2025-MSKILLS നമ്പർ കത്ത്

**ഉത്തരവ്**

കേരളത്തിന്റെ സുസ്ഥിരമായ സാമ്പത്തിക വളർച്ച ഉറപ്പാക്കുന്നതിനായി സമ്പദ് വ്യവസ്ഥ വിജ്ഞാനാധിഷ്ഠിതമായി വികസിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആവിഷ്കരിക്കുന്നത് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ മുഖ്യ ലക്ഷ്യങ്ങളിൽ പ്രധാനപ്പെട്ടതാണ്. ഇതിന്റെ ഭാഗമായി അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് വിവിധ മേഖലകളിൽ തൊപദ്ധതിയുമായി ബന്ധപ്പെട്ട നൈപുണ്യവികസനത്തിന്റെ ഘടകം കൂടി തദ്ദേശസ്ഥാപനങ്ങൾ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.ഴിലവസരങ്ങൾ ഉറപ്പാക്കുന്നതിന് എല്ലാ മേഖലകളിലും പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും, ആവശ്യമുള്ള ഭൗതിക സൗകര്യങ്ങൾ സ്ഥാപിച്ച് തൊഴിൽ നൈപുണ്യപരിശീലനം നൽകുന്നതിനും, സാങ്കേതിക സഹായം ഉറപ്പാക്കുന്നതിനും, സംരംഭകത്വ വികസനത്തിന് പ്രോത്സാഹനം നൽകുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ പരാമർശം 1-3 മാർഗ്ഗരേഖകൾ പ്രകാരം നൽകിയിട്ടുള്ളതാണ്. പ്രാദേശിക സാമ്പത്തിക വികസനത്തിനായി തദ്ദേശ സ്ഥാപനങ്ങൾ കൈക്കൊള്ളേണ്ട നടപടി സംബന്ധിച്ച അധിക മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം 4 പ്രകാരവും നൽകിയിട്ടുണ്ട്.

2. കേരളത്തിലെ അഭ്യസ്തവിദ്യർക്ക് യോഗ്യതയ്ക്കും നൈപുണിക്കും അനുസൃതമായ തൊഴിലവസരങ്ങൾ സ്വകാര്യമേഖലയിലുൾപ്പടെ ലഭ്യമാക്കുകയെന്ന ദൗത്യവുമായി സർക്കാർ

നൈപുണ്യ പരിശീലനവും തൊഴിലും വ്യവസ്ഥാപിത രീതിയിൽ നൽകുന്നതിലൂടെ തൊഴിലിടങ്ങളിൽ നേരിടുന്ന പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കുന്നതിനും തൊഴിലിടങ്ങൾ തൊഴിലാളി സൗഹൃദം ആക്കി മാറ്റുന്നതിനും സാധിക്കുന്നതാണ്.

രാജ്യത്തെ മികച്ച മനുഷ്യശേഷി സൂചകങ്ങൾ കൈവരിച്ച സംസ്ഥാനമായിട്ടുള്ളപ്പോഴും സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഇന്ത്യയിലെ ഏറ്റവും കുറവായ സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. നിലവിൽ കേരളത്തിൻറെ തൊഴിൽ പങ്കാളിത്ത ശതമാനം 33.4% ആണ്. കുടുംബശ്രീയും മറ്റു അനുബന്ധ ഏജൻസികളും മൈക്രോ സംരംഭങ്ങൾ ആരംഭിക്കുന്നതിലൂടെ സ്വയംതൊഴിൽ മേഖലക്ക് വലിയ പ്രോത്സാഹനമാണ് നൽകിവരുന്നത്. എന്നാൽ സ്വയം തൊഴിൽ മേഖല എന്ന ഉപജീവന മാതൃകക്ക് നൽകിവരുന്ന അതേ പ്രാധാന്യത്തോടെ വേതനധിഷ്ഠിത തൊഴിൽ സാധ്യതകളെ കുടുംബശ്രീ കൃത്യമായി ഉപയോഗിച്ചിട്ടില്ല, ഡി.ഡി.യു.ജി.കെ.വൈ പോലുള്ള കുറച്ച് പദ്ധതികൾ ഒഴികെ.

സുസ്ഥിരമായ സാമ്പത്തിക വികസനത്തിന് സ്വയം തൊഴിൽ മേഖലയുടെ വികസനത്തിനും, വേതനാധിഷ്ഠിത തൊഴിൽ മേഖലകളുടെ വികസനത്തിനും ഒരുപോലെ പ്രാധാന്യം നൽകേണ്ടതാണ്, ഒരു മേഖലയെ മാത്രം ഉൾകൊണ്ടുകൊണ്ടുള്ള വികസനം അപൂർണ്ണമാണ്. ശരിയായ തൊഴിൽ പദവി ഉറപ്പാക്കിയും, തൊഴിലിന് അംഗീകാരം നൽകിയും , അർഹമായ വേതനം ലഭ്യമാക്കിയും, അനുകൂലമായ സാമൂഹിക പശ്ചാത്തലം സൃഷ്ടിച്ചും കുടുംബശ്രീയുടെ ക്രിയാത്മകമായ ഇടപെടലിലൂടെ സ്ത്രീകൾക്കായി കൂടുതൽ വേതനാധിഷ്ഠിത തൊഴിൽ സാധ്യതകൾ പ്രയോജനപ്പെടുത്താവുന്നതാണ്. വേതനാധിഷ്ഠിത തൊഴിൽ മേഖലയ്ക്ക് പ്രാധാന്യം നൽകി കുടുംബശ്രീ മറ്റു ഏജൻസികളുമായി സംയോചിച്ച് വിജയകരമായി തൊഴിൽ ലഭ്യമാക്കിയ, ഹരിത കർമസേന, കൊച്ചിൻ മെട്രോ, കാറ്ററിംഗ്, കഫേ കുടുംബശ്രീ, ഐ.ടി മേഖല തുടങ്ങിയവയും , തൊഴിലുറപ്പ് പദ്ധതിയിൽ സ്ത്രീ പങ്കാളിത്തം കൂടിയതും കുടുംബശ്രീയുടെ ഫലപ്രദമായ ഇടപെടലിലൂടെയാണ്. ഈ അനുഭവങ്ങളും സാധ്യതകളും പ്രയോജനപ്പെടുത്തി കുടുംബശ്രീയുടെ നേതൃത്വത്തിൽ മറ്റു സേവന മേഖലകളിലെ തൊഴിൽ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്താനാണ് ശ്രമിക്കുന്നത്.

നോളെജ് ഇക്കോണമി മിഷൻ രൂപീകരിച്ചിരുന്നു. കേരള നോളേജ് ഇക്കോണമി മിഷൻ നേരിട്ട് സംഘടിപ്പിക്കുന്ന സംവിധാനങ്ങൾ, പ്രാദേശിക സർക്കാരുകളുടെ നേതൃത്വത്തിൽ നടപ്പിൽ വരുത്തുന്ന കാര്യങ്ങൾ എന്നിങ്ങനെ പരസ്പര പൂരകമായി പ്രവർത്തിക്കുന്ന ഘടകങ്ങളുടെ സമന്വയത്തിലൂടെ തൊഴിൽ അന്വേഷകരെ തൊഴിലിലേക്ക് എത്തിക്കുന്ന രീതിയിൽ നോളേജ് മിഷൻ പ്രവർത്തനങ്ങൾ പുനരാവിഷ്കരിച്ചുകൊണ്ട് 'വിജ്ഞാന കേരളം' പരിപാടി ആരംഭിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ മേഖലയിലുള്ള വിദ്യാർത്ഥികൾക്ക് നൈപുണ്യ പരിശീലനം നൽകി ക്യാമ്പസ് പ്ലേസ്മെന്റ് വഴി അവരിൽ പഠനം പൂർത്തീകരിക്കുന്ന മുറക്ക് ജോലി നൽകൽ, പഠനം പൂർത്തിയാക്കി നിലവിൽ ജോലി ഇല്ലാത്ത തൊഴിലന്വേഷകർക്ക് തൊഴിൽ മേളകൾ വഴി ജോലി നൽകുന്നതിനുള്ള പരിപാടി എന്നീ പ്രധാന ലക്ഷ്യങ്ങളോടെയുള്ള വിജ്ഞാന കേരളം കർമ്മപരിപാടിയുടെ മാർഗ്ഗരേഖ, പരാമർശം 5 പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിജ്ഞാന കേരളം പരിപാടിയുടെ ഭാഗമായി, പ്രാദേശിക സൂക്ഷ്മ തൊഴിൽ സംരംഭങ്ങളിലടക്കം ലഭ്യമായ തൊഴിലുകളിൽ അതാതു പ്രദേശത്തെ വീട്ടമ്മമാർക്ക് പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുന്നതിനുള്ള പരിപാടി ഏറ്റെടുത്തു നടത്തുന്നതിനുള്ള ചുമതല കുടുംബശ്രീയ്ക്ക് നൽകിയിട്ടുണ്ട്.

3. പരിമിതമായ ജീവിത സാഹചര്യങ്ങളാൽ ചിട്ടയായ രീതിയിൽ നൈപുണ്യ പരിശീലനം നേടാൻ പലപ്പോഴും സ്ത്രീകൾക്ക് സാധിക്കാത്ത സാഹചര്യമുണ്ട്. കൃത്യമായി പരിശീലനം ലഭ്യമാകാത്തതിനാൽ കുറഞ്ഞ വൈദഗ്ദ്യം ഉള്ള ഇവർക്ക് അസംഘടിത മേഖലയിലെ കുറഞ്ഞ തൊഴിലവസരം ആണ് പ്രാപ്യമായിട്ടുള്ളത്. കേരള ജനതയുടെ 20 നും 59 നും ഇടയിൽ പ്രായമുള്ളവരിൽ 53% ഉം സ്ത്രീകളാണ്. കേരളത്തിൽ 11.6 % സ്ത്രീകൾ തൊഴിൽ രഹിതരുമാണ്. അഭ്യസ്തവിദ്യരായ കേരളത്തിലെ സ്ത്രീകളിലെ തൊഴിൽ രഹിതർ ദേശീയ ശരാശരിയെക്കാൾ മൂന്ന് ഇരട്ടിയോളമാണ്. ഇത് പരിഹരിക്കുന്നതിനായി, സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഉയർത്തി ഓരോ അയൽക്കൂട്ട കുടുംബങ്ങളുടേയും വരുമാനം വർദ്ധിപ്പിക്കുകയും പുത്തൻ തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിനുള്ള പ്രാപ്തി നൈപുണ്യ പരിശീലനത്തിലൂടെ കുടുംബശ്രീ കുടുംബങ്ങളിലെ തൊഴിൽ സന്നദ്ധരായവർക്ക് നൽകുന്നതിനും, ഓരോ സി.ഡി.എസ് പരിധിയിലും വിവിധ മേഖലയിലായി ലഭ്യമാക്കാൻ കഴിയുന്ന തൊഴിലുകൾ കണ്ടെത്തി അവ തൊഴിലന്വേഷകരുമായി ബന്ധപ്പെടുത്തുന്നതിനും ആവശ്യമെങ്കിൽ വിവിധ നൈപുണ്യ പരിശീലനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനുമായി, വിജ്ഞാന കേരളം പരിപാടിയുടെ ഭാഗമായി കുടുംബശ്രീ ഒരു ക്യാമ്പയിൻ ആസൂത്രണം ചെയ്തിട്ടുണ്ട്. 2025 ജൂലൈ മാസത്തിൽ ആരംഭിച്ച് സെപ്റ്റംബർ വരെ ഒന്നാംഘട്ട ക്യാമ്പയിനിലൂടെ ചുരുങ്ങിയത് 1 ലക്ഷം പേർക്ക് വേതനാധിഷ്ഠിത തൊഴിൽ ലഭ്യമാക്കാനാണ് ഇതുവഴി ലക്ഷ്യമിടുന്നത്.

4. വിജ്ഞാനകേരളം പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ നടപ്പിലാക്കുന്ന ക്യാമ്പയിൻ പ്രവർത്തനങ്ങൾക്കുള്ള, അനുബന്ധമായി ചേർത്തിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച ഉത്തരവാകുന്നു. ആയതിൽ വിഭാവനം ചെയ്യുന്ന പ്രവർത്തനം സമയബന്ധിതമായി നടപ്പാക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങളും അനുബന്ധ ഏജൻസികളും അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ദീപ റ്റി വി

ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേ ശസ്വയംഭരണ വകുപ്പ്
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. മെമ്പർ സെക്രെട്ടറി, കെഡിസ്ക്
12. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
13. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
14. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
15. എല്ലാ ജില്ലാ കളക്ടർമാർക്കും
16. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
17. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
18. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
19. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
20. ഡയറക്ടർ ജനറൽ, കില
21. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
22. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
23. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
24. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
25. തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്
26. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

## വിജ്ഞാനകേരളം – കുടുംബശ്രീ തൊഴിൽ ക്യാമ്പയിൻ

സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഉയർത്തി ഓരോ അയൽക്കൂട്ട കുടുംബങ്ങളുടേയും വരുമാനം വർധിപ്പിക്കുകയും പുത്തൻ തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിനുള്ള പ്രാപ്തി നൈപുണ്യ പരിശീലനത്തിലൂടെ കുടുംബശ്രീ കുടുംബങ്ങളിലെ തൊഴിൽ സന്നദ്ധരായവർക്ക് നൽകാനാണ് വിജ്ഞാന കേരളം ക്യാമ്പയിനിലൂടെ കുടുംബശ്രീ ലക്ഷ്യമിടുന്നത്. ഓരോ സി.ഡി.എസ് പരിധിയിലും വിവിധ മേഖലയിലായി ലഭ്യമാക്കാൻ കഴിയുന്ന തൊഴിലുകൾ കണ്ടെത്തുന്നതിനും ഇത്തരം തൊഴിലുകൾ തൊഴിലന്വേഷകരുമായി ബന്ധപ്പെടുത്തുന്നതിനും ആവശ്യമെങ്കിൽ വിവിധ നൈപുണ്യ പരിശീലനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനും കുടുംബശ്രീ ഉദ്ദേശിക്കുന്നു. 2025 ജൂലൈ മാസത്തിൽ ആരംഭിച്ച് സെപ്റ്റംബർ മാസത്തോടെ ഒന്നാംഘട്ട ക്യാമ്പയിനിലൂടെ ചുരുങ്ങിയത് 1 ലക്ഷം പേർക്ക് വേതനാധിഷ്ഠിത തൊഴിൽ ലഭ്യമാക്കാനാണ് വിജ്ഞാനകേരളം പ്രസ്ഥാനത്തിന്റെ ഭാഗമായി കുടുംബശ്രീ തീരുമാനിച്ചിട്ടുള്ളത്.

### 1. വേതനാധിഷ്ഠിത തൊഴിൽ ഇന്ത്യൻ പശ്ചാത്തലം

2011 ലെ ജനസംഖ്യ കണക്കുപ്രകാരം ഇന്ത്യയിലെ ആകെ ജനസംഖ്യയിൽ 43 കോടി ആളുകൾ 15 നും 34 വയസിനും ഇടയിലുള്ള യുവജനങ്ങളാണെന്നും ആയതു 2021 വർഷമാകുമ്പോഴേക്കും 46.4 കോടി ആയി ഉയരുമെന്നും കൂടാതെ 2030 ആകുമ്പോഴേക്കും ഇന്ത്യൻ ജനസംഖ്യയുടെ പകുതിയും 28 വയസിനുതാഴെ ഉള്ളവരായിരിക്കുമെന്നും കണക്കാക്കിയിട്ടുണ്ട്. കൂടാതെ 2020 ആകുമ്പോൾ ഇന്ത്യയിൽ 5.6 കോടി യുവജങ്ങൾ സർപ്ലസ് ആകുമെന്നും സൂചിപ്പിച്ചിട്ടുണ്ട്. ഈ അവസരത്തിൽ ലോകത്തിന്റെ മറ്റ് ഭാഗങ്ങളിൽ 47 കോടി യുവജനങ്ങളുടെ അപര്യാപ്തത ഉള്ളതായും 2015 പുറത്തിറക്കിയ ഇന്ത്യ സ്കിൽ പോളിസിയിൽ പ്രതിപാദിച്ചിട്ടുണ്ട്. ആയതിനാൽ നിലവിൽ ഉള്ളതും ഭാവിയിൽ വരാൻ സാധ്യതയുള്ളതുമായ തൊഴിലവസരങ്ങൾ മേഖല തിരിച്ച് കണ്ടെത്തേണ്ടതും നിലവിലെ യുവതലമുറയെ മേൽ പറഞ്ഞ സാധ്യതകൾ നേടിയെടുക്കുന്നതിന് പ്രാപ്തിയുള്ളവരാക്കി മാറ്റുന്നതിനുള്ള ബോധപൂർവമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ടത് ഏറ്റവും മുൻഗണന നൽകേണ്ട വിഷയമാണ്.ഈ സാധ്യത കുടുംബശ്രീ ഓക്സിലറി ഗ്രൂപ്പിലൂടെ പരമാവധി നേടിയെടുക്കാനും ലക്ഷ്യമിടുന്നു.

### 1.2 നൈപുണ്യപരമായി നാമെവിടെ നിൽക്കുന്നു

- ❖ സമ്പദ്വ്യവസ്ഥയ്ക്കാവശ്യമായ പരിശീലനം സിദ്ധിച്ച മാനവശേഷിയുടെ അപര്യാപ്തത.
- ❖ രാജ്യത്താകമാനമുള്ള തൊഴിലാളികളിൽ 10% മാത്രമാണ് ഏതെങ്കിലും തരത്തിലുള്ള പരിശീലനം സിദ്ധിച്ചിട്ടുള്ളത്.
- ❖ ചിട്ടയായ പരിശീലനം ലഭിച്ചിട്ടുള്ളത് – 2% ബാക്കി 8% ക്രമരഹിതമായ പരിശീലനം ലഭിച്ചവരാണ്.
- ❖ നൈപുണ്യ പരിശീലനത്തിൽ മുന്നിൽ നിൽക്കുന്ന രാജ്യങ്ങൾ – കൊറിയ – 96%, ജപ്പാൻ – 80%, ജർമ്മനി – 75%
- ❖ ചിട്ടയായ പരിശീലനം ലഭിക്കാത്തത് കാരണം 48% ഒഴിവുകളും നികത്താൻ പ്രയാസമാണ്.

### 2. കേരളം

ഇന്ത്യയിൽ മനുഷ്യവിഭവശേഷിയുടെ കാര്യത്തിൽ മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. എന്നാൽ ഈ മനുഷ്യവിഭവ ശേഷിയുടെ പരമാവധി വിനിയോഗം പല കാരണങ്ങളാൽ നമുക്ക് സാധ്യമായിട്ടില്ല. ഈ സ്ഥിതിയ്ക്ക് മാറ്റം വരുത്തണമെങ്കിൽ യുവജനതയുടെ കാര്യശേഷിയെ ഉന്നം വച്ചുള്ള പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. കേരള ജനതയുടെ 57% 20 നും 59 നും ഇടയിൽ പ്രായമുള്ളവരാണ്. ഇതിൽ 53% സ്ത്രീകളാണ്. മാത്രമല്ല തൊഴിൽ രഹിതരുടെ കണക്കു നോക്കുകയാണെങ്കിൽ ഇന്ത്യയിൽ 15 വയസ്സിന് മുകളിൽ പ്രായമുള്ളവരിൽ 3.2 % പുരുഷന്മാരും 3.2 % സ്ത്രീകളും തൊഴിൽരഹിതരായിരിക്കെ, കേരളത്തിൽ 4.4 % പുരുഷന്മാരും 11.6 % സ്ത്രീകളും തൊഴിൽ രഹിതരാണ്. കേരളാ എക്കണോമിക് റിവ്യൂ 2024 പ്രകാരമുള്ള കണക്കിൽ സൂചിപ്പിക്കുന്നത് അഭ്യസ്തവിദ്യരായ കേരളത്തിലെ സ്ത്രീകളിൽ തൊഴിൽ രഹിതർ ദേശീയ ശരാശരിയെക്കാൾ മൂന്ന് ഇരട്ടിയോളമെന്നാണ്. ഡെമോഗ്രാഫിക് ഡിവിഡൻഡ് ആനുകൂല്യം പരമാവധി ഉപയോഗപ്പെടുത്തിയും നിലവിലെ യുവതലമുറയുടെ നൈപുണ്യത്തിൻറെ തോത് മനസ്സിലാക്കിയുമായിരിക്കണം നൈപുണ്യ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടത്.

ഇത്തരത്തിൽ അഭ്യസ്ഥവിദ്യരായ യുവതീയുവാക്കൾക്ക് അവരവരുടെ കഴിവിനും, വിദ്യാഭ്യാസ യോഗ്യതയ്ക്കും, അഭിരുചിക്കും, പ്രവൃത്തിപരിചയത്തിൻറെയും അടിസ്ഥാനത്തിൽ അനുയോജ്യമായ നൈപുണ്യ പരിശീലനങ്ങളാണ് നൽകേണ്ടത്.

## 2.1 തൊഴിൽ മേഖലയും സ്ത്രീകളും

നിലവിലെ സാമൂഹിക വ്യവസ്ഥ, കുടുംബത്തിലെ ചുമതലകൾ, ജോലിതേടി മറ്റു പ്രദേശങ്ങളിലേക്ക് പോകുന്നതിലെ പ്രായോഗിക ബുദ്ധിമുട്ടുകൾ, പ്രസവം പോലുള്ള പ്രധാന കാരണങ്ങൾ കൊണ്ട് ജോലിയിൽ തുടരാൻ കഴിയാത്തതും, ഒഴിവാക്കപ്പെടുന്നതും, വീണ്ടും ജോലി കണ്ടെത്താൻ ബുദ്ധിമുട്ടുന്നതും, നൈപുണ്യ പരിശീലനത്തിൽ പങ്കെടുക്കാൻ സാധിക്കാത്തതും സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം കുറയ്ക്കുന്നതിന്റെ വിവിധ കാരണങ്ങളാണ്. പരിമിതമായ ജീവിത സാഹചര്യങ്ങൾ ചിട്ടയായ രീതിയിൽ നൈപുണ്യ പരിശീലനം നേടാൻ പലപ്പോഴും സ്ത്രീകൾക്ക് സാധിക്കാറില്ല ആയതിനാൽ കൂടുതൽ പേരും അസംഘടിത മേഖലയിലാണ് തൊഴിൽ ചെയ്യുന്നത്. കൃത്യമായി പരിശീലനം ലഭ്യമാകാത്തതിനാൽ ഇവർ കുറഞ്ഞ വൈദഗ്ദ്യം ഉള്ളവരും കുറഞ്ഞ തൊഴിലവസരം ഉള്ളവരും ആണ്. കൂടാതെ കുറഞ്ഞ വൈദഗ്ദ്യം ഗ്രാമീണ മേഖലയിലെ തൊഴിൽ തേടി പോകുന്നതിനുള്ള കഴിവ് കുറയ്ക്കുകയും ചെയ്യുന്നു . അസംഘടിത മേഖലയിലെ ഒറ്റപ്പെട്ട തൊഴിലിടങ്ങൾ പലപ്പോഴും ചൂഷണങ്ങൾക്കുള്ള സാദ്ധ്യത വർധിപ്പിക്കുന്നു

- തൊഴിൽപരമായ പരിശീലനം സിദ്ധിക്കുന്നതിൽ സ്ത്രീകൾ നേരിടുന്ന ലിംഗവിവേചനം.
- അനൗദ്യോഗിക മേഖലകളിലാണ് ഭൂരിഭാഗം തൊഴിലവസരങ്ങൾ നിലവിലുള്ളത്.
- നിലവിലുള്ള പരിശീലനങ്ങളും ബന്ധപ്പെട്ട ഇടപെടലുകളും പ്രസ്തുത മേഖലയെ ലക്ഷ്യം വച്ചുള്ളതല്ല.
- തൊഴിൽ നൈപുണ്യം നേടുന്നതിന് ഗ്രാമപ്രദേശങ്ങളിൽ ചുരുക്കം പരിശീലന സ്ഥാപനങ്ങൾ മാത്രമേയുള്ളൂ.
- നഗരപ്രദേശങ്ങളിലുള്ള പരിശീലന പരിപാടികളിൽ പങ്കെടുക്കുവാൻ ഗ്രാമീണ വിദ്യാർത്ഥിക്ക് കൂടുതൽ പണം ചെലവഴിക്കേണ്ടതായി വരുന്നു.
- നഗരപ്രദേശങ്ങളിൽ നടത്തുന്ന വ്യവസായ പരിശീലനങ്ങൾ ഗ്രാമീണ യുവതയ്ക്ക് നഷ്ടമാകുന്നു.
- താഴ്ന്ന വിദ്യാഭ്യാസ നിലവാരം, വിദ്യാഭ്യാസം പാതിവഴിയിൽ ഉപേക്ഷിക്കൽ – താഴ്ന്ന നൈപുണ്യമുള്ള തൊഴിലാളികളെ സൃഷ്ടിക്കുന്നു.
- നൈപുണ്യ വികസനത്തിലേയ്ക്ക് നയിക്കുന്ന ശരിയായ മാർഗ്ഗ നിർദ്ദേശത്തിന്റേയും കൗൺസിലിംഗിന്റേയും അപര്യാപ്തത.

## 2.2 വളരുന്ന തൊഴിൽ മേഖല നിലവിലെ അവസ്ഥ

കേരളത്തിലെ തൊഴിലവസര രംഗം ഇപ്പോൾ ഗതാഗതം, ടെക്നോളജി, ആരോഗ്യം, പരിസ്ഥിതി, സാമൂഹിക സേവനം, കൃഷി, വിനോദസഞ്ചാരം, തുടങ്ങിയ വിവിധ മേഖലകളിലായി വിപുലമായ രീതിയിൽ വികസിച്ചുവരുന്നു. പുതുതായി ആരംഭിക്കുന്ന ഇൻഫ്രാസ്ട്രക്ചർ പദ്ധതികളും ഇൻഡസ്ട്രിയൽ പാർക്കുകളും ഉൾപ്പെടെ വിവിധ മേഖലകളിൽ സർക്കാർ/സ്വകാര്യ സംരംഭങ്ങൾ തൊഴിൽ സാധ്യതകൾ വർധിപ്പിക്കുകയാണ്. ഐ.ടി. പാർക്കുകളും സ്റ്റാർട്ടപ്പ് ഹബ്ബുകളും തൊഴിൽ മാർക്കറ്റിൽ പുതിയ സാധ്യതകൾ സൃഷ്ടിക്കുന്നു.ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ വഴിയുള്ള തൊഴിൽ അന്വേഷണവും വർക്ക്ഫ്രം ഹോം പോലുള്ള ആധുനിക തൊഴിൽ മാതൃകകളും പ്രത്യേകിച്ചും യുവതീയുവാക്കൾക്കും സ്ത്രീകൾക്കും പ്രാദേശികതയെ അടിസ്ഥാനമാക്കിയുള്ള തൊഴിൽ ലഭ്യതയ്ക്കുള്ള സാധ്യത വർധിപ്പിക്കുന്നു. മൊത്തത്തിൽ, കേരളം കൂടുതൽ മനുഷ്യ വിഭവ സ്വീകരണ ശേഷി ഉള്ളതും വിപുലവുമായ തൊഴിൽ വളർച്ചയുള്ളതുമായ സംസ്ഥാനമായി അതിവേഗം മാറിക്കൊണ്ടിരിക്കുകയാണ്.

## 2.3 തൊഴിലുടമകൾ നേരിടുന്ന പ്രധാന വെല്ലുവിളികൾ.

തൊഴിലുടമകൾ പലപ്പോഴും പ്രാദേശികമായി അർഹരും, വിശ്വസനീയരുമായ ജീവനക്കാരെ കണ്ടെത്തുന്നതിൽ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. സ്ഥാപനങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള നൈപുണ്യവും പ്രായോഗിക പരിചയവും ഉള്ള ഉദ്യോഗാർത്ഥികളെ കണ്ടെത്തുന്നത് കൂടുതൽ ദുഷ്കരമായി മാറിയിരിക്കുകയാണ്. സ്ഥാപനങ്ങളിൽ ഉണ്ടാകാവുന്ന ഒഴിവുകളിലേക്കായി നിശ്ചിത മാനദണ്ഡ പ്രകാരം നൈപുണ്യമുള്ളവരെ പലപ്പോഴും ലഭിക്കാതെ വരുന്നതിനാൽ പല ഒഴിവുകളും നികത്താൻ കഴിയാതെവരുന്നു. സ്ഥാപനങ്ങൾ നിശ്ചിത സമയത്ത് സ്ഥാപിത ലക്ഷ്യങ്ങൾ നേടാൻ ശ്രമിക്കുമ്പോൾ, ജീവനക്കാരുടെ തൊഴിലിനോടുള്ള മനോഭാവം, തൊഴിൽ കാര്യക്ഷമത, അത്യാവശ്യ സമയങ്ങളിൽ പ്രവർത്തിക്കാൻ തയ്യാറാകാത്തത് തുടങ്ങിയ ഘടകങ്ങളാണ് പ്രശ്നങ്ങളായി കാണുന്നത്. നിർണായകമാണ്. അതിനാൽ, സ്ഥാപനങ്ങൾക്കും വ്യവസായികൾക്കും വേണ്ടത് തൊഴിൽ നൈപുണ്യവും അതിജീവനശേഷിയുമുള്ള, താൽപര്യത്തോടെ ജോലി ചെയ്യാൻ തയ്യാറായ, വിശ്വാസയോഗ്യരായ, പ്രാദേശിക ജീവനക്കാരെയാണ്. എന്നാൽ അതുപോലുള്ള ജീവനക്കാരെ കണ്ടെത്താൻ ഇപ്പോഴത്തെ തൊഴിൽ അന്വേഷണ സംവിധാനങ്ങൾ

ഇനിയും സജ്ജമാക്കിയിട്ടില്ല എന്നതാണ് തൊഴിൽ ദാതാക്കൾ നേരിടുന്ന പ്രധാന വെല്ലുവിളി.

**3. വിജ്ഞാന കേരളം ജനകീയ കാമ്പയിനും കുടുംബശ്രീയും**

വിജ്ഞാന കേരളം പ്രധാനമായും 4 ക്യാമ്പയിൻ ആശയങ്ങളാണ് മുന്നോട്ടുവയ്ക്കുന്നത് (1) ഉന്നത വിദ്യാഭ്യാസ മേഖലയിൽ വിദ്യാർത്ഥികൾക്ക് നൈപുണ്യ പരിശീലനം നൽകി ക്യാമ്പസ് പ്ലേസ്മെൻറ് വഴി അവരിൽ പഠനം പൂർത്തിത്തീകരിക്കുന്ന മുറക്ക് ജോലി നൽകുന്നതിനുള്ള ക്യാമ്പയിൻ (2) പഠനം പൂർത്തിയാക്കി നിലവിൽ ജോലി ഇല്ലാത്ത തൊഴിലന്വേഷകർക്ക് തൊഴിൽ മേളകൾ വഴി ജോലി നൽകുന്നതിനുള്ള പരിപാടി. (3) പ്രാദേശിക സൂക്ഷ്മ തൊഴിൽ സംരംഭങ്ങളിലടക്കം ലഭ്യമായ തൊഴിലുകളിൽ അതാതു പ്രദേശത്തെ വീട്ടമ്മമാർക്ക് പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുന്നതിനുള്ള പരിപാടി. (4) വിദേശ ജോലികൾക്കായുള്ള റിക്രൂട്ട്മെൻറ് ഡ്രൈവുകൾ.

ഇതിൽ പ്രാദേശിക സൂക്ഷ്മ തൊഴിൽ സംരംഭങ്ങളിലടക്കം ലഭ്യമായ തൊഴിലുകളിൽ അതാതു പ്രദേശത്തെ വീട്ടമ്മമാർക്ക് പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുന്നതിനുള്ള പരിപാടി ഏറ്റെടുത്തു നടത്തുന്നതിനുള്ള ചുമതല കുടുംബശ്രീക്കാണ്. കുടുംബശ്രീക്ക് സമാന വേതനധിഷ്ഠിത പദ്ധതികൾ നടപ്പിലാക്കിയ മുൻപരിചയം , വിവിധ കാമ്പയിനുകൾ സമയബന്ധിതമായി പൂർത്തിത്തീകരിച്ച അനുഭവം എന്നിവ ഈ ക്യാമ്പയിനിൻറെ കാര്യക്ഷമമായ നടത്തിപ്പിന് കുടുംബശ്രീയെ സഹായിക്കും.

**4. സൂക്ഷ്മ ചെറുകിട ഇടത്തരം തൊഴിൽ സംരംഭങ്ങൾ**

ഗ്രാമീണ ടൂറിസവുമായി ബന്ധപ്പെട്ടു പുതിയ പുതിയ ഡെസ്റ്റിനേഷനുകൾ കേരളത്തിൽ ഉണ്ടായിവരികയാണ് ഇതുമായി ബന്ധപ്പെട്ട മേഖലയിലെ തൊഴിലവസരങ്ങളും വർദ്ധിച്ചു വരുന്നുണ്ട്. പുതിയ റിസോർട്ടുകൾ , ഹോട്ടലുകൾ , യാത്ര സൗകര്യങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട് വികസിക്കുന്ന അനുബന്ധ മേഖലകളാണ്. ഇത്തരം തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനും, തൊഴിൽദാതാക്കളുടെ നിർദ്ദേശപ്രകാരം ആവശ്യമായ നൈപുണ്യ പരിശീലനം നൽകി സമയബന്ധിതമായി നിയമിക്കാവുന്നതുമാണ്. വ്യവസായ വകുപ്പിൻറെ കണക്കുകൾ പ്രകാരം സംരംഭക വർഷത്തിൽ 3.50 ലക്ഷം സംരംഭങ്ങളാണ് കേരളത്തിൽ രജിസ്റ്റർ ചെയ്തത്. 7.50 ലക്ഷം പേരാണ് ഈ സംരംഭങ്ങളിൽ തൊഴിലെടുക്കുന്നത്. അതിവേഗം വളരുന്ന മറ്റൊരു മേഖലയാണ് സംഘടിത വാണിജ്യ മേഖല വലിയ സംഘം വിപണ തൊഴിലാളികളെ

ഓരോ ഹൈപ്പർ മാർക്കറ്റുകളിലും, മാളുകളിലും ആവശ്യമായി വരുന്നുണ്ട്. ഭാഷ നൈപുണി, കസ്റ്റമർ കെയർ , ഉൽപ്പന്നങ്ങൾ അവതരിപ്പിക്കേണ്ട രീതി എന്നിവ ഉൾക്കൊള്ളിച്ച് ഒരു ലഘു കോഴ്സ് തയ്യാറാക്കി തൊഴിലന്വേഷകർക്ക് പ്രാദേശികമായി പരിശീലനം നൽകുവാനും ഒഴിവുകൾ നികത്തുവാനും കഴിയും. ഇതുപോലെ വളർന്നുവരുന്ന ഓരോ മേഖലയിലെയും തൊഴിലവസരങ്ങൾ മനസ്സിലാക്കി ആവശ്യമായ നൈപുണ്യം പ്രാദേശികമായി നൽകാവുന്നതാണ്. ഇതിലൂടെ വലിയൊരു വിഭാഗം സ്ത്രീകൾക്ക് തൊഴിൽ നൽകാൻ സാധിക്കും.

കിടപ്പുരോഗികൾ, മുതിർന്ന പൗരൻ തുടങ്ങി പ്രത്യേക പരിചരണ സഹായം ആവശ്യമുള്ളവർക്ക് വീട്ടിലും ആശുപത്രികളിലും സഹായം നൽകുന്നതിനുള്ള വീട്ടിൽ പരിചരണം നൽകുന്നതിനുള്ള കെയർ ഗിവേഴ്സിനെ കണ്ടെത്തി പരിശീലനം നൽകി വീട്ടുകാർക്ക് നൽകുന്ന കെ ഫോർ കെയർ എന്ന പദ്ധതി കുടുംബശ്രീ ഇതിനോടകം ഏറ്റെടുത്ത് നാലാപ്പിലാക്കുന്ന പദ്ധതിയാണ്. ദിവസം മുഴുവൻ നൽകുന്ന സേവനത്തോടൊപ്പം ദിവസവും ഒന്നോ രണ്ടോ മണിക്കൂർ വീതമോ, പകൽ മാത്രമോ , ആവശ്യം അനുസരിച്ചോ ഇത്തരം സേവനങ്ങൾ ലഭ്യമാക്കാനാകണം. ഇത്തരം സേവനങ്ങൾ ആവശ്യമുള്ള വീട്ടുകാരെ കണ്ടെത്തുന്നതിനുള്ള പ്രേത്യേക ഡ്രൈവ് നടത്തുകയും കിടപ്പുരോഗികൾക്ക് പ്രത്യേകം കസ്റ്റമൈസ് ചെയ്ത പരിചരണ പരിശീലനം കെയർ ഗിവേഴ്സിന് നൽകുകയും വേണം.

കുടുംബശ്രീ ഇതിനകം ഏർപ്പെട്ടു കഴിഞ്ഞിട്ടുള്ള മറ്റൊരു സേവനമാണ് മൾട്ടി ടാസ്ക് സർവീസ് ടീം . എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലും പ്ലംബിംഗ് , റിപ്പയറിംഗ്, ഇലക്ട്രിക്, പെയിൻറിംഗ് , ഗാർഡനിംഗ് , ക്ലീനിംഗ് തുടങ്ങിയ എല്ലാവിധ ജോലികളും ചെയ്യാൻ തയ്യാറുള്ള ഒരു ടീമിന് രൂപം നൽകുകയും ഡിജിറ്റൽ സംവിധാനത്തിലൂടെ ആവശ്യക്കാർക്ക് സേവനം എത്രയും പെട്ടന്ന് എത്തിച്ച് കൊടുക്കാൻ കഴിയുന്നതുമാണ്. ഇത്തരത്തിലുള്ള മുഴുവൻ അവസരങ്ങളെയും കൂട്ടിയിണക്കി കൊണ്ടുള്ള ബൃഹത്തായ ഒരു തൊഴിൽ ലഭ്യമാക്കൽ പരിപാടിക്കാണ് കുടുംബശ്രീ പദ്ധതിയിട്ടിരിക്കുന്നത്.

**5. വളർന്നുവരുന്ന തൊഴിൽ മേഖലകളും വിവിധ തൊഴിലവസരങ്ങളും**

തൊഴിൽ സാധ്യത ഉള്ള മേഖലകൾ അവലോകനം ചെയ്ത് നോക്കിയാൽ വളർന്നുവരുന്ന തൊഴിൽ സാധ്യതകളും പ്രാദേശിക തൊഴിൽ സാധ്യതകളുടെ അനിവാര്യതയും ബോധ്യപ്പെടാവുന്നതാണ്.

### 5.1 ഐ.ടി. & ഡിജിറ്റൽ സേവനങ്ങൾ

വളർന്നുവരുന്ന മേഖലകൾ : എ.ഐ., ഡാറ്റാ അനാലിറ്റിക്സ്, സൈബർസെക്യൂരിറ്റി, ക്ലൗഡ് കമ്പ്യൂട്ടിംഗ്, ബ്ലോക്ക്ചെയിൻ.

വളർച്ചയെ പ്രേരിപ്പിക്കുന്നത്: ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക്, സ്റ്റാർട്ടപ്പുകൾ, വർക്ക് ഫ്രം ഹോം & വർക്ക് നേര് ബൈ ഹോം .

തൊഴിൽ അവസരങ്ങൾ: ഫുൾസ്റ്റാക്ക് ഡെവലപ്പർമാർ, ഡാറ്റാ അനാലിസ്റ്റുകൾ, യു.ഐ/യു.എക്സ് ഡിസൈനർമാർ, ഡിജിറ്റൽ മാർക്കറ്റിങ് വിദഗ്ധർ, ടെക്നീഷ്യൻസ്, ടെക്നികൽ അസിസ്റ്റൻറ്.

### 5.2 ഹെൽത്ത്കെയർ & അനുബന്ധ സേവനങ്ങൾ

വളർന്നുവരുന്ന മേഖലകൾ : ടെലി മെഡിസിൻ, വയോജന പരിപാലനം, ഹോം ഹെൽത്ത്കെയർ, മെഡിക്കൽ കോഡിംഗ്.

വളർച്ചയെ പ്രേരിപ്പിക്കുന്നത്: വയോജന നിരക്കിലെ വർദ്ധനവ്, മെഡിക്കൽ ടൂറിസം, ഹെൽത്ത്ടെക് സ്റ്റാർട്ടപ്പുകൾ.

തൊഴിൽ അവസരങ്ങൾ: ഹെൽത്ത് അസിസ്റ്റൻറുകൾ, മെഡിക്കൽ ട്രാൻസ്ക്രിപ്ഷനിസ്റ്റുകൾ, ഡയഗ്നോസ്റ്റിക് ടെക്നീഷ്യന്മാർ ,നർസിഗ് അസിസ്റ്റൻറ് , മുതിർന്ന പൗരർക്കുള്ള ഫിറ്റ്നെസ്സ് ട്രയിനർ, ഹോം നേഴ്സ് .

### 5.3 സ്കിൽ അധിഷ്ഠിത ഉൽപ്പാദനവും എം.എസ്.എം.ഇ കളും

വളർന്നുവരുന്ന മേഖലകൾ : ഫുഡ് പ്രോസസ്സിംഗ്, ആയുർവേദ ഉൽപ്പന്നങ്ങൾ, ഇലക്ട്രോണിക് അസംബ്ലി, ടെക്സ്റ്റൈൽ.

വളർച്ചയെ പ്രേരിപ്പിക്കുന്നത്: സ്വയംതൊഴിൽ, കയറ്റുമതി, സംരംഭങ്ങൾ.

തൊഴിൽ അവസരങ്ങൾ: മെഷീൻ ഓപ്പറേറ്റർമാർ, ക്വാളിറ്റി കണ്ട്രോൾ ടെക്നീഷ്യ്ാർ, പാക്കേജിംഗ് സ്റ്റാഫ്.

### 5.4 ഹരിത തൊഴിൽ മേഖലകൾ

വളർന്നുവരുന്ന മേഖലകൾ : ഓർഗാനിക് ഫാമിംഗ്, മാലിന്യ സംസ്കരണം, പുനരുപയോഗ ഊർജം, ഇക്കോ ടൂറിസം.

വളർച്ചയെ പ്രേരിപ്പിക്കുന്നത്: പരിസ്ഥിതി നയങ്ങൾ, കാലാവസ്ഥാ പ്രവർത്തനങ്ങൾ, സുസ്ഥിര ഉപജീവനം.

തൊഴിൽ അവസരങ്ങൾ: സൗരോർജ ടെക്നീഷ്യന്മാർ, ഓർഗാനിക് ഫാം മാനേജർമാർ, പരിസ്ഥിതി ഓഡിറ്റർമാർ, മാലിന്യ പരിപാലന യൂണിറ്റിലെ

ടെക്നീഷ്യന്മാർ, ബദൽ ഉല്പന്ന നിർമ്മാണ സ്ഥാപനങ്ങളിലേയ്ക്കുള്ള തൊഴിലാളികൾ , മാലിന്യ പരിപാലന കമ്പനികൾക്കുള്ള വിവിധ വിഭാഗത്തിലെ തൊഴിലാളികൾ.

**5.5 റീട്ടെയിൽ, ലൊജിസ്റ്റിക്സ് & ഇകൊമേഴ്സ്**

വളർന്നുവരുന്ന മേഖലകൾ : ഓൺലൈൻ വിൽപ്പന, ലാസ്റ്റ് മൈൽ ഡെലിവറി, സപ്ലൈ ചെയിൻ അനലിറ്റിക്സ്.

വളർച്ചയെ പ്രേരിപ്പിക്കുന്നത്: ഇ-കൊമേഴ്സ് വളർച്ച, ഫ്ളിപ്കാർട്ട്/ആമസോൺ പ്രവർത്തനം, ഡിജിറ്റൽ മാർക്കറ്റ്പ്ലേസ്.

തൊഴിൽ അവസരങ്ങൾ: ഡെലിവറി എക്സിക്യൂട്ടീവുകൾ, വെയർഹൗസ് മാനേജർമാർ, സപ്ലൈ ചെയിൻ അനലിസ്റ്റുകൾ.

**5.6 വിദ്യാഭ്യാസം, സ്കില്ലിംഗ് & എഡ്യൂക്കേഷൻ ടെക്നോളജി**

വളർന്നുവരുന്ന മേഖലകൾ : ഓൺലൈൻ പഠനം, ആപ്സ്കില്ലിംഗ് പ്ലാറ്റ്ഫോമുകൾ, തൊഴിൽ പരിശീലകർ.

വളർച്ചയെ പ്രേരിപ്പിക്കുന്നത്: ഉന്നത സാക്ഷരത, പുതിയ വിദ്യാഭ്യാസ നയം ( 2020), ഡിജിറ്റൽ വിദ്യാഭ്യാസം.

തൊഴിൽ അവസരങ്ങൾ: ഇ-ലേണിംഗ് ട്യൂട്ടർമാർ, സോഫ്റ്റ് സ്കിൽ ട്രെയിനർമാർ, കോഴ്സ് കൺടെന്റ് ഡിസൈനർമാർ.

**5.7 നിർമാണം & അടിസ്ഥാനസൗകര്യങ്ങൾ**

വളർന്നുവരുന്ന മേഖലകൾ : കാലാവസ്ഥ പ്രതിരോധ നിർമാണം, പ്രിഫാബ് ടെക്നോളജി, സ്മാർട്ട് സിറ്റി പദ്ധതി.

വളർച്ചയെ പ്രേരിപ്പിക്കുന്നത്: അടിസ്ഥാന സൗകര്യ വികസനം , ഭവന നിർമാണം, നഗര വികസനം.

തൊഴിൽ അവസരങ്ങൾ: സിവിൽ എഞ്ചിനീയർമാർ, ഇലക്ട്രീഷ്യന്മാർ, മെഷീൻ ഓപ്പറേറ്റർമാർ, നിർമ്മാണ മേഘലയിലേക്കുള്ള വിവിധ അനുബന്ധ തൊഴിലുകൾ.

**5.8 ടൂറിസം & ഹോസ്പിറ്റാലിറ്റി**

വളർന്നുവരുന്ന മേഖലകൾ : വെൽനെസ് ടൂറിസം, അനുഭവാത്മക ടൂറിസം, ഇക്കോ ടൂറിസം, ഭക്ഷണ വ്യവസായം.

വളർച്ചയെ പ്രേരിപ്പിക്കുന്നത്: പാരമ്പര്യ ടൂറിസം പ്രോത്സാഹനം, മെഡിക്കൽ ടൂറിസം, കണക്ടിവിറ്റി മെച്ചപ്പെടുത്തൽ. കുടുംബ ഘടനയിലെ മാറ്റം, തൊഴിലെടുക്കുന്നവരുടെ എണ്ണത്തിൽ വന്ന വർദ്ധനവ് , യാത്ര ചെയ്യുന്നവരിലേയും വിനോദ സഞ്ചാര മേഖലയിലെയും വളർച്ച

തൊഴിൽ അവസരങ്ങൾ: ടൂർ കൺസൽറ്റന്റുകൾ, ഷെഫുകൾ, ഹോട്ടൽ മാനേജർമാർ, വെൽനെസ് തെറാപ്പിസ്റ്റുകൾ, സർവീസിംഗ്, അസിസ്റ്റൻറ് ഷെഫ് , ക്ലീനിംഗ് , ഹോസ്പിറ്റാലിറ്റി സ്റ്റാഫ്, ടൂർ അസിസ്റ്റെന്റുകൾ.

**5.9. ധനകാര്യ സേവനങ്ങൾ & ഫിൻടെക്**

വളർന്നുവരുന്ന മേഖലകൾ: ഡിജിറ്റൽ ബാങ്കിംഗ്, മൈക്രോഫിനാൻസ്, ഇൻഷുറൻസ് ടെക്നോളജി.

വളർച്ചയെ പ്രേരിപ്പിക്കുന്നത്: ധനസഹായ പദ്ധതികൾ, മൊബൈൽ ബാങ്കിംഗ്, നിധി കമ്പനികൾ.

തൊഴിൽ അവസരങ്ങൾ: ഫിനാൻഷ്യൽ അഡ്വൈസർമാർ, ഇൻഷുറൻസ് ഏജൻറുകൾ, വായ്പാ ഓഫീസർമാർ.

**5.10. സാമൂഹ്യ മേഖല & കമ്മ്യൂണിറ്റി സേവനങ്ങൾ**

വളർന്നുവരുന്ന മേഖലകൾ : കമ്മ്യൂണിറ്റി ഡെവലപ്മെൻറ്, മാനസികാരോഗ്യ സേവനം, പുനരധിവാസ പ്രവർത്തനം.

വളർച്ചയെ പ്രേരിപ്പിക്കുന്നത്: കുടുംബശ്രീ, ഗ്രാമ പഞ്ചായത്ത് ഇടപെടലുകൾ, ദുരന്ത പ്രതികരണങ്ങൾ.

തൊഴിൽ അവസരങ്ങൾ: സോഷ്യൽ വർക്കർമാർ, കൗൺസിലർമാർ, ഉപജീവന സംയോജകരായി.

**6. ഇത്തരം തൊഴിൽ സാദ്ധ്യതകളെ എങ്ങിനെ പ്രയോജനപ്പെടുത്താം**

വളർന്നുവരുന്ന ഈ പുതിയ തൊഴിൽ മേഖലകളെ സ്ത്രീകളുടെ തൊഴിൽ സാദ്ധ്യതകളാക്കി മാറ്റാൻ കഴിയണം. ഇത്തരം എല്ലാ തൊഴിൽ രംഗങ്ങളുടെയും സാദ്ധ്യതകൾ പ്രയോജനപ്പെടുത്താൻ കഴിയുന്ന സാമൂഹിക അന്തരീക്ഷം സൃഷ്ടിക്കാനും തൊഴിൽ ദാതാക്കളേയും തൊഴിൽ ആവശ്യക്കാരേയും പരസ്പരം ബന്ധിപ്പിക്കാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കാൻ നേതൃത്വപരമായ ചുമതല കുടുംബശ്രീ സി.ഡി.എസ്സിനായിരിക്കും. ഇതിനായി വിജ്ഞാന കേരളം ജനകീയ പ്രസ്ഥാനത്തിന്റെ ഭാഗമായി കുടുംബശ്രീ വലിയൊരു തൊഴിൽപദ്ധതിക്കുള്ള ക്യാമ്പയിന് തുടക്കം കുറിക്കുകയാണ്.

- ❖ ഓരോ മേഖലയിലും ഉള്ള തൊഴിലുകൾ തൊഴിലുടമകളെ നേരിട്ട് സന്ദർശിച്ച് പ്രാദേശികമായി കണ്ടെത്തി പട്ടികപ്പെടുത്തുക.

- തൊഴിൽ ചെയ്യാൻ സന്നദ്ധരായവരെ പ്രാദേശികമായി കണ്ടെത്തുകയും, കഴിവ്, അഭിരുചി, വിദ്യാഭ്യാസ യോഗ്യത എന്നിവയെ അടിസ്ഥാനപ്പെടുത്തി തരം തിരിക്കുകയും ചെയ്യുക.
- തൊഴിൽദാതാക്കളും തൊഴിലന്വേഷകരേയും തമ്മിൽ ബന്ധപ്പെടുത്തി പരമാവധി തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിന് ഉള്ള ചാലകശക്തിയായി കുടുംബശ്രീ സി.ഡി . എസ്സ് സംവിധാനത്തെ മാറ്റിയെടുക്കുക.
- നിലവിലെ തൊഴിൽ സാദ്ധ്യതകൾ നേടിയെടുക്കുന്നതിനാവശ്യമായ ഹ്രസ്വകാല / ദീർഘകാല നൈപുണ്യ പരിശീലനങ്ങൾ തദ്ദേശ സ്വയം ഭരണ അടിസ്ഥാനത്തിൽ ലഭ്യമാക്കുക
- തൊഴിലന്വേഷകർക്ക് തൊഴിൽ നേടിയെടുക്കുന്നതിനുള്ള ആത്മവിശ്വാസം, സാമൂഹികമായ പിന്തുണ, മെച്ചപ്പെട്ട തൊഴിൽ സാഹചര്യം എന്നിവ സൃഷ്ടിക്കുക
- തൊഴിൽ ലഭ്യമായവരുടെ നിലവിലെ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനുള്ള അധിക നൈപുണ്യ , പുനർ നൈപുണ്യം , പ്രവർത്തന മികവിനുള്ള നൈപുണ്യം എന്നിവ നൽകുക.

**7. ക്യാമ്പയിനിന്റെ ലക്ഷ്യം**

**7.1 മുഖ്യ ലക്ഷ്യം :** സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം 50 % മായി ഉയർത്തുക.

**7.2 ഉപലക്ഷ്യങ്ങൾ**

- സ്ത്രീകൾക്ക് സുസ്ഥിരമായ വരുമാനം , സാമ്പത്തിക സ്വാശ്രയത്വം എന്നിവ ഉറപ്പാക്കുക
- നിലവിലെ നൈപുണ്യത്തിന്റെ തോത് മനസ്സിലാക്കുക ആവശ്യമെങ്കിൽ നൈപുണ്യ പരിശീലനം നൽകുക.
- അയൽക്കൂട്ട കുടുംബങ്ങളിൽ പുതിയ വരുമാന സ്രോതസുകൾ / തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുക.
- ഗ്രീൻ ജോബ്സ് , ഗിഗ് ജോബ്സ് , കെയർ ഇക്കോണമി , റൂറൽ ടൂറിസം എന്നീ മേഖലകൾക്ക് ആവശ്യമായി വരുന്ന മാനുഷിക വിഭവങ്ങൾ കണ്ടെത്തി നൈപുണ്യ പരിശീലനം നൽകുക
- നിലവിലെ നൈപുണ്യം അധിക നൈപുണ്യം പുനർ നൈപുണ്യം എന്നിവയിലൂടെ പരിപോഷിപ്പിക്കുക

- ❖ പുത്തൻ സാങ്കേതിക വളർച്ചയ്ക്കാനുപാതികമായി നിലവിൽ തൊഴിലെടുക്കുന്നവരുടെ നൈപുണ്യം വികസിപ്പിക്കുക / സമപ്പെടുത്തുക അതുവഴി സന്തുഷ്ടരായ തൊഴിൽ സമൂഹത്തെ സൃഷ്ടിക്കുക.
- ❖ കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തെ സ്ത്രീകളുടെ തൊഴിൽ വികസന ഏജൻസി ആയി മാറ്റുക.

**8. തദ്ദേശ സ്വയം ഭരണ സ്ഥാപനവും കുടുംബശ്രീയും**

പ്രാദേശിക സാമ്പത്തിക വികസനത്തിൻറെ മുഖ്യ ഏജൻസിയാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ 04.01.2023 ലെ സർക്കാർ ഉത്തരവ് ( കൈ) നമ്പർ 3/2023 എൽ.എസ്.ജി.ഡി. മാർഗ്ഗരേഖയിലൂടെ പ്രാദേശിക സാമ്പത്തിക വികസന രംഗത്തെ പ്രവർത്തനങ്ങൾ നടത്തുന്നതിനും, പ്രാദേശിക തൊഴിൽസാദ്ധ്യതകൾ വികസിപ്പിക്കുന്നതിനും വിപുലമായ സാധ്യതകളും, ചുമതലകളുമാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നൽകിട്ടുള്ളത്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും കുടുംബശ്രീ മിഷനും വിജ്ഞാനകേരള മിഷനും ഉൾപ്പെടെയുള്ള വിവിധ ഏജൻസികളും നടത്തിവരുന്ന പ്രവർത്തനങ്ങളെ പ്രയോജനപ്പെടുത്തുകയാണ് ഈ കാമ്പയിനിൻറെ ലക്ഷ്യം. ക്യാമ്പയിൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പൂർണ പിന്തുണയോടെ നടപ്പിലാക്കുന്നതിനാൽ തൊഴിൽ ദാതാക്കളിലും തൊഴിലന്വേഷകരിലും ഒരുപോലെ വിശ്വാസം കൊണ്ടുവരാൻ സഹായിക്കും. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ക്രിയാത്മകമായ ഇടപെടലുകളിലൂടെ തൊഴിൽ ദാതാക്കളുടെയും തൊഴിലന്വേഷകരുടെയും ആവശ്യങ്ങൾ മനസിലാക്കാനും അതിലൂടെ പ്രസ്തുത പരിപാടിക്ക് കൂടുതൽ സുസ്ഥിരത വരുത്താൻ സാധിക്കും. പ്രാദേശിക സാമ്പത്തിക വികസനത്തിന് ഒഴിച്ചുകൂടാൽ കഴിയാത്ത പ്രധാന ഘടകമാണ് വേതനാധിഷ്ഠിത തൊഴിൽ മേഖലയും നൈപുണ്യ വികസനവും ഇക്കാര്യത്തിൽ പ്രാദേശിക സർക്കാരുകളുടെ പരിപൂർണ്ണ നേതൃത്വവും സാമ്പത്തിക പിന്തുണയും അത്യാവശ്യമാണ്.

ക്യാമ്പയിൻ പ്രവർത്തനങ്ങൾ കാര്യക്ഷമമായി ഏറ്റെടുത്തു നടത്തുവാനായി കുടുംബശ്രീക്ക് ഡി.ഡി.യു.ജി.കെ.വൈ പദ്ധതിക്ക് കീഴിലായി പഞ്ചായത്ത്/ മുനിസിപ്പാലിറ്റി തലം മുതൽ സംസ്ഥാനതലം വരെ നിലവിൽ സംവിധാനം ഉണ്ട് കൂടാതെ ടി സംവിധനത്തിന് വേതാധിഷ്ഠിത തൊഴിൽമേഖലയിൽ കഴിഞ്ഞ 10 വർഷത്തെ അനുഭവ സമ്പത്തുണ്ട്. വേതനാധിഷ്ഠിത തൊഴിൽ മേഖലയിൽ കുടുംബശ്രീക്ക് നേരിട്ടും അല്ലാതെയും പ്രവർത്തിച്ചുള്ള പരിചയം ടി ക്യാമ്പയിനിന്റേയും

ആയതിൻറെ തുടർപ്രവർത്തനത്തിന്റേയും നടത്തിപ്പിന് ഏറെ ഗുണകരമായിരിക്കും. (ഉദാ : കൊച്ചി മെട്രോ , തൊഴിലുറപ്പ് പദ്ധതി , സ്വാന്തനം , ഹരിത കർമ്മസേന). കൂടാതെ കുടുംബശ്രീയുടെ സാമൂഹിക സംഘടനാ സംവിധാനം നൽകുന്ന സാമൂഹികവും, മാനസികവും , വൈകാരികവും ആയ പിന്തുണ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഉയർത്താൻ ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ഈ ക്യാമ്പയിന് ശരിയായ ദിശ നൽകും എന്നതിൽ തർക്കമില്ല.

**9. പ്രവർത്തന സമീപനം**

(1) സംസ്ഥാന / ജില്ലാ / ബ്ലോക്ക് / തദ്ദേശ സ്വയം ഭരണ സ്ഥാപനത്തലത്തിൽ തൊഴിൽ ദാതാക്കളെ നേരിട്ട് കണ്ട് നിലവിലുള്ളതും ഭാവിയിൽ വരാൻ സാദ്ധ്യതയുള്ളതുമായ മുഴുവൻ തൊഴിലുകൾ ഏതെല്ലാമാണെന്നും ഓരോ തൊഴിലിനും ആവശ്യമായ മിനിമം വിദ്യാഭ്യാസ യോഗ്യത, നൈപുണ്യം , തൊഴിൽ പരിചയം, ലഭിക്കാൻ സാധ്യതയുള്ള വേതനം , തൊഴിൽ ചെയ്യേണ്ട സ്ഥലം, ഈ അവസരങ്ങൾ അവസാനിക്കുന്ന തിയ്യതി എന്നിവ സോഫ്റ്റ് വെയർ / മൊബൈൽ ആപ്പിൻറെ സഹായത്തോടെ ശേഖരിക്കുന്നതാണ്. (2) ശേഖരിച്ച വിവരങ്ങൾ സോഫ്റ്റ് വെയറിൻറെ സഹായത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തലത്തിൽ മാപ്പുചെയ്യുന്നതാണ് . (3) ലഭ്യമായ തൊഴിലുകൾ നേരിട്ട് നികത്താവുന്നത് ഉടന് നികത്തുന്നതിന് നടപടി സ്വീകരിക്കുകയും തുടർന്ന് ഏറ്റവും ഹ്രസ്വമായ (ഒന്ന് മുതൽ പരമാവധി അഞ്ചു ദിവസം വരെയുള്ള പരിശീലനം) പരിശീലനം നൽകേണ്ടത് , ഹ്രസ്വ കാല പരിശീലനം (അഞ്ചു ദിവസം മുതൽ പതിനഞ്ചു ദിവസം വരെ) നൽകേണ്ടവർ , ദീർഘകാല പരിശീലനം (15 ദിവസത്തിനു മുകളിൽ ) എന്നിങ്ങനെ പരിശീലന കാലയളവിൻറെ അടിസ്ഥാനത്തിൽ തരംതിരിച്ച് പരിശീലനം നല്കി തൊഴിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കും. തുടർന്ന് ലഭ്യമായ തൊഴിലവസരങ്ങൾ, മറ്റു വിവരങ്ങൾ എന്നിവ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തലത്തിൽ/ അയൽക്കൂട്ടത്തലത്തിൽ പ്രസിദ്ധപ്പെടുത്തുക എന്നതാണ്.

തദ്ദേശ സ്വയം ഭരണ തലത്തിൽ നടത്തിയ തൊഴിൽ സാധ്യതാ വിവര ശേഖരണത്തിൽ നിന്നും വേക്കൻസി ബാങ്ക് / ഓപ്പർച്ചുണിറ്റി ബാങ്ക് തയ്യാറാക്കി കഴിഞ്ഞാൽ, നിലവിൽ കണ്ടെത്തിയ തൊഴിലവരസങ്ങൾക്കായി അനുയോജ്യരായ തൊഴിൽ അന്വേഷകരെ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, ഓക്സിലറി ഗ്രൂപ്പുകൾ എന്നിവയിൽ കണ്ടെത്തി തൊഴിലുമായി ബന്ധിപ്പിക്കുക, ആവശ്യമായ നൈപുണ്യ പരിശീലനം നൽകുക എന്നിവയാണ് തുടർന്നുള്ള നടപടികൾ. അവസാന ഘട്ടത്തിൽ

ചെയ്യേണ്ടത് . ആയത്തിലേക്ക് അയൽക്കൂട്ട കുടുംബത്തിലെ ജോലി ചെയ്യാൻ സന്നദ്ധരായ യുവജനങ്ങളുടേയും സ്ത്രീകളുടേയും മുഴുവൻ വിവരങ്ങളും ശേഖരിക്കുകയും നിലവിലെ വിദ്യാഭ്യാസയോഗ്യത, അഭിരുചി, നിലവിലെ നൈപുണ്യത്തിൻറെ തോത്, അനുഭവസമ്പത്ത് എന്നിവ മനസ്സിലാക്കി വിവര സഞ്ചയത്തിൻറെ ഭാഗമാക്കുക. കൂടാതെ ആവശ്യമായ ഇടങ്ങളിൽ നൈപുണ്യ വികസനത്തിലൂടെ തൊഴിലവസരങ്ങൾ നേടാൻ വ്യക്തികളെ സജ്ജരാക്കുക എന്നതും ക്യാമ്പയിനിലൂടെ ലക്ഷ്യമിടുന്നു.

10. <u>ക്യാമ്പയിൻ പ്രവർത്തനങ്ങൾ</u>

**10.1 ക്യാമ്പയിൻ കൈപ്പുസ്തകം:** കാമ്പയിനിൻറെ പ്രാധാന്യം , ലക്ഷ്യം , രീതിശാസ്ത്രം, ചുമതല വിഭജനം, സമയക്രമം, പ്രവർത്തന കലണ്ടർ, വിവിധ പരിശീലനങ്ങൾ, പരിശീലനത്തിൽ കൈകാര്യം ചെയ്യേണ്ട വിഷയങ്ങൾ സൂചകങ്ങൾ എന്നിവ ഉൾപ്പെടുത്തി ക്യാമ്പയിൻ കൈപ്പുസ്തകം ലഭ്യമാക്കുക. കുടുംബശ്രീയും വിജ്ഞാന കേരളവും സംയുക്തമായി കൈപ്പുസ്തകം വികസിപ്പിക്കും.

**10.2 റിസോഴ്സ് പൂൾ രൂപീകരണം:** വേതനാധിഷ്ഠിത തൊഴിൽ മേഖല കുടുംബശ്രീയെ സംബന്ധിച്ച് ചെറിയ രീതിയിൽ മാത്രം ഇടപെട്ടിട്ടുള്ള മേഖലയായതിനാലും, പ്രസ്തുത മേഖല ഒരുപാട് വെല്ലുവിളികൾ നേരിടുന്നതിനാലും കൃത്യമായ രീതിയിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടത് അത്യാവശ്യമാണ്. പ്രസ്തുത പ്രവർത്തനത്തിന് വലിയ രീതിയിൽ പ്രചാരണവും, ബോധവൽക്കരണവും ആവശ്യമായതുനാലും മേൽ പ്രവർത്തനങ്ങൾ തുടർച്ചയായി നിർവഹിക്കപ്പെടേണ്ടതിനാലും സുസ്ഥിരമായ റിസോർസ് സംവിധാനം ഉണ്ടാക്കേണ്ടത് അത്യാവശ്യമാണ്. വിവിധ മേഖലയിൽ നിന്നും വിദഗ്ധരേയും, കുടുംബശ്രീ മുൻ കാല പ്രവർത്തകരേയും , കുടുംബശ്രീ സംഘടനാ സംവിധാനത്തിലെ റിസോർസ് ടീം അംഗങ്ങളേയും കൂടാതെ ഈ പ്രവർത്തനത്തിൽ പങ്കാളിവാൻ സന്നദ്ധരായവരെ കണ്ടെത്തി കൃത്യമായ ആശയ വ്യക്തതയുള്ള ഒരു റിസോഴ്സ്പൂൾ സംസ്ഥാന ജില്ലാ, ബ്ലോക്ക് തലത്തിൽ രൂപീകരിക്കേണ്ടതാണ്.

**10.3 വിവിധ പരിശീലന പരിപാടികൾ**

- ❖ കുടുംബശ്രീ മിഷനിലെ ഉദ്യോഗാർത്ഥികൾക്കുള്ള പരിശീലനം: കുടുംബശ്രീ സംസ്ഥാന ജില്ലാ മിഷനുകളിൽ ഉള്ള മുഴുവൻ ജീവനക്കാരെയും ഉൾപ്പെടുത്തി സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഉയർത്തുന്നതുമായി ബന്ധപ്പെട്ട് കുടുംബശ്രീ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കാമ്പയിനിനെപ്പറ്റി ഏകദിന ശിപ്പശാല

സംഘടിപ്പിക്കേണ്ടതും പ്രസ്തുത കാമ്പയിനുമായി ബന്ധപ്പെട്ട് ഓരോ അംഗങ്ങളുടെ ചുമതലകൾ എന്തൊക്കെയാണെന്നും നിശ്ചയിച്ച് നൽകേണ്ടതാണ്.

- ❖ കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺമാർ, വൈസ് ചെയർപേഴ്സൺമാർ, മെമ്പർ സെക്രട്ടറിമാർ എന്നിവർക്കുള്ള ജില്ലാ തല പരിശീലനം.
- ❖ ജനപ്രധിനിധികൾക്കുള്ള ജില്ലാതല / ബ്ലോക്കുതല പരിശീലനം. ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ്, സെക്രട്ടറി എന്നിവരെ ഉൾപ്പെടുത്തി ബ്ലോക്ക് തലത്തിലും, നഗരസഭാ ചെയർപേഴ്സൺ , കോർപറേഷൻ മേയർ കൂടാതെ വിവിധ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ / ചെയർപേഴ്സൺ എന്നിവരെ ഉൾപ്പെടുത്തി ജില്ലാതലത്തിലും ക്യാമ്പയിൻ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിനും, ക്യാമ്പയിനിന്റെ പ്രസക്തി ബോധ്യപ്പെടുത്തുന്നതിനുമായി പരിശീലനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.
- ❖ കുടുംബശ്രീ വിവിധ പിന്തുണാ സംവിധാനം / സപ്പോർട്ട് ഗ്രൂപ്പുകൾക്കുള്ള പരിശീലനം മുൻ സി.ഡി.എസ് ഭാരവാഹികൾ, റിസോർസ് പേഴ്സൺമാർ, എം.ഇ.സി മാർ, കാസ് അംഗങ്ങൾ, പരിശീലന ഗ്രൂപ്പ് അംഗങ്ങൾ, മെന്റേഴ്സ് തുടങ്ങീ ക്യാമ്പയിനുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാൻ താല്പര്യമുള്ള അംഗങ്ങളെ ഉൾപ്പെടുത്തി ജില്ലാതലത്തിൽ പരിശീലനം നൽകി ജില്ലാതല റിസോഴ്സ് പൂൾ രൂപീകരിച്ച് ചുമതല വിഭജിച്ചു നൽകേണ്ടതുമാണ് .
- ❖ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ തൊഴിൽ ദാതാക്കളെ നേരിട്ട് സന്ദർശിച്ച് തൊഴിൽ ലഭ്യതാവിവരം ശേഖരിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനതല പ്രതിനിധികൾ, സി.ഡി.എസ് ഭാരവാഹികൾ, എ.ഡി.എസ് ഭാരവാഹികൾ എന്നിവർക്കുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിലുള്ള പരിശീലനം.
- ❖ പ്രാദേശിക തൊഴിൽ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും അത്തരം തൊഴിലവസരങ്ങൾ സ്ത്രീകളുടെ തൊഴിലവസരങ്ങൾ ആക്കിമാറ്റുന്നതിനും സാമൂഹിക പിന്തുണ ഉറപ്പാക്കുന്നത് ഉൾപ്പെടെ ക്യാമ്പയിൻ വിശദാംശങ്ങൾ സംബന്ധിച്ച് എ.ഡി.എസ് സെക്രട്ടറി, പ്രസിഡൻറ് എന്നിവർക്കുള്ള സി.ഡി.എസ് തല പരിശീലനം ഇതിന്റെ തുടർച്ചയായി അയൽക്കൂട്ട സെക്രട്ടറി, പ്രസിഡൻറ് എന്നിവർക്കുള്ള എ.ഡി എസ് തല പരിശീലനം.

### 10.4 ദ്വിതീയ വിവരങ്ങളുടെ ശേഖരണവും സമാഹരണവും ഏകീകരണവും

വേതനാധിഷ്ഠിത തൊഴിൽ മേഖല / നൈപുണ്യ വികസനം എന്നിവയുമായി ബന്ധപ്പെട്ട് നിലവിൽ ലഭ്യമായിട്ടുള്ള മുഴുവൻ വിവരങ്ങളും തദ്ദേശ സ്വയം ഭരണ സ്ഥാപനാടിസ്ഥാനത്തിൽ ശേഖരിക്കുകയും ആയതിൻറെ നാളതീകരണവും , വിവര സമ്പുഷ്ടീകരണവും നടത്തേണ്ടതാണ്. ആയത്തിലേക്ക് കുടുംബശ്രീ ഡി.ഡി.യു.ജി.കെ.വൈ പദ്ധതിയുടെ ഭാഗമായി സി.ഡി.എസ് ഓഫീസിൽ ലഭ്യമാക്കിയ നൈപുണ്യ രജിസ്റ്ററിലെ വിവരങ്ങൾ, ഗൂഗിൾ ഷീറ്റ് പ്രകാരം ശേഖരിച്ച വിവരങ്ങൾ, ഉന്നതി (കുടുംബശ്രീ തൊഴിലുറപ്പ് പദ്ധതി സംയോജന പദ്ധതി ) സോഫ്റ്റിലെ വിവരങ്ങൾ, ഡോർ ടു ഡോർ ക്യാമ്പയിനിലൂടെ ശേഖരിച്ച വിവരങ്ങൾ, കൗശൽ പാൻജീ ആപ്പിലൂടെ ശേഖരിച്ച വിവരങ്ങൾ എന്നിവയാണ് ഉൾപ്പെടുത്തേണ്ടതും ഏകീകരിക്കേണ്ടതും.

### 10.5 സി.ഡി.എസ് തലത്തിൽ വേക്കൻസി ബാങ്ക് / ഓപ്പർച്യൂണിറ്റി ബാങ്ക് രൂപീകരിക്കാൻ

തദ്ദേശ സ്വയം ഭരണ സ്ഥാപന അദ്ധ്യക്ഷന്റെ നേതൃത്വത്തിൽ തൊഴിൽ ദാതാക്കളെ സന്ദർശിക്കുന്നതിനുള്ള കമ്മിറ്റി രൂപീകരിക്കേണ്ടതും പ്രസ്തുത കമ്മിറ്റ ഓരോ തദ്ദേശ സ്വയം ഭരണ പ്രദേശത്തെയും തൊഴിലുടമകളെ സന്ദർശിക്കുന്നതിനുള്ള ടാസ്ക് ഫോഴ്സുകളെ രൂപീകരിക്കേണ്ടതും ആണ്. ജനപ്രതിനിധികൾ, കുടുംബശ്രീ ഭാരവാഹികൾ, മുൻ കുടുംബശ്രീ പ്രവർത്തകർ, കുടുംബശ്രീ പരിശീലന അംഗങ്ങൾ, വ്യവസായ വകുപ്പ് ഇൻറെൻസ്, കുടുംബശ്രീ മെൻറ്റർമാർ /റിസോർസ് ഗ്രൂപ്പ് അംഗങ്ങൾ മറ്റു സന്നദ്ധ പ്രവർത്തകൻ എന്നിവരെ ഉൾപ്പെടുത്തിവേണം ടാസ്ക് ഫോഴ്സുകൾ രൂപീകരിക്കാൻ. തദ്ദേശ സ്വയം ഭരണാടിസ്ഥാനത്തിൽ രജിസ്റ്റർചെയ്യ്തും മറ്റു തൊഴിലവരസങ്ങൾ ഉള്ളതുമായ മുഴുവൻ സ്ഥാപനങ്ങളും സന്ദർശനത്തിന്റെ ഭാഗമാക്കേണ്ടതാണ്. ഓരോ തദ്ദേശ സ്വയം ഭരണ തലത്തിലും പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളുടെ എണ്ണത്തിനനുസരിച്ച് വേണം ടാസ്ക്ഫോഴ്സുകളുടെ എണ്ണം തീരുമാനിക്കാൻ. കൂടാതെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും കൂടുതൽ അവസരങ്ങൾ കണ്ടെത്തുന്നതിനും സംസ്ഥാന / നിയോജക മണ്ഡലം / ബ്ലോക്ക്/ തദ്ദേശസ്വയംഭരണ തല ടാസ്ക് ഫോഴ്സുകൾ രൂപീകരിക്കേണ്ടതും സ്ഥാപനങ്ങളുടെ വലിപ്പം ശരാശരി ലഭിക്കാവുന്ന തൊഴിലുകളുടെ എണ്ണം എന്നിവയെ അടിസ്ഥാനപ്പെടുത്തി വിവിധ തലത്തിലുള്ള ടാസ്ക് ഫോഴ്സുകൾ ഒഴിവുകൾ കണ്ടെത്തേണ്ടതുമാണ്.

തൊഴിൽദാതാക്കളെ നേരിട്ട് സന്ദർശിച്ച് നിലവിൽ ലഭ്യമായതും ഭാവിയിൽ ഉണ്ടാവാൻ സാദ്ധ്യതയുള്ളതുമായ തൊഴിലവസരങ്ങൾ, പ്രസ്തുത തൊഴിൽ കാര്യക്ഷമമായി പൂർത്തീകരിക്കുന്നതിനുള്ള നൈപുണ്യം എന്നിവ വാക്കൻസി ബാങ്ക്/ ഓപ്പർച്യൂണിറ്റി ബാങ്കിൻറെ വിവര സഞ്ചയത്തിൻറെ ഭാഗമാക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ കണ്ടെത്തുന്ന തൊഴിലുകൾ അനുബന്ധ വിവരങ്ങൾ എന്നിവ ക്രോഡീകരിച്ച് സി.ഡി.എസ് തല തൊഴിൽ കേന്ദ്രങ്ങളിൽ ലഭ്യമാക്കുന്നതും ആയതിന്റെ തുടർ പ്രവർത്തനങ്ങൾ തൊഴിൽ കേന്ദ്രങ്ങളുടെ ചുമതലയോടെ നടപ്പിലാക്കുന്നതും ആണ്.

**10.6 സി.ഡി.എസ് തല തൊഴിൽ കേന്ദ്രങ്ങൾ രൂപീകരിക്കൽ**

തൊഴിലവസരങ്ങളേയും മാനവവിഭവശേഷിയേയും ബന്ധിപ്പിക്കുന്നതിനായി സി.ഡി.എസ് തലത്തിൽ തൊഴിൽ കേന്ദ്രങ്ങൾ രൂപീകരിക്കണം. വേക്കൻസി ബാങ്ക്/ ഓപ്പർച്യൂണിറ്റി ബാങ്ക് എന്നിവ പ്രകാരം ലഭ്യമായ തൊഴിലുകളുടെ അലോട്ട്മെൻറ്, ആവശ്യമായ നൈപുണ്യ പരിശീലനം നൽകുക, മൈക്രോ ജോബ് ഫെയറുകൾ സംഘടിപ്പിക്കുക, ഹ്രസ്വ കല പരിശീലങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കണ്ടെത്തുക. ഓരോ സ്ഥാപനങ്ങളുടെയും ആവശ്യാനുസരണം തൊഴിലെടുക്കുന്നവരുടെ ലഭ്യത ഉറപ്പാക്കുക എന്നിവയാണ് ഇത്തരം തൊഴിൽ കേന്ദ്രങ്ങളുടെ ചുമതലകൾ. അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിലധിഷ്ഠിത നൈപുണ്യം പൂർത്തീകരിച്ച് ജോലിയിൽ പ്രവേശിച്ചവരുടെ സ്ഥിരമായ ഇടവേളകളിലുള്ള അവസ്ഥാ പരിശോധന, ജോലി മെച്ചപ്പെടുത്തുന്നതിനും പുതിയ ജോലി കണ്ടെത്തുന്നതിനുമുള്ള സഹായം, ഉദ്യോഗാർത്ഥികളുടെ രജിസ്ട്രേഷൻ തുടങ്ങിയ പ്രവർത്തനങ്ങൾ തൊഴിൽ കേന്ദ്രങ്ങൾ നടത്തേണ്ടതാണ്. തൊഴിൽ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു

- നൈപുണ്യ പരിശീലനം പൂർത്തീകരിച്ച് അവരുടെ ഡാറ്റാ ബാങ്ക് സൂക്ഷിക്കൽ: കെഡിസ്കിന്റെ ഡി.ഡബ്ല്യു.എം.എസുമായി ബന്ധപ്പെടുത്തി വിവരങ്ങൾ സൂക്ഷിക്കുക.
- ഓപ്പർച്യൂണിറ്റി ബാങ്ക് : പ്രാദേശികമായി ലഭ്യമാകുന്ന അവസരങ്ങൾ കണ്ടെത്തുകയും അനുയോജ്യരായ ഉദ്യോഗാർത്ഥികളുമായി അവയെ ബന്ധപ്പെടുത്തുകയും ചെയ്യുക.

- ❖ നൈപുണ്യ പരിശീലന അവബോധം: നിലവിലുള്ള നൈപുണ്യ പരിശീലന പദ്ധതികൾ, ലഭ്യമായ തൊഴിൽ അവസരങ്ങൾ എന്നിവയെപ്പറ്റിയുള്ള വിവരങ്ങൾ ലഭ്യമാകുന്ന കേന്ദ്രമായി പ്രവർത്തിക്കുക.
- ❖ തൊഴിലിലേക്ക് നിയോഗിച്ചവർക്ക് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ, തുടർ പരിശീലനങ്ങൾ , തൊഴിലെടുക്കുന്നതിനുള്ള പ്രോത്സാഹനം തുടങ്ങിയ പ്രവർത്തനങ്ങൾ.
- ❖ തൊഴിൽ സ്ഥാപനങ്ങളിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്ക് അനുയോജ്യരായ തൊഴിലന്വേഷകരുടെ ലിസ്റ്റ് ലഭ്യമാക്കൽ.

സി. ഡി. എസ്സ് ചെയർപേർസൺ , വൈസ് ചെയർപേർസൺ, ഉപസമിതി കൺവീനർമാർ , സി.ഡി.എസ്സ് അംഗങ്ങൾ , സി. ഡി. എസ്സ് അക്കൌണ്ടൻറ് , കുടുംബശ്രീ മെൻഡർ, കമ്യൂണിറ്റി അംബാസിഡർ ,സി.ഡി.എസ്സ് ചുമതലപ്പെടുത്തുന്നവർ എന്നിവർ ചേർന്നാണ് തൊഴിൽ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടത്.

**10.7 അയൽക്കൂട്ട തല പ്രാഥമിക വിവര ശേഖരണം**

അയൽക്കൂട്ട തലത്തിൽ ലഭ്യമാക്കുന്ന ഫോർമാറ്റിൽ ഓരോ അയൽക്കൂട്ട കുടുംബത്തിലെയും തൊഴിലന്വേഷകരുടെ വിവരങ്ങൾ ശേഖരിക്കേണ്ടതാണ് . ഓരോ അംഗത്തിൻറെയും വിദ്യാഭ്യാസ യോഗ്യത, ജോലിചെയ്യുന്നതിനുള്ള സന്നദ്ധത, ഏതുമേഖലയിലാണ് തൊഴിൽ ചെയ്യുന്നതിനുള്ള താല്പര്യമുള്ളത്, പ്രാദേശികമായാണോ ജോലിക്ക് ശ്രമിക്കുന്നത്, പ്രതീക്ഷിക്കുന്ന ചുരുങ്ങിയ വേതനം , ആവശ്യമായ നൈപുണ്യ പരിശീലനം, ജില്ലക്ക് / സംസ്ഥാനത്തിന് പുറത്ത് ജോലിനേടി പോകുന്നതിനുള്ള സന്നദ്ധത എന്നിവയാണ് പ്രാഥമിക വിവരശേഖരണത്തിന്റെ ഭാഗമാക്കാൻ തീരുമാനിച്ചിട്ടുള്ളത്. പ്രസ്തുത വിവരങ്ങൾ അയൽക്കൂട്ട പ്രസിഡൻറ് / സെക്രട്ടറി ക്യാമ്പയിനിനെ (പ്രവർത്തനങ്ങൾ, ലക്ഷ്യം) പറ്റി അയൽകൂട്ടത്തിൽ വിശദമായി ചർച്ച ചെയ്തതിനു ശേഷം ഫോർമാറ്റിൽ ശേഖരിക്കേണ്ടതും ആയതു എ.ഡി.എസ് ന് കൈമാറേണ്ടതുമാണ്. കൂടാതെ ദ്വിതീയ വിവരങ്ങൾ നാളതീകരിക്കുന്നതിനും സമ്പുഷ്ടിപ്പെടുത്തുന്നതിനും അയൽക്കൂട്ട വിവരശേഖരണ സമയത്ത് പ്രത്യേകമായി ശ്രദ്ധിക്കുകയും മുഴുവൻ വിവരങ്ങൾ ഏകീകരിക്കുന്നതിനും സി.ഡി.എസ് തലത്തിൽ വ്യത്യസ്ത വിവരങ്ങൾ /ഇരട്ടിപ്പ് ഇല്ലാതാക്കാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**10.8 തദ്ദേശ സ്വയം ഭരണസ്ഥാപന തലത്തിൽ തൊഴിൽ വികസന സമിതി രൂപീകരിക്കുക**

ഓരോ സി.ഡി.എസിലെയും നിലവിലെ തൊഴിൽദിനങ്ങൾ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചും നിലവിലെ അവസരങ്ങൾ പരമാവധി അയൽക്കൂട്ട അംഗങ്ങൾക്ക് ലഭ്യമാക്കിയും വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഓരോ സി ഡി എസ് പരിധിയിലും വേതനധിഷ്ഠിത തൊഴിൽ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.വിവിധ വ്യാപാര വ്യവസായ കൂട്ടായ്മകൾ, ഏജൻസികൾ , തൊഴിൽ ദാതാക്കൾ , സ്ഥാപന ഭാരവാഹികൾ , പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി വേതനാധിഷ്ഠിത തൊഴിൽ കമ്മിറ്റി രൂപീകരിക്കാവുന്നതാണ് .

**10.9 മൊബൈൽ ആപ് സംവിധാനത്തോട് കൂടിയ സോഫ്റ്റ് വെയർ / ഓൺലൈൻ ജോബ് പോർട്ടൽ സജ്ജമാക്കൽ**

സ്ഥാപനങ്ങൾ നേരിട്ട് സന്ദർശിച്ച് തൊഴിൽ ലഭ്യത ചിട്ടയായി രേഖപ്പെടുത്തുന്നതിനും, ലഭ്യമായ തോഴിലുകൾ മേഖല അടിസ്ഥാനത്തിലും ഓരോ തൊഴിലും ലഭ്യമായ പ്രദേശത്തിന്റേയും അടിസ്ഥാനത്തിൽ മാപ് ചെയ്യുന്നതിനും കൂടാതെ തൊഴിലന്വേഷകരുടെ വിവരങ്ങൾ അയൽക്കൂട്ട തലത്തിൽ ശേഖരിക്കുന്നതിനും , ക്രോഡീകരിക്കുന്നതിനും മൊബൈൽ ആപ് സംവിധാനത്തോട് കൂടിയ സോഫ്റ്റ് വെയർ കാമ്പയിനിൻറെ ഭാഗമായി കെ-ഡിസ്ക് ലഭ്യമാക്കുന്നതാണ്. അടുത്ത ഘട്ടത്തിൽ, തൊഴിൽ ദാതാക്കളേയും തൊഴിലന്വേഷകരേയും പരസ്പരം ബന്ധിപ്പിക്കുന്നതിനായി പ്രായോഗികമായ രീതിയിൽ ജോബ് പോർട്ടൽ സംവിധാനം തയ്യാറാക്കാവുന്നതും പ്രസ്തുത മേഖലയിലെ ഡിമാൻഡും സപ്ലൈയും തമ്മിൽ ബന്ധിപ്പിക്കാവുന്നതും ആണ്

**10.10 കണ്ടെത്തിയ തൊഴിലുകളും ഇത്തരം തൊഴിൽ ഏറ്റെടുക്കാൻ സന്നദ്ധരായവരെയും പരസ്പരം ബന്ധപ്പെടുത്തി തൊഴിൽ ലഭ്യമാക്കൽ**

**10.10.1 നേരിട്ട് തൊഴിലിലേയ്ക്ക് ബന്ധപ്പെടുത്താവുന്നവ:**

തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ സ്ഥാപനങ്ങൾ സന്ദർശിച്ച് കണ്ടെത്തിയ തൊഴിലുകൾ നിലവിലെ തൊഴിലന്വേഷകരുടെ യോഗ്യതയ്ക്ക് തുല്യമാണെങ്കിൽ പ്രാദേശികമായി അവബോധം നല്കി ബന്ധപ്പെട്ട തൊഴിൽ ദാതാവിന്റെ ആവശ്യകതയ്ക്കനുസരിച്ച് ലഭ്യമാക്കുന്ന പട്ടികയിൽ നിന്നും തൊഴിലിലേയ്ക്ക് നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്. അല്ലെങ്കിൽ ഹ്രസ്വ കാല

പരിശീലനത്തിലൂടെ നേടിയെടുക്കാവുന്ന ഒഴിവുകളാണെങ്കിൽ ഇത്തരം ഒഴിവുകൾ പ്രാദേശിക തലത്തിൽ പരിശീലനം നല്കി തൊഴിലിലേക്ക് നിയോഗിക്കാവുന്നതാണ്.

**10.10.2 നൈപുണ്യ വികസനത്തിലൂടെ തൊഴിൽ ലഭ്യമാക്കൽ**

അവസരങ്ങൾ രൂപപ്പെട്ടുവരുന്നതിനു മുമ്പുതന്നെ അവയ്ക്കാവശ്യമായ നൈപുണ്യമുള്ളവരെ തയ്യാറാക്കി അവർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനാണ് ഇവിടെ പ്രാധാന്യം. വിവരസഞ്ചയത്തിലെ മാനവവിഭവശേഷിയിലെ വ്യത്യസ്തത വിശകലനം ചെയ്തുകൊണ്ട് തൊഴിലന്വേഷകർക്ക് ആവശ്യമായ നൈപുണ്യ വികസനം നടത്തുന്നതിന് അഞ്ചുതരത്തിലുള്ള സമീപനങ്ങൾ സ്വീകരിക്കുന്നതാണ്.

- ❖ പ്രാദേശികമായി ലഭ്യമാകുന്ന തൊഴിലുകൾ ചെയ്യുന്നതിന് സ്ത്രീകളെ തയ്യാറാക്കുന്നതിനുള്ള ഹ്രസ്വ കല പരിശീലനം
- ❖ പ്രാദേശിക തൊഴിലുകൾ കാര്യക്ഷമമായി ചെയ്യുന്നതിനും സ്ത്രീകളുടെ ആത്മവിശ്വാസം , അതിജീവന നൈപുണ്യം എന്നിവ ഉയർത്തുന്നതിനും ഉള്ള പരിശീലനം.
- ❖ സാങ്കേതിക നൈപുണ്യവികസനം
- ❖ തൊഴിൽ പ്രാപ്തിക്കു വേണ്ട അധിക പരിശീലനം
- ❖ അധിക നൈപുണ്യവും പുനർ നൈപുണ്യവും

**11. പരിശീലന ചെലവും മറ്റു സൗകര്യങ്ങൾ സജ്ജമാക്കലും**

തൊഴിൽ ചെയ്യാൻ സന്നദ്ധരായവർക്ക് ആവശ്യമായ വിവിധങ്ങളായ നൈപുണ്യ പരിശീലനം നൽകുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തുക വകയിരുത്തേണ്ടതാണ്. കൂടാതെ പരിശീലനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ പരിശീലന ഹാൾ, മറ്റു അനുബന്ധ സൗകര്യങ്ങൾ, വിവിധ പരിശീലനം നൽകുന്നതിനുള്ള ഫാക്കൽറ്റി സജ്ജമാക്കൽ ( തദ്ദേശ സ്വയം ഭരണ സ്ഥാപനത്തലത്തിൽ ഫാക്കൽറ്റി പൂൾ ഉണ്ടാക്കാവുന്നതാണ്) കൂടാതെ ഈ പരിശീലനങ്ങൾ ക്രിയാത്മകമായി നടപ്പിലാക്കുന്നതിനുള്ള റിസോഴ്സ് പൂൾ എന്നിവ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തലത്തിൽ കണ്ടെത്തേണ്ടതും മറ്റു ക്രമീകരണങ്ങൾ നടത്തേണ്ടതും ആണ്. കൂടാതെ കുടുംബശ്രീ ഇതിനോടകം ആരംഭിച്ചിട്ടുള്ള കണ്ടക്ട് ടു വർക്ക് സെന്ററിന്റെ സേവനം , വിജ്ഞാന കേരളം പദ്ധതിയിലൂടെ ആരംഭിച്ച ജോബ് സ്റ്റേഷനുകളുടെ സൗകര്യങ്ങൾ , റിസോർസ് പേഴ്സൺമാർ എന്നിവരുടെ സേവനങ്ങൾ പരിശീലനം നൽകുന്നതിനായി ഉപയോഗപ്പെടുത്തതാവുന്നതാണ്.

പരിശീലന പരിപാടിയുടെ മൊത്തം നടത്തിപ്പ് കുടുംബശ്രീ മിഷനും വിജ്ഞാനകേരളവും സംയുക്തമായി ആസൂത്രണം ചെയ്തു നടപ്പിലാക്കണം.

**12. കാമ്പയിൻ ലക്ഷ്യം കൈവരിക്കുന്നതിനായി വിവിധ ഏജൻസികളുടെ ചുമതലകൾ**

**12.1 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ :** കാമ്പയിൻ പ്രവർത്തനങ്ങൾ തദ്ദേശ സ്വയം ഭരണ തലത്തിൽ നടപ്പിലാക്കുന്നതിനും, പ്രാദേശികമായി തൊഴിൽ ദായകരെ കണ്ടെത്തുന്നതിനും നേതൃത്വം നൽകേണ്ടത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളാണ്. കൂടാതെ ക്യാമ്പയിനാവശ്യമായ സാമൂഹിക പിന്തുണ നൽകുക, അടിസ്ഥാന സൗകര്യങ്ങൾ നൽകുക, നൈപുണ്യ പരിശീലനത്തിനാവശ്യമായ തുക പദ്ധതിയിൽ വകയിരുത്തുക എന്നിവ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ചുമതലകളാണ്.

തദ്ദേശ സ്വയം ഭരണ തലത്തിൽ ശേഖരിച്ച തൊഴിൽ വിവരങ്ങൾ സോഫ്റ്റ് വെയറിൻറെ സഹായത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തലത്തിൽ മാപ്പ് ചെയ്തു കഴിഞ്ഞാൽ, ആയതിലേക്ക് തൊഴിലന്വേഷകരെ സജ്ജമാക്കുന്നതിനുള്ള ഏറ്റവും ഹ്രസ്വമായ പരിശീലനം (ഒന്ന് മുതൽ പരമാവധി അഞ്ചു ദിവസം വരെയുള്ള പരിശീലനം) നൽകേണ്ടത് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ ഒന്നിയിലധികം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംയുക്തമായോ ആണ് . ഇത്തരത്തിൽ ഒന്നിലതികം ഗ്രാമ പഞ്ചായത്തുകൾ സംയുക്തമായോ , ഗ്രാമപഞ്ചായത്ത് ബ്ലോക്ക് പഞ്ചായത്ത് ജില്ലാ പഞ്ചായത്ത് എന്നിവക്ക് സംയുക്തമായോ തനിച്ചോ ഹ്രസ്വകാല പരിശീലനങ്ങൾ സംഘടിപ്പിക്കാവുന്നതാണ്.

**ഹ്രസ്വ കാല (ഒന്ന് മുതൽ പരമാവധി അഞ്ചു ദിവസം വരെയുള്ള പരിശീലനം) നൈപുണ്യ പരിശീലനത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ താഴെ കൊടുത്ത പ്രകാരം തുക വകയിരുത്തേണ്ടതാണ്**

ഗ്രാമ പഞ്ചായത്തുകൾ – ചുരുങ്ങിയത് 5 ലക്ഷം രൂപ

ബ്ലോക്ക് പഞ്ചായത്തുകൾ – ചുരുങ്ങിയത് 5 ലക്ഷം രൂപ

ജില്ലാ പഞ്ചായത്തുകൾ – ചുരുങ്ങിയത് 15 ലക്ഷം രൂപ

മുനിസിപ്പാലിറ്റി – ചുരുങ്ങിയത് 10 ലക്ഷം രൂപ

കോർപ്പറേഷൻ – ചുരുങ്ങിയത് 15 ലക്ഷം രൂപ

**12.2 കുടുംബശ്രീ മിഷൻ :** പ്രസ്തുത പ്രവർത്തനത്തിനാവശ്യമായ പരിശീലനം നൽകുക, റിസോർസ് പൂൾ ഉണ്ടാക്കുക, വിവിധ പരിശീലന വിവര ശേഖരണ ഫോർമാറ്റുകൾ, കൈപ്പുസ്തകങ്ങൾ മറ്റു പരിശീലന സാമഗ്രികൾ വികസിപ്പിക്കുക എന്നിവ കുടുംബശ്രീ മിഷൻറെ ചുമതല ആയിരിക്കും. കൂടാതെ പ്രവർത്തനങ്ങളുടെ സംയോജനം വിലയിരുത്തൽ, പശ്ചാത്തലസൃഷ്ടി എന്നിവ കുടുംബശ്രീ മിഷൻ നൽകുന്നതായിരിക്കും.

തൊഴിൽ ചെയ്യാൻ താൽപര്യമുള്ളവരെ അയൽക്കൂട്ടത്തല സർവേയിലൂടെ കണ്ടെത്തുക, സ്ത്രീകളിൽ തൊഴിൽ ചെയ്യുന്നതിനുള്ള താത്പര്യം വർദ്ധിപ്പിക്കുക കൂടാതെ സ്ത്രീകളുടെ തൊഴിലുമായി ബന്ധപ്പെട്ട വിവിധ ആവശ്യങ്ങൾ കണ്ടെത്തുക എന്നിവ കുടുംബശ്രീയുടെ ചുമതലയാണ്. സ്ത്രീകളുടെ തൊഴിൽ സാദ്ധ്യതകൾ വർധിപ്പിക്കുന്നതിന് ആവശ്യമായ നൈപുണ്യ പരിശീലനം നൽകുക തൊഴിലന്വേഷകരെ തൊഴിൽ ദാതാക്കളുമായി ബന്ധിപ്പിച്ച തൊഴിൽ ലഭ്യമാക്കുക തുടർ നടപടികൾ സ്വീകരിക്കുക എന്നിവയും കുടുംബശ്രീയുടെ ചുമതലകളാണ് . കൂടാതെ തദ്ദേശ സ്വയം ഭരണ തലത്തിൽ തൊഴിൽ ദാതാക്കളെ നേരിട്ടുകണ്ട് വേക്കൻസി ബാങ്ക് , ഓപ്പർച്യൂണിറ്റി ബാങ്ക് എന്നിവ തയ്യാറാക്കേണ്ടതും കുടുംബശ്രീയുടെ ചുമതലകളാണ്

**12.3 വിജ്ഞാന കേരളം :** വിജ്ഞാന കേരളം പ്രവർത്തനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന റിസോർസ് പേഴ്സൺമാർ, മറ്റു സന്നദ്ധ പ്രവർത്തകൾ എന്നിവയുടെ സേവനവും കുടുംബശ്രീ നേതൃത്വത്തിൽ നടക്കുന്ന ക്യാമ്പയിന് നൽകുന്നതാണ്. പദ്ധതിയുടെ ഭാഗമായി ആരംഭിച്ച ജോബ് സ്റ്റേഷൻ സേവനങ്ങൾ, ഫെസിലിറ്റേഷൻ സെൻറർ എന്നിവയുടെ സേവനങ്ങളും കുടുംബശ്രീ ക്യാമ്പയിനുവേണ്ടി പ്രയോജനപ്പെടുത്താവുന്നതാണ് .

**12.4 കെ- ഡിസ്ക് :** സ്ഥാപനങ്ങൾ നേരിട്ട് സന്ദർശിച്ച് തൊഴിൽ ലഭ്യത ചിട്ടയായി രേഖപ്പെടുത്തുന്നതിനും, ലഭ്യമായ തോഴിലുകൾ മേഖല അടിസ്ഥാനത്തിലും ഓരോ തൊഴിലും ലഭ്യമായ പ്രദേശത്തിന്റേയും അടിസ്ഥാനത്തിൽ മേപ്പ ചെയ്യുന്നതിനും കൂടാതെ തൊഴിലന്വേഷകരുടെ വിവരങ്ങൾ അയൽക്കൂട്ട തലത്തിൽ ശേഖരിക്കുന്നതിനും , ക്രോഡീകരിക്കുന്നതിനും മൊബൈൽ ആപ് സംവിധാനത്തോട് കൂടിയ ഇ.ആർ.പി സോഫ്റ്റ് വെയർ കാമ്പയിനിൻറെ ഭാഗമായി തയ്യാറാക്കുന്നതിനുള്ള ചുമതല കെ-ഡിസ്ക്നാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തലത്തിൽ തൊഴിലുകൾ മാപ്പ് ചെയ്തു കഴിഞ്ഞാൽ ഏറ്റവും ഹ്രസ്വമായ

പരിശീലനം (ഒന്ന് മുതൽ പരമാവധി അഞ്ചു ദിവസം വരെയുള്ള പരിശീലനം) ഒഴികെയുള്ള മുഴുവൻ ഹ്രസ്വ / ദീർഘ കാല പരിശീലനത്തിന്റെയും ചുമതലയും തുക വകയിരുത്തേണ്ടതും കെ-ഡിസ്ക് ആണ്. ആവശ്യമെങ്കിൽ മറ്റ് സാമാന്യ നൈപുണ്യ വികസന പദ്ധതികളുമായി സംയോചിപ്പിച്ചും (ആസാപ്, കെ.എ.എസ്സ്.ഇ, ഡി.ഡി.യു.ജി.കെ.വൈ) പരിശീലനങ്ങൾ സംഘടിപ്പിക്കാവുന്നതാണ് . ഇത്തരം പദ്ധതി സംയോജനത്തിന്റെ ചുമതലയും ക-ഡിസ്ക്നായിരിക്കും

**12.5 കുടുംബശ്രീ സി.ഡി.എസ് :** ഓരോ സി.ഡി.എസ് പരിധിയിലും ഉള്ള തൊഴിലവസരങ്ങൾ എംപ്ലോയർ സർവ്വേ വഴി കണ്ടെത്തുകയും ആയതിനെ തൊഴിലന്വേഷകരുമായി ബന്ധിപ്പിക്കുകയും ചെയ്യുന്നതിന് സി.ഡി.എസ് തലത്തിൽ പ്രവർത്തിക്കുക. മേൽ പ്രവർത്തനങ്ങൾ സി.ഡി.എസ് തലത്തിൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള റിസോഴ്സ് പൂൾ ഉണ്ടാക്കുക പ്രവർത്തനങ്ങൾ വിലയിരുത്തുക. കൂടാതെ സി.ഡി.എസ് തലത്തിൽ പ്ലേസ് മെന്റ് സെൽ ആരംഭിക്കുകയും പ്രവർത്തനങ്ങൾ കൃത്യമായി നടപ്പിലാക്കുകയും ചെയ്യുക. ഓരോ സി.ഡി.എസ് പരിധിയിലും ലഭ്യമായ മാനുഷിക വിഭവങ്ങളുടെ കണക്ക് മേഖല തിരിച്ച് സൂക്ഷിക്കുകയും ആവശ്യങ്ങൾക്കനുസരിച്ച് സമയബന്ധിതമായി ലഭ്യമാക്കുകയും ചെയ്യുക.

**12.6 കുടുംബശ്രീ എ.ഡി.എസ്:** വാർഡുതല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക , അയൽക്കൂട്ട തല വിവരശേഖരണത്തിൻറെ വാർഡുതല ക്രോഡീകരണം നടത്തുക, വാർഡുതലത്തിൽ വേക്കൻസി/ ഓപ്പർച്യൂണിറ്റി ബാങ്ക് തയ്യാറാക്കൽ നാളതീകരിക്കൽ എന്നിവയുടെ ചുമതല എ.ഡി.എസ് നിർവഹിക്കേണ്ടതാണ്.

**12.7 അയൽക്കൂട്ടം:** പദ്ധതിയുമായി ബന്ധപ്പെട്ടു അയൽക്കൂട്ടത്തലത്തിൽ ചർച്ച ചെയ്ത് ഓരോ അയൽക്കൂട്ടത്തിലും നിലവിലെ ലഭ്യമായ വേതനധിഷ്ഠിത തൊഴിലിന്റെ സ്ഥിതി, അയൽക്കൂട്ട കുടുംബാംഗത്തിന്റേയും നൈപുണ്യത്തിന്റെ തോത്, നൈപുണ്യ പരിശീലനത്തിന്റെ ആവശ്യകത എന്നിവ നിശ്ചിത ഫോർമാറ്റിൽ രേഖപ്പെടുത്തി എ.ഡി.എസ് ന് കൈമാറേണ്ടതാണ്. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി വ്യാപകമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക, വാർഡുതലത്തിൽ സംഘടിപ്പിക്കുന്ന ക്ലാസുകളിൽ പങ്കാളിത്തം ഉറപ്പാക്കുക, അയൽക്കൂട്ടത്തിൽ തുടർ ചർച്ചകൾ സംഘടിപ്പിക്കുക, തെഴിലിനായി പോകുന്ന സ്ത്രീകൾക്ക് പ്രോത്സാഹനവും പിന്തുണയും നൽകുക.

**13. സംഘാടനം**

**13.1** വിജ്ഞാനകേരളം സംസ്ഥാന/ ജില്ലാ കൗൺസിൽ : 12.02.2025 തീയ്യതിയിലെ സ. ഉ (സാധാ) നം.445 /2025/ എൽ .എസ്സ് .ജി . ഡി ഉത്തരവ് പ്രകാരം വിജ്ഞാന കേരളം ജനകീയ ക്യാമ്പയിനിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സംസ്ഥാന തലത്തിലും ജില്ലാത്തലത്തിലും കൗൺസിലുകൾ രൂപീകരിച്ചിട്ടുണ്ട് . ഇതേ കൌൺസിലുകൾ തന്നെ ആയിരിക്കും വിജ്ഞാനകേരളവുമായി ബന്ധപ്പെട്ട് കുടുംബശ്രീ നടപ്പിലാക്കുന്ന ക്യാമ്പയിന് വേണ്ട പിന്തുണാ സംവിധാനങ്ങൾ സംസ്ഥാന /ജില്ലാ തലങ്ങളിൽ ഏകോപിപ്പിക്കുന്നത്.

**13.2** 19.12.2024 തീയ്യതിയിലെ സ. ഉ (കൈ) നം.179 /2024 / എൽ .എസ്സ് .ജി . ഡി ഉത്തരവ് പ്രകാരം വിജ്ഞാനകേരളം പദ്ധതിയുടെ പ്രവർത്തന രൂപ രേഖയിലെ ഘടന പ്രകാരം ജില്ലാതല പി.എം.യു രൂപം നൽകണമെന്ന് പറഞ്ഞിട്ടുണ്ട്. പ്രസ്തുത പി.എം.യു വിജ്ഞാനകേരളവുമായി ബന്ധപ്പെട്ട് കുടുംബശ്രീ നടപ്പിലാക്കുന്ന ക്യാമ്പയിനുവേണ്ടി കുടുംബശ്രീ മിഷനിൽ തൊഴിൽ ക്യാമ്പയിനുവേണ്ടി രൂപീകരിക്കുന്ന ടീമും ഏകോപിപ്പിച്ച് പ്രവർത്തിക്കുക.

**13.3** 19.12.2024 തീയ്യതിയിലെ സ. ഉ (കൈ) നം.179 /2024 / എൽ .എസ്സ് .ജി . ഡി ഉത്തരവ് പ്രകാരം വിജ്ഞാനകേരളം പദ്ധതിയുടെ പ്രവർത്തന രൂപ രേഖയിലെ ഘടന പ്രകാരം എല്ലാ ബ്ലോക്കിലും മുനിസിപാലിറ്റികളിലും കോർപ്പറേഷനുകളിലും ജോബ് സ്റ്റേഷനുകൾ രൂപീകരിച്ചിട്ടുണ്ട് . ഇതേ ജോബ് സ്റ്റേഷനുകൾക്കു തന്നെയാണ് വിജ്ഞാനകേരളവുമായി ബന്ധപ്പെട്ട് കുടുംബശ്രീ നടപ്പിലാക്കുന്ന ക്യാമ്പയിൻ നടത്തിപ്പ് ചുമതല.

**13.4** 19.12.2024 തീയ്യതിയിലെ സ. ഉ (കൈ) നം.179 /2024 / എൽ .എസ്സ് .ജി . ഡി ഉത്തരവ് പ്രകാരം വിജ്ഞാനകേരളം പദ്ധതിയുടെ പ്രവർത്തന രൂപ രേഖയിലെ ഘടന പ്രകാരം എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ലോക്കൽ ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കണം എന്ന് പറഞ്ഞിട്ടുണ്ട് . വിജ്ഞാനകേരളം ലോക്കൽ ഫെസിലിറ്റേഷൻ സെന്ററുകൾ സി.ഡി.എസ് തല തൊഴിൽ കേന്ദ്രങ്ങളുമായും സി.ഡി.എസ് തലത് തൊഴിൽ വികസന സമിതി എന്നിവയുമായി സംയോജിച്ച് പൊതു താല്പര്യത്തെ മുൻനിർത്തി വേണം പ്രവർത്ഥിക്കാൻ.

**14. വിജ്ഞാനകേരളം പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ നടപ്പിലാക്കുന്ന ക്യാമ്പയിൻ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനും ക്യാമ്പയിൻ ലക്ഷ്യങ്ങൾ**

**നേടിയെടുക്കുന്നതിനുമായി കുടുംബശ്രീ താഴെ പറയുന്ന യൂണിറ്റുകളെ / കമ്മിറ്റികളെ രൂപീകരിക്കുന്നതാണ്**

**14.1 സംസ്ഥാന തല ടാസ്ക് ഫോഴ്സ് :** ക്യാമ്പയിൻ പ്രവർത്തനങ്ങൾക്കുള്ള മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനും, ഏകോപിപ്പിക്കുന്നതിനും, പുരോഗതി വിലയിരുത്തുന്നതിനും എൽ.സ്.ജി.ഡി. സ്പെഷ്യൽ സെക്രട്ടറി ചെയർപേഴ്സണും, എക്സിക്യൂട്ടീവ് ഡയറക്ടർ കുടുംബശ്രീ കൺവീനറും മറ്റു തിരഞ്ഞെടുത്ത അംഗങ്ങളേയും ഉൾപ്പെടുത്തി സംസ്ഥാന തല ടാസ്ക്ക് ഫോഴ്സ് രൂപീകരിക്കുന്നതാണ് ( ടാസ്ക്ക് ഫോഴ്സിൻറെ ഘടന അംഗങ്ങളുടെ വിവരങ്ങൾ എന്നിവ പ്രത്യേക ഉത്തരവായി ഇറക്കുന്നതാണ്.)

**14.2 സംസ്ഥാനതല പ്രൊജക്റ്റ് ഇമ്പ്ളിമെന്റേഷൻ യൂണിറ്റ് :** സംസ്ഥാന തലത്തിൽ ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ നത്തിപ്പിനായി കുടുംബശ്രീ സംസ്ഥാന മിഷനിൽ എല്ലാ സ്കീമുകളിൽ നിന്നും പ്രാധിനിത്യം ഉറപ്പാക്കി ഒരു പ്രോജക്റ്റ് ഇമ്പ്ളിമെന്റേഷൻ യൂണിറ്റ് രൂപീകരിക്കും.(സംസ്ഥാനതല പ്രൊജക്റ്റ് മാനേജ്മൻറ് യൂണിറ്റിന്റെ ഘടന അംഗങ്ങളുടെ വിവരങ്ങൾ എന്നിവ പ്രത്യേക ഉത്തരവായി ഇറക്കുന്നതാണ്).

**14.3 ജില്ലാതല പ്രൊജക്റ്റ് ഇമ്പ്ളിമെന്റേഷൻ യൂണിറ്റ് :** ജില്ലാ തല ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ നടത്തിപ്പ് ചുമതലക്കായി ഒരു പ്രോജക്റ്റ് ഇമ്പ്ളിമെന്റേഷൻ യൂണിറ്റ് എല്ലാ സ്കീമുകളിൽ നിന്നും പ്രാധിനിത്യം ഉറപ്പാക്കി ജില്ലാ തലത്തിൽ രൂപീകരിക്കും (ഘടന അംഗങ്ങളുടെ വിവരങ്ങൾ എന്നിവ പ്രത്യേക ഉത്തരവായി ഇറക്കുന്നതാണ്).

**14.4 ബ്ലോക്ക് തല ടാസ്ക് ഫോഴ്സുകൾ:** കുടുംബശ്രീ ബ്ലോക്ക് കോർഡിനേറ്റർമാർ, മെന്റേഴ്സ്, മുൻ കുടുംബശ്രീ സി.ഡി.എസ് അംഗങ്ങൾ, എം.ഇ.സി. മാർ , കാസ് അംഗങ്ങൾ, പരീശീലനാഗ്രൂപ്പ് അംഗങ്ങൾ എന്നിവർ അംഗങ്ങളുമായി ബ്ലോക്ക് തല ടാസ്ക്ക് ഫോഴ്സുകൾ രൂപീകരിക്ക്കുന്നതും, പ്രസ്തുത ടീം ബ്ലോക്ക് തലജോബ് സ്റ്റേഷനുകളുമായി സംയോജിച്ച് പ്രവർത്ഥിക്ക്കുന്നതും ആണ്.

**14.5 തദ്ദേശ സ്വയം ഭരണ തല ക്യാമ്പയിൻ വിലയിരുത്തൽ സമിതി:** തദ്ദേശ സ്വയം ഭരണ സ്ഥാപന അധ്യക്ഷൻ, സെക്രട്ടറി, വാർഡ് മെമ്പർമാർ / കൗണിസിലർമാർ, കുടുംബശ്രീ സി.ഡി.എസ് ഭാരവാഹികൾ ചുമതലയുള്ള കുടുംബശ്രീ ജില്ലാമിഷൻ അംഗം എന്നിവരെ ഉൾപ്പെടുത്തി തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ ക്യാമ്പയിൻ വിലയിരുത്തൽ സമിതി രൂപീകരിക്കേണ്ടതും പ്രവർത്തനം ഏകോപിപ്പിക്കേണ്ടതും ആണ്.

## 15. പ്രവർത്തന കലണ്ടർ

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ / പരിശീലനങ്ങൾ | സമയ പരിധി |
|---|---|---|
| 1 | കുടുംബശ്രീ സംസ്ഥാന മിഷനിലെ മുഴുവൻ വിഭാഗത്തിലേയും ടീമുകൾക്ക് വേണ്ടിയുള്ള പരിശീലനം | ജൂലായ് 7 |
| 2 | കുടുംബശ്രീ ജില്ലാമിഷനിലെ മുഴുവൻ വിഭാഗത്തിലേയും ടീമുകൾക്ക് വേണ്ടിയുള്ള പരിശീലനം | ജൂലായ് 10 ന് മുൻപ് |
| 2 | കുടുംബശ്രീ സി.ഡി.എസ്,ചെയർപേഴ്സൺമാർ, വൈസ് ചെയർപേഴ്സൺമാർ, മെമ്പർ സെക്രട്ടറിമാർ എന്നിവർക്കുള്ള ജില്ലാ തല പരിശീലനം | ജൂലായ് 15 ന് മുൻപ് |
| 3 | ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് , സെക്രട്ടറി എന്നിവരെ ഉൾപ്പെടുത്തി ബ്ലോക്ക് ബ്ലോക്കുതല പരിശീലനം | ജൂലായ് 3 ,4 ,5 |
| 4 | നഗരസഭാ ചെയർപേഴ്സൺ , കോർപറേഷൻ മേയർ കൂടാതെ വിവിധ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ / ചെയർപേഴ്സൺ എന്നിവരെ ഉൾപ്പെടുത്തി ജില്ലാതല പരിശീലനം | ജൂലായ് 3 , 4 , 5 |
| 5 | കുടുംബശ്രീ വിവിധ പിന്തുണാ സംവിധാനം, ജില്ലാതല പരിശീലനം | ജൂലായ് 10 ന് മുൻപ് |
| 6 | വാർഡുതലത്തിൽ തൊഴിൽ ദാതാക്കളുടെ പക്കൽ ലഭ്യമായ തൊഴിൽ നേരിട്ട് സന്ദർശിച്ച് ശേഖരിക്കുന്ന സി.ഡി.എസ് ഭാരവാഹികൾ, | |

| | | |
|---|---|---|
| | എ.ഡി.എസ് ഭാരവാഹികൾ എന്നിവർക്കുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിലുള്ള പരിശീലനം. | ജൂലായ്15 മുതൽ 20 |
| 7 | എ.ഡി.എസ് സ്ക്രെട്ടറി, പ്രസിഡൻറ് എന്നിവർക്കുള്ള സി.ഡി.എസ് തല പരിശീലനം | ജൂലായ് 25 ന് അകം |
| 8 | അയൽക്കൂട്ട സ്ക്രെട്ടറി , പ്രസിഡൻറ് എന്നിവർക്കുള്ള എ.ഡി എസ് തല പരിശീലനം. | ജൂലായ് 30 ന് അകം |
| 9 | ക്യാമ്പയിൻ-കൈപ്പുസ്തകം: വികസിപ്പിക്കൽ | ജൂലായ് 10 ന് മുൻപ് |
| 10 | റിസോഴ്സ് പൂൾ രൂപീകരണം | ജൂൺ 25 ന് അകം |
| 11 | ദിത്വീയ വിവരങ്ങളുടെ ശേഖരണവും സമാഹരണവും ഏകീകരണവും | ഓഗസ്റ്റ് 10 ന് അകം |
| 12 | അയൽക്കൂട്ട തല പ്രാഥമിക വിവര ശേഖരണം | ഓഗസ്റ്റ് 10 ന് അകം |
| 13 | സി ഡി എസ് തലത്തിൽ വാക്കൻസി ബാങ്ക് / ഓപ്പർച്യൂണിറ്റി ബാങ്ക് രൂപീകരിക്കൽ | ഓഗസ്റ്റ് 10 ന് അകം |
| 14 | 1 ലക്ഷം തൊഴിൽ ലഭ്യമാക്കിയതിന്റെ സംസ്ഥാനതല പ്രഖ്യാപനം | സെപ്റ്റംബർ 1 2025 |

# 7.6 കുടിവെള്ളം

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കടിവെള്ള വിതരണം - ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും കടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(എഫ്.എം)വകുപ്പ്**

സ.ഉ.(സാധാ) നം.652/2022/LSGD തീയതി,തിരുവനന്തപുരം, 16-03-2022

---

പരാമർശം:- 1. ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പിന്റെ 23/02/2017ലെ സ.ഉ(സാധാ) നം.787/17/ഡി.എം.ഡി നമ്പർ ഉത്തരവ്.

2. സ.ഉ.(സാധാ) നം.446/2021/തസ്വഭവ തീയതി 15/02/2021 ഉത്തരവ്.

**ഉത്തരവ്**

സംസ്ഥാനത്ത് കടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കടിവെള്ളം വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകളും, നഗരസഭകളും, മുനിസിപ്പൽ കോർപ്പറേഷനുകളും താഴെ പട്ടികയിൽ നിശ്ചയിച്ചിട്ടുള്ള പരമാവധി തുക അധികരിക്കുന്ന രീതിയിലുള്ള കടിവെള്ള വിതരണ പ്രവർത്തനങ്ങൾ യാതൊരു കാരണവശാലും ഏറ്റെടുക്കാൻ പാടില്ലാത്തതാണ് എന്ന വ്യവസ്ഥയോടെ കടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ആവശ്യത്തിന് അനുസൃതമായി കടിവെള്ള വിതരണം നടത്തുന്നതിനായി ചുവടെ സൂചിപ്പിക്കുന്ന പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് / പ്ലാൻ ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിനായി യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| തദ്ദേശ സ്വയംഭരണ സ്ഥാപനം | 31.03.2022 വരെ ചെലവഴിക്കാവുന്ന തുക | 01.04.2022 മുതൽ 31.05.2022 വരെ ചെലവഴിക്കാവുന്ന തുക |
|---|---|---|
| ഗ്രാമപഞ്ചായത്തുകൾ | 5.50 ലക്ഷം | 11.00 ലക്ഷം |
| മുനിസിപ്പാലിറ്റികൾ | 11.00 ലക്ഷം | 16.50 ലക്ഷം |
| കോർപ്പറേഷൻ | 16.50 ലക്ഷം | 22.00 ലക്ഷം |

2) കടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ GPS ഘടിപ്പിച്ച ടാങ്കറുകളിൽ കടിവെള്ള ഗുണനിലവാരം ഉറപ്പ് വരുത്തി ജനങ്ങൾക്ക് സൗകര്യപ്രദമായ സമയത്ത് ആവശ്യത്തിനനുസൃതമായി കടിവെള്ള വിതരണം നടത്തേണ്ടതും, ചെലവഴിക്കുന്ന തുകയുടെ പൂർണ്ണ മൂല്യം ഉറപ്പ് വരുത്തേണ്ടതുമാണ്. നിലവിൽ ദുരന്ത നിവാരണ വകുപ്പ് മുഖേന സ്ഥാപിച്ചിട്ടുള്ള വാട്ടർ കിയോസ്കുകൾ വഴിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ ഫണ്ടുപയോഗിച്ച് GPS ഘടിപ്പിച്ച ടാങ്കറുകളിൽ കടിവെള്ള വിതരണം നടത്താവുന്നതാണ്.

3) ജില്ലാതല റവന്യൂ അധികാരികൾക്ക് കുടിവെള്ള വിതരണം സംബന്ധിച്ച് മോണിറ്ററിംഗ് നടത്തുന്നതിനുള്ള സംവിധാനവും ജി.പി.എസ് ട്രാക്കിംഗിനുള്ള സംവിധാനവും കൂടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ജില്ലാതല മേധാവികൾ ഏർപ്പെടുത്തേണ്ടതാണ്. ജി.പി.എസ് ലോഗും വാഹനത്തിന്റെ ലോഗ് ബുക്കും ക്രോസ്സ് ചെക്ക് ചെയ്ത് സുതാര്യത ഉറപ്പ് വരുത്തിയ ശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിമാർ ചെലവ് തുക വിനിയോഗിക്കേണ്ടതാണ്.

4) സുതാര്യവും കാര്യക്ഷമവുമായി പരാതികൾക്കിടയില്ലാതെ കുടിവെള്ള വിതരണം നടക്കുന്നുണ്ടെന്ന് തദ്ദേശ വകുപ്പിന്റെ ജില്ലാതല മേധാവികൾ ഉറപ്പ് വരുത്തി ഓരോ രണ്ടാഴ്ചയിലും ഇക്കാര്യം സംബന്ധിച്ച് ജില്ലാ കളക്ടർമാർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

5) കുടിവെള്ള വിതരണം സംബന്ധിച്ച് ദുരന്ത നിവാരണ വകുപ്പിന്റെ നിബന്ധനകൾ തദ്ദേശ സ്വയംഭരണ വകുപ്പ് മേധാവികൾ കർശനമായി പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RANJAN RAJ
ഡെപ്യൂട്ടിസെക്രട്ടറി

എല്ലാ ജില്ലാ കളക്ടർമാർക്കും.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും(പകർപ്പ് പഞ്ചായത്ത് ഡയറക്ടർ മുഖേന).
ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡയറക്ടർ മുഖേന).
ബന്ധപ്പെട്ട മുനിസിപ്പാലിറ്റി/കോർപ്പറേഷനുകൾ (പകർപ്പ് നഗരകാര്യ ഡയറക്ടർ മുഖേന).
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&.ഇ / എൽ. ബി.എ &എ),കേരള.
ജലവിഭവ വകുപ്പ് /റവന്യൂ വകുപ്പ് / ധനകാര്യ വകുപ്പ് /കൃഷി വകുപ്പ് പൊതുഭരണ(എസ്.സി) വകുപ്പ്
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം.
സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Shemim Khan S H
Date: 16-03-2022 16:59:50
സെക്ഷൻ ഓഫീസർ

പകർപ്പ് - തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എ

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണം - കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി തനത് /പ്ലാൻ ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിനു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

G.O.(Rt) No.564/2023/LSGD തീയതി, തിരുവനന്തപുരം 06.03.2023

**ഉത്തരവ്**

സംസ്ഥാനത്ത് കുടിവെള്ളക്ഷാമം രൂക്ഷമായ സാഹചര്യത്തിൽ അത്തരം പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

1) കുടിവെള്ള വിതരണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത്/ വികസന ഫണ്ടിൽ നിന്നും തുക വിനിയോഗിക്കാവുന്നതാണ്.

| തദ്ദേശസ്വയംഭരണ സ്ഥാപനം | 31.03.2023 വരെ ചെലവഴിക്കാവുന്ന തുക | 01.04.2023 മുതൽ 31.05.2023 വരെ ചെലവഴിക്കാവുന്ന തുക |
|---|---|---|
| ഗ്രാമപഞ്ചായത്തുകൾ | 6 ലക്ഷം | 12 ലക്ഷം |
| മുനിസിപ്പാലിറ്റികൾ | 12 ലക്ഷം | 17 ലക്ഷം |
| മുനിസിപ്പൽ കോർപ്പറേഷൻ | 17 ലക്ഷം | 22 ലക്ഷം |

2) കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ മാത്രമാണ് കുടിവെള്ള വിതരണം നടത്തേണ്ടത്. റവന്യൂ വകുപ്പ്/ മറ്റ് ഏജൻസികൾ കുടിവെള്ളം വിതരണം ചെയ്യുന്ന സ്ഥലങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം കുടിവെള്ളവിതരണം നടത്തേണ്ടതില്ല.

3) ഏതൊക്കെ പ്രദേശങ്ങളിൽ ഏതൊക്കെ കാലത്തേക്ക് കുടിവെള്ള വിതരണം നടത്തണമെന്നത് ഗ്രാമപഞ്ചായത്ത്/ നഗരസഭ/ മുനിസിപ്പൽ കോർപ്പറേഷൻ തീരുമാനമെടുക്കേണ്ടതാണ്.

4) വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതാണ്.

5) കുടിവെള്ളവിതരണം നടത്തുന്ന ടാങ്കറുകളിൽ/ വാഹനങ്ങളിൽ GPS ഘടിപ്പിച്ചിരിക്കേണ്ടതും ആയതിന്റെ ലോഗ് ലഭ്യമാക്കി ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

6) ദുരന്തനിവാരണ വകുപ്പ് മുഖേനയും അതല്ലാതെയും സ്ഥാപിച്ചിട്ടുള്ള വാട്ടർ കിയോസ്ക്കുകൾ വഴിയും GPS ടാങ്കറുകൾ/ വാഹനങ്ങൾ മുഖേനയും കുടിവെള്ളം എത്തിച്ച് വിതരണം നടത്താവുന്നതാണ്.

7) വാഹനങ്ങളിൽ GPS ഘടിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പിന്തുണ വേണ്ടി വരുന്ന സാഹചര്യങ്ങളിൽ ആയത് ജില്ലാ ജോയിന്റ് ഡയറക്ടർ ലഭ്യമാക്കേണ്ടതാണ്. GPS ട്രാക്കിംഗ് അടിസ്ഥാനമാക്കിയുള്ള മോണിട്ടറിംഗ് ജില്ലാ ജോയിന്റ് ഡയറക്ടർ നടത്തേണ്ടതാണ്.

8) കുടിവെള്ള വിതരണത്തിന്റെ തുക നൽകുന്നതിനു മുമ്പ് GPS ലോഗും വാഹനത്തിന്റെ ലോഗ് ബുക്കും തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി ക്രോസ്ചെക്ക് ചെയ്യേണ്ടതും കുടിവെള്ളം വിതരണം നടത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

9) സുതാര്യവും കാര്യക്ഷമവുമായി പരാതികൾക്കിടയില്ലാതെ കുടിവെള്ള വിതരണം നടക്കുന്നുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർമാർ ഉറപ്പുവരുത്തേണ്ടതാണ്. ഇതിനാവശ്യമായ റിപ്പോർട്ടുകൾ നിശ്ചിത ഇടവേളകളിൽ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്ക് ആവശ്യപ്പെടാവുന്നതും തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ആയത് കൃത്യമായി നൽകേണ്ടതുമാണ്.

10) കുടിവെള്ളവിതരണം സുതാര്യവും കാര്യക്ഷമവുമായി നടക്കുന്നുണ്ട് എന്ന് പ്രിൻസിപ്പൽ ഡയറക്ടർ മോണിട്ടറിംഗ് നടത്തേണ്ടതും ഉചിതമായ നിർദ്ദേശങ്ങൾ അതാത് സമയത്ത് നൽകേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
SHEEJA.R.S
JOINT SECRETARY

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
ഡയറക്ടർ (റൂറൽ), തദ്ദേശസ്വയംഭരണ വകുപ്പ് , തിരുവനന്തപുരം
ഡയറക്ടർ (അർബൻ ), തദ്ദേശസ്വയംഭരണ വകുപ്പ് , തിരുവനന്തപുരം
എല്ലാ ജില്ലാകളക്ടർമാർക്കും
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ( ഡയറക്ടർ (റൂറൽ) തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന )
എല്ലാ നഗരസഭകൾക്കും (ഡയറക്ടർ (അർബൻ ), തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന )
എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകൾക്കും (ഡയറക്ടർ (അർബൻ ), തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന)
മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി
റവന്യൂ (ഡിസാസ്റ്റർ മാനേജ്മെന്റ്) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്I /ആഡിറ്റ് II ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉഷ്ണതരംഗം, സൂര്യാഘാതം എന്നിവയുടെ സാധ്യത മുൻനിർത്തി തദ്ദേശസ്വയംഭരണസ്ഥാപനതലത്തിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**സ.ഉ.(സാധാ) നം.734/2023/LSGD** തീയതി,തിരുവനന്തപുരം, 27-03-2023

---

പരാമർശം :-11/3/23-നു ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ

**ഉത്തരവ്**

സംസ്ഥാനത്ത് ഉഷ്ണതരംഗം, സൂര്യാഘാതം എന്നിവയുടെ സാധ്യത മുൻനിർത്തി അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനു പരാമർശം പ്രകാരം തീരുമാനിച്ചിരുന്നു. ആയതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ താഴെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്

**i)** ഉഷ്ണതരംഗം, സൂര്യാഘാതം എന്നിവയുടെ സാധ്യത മുൻനിർത്തി എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും പ്രധാന ബസ് സ്റ്റാൻഡ്, വ്യാപാര തെരുവുകൾ എന്നിവിടങ്ങളിൽ ആവശ്യാനുസരണം "തണ്ണീർ പന്തലുകൾ" ആരംഭിക്കേണ്ടതാണ്. താത്കാലികമായി തണുപ്പ് ഉറപ്പാക്കുന്ന സ്ഥലങ്ങൾ ആയിരിക്കണം "തണ്ണീർ പന്തലുകൾ" ആയി രൂപകല്പന ചെയ്യേണ്ടത്. ഇവയ്ക്കായി പൊതു കെട്ടിടങ്ങൾ, സുമനസ്കർ നൽകുന്ന കെട്ടിടങ്ങൾ എന്നിവ ഉപയോഗിക്കാവുന്നതാണ്.

**ii)** തണ്ണീർ പന്തലുകളിൽ സംഭാരം, തണുത്ത വെള്ളം, അത്യാവശ്യം ഒ.ആർ.എസ് എന്നിവ കരുതേണ്ടതാണ്. പൊതു ജനങ്ങൾക്ക് ഇത്തരം "തണ്ണീർ പന്തലുകൾ" ജില്ലകൾ തോറും എവിടെയാണ് എന്ന അറിയിപ്പ് നൽകേണ്ടതും ഇക്കാര്യം അതാതു തദ്ദേശസ്ഥാപനങ്ങൾ ജില്ലാ ദുരന്തനിവാരണ മാനേജ്മെന്റ് അതോറിറ്റിയെ അറിയിക്കേണ്ടതുമാണ്..ഇത്തരം തണ്ണീർ പന്തലുകൾ സ്ഥാപിക്കുന്നതിനുള്ള തുക ദുരന്ത പ്രതികരണ നിധിയിൽ നിന്നും ലഭ്യമാക്കുന്നതാണ്. ഇത് സംബന്ധിച്ച ഉത്തരവ് ദുരന്ത നിവാരണ വകുപ്പ് പുറപ്പെടുവിക്കുന്നതാണ്.

**iii)** സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി സ്ഥാപിച്ചിട്ടുള്ള 5000 വാട്ടർ കിയോസ്കുകൾ പ്രവർത്തനക്ഷമമാക്കി ഉപയോഗിക്കേണ്ടതാണ്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും അനുവദിക്കുന്ന തുക ഇതിനായി അതാത് ജില്ലയിൽ, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അംഗീകരിക്കുന്ന കിയോസ്കുകൾ പ്രവർത്തനക്ഷമമാക്കുന്നതിന് വിനിയോഗിക്കാവുന്നതാണ്

**iv)** ജനവാസ മേഖലയിൽ കാട്ടു പിടിച്ചുകിടക്കുന്ന പ്രദേശങ്ങൾ കണ്ടെത്തി ഉണങ്ങിയ പുല്ല് നിയന്ത്രിതമായി വെട്ടി മാറ്റുന്നതിനുള്ള നടപടി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ

അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്

**v)** ഷോർട്ട് സർക്യൂട്ടുകൾ തീപിടുത്തങ്ങൾക്ക് കാരണമാകുന്നതിനാൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെയും, കെ.എസ്.ഇ.ബി-യുടെയും നേതൃത്വത്തിൽ എല്ലാ ആശുപത്രികളുടെയും, പ്രധാന സർക്കാർ ഓഫീസുകളുടെയും ഇലക്ട്രിക്കൽ ഓഡിറ്റ് നടത്തുന്നത് ഉറപ്പാക്കാൻ തദ്ദേശ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ്. മേൽ പ്രവർത്തനങ്ങൾക്കായി മഴക്കാലപൂർവ ശുചികരണ പ്രവർത്തനങ്ങളുടെ ഭാഗമായി രൂപീകരിച്ചിട്ടുള്ള വാർഡ്തല ശുചിത്വ സമിതിയെ ചുമതലപ്പെടുത്തേണ്ടതാണ് . ഇതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ച നടപടിയുടെ സമാഹൃത റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ സമർപ്പിക്കേണ്ടതാണ്

**vi)** ഉഷ്ണതരംഗം, സൂര്യാഘാതം എന്നിവ മൂലമുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിലേക്കായി തൊഴിലുറപ്പ് തൊഴിലാളികളുടെ തൊഴിൽ സമയം നിലവിലെ സർക്കാർ ഉത്തരവുകൾക്കു വിധേയമായി പുനഃ ക്രമീകരിക്കേണ്ടതും ഇതിനായി സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് MGNREGS മിഷൻ ഡയറക്ടർ സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ് .

**vii)** എല്ലാ പി.എച്ച്.സി/സി.എച്ച്.സികളിലും ഒ.ആർ.എസ് ഉൾപ്പടെയുള്ള അവശ്യ വസ്തുക്കളുടെ ലഭ്യത ആരോഗ്യവകുപ്പുമായി ചേർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കേണ്ടതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
ഡയറക്ടർ( അർബൻ), തദ്ദേശസ്വയംഭരണ വകുപ്പ് , തിരുവനന്തപുരം
ഡയറക്ടർ (റൂറൽ), തദ്ദേശസ്വയംഭരണ വകുപ്പ് , തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ആരോഗ്യവകുപ്പ് ഡയറക്ടർ
ചെയർമാൻ ആൻഡ് മാനേജിങ് ഡയറക്ടർ, KSEB
ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ
മിഷൻ ഡയറക്ടർ, MGNREGS
മാനേജിങ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പാലിറ്റികൾക്കും ( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ കോർപറേഷനുകൾക്കും ( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്I /ആഡിറ്റ് II ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്

തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- സംസ്ഥാനത്ത് 2023 വർഷത്തിൽ കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ളവിതരണം നടത്തുന്നതിന് തനതു/പ്ലാൻ ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ അനുമതിയുടെ കാലാവധി ദീർഘിപ്പിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1153/2023/LSGD തീയതി,തിരുവനന്തപുരം, 02-06-2023

പരാമർശം:- 1. 06/03/2023-ലെ സ.ഉ. (സാധാ) 564/2023/തസ്വഭവ നമ്പർ ഉത്തരവ്

2. കണ്ണൂർ ജില്ലാ കളക്ടറുടെ 01.06.2023 ലെ DDP-KNR/953/2021-D2 നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാനത്ത് കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ളവിതരണം നടത്തുന്നതിന് **2023** മെയ് **31** വരെ തനതു/പ്ലാൻ ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിക്കൊണ്ട് പരാമർശം **1** പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ **2023** മെയ് **31** ന് ശേഷവും സംസ്ഥാനത്ത് കാലവർഷം ആരംഭിച്ചിട്ടില്ലാത്തതിനാൽ കണ്ണൂർ ജില്ലയിലെ **29** ഗ്രാമ പഞ്ചായത്തുകളിലും **7** നഗരസഭകളിലും കുടിവെള്ള വിതരണത്തിനുള്ള അനുമതിയുടെ കാലാവധി ദീർഘിപ്പിച്ച് നൽകണമെന്ന് കണ്ണൂർ ജില്ലാകളക്ടർ പരാമർശം **2** പ്രകാരം അഭ്യർഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്ത് കുടിവെള്ള ക്ഷാമം രൂക്ഷമായി തുടരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ **01.06.2023** മുതൽ രണ്ടാഴ്ചത്തേക്കോ അല്ലെങ്കിൽ പ്രസ്തുത പ്രദേശങ്ങളിൽ മഴ ലഭിക്കുന്നത് വരെയോ ഏതാണോ ആദ്യം എന്ന ക്രമത്തിൽ പരാമർശം **1** ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. സംസ്ഥാനത്ത് ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് ഇപ്രകാരം കുടിവെള്ള വിതരണത്തിന്റെ കാലാവധി ദീർഘിപ്പിക്കേണ്ടത് എന്ന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ തീരുമാനിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അലക്സ് വർഗീസ് ഐഎഎസ്
ഡെപ്യൂട്ടിസെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ( പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശ സ്വയംഭരണം വകുപ്പ് മുഖേന )
എല്ലാ നഗരസഭകൾക്കും ( പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശ സ്വയംഭരണം വകുപ്പ് മുഖേന )

എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകൾക്കും ( പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശ സ്വയംഭരണം വകുപ്പ് മുഖേന )
മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി
റവന്യൂ (സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I / ഓഡിറ്റ് II ) കേരളം തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണം - കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി തനത് /പ്ലാൻ ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിനു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.405/2024/LSGD തീയതി,തിരുവനന്തപുരം, 19-02-2024

പരാമർശം:- 1) 06.03.2023-ലെ സ.ഉ.(സാധാ) നം. 564/2023/തസ്വഭവ നമ്പർ ഉത്തരവ്
2) 02/06/23-ലെ സ.ഉ.(സാധാ) നം. 1153/23/തസ്വഭവ നമ്പർ ഉത്തരവ്

**ഉത്തരവ്**

സംസ്ഥാനത്ത് കുടിവെള്ളക്ഷാമം രൂക്ഷമായ സാഹചര്യത്തിൽ അത്തരം പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) കുടിവെള്ള വിതരണത്തിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ തനത്/ വികസന ഫണ്ടിൽ നിന്നും തുക വിനിയോഗിക്കാവുന്നതാണ്.

| തദ്ദേശസ്വയംഭരണ സ്ഥാപനം | 31/03/2024 വരെ ചെലവഴിക്കാവുന്ന തുക | 01/04/2024 മുതൽ 31/05/2024 വരെ ചെലവഴിക്കാവുന്ന തുക |
|---|---|---|
| ഗ്രാമപഞ്ചായത്തുകൾ | 6 ലക്ഷം | 12 ലക്ഷം |
| മുനിസിപ്പാലിറ്റികൾ | 12 ലക്ഷം | 17 ലക്ഷം |
| മുനിസിപ്പൽ കോർപ്പറേഷൻ | 17 ലക്ഷം | 22 ലക്ഷം |

2) കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ മാത്രമാണ് കുടിവെള്ള വിതരണം നടത്തേണ്ടത്. റവന്യൂ വകുപ്പ് / മറ്റ് ഏജൻസികൾ കുടിവെള്ളം വിതരണം ചെയ്യുന്ന സ്ഥലങ്ങളിൽ തദ്ദേശസ്വയംഭരണസ്ഥാപനം കുടിവെള്ളവിതരണം നടത്തേണ്ടതില്ല.

3) വരൾച്ച ബാധിത പ്രദേശമായോ കുടിവെള്ള ക്ഷാമമുള്ള പ്രദേശമായോ ജില്ലാ കളക്ടർ/ബന്ധപ്പെട്ട അധികാരികൾ നിശ്ചയിക്കുന്നതിനനുസരിച്ച് ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തീരുമാനമെടുത്ത് കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4) വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതാണ്.

5) കുടിവെള്ള വിതരണം നടത്തുന്ന ടാങ്കറുകളിൽ/വാഹനങ്ങളിൽ GPS ഘടിപ്പിച്ചിരിക്കേണ്ടതും ആയതിന്റെ ലോഗ് ലഭ്യമാക്കി ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

6) ദുരന്തനിവാരണ വകുപ്പ് മുഖേനയും അതല്ലാതെയും സ്ഥാപിച്ചിട്ടുള്ള വാട്ടർ കിയോസ്കുകൾ വഴിയും GPS ടാങ്കറുകൾ/ വാഹനങ്ങൾ മുഖേനയും കുടിവെള്ളം എത്തിച്ച് വിതരണം നടത്താവുന്നതാണ്.

7) വാഹനങ്ങളിൽ GPS ഘടിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പിന്തുണ വേണ്ടി വരുന്ന സാഹചര്യങ്ങളിൽ ആയത് ജില്ലാ ജോയിന്റ് ഡയറക്ടർ ലഭ്യമാക്കേണ്ടതാണ്. GPS ട്രാക്കിംഗ് അടിസ്ഥാനമാക്കിയുള്ള മോണിട്ടറിംഗ് ജില്ലാ ജോയിന്റ് ഡയറക്ടർ നടത്തേണ്ടതാണ്.

8) കുടിവെള്ള വിതരണത്തിന്റെ തുക നൽകുന്നതിനു മുമ്പ് GPS ലോഗും വാഹനത്തിന്റെ ലോഗ് ബുക്കും തദ്ദേശസ്വയംഭരണസ്ഥാപന സെക്രട്ടറി ക്രോസ്ചെക്ക് ചെയ്യേണ്ടതും കുടിവെള്ളവിതരണം

നടത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

9) സുതാര്യവും കാര്യക്ഷമവുമായി പരാതികൾക്കിടയില്ലാതെ കുടിവെള്ള വിതരണം നടക്കുന്നുണ്ടെന്ന് തദ്ദേശസ്വയംഭരണവകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർമാർ ഉറപ്പുവരുത്തേണ്ടതാണ്. ഇതിനാവശ്യമായ റിപ്പോർട്ടുകൾ നിശ്ചിത ഇടവേളകളിൽ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്ക് ആവശ്യപ്പെടാവുന്നതും തദ്ദേശസ്വയംഭരണസ്ഥാപന സെക്രട്ടറിമാർ ആയത് കൃത്യമായി നൽകേണ്ടതുമാണ്.

10) കുടിവെള്ളവിതരണം സുതാര്യവും കാര്യക്ഷമവുമായി നടക്കുന്നുണ്ട് എന്ന് പ്രിൻസിപ്പൽ ഡയറക്ടർ മോണിട്ടറിംഗ് നടത്തേണ്ടതും ഉചിതമായ നിർദ്ദേശങ്ങൾ അതാത് സമയത്ത് നൽകേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA.R.S.
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
ഡയറക്ടർ (റൂറൽ), തദ്ദേശസ്വയംഭരണ വകുപ്പ് , തിരുവനന്തപുരം
ഡയറക്ടർ (അർബൻ ), തദ്ദേശസ്വയംഭരണ വകുപ്പ് , തിരുവനന്തപുരം
എല്ലാ ജില്ലാകളക്ടർമാർക്കും
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും(ഡയറക്ടർ(റൂറൽ)തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന)
എല്ലാ നഗരസഭകൾക്കും /മുനിസിപ്പൽ കോർപറേഷനുകൾക്കും (ഡയറക്ടർ (അർബൻ), തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന )
മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി
റവന്യൂ (ഡിസാസ്റ്റർ മാനേജ്മെന്റ്) വകുപ്പ്
പ്രിൻസിപ്പൽ അക്കാണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കാണ്ടന്റ് ജനറൽ (ആഡിറ്റ് /ആഡിറ്റ് II ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി എസ്.ന്
തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ളവിതരണം - കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി തനത്/പ്ലാൻ ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിനു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.605/2025/LSGD തീയതി,തിരുവനന്തപുരം, 04-03-2025

**ഉത്തരവ്**

സംസ്ഥാനത്ത് കുടിവെള്ളക്ഷാമം രൂക്ഷമായ സാഹചര്യത്തിൽ അത്തരം പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) കുടിവെള്ള വിതരണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത്/പ്ലാൻ ഫണ്ടിൽ നിന്നും താഴെപ്പറയും പ്രകാരം തുക വിനിയോഗിക്കാവുന്നതാണ്.

| തദ്ദേശസ്വയംഭരണ സ്ഥാപനം | 31.03.2025 വരെ ചെലവഴിക്കാവുന്ന തുക | 01.04.2025 മുതൽ 31.05.2025 വരെ ചെലവഴിക്കാവുന്ന തുക |
|---|---|---|
| ഗ്രാമപഞ്ചായത്തുകൾ | 6 ലക്ഷം | 12 ലക്ഷം |
| മുനിസിപ്പാലിറ്റികൾ | 12 ലക്ഷം | 17 ലക്ഷം |
| മുനിസിപ്പൽ കോർപ്പറേഷൻ | 17 ലക്ഷം | 22 ലക്ഷം |

2) കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ മാത്രമാണ് കുടിവെള്ള വിതരണം നടത്തേണ്ടത്. റവന്യൂ വകുപ്പോ കേരള വാട്ടർ അതോറിറ്റിയോ ജലനിധി/സ്വജൽധാര/ജലജീവൻ തുടങ്ങിയ പദ്ധതികൾ മുഖേന മറ്റ് ഏജൻസികളോ കുടിവെള്ളം വിതരണം ചെയ്യുന്ന സ്ഥലങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം കുടിവെള്ളവിതരണം നടത്തേണ്ടതില്ല.

3) ഏതൊക്കെ പ്രദേശങ്ങളിൽ ഏതൊക്കെ കാലത്തേക്ക് കുടിവെള്ള വിതരണം നടത്തണമെന്നത് ഗ്രാമപഞ്ചായത്ത്/നഗരസഭ/മുനിസിപ്പൽ കോർപ്പറേഷൻ തീരുമാനമെടുക്കേണ്ടതാണ്.

4) വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതാണ്.

5) കുടിവെള്ളവിതരണം നടത്തുന്ന ടാങ്കറുകളിൽ/വാഹനങ്ങളിൽ GPS ഘടിപ്പിച്ചിരിക്കേണ്ടതും ആയതിന്റെ ലോഗ് ലഭ്യമാക്കി ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

6) ദുരന്തനിവാരണ വകുപ്പ് മുഖേനയും അതല്ലാതെയും സ്ഥാപിച്ചിട്ടുള്ള വാട്ടർ കിയോസ്കുകൾ വഴിയും GPS ടാങ്കറുകൾ/ വാഹനങ്ങൾ മുഖേനയും കുടിവെള്ളം എത്തിച്ച് വിതരണം നടത്താവുന്നതാണ്.

7) വാഹനങ്ങളിൽ GPS ഘടിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പിന്തുണ വേണ്ടി വരുന്ന സാഹചര്യങ്ങളിൽ ആയത് ജില്ലാ ജോയിന്റ് ഡയറക്ടർ ലഭ്യമാക്കേണ്ടതാണ്. GPS ട്രാക്കിംഗ് അടിസ്ഥാനമാക്കിയുള്ള മോണിട്ടറിംഗ് ജില്ലാ ജോയിന്റ് ഡയറക്ടർ നടത്തേണ്ടതാണ്.

8) കുടിവെള്ള വിതരണത്തിന്റെ തുക നൽകുന്നതിനു മുമ്പ് GPS ലോഗും വാഹനത്തിന്റെ ലോഗ് ബുക്കും തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി ക്രോസ്ചെക്ക് ചെയ്യേണ്ടതും കുടിവെള്ളം വിതരണം നടത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

9) സുതാര്യവും കാര്യക്ഷമവുമായി പരാതികൾക്കിടയില്ലാതെ കുടിവെള്ള വിതരണം നടക്കുന്നുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർമാർ ഉറപ്പുവരുത്തേണ്ടതാണ്. ഇതിനാവശ്യമായ റിപ്പോർട്ടുകൾ നിശ്ചിത ഇടവേളകളിൽ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്ക് ആവശ്യപ്പെടാവുന്നതും തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ആയത് കൃത്യമായി നൽകേണ്ടതുമാണ്.

10) കുടിവെള്ളവിതരണം സുതാര്യവും കാര്യക്ഷമവുമായി നടക്കുന്നുണ്ട് എന്ന് പ്രിൻസിപ്പൽ ഡയറക്ടർ മോണിട്ടറിംഗ് നടത്തേണ്ടതും ഉചിതമായ നിർദ്ദേശങ്ങൾ അതാത് സമയത്ത് നൽകേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA R S
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
ഡയറക്ടർ (റൂറൽ), തദ്ദേശസ്വയംഭരണ വകുപ്പ് , തിരുവനന്തപുരം
ഡയറക്ടർ (അർബൻ), തദ്ദേശസ്വയംഭരണ വകുപ്പ് , തിരുവനന്തപുരം
എല്ലാ ജില്ലാകളക്ടർമാർക്കും
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (ഡയറക്ടർ (റൂറൽ) തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന)
എല്ലാ നഗരസഭകൾക്കും (ഡയറക്ടർ (അർബൻ), തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന)
എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകൾക്കും (ഡയറക്ടർ (അർബൻ), തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന)
മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി.
റവന്യൂ (ഡിസാസ്റ്റർ മാനേജ്മെന്റ് ) വകുപ്പ്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് 1/ആഡിറ്റ് II) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&.പി.ആർ.ഡി/വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-
ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി. എസ് -ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

# 7.7എ) ഭവന നിർമ്മാണം-പുനരുദ്ധാരണം-വയറിംഗ്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- വീട് അറ്റകുറ്റപ്പണിക്ക് ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച പുതിയ മാർഗ്ഗരേഖ- ഉത്തരവ് പുറപ്പെടുവിക്കുന്നു

**തദ്ദേശ സ്വയംഭരണ (ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.440/2023/LSGD തീയതി,തിരുവനന്തപുരം, 21-02-2023

പരാമർശം:- 1. കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 09.01.2023 ലെ 3.3-ാം നമ്പർ പൊതു തീരുമാനം

**ഉത്തരവ്**

പുതിയ വീടുകളുടെ നിർമ്മാണം കഴിഞ്ഞ് 8 വർഷത്തിന് ശേഷമേ വീടുകളുടെ അറ്റകുറ്റപ്പണിക്ക് ധനസഹായം നൽകാവൂ എന്ന് നിലവിൽ ഉത്തരവുണ്ട്. എന്നാൽ നിലവിലെ വീട് അറ്റകുറ്റപ്പണിക്ക് (മേൽക്കൂര മാറ്റൽ, വാസയോഗ്യമാക്കൽ) എന്നിവക്ക് ഒരിക്കൽ ധനസഹായം നൽകിയതിന് ശേഷം പിന്നീട് എത്ര കാലം കഴിഞ്ഞ് ഇതേ ആവശ്യത്തിന് ധനസഹായം നൽകാമെന്നത് സംബന്ധിച്ച് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ അവ്യക്തതയുണ്ട്. പലപ്പോഴും തദ്ദേശ ഭരണ സ്ഥാപനങ്ങൾ വീട് വാസയോഗ്യമാക്കൽ, മേൽക്കൂര മാറ്റൽ എന്നിവക്ക് മാർഗ്ഗരേഖ പ്രകാരമുള്ള മതിയായ ധനസഹായം നൽകാറില്ല എന്ന സ്ഥിതി നിലവിലുണ്ട്. അതിനാൽ പലപ്പോഴും വേണ്ട രീതിയിൽ വീടിന് അറ്റകുറ്റപ്പണി നടത്താൻ കഴിയാറില്ല.

09.01.2023 ലെ കോ ഓർഡിനേഷൻ കമ്മിറ്റി ഇക്കാര്യം വിശദമായി പരിശോധിച്ചു. വീട് അറ്റകുറ്റപ്പണിക്ക് ഗ്രാമ സഭ / വാർഡ് സഭ തീരുമാന പ്രകാരമോ അടിയന്തിര സാഹചര്യമനുസരിച്ചോ മാർഗ്ഗരേഖ പ്രകാരമുള്ള നിരക്കിൽ പരിമിതപ്പെടുത്തി, ഒരിക്കൽ ധനസഹായം നൽകി കുറഞ്ഞത് മൂന്ന് വർഷമെങ്കിലും കഴിഞ്ഞതിന് ശേഷമേ വീണ്ടും വീട് അറ്റകുറ്റപ്പണിക്ക് ധനസഹായം നൽകാവൂ എന്ന നിബന്ധനയിൽ അർഹതയുള്ള ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് &ന്യൂ മീഡിയ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കേരളത്തിൽ 2018-19 വർഷങ്ങളിലെ പ്രളയത്തെത്തുടർന്ന് SDRF/CMDRF ഉൾപ്പെടെ ഏതെങ്കിലും സർക്കാർ വകുപ്പുകളിൽ നിന്നോ സർക്കാർ ഏജൻസികളിൽ നിന്നോ വീട് നിർമ്മാണം / പുനരുദ്ധാരണത്തിന് ധനസഹായം ലഭിച്ചവർക്ക് ലൈഫ് മിഷൻ പ്രകാരം നൽകിയിട്ടുള്ള ആനുകൂല്യം പി.എം.എ.വൈ (നഗരം) പദ്ധതിക്കും ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1229/2023/LSGD തീയതി,തിരുവനന്തപുരം, 14-06-2023

---

പരാമർശം:-
1. 27/2/2023 തീയതിയിലെ സ.ഉ.(സാധാ)നം505/ 2023/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ്
2. വികേന്ദ്രീകൃതാസൂയത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 25/4/2023-ലെ പൊതുവിഭാഗത്തിലെ യോഗതീരുമാനം നമ്പർ 3.1

**ഉത്തരവ്**

ലൈഫ് ഭവന ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള, 2018, 2019 വർഷങ്ങളിൽ ഉണ്ടായ പ്രളയത്തെ തുടർന്ന് SDRF/CMDRF ഉൾപ്പെടെ ഏതെങ്കിലും സർക്കാർ വകുപ്പുകളിൽ നിന്നോ സർക്കാർ ഏജൻസികളിൽ നിന്നോ വീടു നിർമ്മാണം / പുനരുദ്ധാരണത്തിന് ധനസഹായം ലഭിച്ചതും വീട് വീണ്ടും വാസയോഗ്യമല്ലാ തായിട്ടുള്ളതുമായ കുടുംബങ്ങൾക്ക് പ്രളയകാലത്തെ ധനസഹായം മുമ്പ് ലഭിച്ചിട്ടുണ്ടെങ്കിൽ പോലും അതു പരിഗണിക്കാതെ ലൈഫ് ഭവന പദ്ധതി പ്രകാരമുള്ള നിരക്കിൽ ഭവന നിർമ്മാണത്തിനു ധനസഹായം നൽകുന്നതിന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 14/02/2023 ലെ യോഗം തീരുമാനം കൈകൊള്ളുകയും, (ഖണ്ഡിക 3.4) പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. പ്രസ്തുത ഉത്തരവ് PMAY(നഗരം) വിഭാഗക്കാർക്കും ബാധകമാണോ എന്നതിൽ വ്യക്തത വരുത്തണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ 25/4/2023 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി യോഗത്തിൽ ആവശ്യപെടുകയുണ്ടായി.

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 25.04.2023 ലെ യോഗം ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (1) ലെ ഉത്തരവ് പി.എം.എ.വൈ (നഗരം) ലൈഫ് പദ്ധതിക്കും ബാധകമാണെന്ന് വ്യക്തത വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ.&പി.ആർ.ഡി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ)/ ഓഡിറ്റ്
തദ്ദേശസ്വയംഭരണ(ഡിഎ) വകുപ്പ് (അറിവിലേക്കായി)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

LSG GUIDE

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായത്തോടെ ഭവന നിർമ്മാണം നടത്തിയ ഗുണഭോക്താക്കൾക്ക് ഒഴിച്ചു കൂടാൻ പറ്റാത്ത സാഹചര്യത്തിൽ വീട് വിൽക്കേണ്ടി വരുമ്പോൾ പാലിക്കേണ്ട പൊതു മാനദണ്ഡം രൂപീകരിച്ചും ജില്ലാ കളക്ടർ ചെയർമാനായി സമിതി രൂപീകരിച്ചും ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1185/2024/LSGD തീയതി,തിരുവനന്തപുരം, 01-07-2024

---

പരാമർശം:- 1. 25/05/2017ലെ 92/ഡിബി1/17/തസ്വഭവ നമ്പർ സർക്കുലർ

2. 31.01.2019 ലെ 10/ഡിബി4/18/തസ്വഭവ നമ്പർ സർക്കുലർ

**ഉത്തരവ്**

ഇ എം എസ് പദ്ധതി പ്രകാരം ഭവന നിർമ്മാണം നടത്തിയ ഗുണഭോക്താക്കൾക്ക് ഒഴിച്ചുകൂടാൻ പറ്റാത്ത സാഹചര്യത്തിൽ വീട് വിൽക്കേണ്ടി വരുമ്പോൾ, സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ച് അനുമതി വാങ്ങുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി പ്രത്യേകമായി അന്വേഷിച്ച അനുവാദം നൽകുന്നതിനു ബന്ധപ്പെട്ട ജില്ലാ കളക്ടർമാരെ ചുമതലപെടുത്തി പരാമർശം (1) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സർക്കുലറിലെ വ്യവസ്ഥകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സമാനമായ ഭവന പദ്ധതികൾക്കു കൂടി പരാമർശം (2) പ്രകാരം ബാധകമാക്കുകയുണ്ടായി.

നിലവിൽ വിവിധ നിർവഹണ ഏജൻസികൾ വിവിധ രീതിയിൽ ഈ വിഷയം കൈകാര്യം ചെയ്യുന്നതിലെ അവ്യക്തത പരിഗണിച്ചും സർക്കാരിന്റെ സമ്പൂർണ പാർപ്പിട സുരക്ഷാപദ്ധതിയായ ലൈഫ് ഭവന പദ്ധതി കൂടി ഉൾപെടുത്തി ഈ വിഷയത്തിൽ പൊതു മാനദണ്ഡം രൂപീകരിക്കേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്തും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായത്തോടെ ഭവന നിർമ്മാണം നടത്തിയ ഗുണഭോക്താക്കൾക്ക് ഒഴിച്ചു കൂടാൻ പറ്റാത്ത സാഹചര്യത്തിൽ വീട് വിൽക്കേണ്ടി വരുമ്പോൾ പാലിക്കേണ്ട പൊതു മാനദണ്ഡം അനുബന്ധത്തിൽ പറയും പ്രകാരം രൂപീകരിച്ചും, ഇക്കാര്യത്തിൽ വിശദാംശങ്ങൾ പരിശോധിച്ച് അപേക്ഷകന്റെ പേരിലുള്ള കരാർ റദ്ദ് ചെയ്ത് നൽകുന്നതിനായി ജില്ലാ കളക്ടർ ചെയർമാനായി ചുവടെ ചേർക്കും പ്രകാരം സമിതി രൂപീകരിച്ചും ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

**1. സമിതി അംഗങ്ങൾ**

ജില്ലാ കളക്ടർ - ചെയർമാൻ

ജോയിന്റ് ഡയറക്ടർ, തസ്വഭവ - കൺവീനർ

നിർവഹണ ഏജൻസികളുടെ പ്രതിനിധി (ലൈഫ് മിഷൻ ജില്ലാ കോർഡിനേറ്റർ/ കുടുംബശ്രീ ജില്ലാ മിഷൻ കോഡിനേറ്റർ/ ഡെപ്യൂട്ടി ഡയറക്ടർ (Project Director, Poverty Alleviation Unit) - ആംഗം

ജില്ലാ പട്ടിക ജാതി വികസന ഓഫീസർ/ജില്ലാ പട്ടിക വർഗ്ഗ വികസന ഓഫീസർ /ഫിഷറീഷ് വകുപ്പിൽ നിന്നുള്ള ജില്ല പ്രതിനിധി - അംഗം

ബന്ധപെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി- അംഗം

ഡിസ്ട്രിക്ക് മെഡിക്കൽ ഓഫീസർ / സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി മെമ്പർ /അഗ്രികൾച്ചർ ഓഫീസർ- പ്രത്യേക ക്ഷണിതാവ് ( ആവശ്യമെങ്കിൽ മാത്രം)

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

കോ -ഓഡിനേറ്റർ, നവകേരളം കർമ്മപദ്ധതി,ബി.എസ്.എൻ.എൽ ഭവൻ, ഉപ്പളം റോഡ്, സ്റ്റാച്ചു, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**അനുബന്ധം**

1. ലൈഫ് മിഷൻ/PMAY(U)/PMAY(G)/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായത്തോടെയുള്ള മറ്റ് ഭവന നിർമ്മാണ പദ്ധതികൾ എന്നിവ പ്രകാരം നിർമ്മിക്കുന്ന വീടുകൾ ഗുണഭോക്താവ് അവസാന ഗഡു തുക കൈപ്പറ്റിയ തീയതി മുതൽ 7 വർഷത്തേയ്ക്ക് മുൻകൂർ അനുമതി ഇല്ലാതെ കൈമാറ്റം ചെയ്യാൻ പാടില്ല. ഗുണഭോക്താവും തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി 7 വർഷത്തേയ്ക്ക് കൈമാറ്റം ചെയ്യില്ല എന്ന് കരാറിൽ എർപ്പെടുകയും, (ഇ.എം.സ് പദ്ധതിയുടെ മാതൃകയിൽ) പ്രസ്തുത കരാർ രജിസ്റ്റർ ചെയ്യുകയും വേണം (ഗുണഭോക്താവിൽ നിന്ന് ആധാരം വാങ്ങി വയ്ക്കേണ്ടതില്ല, നിലവിൽ കൈവശമുള്ള പ്രമാണങ്ങൾ തിരികെ നൽകി ബാക്കി കാലയളവിലേക്ക് കരാർ രജിസ്റ്റർ ചെയ്യണം).

**2.സമിതി മുമ്പാകെ സമർപ്പിക്കേണ്ട രേഖകൾ**

i ഗുണഭോക്താവ് തദ്ദേശ സ്വയം ഭരണ സ്ഥാപനവുമായി ഒപ്പ് വച്ചിട്ടുള്ള രജിസ്റ്റർ ചെയ്ത കരാറിന്റെ പകർപ്പും വീട് വിൽക്കുന്നതിന്റെ ആവശ്യകത വ്യക്തമാക്കുന്ന രേഖകൾ സഹിതമുള്ള അപേക്ഷ.

ii അപേക്ഷയുടെ സാധുത പരിശോധിച്ച്, ശുപാർശ ചെയ്തുകൊണ്ട് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി നൽകുന്ന സാക്ഷ്യപത്രം.

iii അപേക്ഷകൻ വീട് വിറ്റതിനു ശേഷവും ഭവനരഹിതനാകുന്നില്ല എന്ന് അപേക്ഷകൻ സമർപ്പിക്കുന്ന രേഖയിൻമേലുള്ള നിജസ്ഥിതി ഉറപ്പുവരുത്തിക്കൊണ്ടുള്ള ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപന സെക്രട്ടറിയിൽ നിന്നുമുള്ള റിപ്പോർട്ട്.

iv.അപേക്ഷകൻ സമർപ്പിക്കുന്ന രേഖകൾ സത്യമാണെന്നും കരാർ റദ്ദ് ചെയ്ത തീയതി മുതൽ 5 വർഷത്തേക്ക് സർക്കാർ നൽകുന്ന ഭവന പദ്ധതികൾക്ക് അപേക്ഷകൻ അർഹനായിരിക്കില്ലെന്ന് ബോധിപ്പിക്കുന്ന സത്യവാങ്ങ്മൂലം.

3. ജില്ലാ തല സമതിയുടെ തീരുമാന പ്രകാരം കരാർ റദ്ദ് ചെയ്യുന്നതിനു മുമ്പായി അപേക്ഷകൻ കൈപറ്റിയിട്ടുള്ള **തുക 9 % ശതമാനം** പലിശ നിരക്കിൽ തിരിച്ചടച്ചുവെന്ന് ബന്ധപെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം ഉറപ്പ് വരുത്തേണ്ടതാണ്. ( ഒരോ ഗഡു തുകയും കൈപറ്റിയ തീയതി മുതൽ കരാർ റദ്ദ് ചെയ്ത നൽകുന്നതിന് പൂർണ്ണമായ അപേക്ഷ സമർപ്പിച്ച തീയതി വരെയാണ് പലിശ കണക്കാക്കേണ്ടത്).

4. ഗുണഭോക്താവ് തിരിച്ചടക്കുന്ന തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അക്കൗണ്ടിൽ തിരിച്ചടക്കേണ്ടതും ആ അക്കൗണ്ടിൽ നിന്നും നിർവഹണ ഏജൻസികൾക്ക് വിഹിതങ്ങൾ തിരിച്ച് തുക ബന്ധപെട്ട ശീർഷകങ്ങളിലേക്ക് തിരിച്ചടയ്ക്കേണ്ടതുമാണ്. ഹഡ്കോ ലോൺ വിഹിതം തദ്ദേശ സ്ഥാപനത്തിലെ മറ്റൊരു ഗുണഭോക്താവിന് നൽകാവുന്നതാണ്.

5. കരാർ റദ്ദ് ചെയ്ത ഗുണഭോക്താവിനെ കരാർ റദ്ദ് ചെയ്ത തീയതി മുതൽ 5 വർഷത്തേക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഭവന പദ്ധതികളിൽ ഒന്നും തന്നെ പരിഗണിക്കാൻ പാടുള്ളതല്ല.

6 . കരാർ റദ്ദ് ചെയ്തുകൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് നല്കേണ്ടതും ലൈഫ് മിഷൻ/ PMAY ഗുണഭോക്തൃ ലിസ്റ്റുകളിൽ 5 വർഷ

കാലയളവിൽ ടിയാൻ ഉൾപ്പെട്ടില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

7. ലൈഫ് മിഷൻ / PMAY(U), PMAY(G) പദ്ധതി പ്രകാരം ഭവന നിർമ്മാണം നടത്തിയ ഗുണഭോക്താക്കൾക്ക് ഒഴിച്ചു കൂടാൻ പറ്റാത്ത സാഹചര്യത്തിൽ വീട് /ഭൂമി പണയപ്പെടുത്തി ബാങ്കിൽ നിന്നും വായ്പ എടുക്കുന്ന വിഷയത്തിലും തീരുമാനം എടുക്കുന്നതിന് ജില്ലാ തലസമിതിയെ ചുമതലപ്പെടുത്തുന്നു.

**വളരെ അടിയന്തരം**

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്

നമ്പർ.ഡിഇ3/6/2023-തസ്വഭവ- പാർട്ട്(1) 02-09-2024,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

സർ,

വിഷയം:- തസ്വഭവ- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഭവന നിർമ്മാണം നടത്തിയ ഗുണഭോക്താക്കൾക്ക് ഒഴിച്ചുകൂടാൻ പറ്റാത്ത സാഹചര്യത്തിൽ വീട് വിൽക്കേണ്ടി വരുന്ന സാഹചര്യ ത്തിൽ സ്വീകരിക്കേണ്ട നടപടി ക്രമം - സർക്കാർ ഉത്തരവിൽ വ്യക്തത നൽകുന്നത് സംബന്ധിച്ച്.

സൂചന:- 1. സ.ഉ(സാധാ) നം.1185/2024/തസ്വഭവ തീയതി 01/07/2024

2. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ 20/08/2024 ലെ കുറിപ്പ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായത്തോടെ ഭവന നിർമ്മാണം നടത്തിയ ഗുണഭോക്താക്കൾക്ക് ഒഴിച്ചു കൂടാൻ പറ്റാത്ത സാഹചര്യത്തിൽ വീട് വിൽക്കേണ്ടി വരുമ്പോൾ സ്വീകരിക്കേണ്ട പൊതു മാനദണ്ഡങ്ങൾ സൂചന 1 പ്രകാരം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിലെ മാനദണ്ഡങ്ങൾ നിലവിൽ വ്യത്യസ്ഥ കാലയളവിലേക്ക് കരാറിലേർ പ്പെട്ടവർക്കും അല്ലാത്തവർക്കും ബാധകമാക്കിയും, നിലവിൽ ധനസഹായം ലഭിച്ച് 7 വർഷം കഴിഞ്ഞവർക്ക് ബാക്കിയുള്ള കാലത്തേക്ക് അവർ ഏർപ്പെട്ടിട്ടുള്ള കരാർ യഥാവിധി റദ്ദ് ചെയ്ത് നൽകുന്നതിനും, സ്ഥലത്തിന്റെ രേഖകൾ വാങ്ങി വെച്ചിട്ടുണ്ടെങ്കിൽ 7 വർഷം കഴിഞ്ഞവർക്ക് ആയത് യഥാവിധി തിരികെ നൽകുന്നതിനും ആവശ്യമായ നിർദ്ദേശം തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്ക് അടിയന്തിരമായി നൽകേണ്ടതാണെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ,

GANGA G R

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - അതിദാരിദ്ര്യ നിർമ്മാർജന പദ്ധതി - വീട് പുനരുദ്ധാരണം ആവശ്യമുള്ള അതിദരിദ്ര വിഭാഗത്തിൽപെട്ടവരിൽ SAFE പദ്ധതിയിൽ ആനുകൂല്യം ലഭിക്കാത്ത പട്ടികജാതി/പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കും പൊതുവിഭാഗത്തിൽ പെട്ടവർക്കും ധനസഹായം നൽകാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1677/2024/LSGD തീയതി,തിരുവനന്തപുരം, 10-09-2024

---

പരാമർശം:-

1. സ.ഉ.(കൈ) നം.84/2022/തസ്വഭവ; തീയതി 19.04.2022
2. സ.ഉ.(കൈ) നം.86/2022/തസ്വഭവ; തീയതി 19.04.2022
3. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
4. സ.ഉ.(കൈ) നം.146/2022/തസ്വഭവ; തീയതി 08.07.2022
5. സ.ഉ.(സാധാ)നം.990/2022/SCSTDD, തീയതി 27.09.2022
6. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 21.10.2023, 02.05.2024 തീയതികളിലെ LSGD/PD/60934/2023-EPEP1 നമ്പർ കത്തുകൾ.
7. സ.ഉ.(സാധാ)നം.1236/2024/തസ്വഭവ; തീയതി 07.07.2024

**ഉത്തരവ്**

സംസ്ഥാനത്തെ അതിദരിദ്രരായ വ്യക്തികളെയും കുടുംബങ്ങളെയും കണ്ടെത്തി, അവർക്കായി വ്യക്തിഗത സൂക്ഷ്മതല പദ്ധതികൾ തയ്യാറാക്കി, അതിദാരിദ്ര്യത്തിൽ നിന്നും അവരെ കരകയറ്റുന്നതിനുള്ള മൈക്രോപ്ലാനുകൾ തയ്യാറാക്കി നടപ്പിലാക്കുന്നതിന്, തദ്ദേശ ഭരണസ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട പരാമർശം 1, 2 മാർഗ്ഗരേഖകൾ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. മൈക്രോപ്ലാനുകൾ തയ്യാറാക്കി നടപ്പാക്കുന്നതിനുള്ള മാർഗ്ഗരേഖ പരാമർശം 4 പ്രകാരവും പുറപ്പെടുവിച്ചിട്ടുണ്ട്. അതിദരിദ്രരുടെ വീട് അറ്റകുറ്റ പണികൾ നടത്തുന്നത് അത് പ്രകാരം ഹ്രസ്വ കാലയളവിൽ നടപ്പാക്കാവുന്ന പദ്ധതികളിൽ പെടുത്തിയിട്ടുണ്ട്.

2. പരാമർശം 3 മാർഗ്ഗരേഖയിലെ സബ്സിഡി മാനദണ്ഡങ്ങൾ പ്രകാരം വീട് വാസയോഗ്യമാക്കുന്നതിന് ജനറൽ വിഭാഗത്തിന് പരമാവധി 1,00,000 രൂപയും പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിന് പരമാവധി 1,50,000 രൂപയുമാണ് മറ്റ് വ്യവസ്ഥകളോടെ തദ്ദേശ

ഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കാനാകുക. അതിദാരിദ്ര്യ നിർമ്മാർജന പദ്ധതിയുടെ മൈക്രോ പ്ലാനുകൾ പ്രകാരം ഭവന പുനരുദ്ധാരണം ആവശ്യമായ കുടുംബങ്ങൾക്ക്, നിലവിലെ സബ്സിഡി മാനദണ്ഡങ്ങൾ അനുസരിച്ച് തദ്ദേശ സ്ഥാപനങ്ങൾ മുഖേന നൽകുന്ന ആനുകൂല്യം, അവരുടെ അതിദാരിദ്ര്യം മൂലം പുനരുദ്ധാരണം നടത്തുന്നതിന് പ്രായോഗികമായി തികയാതെ വരുന്ന സാഹചര്യമുള്ളതായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 6 പ്രകാരം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. നിർമ്മാണം ആരംഭിച്ചിട്ടും വീടുകൾ പൂർത്തീകരിക്കാൻ സാധിക്കാത്ത പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളിൽ പ്പെട്ടവർക്ക്, അത് പൂർത്തീകരിക്കുന്നതിനും വീടുകൾ പുനരുദ്ധരിക്കുന്നതിനും SAFE (Secure Accommodation and Facility Enhancement) പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് രണ്ട് ലക്ഷം രൂപ വീതം നൽകുന്നുണ്ടെന്നും ഇതേ മാതൃകയിൽ അതിദരിദ്ര കുടുംബങ്ങളിൽ ഭവന പുനരുദ്ധാരണം ആവശ്യമുള്ള എല്ലാ കുടുംബങ്ങൾക്കും രണ്ട് ലക്ഷം രൂപ വീതം നൽകുന്നതിനുള്ള നടപടി പരിഗണിക്കാവുന്നതാണ് എന്നും പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭവന പുനരുദ്ധാരണത്തിന് സഹായം ആവശ്യമുള്ള അതിദരിദ്രരുടെ പട്ടികയിൽ ഉൾപ്പെട്ട, SAFE പദ്ധതിയിൽ ആനുകൂല്യം ലഭിക്കാത്ത പട്ടികജാതി/പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കും പൊതുവിഭാഗത്തിൽ പെട്ടവർക്കും, അതത് തദ്ദേശ ഭരണസ്ഥാപനങ്ങളുടെ സാങ്കേതിക വിഭാഗം പരിശോധന നടത്തി റിപ്പോർട്ട് ചെയ്യുന്ന പ്രകാരമുള്ള തുക, രണ്ട് ലക്ഷം രൂപ എന്ന പരിധിക്ക് വിധേയമായി അർഹരായ ഗുണഭോക്താക്കൾക്കായി വിനിയോഗിക്കാൻ, നിലവിലുള്ള പരിധിയിൽ ഇളവ് അനുവദിച്ച്, തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി
സ്പെഷ്യൽ സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
10. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
11. സ്റ്റേറ്റ് നോഡൽ ഓഫീസർ, അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി
12. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
13. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
14. എല്ലാ ജില്ലാകളക്ടർമാർക്കും
15. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
16. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)

17. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
18. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
19. ഡയറക്ടർ ജനറൽ, കില
20. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
21. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
22. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
23. തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്
24. തദ്ദേശ സ്വയംഭരണ (ഡി.ഇ) വകുപ്പ്
25. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.ഡിഇ3/238/2024-തസ്വഭവ
തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 24-09-2024

<u>സർക്കുലർ</u>

വിഷയം:- തസ്വഭവ - ബഹു. എൽ എസ് ജി മന്ത്രിയുടെ ജില്ലാ തല അദാലത്തുകളിലെ തീരുമാനം -തദ്ദേശ സ്വയംഭരണ സ്ഥാപനം ഭവന നിർമ്മാണത്തിനായി വാങ്ങി ഗുണഭോക്താവിനു നൽകുന്ന ഭൂമി നിർമ്മാണ പ്രവർത്തനത്തിന് യോഗ്യമാണെന്ന് ഉറപ്പ് വരുത്തണമെന്ന നിർദ്ദേശം പുറപ്പെടുവിയ്ക്കുന്നത് സംബന്ധിച്ച്.

സൂചന:- സ.ഉ(കൈ) നം.112/2020/തസ്വഭവ തീയതി 27/07/2020

ലൈഫ് സമ്പൂർണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ ഭാഗമായി ഭൂരഹിത ഭവന രഹിതരുടെയും ഭൂമിയുള്ള ഭവന രഹിതരുടെയും പുനരധിവാസ പ്രവർത്തനങ്ങൾക്കായുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചിരുന്നു. ഭൂരഹിത ഭവന രഹിതരുടെ പുനരധിവാസത്തിനായി വാങ്ങി നൽകുന്ന ഭൂമി ഉപയോഗയോഗ്യമല്ലാത്തതാണ് എന്നുള്ള പരാതി വിവിധതലങ്ങളിൽ നിന്നും ഉയർന്നുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിരിക്കുന്നു.

സർക്കാർ ഈ വിഷയം ഗൗരവമായി പരിശോധിക്കുകയും, തദ്ദേശ സ്വയംഭരണ സ്ഥാപനം ഭവന നിർമ്മാണത്തിനായി വാങ്ങി ഗുണഭോക്താവിനു നൽകുന്ന ഭൂമി നിർമ്മാണ പ്രവർത്തനത്തിന് യോഗ്യമാണെന്ന് ഉറപ്പ് വരുത്തി മാത്രമേ ഗുണഭോക്താവിന് കൈമാറ്റം ചെയ്യാൻ പാടുള്ളൂ എന്ന് പൊതുവായിട്ടുള്ള നിർദ്ദേശം നൽകുന്നു.

ഉത്തരവിൻ പ്രകാരം

ലീന എൻ പി
അഡിഷണൽ സെക്രട്ടറി

സെക്ഷൻ ഓഫീസർ.

കോ -ഓഡിനേറ്റർ, നവകേരളം കർമ്മപദ്ധതി,ബി.എസ്.എൻ.എൽ ഭവൻ, ഉപ്പളം റോഡ്, സ്റ്റാച്ചു, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായത്തോടെ ഭവന നിർമ്മാണം നടത്തിയ ഗുണഭോക്താക്കൾ ഒഴിച്ചു കൂടാൻ പറ്റാത്ത സാഹചര്യത്തിൽ വീട് വിൽക്കേണ്ടി വരുമ്പോൾ പാലിക്കേണ്ട പൊതു മാനദണ്ഡങ്ങൾ - ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ)വകുപ്പ്**

സ.ഉ.(സാധാ) നം.2495/2024/LSGD തീയതി,തിരുവനന്തപുരം, 19-12-2024

---

പരാമർശം:- 1. സ.ഉ(സാധാ)നം.2234/2010/തസ്വഭവ തീയതി 07/07/2010

2 സ.ഉ(സാധാ) നം.2368/14/തസ്വഭവ തീയതി 10/09/2014

3 സ.ഉ(സാധാ)നം.34/2018/തസ്വഭവ തീയതി 16/03/2018

4 സ.ഉ(സാധാ)നം.1185/2024/തസ്വഭവ തീയതി 01/07/2024

**ഉത്തരവ്**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായത്തോടെ ഭവന നിർമ്മാണം നടത്തിയ ഗുണഭോക്താക്കൾക്ക് ഒഴിച്ച് കൂടാൻ പറ്റാത്ത സാഹചര്യത്തിൽ വീട് വിൽക്കേണ്ടി വരുമ്പോൾ, പാലിക്കേണ്ട പൊതു മാനദണ്ഡങ്ങൾ രൂപീകരിച്ചും ജില്ല കളക്ടർ ചെയർമാനായി സമിതി രൂപീകരിച്ചും പരാമർശം 4 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. എല്ലാവർക്കും സുരക്ഷിത ഭവനം എന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമ്പൂർണ പാർപ്പിട പദ്ധതിയായ ലൈഫ് ഭവന പദ്ധതിയിലൂടെ ലഭിക്കുന്ന വീടുകൾ കൈമാറ്റം ചെയ്യുന്നതിനുള്ള കാലാവധി 7 വർഷമായി ചുരുങ്ങുന്നത് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യത്തെ ദോഷകരമായി ബാധിക്കും എന്ന ആശങ്ക വിവിധ തലങ്ങളിൽ നിന്ന് ഉയരുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 4 ഉത്തരവിൽ ചുവടെ ചേർക്കും പ്രകാരം ഭേദഗതികൾ വരുത്തി ഉത്തരവാകുന്നു.

i. ഉത്തരവിന്റെ അനുബന്ധം ഖണ്ഡിക 1 ലെ ലൈഫ് മിഷൻ/പിഎംഎവൈ (അർബൻ), പിഎംഎവൈ (ഗ്രാമിൻ)/ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായത്തോടുള്ള മറ്റ് നിർമ്മാണ പദ്ധതികൾ എന്നിവ പ്രകാരം നിർമ്മിക്കുന്ന വീടുകൾ ഗുണഭോക്താവ് അവസാന ഗഡു തുക കൈപ്പറ്റിയ തീയതി മുതൽ 7 വർഷത്തേയ്ക്ക് മുൻകൂർ അനുമതി ഇല്ലാതെ കൈമാറ്റം ചെയ്യാൻ പാടില്ല എന്ന വ്യവസ്ഥ ; 12 വർഷത്തേയ്ക്ക് മുൻകൂർ അനുമതി ഇല്ലാതെ കൈമാറ്റം ചെയ്യാൻ പാടില്ല എന്ന് മാത്രമുള്ള മാറ്റം വരുത്തി നിശ്ചയിക്കുന്നു.

ii. അനുബന്ധം ഖണ്ഡിക 7 റദ്ദാക്കികൊണ്ട്, ലൈഫ് മിഷൻ/പിഎംഎവൈ (അർബൻ), പിഎംഎവൈ (ഗ്രാമിൻ) /തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായത്തോടുള്ള മറ്റ് പദ്ധികൾ എന്നിവ പ്രകാരം ഭവന നിർമ്മാണം നടത്തിയ ഗുണഭോക്താക്കൾക്ക് ഒഴിച്ചു കൂടാൻ പറ്റാത്ത സാഹചര്യത്തിൽ വീട്/ ഭൂമി പണയപ്പെടുത്തി ബാങ്കുകളിൽ നിന്നും വായ്പ എടുക്കുന്നതിന് പരാമർശം (2 )സർക്കാർ ഉത്തരവ് പ്രകാരം നൽകിയ അനുമതി ബാധകമാക്കുന്നു.

4. പരാമർശം 4 ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

കോ -ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി,ബി.എസ്.എൻ.എൽ ഭവൻ, ഉപ്പളം റോഡ്, സ്റ്റാച്യു, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം

ധനകാര്യ/നിയമ വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഈസി കിച്ചൺ - അടുക്കള നവീകരിക്കുന്നതിന് ധനസഹായം നൽകാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2544/2024/LSGD തീയതി,തിരുവനന്തപുരം, 27-12-2024

പരാമർശം:-
1. സ.ഉ.(കൈ) നം.84/2022/തസ്വഭവ; തീയതി 19.04.2022
2. സ.ഉ.(കൈ) നം.86/2022/തസ്വഭവ; തീയതി 19.04.2022
3. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 12.08.2024ലെ LSGD/PD/61109/2023-DB5 നമ്പർ കത്ത്
4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതിയുടെ 05.12.2024 ൽ കൂടിയ യോഗത്തിന്റെ തീരുമാനം നം. 3.9

**ഉത്തരവ്**

അടുക്കള നവീകരിക്കുന്നതിനായി പല തദ്ദേശഭരണ സ്ഥാപനങ്ങളും പ്രോജക്ട് തയ്യാറാക്കുന്നുണ്ട്. അടുക്കളയുടെ ഉപയോഗം കൂടുതൽ സൗഹാർദ്ദപരമാക്കാനും അടുക്കള ഉപയോഗിക്കുന്നവരുടെ സൗകര്യത്തിനും ആരോഗ്യ സുരക്ഷയ്ക്കും ഇത്തരം ആവശ്യങ്ങൾ പരിഗണിക്കപ്പെടേണ്ടതുണ്ടെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരാമർശം 3 ശിപാർശയുടെ കൂടി അടിസ്ഥാനത്തിൽ, 'ഈസി കിച്ചൺ' എന്ന പേരിൽ അടുക്കള നവീകരിക്കുന്നതിന് ധനസഹായം നൽകുന്നതിനായി പ്രോജക്ട് എടുക്കാൻ ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും, ചുവടെ ചേർത്തിട്ടുള്ള ഉപാധികൾക്ക് വിധേയമായി, അനുമതി നൽകി ഉത്തരവാകുന്നു.

- ഒരു അടുക്കള നവീകരിക്കുന്നതിന് അനുവദനീയമായ വിഹിതത്തിൽ നിന്ന് പരമാവധി 75,000 രൂപ ചെലവഴിക്കാവുന്നതാണ്. അടുക്കള നവീകരണത്തിന് 2.4m x 2.4 m അളവിലുള്ള ഒരു Medium sized kitchen നവീകരിക്കുന്നതിനാണ് പ്രോജക്ട് എറ്റെടുക്കാവുന്നത്.
- നിലവിലെ അടുക്കളയുടെ തറ demolish ചെയ്ത് 1:2:4 കോൺക്രീറ്റ് ഉപയോഗിച്ച് തറ ബലപ്പെടുത്തി, Ceramic Tile വിരിക്കുന്നതിനും, ഗ്രാനൈറ്റ് സ്ലാബ് ഉപയോഗിച്ച് പുതിയ കിച്ചൺ സ്ലാബ് സജ്ജീകരിക്കുന്നതിനും, MDF ഉപയോഗിച്ച് കിച്ചൺ കബോർഡ്, പ്ലാസ്റ്റർ റിപ്പയർ, dadoing, കിച്ചൺ സിങ്ക്, 200 ലിറ്റർ വാട്ടർ ടാങ്ക്, പ്ലംബിംഗ് ഇനങ്ങൾ, പെയിന്റിംഗ്, സോക്ക് പിറ്റ് നിർമ്മാണം എന്നീ പ്രവൃത്തികളാണ് അടുക്കള നവീകരണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇലക്ട്രിക്കൽ പ്രവൃത്തികൾക്കായി 6000/- രൂപ ഉപയോഗിക്കാം

(75,000 രൂപയിൽ ഉൾപ്പെടുത്തി).

- അടുക്കള പുതുക്കി പണിയുമ്പോൾ കിച്ചൺ പ്ലാറ്റ്ഫോം (Kitchen Slab Support), Kitchen Cup Board, Water Storage Tank (200 Ltr), Kitchen Sink, PVC Pipe Fittings, Electrification എന്നിവയടക്കമുള്ള സൗകര്യങ്ങൾ നവീകരിച്ച അടുക്കളയിൽ ഉണ്ടായിരിക്കണം.
- ലൈഫ് ഭവന പദ്ധതി പ്രകാരമുള്ള സർക്കാരിന്റെ ഭവന പദ്ധതി പ്രകാരം 2017-18 മുതൽ ധനസഹായം ലഭിച്ചവർക്ക് അടുക്കള നവീകരണത്തിന് ധനസഹായം നൽകാവുന്നതല്ല.
- അടുക്കള നവീകരണത്തിനുള്ള വിഹിതം വീടിന്റെ മറ്റു പുനരുദ്ധാരണത്തിനായി ഉപയോഗിക്കാവുന്നതല്ല.
- അടുക്കളയിലെ അനാരോഗ്യകരമായ സൗകര്യം മാറ്റി മെച്ചപ്പെട്ട സൗകര്യമൊരുക്കുന്നതിനാണ് ഈ പ്രോജക്ട് കൊണ്ടുദ്ദേശിക്കുന്നത്. അതിനാൽ അത്തരം അനാരോഗ്യ സാഹചര്യം മാത്രമുള്ള അടുക്കളകൾ ഉള്ളവരെ മാത്രമേ അർഹതാ ലിസ്റ്റിൽ ഉൾപ്പെടുത്താവൂ.
- മാർഗ്ഗരേഖ പ്രകാരമുള്ള വരുമാനപരിധിയടക്കമുള്ള മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.
- അടുക്കള നവീകരിക്കുന്നതിന് മുകളിൽ പറഞ്ഞ എസ്റ്റിമേറ്റിലെ ഏതെങ്കിലും ഘടകം മാത്രമേ ചെയ്യുന്നുള്ളൂവെങ്കിൽ അതിന്റെ വാല്യുവേഷൻ അനുസരിച്ച് ധനസഹായം പരിമിതപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
4. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
5. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
6. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
10. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
11. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
12. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
13. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
14. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
15. ഡയറക്ടർ ജനറൽ, കില
16. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
17. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
18. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
19. തദ്ദേശ സ്വയംഭരണ (ഐ.എ.) വകുപ്പ്

20. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

## 7.8 ബി ) ലൈഫ് ഭവന നിർമ്മാണം - മാർഗ്ഗരേഖകൾ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തസ്വഭവ - ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ ലൈഫ് മിഷൻ ആരംഭിച്ച 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിന്റെ ഭാഗമായി ലഭ്യമാകുന്ന ഭൂമിയുടെ ഉപയുക്തത സംബന്ധിച്ച മാർഗ്ഗരേഖ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ(ഡി.ബി.) വകുപ്പ്**

സ.ഉ.(കൈ) നം.147/2022/LSGD തീയതി,തിരുവനന്തപുരം, 08-07-2022

---

പരാമർശം:- 1. സ.ഉ.(കൈ) 11 /2022/തസ്വഭവ തീയതി 08.02.2022

2. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 12/05/2022 ലെ എൽ എം 5/13/ലൈഫ്/2022 നമ്പർ കത്ത്

**ഉത്തരവ്**

ഭൂരഹിതർക്ക് ഭൂമി കണ്ടെത്തുന്നതിനായി "മനസ്സോടിത്തിരി മണ്ണ്" ക്യാമ്പയിൻ പ്രവർത്തനങ്ങൾ തുടരുന്നതിന്റെ ഭാഗമായി സംസ്ഥാന തലത്തിലും ജില്ലാതലത്തിലും തദ്ദേശസ്ഥാപനതലത്തിലും സമിതികൾ രൂപീകരിച്ച് പരാമർശം(1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇത്തരത്തിൽ ഭൂമി കണ്ടെത്തുന്നതിനായി ലൈഫ് മിഷൻ ആരംഭിച്ച മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിന്റെ ഭാഗമായി ലഭ്യമാകുന്ന ഭൂമിയുടെ ഉപയുക്തത സംബന്ധിച്ച മാർഗ്ഗരേഖയുടെ ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (2) പ്രകാരം സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിന്റെ ഭാഗമായി ലഭ്യമാകുന്ന ഭൂമിയുടെ ഉപയുക്തത സംബന്ധിച്ച്, അനുബന്ധമായി ചേർത്തിരിക്കുന്ന, മാർഗ്ഗ രേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ,, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, കേരളം സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ വിംഗ്,

ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Reenamma P A
Date: 08-07-2022 14:29:35

സെക്ഷൻ ഓഫീസർ

# 'മനസ്സോടിത്തിരി മണ്ണ്'
# ലൈഫ് ഭൂരഹിത ഭവന രഹിതരുടെ പുനരധിവാസം
# മാർഗ്ഗരേഖ

## 1. ആമുഖം

ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ മൂന്നാം ഘട്ടം ഭൂരഹിത ഭവന രഹിതരുടെ പുന:രധിവാസമാണ് ലക്ഷ്യമിടുന്നത്. പുനരധിവാസത്തിനായി ഭൂമി കണ്ടെത്തുക ഏറെ ദുഷ്കരവും വെല്ലുവിളികൾ നിറഞ്ഞതുമാണ്.

അർഹരായ എല്ലാ ഭൂരഹിത ഭവനരഹിതർക്കും സർക്കാർ തന്നെ ഭൂമി വാങ്ങി നൽകുക എന്നത് തീർത്തും അപ്രായോഗികമാണ്. എന്നാൽ ഭൂരഹിത ഭവനരഹിതരുടെ പുന:രധിവാസം നിറവേറ്റാൻ സർക്കാർ പ്രതിജ്ഞാബദ്ധവുമാണ്. വമ്പിച്ച ബഹുജന പങ്കാളിത്തം ആവശ്യപ്പെടുന്ന 'മനസ്സോടിത്തിരി മണ്ണ്' എന്ന ക്യാമ്പയിൻ സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത് മഹത്തായ ഈ ലക്ഷ്യത്തിന്റെ സാക്ഷാത്കാരത്തിനായാണ്.

ഓരോ പ്രദേശത്തും ക്യാമ്പയിനിലൂടെ ലഭ്യമായ/വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള ഭൂമി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഭൂരഹിത ഭവന രഹിതരുടെ എണ്ണത്തിന് ആനുപാതികമായി ഭവന സമുച്ചയങ്ങളുടെ നിർമ്മാണം/ക്ലസ്റ്റർ ഹോമുകളുടെ നിർമ്മാണം/വ്യക്തിഗത ഹൗസിംഗ് പ്ലോട്ടുകളുടെ വിതരണം എന്നിവയ്ക്കായി തരംതിരിക്കപ്പെട്ടും.

'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിനിലൂടെ ലഭ്യമാകുന്ന ഭൂമിയുടെ കാര്യക്ഷമമായ ഉപയുക്തതയ്ക്ക് ചുവടെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

ഭൂദാതാവ് ഭൂമി ദാനം ചെയ്യുന്നതിനായി അനുബന്ധത്തിൽ നൽകിയിരിക്കുന്ന മാതൃകയിൽ ഒരു സമ്മതപത്രവും ദാനം ചെയ്യാനുദ്ദേശിക്കുന്ന ഭൂമിയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകളുടെ (ആധാരത്തിന്റെ/പട്ടയത്തിന്റെ പകർപ്പ്, സ്ഥലത്തിന്റെ കരം ഒടുക്കിയ രസീതിന്റെ പകർപ്പ്) പകർപ്പുകളും ലഭ്യമാക്കേണ്ടതാണ്.

## 2. ഭൂമിയുടെ യോഗ്യതാ നിർണ്ണയം

തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി/ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥ(ൻ) ഭൂദാതാവ് ലഭ്യമാക്കുന്ന സമ്മതപത്രത്തിന്റെയും രേഖകളുടേയും അടിസ്ഥാനത്തിൽ ഭൂമിയുടെ കൈമാറ്റത്തിന് നിയമസാധുതയുണ്ടെന്ന് പ്രാഥമികമായി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. അതോടൊപ്പം ഭൂമിയുടെ ഉടമസ്ഥതയും തരവും, ബാധ്യതയും സംബന്ധിച്ച് റവന്യൂ/രജിസ്ട്രേഷൻ അധികാരികളിൽ നിന്നും കൈവശാവകാശ രേഖ, ബാദ്ധ്യതാ സർട്ടിഫിക്കറ്റ് തുടങ്ങിയ രേഖകൾ ലഭ്യമാക്കി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്.

## 3. ഭൂമിയുടെ അനുയോജ്യത

പ്രസ്തുത ഭൂമി കേരള മുനിസിപ്പൽ/പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായി ഭവന നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലമാണോ എന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എൻജിനീയർ പരിശോധിച്ച് പ്രാഥമിക റിപ്പോർട്ട് നൽകേണ്ടതുമാണ്.

ലൈഫ് പദ്ധതിയ്ക്കായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് വാഗ്ദാനം ചെയ്യപ്പെട്ട സ്ഥലത്തിന്റെ ആധാരത്തിന്റെ പകർപ്പ്, വില്ലേജിൽ തൻവർഷത്തെ കരം ഒടുക്കിയ രസീത്, കൈവശാവകാശ സാക്ഷ്യ പത്രം, ബാദ്ധ്യത/ ബാദ്ധ്യതാ

രഹിത സാക്ഷ്യപത്രം (Encumbrance certificate), ലൊക്കേഷൻ സ്കെച്ച് തുടങ്ങിയവയുടെ പകർപ്പുകൾ ലഭ്യമാക്കി നിയമോപദേശം തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി തേടേണ്ടതാണ്. ടി നിയമോപദേശത്തിന്റേയും അസിസ്റ്റൻറ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അനുമതിയോടെ രജിസ്ട്രേഷൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**4. ഭൂമിയുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ശ്രദ്ധിക്കേണ്ട വസ്തുതകൾ**

ഭൂമി രജിസ്റ്റർ ചെയ്യുന്നതിന് രണ്ട് തരം രീതി അവലംബിക്കാവുന്നതാണ്.

(1) ഭൂദാതാവ് നേരിട്ട് ഭൂരഹിത ഭവനരഹിത ഗുണഭോക്താവിന്റെ പേരിൽ രജിസ്റ്റർ ചെയ്ത് നൽകുന്ന രീതി

ഭൂദാതാവ് നേരിട്ട് ഗുണഭോക്താക്കൾക്ക് നൽകുന്ന രീതി അവലംബിക്കുമ്പോൾ ലൈഫ് ഭൂരഹിത ഭവനരഹിത ഗുണഭോക്തൃ പട്ടികയിലെ ഗുണഭോക്താക്കൾക്ക് മാത്രമേ ഭൂമി നൽകാൻ പാടുള്ളൂ.

(2) ഭൂദാതാവ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് രജിസ്റ്റർ ചെയ്ത് നൽകുന്ന രീതി.

വ്യക്തികൾ/സ്ഥാപനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ് ഭൂമി രജിസ്റ്റർ ചെയ്ത് നൽകുന്നതെങ്കിൽ ടി ഭൂമി സ്ഥിതിചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭൂമിയുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട അനുബന്ധ ചെലവുകൾ തദ്ദേശസ്വയംഭരണ സ്ഥാപനം വഹിക്കേണ്ടതാണ്.

ഭൂമിയുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിനൊപ്പം തന്നെ തദ്ദേശസ്വയംഭരണ സ്ഥാപന എൻജിനീയർ കെ.പി.ബി.ആർ./കെ.എം.ബി.ആർ. പ്രകാരം ഭൂവികസന പദ്ധതി തയ്യാറാക്കേണ്ടതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപന എൻജിനീയർ തയ്യാറാക്കി നൽകുന്ന ഭൂവികസന പദ്ധതി രേഖ ഭൂമിയുടെ ഉപയുക്തത കൂടി പരിഗണിച്ച് കൗൺസിൽ അംഗീകരിക്കേണ്ടതാണ്.

**5. ഭൂമിയുടെ ഉപയുക്തത**

ലഭ്യമായിട്ടുള്ള ഭൂമിയുടെ അളവിനും തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ അർഹരായ ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കളുടെ എണ്ണത്തിനും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ലഭ്യമായിട്ടുള്ള ഫണ്ടിനും അനുസൃതമായി പരമാവധി 3 സെൻറ് വീതം ഗുണഭോക്താക്കൾക്ക് വീതിച്ച് നൽകിയോ ഭവന സമുച്ചയം, ക്ലസ്റ്റർ ഹോം എന്നിവയ്ക്കായോ ഭൂമി ഉപയുക്തമാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉചിതമായ തീരുമാനമെടുക്കാവുന്നതാണ്.

അത്തരത്തിൽ ഭൂമിയുടെ ഉപയുക്തത തീരുമാനിക്കുന്നതോടൊപ്പം അടിസ്ഥാന സൗകര്യങ്ങളും അനുബന്ധ സൗകര്യങ്ങളായ റോഡ്, കുടിവെള്ളം, വൈദ്യുതി, എസ്.ടി.പി എന്നിവയും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം ഉറപ്പുവരുത്തേണ്ടതാണ്.

പുന:രധിവസിപ്പിക്കപ്പെടുന്ന (ഭവന സമുച്ചയം, ക്ലസ്റ്റർ ഹോം, വ്യക്തിഗത ഭവന നിർമ്മാണം) ഗുണഭോക്താക്കളെ ഭൂരഹിത ഭവനരഹിത ഗുണഭോക്തൃ പട്ടികയിലെ മുൻഗണനാക്രമത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് തിരഞ്ഞെടുക്കാവുന്നതാണ്. ടി തീരുമാനം ബന്ധപ്പെട്ട ഗുണഭോക്താക്കളെ അറിയിക്കേണ്ടതുമാണ്. ഭവന സമുച്ചയങ്ങൾ, ക്ലസ്റ്റർ ഹോമുകൾ എന്നിവയിലെ ഓരോ അപ്പാർട്ട്മെൻറുകളും ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന്റെ ഭാഗമായി സർക്കാരിന്റെ 16.07.2019-ലെ സ.ഉ.(കൈ)91/2019/ത.സ്വ.ഭ.വ. ഉത്തരവിലെ നിർദ്ദേശപ്രകാരമുള്ള കരാർ നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്.

വ്യക്തിഗത ഭവനങ്ങൾക്കാണ് ഭൂമി നൽകുന്നതെങ്കിൽ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായി 15 ദിവസത്തിനകം ഭവന നിർമ്മാണ ആനുകൂല്യത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാർ വയ്പ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

വ്യക്തിഗത ഭവനങ്ങൾക്കാണ് ഭൂമി നൽകുന്നതെങ്കിൽ മാത്രമെ രജിസ്ട്രേഷൻ നടപടികൾ ആവശ്യമുള്ളൂ. ലൈഫ് പദ്ധതിയ്ക്കായും ലൈഫ് ഗുണഭോക്താക്കൾക്കും വ്യക്തികൾ/ സ്ഥാപനങ്ങൾ/ ട്രസ്റ്റുകൾ/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവർ രജിസ്റ്റർ ചെയ്ത് നൽകുന്ന ഭൂമിക്കും തദ്ദേശസ്വയംഭരണ സ്ഥാപനമോ വ്യക്തികളോ ലൈഫ് ഗുണഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്ത് നൽകുന്ന ഭൂമിക്കും സർക്കാരിന്റെ 03.06.2019-ലെ സ.ഉ.(അച്ചടി)

83/2019/ടി.ഡി നമ്പർ ഉത്തരവ് പ്രകാരം സ്റ്റാമ്പ് ഡ്യൂട്ടിയും 03.06.2019-ലെ സ.ഉ.(അച്ചടി) 84/2019/ടി.ഡി. നമ്പർ ഉത്തരവ് പ്രകാരം രജിസ്ട്രേഷൻ ഫീസും ഒഴിവാക്കിയിട്ടുണ്ട്.

**6. രജിസ്ട്രേഷന്റെ ഭാഗമായി ഉൾപ്പെടുത്തേണ്ട വ്യവസ്ഥകൾ**

ലൈഫ് പദ്ധതി പ്രകാരം ലഭ്യമാകുന്ന ഭൂമിയിൽ ഗുണഭോക്താവിന്/ ഗുണഭോക്താവിന്റെ നിയമാനുസൃത അവകാശികൾക്ക് ജീവിതാവസാനം വരെ അവകാശം ഉണ്ടായിരിക്കുന്നതാണ് എന്നും ടി ഭൂമി അനന്തരാവകാശികൾക്കു മാത്രമേ കൈമാറ്റം ചെയ്യാൻ പാടുള്ളൂ എന്നും അല്ലാതെയുള്ള കൈമാറ്റം നടത്തിയാലും അനന്തരാവകാശികൾ ഇല്ലാത്ത സാഹചര്യത്തിലും ടി സ്ഥലം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് തിരികെ ലഭ്യമാകുന്നതാണ് എന്ന വ്യവസ്ഥ ഉൾപ്പെടുത്തി ഭൂമി രജിസ്റ്റർ ചെയ്ത് നൽകേണ്ടതാണ്.

**7. വാഗ്ദാനം ചെയ്യപ്പെട്ട ഭൂമി ഉപയുക്തമാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ.**

വാഗ്ദാനം ചെയ്യപ്പെട്ട ഭൂമി ലൈഫ് മിഷൻ പദ്ധതിക്കായി വിനിയോഗിക്കുമ്പോൾ ഉണ്ടാകാനിടയുള്ള സാങ്കേതിക പ്രശ്നങ്ങൾ ചുവടെ പറയും പ്രകാരം നടപടി സ്വീകരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പരിഹരിക്കേണ്ടതാണ്.

എ) റവന്യൂ രേഖകളിൽ ഭൂമിയുടെ തരം നിലം/ നികത്തപ്പെട്ട ഭൂമി എന്നിങ്ങനെയാണ് രേഖപ്പെടുത്തിയിട്ടുള്ളതെങ്കിൽ ഭൂദാതാവ് നൽകുന്ന സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ ഭൂമിയുടെ തരംമാറ്റത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി നിയമാനുസൃത നടപടി സ്വീകരിക്കേണ്ടതാണ്. ഇത്തരം അപേക്ഷകൾക്ക് ആർ.ഡി.ഒ മുൻഗണന നൽകി നടപടി സ്വീകരിക്കേണ്ടതാണ്.

ബി) ഡേറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെട്ട സ്ഥലമാണ് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ളതെങ്കിൽ ഡേറ്റാ ബാങ്കിൽ നിന്നും ടി സ്ഥലം ഒഴിവാക്കി ലഭിക്കുന്നതിനുള്ള നടപടി തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി സ്വീകരിക്കേണ്ടതാണ്. ഇത്തരം അപേക്ഷകൾക്ക് എൽ.എൽ.എം.സി പ്രത്യേക പരിഗണന നൽകേണ്ടതാണ്.

സി) വികസന മേഖലയായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പ്രദേശങ്ങളിൽ ഉൾപ്പെടുന്ന ഭൂമി ആണെങ്കിൽ മാസ്റ്റർ പ്ലാൻ ഭേദഗതി ആവശ്യമുള്ളപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനം ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

ഡി) CRZ പരിധിയിൽ വരുന്ന ഭൂമിയാണെങ്കിൽ ജില്ലാതല സമിതി/ സി.ഇസഡ്.എം.എ. എന്നിവയുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനം ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. ഇത്തരം അപേക്ഷകൾ ജില്ലാതല സമിതി/ സി.ഇസഡ്.എം.എ മുൻഗണന നൽകി പരിഹരിക്കേണ്ടതാണ്.

ഇ) വാഗ്ദാനം ചെയ്യപ്പെട്ട ഭൂമിയിൽ ഭൂമി സംബന്ധിച്ചുള്ള തർക്കം, സാങ്കേതിക പ്രശ്നങ്ങൾ, കോടതി വ്യവഹാരം എന്നിവ നിലവിലുണ്ടെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷന്മാരുടെ നേതൃത്വത്തിൽ ടി പ്രശ്നം പരിഹരിച്ച് ഭൂമി ഉപയുക്തമാക്കുന്നതിന് പരമാവധി ശ്രമിക്കേണ്ടതാണ്. പരമാവധി ശ്രമിച്ചിട്ടും പ്രശ്നങ്ങൾ പരിഹരിക്കുവാൻ സാധിക്കുന്നില്ലായെങ്കിലോ, ഭൂമിയുടെ അനുയോജ്യതയിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് സംശയമുള്ള പക്ഷമോ ആയത് ദൂരീകരിക്കുന്നതിന് ലൈഫ് മിഷനെ സമീപിക്കേണ്ടതാണ്.

ഇപ്രകാരമുള്ള നടപടികൾ സ്വീകരിച്ചതിനുശേഷമേ ഭൂമി രജിസ്ട്രേഷൻ നടത്തേണ്ടതുള്ളൂ. നടപടികൾ സ്വീകരിച്ചതിനുശേഷം ഭൂദാതാവ് രജിസ്റ്റർ ചെയ്യാൻ വിസമ്മതിക്കുകയാണെങ്കിൽ തദ്ദേശസ്വയംഭരണ സെക്രട്ടറിയുടെ അപേക്ഷയിന്മേൽ ലഭ്യമായ എല്ലാ വിധ അനുമതികളും റദ്ദാക്കാവുന്നതാണ്.

**8. വാഗ്ദാനം ചെയ്യപ്പെട്ട ഭൂമി നിരാകരിക്കൽ**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഭൂമിയുടെ അനുയോജ്യത പരിശോധിച്ച് ഉപയുക്തമാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ ടി വിവരം ലൈഫ് മിഷനെ അറിയിക്കേണ്ടതാണ്. ലൈഫ് മിഷൻ ഇക്കാര്യത്തിൽ ആവശ്യമായ ഇടപെടലുകൾ നടത്തിയും സ്ഥലപരിശോധന നടത്തിയും പ്രശ്നം പരിഹരിക്കുന്നതിന് പരമാവധി പരിശ്രമിക്കേണ്ടതാണ്. സ്ഥലത്തിന്റെ അനുയോജ്യത, ലൈഫ് മിഷൻ എൻജിനീയറിംഗ് വിഭാഗം പരിശോധിക്കേണ്ടതും ടി ഭൂമി ലൈഫ് ഭവന നിർമ്മാണത്തിന് യാതൊരു കാരണവശാലും ഉപയുക്തമാക്കുവാൻ സാധിക്കാത്ത സാഹചര്യത്തിൽ മാത്രം ഇത്തരം അപേക്ഷകൾ നിരസിക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതുമാണ്. ഇത്തരം ഭൂമിയുടെ ഉപയുക്തത സംബന്ധിച്ച് ലൈഫ് മിഷൻ നേരിട്ട് പരിശോധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും ഭൂദാതാവിനെയും അറിയിക്കേണ്ടതാണ്.

## സമ്മതപത്രം

ലൈഫ് മിഷൻ ഭൂരഹിത ഭവന രഹിത ഗുണഭോക്താക്കളുടെ പുന:രധിവാസത്തിനായി സർക്കാർ നടത്തുന്ന 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിനിൽ ഞാനും പങ്ക് ചേരുന്നു. എന്റെ ..... ..... ..... ..... .....
.....
..... .....
.....
..... (പേരും വിലാസവും) ഉടമസ്ഥതയിലുള്ള ..... താലൂക്കിലെ ..... വില്ലേജിലെ ..... ..... റീസർ വ്വേ ..... നമ്പരിൽപ്പെട്ട ..... നമ്പർ തണ്ടപ്പേരിൽ കൈവശം വച്ച് വരുന്ന ..... സെന്റ് (..... ഹെക്ടർ) ഭൂമി ലൈഫ് മിഷൻ ഭൂരഹിത ഭവന രഹിത ഗുണഭോക്താക്കളുടെ പുനരധിവാസത്തിനായി ..... തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് സൗജന്യമായി നൽകുന്നതിന് എനിക്ക് സമ്മതമാണ്. ഭൂമി സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ഇതോടൊപ്പം താഴെ നൽകിയിരിക്കുന്നു.

ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തീകരിച്ച് വിവരം എന്നെ അറിയിക്കുന്ന മുറയ്ക്ക് ടി ഭൂമി ..... തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ലൈഫ് ഗുണഭോക്താക്കളുടെ പുന:രധിവാസത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ/ ഗുണഭോക്താക്കളുടെ പേരിൽ രജിസ്റ്റർ ചെയ്ത് നൽകുന്നതിന് എനിക്ക് പരിപൂർണ്ണ സമ്മതമാണ്.

സ്ഥലം :

തീയതി : ഭൂദാതാവിൻറെ പേരും ഒപ്പും

സാക്ഷികൾ

1. ..... (ഒപ്പ്)

.....

പേരും മേൽവിലാസവും

2. ..... (ഒപ്പ്)

.....

പേരും മേൽവിലാസവും

## സൗജന്യമായി നൽകുന്ന ഭൂമിയുടെ വിവരങ്ങൾ

1. സ്ഥലം സ്ഥിതി ചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ

പേര്: ..... (കോർപ്പറേഷൻ /നഗരസഭ/

ഗ്രാമപഞ്ചായത്ത്)

2. സ്ഥലത്തിന്റെ വിസ്തീർണ്ണം : .....

3. പട്ടയ/ആധാരം നമ്പരും തീയതിയും : .....

4. സ്ഥലത്തിന്റെ അതിരുകൾ: .....

5. സ്ഥലം സ്ഥിതിചെയ്യുന്ന വില്ലേജ്: ..... താലൂക്ക് .....

ജില്ല .....

6. സ്ഥലത്തിന്റെ ബ്ലോക്ക് നമ്പർ : ..... സർവ്വെ നമ്പർ : .....

സർവ്വെ സബ്ഡിവിഷൻ നമ്പർ : ..... റീസർവ്വെ/ റീസർവ്വെ

സബ്ഡിവിഷൻ നമ്പർ : .....

7.സ്ഥലം ഏത് തരത്തിൽപ്പെട്ടതുവെന്ന വിവരം (നിലം/പുരയിടം തുടങ്ങിയ വിവരങ്ങൾ) : .....

8. ഭൂദാതാവ് പവർ ഓഫ് അറ്റോർണി മുതലായ അധികാരം വച്ചാണ് സമ്മതപത്രം നൽകുന്നതെങ്കിൽ സ്ഥലത്തിന്റെ യഥാർത്ഥ ഉടമയുടെ പേരും വിലാസവും വിശദാംശങ്ങളും അധികാരം ലഭിക്കുന്ന രേഖകളുടെ വിവരങ്ങളും .....

9 . സ്ഥലത്ത് എത്തിച്ചേരുന്നതിലേക്കുള്ള വഴി സംബന്ധിച്ച വിവരം .....

10. ഭൂദാതാവിന്റെ ആധാർ നമ്പർ : .....

11. ഭൂദാ താവിന്റെ മൊബൈൽ നമ്പർ : .....

ഇനിപ്പറയുന്നവ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു

1. ആധാരം / പട്ടയത്തിന്റെ പകർപ്പ്

2. വില്ലേജിൽ നികുതി അടച്ച രസീതിന്റെ പകർപ്പ്

3. കെട്ടിടമുണ്ടെങ്കിൽ ആയതിന്റെ നികുതി അടച്ച രസീതിന്റെ പകർപ്പ്

സ്ഥലം :

തീയതി : ഭൂദാതാവിന്റെ പേരും ഒപ്പും

"ജനനാശ്രയ- മാതൃകാശ്രയ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിൻ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നത് സംബന്ധിച്ച മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്

G.O.(Rt.)No.297/2023/LSGD തീയതി,തിരുവനന്തപുരം, 02-02-2023

---

പരാമർശം:- 1. ലൈഫ് മിഷൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 26/12/2022 തീയതിയിലെ എൽ.എം.5/13/ലൈഫ്/2022 നമ്പർ കത്ത്

ഉത്തരവ്

കേരള സർക്കാരിന്റെ ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ ഭാഗമായി ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി ആരംഭിച്ച 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിൻ ഇതിനോടകം ജനശ്രദ്ധ നേടിയിട്ടുണ്ട്. ലൈഫ് മിഷൻ ഭൂരഹിത ഭവനരഹിത ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും ഭൂമി കണ്ടെത്തുന്നതിനുള്ള പ്രസ്തുത ക്യാമ്പയിൻ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ കൂടുതൽ ഊർജ്ജിതമാക്കേണ്ടത് അനിവാര്യമാണ്. ആയതിനാൽ 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിൻ പ്രവർത്തനങ്ങൾ വിപുലീകരിച്ച് നടപ്പിലാക്കുന്നതിനുള്ള കരട് മാർഗ്ഗ രേഖയുടെ ഉത്തരവ് പുറപ്പെടുവിക്കാനായി ലൈഫ് മിഷൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം(1) പ്രകാരം സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിൻ പ്രവർത്തനങ്ങൾ വിപുലീകരിച്ച് നടപ്പിലാക്കുന്നതിനായി അനുബന്ധമായി ചേർക്കുന്ന മാർഗ്ഗ രേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ANIL KUMAR G
ADDITIONAL SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

ഡയറക്ടർ, കേരളം സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Sheeba S C

[illegible]

Date: 03-02-2023 11:10:27

നവകേരളം കർമ്മപദ്ധതി – ലൈഫ് മിഷൻ

# 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിൻ മാർഗ്ഗരേഖ (കരട്)

## ആമുഖം

ലൈഫ് 2020 ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിച്ചതോടുകൂടി 3.22 ലക്ഷം ഭൂരഹിത ഭവന രഹിതർക്ക് ഭൂമി കണ്ടെത്തുകയും 6.5 ലക്ഷത്തിൽപ്പരം ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുകയും എന്ന സമാനത കളില്ലാത്ത ഒരു പദ്ധതിയാണ് ലൈഫ് മിഷന്റെ ഭാഗമായി നടന്നു വരുന്നത്. ഭൂരഹിത ഭവനരഹിതരായവർക്ക് മുഴുവൻ ഭൂമിയും വീടും നൽകുകയും ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മിക്കാൻ ധനസഹായം നൽകുകയും ചെയ്യുക എന്ന രണ്ടു ഘട്ടങ്ങളും കൂടി പൂർത്തിയാക്കാൻ വലിയ സാമ്പത്തിക സ്രോതസ്സ് കണ്ടെത്തേണ്ടിവരും. ഭൂരഹിതരായ ഗുണഭോക്താക്കൾക്ക് വേണ്ടി ഏകദേശം പതിനായിരം ഏക്കർ ഭൂമി കണ്ടെത്തേണ്ടി വരുമെന്നതാണ് ഇതിൽ ഏറെ ശ്രമകരം. ഗുണഭോക്താക്കൾക്ക് സ്വയം ആർജിക്കാൻ കഴിയുന്നതും വിവിധ വകുപ്പുകളുടെ പദ്ധതികൾ വഴി ലഭിക്കുന്നതുമായ ഭൂമിക്ക് പരിമിതിയുണ്ടെന്നതിനാൽ സമൂഹം ഈ പ്രശ്നം ഏറ്റെടുത്ത് പരിഹരിക്കാൻ ശ്രമിച്ചാലേ പൂർണ്ണ ലക്ഷ്യപ്രാപ്തി സാധ്യമാകൂ. സംസ്ഥാനത്തെ മുഴുവൻ ജനവിഭാഗങ്ങളുടെയും ഹൃദയത്തിൽ സ്പർശിക്കുന്ന അതി ബൃഹത്തായ ഒരു ക്യാമ്പയിനിലൂടെ മാത്രമേ ഇത് വിജയകരമായി നടപ്പാക്കാനാകൂ. ഇതിനായി ലൈഫ് മിഷൻ ആരംഭിച്ചിട്ടുള്ള 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിൽ വിപുലീകരിച്ചുകൊണ്ട് താഴെപ്പറയും പ്രകാരമുള്ള ക്യാമ്പയിൻ മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവാകുന്നു.

## രണ്ട് തലങ്ങളിലുള്ള ക്യാമ്പയിൻ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൂർണ്ണമായ നേതൃത്വത്തിലും മേൽനോട്ടത്തിലും മുന്നോട്ടുപോകുന്ന ഒരു ക്യാമ്പയിനാണ് പ്രധാനമായും വിഭാവനം ചെയ്തിരിക്കുന്നത്. ഇതോടൊപ്പം സംസ്ഥാന സർക്കാർ നേരിട്ടും വിവിധ വകുപ്പുകളും ഏജൻസികളും മിഷനുകളും വഴിയും ഒരുക്കേണ്ട പിന്തുണാ സംവിധാനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിന് രണ്ട് പ്രധാന ഘടകങ്ങൾ ഉണ്ടാകും. സംസ്ഥാനതലത്തിൽ സർക്കാരും, മിഷനുകളും, ഏജൻസികളും വകുപ്പുകളും ചേർന്നു നടത്തുന്ന പ്രവർത്തനവും തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ നടക്കുന്ന ജനകീയ ക്യാമ്പയിനും.

# I. സംസ്ഥാനതല പ്രവർത്തനങ്ങൾ

'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിൻ രീതി നിശ്ചയിക്കൽ, നയപരമായ തീരുമാനങ്ങൾ ആവശ്യമായ ഘടകങ്ങൾ കണ്ടെത്തി തീരുമാനങ്ങളെടുക്കൽ, സംസ്ഥാനതല ക്യാമ്പയിൻ സമിതി രൂപീകരിക്കൽ, സംസ്ഥാനതല ഐ.ഇ.സി. സെൽ രൂപീകരിക്കൽ, വിവിധ വിഭാഗം ജനങ്ങളുമായി സംസ്ഥാനതലത്തിൽ നടക്കേണ്ട യോഗങ്ങൾ സംഘടിപ്പിക്കൽ, സംസ്ഥാനതല പ്രചാരണ പ്രവർത്തനങ്ങൾ നടത്തൽ എന്നിവയെല്ലാം സംസ്ഥാനതലത്തിൽ നടത്തുക.

## 1. നയപരമായ തീരുമാനങ്ങൾ എടുക്കൽ

സംസ്ഥാന തലത്തിൽ നയപരമായ തീരുമാനങ്ങൾ യഥാസമയം എടുക്കുകയും ഉത്തരവ്/ സർക്കുലർ പുറത്തിറക്കുകയും ചെയ്യുക.

ചുവടെ പറയുന്ന ഘടകങ്ങൾ പരിഗണിച്ച് സംസ്ഥാനതലത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുക.

- ഭൂമി സംഭാവന ചെയ്യുന്നവരുടെ വിവരങ്ങൾ അനുയോജ്യമായ രീതിയിൽ പരസ്യപ്പെടുത്തുന്നതിന് സംസ്ഥാനതലത്തിൽ സംവിധാനമൊരുക്കുക. ഭൂമി സംഭാവന ചെയ്യുന്ന മുഴുവൻ പേരുടേയും വിവരങ്ങൾ തുല്യ പ്രാധാന്യത്തോടെ പ്രസിദ്ധീകരിക്കേണ്ടതാണ്. സംസ്ഥാന സർക്കാരിന്റെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റിന്റേയും നവകേരളം കർമ്മപദ്ധതി, ലൈഫ് മിഷൻ, കില വെബ്സൈറ്റുകളിൽ ഈ വിവരം പ്രസിദ്ധീകരിക്കുക. കൂടാതെ ജില്ലാതല ലിസ്റ്റ് ജില്ലാ കളക്ടർമാരുടെ ഔദ്യോഗിക ഫേസ്ബുക്ക് പേജുകളിലും പ്രസിദ്ധീകരിക്കക്കേണ്ടതാണ്.
- ഭൂമി സംഭാവന ചെയ്യാൻ സന്നദ്ധതയുള്ളവർക്ക് അത് സർക്കാറിനെ/തദ്ദേശസ്വയംഭരണ സ്ഥാപനത്തെ അറിയിക്കാനായി വെബ്സൈറ്റ്, ഓൺലൈൻ സംവിധാനം, മൊബൈൽ ആപ്പ്, ഫോൺ നമ്പർ എന്നീ സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതാണ്. ലഭ്യമാകുന്ന വിവരങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുകയും അതിന്മേൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കുന്ന നടപടി നിരീക്ഷിക്കുകയും ചെയ്യാൻ കഴിയുംവിധത്തിലാണ് ഈ സംവിധാനങ്ങളൊരുക്കേണ്ടത്. നിശ്ചിത സമയത്തിനുള്ളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഭൂമി സംഭാവന ചെയ്യാൻ സന്നദ്ധത പ്രകടിപ്പിച്ചവരെ ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്നില്ലയെങ്കിൽ

സംസ്ഥാനതല ക്യാമ്പയിൻ സമിതിയുടെ നേതൃത്വത്തിൽ പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

- മന്ത്രിമാർ, എം.എൽ.എ.മാർ, എം.പി.മാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, മറ്റ് ജനപ്രതിനിധികൾ എന്നിവർ പങ്കെടുക്കുന്ന യോഗത്തിൽ വെച്ച് സംഭാവനയായി ലഭ്യമാകുന്ന ഭൂമിയുടെ രേഖകൾ ഭൂദാതാവിൽ നിന്നും ഏറ്റുവാങ്ങേണ്ടതും 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിന്റെ ഭാഗമാകുന്ന വ്യക്തികളെ/സംഘടനകളെ ആദരിക്കേണ്ടതുമാണ്. ഇനിനായി മന്ത്രിമാർക്ക് ജില്ലാതല ചുമതല നൽകേണ്ടതും പ്രസ്തുത പരിപാടികൾ ആകർഷകമായ രീതിയിൽ സംഘടിപ്പിക്കേണ്ടതുമാണ്.
- സംഭാവനയായി നൽകിയ ഭൂമി ഏതെങ്കിലും വ്യക്തികളുടേയോ സ്ഥാപനങ്ങളുടേയോ കുടുംബത്തിന്റെയോ സംഘടനകളുടേയോ പേരിൽ അറിയപ്പെടാൻ താൽപ്പര്യമുള്ളവർക്ക് അതിനുള്ള സൗകര്യം ലഭ്യമാക്കേണ്ടതാണ്. സംഭാവന ചെയ്ത ഭൂമിയുടെ ഏതെങ്കിലും ഒരു ഭാഗത്ത് ഇത് സൂചിപ്പിക്കുന്ന ബോർഡ് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ സ്ഥാപിക്കേണ്ടതാണ്. വലുപ്പം കൂടിയ ആർച്ച് മാതൃകയിൽ ബോർഡ് സ്ഥാപിക്കാൻ താൽപര്യപ്പെടുന്നവർക്ക് സ്വന്തം ചെലവിൽ ആയത് സ്ഥാപിക്കാൻ നിയമാനുസൃതമുള്ള അനുമതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടതാണ്. എന്നാൽ സംഭാവന ചെയ്ത ഭൂമിയിൽ നിർമ്മിക്കുന്ന വീടുകൾക്ക് ഇപ്രകാരമുള്ള പേരുകൾ നൽകാൻ പാടുള്ളതല്ല.
- സർക്കാർ വക പുറമ്പോക്ക്/ഉടമസ്ഥരില്ലാതെ കിടക്കുന്ന ഭൂമി/ സ്ഥാപനങ്ങളുടെ പേരിൽ ഉപയോഗരഹിതമായി കിടക്കുന്ന ഭൂമി തുടങ്ങിയവ തദ്ദേശ സ്വയംഭരണ സ്ഥാപത്തിന്റെ നേതൃത്വത്തിൽ കണ്ടെത്തി സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഇപ്രകാരം റിപ്പോർട്ട് ചെയ്യപ്പെടുന്ന ഭൂമിയുടെ സ്ഥിതി പരിശോധിച്ച് അവ ലൈഫ് പദ്ധതിക്കായി ഏറ്റെടുക്കാൻ കഴിയുന്നവയാണെങ്കിൽ അതിനുള്ള നിയമാനുസൃത നടപടികൾ റവന്യൂ അധികാരികൾ മുഖേന സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.
- ഭൂമി സംഭാവന ചെയ്യുന്നവർക്ക് ഏതെങ്കിലും തരത്തിലുള്ള ഇളവുകൾ/ അംഗീകാരങ്ങൾ എന്നിവ നൽകുന്നതു സംബന്ധിച്ച്

023

പരിശോധിക്കുകയും അത് സംബന്ധിച്ച് നിർദ്ദേശങ്ങൾ / ഉത്തരവുകൾ പ്രത്യേകം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

## 2. സംസ്ഥാനതല ക്യാമ്പയിൻ സമിതി

കാമ്പയിനുമായി ബന്ധപ്പെട്ട് സംസ്ഥാനതലത്തിൽ നടക്കേണ്ട പ്രവർത്തനങ്ങൾ സമയ ബന്ധിതമായി നടത്തുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി യഥാസമയം അവലോകനത്തിനു വിധേയമാക്കി ലക്ഷ്യപ്രാപ്തി ഉറപ്പു വരുത്തുന്നതിനും സംസ്ഥാനതലത്തിൽ ഒരു ക്യാമ്പയിൻ സമിതി രൂപീകരിക്കേണ്ടതാണ്.

<u>സംസ്ഥാനതല ക്യാമ്പയിൻ സമിതി ഘടന</u>

| | | |
|---|---|---|
| അദ്ധ്യക്ഷൻ<br>മന്ത്രി | : | ബഹു. തദ്ദേശ സ്വയംഭരണ, എക്സൈസ് വകുപ്പ് |
| കൺവീനർ | : | ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി |
| ജോയിന്റ് കൺവീനർ | : | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ |
| കോർഡിനേറ്റർ | : | നവകേരളം കർമപദ്ധതി<br>സംസ്ഥാന കോർഡിനേറ്റർ |
| അംഗങ്ങൾ | : | അഡീഷണൽ ചീഫ് സെക്രട്ടറി റവന്യൂ വകുപ്പ് |
| | : | പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്<br>പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് |
| | : | ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ് |
| | : | ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്<br>ഡയറക്ടർ, പട്ടികജാതി വകുപ്പ്<br>ഡയറക്ടർ, പട്ടികവർഗ്ഗ വകുപ്പ്<br>ഡയറക്ടർ, ഫിഷറീസ് വകുപ്പ് |
| | : | ഡെപ്യൂട്ടി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ |
| | : | ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ അസോസിയേഷൻ പ്രതിനിധികൾ |
| | : | മുനിസിപ്പൽ ചെയർമെൻസ് ചേംബർ പ്രതിനിധികൾ |
| | : | മേയേഴ്സ് ചേംബർ പ്രതിനിധികൾ |

### 2.1 സംസ്ഥാനതല ക്യാമ്പയിൻ സമിതിയുടെ ഉത്തരവാദിത്തങ്ങൾ

- നയപരമായ തീരുമാനങ്ങൾ എടുക്കേണ്ട വിഷയങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ഉത്തരവുകൾ /സർക്കുലറുകൾ / മാർഗ്ഗരേഖകൾ പുറപ്പെടുവിക്കൽ.

- എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വിഭാവനം ചെയ്ത രീതിയിൽ തന്നെ ക്യാമ്പയിൻ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനായി കൃത്യമായി അവലോകന യോഗങ്ങൾ നടത്തൽ.
- ക്യാമ്പയിന് ആവശ്യമായ നോട്ടീസുകൾ, ബ്രോഷറുകൾ തുടങ്ങിയ സാമഗ്രികൾ ലഭ്യമാക്കൽ.
- ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മതിയായ അളവിൽ ഭൂമി കണ്ടെത്താൻ കഴിയാതെ വന്നാൽ അധികഭൂമി ഉള്ള പ്രദേശങ്ങളിൽ പ്രസ്തുത ഗുണഭോക്താക്കൾക്ക് ഭൂമി കണ്ടെത്തി നൽകുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തൽ.
- ഗുണഭോക്താക്കളുടെ എണ്ണത്തിനേക്കാൾ അധികമായി ഭൂമി ലഭിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അത്തരം ഭൂമി ഇതര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സമാനമായ ആവശ്യത്തിന് വേണ്ടി മാത്രം ഉപയോഗിക്കാനായി ഏറ്റെടുത്ത് ഭൂബാങ്ക് ഉണ്ടാക്കൽ.
- സംഭാവനയായി ലഭിക്കുന്ന ഭൂമി സംബന്ധിച്ച് ഉണ്ടാവുന്ന തർക്കങ്ങൾ (ഉടമസ്ഥത, വഴി, അനുയോജ്യത തുടങ്ങിയവ) പരിഹരിച്ച് ഭൂമിയുടെ രജിസ്ട്രേഷൻ നടപടി സ്വീകരിക്കൽ.

## 3. സംസ്ഥാനതല ഐ.ഇ.സി. സെൽ രൂപീകരണം

വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിലൂടെയും അനുകൂല മനോഭാവ സൃഷ്ടിയിലൂടെയും ക്യാമ്പയിന് മികച്ച തുടക്കം കുറിക്കുകയും അതിന്റെ തീവ്രത അൽപ്പവും നഷ്ടപ്പെടാതെ മുന്നോട്ടുകൊണ്ടുപോവുകയും ചെയ്യുക എന്നത് ഈ ക്യാമ്പയിനിൽ ഏറെ പ്രധാനപ്പെട്ടതാണ്. ഇതിനായി സംസ്ഥാനതലത്തിൽ ഒരു ഐ.ഇ.സി. സെൽ രൂപീകരിച്ച് ക്യാമ്പയിൻ പ്രവർത്തനങ്ങളെ ജനഹൃദയങ്ങളിലെത്തിക്കാൻ പര്യാപ്തമായ വിധത്തിലുള്ള പരസ്യ പ്രചരണ സാമഗ്രികൾ തയ്യാറാക്കേണ്ടതാണ്.

നവകേരളം കർമ്മപദ്ധതിയിലെ ഐ.ഇ.സി. വിഭാഗം, ഐ.&പി.ആർ.ഡി., തദ്ദേശ സ്വയംഭരണ വകുപ്പിലെ ഐ.ഇ.സി. വിദഗ്ധർ, കില ഐ.ഇ.സി വിഭാഗം എന്നിവർ ഉൾപ്പെടുന്നതായിരിക്കും ഈ ഐ.ഇ.സി. സെൽ. ആവശ്യാനുസരണം മറ്റ് ഐ.ഇ.സി. വിദഗ്ധരേയും ഈ സെല്ലിലേക്ക് ഉൾപ്പെടുത്താവുന്നതാണ്. നവകേരളം കർമ്മപദ്ധതി സംസ്ഥാന കോർഡിനേറ്ററുടെ അധ്യക്ഷതയിൽ പ്രവർത്തിക്കുന്ന ഈ സെല്ലിന്റെ

നേതൃത്വത്തിൽ സംസ്ഥാനതല ക്യാമ്പയിൻ മെറ്റീരിയലുകൾ തയ്യാറാക്കേണ്ടതാണ്.

4. ബഹു. മുഖ്യമന്ത്രിയുടെ/ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ നടക്കുന്ന യോഗങ്ങൾ

ക്യാമ്പയിന്റെ പരസ്യ പ്രചരണത്തിനുള്ള സാമഗ്രികൾ എല്ലാം സജ്ജമായിക്കഴിഞ്ഞാൽ ബഹു. മുഖ്യമന്ത്രിയുടെ/തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ വിവിധ വിഭാഗം ജനപ്രതിനിധികളുടെ യോഗം ചേരേണ്ടതും ക്യാമ്പയിൻ ലക്ഷ്യങ്ങൾ വിശദീകരിക്കലും പിന്തുണ അഭ്യർത്ഥിക്കലും നടത്തേണ്ടതുമാണ്. ടി യോഗങ്ങളിൽ വിവിധ രാഷ്ട്രീയ പാർട്ടികളുടെ നേതാക്കൾ, മാധ്യമ സ്ഥാപന മേധാവികൾ, മത-സാമുദായിക സംഘടനാ നേതാക്കൾ, പ്രവാസി സംഘടനാ പ്രതിനിധികൾ, എം.എൽ.എ. മാർ, എം.പി.മാർ, തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷന്മാർ എന്നിവരെ പങ്കെടുപ്പിക്കേണ്ടതുമാണ്.

5. പ്രചാരണ പ്രവർത്തനങ്ങൾ

സംസ്ഥാനതല യോഗങ്ങൾ പൂർത്തിയായാൽ സംസ്ഥാനതല ഐ.ഇ.സി. സെൽ തയ്യാറാക്കുന്ന പരസ്യങ്ങൾ വിവിധ മാധ്യമങ്ങൾ വഴി പ്രസിദ്ധീകരിക്കാവുന്നതാണ്.

വീഡിയോകൾ, പോസ്റ്ററുകൾ, പോഡ്കാസ്റ്റുകൾ തുടങ്ങി എല്ലാ രൂപങ്ങളിലുമുള്ള പ്രചാരണ സാമഗ്രികൾ ഇതിനായി നിർമ്മിക്കാവുന്നതും, പ്രചരണ സാമഗ്രികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പരമാവധി പ്രചരിപ്പിക്കേണ്ടതുമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഔദ്യോഗിക പ്രസിദ്ധീകരണങ്ങളിലും കത്തുകളിലുമെല്ലാം 'മനസ്സോടിത്തിരി മണ്ണി'ന്റെ പരസ്യവാചകം കൂടി ഉൾപ്പെടുത്തുന്നതുൾപ്പെടെ എല്ലാ സാധ്യതകളും പരിഗണിക്കേണ്ടതാണ്.

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും കലാ-സാംസ്കാരിക മേഖലകളിൽ പൊതു സ്വീകാര്യതയുള്ള ഒരാളെ ക്യാമ്പയിന്റെ ബ്രാന്റ് അംബാസിഡർ ആകുന്നത് പ്രചരണ പ്രവർത്തനങ്ങളുടെ സ്വീകാര്യത വർദ്ധിപ്പിക്കുന്നതിന് ഗുണകരമായിരിക്കും.

സെലിബ്രിറ്റികളും സാധാരണക്കാരും ക്യാമ്പയിന്റെ ഭാഗമാകുന്ന സമീപനമാണ് ഉണ്ടാകേണ്ടത്. സമ്പന്നരായവരും സാധാരണക്കാരും ഭൂമി സംഭാവനയായി നൽകിയതിന്റെ അനുഭവങ്ങൾ പങ്കുവെയ്ക്കുന്ന വീഡിയോകളും പോസ്റ്ററുകളും പരമാവധി പ്രചരിപ്പിക്കേണ്ടതാണ്.

## II. തദ്ദേശ സ്വയംഭരണ സ്ഥാപനതല പ്രവർത്തനങ്ങൾ

### 1. പരിശീലനം

തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ക്യാമ്പയിൽ നടത്തിപ്പ് സംബന്ധിച്ച് വിശദമായ പരിശീലനം സംഘടിപ്പിക്കേണ്ടതാണ്. പരിശീലനത്തിൽ മുഴുവൻ ജനപ്രതിനിധികളേയും സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ലൈഫ് നിർവ്വഹണ ഉദ്യോഗസ്ഥർ, കില റിസോഴ്സ് പേഴ്സൺ, നവകേരളം റിസോഴ്സ് പേഴ്സൺ എന്നിവരെയും പങ്കെടുപ്പിക്കേണ്ടതാണ്. പരിശീലനത്തിനാവശ്യമായ മൊഡ്യൂൾ തയ്യാറാക്കലും ഫാക്കൽറ്റിമാരെ കണ്ടെത്തലും നവകേരളം കർമ്മപദ്ധതിയുടെ നേതൃത്വത്തിൽ നടപ്പിലാക്കേണ്ടതാണ്. ഇത്തരം പരിശീലത്തിനാവശ്യമായ റിസോഴ്സ് പേഴ്സൺമാരുടെ സേവനം കില ലഭ്യമാക്കേണ്ടതാണ്.

ഒരു അർദ്ധദിന പരിശീലന പരിപാടിയായി സംഘടിപ്പിക്കേണ്ട പരിശീലനത്തിന്റെ ഘടനയും നടപടിക്രമങ്ങളും സംബന്ധിച്ച നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഉദ്ഘാടന സെഷൻ | : 30 മിനിട്ട് (എം.പി./എം.എൽ.എ./ജില്ല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് / സാംസ്കാരിക നായകർ/ പ്രമുഖ രാഷ്ട്രീയ നേതാക്കൾ) |
| 'മനസോടിത്തിരി മണ്ണ്' ക്യാമ്പയിൻ എന്ത്? എന്തിന്? | : 45 മിനിട്ട് |
| സംഘാടക സമിതികളുടെ രൂപീകരണവും ചുമതലകളും | : 30 മിനിട്ട് |
| ക്യാമ്പയിൻ സംഘാടനവും മോണിറ്ററിംഗും | : 45 മിനിട്ട് |
| സംശയ നിവാരണം | : 15 മിനിട്ട് |

### 2. ഭരണ സമിതി യോഗം

പരിശീലന പ്രവർത്തനം പൂർത്തിയായാൽ ഏറ്റവുമടുത്ത ദിവസംതന്നെ "മനസ്സോടിത്തിരി മണ്ണ്" ക്യാമ്പയിൻ മാത്രം അജണ്ടയായി ഉൾക്കൊള്ളിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപന ഭരണ സമിതിയുടെ ഒരു യോഗം ചേരേണ്ടതാണ്. ഈ യോഗത്തിൽ ആവശ്യമെങ്കിൽ പരിശീലനം സിദ്ധിച്ച റിസോഴ്സ് പേഴ്സൺമാരെ വിശദീകരണത്തിനായി ക്ഷണിക്കാവുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും വാർഡുതലങ്ങളിലും

രൂപീകരിക്കേണ്ട സംഘാടക സമിതികൾ രൂപീകരിച്ച് അംഗീകാരം നൽകേണ്ടതാണ്.

## 3. സംഘാടക സമിതികൾ, മോണിറ്ററിംഗ് സമിതി എന്നിവ രൂപീകരിക്കൽ

ക്യാമ്പയിൻ ഘടകങ്ങൾ സംബന്ധിച്ചും അത് നടപ്പാക്കേണ്ടതിന്റെ രീതിശാസ്ത്രം സംബന്ധിച്ചുമുള്ള പരിശീലനം പൂർത്തിയായാൽ ഉടൻ തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും വാർഡ്തലത്തിലും സംഘാടക സമിതികൾക്ക് രൂപം നൽകണം.

### 3.1 തദ്ദേശ സ്വയംഭരണ സ്ഥാപനതല സംഘാടക സമിതിയുടെ ഘടന

തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ചുവടെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി സംഘാടക സമിതിക്ക് രൂപം നൽകേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപന ഭരണ സമിതിയാണ് ഇതിന് അംഗീകാരം നൽകേണ്ടത്.

| | |
|---|---|
| രക്ഷാധികാരികൾ | : എം.പി., എം.എൽ.എ. |
| അധ്യക്ഷ(ൻ) | : തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷ(ൻ) |
| കൺവീനർ | : സെക്രട്ടറി |
| അംഗങ്ങൾ | : ലൈഫ് നിർവ്വഹണ ഉദ്യോഗസ്ഥ(ൻ)<br>വി.ഇ.ഒ., എസ്.സി./എസ്.ടി. പ്രൊമോട്ടർ,<br>പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ് ഉദ്യോഗസ്ഥർ,<br>ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥർ<br>എല്ലാ അംഗീകൃത രാഷ്ട്രീയ പാർട്ടികളുടേയും പ്രതിനിധികൾ<br>ജില്ലാ /ബ്ലോക്ക് /ഗ്രാമ പഞ്ചായത്ത്/നഗരസഭ ജനപ്രതിനിധികൾ<br>മത-സാമുദായിക സംഘടനാ പ്രതിനിധികൾ<br>റസിഡൻസ് അസോസിയേഷൻ പ്രതിനിധികൾ<br>ബാങ്ക്/ സഹകരണ ബാങ്ക്/ സംഘം പ്രസിഡന്റുമാർ<br>വ്യാപാരി വ്യവസായി സംഘടനാ പ്രതിനിധികൾ<br>സി.ഡി.എസ്. ചെയർപേഴ്സൺ<br>വിദ്യാഭ്യാസ സ്ഥാപന പ്രതിനിധികൾ<br>നവകേരളം കർമ്മപദ്ധതി റിസോഴ്സ് പേഴ്സൺ |

3.1.1. തദ്ദേശ സ്വയംഭരണ സ്ഥാപനതല സംഘാടക സമിതിയുടെ ചുമതലകൾ

- തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ഈ ക്യാമ്പയിന് എല്ലാ പിന്തുണയും ലഭ്യമാക്കൽ
- ലൈഫ് ഭൂരഹിത ഭവനരഹിതരുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളിൽ ഇതുവരെയും ഭൂമി ലഭ്യമായിട്ടില്ലാത്ത ഗുണഭോക്താക്കളുടെ വാർഡുതല പട്ടിക തയ്യാറാക്കുക.
- വാർഡുതല സമിതിയുടെ നേതൃത്വത്തിൽ ക്യാമ്പയിൻ പ്രവർത്തനങ്ങളും ഭൂമി സംഭാവന ചെയ്യുന്നവരെ കണ്ടെത്തലും നടക്കുന്നു എന്ന് ഉറപ്പുവരുത്തുക.
- ഭൂമി സംഭാവന ചെയ്യാൻ സാധ്യതയുള്ളവരെ സമീപിക്കുന്നതിന് വാർഡുതല സമിതി സഹായം അഭ്യർത്ഥിക്കുന്ന ഘട്ടത്തിൽ ആയത് ലഭ്യമാക്കുക.
- ഭൂമി വാങ്ങി സംഭാവന ചെയ്യാൻ സന്നദ്ധത അറിയിക്കുന്നവർക്ക് ഭവന നിർമ്മാണത്തിന് അനുയോജ്യമായ ഭൂമി കണ്ടെത്തി നൽകുക.

3.2 വാർഡുതല സംഘാടക സമിതിയുടെ ഘടന

ചുവടെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി വാർഡുതല സംഘാടക സമിതിക്ക് രൂപം നൽകേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപന ഭരണ സമിതിയാണ് ഇതിന് അംഗീകാരം നൽകേണ്ടത്.

| | |
|---|---|
| അധ്യക്ഷ(ൻ) | : വാർഡ് മെമ്പർ/കൗൺസിലർ |
| കൺവീനർ | : വാർഡു ചുമതലയുള്ള ഉദ്യോഗസ്ഥ(ൻ) |
| അംഗങ്ങൾ | : എല്ലാ അംഗീകൃത രാഷ്ട്രീയ പാർട്ടികളുടേയും പ്രതിനിധികൾ<br>ജില്ലാ /ബ്ലോക്ക് /ഗ്രാമ പഞ്ചായത്ത്/നഗരസഭ ജനപ്രതിനിധികൾ<br>മത-സാമുദായിക സംഘടനാ പ്രതിനിധികൾ<br>റസിഡൻസ് അസോസിയേഷൻ പ്രതിനിധികൾ<br>ബാങ്ക് /സഹകരണ ബാങ്ക്/സംഘം പ്രസിഡന്റുമാർ<br>വ്യാപാരി വ്യവസായി സംഘടനാ പ്രതിനിധികൾ<br>സി.ഡി.എസ്. അംഗം |

സ്കൂൾ/കോളേജ് പി.ടി.എ./എസ്.എം.സി. പ്രതിനിധികൾ

3.2.1 വാർഡുതല സംഘാടക സമിതിയുടെ ചുമതലകൾ

- തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്ന് ലഭിക്കുന്ന ഭൂരഹിത ഭവന രഹിതരുടെ വാർഡുതല ലിസ്റ്റ് പരിശോധിച്ച്, അതിൽ സ്വന്തമായി ഭൂമി ആർജിക്കാൻ ശേഷിയുള്ളവർ, പരമ്പരാഗത ഭൂമി ലഭിക്കാൻ സാധ്യതയുള്ളവർ എന്നിവരെ വേർതിരിക്കുകയും അവർക്ക് അപ്രകാരം ഭൂമി ലഭിച്ചു എന്ന് ഉറപ്പുവരുത്താൻ വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്യുക.
- 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിന് സർവ്വതല സ്പർശിയായ പ്രചരണം നൽകുക.
- ഭൂമി സംഭാവനയായി നൽകാൻ സാധ്യതയുള്ളവരുടേയും ഭൂമി വാങ്ങി നൽകാൻ സാധ്യതയുള്ളവരുടേയും പട്ടിക തയ്യാറാക്കുക.
- സംഭാവനയായി ലഭിക്കുന്ന ഭൂമി ഗുണഭോക്താക്കളുടെ പേരിൽ രജിസ്റ്റർ ചെയ്ത് നൽകുന്നതിനാവശ്യമായ സഹായം ചെയ്തുകൊടുക്കുക.
- ഭൂമി സംഭാവന ചെയ്യാൻ സന്നദ്ധത പ്രകടിപ്പിക്കുന്നവർക്ക് യാതൊരു വിധത്തിലുള്ള ബുദ്ധിമുട്ടുകളും ഉണ്ടാകാത്ത വിധത്തിൽ രജിസ്ട്രേഷൻ നടപടിക്രമങ്ങൾക്ക് വേണ്ട സഹായം ചെയ്തുകൊടുക്കൽ.

3.3 മോണിറ്ററിംഗ് സെൽ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രസിഡന്റ്/ചെയർമാൻ/മേയർ, സെക്രട്ടറി, അസി. സെക്രട്ടറി/അഡീഷണൽ സെക്രട്ടറി, ലൈഫ് നിർവ്വഹണ ഉദ്യോഗസ്ഥർ, വികസന-ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺമാർ എന്നിവരുൾപ്പെടുന്ന മോണിറ്ററിംഗ് സെല്ലിന് രൂപം നൽകണം.

4. പ്രചാരണ പ്രവർത്തനങ്ങൾ

തദ്ദേശ സ്വയംഭരണ സ്ഥാപനതല സംഘാടക സമിതിയും വാർഡുതല സംഘാടക സമിതികളും രൂപീകരിക്കുന്നതോടൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ വിപുലമായ പ്രചരണ പ്രവർത്തനങ്ങൾക്ക് തുടക്കം

കുറിക്കണം. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ, കുടുംബശ്രീ, വിവിധ സമ്മേളനങ്ങൾ, ഉത്സവങ്ങൾ തുടങ്ങിയ എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തണം. ഇതിനായി സംസ്ഥാനതല ഐ.ഇ.സി. സെൽ തയ്യാറാക്കി നൽകുന്ന പ്രചരണ സാമഗ്രികൾക്കു പുറമേ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലോ വാർഡുതലത്തിലോ തയ്യാറാക്കുന്ന പ്രാദേശിക സവിശേഷതകൾക്കുതകുന്ന പ്രചരണ സാമഗ്രികളും പ്രയോജനപ്പെടുത്താവുന്നതാണ്.

## 5. തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ക്യാമ്പയിൻ എങ്ങനെ?

### 5.1 ഭൂരഹിത ഭവനരഹിതരുടെ ലിസ്റ്റ് തയ്യാറാക്കൽ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലൈഫ് ഭൂരഹിത ഭവനരഹിതരുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളിൽ ഇതുവരെയും ഭൂമി ലഭ്യമായിട്ടില്ലാത്ത ഗുണഭോക്താക്കളുടെ വാർഡുതല പട്ടിക തയ്യാറാക്കുക. ലൈഫ് മൂന്നാം ഘട്ടം, അഡീഷണൽ ലിസ്റ്റ്, ലൈഫ് 2020 എന്ന ക്രമത്തിൽ മുൻഗണന നൽകേണ്ടതാണ്.

### 5.2 ലിസ്റ്റ് പരിശോധന

ഭൂരഹിത ഭവന രഹിതരുടെ പട്ടിക തയ്യാറാക്കി കഴിഞ്ഞാൽ അവ രണ്ടു തലത്തിലുള്ള പരിശോധനയ്ക്ക് വിധേയമാക്കണം.

a) വിവിധ വകുപ്പുകളുടെ സ്കീമുകളുടെ ഭാഗമായി ഭൂമി ലഭിക്കാൻ സാധ്യതയുള്ള ഗുണഭോക്താക്കളുടെ എണ്ണം നിശ്ചയിച്ച് അവരെ മുൻഗണനാ പട്ടിക പ്രകാരം കണ്ടെത്തി നടപടികൾ സ്വീകരിക്കൽ. പട്ടികജാതി/പട്ടികവർഗ്ഗ/ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥർ, പ്രൊമോട്ടർമാർ തുടങ്ങിയവരുടെ സാന്നിദ്ധ്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനതല സംഘാടക സമിതി യോഗം ചേർന്നാണ് ഈ പരിശോധന നടത്തേണ്ടത്. ഇത്തരത്തിൽ ഭൂമി ലഭിക്കാൻ സാധ്യതയുള്ളവരെ ഒഴിവാക്കിയ പട്ടികയാണ് വാർഡുകൾക്ക് കൈമാറേണ്ടത്.

b) വാർഡ്തല സംഘാടക സമിതിയുടെ നേതൃത്വത്തിൽ സ്വന്തമായി ഭൂമി ആർജിക്കാൻ ശേഷിയുള്ളതോ, ഏതെങ്കിലും തരത്തിൽ പരമ്പരാഗത ഭൂമി ലഭിക്കാൻ സാധ്യതയുള്ളതോ ആയ ഗുണഭോക്താക്കളെ കണ്ടെത്തൽ. ഗുണഭോക്താവിന് സ്വന്തമായി ഭൂമി ആർജിക്കാൻ ശേഷിയില്ലാതിരിക്കുകയും ഗുണഭോക്താവിന്റെ കുടുംബത്തിലുള്ളവർക്ക്/ഏറ്റവും അടുത്ത സുഹൃത്തുക്കൾക്ക് അത് നേടിക്കൊടുക്കാൻ സഹായിക്കാനുള്ള ശേഷി ഉണ്ടായിരിക്കുകയും ചെയ്യുന്ന സാഹചര്യം ഉൾപ്പെടെ

പരിശോധനയ്ക്ക് വിധേയമാക്കണം. ഇത്തരം സന്ദർഭത്തിൽ വാർഡ് തല സമിതി പ്രേരണ ചെലുത്തി പ്രസ്തുത ബന്ധുക്കൾ/സുഹൃത്തുക്കൾ വഴി ഭൂമി ലഭ്യമാക്കുന്നതിനുള്ള പരിശ്രമം നടത്തണം. ഇത്തരത്തിൽ കണ്ടെത്തുന്ന ഗുണഭോക്താക്കൾക്ക് ഭൂമി ലഭിച്ചു എന്ന് വാർഡ്തല സംഘാടക സമിതി ഉറപ്പുവരുത്തണം.

ഈ പരിശോധനകൾക്കു ശേഷം ഒരു തരത്തിലും ഭൂമി ലഭിക്കാൻ സാധ്യതയില്ലാത്ത ഗുണഭോക്താക്കളുടെ പട്ടിക വാർഡുതലത്തിൽ തയ്യാറാക്കേണ്ടതും അവയെ തദ്ദേശ സ്വയംഭരണ സ്ഥാപനതല സംഘാടക സമിതി പരിശോധിച്ച്, ക്രോഡീകരിച്ച് ഭരണ സമിതിക്ക് കൈമാറേണ്ടതുമാണ്. ടി ഗുണഭോക്താക്കൾക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി ക്യാമ്പയിനിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്വീകരിക്കേണ്ടതുണ്ട്.

## 5.3 ഭൂമി സംഭാവനയായി നൽകാൻ സന്നദ്ധരായവരുടെ പട്ടിക തയ്യാറാക്കൽ/ ഭൂരഹിതർക്കായി പ്രയോജനപ്പെടുത്താൻ സാധ്യതയുള്ള ഭൂമിയുടെ പട്ടിക തയ്യാറാക്കൽ

വാർഡുതല സംഘാടക സമിതിയുടെ നേതൃത്വത്തിൽ ഭൂമി സംഭാവന ചെയ്യുന്നതിന് സമീപിക്കാവുന്നവരുടെ പട്ടിക തയ്യാറാക്കണം. വാർഡിലെ എല്ലാ ഭൂരഹിത ഭവനരഹിതരുടേയും ആവശ്യത്തിന് ഭൂമി ലഭ്യമാകണമെന്നതിനാൽ സാധ്യമായ എല്ലാ സ്രോതസ്സുകളും പട്ടികപ്പെടുത്തേണ്ടതാണ്. ചുവടെ പറയുന്നവരെയെല്ലാം ആ പട്ടികയിൽ ഉൾപ്പെടുത്താനായി പരിഗണിക്കാവുന്നതാണ്.

- വലിയ അളവിൽ ഭൂസ്വത്തുള്ളവർ
- സാമ്പത്തികമായി ഉയർന്ന നിലയിലുള്ളവർ
- ജീവകാരുണ്യ പ്രവർത്തനങ്ങളിൽ തത്പരരായ വ്യക്തികളും സ്ഥാപനങ്ങളും സംഘടനകളും
- ഭൂമി ഏറെക്കാലമായി ഉപയോഗിക്കാതെ ഉപേക്ഷിച്ച് വിദേശത്ത് സ്ഥിര താമസമാക്കിയവർ
- ഉടമസ്ഥരില്ലാതെ കിടക്കുന്ന ഭൂമി
- ഉപയോഗ ശൂന്യമായിക്കിടക്കുന്ന പുറമ്പോക്ക്
- പൊതു സ്ഥാപനങ്ങളുടെ/ സ്വകാര്യ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമി.

മേൽപ്പറഞ്ഞവരുൾപ്പെടെ ഭൂമി സംഭാവനയായി ലഭിക്കാൻ സാധ്യതയുള്ള എല്ലാ സ്രോതസ്സുകളും പട്ടികപ്പെടുത്തി വാർഡുതല സംഘാടക സമിതിയിൽ ചർച്ച ചെയ്യുകയും വാർഡുതല സംഘാടക സമിതിയുടെ നേതൃത്വത്തിൽ ഈ വ്യക്തികളെ/സ്ഥാപനങ്ങളെ/സംഘടനകളെ സമീപിച്ച് പരമാവധി ഭൂമി സംഭാവന ചെയ്യിപ്പിക്കുകയും വേണം.

കൂടുതൽ ഭൂമി ലഭിക്കാൻ സാധ്യതയുള്ള സാഹചര്യങ്ങളിൽ സ്ഥലം MLA/MP/പഞ്ചായത്ത് പ്രസിഡന്റ് തുടങ്ങിയ മുതിർന്ന നേതാക്കളെക്കൂടി പങ്കെടുപ്പിച്ചു കൊണ്ട് ഭൂമി സംഭാവന ചെയ്യാൻ സന്നദ്ധരായവരെ സമീപിക്കുന്നത് ഗുണകരമാവും. ആവശ്യമായ ഘട്ടങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനതല സംഘാടക സമിതിയുടെ പിന്തുണയും തേടാവുന്നതാണ്.

## 5.4 ഭൂമി വാങ്ങി സംഭാവന ചെയ്യാൻ സാദ്ധ്യതയുള്ളവരുടെ പട്ടിക തയ്യാറാക്കൽ

ഭൂമി വാങ്ങി സംഭാവന ചെയ്യാൻ സാധ്യതയുള്ളവരുടെ പട്ടികയും വാർഡുതല സംഘാടക സമിതിയുടെ നേതൃത്വത്തിൽ തയ്യാറാക്കേണ്ടതാണ്. ചുവടെപ്പറയുന്നവരെയെല്ലാം ഈ പട്ടികയിൽ പരിഗണിക്കാവുന്നതാണ്

- വാർഡിലെ ആരാധനാലയങ്ങൾ
- വാർഡിലെ മത സ്ഥാപനങ്ങൾ
- റസിഡന്റ്സ് അസോസിയേഷനുകൾ
- വ്യാപാരി വ്യവസായി സംഘടനകൾ
- പൂർവ്വ വിദ്യാർത്ഥി സംഘടനകൾ
- രാഷ്ട്രീയ പാർട്ടികൾ
- യുവജന സംഘടനകൾ
- കുടുംബയോഗങ്ങൾ
- സഹകരണ ബാങ്കുകളും സ്ഥാപനങ്ങളും
- ദേശസാത്കൃത ബാങ്കുകൾ
- വ്യവസായ ശാലകൾ
- സ്വകാര്യസ്ഥാപനങ്ങൾ/സ്കൂളുകൾ/കോളേജുകൾ/സന്നദ്ധ സംഘടനകൾ

വാർഡുതല സംഘാടക സമിതിയുടെ നേതൃത്വത്തിലോ മറ്റുള്ളവരുടെ കൂടി സഹായത്താലോ ഈ പട്ടികയിലെ വ്യക്തികളേയും സ്ഥാപനങ്ങളേയും സംഘടനകളേയും സമീപിച്ച് ഭൂമി വാങ്ങി സംഭാവന

ചെയ്യുന്നതിനുള്ള അഭ്യർത്ഥന നടത്തണം. ഇപ്രകാരം ഭൂമി വാങ്ങി സംഭാവന ചെയ്യുമ്പോൾ സംഘാടക സമിതി നേരിട്ട് പണം കൈപ്പറ്റി ഭൂമി വാങ്ങുന്ന രീതി പരമാവധി ഒഴിവാക്കണം. സംഭാവനയായി വാങ്ങി നൽകാൻ സന്നദ്ധത പ്രകടിപ്പിക്കുന്നവർ നേരിട്ട് ഭൂമിയുടെ ഉടമസ്ഥർക്ക് തുക കൈമാറി ഭൂമി വാങ്ങുന്ന രീതി അവലംബിക്കുന്നതാണ് അഭികാമ്യം.

## 6. ഭൂമി രജിസ്റ്റർ ചെയ്യൽ

മുകളിൽപ്പറഞ്ഞ രണ്ടുരീതിയിൽ ഭൂമി ലഭ്യമാകുന്ന സാഹചര്യത്തിൽ ഏത്രയും വേഗം ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്. 2019 ജൂൺ 3-ാം തീയതിയിലെ ഗസറ്റ് നോട്ടിഫിക്കേഷൻ നമ്പർ 396/2019, 403/2019 എന്നിവ പ്രകാരം ലൈഫ് ഗുണഭോക്താക്കൾക്ക് നൽകുന്ന ഭൂമിക്ക് രജിസ്ട്രേഷൻ ഫീസ്, സ്റ്റാമ്പ് ഡ്യൂട്ടി എന്നിവ ഒഴിവാക്കിയിട്ടുണ്ട്. ഭൂമിയുടെ ഉപയുക്തത സംബന്ധിച്ച് സർക്കാരിന്റെ 08.07.2022-ലെ സ.ഉ. (കൈ) 147/2022/ത.സ്വ.ഭ.വ നമ്പർ ഉത്തരവിന്റെ മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്. ഭൂമി സംഭാവന ചെയ്യുന്നവർക്ക് രണ്ട് രീതിയിൽ ഭൂമി രജിസ്ട്രേഷൻ നടത്താവുന്നതാണ്.

a) ഗുണഭോക്താക്കളുടെ പേരിൽ നേരിട്ട് രജിസ്ട്രേഷൻ നടത്തി നൽകൽ

b) തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്ത് നൽകൽ

ആദ്യത്തെ രീതി സ്വീകരിക്കുന്ന ദാതാക്കൾക്ക് ഏതെങ്കിലും പ്രത്യേക ഗുണഭോക്താക്കൾക്ക് ഭൂമി നൽകാൻ താത്പര്യം ഉണ്ടെങ്കിൽ ആയത് ചെയ്യുന്നതിന് സ്വാതന്ത്ര്യം ഉണ്ടായിരിക്കും. ഏതെങ്കിലും പ്രത്യേക ഗുണഭോക്താക്കൾക്ക് നൽകണം എന്ന് നിർബന്ധമില്ലാത്തവർ നേരിട്ട് രജിസ്ട്രേഷൻ നടത്തുമ്പോൾ ലൈഫ് മുൻഗണനാ പട്ടികയിലെ ക്രമം പാലിച്ച് മാത്രമേ ഭൂമി നൽകാൻ പാടുള്ളൂ.

തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയുടെ പേർക്ക് രജിസ്റ്റർ ചെയ്ത് കിട്ടുന്ന ഭൂമി തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ തയ്യാറാക്കിയ മുൻഗണനാ പട്ടിക പ്രകാരം രജിസ്റ്റർ ചെയ്ത് നൽകേണ്ടതാണ്.

## 7. മോണിറ്ററിംഗ്

തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ രൂപീകരിക്കുന്ന മോണിറ്ററിംഗ് സമിതികൾ ആഴ്ചയിലൊരിക്കൽ യോഗം ചേർന്ന് വാർഡുതലത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ വിലയിരുത്തുകയും പരിഹരിക്കേണ്ട പ്രശ്നങ്ങൾ

അപ്പപ്പോൾതന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനതല സംഘാടക സമിതിയുടേയും ഭരണസമിതിയുടേയും ശ്രദ്ധയിൽ കൊണ്ടുവന്ന് പരിഹരിക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനതല സംഘാടക സമിതി മാസത്തിലൊരിക്കലെങ്കിലും യോഗം ചേർന്ന് പ്രവർത്തനം വിലയിരുത്തി ഇക്കാര്യത്തിൽ ആവശ്യമായ ഇടപെടൽ ആവശ്യമായ സ്ഥലങ്ങളിൽ സഹായം ചെയ്യുകയും വേണം.

'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിൻ പുരോഗതി ചർച്ച ചെയ്യുന്നതിനായി രണ്ടാഴ്ചയിലൊരിക്കൽ തദ്ദേശസ്വയംഭരണ സമിതി യോഗം ചേർന്ന് വാർഡുതല പ്രവർത്തനങ്ങൾ സൂക്ഷ്മമായി വിലയിരുത്തി വാർഡുതല സമിതികൾക്ക് ആവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും ലഭ്യമായി ക്യാമ്പയിൻ ലക്ഷ്യപ്രാപ്തിയിൽ എത്തിക്കേണ്ടതാണ്.

## 8. പ്രശംസാപത്രം

'മനസ്സോടിത്തിരി മണ്ണ്'-ന്റെ ഭാഗമായി ഭൂമി ദാനം നൽകുന്ന വ്യക്തികൾക്കും സംഘടനകൾക്കും നിശ്ചിത മാതൃകയിലുള്ള പ്രശംസാപത്രം നൽകി ആദരിക്കേണ്ടതാണ്.

## 9. തദ്ദേശസ്വയംഭരണ സ്ഥാപങ്ങൾക്ക് ആദരവ്

'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിൽ കൂടുതൽ ജനഹൃദയങ്ങളിലെത്തിച്ച് പൂർണ്ണ വിജയം കൈവരിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ജില്ലാ/സംസ്ഥാനതലത്തിൽ ആദരിക്കുന്നതാണ്.

## 7.9 സി) ലൈഫ് ഭവന നിർമ്മാണം - ഉത്തരവുകൾ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - ലൈഫ് മിഷൻ പദ്ധതി - ലൈഫ് മിഷൻ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാനാകാതെ പോയ അർഹരായ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കൽ - പുതുക്കിയ പ്രവർത്തന കലണ്ടർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി)വകുപ്പ്**

സ.ഉ.(സാധാ) നം.1423/2022/LSGD തീയതി,തിരുവനന്തപുരം, 09-06-2022

---

പരാമർശം:-

1. സ.ഉ (കൈ) നം. 112/2020/തസ്വഭവ തീയതി 27/07/2020 നമ്പർ ഉത്തരവ്
2. സ.ഉ (സാധാ) നം. 358/2021/തസ്വഭവ തീയതി 09/02/2021 നമ്പർ ഉത്തരവ്
3. സ.ഉ (സാധാ) നം. 2086/2021/തസ്വഭവ തീയതി 25/10/2021 നമ്പർ ഉത്തരവ്
4 സ.ഉ (സാധാ) നം. 43/2022/തസ്വഭവ തീയതി 07012022 നമ്പർ ഉത്തരവ്
5 സ.ഉ (കൈ) നം. 38/2022/തസ്വഭവ തീയതി 25.02.2022 നമ്പർ ഉത്തരവ്
6 സ.ഉ (കൈ) നം. 64/2022/തസ്വഭവ തീയതി 21.03.2022 നമ്പർ ഉത്തരവ്
7 ബഹു. തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 13.05.2022-ന് കൂടിയ ലൈഫ് പദ്ധതി പുരോഗതി അവലോകന യോഗത്തിലെ തീരുമാനം.

**ഉത്തരവ്**

ലൈഫ് മിഷൻ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാനാകാതെ പോയ അർഹരായ ഗുണഭോക്തൃ കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിന് പരാമർശം 1 പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ഓൺലൈനായി ലഭിച്ച അപേക്ഷകളുടെ ഫീൽഡ്തല പരിശോധന നടത്തി അന്തിമ പട്ടിക തയ്യാറാക്കുന്നതിന്റെ ഭാഗമായുള്ള നടപടിക്രമങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രവർത്തന കലണ്ടറും പുതുക്കിയ പ്രവർത്തന കലണ്ടറും സൂചന 2, 3, 5, 6 എന്നിവ പ്രകാരം അംഗീകരിച്ച് സർക്കാർ ഉത്തരവാകുകയായി.

2. ഓൺലൈനായി ലഭിച്ച 9,20,260 അപേക്ഷകളുടെ ഫീൽഡ്തല പരിശോധനയിലൂടെ അർഹരായി കണ്ടെത്തിയ അപേക്ഷകളിൽ ലൈഫ് മിഷൻ ജില്ലാ കളക്ടർമാർക്ക് ലഭ്യമാക്കിയിട്ടുള്ള ഗ്രാമപഞ്ചായത്തുകളിലെ ഭൂമിയുള്ള ഭവനരഹിതർ, ഭൂരഹിത ഭവനരഹിതർ, നഗരസഭകളിലെ ഭൂരഹിത ഭവനരഹിതർ എന്നിവരുടെ അപേക്ഷകളുടെ പുന:പരിശോധനയും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് ലഭ്യമാക്കിയിട്ടുള്ള നഗരസഭകളിലെ ഭൂമിയുള്ള ഭവനരഹിതരുടെ അപേക്ഷളുടെ പുന:പരിശോധനയും പൂർത്തിയാക്കി അർഹരുടെ കരട് മുൻഗണനാപട്ടികയും അനർഹരായവരുടെ പട്ടികയും സോഫ്റ്റ് വെയറിൽ നിന്ന് ഡൗൺലോഡ് ചെയ്ത് ചുവടെ ചേർത്തിരിക്കുന്ന പ്രകാരം 4 തരം കരട് പട്ടികകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഭൂമിയുള്ള ഭവനരഹിതർ (അർഹർ)
ഭൂമിയുള്ള ഭവനരഹിതർ (അനർഹർ)
ഭൂരഹിത ഭവനരഹിതർ (അർഹർ)
ഭൂരഹിത ഭവനരഹിതർ (അനർഹർ)

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിൻപ്രകാരം ലൈഫ് ഭവന പദ്ധതി ലിസ്റ്റിൽ ഉൾപ്പെടാതെ പോയ അർഹരായ ഗുണഭോക്താക്കളുടെ ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നതിന് 2020 സെപ്റ്റംബർ 23 വരെ സ്വീകരിച്ച അപേക്ഷകളിന്മേൽ തുടർനടപടിക്ക് ചുവടെ ചേർക്കുന്ന പുതുക്കിയ പ്രവർത്തന കലണ്ടർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പുതുക്കിയ പ്രവർത്തന കലണ്ടർ**

| നം. | പ്രവർത്തനങ്ങൾ | അവസാന തീയതി |
|---|---|---|
| 1 | ഒന്നാം ഘട്ട അപ്പീൽ (ഗ്രാമപഞ്ചായത്തു കളിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്കും, നഗരസഭകളിൽ നഗരസഭ സെക്രട്ടറിക്കും സമർപ്പിക്കൽ) | 2022 ജൂൺ 17-നകം |
| 2 | ഒന്നാം ഘട്ട അപ്പീൽ തീർപ്പാക്കൽ | 2022 ജൂൺ 29-നകം |
| 3 | ഒന്നാം ഘട്ട അപ്പീലിന് ശേഷമുള്ള കരട് പട്ടിക പ്രസിദ്ധീകരിക്കൽ | 2022 ജൂലൈ 01 |
| 4 | രണ്ടാം ഘട്ട അപ്പീൽ (ജില്ലാ കളക്ടർക്ക് സമർപ്പിക്കൽ) | 2022 ജൂലൈ 08-നകം |
| 5 | രണ്ടാം ഘട്ട അപ്പീൽ തീർപ്പാക്കൽ | 2022 ജൂലൈ 20-നകം |
| 6 | രണ്ടാം ഘട്ട അപ്പീലിന് ശേഷമുള്ള കരട് പട്ടിക പ്രസിദ്ധീകരിക്കൽ | 2022 ജൂലൈ 22 |
| 7 | ഗ്രാമസഭാ/ വാർഡ്സഭ അംഗീകാരം | 2022 ആഗസ്റ്റ് 05-നകം |
| 8 | ഭരണസമിതി അംഗീകാരം | 2022 ആഗസ്റ്റ് 10-നകം |
| 9 | ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കൽ (വെബ് സൈറ്റിൽ ഉൾപ്പെടെ) | 2022 ആഗസ്റ്റ് 16 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ )/ഓഡിറ്റ്) തിരുവനന്തപുരം.
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - ലൈഫ് മിഷൻ പദ്ധതി - ലൈഫ് മിഷൻ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാനാകാതെ പോയ അർഹരായ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കൽ - പുതുക്കിയ പ്രവർത്തന കലണ്ടർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ.(കൈ) നം.123/2022/LSGD തീയതി,തിരുവനന്തപുരം, 15-06-2022

---

പരാമർശം:-
1. സ.ഉ(കൈ) നം. 112/2020/തസ്വഭവ തീയതി 27.07.2020
2. സ.ഉ(സാധാ) നം.358/2021/തസ്വഭവ തീയതി 09.02.2021
3. സ.ഉ(സാധാ) നം.2086/2021/തസ്വഭവ തീയതി 25.10.2021
4. സ.ഉ(സാധാ) നം. 43/2022/തസ്വഭവ തീയതി 07/01/2022
5. സ.ഉ(കൈ) നം.38/2022/തസ്വഭവ തീയതി 25.02.2022
6. സ.ഉ(കൈ) നം.64/2022/തസ്വഭവ തീയതി 21.03.2022
7. ബഹു. തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 13.05.2022 ന് കൂടിയ ലൈഫ് പദ്ധതി പുരോഗതി അവലോകന യോഗത്തിലെ തീരുമാനം.
8. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 07/06/2022 ലെ ലൈഫ് 2020 നമ്പർ കത്ത്.
9. സ.ഉ(സാധാ) നം.1423/2022/തസ്വഭവ തീയതി 09.06.2022
10. ലൈഫ് മിഷൻ ചീഫ്എക്സിക്യൂട്ടീവ് ഓഫീസറുടെ 10.06.2022 ലെ ലൈഫ് 2020 നമ്പർ കത്ത്.

ഉത്തരവ്

ലൈഫ് ഭവന പദ്ധതി ലിസ്റ്റിൽ ഉൾപ്പെടാതെ പോയ അർഹരായ ഗുണഭോക്താക്കളുടെ ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നതിന് 2020 സെപ്റ്റംബർ 23 വരെ സ്വീകരിച്ച അപേക്ഷകളിന്മേൽ തുടർനടപടിക്ക് പുതുക്കിയ പ്രവർത്തന കലണ്ടർ അംഗീകരിച്ച് പരാമർശം (9) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) എന്നാൽ ലൈഫ് ഭവന പദ്ധതി ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാനാകാതെ പോയ അർഹരായ ഗുണഭോക്തൃ കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിന് 2020 ആഗസ്റ്റ് 1 മുതൽ സെപ്റ്റംബർ 23 വരെയും 2021 ഫെബ്രുവരി 12 മുതൽ 20 വരെയും സ്വീകരിച്ച അപേക്ഷകളിന്മേൽ എന്ന് ഭേദഗതി ചെയ്തും ലൈഫ് 2020 പ്രകാരം ഓൺലൈനായി ലഭിച്ച ടി അപേക്ഷകളുടെ ഫീൽഡുതല പരിശോധനയും പുന:പരിശോധനയും പൂർത്തീകരിച്ച്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രസിദ്ധീകരിച്ച കരട് ഗുണഭോക്തൃ പട്ടികയിന്മേലുള്ള ഒന്നും രണ്ടും ഘട്ട അപ്പീലുകളിലും ആക്ഷേപങ്ങളിന്മേലും സ്വീകരിക്കേണ്ട നടപടികളും പ്രവർത്തനങ്ങളും പരാമർശം (8) -ൽ രേഖപ്പെടുത്തിയിട്ടുള്ള പ്രകാരം പരാമർശം (9) ഉത്തരവ് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (10) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലൈഫ് ഭവന പദ്ധതി ലിസ്റ്റിൽ ഉൾപ്പെടാതെപോയ അർഹരായ ഗുണഭോക്താക്കളുടെ ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നതിന് 2020 ആഗസ്റ്റ് 1 മുതൽ സെപ്റ്റംബർ 23 വരെയും 2021 ഫെബ്രുവരി 12 മുതൽ 20 വരെയും സ്വീകരിച്ച അപേക്ഷകളിൻമേൽ എന്ന് ഭേദഗതി ചെയ്തും ഇതു സംബന്ധിച്ച് അപ്പീലുകളും ആക്ഷേപങ്ങളും സമർപ്പിക്കേണ്ട രീതിയും ആയത് തീർപ്പാക്കി അന്തിമ പട്ടിക തയ്യാറാക്കുന്നത് സംബന്ധിച്ചുമുള്ള വിവരങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) പരാമർശം (9) ലെ സർക്കാർ ഉത്തരവ് മേൽപ്പറഞ്ഞ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ഓഡിറ്റ്, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Reenamma P A
Date: 15-06-2022 16:56:25
സെക്ഷൻ ഓഫീസർ

# ആദ്യ ഘട്ട അപ്പീലുകളും ആക്ഷേപങ്ങളും

ഗ്രാമപഞ്ചായത്തുകളിൽ പ്രസിദ്ധീകരിച്ചിട്ടുള്ള കരട് ഗുണഭോക്തൃ പട്ടികയിലെ അനർഹരായവർക്കും അർഹരായവരിൽ ക്ലേശ ഘടകങ്ങൾക്ക് അനുസൃതമായി മുൻഗണനാ ക്രമം ലഭിച്ചിട്ടില്ലാത്തവർക്കും അപ്പീലുകളും, അർഹരായവർക്കെതിരെയുള്ള ആക്ഷേപങ്ങളും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും, മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിൽ പ്രസിദ്ധീകരിച്ചിട്ടുള്ള കരട് ഗുണഭോക്തൃ പട്ടികയിന്മേൽ ഇപ്രകാരമുള്ള അപ്പീലുകളും ആക്ഷേപങ്ങളും മുനിസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറിമാർക്കും സമർപ്പിക്കേണ്ടതാണ്. അപ്പീലുകൾ പരിശോധിക്കുന്നത് ബ്ലോക്ക്/ മുനിസിപ്പൽതലങ്ങളിൽ ഒന്നാം അപ്പീൽ കമ്മിറ്റിയായിരിക്കുന്നതാണ്. ഒന്നാംഘട്ട അപ്പീലിന് ശേഷം പ്രസിദ്ധീകരിക്കുന്ന കരട് പട്ടികയിന്മേൽ രണ്ടാംഘട്ട അപ്പീലുകളും ആക്ഷേപങ്ങളും സമർപ്പിക്കാവുന്നതാണ്. അപ്പീലുകൾ ഓൺലൈനായും ആക്ഷേപങ്ങൾ അപ്പീൽ കേന്ദ്രങ്ങളിൽ നേരിട്ടും മാത്രമേ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ. പുതിയ അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

## ഒന്നാം അപ്പീൽ കമ്മിറ്റിയുടെ ഘടന

### 1. ബ്ലോക്ക് തലം (ഗ്രാമപഞ്ചായത്തുകളിലെ അപ്പീൽ)

ഒന്നാം അപ്പീൽ - ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി (കൺവീനർ

**അംഗങ്ങൾ**

ജോയിൻറ് BDO (ഹൗസിംഗ്)/എക്സ്റ്റൻഷൻ ഓഫീസർ(ഹൗസിംഗ്) , പട്ടിക ജാതി വികസന ഓഫീസർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, അസിസ്റ്റൻറ് ഡയറക്ടർ ഫിഷറീസ്.

### 2. മുനിസിപ്പാലിറ്റി തലം (മുനിസിപ്പാലിറ്റി/ കോർപ്പറേഷനുകളിലെ അപ്പീൽ)

ഒന്നാം അപ്പീൽ - മുനിസിപ്പൽ/ കോർപ്പറേഷൻ സെക്രട്ടറി (കൺവീനർ)

**അംഗങ്ങൾ**

CDS ചെയർപേഴ്സൺ, നഗരസഭയിലെ ഭവന നിർമ്മാണ ചുതലയുള്ള ഉദ്യോഗസ്ഥൻ, പട്ടിക ജാതി വികസന ഓഫീസർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, അസിസ്റ്റൻറ് ഡയറക്ടർ ഫിഷറീസ്.

## അപ്പീലുകളും ആക്ഷേപങ്ങളും സമർപ്പിക്കലും തീർപ്പാക്കലും

അപ്പീലുകൾ ഓൺലൈനായി ലൈഫ് 2020 സോഫ്റ്റ് വെയർ മുഖാന്തരവും ആക്ഷേപങ്ങൾ നേരിട്ടും അപ്പീൽ കമ്മിറ്റികൾക്ക് സമർപ്പിക്കേണ്ടതാണ്. ഓൺലൈൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളവർക്ക് കരട് ഗുണഭോക്തൃ പട്ടികയിന്മേൽ ഓൺലൈനായി തന്നെ അപ്പീലുകൾ സമർപ്പിക്കാവുന്നതും, കരട് പട്ടികയിന്മേൽ പൊതുജനങ്ങൾക്കുള്ള ആക്ഷേപങ്ങൾ നേരിട്ട് ബന്ധപ്പെട്ട അപ്പീൽ കമ്മിറ്റികളിലും അപ്പീൽ കേന്ദ്രങ്ങളിൽ സജ്ജീകരിച്ചിട്ടുള്ള ഹെൽപ് ഡെസ്കുകളിലും സമർപ്പിക്കാവുന്നതുമാണ്. അപ്പീലുകളും ആക്ഷേപങ്ങളും സമർപ്പിക്കുന്നതിന് അപേക്ഷകർക്കും പൊതുജനങ്ങൾക്കും ആവശ്യമായ സൗകര്യങ്ങളും സഹായങ്ങളും ബ്ലോക്ക് പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ഓഫീസുകളിലും ഹെൽപ്പ്ഡെസ്ക് സൗകര്യം ഏർപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്. കരട് ഗുണഭോക്തൃ പട്ടികയിന്മേലുള്ള അപ്പീലുകളും ആക്ഷേപങ്ങളും സമർപ്പിക്കേണ്ട വിധം, സ്ഥലം, തീയതി എന്നിവ വ്യക്തമാക്കുന്ന നോട്ടീസ് എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലും പ്രസിദ്ധീകരിക്കേണ്ടതാണ്.

ലൈഫ് 2020 കരട് ഗുണഭോക്തൃ പട്ടികയുടെ പ്രസിദ്ധീകരണം, അപ്പീലുകളുടെയും ആക്ഷേപങ്ങളുടെയും സമർപ്പണം, അപ്പീലുകളും ആക്ഷേപങ്ങളും സമർപ്പിക്കേണ്ട ഓഫീസ്, അവസാനതീയതി എന്നിവ സംബന്ധിച്ച് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വിപുലമായ പ്രചരണം നടത്തേണ്ടതാണ്.

## രണ്ടാം ഘട്ട അപ്പീലുകളും ആക്ഷേപങ്ങളും

ഒന്നാംഘട്ട അപ്പീലിന് ശേഷം പ്രസിദ്ധീകരിക്കുന്ന കരട് പട്ടികയിന്മേൽ രണ്ടാംഘട്ട അപ്പീലുകളും ആക്ഷേപങ്ങളും സമർപ്പിക്കാവുന്നതാണ്. അപ്പീലുകൾ ഓൺലൈനായും ആക്ഷേപങ്ങൾ അപ്പീൽ കേന്ദ്രങ്ങളിൽ നേരിട്ടും മാത്രമേ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ. പുതിയ അപേക്ഷകൾ സ്വീകരിക്കുന്നതല്ല. ജില്ലാതലത്തിൽ രണ്ടാം അപ്പീൽ പരിശോധിക്കുന്നത് ജില്ലാ കളക്ടർ ചെയർമാനായുള്ള രണ്ടാം അപ്പീൽ കമ്മിറ്റിയായിരിക്കുന്നതാണ്.

### രണ്ടാം അപ്പീൽ കമ്മിറ്റിയുടെ ഘടന

ജില്ലാ കലക്ടർ (ചെയർപേഴ്സൺ)

ലൈഫ് മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ (കൺവീനർ)

### അംഗങ്ങൾ

ജോയിൻറ് ഡയറക്ടർ തദ്ദേശ സ്വയംഭരണ വകുപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പ്രോജക്ട് ഡയറക്ടർ (ജില്ല പഞ്ചായത്ത്), ജില്ലാ പട്ടിക ജാതി വികസന ഓഫീസർ, ജില്ലാ പട്ടിക വർഗ്ഗ വികസന ഓഫീസർ, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, കുടുംബശ്രീ ജില്ല മിഷൻ കോ-ഓർഡിനേറ്റർ.

## അപ്പീലുകളും ആക്ഷേപങ്ങളും സമർപ്പിക്കേണ്ട രീതി

അപേക്ഷകർക്ക് അപേക്ഷ സർപ്പിക്കുവാനുപയോഗിച്ച യൂസർനെയിമും പാസ് വേർഡും ഉപയോഗിച്ച് സമർപ്പിച്ച അപക്ഷകളുടെ നിലവിലെ സ്ഥിതി അർഹതയുടെ വിവരം എന്നിവ ലൈഫ് 2020 സോഫ്റ്റ് വെയറിൽ നിന്നും അറിയാവുന്നതാണ്. മാത്രവുമല്ല അതിലൂടെ അപ്പീൽ സമർപ്പിക്കാവുന്നതുമാണ്. അപേക്ഷ സമർപ്പിച്ച സമയത്ത് നൽകിയ മൊബൈൽ ഫോൺ നമ്പരാണ് യൂസർ നെയിം. പാസ് വേർഡ് മറന്നുപോയിട്ടുള്ളവരെ സംബന്ധിച്ചിടത്തോളം മൊബൈൽ നമ്പർ ഉപയോഗിച്ച് റീട്രൈവ് ചെയ്ത് പുതിയ പാസ് വേർഡ് ക്രിയേറ്റ് ചെയ്ത് അപ്പീൽ സമർപ്പിക്കാവുന്നതാണ്. അക്ഷയ കേന്ദ്രങ്ങൾ മുഖേനയും ഇപ്രകാരം അപ്പീലുകൾ സമർപ്പിക്കാവുന്നതാണ്. പാസ് വേർഡ് മറന്നുപോയിട്ടുള്ളവർക്ക് പുതിയ പാസ് വേർഡ് ക്രിയേറ്റ് ചെയ്ത് അപ്പീൽ സമർപ്പിക്കുന്നതിനുള്ള സൗകര്യം അപ്പീൽ കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്നതാണ്. അതിനുള്ള ക്രമീകരണങ്ങളും അപ്പീൽ കേന്ദ്രങ്ങളിൽ ഏർപ്പെടുത്തേണ്ടതാണ്. അപ്പീൽ സമർപ്പിക്കേണ്ട വെബ് സൈറ്റ് www.life2020kerala.gov.in.

## അപ്പീലുകളും ആക്ഷേപങ്ങളും തീർപ്പാക്കൽ

അപ്പീലുകളും ആക്ഷേപങ്ങളും സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടികളും ക്രമീകരണങ്ങളും അപ്പീൽ കമ്മിറ്റിയുടെ കൺവീനർമാർ ഏർപ്പെടുത്തേണ്ടതാണ്. അപ്പീലുകളും ആക്ഷേപങ്ങളും സ്വീകരിക്കുന്ന ആദ്യ തീയതി മുതൽ അത് തീർപ്പാക്കുന്നതിനാവശ്യമായ പരിശോധനകളും അന്വേഷണവും അനുയോജ്യമായ രീതിയിലും ഘടകങ്ങളിലും നടത്തേണ്ടതാണ്. അപേക്ഷകളുടെയും ആക്ഷേപങ്ങളുടെയും പരിശോധനയും തീർപ്പാക്കലും യാതൊരു കാരണവശാലും അവസാന തീയതികളിലേക്ക് മാറ്റി വയ്ക്കാതെ യഥാസമയം തീർപ്പാക്കി സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തേണ്ടതാണ്. ഓരോ അപ്പീലുകൾക്ക് ശേഷവും അപ്പീലുകളിലെ തീരുമാനങ്ങൾ സഹിതം

കരട് ഗുണഭോക്തൃ പട്ടികകൾ പ്രസിദ്ധീകരിക്കേണ്ടതിനാൽ അപ്പീലുകൾ തീർപ്പാക്കാൻ അവസാനിക്കുന്ന ദിവസം വൈകുന്നേരം 5 മണി വരെ മാത്രമെ അപ്പീലുകൾക്കായി സോഫ്റ്റ് വെയർ സൗകര്യം ലഭ്യമാകുകയുള്ളൂ.

അപ്പീൽ കമ്മിറ്റികൾ അപ്പീലുകൾ പരിശോധിച്ച് വസ്തുതകൾ ബോധ്യപ്പെട്ട് നിയമാനുസൃതം തീരുമാനം കൈക്കൊള്ളേണ്ടതാണ്. ഇക്കാര്യത്തിൽ രേഖകളുടെ പരിശോധന, ഹിയറിംഗ്, ഫീൽഡ് പരിശോധന തുടങ്ങിയവ അവലംബിക്കാവുന്നതാണ്. അപ്പീലുകളുടെ ഭാഗമായി അനർഹർ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടാൽ ആയതിന്റെ പൂർണ്ണ ഉത്തരവാദിത്തം അപ്പീൽ അധികാരികൾക്കായിരിക്കും.

**അന്തിമ പട്ടിക തയ്യാറാക്കൽ**

അപ്പീലുകളിന്മേൽ തീരുമാനങ്ങൾ ലഭ്യമായതിനുശേഷം തദ്ദേശ സ്ഥാപനങ്ങൾ, കരട് ഗുണഭോക്തൃ പട്ടിക വിവരശേഖരത്തിൽ നിന്നും ഡൗൺലോഡ് ചെയ്ത് തദ്ദേശസ്വയംഭരണ സ്ഥാപന യോഗത്തിൽ സമർപ്പിക്കേണ്ടതും, നിശ്ചിത സമയ പരിധിക്കുള്ളിൽ ഗ്രാമസഭ/ വാർഡ്സഭ വിളിച്ച് ചേർക്കുന്നതിനുള്ള തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്.

ഗ്രാമസഭ/ വാർഡ് സഭകളിൽ കരട് ഗുണഭോക്തൃപട്ടിക ചർച്ച ചെയ്ത് അനർഹരെ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഗ്രാമസഭ/ വാർഡ് സഭകൾക്ക് ശേഷം അന്തിമ പട്ടിക തദ്ദേശസ്വയംഭരണസ്ഥാപന യോഗത്തിൽ വച്ച് അംഗീകരിക്കേണ്ടതാണ്. ഗ്രാമസഭാ/വാർഡ്സഭാ തീരുമാന പ്രകാരം ഒഴിവാക്കേണ്ടതായ അനർഹരെ പട്ടികയിൽ നിന്നും ഒഴിവാക്കി അന്തിമ മുൻഗണനാ പട്ടിക 2022 ആഗസ്റ്റ് 16-ന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

27/07/2020 ലെ സ.ഉ(കൈ)112/2020/തസ്വഭവ പ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാതല മോണിറ്ററിംഗ് സമിതി ഗുണഭോക്തൃ പട്ടിക അന്തിമമാക്കുന്ന പ്രവർത്തനങ്ങൾ ജില്ലയിൽ ഏകോപിപ്പിക്കുകയും, വിജയപ്രദമാക്കുകയും ചെയ്യേണ്ടതാണ്.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ബ്ലോക്കുപഞ്ചായത്തുകളിൽ IAY പദ്ധതിയ്ക്കായി ലഭിച്ച വിഹിതത്തിൽ മിച്ചമുള്ള തുക ഈ വർഷം PMAY(ഗ്രാമീൺ) പദ്ധതി പ്രകാരമുള്ള വീടുകൾ/ ലൈഫ് മിഷൻ പദ്ധതി പ്രകാരമുള്ള വീടുകൾ എന്നിവയ്ക്കായി ഉപയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.1531/2022/LSGD തീയതി,തിരുവനന്തപുരം, 25-06-2022

പരാമർശം:- 1. 11.01.2022-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം

2. 02.06.2022-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 3.5 നമ്പർ തീരുമാനം.

**ഉത്തരവ്**

ബ്ലോക്ക് പഞ്ചായത്തുകളിൽ IAY പദ്ധതിയ്ക്കായി ലഭിച്ച വിഹിതത്തിൽ ചെലവഴിക്കാതെ 126.70 കോടി രൂപ ബാക്കിയുണ്ട്. ഈ തുക PMAY (ഗ്രാമീൺ) പദ്ധതിക്കായി വിനിയോഗിക്കാൻ പരാമർശം (1) പ്രകാരം കോഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയിരുന്നു. ഈ വിഹിതം 2021-22-ൽ പൂർണ്ണമായി ചെലവഴിച്ചിട്ടില്ല. ആയതിനാൽ ഈ വിഷയം 02.06.2022-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി പരിഗണിക്കുകയും മിച്ചമുള്ള തുക ഈ വർഷം PMAY (ഗ്രാമീൺ) പദ്ധതി പ്രകാരമുള്ള വീടുകൾ/ ലൈഫ് മിഷൻ പദ്ധതി പ്രകാരമുള്ള വീടുകൾ എന്നിവയ്ക്കായി ഉപയോഗിക്കുന്നതിന് പരാമർശം (2) പ്രകാരം തീരുമാനം കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

2.മേൽ സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്തുകളിൽ IAY പദ്ധതിയ്ക്കായി ലഭിച്ച വിഹിതത്തിൽ ചെലവഴിക്കാതെ മിച്ചമുള്ള തുക ഈ വർഷം PMAY (ഗ്രാമീൺ) പദ്ധതി പ്രകാരമുള്ള വീടുകൾ/ ലൈഫ് മിഷൻ പദ്ധതി പ്രകാരമുള്ള വീടുകൾ എന്നിവയ്ക്കായി ഉപയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ രണ്ടു തരത്തിലുമുള്ള ലക്ഷ്യം പൂർത്തീകരിച്ചതിനുശേഷമേ മറ്റു വീടുകളുടെ നിർമ്മാണം/അറ്റകുറ്റപ്പണി എന്നിവക്കായി ഈ തുക ഉപയോഗിക്കാവൂ എന്നും നിർദേശിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്: ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും (ഗ്രാമവികസന കമ്മീഷണർ (മുഖേന)

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ& ഇ), തിരുവനന്തപുരം
വെബ്&ന്യൂമീഡിയ (ഐ & പിആർഡി)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ത.സ്വ.ഭ.വ (ഡിഎ) വകുപ്പ്
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- ലൈഫ് 2020 - അന്തിമ ഗുണഭോക്തൃ പട്ടിക - ഗ്രാമസഭ / വാർഡ്സഭകൾ - മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

**തദ്ദേശ സ്വയംഭരണ (ഡി.ഇ)വകുപ്പ്**

സ.ഉ.(സാധാ) നം.1789/2022/LSGD തീയതി,തിരുവനന്തപുരം, 25-07-2022

പരാമർശം:-

1. സ.ഉ. (സാധാ) 1423/2022/എൽ.എസ്.ജി.ഡി. തീയതി 09/06/2022 നമ്പർ ഉത്തരവ്
2. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 22/07/2022 തീയതിയിലെ, ലൈഫ് 2020 നമ്പർ കത്ത്

**ഉത്തരവ്**

ലൈഫ് 2020 ഗുണഭോക്തൃ പട്ടിക അന്തിമമായി 2022 ആഗസ്റ്റ് 16-ന് പ്രസിദ്ധീകരിക്കുന്നതിന് ഉതകും വിധം ഗ്രാമസഭ / വാർഡ്സഭകൾ 2022 ജൂലൈ 22 മുതൽ ആഗസ്റ്റ് 5-നകം പൂർത്തീകരിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ പട്ടിക 2022 ആഗസ്റ്റ് 10-നകം അംഗീകരിക്കുന്നതിനുമുള്ള പ്രവർത്തന കലണ്ടർ പരാമർശം (1) ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിരുന്നു.

2. ഓൺലൈനായി അപേക്ഷകൾ സ്വീകരിച്ചതു പ്രകാരം 9,20,260 (6,47,092 ഭൂമിയുള്ള ഭവനരഹിതർ, 2,73,168 ഭൂരഹിതഭവനരഹിതർ) അപേക്ഷകൾ ലഭിക്കുകയുണ്ടായി. ഇതിൽ ആദ്യഘട്ട പരിശോധനയിൽ 5,81,770 (3,79,119 ഭൂമിയുള്ള ഭവനരഹിതർ, 2,02,651 ഭൂരഹിത ഭവനരഹിതർ) പേരെയാണ് അർഹരായി കണ്ടെത്തിയത്.

3. അപേക്ഷകൾ ഫീൽഡ്തല അർഹതാ പരിശോധനയ്ക്ക് ശേഷം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പുന:പരിശോധന നടത്തുകയും അതിന്മേൽ 2022 ജൂൺ 17 വരെ സ്വീകരിച്ച ഒന്നാംഘട്ട അപ്പീലുകളും ആക്ഷേപങ്ങളും പരിശോധിച്ചതിനു ശേഷം കരട് പട്ടിക പുറപ്പെടുവിക്കുകയും ആയതിന്മേൽ 2022 ജൂലൈ 1 മുതൽ ജൂലൈ 8 വരെ ലഭിച്ച രണ്ടാംഘട്ട അപ്പീലുകളും ആക്ഷേപങ്ങളും പരിശോധിച്ചതിനു ശേഷം പുറപ്പെടുവിച്ച കരട് പട്ടികയിൽ 5,64,091 (3,66,570 ഭൂമിയുള്ള ഭവനരഹിതർ, 1,97,521 ഭൂരഹിതഭവനരഹിതർ) പേർ അർഹരായി ഉൾപ്പെട്ടിട്ടുണ്ട്.

4. ഇപ്രകാരം നാല് പരിശോധനാ ഘട്ടങ്ങളിലൂടെ രൂപപ്പെട്ട് വന്നിട്ടുള്ളവരുടെ കരട് പട്ടിക ഗ്രാമസഭ/ വാർഡ്സഭകളുടെ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുകയാണ്. നിശ്ചയിക്കപ്പെട്ട മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അപേക്ഷകർക്ക് ബാധകമായ അർഹതാ മാനദണ്ഡങ്ങളും മുൻഗണനാ മാനദണ്ഡങ്ങളും ശരിയാംവണ്ണമാണോ രേഖപ്പെടുത്തിയിട്ടുള്ളത് എന്ന് ഗ്രാമസഭ/ വാർഡ്സഭകൾക്ക് പരിശോധിക്കാവുന്നതും പിശകുകൾ ഉണ്ടെങ്കിൽ തിരുത്തൽ വരുത്താവുന്നതുമാണ്. ഈ അധികാരം വളരെ ഉത്തരവാദിത്വത്തോടു കൂടി ഗ്രാമസഭ/ വാർഡ്സഭ അംഗങ്ങൾ വിനിയോഗിക്കേണ്ടതുണ്ട്.

5. ടി സാഹചര്യത്തിൽ ഗ്രാമസഭ/ വാർഡ്സഭകൾ ലൈഫ് 2020 ഗുണഭോക്തൃ പട്ടിക അന്തിമമായി അംഗീകരിച്ച് 2022 ആഗസ്റ്റ് 16-ന് പ്രസിദ്ധീകരിക്കുന്നതിന് ഉതകും വിധം ഗ്രാമസഭ / വാർഡ്സഭകൾ 2022 ജൂലൈ 22 മുതൽ ആഗസ്റ്റ് 5-നകം പൂർത്തീകരിക്കുന്നതിനും ലൈഫ് കരട് ഗുണഭോക്തൃ പട്ടിക ഗ്രാമസഭ / വാർഡ്സഭകൾ പരിശോധിച്ച് പിശകുകൾ ഉണ്ടെങ്കിൽ തിരുത്തൽ വരുത്തുന്നതിന് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകണമെന്നും പരാമർശം 2 പ്രകാരം ലൈഫ് മിഷൻ ചീഫ്

എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിച്ചിരിക്കുന്നു.

6. ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. ഗ്രാമസഭ / വാർഡ്സഭകളിൽ ലൈഫ് 2020 കരട് ഗുണഭോക്തൃ പട്ടിക അംഗീകാരവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

7. ഗ്രാമസഭ / വാർഡ്സഭകളിൽ ലൈഫ് 2020 കരട് ഗുണഭോക്തൃ പട്ടിക പരിശോധന നടത്തുമ്പോൾ താഴെ പറയുന്ന മാറ്റങ്ങൾ വരുത്താവുന്നതാണ്.

I. ഗ്രാമസഭ/ വാർഡ്സഭയുടെ പരിഗണനയ്ക്ക് ലഭിച്ചിട്ടുള്ള കരട് ഗുണഭോക്തൃ പട്ടികയിൽ അർഹതയുള്ളതായി ഉൾപ്പെട്ടിട്ടുള്ള ഒരു ഗുണഭോക്താവിനെ അർഹതയില്ലാത്തത് എന്ന് തീരുമാനിക്കാനും അർഹതയില്ലാത്തവരുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതും ഏതെങ്കിലും ഘട്ടത്തിൽ അപ്പീൽ നല്കിയിട്ടുള്ളതുമായ ഒരു ഗുണഭോക്താവിനെ അർഹതയുള്ളത് എന്ന് തീരുമാനിക്കാനും വസ്തുതകളുടെ അടിസ്ഥാനത്തിൽ ഗ്രാമ/ വാർഡ്സഭയ്ക്ക് സാധിക്കുന്നതാണ്. ഇത് ഏതെങ്കിലും തരത്തിലുള്ള താല്പര്യത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനിക്കാൻ സാധിക്കുന്നതല്ല. ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാനുള്ള അർഹതാ മാദണ്ഡങ്ങൾ ഇല്ലായെന്ന് ഗ്രാമ/വാർഡ് സഭയ്ക്ക് ബോധ്യമുണ്ടെങ്കിൽ മാത്രമേ അർഹതപ്പെട്ടവരുടെ പട്ടികയിൽ ഉൾപ്പെട്ട ഒരു ഗുണഭോക്താവിനെ നീക്കം ചെയ്യാൻ പാടുള്ളൂ. ഏതെങ്കിലും ഘട്ടത്തിൽ അപ്പീൽ നൽകിയിട്ടുള്ളതും അർഹതയില്ലാത്തവരുടെ പട്ടികയിൽപ്പെട്ടതുമായ ഒരാളെ അർഹതയുള്ള ഗുണഭോക്താവായി മാറ്റുന്നതിന് അവർക്ക് അർഹതാ മാനദണ്ഡങ്ങൾ ഉണ്ട് എന്ന് ഗ്രാമസഭ/ വാർഡ്സഭയ്ക്ക് ബോധ്യമുണ്ടായിരിക്കേണ്ടതാണ്. ഇപ്രകാരം ഓരോ ഗുണഭോക്താവിന്റെ കാര്യത്തിലും കൃത്യമായ തീരുമാനം ഗ്രാമസഭ / വാർഡ്സഭ മിനിറ്റ്സിൽ രേഖപ്പെടുത്തേണ്ടതാണ്. അനർഹരുടെ ലിസ്റ്റിൽ ഉൾപ്പെട്ട ഒരാളെ അർഹരുടെ ലിസ്റ്റിലേക്ക് മാറ്റുമ്പോൾ അവരുടെ അർഹത തെളിയിക്കുന്ന രേഖ സോഫ്റ്റ് വെയറിലേക്ക് ചേർക്കേണ്ടതുണ്ട് എന്നതിനാൽ ഗ്രാമസഭാ/ വാർഡ്സഭ കൺവീനർ/ കോ-ഓർഡിനേറ്റർ ആയത് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ആയത്പ്രകാരം ആവശ്യമായ മാറ്റം രേഖകൾ പരിശോധിച്ച് സോഫ്റ്റ് വെയറിൽ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി ചെയ്യേണ്ടതുമാണ്.

<u>ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാനുള്ള ഒരാളുടെ അർഹതാ മാനദണ്ഡം താഴെപ്പറയുന്നവയാണ്</u>.

**അർഹതാ മാനദണ്ഡങ്ങൾ**

**എ) ഭൂമിയുള്ള ഭവനരഹിതർ**

1. ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ടവരെ ഒറ്റകുടുംബമായി പരിഗണിച്ച് ഒരു ഭവനത്തിന് മാത്രമായി പരിഗണിക്കേണ്ടതാണ്. ആ റേഷൻ കാർഡിൽ ഉൾപ്പെട്ട ഒരാൾക്കുപോലും ഭവനം ഇല്ലാത്തവരും ആകണം (പട്ടികജാതി/ പട്ടികവർഗ്ഗ/ മത്സ്യതൊഴിലാളി വിഭാഗത്തിന് ബാധകമല്ല)

2. സർക്കാർ/ അർദ്ധസർക്കാർ/ പൊതുമേഖല സ്ഥാപനങ്ങളിൽ സ്ഥിരജോലിക്കാരോ ഇത്തരം സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരോ ആയ അംഗങ്ങളുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.

3. വാർഷിക വരുമാനം മൂന്ന് ലക്ഷത്തിൽ കൂടുതലുള്ള കുടുംബങ്ങളെ

4. ഗ്രാമപഞ്ചായത്തുകളിൽ 2 5 സെന്റിലോ/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പ്രദേശത്ത് അഞ്ച് സെന്റിലേറെയോ ഭൂമി സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്. (പട്ടികജാതി/പട്ടികവർഗ്ഗ/മത്സ്യതൊഴിലാളി വിഭാഗത്തിന് ബാധകമല്ല)

5. ഉപജീവനത്തൊഴിൽ ഉപാധിയെന്ന നിലയ്ക്കല്ലാതെ നാലുചക്രവാഹനം സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.

6. അവകാശികൾക്ക് വസ്തുഭാഗം ചെയ്ത സാഹചര്യത്തിൽ സ്വന്തം പേരിൽ സാങ്കേതികമായി ഭൂമിയില്ല എന്ന കാരണത്താൽ ഭൂരഹിതരായവർ ഒഴിവാക്കപ്പെടേണ്ടതാണ്.

7. ജീർണ്ണിച്ചതും അറ്റകുറ്റപ്പണി നടത്തി വാസയോഗ്യമാക്കാൻ പറ്റാത്തതുമായ ഭവനങ്ങൾ (മൺഭിത്തി/ കൽഭിത്തി, ടാർപ്പോളിൻ, ഷീറ്റ്, തടി എന്നിവ കൊണ്ട് നിർമ്മിച്ച ഭിത്തിയുള്ളതും, ഷീറ്റ്, ഓല എന്നിവയോടുകൂടിയ മേൽക്കൂര ഉള്ളതുമായ ഭവനങ്ങളെ ജീർണ്ണിച്ചതും വാസയോഗ്യമല്ലാത്തതുമായ ഭവനങ്ങൾ എന്ന വിഭാഗത്തിൽ പരിഗണിക്കാം) . നിർവ്വഹണ ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്നപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപന എഞ്ചിനീയർ ടി ഭവനത്തിന്റെ വാസയോഗ്യത സംബന്ധിച്ച സാക്ഷ്യപത്രം നൽകേണ്ടതാണ്.

**ബി) ഭൂരഹിത ഭവനരഹിതർ**

ഭൂമിയുള്ള ഭവനരഹിതർക്കുള്ള അർഹതാ മാനദണ്ഡങ്ങളോടൊപ്പം താഴെപ്പറയുന്ന മാനദണ്ഡം കൂടി പരിഗണിക്കേണ്ടതാണ്.

സ്വന്തമായി ഭൂമിയില്ലാത്തവർ/ റേഷൻ കാർഡിൽ പേരുള്ള കുടുംബാംഗങ്ങളുടെ പേരിൽ ഭൂമിയില്ലാത്തവർ/ റേഷൻ കാർഡിൽ പേരുള്ള കുടുംബാംഗങ്ങളുടെ മൊത്തം പേരിലുംകൂടി 3 സെന്റിൽ കുറവ് ഭൂമി ഉള്ളവർ.

II. ഗ്രാമസഭ / വാർഡ്സഭ പരിഗണിക്കുന്ന ഗുണഭോക്തൃ കരട് പട്ടികയിലെ അർഹരായ ഗുണഭോക്താക്കളുടെ മുൻഗണനാക്രമം നിശ്ചയിച്ചിട്ടുള്ളത് മേൽപ്പറഞ്ഞ പരിശോധനാ ഘട്ടങ്ങളിൽ വ്യക്തമായിട്ടുള്ള അവരുടെ ക്ലേശ ഘടകങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ ക്ലേശ ഘടകങ്ങൾ ഓരോരുത്തർക്കും കണക്കാക്കിയിട്ടുള്ളതിൽ പിശക് വന്നിട്ടുണ്ടെങ്കിൽ ആയത് ഗ്രാമസഭ/ വാർഡ്സഭയ്ക്ക് തിരുത്താവുന്നതാണ്. അതായത് ഒരു ഗുണഭോക്താവിന് നിലവിൽ രേഖപ്പെടുത്തിയിട്ടുള്ള ഒരു ക്ലേശ ഘടകം ഒഴിവാക്കുന്നതിനോ നിലവിൽ രേഖപ്പെടുത്തപ്പെടാത്ത ഒരു ക്ലേശഘടകം കൂട്ടിച്ചേർക്കുന്നതിനോ ഗ്രാമസഭ/ വാർഡ്സഭയ്ക്ക് വസ്തുതകളുടെ അടിസ്ഥാനത്തിൽ അധികാരമുണ്ടായിരിക്കുന്നതാണ്. ഇത് ഏതെങ്കിലും തരത്തിലുള്ള താല്പര്യത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനിക്കാൻ സാധിക്കുന്നതല്ല. ക്ലേശഘടകങ്ങളിൽ വ്യത്യാസം വരുത്തുന്ന ഓരോ ഗുണഭോക്താവിന്റെ കാര്യത്തിലും കൃത്യമായ തീരുമാനം ഗ്രാമസഭ/ വാർഡ്സഭ മിനിറ്റ്സിൽ രേഖപ്പെടുത്തേണ്ടതാണ്. ഒരു ഗുണഭോക്താവിന് നിലവിൽ രേഖപ്പെടുത്തിയിട്ടില്ലാത്ത ക്ലേശ ഘടകം ഗ്രാമസഭ/ വാർഡ്സഭ തീരുമാനപ്രകാരം കൂട്ടിച്ചേർത്ത് നൽകുന്നുവെങ്കിൽ ആയതിനുള്ള അർഹത തെളിയിക്കുന്ന രേഖ സോഫ്റ്റ് വെയറിലേക്ക് ചേർക്കേണ്ടതുണ്ട് എന്നതിനാൽ ഗ്രാമസഭാ / വാർഡ്സഭാ കൺവീനർ/കോ-ഓർഡിനേറ്റർ ആയത് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ആയത്പ്രകാരം ആവശ്യമായ മാറ്റം രേഖകൾ പരിശോധിച്ച് സോഫ്റ്റ് വെയറിൽ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി ചെയ്യേണ്ടതുമാണ്.

ലൈഫ് കരട് ഗുണഭോക്തൃ പട്ടികയിൽ അർഹരായി ഉൾപ്പെട്ടിട്ടുള്ള ഒരു കുടുംബത്തിന്റെ മുൻഗണനാക്രമം നിശ്ചയിക്കുന്നതിനായി പരിഗണിച്ചിട്ടുള്ള ക്ലേശഘടകങ്ങൾ ഇനിപ്പറയുന്നവയാണ്.

**ക്ലേശ ഘടകങ്ങൾ**

1. മാനസിക വെല്ലുവിളികൾ നേരിടുന്നവരോ/ അന്ധരോ ശാരീരികത്തളർച്ച ബാധിച്ചവരോ ആയ കുടുംബാംഗങ്ങൾ ഉള്ള കുടുംബങ്ങൾ

2. അഗതി /ആശ്രയ പദ്ധതിയിലെ ഗുണഭോക്താക്കൾ

3. 40%-ലേറെ അംഗവൈകല്യമുള്ള അംഗങ്ങൾ ഉള്ള കുടുംബങ്ങൾ

4. ഭിന്നലിംഗക്കാർ

5. ഗുരുതര / മാരക രോഗമുള്ള (കാൻസർ/ ഹൃദ്രോഗം/ കിഡ്നി തകരാറ് മൂലം ഡയാലിസിന് വിധേയരാകുന്നവർ / പക്ഷാഘാതം തുടങ്ങിയവ) അംഗങ്ങളുള്ള കുടുംബങ്ങൾ

6. അവിവാഹിതരായ അമ്മമാർ കുടുംബനാഥയായുള്ള കുടുംബങ്ങൾ

7. രോഗമോ അപകടമോ കാരണം തൊഴിലെടുത്തു ജീവിക്കാനാകാത്ത കുടുംബനാഥരായ കുടുംബങ്ങൾ

8. വിധവയായ കുടുംബനാഥയും സ്ഥിരവരുമാനമില്ലാത്ത അംഗങ്ങളുമുള്ള കുടുംബങ്ങൾ.

9. എച്ച്.ഐ.വി. ബാധിതരായ അംഗങ്ങളുള്ള കുടുംബങ്ങൾ

III. ഗ്രാമസഭ/ വാർഡ്സഭ പരിഗണിക്കുന്ന കരട് ഗുണഭോക്തൃ പട്ടികയിൽ അർഹരായി ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ ക്ലേശ ഘടകങ്ങൾ ബാധകമല്ലാത്തതുമായ കുടുംബങ്ങളുടെ മുൻഗണനാക്രമം ക്ലേശഘടകങ്ങൾ ഉള്ള ഗുണഭോക്താക്കൾക്ക് ശേഷം അവരുടെ പ്രായത്തിന്റെ അടിസ്ഥാനത്തിലാണ് നിലവിൽ നിശ്ചയിച്ചിരിക്കുന്നത്.

IV. മേൽപ്പറഞ്ഞവ കൂടാതെ അർഹരായവരിൽ ഭൂരഹിത ഭവനരഹിത കരട് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടവരെ ഭൂമിയുള്ള ഭവനരഹിതരുടെ പട്ടികയിലേക്കും തിരിച്ചും മാറ്റേണ്ടതുണ്ടെങ്കിൽ ആ തീരുമാനവും ഗ്രാമസഭ/ വാർഡ്സഭയ്ക്ക് എടുക്കാവുന്നതും ആയത്പ്രകാരം ആവശ്യമായ മാറ്റം രേഖകൾ പരിശോധിച്ച് സോഫ്റ്റ് വെയറിൽ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി ചെയ്യേണ്ടതുമാണ്. ടി മാറ്റങ്ങൾ വരുത്തുന്നതിന് ആവശ്യമായ രേഖ സോഫ്റ്റ് വെയറിൽ ചേർക്കേണ്ടതുള്ളതിനാൽ ആയത് ഗ്രാമസഭ/ വാർഡ്സഭ കൺവീനർ/കോ-ഓർഡിനേറ്റർ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിയ്ക്ക് നൽകേണ്ടതാണ്.

V. ഒരു ഗുണഭോക്താവ് ഉൾപ്പെട്ട മതം, പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗം തുടങ്ങിയ വിവരങ്ങളിലെ രേഖപ്പെടുത്തലുകളിൽ തെറ്റുകൾ ഉണ്ടെങ്കിൽ ആയത് തിരുത്തുന്നതിനും ഗ്രാമസഭ/ വാർഡ്സഭയ്ക്ക് നിർദ്ദേശിക്കാവുന്നതാണ്. ഈ തീരുമാനത്തിന് ആസ്പദമായ രേഖ ഗ്രാമസഭ/ വാർഡ്സഭ കൺവീനർ/ കോ ഓർഡിനേറ്റർ സെക്രട്ടറിയ്ക്ക് നൽകേണ്ടതും തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി പ്രസ്തുത മാറ്റം രേഖകൾ പരിശോധിച്ച് സോഫ്റ്റ് വെയറിൽ വരുത്തേണ്ടതുമാണ്.

VI. 2022 ആഗസ്റ്റ് 5-നകം ഗ്രാമസഭ/ വാർഡ്സഭകൾ പൂർത്തിയാക്കി ടി വിവരങ്ങളും 2022 ആഗസ്റ്റ് 10-നകം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഗുണഭോക്തൃ പട്ടിക അന്തിമമായി അംഗീകരിച്ച് ആയതിന്റെ വിവരങ്ങളും അതാത് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി അതാത് സമയം സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തേണ്ടതുണ്ട്. ഇപ്രകാരമുള്ള മാറ്റങ്ങൾ കൃത്യമായ ഗ്രാമസഭ / വാർഡ് സഭ തീരുമാനത്തിന്റെയും രേഖകളുടെയും അടിസ്ഥാനത്തിൽ മാത്രമേ മാറ്റുന്നുള്ളു എന്നത് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി വ്യക്തിപരമായി ഉറപ്പുവരുത്തേണ്ടതാണ്. 2022 ആഗസ്റ്റ് 16-ന് അന്തിമ ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കുന്നതിന് ഈ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതുണ്ട്. ആയതിനാൽ ഗ്രാമസഭ/ വാർഡ്സഭകൾ നടക്കുന്ന സമയം തന്നെ ഗ്രാമസഭ/ വാർഡ്സഭ തീരുമാനങ്ങൾ മിനിറ്റ്സ് ബുക്കിൽ കൃത്യമായി രേഖപ്പെടുത്തി മതിയായ രേഖകൾ സഹിതം ഗ്രാമസഭ/ വാർഡ്സഭ കൺവീനർ, കോ-ഓർഡിനേറ്റർ എന്നിവർ ആയത് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയ്ക്ക് ഉടൻ തന്നെ

കൈമാറേണ്ടതാണ്.

8. ഇതിനനുസരിച്ച് ഗ്രാമസഭ/ വാർഡ്സഭ നടത്തിപ്പിനുള്ള കൃത്യമായ മുന്നൊരുക്കങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനം നടത്തേണ്ടതും ഇക്കാര്യങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കൃത്യമായി നടക്കുന്നുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സംസ്ഥാന - ജില്ലാതല ഉദ്യോഗസ്ഥർ, ലൈഫ് മിഷൻ സി ഇ ഒ, ലൈഫ് മിഷൻ ജില്ല കോ-ഓർഡിനേറ്റർ എന്നിവർ ഉറപ്പുവരുത്തേണ്ടതുമാണ്.

9. മേൽ നിർദ്ദേശങ്ങൾ അനുസരിച്ച് ലൈഫ് 2020 ഗുണഭോക്തൃപട്ടിക അന്തിമമാക്കുന്നതിന് സമയബന്ധിതമായി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ,തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ (അർബൻ ),തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ (റൂറൽ ), തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

ഡയറക്ടർ, കേരളം സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭവന നിർമ്മാണ ധനസഹായമായി നൽകാവുന്ന തുക - ലൈഫ് ഭവന പദ്ധതിയുടെ മാർഗ്ഗരേഖയ്ക്കനുസൃതമായി സബ്സിഡി മാർഗ്ഗരേഖയിലെ വ്യവസ്ഥ ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2604/2022/LSGD തീയതി,തിരുവനന്തപുരം, 27-10-2022

പരാമർശം:-
1. സ.ഉ.(കൈ) നം.151/2017/തസ്വഭവ; തീയതി 31.07.2017
2. സ.ഉ.(കൈ) നം.34/2018/തസ്വഭവ; തീയതി 16.03.2018
3. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.10.2022-ൽ കൂടിയ യോഗത്തിന്റെ തീരുമാനം നം. 3.5

**ഉത്തരവ്**

ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നത് സംബന്ധിച്ച ലൈഫ് ഭവന പദ്ധതിയുടെ പരാമർശം (2) മാർഗ്ഗരേഖ പ്രകാരം പട്ടികവർഗ്ഗ സങ്കേതങ്ങളിൽ താമസിക്കുന്നവർക്ക് ഭവന നിർമ്മാണത്തിന് 6.00 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ, തദ്ദേശ ഭരണസ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച പരാമർശം (3) മാർഗരേഖ, ഖണ്ഡിക 6.7 - ക്രമ നമ്പർ 1 പ്രകാരം ഭവന നിർമ്മാണത്തിന് എല്ലാ വിഭാഗങ്ങൾക്കും 4.00 ലക്ഷം രൂപ അനുവദിക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

2. മേൽ വിഷയം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി പരിശോധിക്കുകയും പരാമർശം(4) തീരുമാന പ്രകാരം ലൈഫ് മിഷന് നിശ്ചയിച്ചിരുന്നതുപോലെ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ താമസിക്കുന്നവർക്ക് ഭവന നിർമ്മാണത്തിന് 6.00 ലക്ഷം രൂപ നൽകാവുന്നതാണെന്ന് പരാമർശം (3) മാർഗ്ഗരേഖയുടെ ഖണ്ഡിക 6.7 ക്രമനമ്പർ 1-ൽ ഭേദഗതി വരുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും

3. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
4 പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
5. പഞ്ചായത്ത് ഡയറക്ടർ
6. നഗരകാര്യ ഡയറക്ടർ
7. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
9. ചീഫ് എക്സിക്യൂട്ടീവ് ഓഫിസർ, ലൈഫ് മിഷൻ
10. എല്ലാ ജില്ലാ ആസൂത്രണ സമിതിഅദ്ധ്യക്ഷന്മാർക്കും
11. എല്ലാ ജില്ലാകളക്ടർമാർക്കും
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
14. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
15. ഡയറക്ടർ ജനറൽ, കില
16. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
17. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
18. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
19. തദ്ദേശ സ്വയംഭരണ (ഡി.ഇ) വകുപ്പ്
20. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പി.എം.എ.വൈ(നഗരം)-നഗരസഭകളിൽ ഡി.പി.ആർ കളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ലൈഫ് ഗുണഭോക്താക്കൾക്കും, നഗരസഭകൾ അംഗീകരിച്ച് ലൈഫ് മാനദണ്ഡപ്രകാരം ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളിൽ മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഭൂമിയാർജ്ജിച്ച ഗുണഭോക്താക്കൾക്കും, ഭവനനിർമ്മാണാനുകൂല്യം നൽകുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡി ഇ ) വകുപ്പ്

സ.ഉ.(സാധാ) നം.1352/2023/LSGD തീയതി,തിരുവനന്തപുരം, 01-07-2023

---

പരാമർശം:-

1. 15/11/2022 ലെ സ ഉ (സാധാ) നം . 2808/2022/തസ്വഭവ.
2. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 20.02.2023 ലെ എൽഎം.6/3299/2022/പി.എം.എ. വൈ/ലൈഫ് നമ്പർ കത്ത്.
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 198.06.2023 ലെ പിഡി /39099/2023-ഡിപിഎൽഡി1 നമ്പർ കത്ത്.

ഉത്തരവ്

ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഗുണഭോക്താവ് മറ്റൊരു തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിൽ ഭൂമിയാർജ്ജിക്കുന്ന പക്ഷം ഗുണഭോക്താവിനെ തെരെഞ്ഞെടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനം തന്നെ സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താവിന് ഭവനനിർമ്മാണാനുകൂല്യം നൽകുന്നതിന് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പി.എം.എ. വൈ (നഗരം) ലൈഫ് ഭവന പദ്ധതി മാനദണ്ഡ പ്രകാരം നഗരസഭകളിൽ ഭൂമിയുള്ള ഗുണഭോക്താക്കൾക്ക് മാത്രമേ നിലവിൽ ഭവനനിർമ്മാണാനുകൂല്യം അനുവദിക്കാൻ സാധിക്കുകയുള്ളൂ എന്നതിനാലും, ഭവന നിർമ്മാണത്തിന്റെ വിവിധ സ്റ്റേജുകൾ ജിയോ ടാഗ് ചെയ്യേണ്ടതുള്ളതിനാലും, നഗരസഭകളിൽ ഡി.പി.ആർ കളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ലൈഫ് ഗുണഭോക്താക്കൾക്കും നഗരസഭകൾ അംഗീകരിച്ച് ലൈഫ് മാനദണ്ഡപ്രകാരം ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളിൽ മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഭൂമിയാർജ്ജിച്ച ഗുണഭോക്താക്കൾക്കും ഭവനനിർമ്മാണാനുകൂല്യം നൽകുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് പരാമർശം (2 പ്രകാരം സി ഇ ഒ ലൈഫ് മിഷൻ പ്രൊപ്പോസൽ സമർപ്പിക്കുകയും, പരാമർശം (3) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ആയത് ശുപാർശ ചെയ്യുകയുമുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. നഗരസഭകളിൽ ഡി.പി.ആർ കളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ലൈഫ് ഗുണഭോക്താക്കൾക്കും, നഗരസഭകൾ അംഗീകരിച്ച് ലൈഫ് മാനദണ്ഡപ്രകാരം ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളിൽ മറ്റ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഭൂമിയാർജ്ജിച്ച ഗുണഭോക്താക്കൾക്കും, ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നതിനായി താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

i. നഗരസഭകളിലെ ഡി.പി.ആർ.കളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ലൈഫ് ഗുണഭോക്താക്കൾക്കും നഗരസഭകൾ അംഗീകരിച്ച് ലൈഫ് മാനദണ്ഡ പ്രകാരം ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളിൽ മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഭൂമിയാർജ്ജിച്ച ഗുണഭോക്താക്കൾക്കും ഭവന നിർമ്മാണ ധനസഹായം ലഭ്യമാക്കുന്നതിനായി നഗരസഭകൾക്ക് പ്രത്യേകം പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോടെ ഏറ്റെടുക്കേണ്ടതാണ്.

ii. ഇപ്രകാരം പ്രോജക്ട് തയ്യാറാക്കുമ്പോൾ പൊതു/ പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും ലൈഫ് ഭവന പദ്ധതി നിരക്കായ 4 ലക്ഷം രൂപ വകയിരുത്തിയാണ് പ്രോജക്ട് തയ്യാറാക്കേണ്ടത്. സങ്കേതങ്ങളിൽ ഭൂമി കണ്ടെത്തുന്ന പട്ടികവർഗ്ഗക്കാർക്കായി 6 ലക്ഷം രൂപ വകയിരുത്താവുന്നതാണ്.

iii. ഭവന നിർമ്മാണാനുകൂല്യമായി ഗുണഭോക്താക്കൾക്ക് ലഭ്യമാക്കേണ്ടുന്ന 4 ലക്ഷം രൂപയിൽ 3 ലക്ഷം രൂപ നഗരസഭാ വിഹിതവും 1 ലക്ഷം രൂപ സംസ്ഥാന വിഹിതവുമായിരിക്കുന്നതാണ്. മതിയായ ഫണ്ടുകൾ, നഗരസഭകൾക്ക് വികസന ഫണ്ടോ തനത് ഫണ്ടോ ഇതിലേക്കായി വിനിയോഗിക്കാവുന്നതാണ്. മതിയായ ഫണ്ടില്ലാത്ത നഗരസഭകൾക്ക് പി.എം.എ.വൈ.(നഗരം) ലൈഫ് മാതൃകയിൽ 2 ലക്ഷം രൂപ വീതം ഓരോ ഗുണഭോക്താവിനും ഹഡ്കോ വായ്പയായി സ്വീകരിച്ചു കൊണ്ട് പദ്ധതി ഏറ്റെടുക്കേണ്ടതാണ്.

iv. സംസ്ഥാന വിഹിതം ലൈഫ് മിഷന്റെ "4217-60-051-95- സമ്പൂർണ്ണ ഭവന പദ്ധതി നഗരം (ലൈഫ് പാർപ്പിട മിഷൻ) " എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കാവുന്നതാണ്.

v. ലൈഫ് ഗുണഭോക്താക്കൾക്ക് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി/ അയ്യൻകാളി തൊഴിലുറപ്പ് പദ്ധതി എന്നിവ പ്രകാരം 90 ദിവസത്തെ തൊഴിൽ ലഭ്യമാക്കുന്നതിനുള്ള ക്രമീകരണം ഭവന നിർമ്മാണം നടത്തുന്ന തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലെ സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണ്.

vi. നഗരസഭകളിലെ ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്ത് പ്രദേശത്തോ മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലോ നടത്തുന്ന ഭവനനിർമ്മാണത്തിന്റെ വിവിധ സ്റ്റേജുകൾ ജിയോ ടാഗ് ചെയ്യുന്നതിനാവശ്യമായ ക്രമീകരണം ഏർപ്പെടുത്തുന്നതിന് ഭവനനിർമ്മാണം നടത്തുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറിമാരെ ചുമതലപ്പെടുത്തുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba S C
Date: 01-07-2023 11:13:01
സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തസ്വഭവ - പട്ടിക വർഗ്ഗ സങ്കേതങ്ങളുടെ ഉള്ളിലും സങ്കേതങ്ങളോട് ചേർന്നു വരുന്ന പ്രദേശത്തും അതീവ ദുർഘട പ്രദേശത്തും വീട് വയ്ക്കുന്ന പട്ടികവർഗ്ഗക്കാർക്ക് ലൈഫ് മിഷൻ പദ്ധതി പ്രകാരമുള്ള ആനുകൂല്യം 6 ലക്ഷം രൂപയായി ഏകീകരിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ)വകുപ്പ്**

സ.ഉ.(സാധാ) നം.1806/2023/LSGD തീയതി,തിരുവനന്തപുരം, 12-09-2023

---

പരാമർശം:-

1. സ.ഉ(കൈ)നം.34/2018/തസ്വഭവ തീയതി 16/03/2018
2. സ.ഉ(സാധാ)നം.45/2022/എസ്.സി.എസ്.ടി തീയതി 01/09/2022
3. സ.ഉ(സാധാ)നം.2604/2022/തസ്വഭവ തീയതി 27/10/2022
4. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 31/05/2023 ലെ എ2-13630/20 നമ്പർ കത്ത്
5. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 19/08/2023 ലെ എൽ.എം5/റിപ്പോർട്ട്സ്/2328 നമ്പർ കത്ത്

**ഉത്തരവ്**

ലൈഫ് ഭവന പദ്ധതിയുടെ പരാമർശം (1) ലെ മാർഗ്ഗരേഖ പ്രകാരം പട്ടികവർഗ്ഗ സങ്കേതങ്ങളിൽ താമസിക്കുന്നവർക്ക് ഭവന നിർമ്മാണത്തിന് 6 ലക്ഷം രൂപ അനുവദിച്ചിരിക്കുന്നതിനാൽ, 15.10.2022 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 3.5 നമ്പർ തീരുമാന പ്രകാരം ലൈഫ് മിഷന് നിശ്ചയിച്ചിരുന്നതുപോലെ പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ താമസിക്കുന്നവർക്ക് ഭവന നിർമ്മാനത്തിന് 6 ലക്ഷം രൂപ നൽകാവുന്നതാണെന്ന് പദ്ധതി മാർഗ്ഗ രേഖയുടെ ഖണ്ഡിക 6.7 ക്രമ നമ്പർ 1 ൽ ഭേദഗതി വരുത്തി പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടിക വർഗ്ഗ സങ്കേതങ്ങളുടെ ഉള്ളിലും സങ്കേതങ്ങളോട് ചേർന്നു വരുന്ന പ്രദേശത്തും അതീവ ദുർഘട പ്രദേശത്തും വീട് വയ്ക്കുന്ന പട്ടികവർഗ്ഗക്കാർക്ക് 6 ലക്ഷം രൂപ ധനസഹായം അനുവദിച്ച് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും, എല്ലാ പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കും വേർതിരിവില്ലാതെ തുക ഏകീകരിച്ച് നൽകണമെന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരം അഭ്യർത്ഥിക്കുകയുമുണ്ടായി.

ലൈഫ് ഭവന പദ്ധതിയ്ക്കായി തെരെഞ്ഞെടുക്കുന്ന പട്ടികവർഗ്ഗ ഗുണഭോക്താക്കളെ സങ്കേതത്തിനുള്ളിൽ/ സങ്കേതത്തിന് പുറത്ത് എന്നിങ്ങനെ തരം തിരിച്ചതുമൂലം സങ്കേതത്തിൽ അല്ലാതെ ദുർഘട പ്രദേശങ്ങളിൽ വീട് നിർമ്മിക്കുന്നവർക്ക് നിർമ്മാണ ചെലവ് കൂടുമെങ്കിലും

സങ്കേതത്തിന് പുറത്ത് താമസിക്കുന്നവർ എന്ന നിലയ്ക്ക് ധനസഹായം കുറയുന്ന അവസ്ഥ പരിഹരിക്കുന്നതിനായി പരാമർശം (3) ഉത്തരവിൽ ഭേദഗതി വരുത്തുന്നത് അഭികാമ്യമായിരിക്കുമെന്ന് സിഇഒ ലൈഫ് മിഷൻ പരാമർശം (5) പ്രകാരം അഭിപ്രായപ്പെട്ടു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പട്ടികവർഗ്ഗ സങ്കേതങ്ങളുടെ ഉള്ളിലും സങ്കേതങ്ങളോട് ചേർന്നു വരുന്ന പ്രദേശത്തും അതീവ ദുർഘട പ്രദേശത്തും വീട് വയ്ക്കുന്ന പട്ടികവർഗ്ഗക്കാർക്ക് ലൈഫ് മിഷൻ പദ്ധതി പ്രകാരമുള്ള ആനുകൂല്യം 6 ലക്ഷം രൂപയായി ഏകീകരിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba S C
Date: 12-09-2023 16:58:24
സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- പി.എം.എ.വൈ.(നഗരം)-ലൈഫ് പദ്ധതി ഗുണഭോക്തൃ കേന്ദ്രീകൃത നിർമ്മാണ ഘടകത്തിൽ വിവിധ ഘട്ടങ്ങളിൽ വിതരണം ചെയ്യുന്ന തുകയിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡി ഇ)വകുപ്പ്**

സ.ഉ.(സാധാ) നം.2063/2023/LSGD തീയതി,തിരുവനന്തപുരം, 20-10-2023

പരാമർശം:- 1. 08-03-2016 ലെ സ.ഉ.(സാധാ) നം. 122216/തസ്വഭവ

2. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 03-10-2023 ലെ 7324/N/2016/KSHO നമ്പർ കത്ത് .

**ഉത്തരവ്**

പി.എം.എ.വൈ. (നഗരം) - ലൈഫ് പദ്ധതിയിൽ ഗുണഭോക്തൃ കേന്ദ്രീകൃത നിർമ്മാണ ഘടകത്തിൽ താഴെപ്പറയും പ്രകാരം 3 ഘട്ടങ്ങളിലായി തുക വിതരണം ചെയ്യുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

| ഗഡുക്കൾ | വിതരണം ചെയ്യുന്ന തുക (%) | ഘട്ടം |
|---|---|---|
| ഒന്നാം ഗഡു | 10 % | കരാറിൽ ഏർപ്പെടുന്ന മുറയ്ക്ക് |
| രണ്ടാം ഗഡു | 65 % | ലിന്റൽ ലെവൽ വരെയുള്ള നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് |
| മൂന്നാം ഗഡു | 25 % | വിപുലീകരണം പൂർത്തീകരിക്കുന്ന മുറയ്ക്ക് |

കേന്ദ്ര നഗരകാര്യ മന്ത്രാലയത്തിന്റെ ഫണ്ട് റിലീസ് പാറ്റേണിന് അനുസൃതമായി കേന്ദ്ര സഹായം ഗുണഭോക്താക്കൾക്ക് 1,2,3 ഗഡു 40%, 40%, 20% എന്ന ക്രമത്തിൽ വിതരണം ചെയ്യുന്നതിന് 08-08-2023 ൽ ചേർന്ന SLAC യോഗത്തിൽ തീരുമാനിച്ചിട്ടുള്ളതിനാൽ പരാമർശം (1) ലെ ഉത്തരവ് ഭേദഗതി വരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് പരാമർശം (2) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പി.എം.എ.വൈ. (നഗരം)-ലൈഫ് പദ്ധതി ഗുണഭോക്തൃ കേന്ദ്രീകൃത നിർമ്മാണ ഘടകത്തിൽ താഴെപ്പറയും പ്രകാരം 3 ഘട്ടങ്ങളിലായി തുക വിതരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ഗഡുക്കൾ | വിതരണം ചെയ്യുന്ന തുക (%) | ഘട്ടം |
|---|---|---|
| ഒന്നാം ഗഡു | 40 % | കരാറിൽ ഏർപ്പെടുന്ന മുറയ്ക്ക് |
| രണ്ടാം ഗഡു | 40 % | ലിന്റൽ ലെവൽ വരെയുള്ള നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് |
| മൂന്നാം ഗഡു | 20 % | വിപുലീകരണം പൂർത്തീകരിക്കുന്ന മുറയ്ക്ക് |

പരാമർശം (1) ലെ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ഓഡിറ്റ്),കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് &ന്യൂ മീഡിയ ,തിരുവനന്തപുരം
കരുതൽ ഫയൽ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ പദ്ധതി നടത്തിപ്പും ഫണ്ട് വിനിയോഗവും സംബന്ധിച്ച അപാകതകളും മറ്റ് പരാതികളും സമയ ബന്ധിതമായി പരിശോധിക്കുന്നതിനും പരിഹരിക്കുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പിലെ ഇന്റേണൽ വിജിലൻസ് സംവിധാനത്തെ ചുമതലപെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.662/2024/LSGD തീയതി,തിരുവനന്തപുരം, 19-03-2024

---

പരാമർശം:- 1. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 22/03/2023 ലെ എൽ.എം1/196/ഫിൻ/23 നമ്പർ അർദ്ധ ഔദ്യോഗിക കത്ത്

**ഉത്തരവ്**

ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി നിർവഹണത്തിലും ഹഡ്കോ ലോൺ വിനിയോഗവുമായി ബന്ധപ്പെട്ട ഫയലുകൾ, രജിസ്റ്ററുകൾ മറ്റ് പ്രധാന രേഖകൾ മുതലായവ കൃത്യമായും വ്യക്തതയോടെയും സൂക്ഷിക്കുന്നതിലും പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വീഴ്ചവരുത്തുന്നതായി കണ്ടെത്തുകയും, ഇത് സംബന്ധിച്ച് നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിരുന്നുവെങ്കിലും മേൽ അപാകതകളിൽ പലതും ഇപ്പോഴും നിലനിൽക്കുന്നതായും, അതിനാൽ ലൈഫ് പദ്ധതി നടത്തിപ്പും ഫണ്ട് വിനിയോഗവും സംബന്ധിച്ച് കണ്ടെത്തുന്ന അപാകതകളും മറ്റ് പരാതികളും സമയബന്ധിതമായി പരിശോധിക്കുന്നതിനും പരിഹരിക്കുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പിലെ ജില്ലാ ആഭ്യന്തര വിജിലൻസ് വിഭാഗത്തെ ചുമതലപ്പെടുത്തുന്നതിനായി പരാമർശ പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ നിർദ്ദേശം സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലൈഫ് മിഷൻ പദ്ധതി നടത്തിപ്പും ഫണ്ട് വിനിയോഗവും സംബന്ധിച്ച അപാകതകളും മറ്റ് പരാതികളും സമയബന്ധിതമായി പരിശോധിക്കുന്നതിനും പരിഹരിക്കുന്നതിനും തദ്ദേശസ്വയംഭരണ വകുപ്പിലെ ഇന്റേണൽ വിജിലൻസ് സംവിധാനത്തെ ചുമതലപെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R

അണ്ടർ സെക്രട്ടറി

കോ -ഓഡിനേറ്റർ, നവകേരളം കർമ്മപദ്ധതി,ബി.എസ്.എൻ.എൽ ഭവൻ, ഉപ്പളം റോഡ്, സ്റ്റാച്ചു, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

ഇന്റേണൽ വിജിലൻസ് ഓഫീസർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

റീജിയണൽ ചീഫ്, ഹഡ്കോ, സാഫല്യം കോംപ്ലക്സ്, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപെട്ടിട്ടുള്ള ഭൂരഹിത ഭവനരഹിതരിൽ നിന്നും ഭൂമി ആർജിച്ചു വരുന്ന ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നതിന് മുൻഗണനാക്രമം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1179/2024/LSGD തീയതി,തിരുവനന്തപുരം, 01-07-2024

---

പരാമർശം:- ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 27/04/2024 ലെ എൽ.എം3(6)/2019/ലൈഫ് III നമ്പർ കത്ത്.

**ഉത്തരവ്**

ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനനിർമ്മാണ ധനസഹായം നൽകുന്നതോടൊപ്പം ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസവും ഉറപ്പാക്കുന്നതിനായി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പുകൾ, മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിൻ എന്നിവയിലൂടെയോ , സ്വയം ഭൂമിയാർജ്ജിക്കുകയോ ചെയ്ത ലൈഫ് ഭൂരഹിത ഭവനരഹിത പട്ടികയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് മുൻഗണനാക്രമം നിശ്ചയിച്ച് നൽകുന്നതിനായി മേൽപരാമർശം കത്തിൽ ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ നിർദ്ദേശം സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലൈഫ് പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപെട്ടിട്ടുള്ള ഭൂരഹിത ഭവനരഹിതരിൽ നിന്നും ഭൂമി ആർജിച്ചു വരുന്ന ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നതിന് താഴെ പറയും പ്രകാരം മുൻഗണനാക്രമം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. ലൈഫ് പട്ടികയിൽ അവശേഷിക്കുന്ന ഭൂരഹിത ഭവനരഹിതർക്ക് ഇ.പി.ഇ.പി., 2017-ലെ ലൈഫ് ഭൂരഹിത ഭവനരഹിതരുടെ പട്ടിക, അഡീഷണൽ ലിസ്റ്റ്, ലൈഫ് 2020 എന്നീ ക്രമത്തിൽ പ്രത്യേക പരിഗണന നൽകി മുൻഗണനാക്രമം പാലിച്ച് ഭവനനിർമ്മാണ ധനസഹായം അനുവദിക്കേണ്ടതാണ്.

ii. ഭവനരഹിതരുടെ ഗുണഭോക്തൃ പട്ടികയിൽ ഭവനനിർമ്മാണ ധനസഹായം നൽകുന്നതിന് ഗുണഭോക്താക്കൾ അവശേഷിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ടി ഗുണഭേക്തോക്കളോടൊപ്പം ഭൂരഹിതരിൽ നിന്നും ഭൂമിയാർജ്ജിച്ച് വരുന്ന ഗുണഭോക്താക്കൾക്കും 1:1 എന്ന ആനുപാതത്തിൽ ഭവനനിർമ്മാണ ധനസഹായം അനുവദിക്കേണ്ടതും, അതിദരിദ്ര കുടുംബങ്ങൾക്ക് മേൽ അനുപാതം ബാധകമാക്കാതെ മുൻഗണന നൽകേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- ലൈഫ് ഭവന പദ്ധതിയ്ക്കു കീഴിൽ നിർമ്മിക്കുന്ന വീടുകൾക്ക് ഒക്കുപ്പൻസിയും കെട്ടിട നമ്പറും അനുവദിയ്ക്കുവാൻ നിർദ്ദേശം നൽകി -ഉത്തരവു പുറപ്പെടുവിയ്ക്കുന്നു.

**തദ്ദേശ സ്വയംഭരണ(ആർ എ) വകുപ്പ്**

സ.ഉ.(കൈ) നം.115/2024/LSGD തീയതി,തിരുവനന്തപുരം, 04-09-2024

പരാമർശം:- 1. സ.ഉ.(കൈ) നം. 170/2016/ത.സ്വ.ഭ.വ തീയതി 16.11.2016.

2. സ.ഉ(കൈ)നം. 174/2016/ത.സ്വ.ഭ.വ തീയതി 23.11.2016

3. സ.ഉ(കൈ) നം.77/2023/ത.സ്വ.ഭ.വ തീയതി 22.03.2023

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ഭവന നിർമ്മാണ ധന സഹായം നൽകുന്ന ലൈഫ് പദ്ധതിയുടെ കീഴിൽ നിർമ്മിക്കുന്ന വീടുകൾക്ക് ഗുരുതരമല്ലാത്ത ചില പ്രശ്നങ്ങളുടെ പേരിൽ ഒക്കുപ്പൻസിയും കെട്ടിട നമ്പറും അനുവദിച്ച് കിട്ടാത്ത സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ആയത് പരിശോധിച്ചതിൽ നിയമലംഘനമുള്ള 1500 സ്ക്വയർ ഫീറ്റ് വരെയുള്ള വീടുകൾക്ക് പരാമർശം (1) , (2) ഉത്തരവുകൾ പ്രകാരം താൽക്കാലിക നമ്പർ അനുവദിച്ച് വരുന്നുണ്ട്. പരാമർശം (3) ഉത്തരവ് പ്രകാരം 2023 ഏപ്രിൽ ഒന്ന് മുതൽ, കേരള പഞ്ചായത്തീരാജ് നിയമത്തിലും കേരള മുനിസിപ്പാലിറ്റി നിയമത്തിലും വന്ന ഭേദഗതി പ്രകാരം 60 ച. മീ വരെയുള്ള അവരവരുടെ സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന വീടുകൾക്ക് വസ്തു നികുതി ഒഴിവാക്കിയിട്ടുമുണ്ട്. 60 ച.മീ വരെയുള്ള വാസഗൃഹങ്ങൾക്ക് വസ്തു നികുതി ഒഴിവാക്കിയിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത വിസ്തീർണ്ണം വരെയുള്ള മേൽ പറഞ്ഞ താൽക്കാലിക നമ്പർ ലഭിക്കുന്ന വീടുകൾക്ക് വസ്തു നികുതി അനധികൃത കെട്ടിടം എന്ന നിലയിലുള്ള മൂന്നിരട്ടി വസ്തു നികുതി ബാധകമാകുന്നുമില്ല.

ഈ സാഹചര്യത്തിൽ, നിയമലംഘനങ്ങളുടെ പേരിൽ ഒക്കുപ്പൻസിയും കെട്ടിട നമ്പറും ലഭിക്കാത്ത ലൈഫ് ഭവനങ്ങൾക്ക് മേൽ പറഞ്ഞ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ താൽക്കാലിക യു എ നമ്പർ നൽകുന്നതിനും താത്ക്കാലിക യു എ നമ്പർ ആണെങ്കിലും 2023 ഏപ്രിൽ ഒന്ന് മുതൽ, 60 ചമീ വരെ വിസ്തീർണമുള്ള സ്വന്തമായി താമസിക്കുന്ന വീടുകൾക്ക് വസ്തു നികുതി ഒഴിവാക്കി കൊണ്ട് നിയമങ്ങളിൽ വന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ മൂന്നിരട്ടി നികുതി ചുമത്തേണ്ടതില്ലെന്നും താത്ക്കാലിക / യു എ നമ്പർ ആയിരുന്നാലും ഏതെങ്കിലും ലൈഫ് ഭവനത്തിന് വീട്

പൂർത്തീകരണത്തിന്റെ ഭാഗമായുള്ള ഗഡുക്കൾ തടസ്സപ്പെടുത്തേണ്ടതില്ലെന്നും നൽകാതെ വച്ചിട്ടുണ്ടെങ്കിൽ ആയത് നൽകേണ്ടതുമാണെന്ന് നിർദ്ദേശിച്ച് ഇതിനാൽ ഉത്തരവു പുറപ്പെടുവിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
H MUHAMMED FAISAL
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, തദ്ദേശ സ്വയം ഭരണ (റൂറൽ) വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, തദ്ദേശ സ്വയം ഭരണ (അർബൻ) വകുപ്പ്, തിരുവനന്തപുരം

ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം

ചീഫ് ടൗൺ പ്ലാനർ, (വിജിലൻസ്), തിരുവനന്തപുരം

എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറിമാർക്കും ( ബന്ധപ്പെട്ട ഡയറക്ടർ മുഖേന)

എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും ( ബന്ധപ്പെട്ട ഡയറക്ടർ മുഖേന)

എല്ലാ ജില്ലാ ടൗൺ പ്ലാനർക്കും ( ചീഫ് ടൗൺ പ്ലാനർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ഓഡിറ്റ് /എ&ഇ) കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് ( വെബ് ആന്റ് ന്യൂ മീഡിയ)

( ഗവൺമെന്റ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി .എ .യ്ക്ക്
തദ്ദേശ സ്വയം ഭരണ (ഡി ഇ)/ (ആർ സി) വകുപ്പുകൾക്ക്.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ഡിഎ1/405/2024-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 08-11-2024

സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - PMAY-അർബൻ ലൈഫ് ഭവന പദ്ധതി പ്രകാരമുള്ള പ്രോജക്ടുകളുടെ വെറ്റിംഗ് - സ്പഷ്ടീകരണം നൽകുന്നത് - സംബന്ധിച്ച്.

സൂചന:-
1. 26.12.2018ലെ ഡിഎ1/881/2018-തസ്വഭവ നമ്പർ സർക്കുലർ
2. സ.ഉ.(കൈ) നം.86/2022/തസ്വഭവ; തീയതി 19.04.2022
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 16.10.2024-ന നടന്ന യോഗത്തിന്റെ തീരുമാനം 3.1, 4.14

**********

മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷന്റെയും ഭവന നിർമ്മാണ പ്രോജക്ടുകൾ കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്ററാണ് വെറ്റ ചെയ്യേണ്ടത് എന്ന് സൂചന 1 സർക്കുലർ പ്രകാരം വ്യക്തത വരുത്തിയിട്ടുണ്ട്. എന്നാൽ പതിനാലാം പഞ്ചവൽസര പദ്ധതിയിലെ വാർഷിക പദ്ധതിയും പ്രോജക്ടുകളും ആസൂത്രണം ചെയ്യുന്നത് സംബന്ധിച്ച നഗരഭരണ സ്ഥാപനങ്ങൾക്കുള്ള സൂചന 2 മാർഗ്ഗരേഖ ഖണ്ഡിക 3.8.1(2) പ്രകാരം കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്റർ വെറ്റ ചെയ്യേണ്ട പ്രോജക്ടുകളുടെ പട്ടികയിൽ PMAY അർബൻ ലൈഫ് ഭവന പദ്ധതി പ്രത്യേകമായി രേഖപ്പെടുത്തിയിട്ടില്ല. ഇത് കാരണത്താൽ കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്റർമാർ ഭവന നിർമ്മാണ പ്രോജക്ടുകൾ വെറ്റ ചെയ്യുന്നതിന് വിമുഖത കാണിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

PMAY അർബൻ - ലൈഫ് ഭവന നിർമ്മാണ പദ്ധതി കുടുബശ്രീ മുഖേനയാണ് നടപ്പാക്കുന്നത്. അതിനാൽ PMAY - അർബൻ ലൈഫ് ഭവന പദ്ധതി പ്രകാരമുള്ള പ്രോജക്ടുകൾ സൂചിത സർക്കുലറിൽ പ്രതിപാദിക്കും പ്രകാരം കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്റർ തന്നെ വെറ്റ ചെയ്യണമെന്ന് വ്യക്തത വരുത്തുന്നു.

MANOJ T
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും

2. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
3. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
4. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
5. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
6. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
7. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
8. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
9. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
10. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
11. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
12. ഡയറക്ടർ ജനറൽ, കില
13. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
14. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
15. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
16. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
17. തദ്ദേശ സ്വയംഭരണ (ഡി.ഇ) വകുപ്പ്
18. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- പി.എം.എ.വൈ. (നഗരം) ലൈഫ് പദ്ധതി പ്രകാരം അംഗീകരിച്ച വീടുകളുടെ ജിയോടാഗിംഗ് ഫീസിനുള്ള അധിക തുക (ഒരു ഘട്ടം ജിയോടാഗിംഗിന് 10 രൂപ) നഗരസഭയുടെ തനതുഫണ്ടിൽ നിന്നും വിനിയോഗിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.109/2025/LSGD തീയതി,തിരുവനന്തപുരം, 10-01-2025

---

പരാമർശം:-

1. സ.ഉ.(സാധാ) നം.2508/2023/ത.സ്വ.ഭ.വ. തീയതി 16.12.2023
2. കെ.യു.ആർ.ഡി.എഫ്.സി. മാനേജിംഗ് ഡയറക്ടറുടെ 10.01.2024 ലെ കെ.യു.ആർ.ഡി.എഫ്.സി/എൽഎം/21517/ 2023 നമ്പർ കത്ത്.
3. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 16.03.2024 ലെ 301/N/2021/KSHO നമ്പർ കത്ത്
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 18.09.2024 ലെ LSGD/PD/16182/2024-CSSA1 നമ്പർ കത്ത്.

ഉത്തരവ്

പി.എം.എ.വൈ.(നഗരം)ലൈഫ് പദ്ധതി പ്രകാരം അംഗീകരിച്ച വീടുകളുടെ നിർമ്മാണ പുരോഗതി വിലയിരുത്തുന്ന ജിയോ ടാഗിംഗിനുള്ള ഫീസ് ഒരു ഘട്ടത്തിന് 40 രൂപയിൽ നിന്ന് 50 രൂപയായി വർദ്ധിപ്പിച്ചുകൊണ്ടും, അധികമായി ആവശ്യമുള്ള തുക പി.എം.എ.വൈ. (നഗരം) പദ്ധതിയുടെ നഗരസഭാ വിഹിതത്തിൽ 2018-19 സാമ്പത്തിക വർഷം കെ.യു.ആർ.ഡി.എഫ്.സി. നഗരസഭകൾക്കായി എടുത്ത 1000 കോടി രൂപ ഹഡ്കോ വായ്പയുടെ (സ്കീം നമ്പർ 21262) പലിശയിൽ നിന്നും കണ്ടെത്തുന്നതിനും അനുമതി നൽകി പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

സ്കീം നമ്പർ 21262 ൽ ലഭ്യമായ പലിശ തുക പൂർണമായും ഹഡ്കോ വായ്പയുടെ പലിശ തിരിച്ചടവിന് വിനിയോഗിച്ചിട്ടുള്ളതിനാൽ ജിയോ ടാഗിംഗിനുള്ള അധിക തുക ഈ അക്കൗണ്ടിൽ ഇപ്പോൾ ലഭ്യമല്ല എന്നും കെ.യു.ആർ.ഡി.എഫ്.സി. മാനേജിംഗ് ഡയറക്ടർ പരാമർശം 2 പ്രകാരം അറിയിക്കുകയും, അധികമായി നൽകാൻ തീരുമാനിച്ച തുക (ഒരു ഘട്ടം

ജിയോ ടാഗിംഗിനു 10 രൂപ) നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കാൻ അനുമതി നൽകണമെന്ന്, 07-02-2024 ൽ കൂടിയ 24-ാമത് SLAC യോഗത്തിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം 3 പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

ജിയോടാഗിംഗിനായി ചെലവ് വരുന്ന അധിക തുക നഗരസഭകളുടെ തനത് ഫണ്ടിൽ നിന്നും അനുവദിക്കാവുന്നതാണെന്ന് ജില്ലാ ജോയിന്റ് ഡയറക്ടർമാർ റിപ്പോർട്ട് നൽകിയിട്ടുള്ള സാഹചര്യത്തിൽ, ജിയോടാഗിംഗ് നടത്തുന്ന സർവേയർക്ക് ഒരു പാർപ്പിട യൂണിറ്റിന് ഒരു ഘട്ടത്തിന് അധികമായി അനുവദിക്കുന്ന തുക (10 രൂപ വീതം ) നഗരസഭകളുടെ തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകാവുന്നതാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 4 പ്രകാരം ശിപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പി.എം.എ.വൈ. (നഗരം) ലൈഫ് പദ്ധതി പ്രകാരം അംഗീകരിച്ച വീടുകളുടെ ജിയോടാഗിംഗ് ഫീസിനുള്ള അധിക തുക (ഒരു ഘട്ടം ജിയോടാഗിംഗിന് 10 രൂപ) നഗരസഭയുടെ തനതുഫണ്ടിൽ നിന്നും വിനിയോഗിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ /ഓഡിറ്റ്),കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ ,ഐ.&പി.ആർ.ഡി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷന്റെ കീഴിൽ വരുന്ന PMAY(U) വിഭാഗം വ്യക്തിഗത ഗാർഹിക ഗുണഭോക്താക്കൾക്ക് യൂണിറ്റ് നിരക്കിന് ഉപരിയായി , ശൗചാലയം പണിയുന്നതിന് സ്വച്ച് ഭാരത് മിഷൻ (നഗരം) 2.0 പദ്ധതി പ്രകാരം അധിക തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡബ്ല്യൂ.എം) വകുപ്പ്

സ.ഉ.(സാധാ) നം.364/2025/LSGD തീയതി,തിരുവനന്തപുരം, 06-02-2025

---

പരാമർശം:-

1. സ.ഉ (സാധാ) നം. 292/2019/ത സ്വ വ തീയതി 11/02/2019
2. സ.ഉ (സാധാ) നം 1401/2023/ത സ്വ വ തീയതി 10/07/2023
3. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 31/10/2023 ലെ 4974/D1/2023/SM നമ്പർ കത്ത്
4. ശുചിത്വ മിഷൻ, എക്സിക്യൂട്ടീവ് ഡയറക്ടറുടെ 21/12/2024 ലെ SM/1436/2024-D1 നമ്പർ കത്ത്

**ഉത്തരവ്**

ഭവന നിർമ്മാണ ധനസഹായത്തോടൊപ്പം ടോയ്‌ലെറ്റ് നിർമ്മാണത്തിന് അധിക ധനസഹായം ഗുണഭോക്താക്കകൾക്ക് ലഭ്യമാക്കുന്നതിനായി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് . പരാമർശം (2) പ്രകാരം ടോയ്‌ലെറ്റിനൊപ്പം സെപ്റ്റിക്ക് ടാങ്ക് വാങ്ങി വയ്ക്കുകയോ നിർമ്മിക്കുകയോ ചെയ്യുന്നവർക്ക് 30,000/- രൂപയും (എസ്.ബി.എം വിഹിതം ഉൾപ്പെടെ) നൽകുന്നതിന് സർക്കാർ അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

2. ലൈഫ് പദ്ധതിയുടെ കീഴിൽ വരുന്ന PMAY (U), മറ്റ് ഭവന പദ്ധതികൾ എന്നിവയ്ക്ക് യൂണിറ്റ് നിരക്കിന് ഉപരിയായി, ശൗചാലയം പണിയുന്നതിന് സ്വച്ഛ് ഭാരത് മിഷൻ (നഗരം) പദ്ധതിയിൽ ഉൾപ്പെടുത്തി അധിക തുക അനുവദിക്കുന്നതിനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിന് 35-ാം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ, ലൈഫ് പദ്ധതിയുടെ കീഴിൽ വരുന്ന PMAY (U), മറ്റ് ഭവന പദ്ധതികൾ എന്നിവയ്ക്ക് യൂണിറ്റ് നിരക്കിന് ഉപരിയായി ശൗചാലയം നിർമ്മിക്കുന്നതിന് സ്വച്ഛ് ഭാരത് മിഷൻ (നഗരം) പദ്ധതി പ്രകാരം എസ് ബി എം വിഹിതം-6667/-രൂപ മാത്രം അധികമായി അനുവദിക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (3) പ്രകാരം ആവശ്യപ്പെട്ടു .

3. നിലവിൽ ലൈഫ് -PMAY (G) ഗുണഭോക്താക്കൾക്ക്, സ്വച്ച് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയിൽ വ്യക്തിഗത ഗാർഹിക ശൗചാലയത്തിന് അനുവദിക്കേണ്ട ആകെ തുക 15,400/- ആണ്എന്നും എന്നാൽ ലൈഫ് - PMAY (G) പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ടോയ്‌ലെറ്റ് നിർമ്മാണത്തിനായി ആനുകൂല്യം നൽകുന്ന

അവസരത്തിൽ സ്വച്ഛ് ഭാരത് മിഷൻ വിഹിതം 12,000/- രൂപയാണ് അനുവദിക്കുന്നത് എന്നും അപ്രകാരം നിലവിൽ PMAY (G) ഗുണഭോക്താക്കൾക്ക് സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയുടെ ഭാഗമായ വ്യക്തിഗത ഗാർഹിക ശൗചാലയ വിഹിതം അനുവദിച്ചു നൽകുന്നുണ്ട് എന്നും ആയതിനാൽ ഇത്തരം ആനുകൂല്യം PMAY (U) ഗുണഭോക്താക്കൾക്ക് കൂടി ലഭിക്കുന്നത് ഗുണകരമായിരിക്കും എന്നും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (4) പ്രകാരം അറിയിച്ചു .

4. PMAY(U) ഗുണഭോക്താക്കൾക്ക് സ്വച്ഛ് ഭാരത് മിഷൻ (നഗരം) പദ്ധതിയിൽ ഉൾപ്പെടുത്തി വ്യക്തിഗത ഗാർഹിക ശൗചാലയത്തിനുള്ള (IHHL) ധനസഹായം അനുവദിക്കുന്ന തീരുമാനം കൈക്കൊള്ളുന്നത് മൂലം എല്ലാ വീടുകളിലും വ്യക്തിഗത ഗാർഹിക ശൗചാലയം ഉറപ്പുവരുത്തുവാനും, നഗരസഭയ്ക്ക് അധിക സാമ്പത്തിക ബാധ്യതയില്ലാതെ സ്വച്ഛ് ഭാരത് മിഷൻ (നഗരം) സ്കീം പൂർത്തിയാക്കുവാനും സഹായിക്കുന്നതാണ് എന്നും നിലവിൽ നഗര മേഖലയിലെ PMAY (U) ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ പദ്ധതിയുടെ ഭാഗമായി 4 ലക്ഷം രൂപ ലഭിക്കുന്നതിനാൽ സ്വച്ഛ് ഭാരത് മിഷൻ (നഗരം) പദ്ധതിയിൽ വ്യക്തിഗത ഗാർഹിക ശൗചാലയത്തിനുള്ള ധനസഹായം അനുവദിക്കുന്ന അവസരത്തിൽ സ്വച്ഛ് ഭാരത് മിഷൻ (നഗരം) വിഹിതമായ 6667/- രൂപ (കേന്ദ്ര വിഹിതം 4000/- രൂപ. സംസ്ഥാന വിഹിതം 2667/- രൂപ) മാത്രം അനുവദിച്ചാൽ മതിയാകും എന്നും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു .

5. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നഗരസഭകളിൽ വ്യക്തിഗത ഗാർഹിക ശൗചാലയ പരിപാടി നടപ്പിലാക്കുന്നതിന് ലൈഫ് മിഷന്റെ കീഴിൽ വരുന്ന PMAY (U) വിഭാഗം വ്യക്തിഗത ഗാർഹിക ഗുണഭോക്താക്കൾക്ക് യൂണിറ്റ് നിരക്കിന് ഉപരിയായി , ശൗചാലയം പണിയുന്നതിന് സ്വച്ഛ് ഭാരത് മിഷൻ (നഗരം) വിഹിതമായ 6667/- രൂപ അനുവദിച്ച് ഉത്തരവാകുന്നു .

6. 2023 മുതൽ PMAY(U) വ്യക്തിഗത ഭവനനിർമ്മാണപദ്ധതിയിൽ എഗ്രിമെന്റിൽ എർപ്പെട്ടിട്ടുള്ളതും ഗഡുക്കൾ പൂർണ്ണമായും അനുവദിച്ച് നൽകിയിട്ടില്ലാത്ത ഗുണഭോക്താക്കൾക്കും പദ്ധതിയുടെ പുതിയ ഗുണഭോക്താക്കൾക്കും ഈ ആനുകൂല്യം നൽകാവുന്നതാണ്.

7. നഗരസഭകളിൽ നിന്നും ഈ പദ്ധതിയുടെ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് തുക നേരിട്ട് അനുവദിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനുപമ ടി വി

സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ മുനിസിപ്പൽ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (A&E) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (G& SSA/E& RSA) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടിവ് ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, ഐ & പി ആർ ഡി( വെബ് & ന്യൂ മീഡിയ), തിരുവനന്തപുരം

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്

തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് ഭൂരഹിത ഭവനരഹിത ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട അംഗനവാടി ജീവനക്കാർക്ക് ലൈഫ് ഭവന പദ്ധതി പ്രകാരം ആനുകൂല്യം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1107/2025/LSGD തീയതി,തിരുവനന്തപുരം, 03-05-2025

---

പരാമർശം:-

1. സ.ഉ(സാധാ) നം.1948/2018/ തസ്വഭവ തീയതി 17/07/2018.
2. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 07/03/2025 ലെ എൽ.എം3(6)/2019/ലൈഫ് നമ്പർ കത്ത്.

**ഉത്തരവ്**

ലൈഫ് ഭൂമിയുള്ള ഭവനരഹിത പട്ടികയിൽ ഉൾപ്പെട്ട അംഗനവാടി ജീവനക്കാർക്ക് ലൈഫ് മിഷൻ പ്രകാരം ആനുകൂല്യം നൽകുന്നതിന് പരാമർശം -1 പ്രകാരം അനുമതി നൽ കിയിരുന്നു. ലൈഫ് ഭൂരഹിത ഭവനരഹിത പട്ടികയിൽ ഉൾപ്പെട്ട അംഗനവാടി ജീവനക്കാർക്കും ലൈഫ് മിഷൻ പ്രകാരം ആനുകൂല്യം നൽകുന്നതിന് അനുമതി നൽകണമെന്ന് പരാമർശം -2 പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിക്കുകയുണ്ടായി.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലൈഫ് ഭൂരഹിത ഭവനരഹിത ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട അംഗനവാടി ജീവനക്കാർക്ക് ലൈഫ് ഭവന പദ്ധതി പ്രകാരം ആനുകൂല്യം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

കോ -ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി, ബി.എസ്.എൻ.എൽ ഭവൻ, ഉപ്പളം റോഡ്, സ്റ്റാച്യു, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# 7. 8 സഹകരണം

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കാർഷിക, വ്യവസായ, കൈത്തറി, ഖാദി, കയർ, പട്ടികജാതി പട്ടികവർഗ്ഗ, വനിതാ സഹകരണസംഘങ്ങൾക്ക് ധനസഹായം നൽകുന്നത് - സബ്സിഡി നൽകാവുന്ന ശതമാനവും ഉയർന്ന തുകയും സംബന്ധിച്ച് വ്യക്തത വരുത്തി - സബ്സിഡി-ധനസഹായ മാർഗ്ഗരേഖയിൽ കൂട്ടിച്ചേർക്കൽ വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1436/2024/LSGD തീയതി,തിരുവനന്തപുരം, 05-08-2024

പരാമർശം:-
1. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
2. സ.ഉ.(സാധാ) നം.2759/2022/LSGD; തീയതി 09.11.2022
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 17.07.2024 -ന നടന്ന യോഗത്തിന്റെ തീരുമാനം 3.1

**ഉത്തരവ്**

പരാമർശം 1 മാർഗ്ഗരേഖ ഖണ്ഡിക 6.10 (ഇ) പ്രകാരം കാർഷിക, വ്യവസായ, കൈത്തറി, ഖാദി, കയർ, പട്ടികജാതി പട്ടികവർഗ്ഗ, വനിതാ സഹകരണസംഘങ്ങൾക്ക് താഴെപ്പറയുന്ന നിബന്ധനയോടെ ധനസഹായം നൽകാൻ അനുമതി നൽകിയിട്ടുണ്ട്.

i. സംഘത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ നിർമ്മാണങ്ങൾക്ക് പ്രോജക്ട് പ്രകാരമുള്ള ചെലവിന്റെ 50 ശതമാനം (പരമാവധി 15.00 ലക്ഷം രൂപ) ധനസഹായം നൽകാം.
ii. തദ്ദേശഭരണസ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിലാണ് കെട്ടിട നിർമ്മാണമെങ്കിൽ പ്രോജക്ട് പ്രകാരമുള്ള മൊത്തം മെഷർമെന്റ് തുകയും നൽകാം.

2. ഈ വിഷയത്തിൽ, ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റെയും കേരള ഖാദി വ്യവസായ ബോർഡിന്റേയും അംഗീകാരമുള്ള ഖാദി സ്ഥാപനങ്ങൾക്കും, കേരള ഖാദി ഗ്രാമവ്യവസായ ബോർഡിന് സ്വന്തമായി ഉള്ളതും മറ്റ് ഏജൻസികൾ വിട്ടു നൽകിയതുമായ സ്ഥലത്ത് നിലവിലുള്ള യൂണിറ്റുകൾക്ക് ഖാദി-ഗ്രാമവ്യവസായ കെട്ടിട നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും, ചർക്കകളും തറികളും മറ്റ് ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനും 100 ശതമാനം സബ്സിഡി നൽകാവുന്നതാണ് എന്നും പരാമർശം 2 പ്രകാരം കൂട്ടിച്ചേർക്കൽ വരുത്തിയിരുന്നു.

3. 100 ശതമാനം സബ്സിഡി നൽകുമ്പോൾ ഉയർന്ന പരിധി ബാധകമാണോ എന്നതു സംബന്ധിച്ച് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് വ്യക്തത കുറവുണ്ട് എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വിഷയത്തിൽ താഴെപ്പറയും പ്രകാരം വ്യക്തത

വരുത്തി ഉത്തരവാകുന്നു;

ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റേയും കേരള ഖാദി വ്യവസായ ബോർഡിന്റേയും അംഗീകാരമുള്ള ഖാദി സ്ഥാപനങ്ങൾക്കും, കേരള ഖാദി വ്യവസായ ബോർഡിന് സ്വന്തമായി ഉള്ളതും മറ്റ് ഏജൻസികൾ വിട്ടു നൽകിയതുമായ സ്ഥലത്ത് നിലവിലുള്ള യൂണിറ്റുകൾക്ക് ഖാദി-വ്യവസായ കെട്ടിട നിർമ്മാണത്തിനും, അറ്റകുറ്റപ്പണികൾ നടത്തുന്നതിനും, ചർക്കകളും തറികളും മറ്റ് ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനും ആകെ ചെലവിന്റെ 50 ശതമാനം നിരക്കിൽ പരമാവധി 30 ലക്ഷം രൂപ സബ്സിഡി നൽകാവുന്നതാണ്. ഖാദി യൂണിറ്റുകൾക്ക് മാത്രമാണ് ഈ നിരക്ക് ബാധകം.

4. മേൽ വ്യവസ്ഥ പരാമർശം 1 മാർഗ്ഗരേഖയുടെ ബന്ധപ്പെട്ട ഖണ്ഡികയിൽ കൂട്ടിച്ചേർത്തും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

1. സെക്രട്ടറി, ഖാദി ഗ്രാമ വ്യവസായ ബോർഡ്, തിരുവനന്തപുരം -35
2. സെക്രട്ടറി, ഖാദി ഗ്രാമ വ്യവസായ കമ്മീഷൻ, തിരുവനന്തപുരം - 1
3. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
7. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
8. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
14. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
15. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
16. ഡയറക്ടർ ജനറൽ, കില
17. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
18. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
19. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
20. സഹകരണ വകുപ്പ്
21. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

# 8. സാമൂഹ്യ നീതി

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.ഡിഎ1/33/2022-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 26-10-2022

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - ഭിന്നശേഷിക്കാർക്കായുള്ള പ്രത്യേക യോഗങ്ങൾ വിളിച്ചു ചേർക്കുന്നതും തീരുമാനങ്ങൾ നടപ്പാക്കുന്നതും - സംബന്ധിച്ച്.

സൂചന:- 1. സ.ഉ.(കൈ) നം.84/2022/തസ്വഭവ, തീയതി 19.04.2022
2. സ.ഉ.(കൈ) നം.86/2022/തസ്വഭവ, തീയതി 19.04.2022

**********

ഭിന്നശേഷിയുള്ളവരുടെ പ്രശ്നങ്ങൾ ചർച്ചചെയ്ത് അവരുടെ വികസന പ്രവർത്തനങ്ങൾക്ക് പ്രോജക്ട് നിർദ്ദേശങ്ങൾ രൂപപ്പെടുത്തുവാൻ ഗ്രാമപഞ്ചായത്ത് - നഗരസഭാ തലത്തിൽ പ്രത്യേകം യോഗം ചേരണമെന്നത് സൂചിത ഉത്തരവുകൾ പ്രകാരം നിർബന്ധ വ്യവസ്ഥയാക്കിയിട്ടുണ്ട്. പ്രധാന ഗ്രാമസഭ യോഗങ്ങൾക്ക് മുമ്പായാണ് ഇത് ചേരേണ്ടത്.

ഇത്തരം യോഗങ്ങളിൽ ഉയർന്നു വന്ന ആശയങ്ങളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി അവലോകനം നടത്തുന്നതിന് പ്രത്യേക യോഗം ചേരുന്നതിന് പകരം, ഒരു വർഷം പദ്ധതി ആസൂത്രണത്തിന്റെ ഭാഗമായി ചേരുന്ന പ്രത്യേക യോഗത്തിൽ മുൻവർഷം ഏറ്റെടുത്ത പ്രോജക്ടുകളുടെ പുരോഗതി കൂടി അവലോകനം ചെയ്യാവുന്നതാണ്.

പദ്ധതി സംബന്ധമായ നിർദ്ദേശങ്ങൾ രൂപപ്പെടുത്തുന്നതിനാണ് ഗ്രാമസഭകളും പ്രത്യേക യോഗങ്ങളും. പദ്ധതികളുടെ മുൻഗണനകളാണ് ഇവിടെ നിശ്ചയിക്കുന്നത്. ഭിന്നശേഷിക്കാർക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല എന്നുള്ള വ്യക്തികളുടെയും സംഘടനകളുടെയും നിവേദനങ്ങൾ സർക്കാരിൽ ലഭിക്കുന്നുണ്ട് എന്നതിനാൽ , ഈ യോഗങ്ങളിൽ എടുക്കുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നതിന് കാര്യക്ഷമമായ മോണിറ്ററിംഗും അനുബന്ധ തുടർനടപടികളും തദ്ദേശ സ്ഥാപനങ്ങൾ സമയബന്ധിതമായി സ്വീകരിക്കണം എന്ന് നിർദേശിക്കുന്നു.

ലീന എൻ പി
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

2. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
4. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
5. പഞ്ചായത്ത് ഡയറക്ടർ
6. നഗരകാര്യ ഡയറക്ടർ
7. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
8. എല്ലാ ജില്ലാ ആസൂത്രണ സമിതിഅദ്ധ്യക്ഷന്മാർക്കും
9. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
10. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
11. ഡയറക്ടർ ജനറൽ, കില
12. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
13. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
14. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.ഡിഎ1/387/2022-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 08-11-2022

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - ഭിന്നശേഷിക്കാർക്കു നൽകുന്ന സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർപോലുള്ള ചെലവു കൂടിയ ഉപകരണങ്ങൾ വാങ്ങി നൽകുന്നത് - സംബന്ധിച്ച്.

സൂചന:-
1. സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28.05.2022
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.10.2022 ന നടന്ന യോഗത്തിന്റെ തീരുമാനം 3.3

**********

തദ്ദേശ ഭരണസ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച സൂചിത മാർഗരേഖ പ്രകാരം, 40% ത്തിലേറെ വൈകല്യമുണ്ടെങ്കിലും സ്കൂട്ടർ ഓടിക്കാൻ കഴിവുള്ള ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വാങ്ങി നൽകാൻ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ട് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും മാത്രം ഏറ്റെടുക്കേണ്ടതാണ് എന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്.

ഭിന്നശേഷിക്കാർക്കു നൽകുന്ന സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർപോലുള്ള ചെലവു കൂടിയ ഉപകരണങ്ങൾ ത്രിതല പഞ്ചായത്തുകൾ ജില്ലാ പഞ്ചായത്ത് മുഖേന വാങ്ങേണ്ടതാണ്. ഒരു ജില്ലയിലേക്കുള്ളത് ഒരുമിച്ചു വാങ്ങിയാൽ വിലകുറച്ച് ലഭ്യമാകും എന്നതിനാലാണ് ഇത്. എന്നാൽ ഇവ ഗ്രാമപഞ്ചായത്തുകൾ മുഖേന വേണം വിതരണം ചെയ്യേണ്ടത്. നഗരഭരണസ്ഥാപനങ്ങൾക്ക് ആയത് നേരിട്ടു വാങ്ങാവുന്നതാണ്.

ലീന എൻ പി
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും

5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. പഞ്ചായത്ത് ഡയറക്ടർ
8. നഗരകാര്യ ഡയറക്ടർ
9. ഗ്രാമവികസന കമ്മീഷണർ
10. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
11. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
12. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
14. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
15. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
16. ഡയറക്ടർ ജനറൽ, കില
17. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
18. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
19. വിവര പൊതുജനസമ്പർക്ക(വെബ് &ന്യൂ മീഡിയ) വകുപ്പ്
20. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

നം. ബി3/5/2023/സാ.നീ.വ.
സാമൂഹ്യനീതി (ബി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 22-06-2023

**സർക്കുലർ**

(UDID-**Unique Disability Identity Card**)

വിഷയം:- സാമൂഹ്യ നീതി വകുപ്പ് - ഭിന്നശേഷിക്കാർക്കായുള്ള ഏകീകൃത തിരിച്ചറിയൽ കാർ ഡ് (UDID-**Unique Disability Identity Card**) - സർക്കാർ ആനുകൂല്യങ്ങൾക്കുള്ള ആധികാരിക രേഖയായി അംഗീകരിക്കുന്നത് സംബന്ധിച്ച്.

സൂചന:-

1. 30.11.2010 തീയതിയിലെ സ.ഉ (അച്ചടി ) നം. 86/2010/സാ.ക്ഷേ.വ നമ്പർ ഉത്തരവ്.
2. കേന്ദ്ര സർക്കാരിന്റെ (Ministry of Social Justice & Empowerment Department of Empowerment of Persons with Disabilities) 14/10/2016, 02.11.2016 -എന്നീ തിയതികളിലെ 26-08/20/2015-DDIII നമ്പർ അർദ്ധ ഔദ്യോഗിക കത്തുകൾ.

**********

സാമൂഹ്യനീതി വകുപ്പ് സംസ്ഥാന ആരോഗ്യ വകുപ്പുമായി സഹകരിച്ച് നടത്തുന്ന മെഡിക്കൽ ബോർഡ് പരിശോധനയുടെ അടിസ്ഥാനത്തിൽ ഭിന്നശേഷിക്കാർക്ക് നൽകുന്ന ഡിസെബിലിറ്റി സർട്ടിഫിക്കറ്റും, തിരിച്ചറിയൽ കാർഡും കേന്ദ്ര സംസ്ഥാന സർക്കാരുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ കീഴിലുള്ള സ്വയം ഭരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ തുടങ്ങിയ സ്ഥാപനങ്ങൾ നൽകുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ പൊതു ആധികാരിക രേഖയായി മേൽപറഞ്ഞ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണെന്നും വിവിധ വകുപ്പുകൾ നൽകുന്ന ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനും, ഭിന്നശേഷിത്വം തെളിയിക്കുന്നതിനും മറ്റ്

സർട്ടിഫിക്കറ്റുകൾ ആവശ്യപ്പെടുന്നത് ഭിന്നശേഷിക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതിനാൽ ഒഴിവാക്കേണ്ടതാണെന്നും സൂചന (1) പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

ഭിന്നശേഷിയുള്ള വ്യക്തികൾക്കായി ഒരു ദേശീയ ഡാറ്റാബേസ് സൃഷ്ടിക്കുന്നതിനും ഭിന്നശേഷിക്കാരായ ഓരോ വ്യക്തിക്കും ഒരു ഏകീകൃത തിരിച്ചറിയൽ കാർഡ് നൽകുന്നതിനുമായി 'UDID (Unique Disability Identity Card) എന്ന പദ്ധതി നടപ്പിലാക്കാൻ Ministry of Social Justice & Empowerment, Government of Indiaതീരുമാനിച്ചിരുന്നു. സാമൂഹ്യനീതി, ശാക്തീകരണ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് നമ്മുടെ സംസ്ഥാനത്ത് ഭിന്നശേഷിക്കാർക്ക് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ്, നിലവിലുള്ള തിരിച്ചറിയൽ കാർഡ് എന്നിവ മാറ്റി ഏകീകൃത തിരിച്ചറിയൽ കാർഡ് (UDID) നൽകി വരുന്നു. സംസ്ഥാനത്ത് UDID നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് പരാമർശം (2) പ്രകാരം കേന്ദ്ര സർക്കാർ അർദ്ധ ഔദ്യോഗിക കത്തുകൾ നൽകിയിരുന്നു. 2016-ലെ ഭിന്നശേഷി അവകാശ നിയമ പ്രകാരമുള്ള വിവിധ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുൾപ്പെടെയുള്ള കാര്യങ്ങളിൽ UDID ഉപയോഗിക്കാവുന്നതാണ്. എന്നാൽ അത് കണക്കിലെടുക്കാതെ കേരളത്തിലെ ചില സർക്കാർ വകുപ്പുകളും, പൊതുമേഖലാ സ്ഥാപനങ്ങളും UDID Card അംഗീകരിക്കുന്നില്ല എന്ന വ്യാപക പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ഭിന്നശേഷിക്കാർക്ക് 2016-ലെ ഭിന്നശേഷി അവകാശ നിയമ പ്രകാരമുള്ളതും മറ്റ് വിവിധ ആനുകൂല്യങ്ങളും അനുവദിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ ഏകീകൃത തിരിച്ചറിയൽ കാർഡ് (Unique Disability Identity Card - UDID) ആധികാരികരേഖയായി നിശ്ചയിച്ചുകൊണ്ട് നിർദ്ദേശം പുറപ്പെടുവിക്കുന്നു.

മേൽ നിർദ്ദേശം കർശനമായി പാലിക്കേണ്ടതും എല്ലാ വകുപ്പ് മേധാവികളും അവരുടെ കീഴിൽ വരുന്ന ഓഫീസർമാർക്കും / സ്ഥാപനങ്ങൾക്കും ടി സർക്കുലറിലെ നിർദ്ദേശങ്ങൾ സത്വര നടപടികൾക്കായി നൽകേണ്ടതുമാണ്. ഇതിന് വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും (നിയമം, ധനകാര്യം വകുപ്പ് ഉൾപ്പെടെ)

അക്കൗണ്ടന്റ് ജനറൽ (A&E/Auidit) തിരുവനന്തപുരം.

എല്ലാ വകുപ്പ് മേധാവികൾക്കും

എല്ലാ ജില്ലാ കളക്ടർമാർക്കും

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം

ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണർ, ആഞ്ജനേയ, ശാസ്തമംഗലം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷ മിഷൻ, പൂജപ്പുര, തിരുവനന്തപുരം.

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും

എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും

ചെയർമാൻ, സ്റ്റേറ്റ് നോഡൽ ഏജൻസി സെന്റർ, മനോവികാസ്, കൊല്ലം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ഡിഎ1/190/2023-തസ്വഭവ

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

തിരുവനന്തപുരം,

തീയതി: 30-06-2023

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - ഭർത്താവ് ഉപേക്ഷിച്ചുപോയ സ്ത്രീക്ക് സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധന സഹായം അനുവദിക്കുന്നത് - ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി നൽകിയിട്ടുള്ളത് നഗരസഭകൾക്കും ബാധകമാണോ എന്നുള്ള സ്പഷ്ടീകരണം നൽകുന്നത് - സംബന്ധിച്ച്.

സൂചന:-

1. സ. ഉ. (അച്ചടി) 151/78/ത.സ.ക്ഷേ.വ; തീയതി 19.06.1978
2. 17/11/2014-ലെ 66583/ഡി.എ-2/14/ത.സ്വ.ഭ.വ നമ്പർ സർക്കുലർ
3. സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28.05.2022
4. കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 26.04.2023ലെ MOCP5(1)/11948/2021 നമ്പർ കത്ത്

**********

സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം നൽകുന്നതിനുള്ള നിബന്ധനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സാമൂഹ്യക്ഷേമ വകുപ്പ് പുറപ്പെടുവിച്ച സൂചന (1) ഉത്തരവിലെ 4-ാം ഖണ്ഡികയുടെ ഭാഗമായി ഉൾക്കൊള്ളിച്ചിരിക്കുന്ന വിശദീകരണത്തിൽ, ഒരു സ്ത്രീക്ക് തുടർച്ചയായി ഏഴ് വർഷം ഭർത്താവിനെ കുറിച്ച് യാതൊരു അറിവും ഇല്ലാതിരിക്കുകയും ആ സ്ത്രീ പുനർ വിവാഹം ചെയ്യാതിരിക്കുയും ആ വസ്തുതകൾ ബന്ധപ്പെട്ട തഹസിൽദാർ നേരിട്ട് അന്വേഷണം നടത്തി ബോദ്ധ്യപ്പെടുകയും ചെയ്താൽ പ്രസ്തുത സ്ത്രീയെയും വിധവയായി കണക്കാക്കാമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി സാമൂഹ്യക്ഷേമ പരിപാടികളുടെ നിർവ്വഹണം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയതിന്റെ ഭാഗമായി സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം നൽകുന്ന പദ്ധതി ഏറ്റെടുക്കാൻ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും സൂചന (3) മാർഗ്ഗരേഖ പ്രകാരവും അനുമതി നൽകിയിട്ടുണ്ട്. ഭർത്താവു ഉപേക്ഷിച്ചു പോയിട്ടുള്ള സ്ത്രീകൾക്ക് മേൽപ്പറഞ്ഞ

പദ്ധതിയിൽ ധനസഹായം നൽകുന്നത് സംബന്ധിച്ച് സൂചന (4) പ്രകാരം സ്പഷ്ടീകരണം ആരാഞ്ഞിരുന്നു.

വിധവ പെൻഷന്റെ മാനദണ്ഡങ്ങൾ പരിഗണിച്ചും ഭർത്താവിനെ കാണാതായി ഏഴ് വർഷം കഴിഞ്ഞുവെന്നുള്ള വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം പരിഗണിച്ചും, ഭർത്താവ് ഉപേക്ഷിച്ചവർക്കും ഭർത്താവിനെ കാണാതായവർക്കും സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം നൽകാവുന്നതാണെന്ന് സൂചിത സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഗ്രാമപഞ്ചായത്ത് മുഖേന ധനസഹായം അനുവദിക്കാമെന്നാണ് നിർദ്ദേശിച്ചിരുന്നത്. മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും ഒരുപോലെ ബാധകമാണെന്ന് സ്പഷ്ടീകരണം നൽകുന്നു.

ലീന എൻ പി
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
4. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
5. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
6. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
7. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
8. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
9. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
10. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
11. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
12. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
13. ഡയറക്ടർ ജനറൽ, കില
14. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
15. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
16. വിവര പൊതുജനസമ്പർക്ക(വെബ് &ന്യൂ മീഡിയ) വകുപ്പ്
17. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

നം. ഡിഎ1/228/2023-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 01-07-2023

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - ശാരീരിക—മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് ബത്ത - മറ്റേതെങ്കിലും വകുപ്പുകളുടെ ധനസഹായം ലഭിക്കുന്നവർക്ക് ഇരട്ടിപ്പുണ്ടാകുന്നില്ല എന്ന് ഉറപ്പുവരുത്തുന്നത് - സംബന്ധിച്ച്.

സൂചന:-
1. സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28.05.2022
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.06.2023 -ൽ കൂടിയ യോഗത്തിന്റെ തീരുമാനം 3.7

************************

തദ്ദേശ ഭരണസ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച സൂചിത മാർഗരേഖ ഖണ്ഡിക 7.1.6 പ്രകാരം ശാരീരിക — മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പും ബത്തയും നൽകാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ധനസഹായം നൽകുമ്പോൾ ഖണ്ഡിക 7.1.6 ലെ ഏതെങ്കിലും ഘടകങ്ങൾക്ക് സാമൂഹ്യനീതി വകുപ്പോ മറ്റേതെങ്കിലും വകുപ്പുകളോ ധനസഹായം നൽകുന്നുണ്ട് എങ്കിൽ ആയതിൽ ഇരട്ടിപ്പുണ്ടാകുന്നില്ല എന്ന് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

ലീന എൻ പി
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പതിനാലാം പഞ്ചവത്സരപദ്ധതി സബ്സിഡി-ധനസഹായം-അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ - ഖണ്ഡിക 7.1.2(ഡി)യുടെ തലവാചകം "പൂർണ്ണമായും കാഴ്ചശക്തി ഇല്ലാത്തവരുൾപ്പടെയുള്ള കാഴ്ച പരിമിതർ" എന്നു ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1396/2023/LSGD തീയതി,തിരുവനന്തപുരം, 07-07-2023

പരാമർശം:- 1. സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28.05.2022

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.06.2023 നു നടന്ന യോഗത്തിന്റെ തീരുമാനം 3.13

**ഉത്തരവ്**

തദ്ദേശ ഭരണസ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച പരാമർശിത മാർഗരേഖയിലെ കാഴ്ച ശക്തി ഇല്ലാത്തവർക്ക് ആനുകൂല്യം നൽകുന്നത് സംബന്ധിച്ച ഖണ്ഡിക 7.1.2 (ഡി) യിൽ 'കാഴ്ചശക്തി കുറഞ്ഞവർ' എന്നാണ് തലവാചകം രേഖപ്പെടുത്തിയിട്ടുള്ളത്. അതിനാൽ പൂർണ്ണമായും കാഴ്ചശക്തില്ലാത്തവർക്ക് ആനുകൂല്യം നൽകാൻ തടസ്സമുണ്ട് എന്ന് ചൂണ്ടികാണിക്കപ്പെട്ടിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശിത മാർഗ്ഗരേഖ ഖണ്ഡിക 7.1.2(ഡി)യുടെ തലവാചകം "പൂർണ്ണമായും കാഴ്ചശക്തി ഇല്ലാത്തവരുൾപ്പടെയുള്ള കാഴ്ച പരിമിതർ" എന്നു ഭേദഗതി ചെയ്ത് ഉത്തരവാകുന്നു. പരാമർശിത മാർഗ്ഗരേഖ മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്

9. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. എല്ലാ ജില്ലാ ആസൂത്രണ സമിതിഅദ്ധ്യക്ഷന്മാർക്കും
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
14. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
15. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
16. ഡയറക്ടർ ജനറൽ, കില
17. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
18. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
19. വിവര പൊതുജനസമ്പർക്ക(വെബ് &ന്യൂ മീഡിയ) വകുപ്പ്
20. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മാനസിക വെല്ലുവിളികൾ നേരിടുന്ന ഡേസ്കോളർ വിദ്യാർത്ഥികൾക്കുള്ള പ്രതിമാസ യാത്രാബത്ത - വെക്കേഷൻ കാലയളവിലേതുൾപ്പടെ പ്രതിവർഷം 12,000 രൂപ ആകെ തുക നൽകാൻ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1394/2023/LSGD തീയതി,തിരുവനന്തപുരം, 07-07-2023

പരാമർശം:- 1. സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28.05.2022

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.06.2023 നു നടന്ന യോഗത്തിന്റെ തീരുമാനം 3.11

**ഉത്തരവ്**

തദ്ദേശ ഭരണസ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച പരാമർശിത മാർഗരേഖ (ഖണ്ഡിക 7.1.6 (ബി)) പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന ഡേസ്കോളർ വിദ്യാർത്ഥികൾക്ക് പ്രതിമാസം 1000 രൂപ യാത്രാബത്ത നൽകാവുന്നതാണ്. ഇത്തരം വിദ്യാർത്ഥികൾ ബഡ്സ് സ്കൂൾ/സ്പെഷ്യൽ സ്കൂളിൽ പോകുന്നവരും സാധാരണ സ്കൂളിൽ പോകുന്നവരുമുണ്ട്. ഇതിൽ ഏതെങ്കിലും സ്കൂളുകൾ വർഷം ഒന്നോ രണ്ടോ മാസം പ്രവർത്തിക്കുന്നില്ല എങ്കിലും പ്രതിവർഷം 12,000 രൂപ ആകെ തുക എന്ന നിലയിൽ കണക്കാക്കി ഈ വിദ്യാർത്ഥികൾക്ക് നൽകാവുന്നതാണ്. ഇത് പ്രകാരം പരാമർശിത മാർഗ്ഗരേഖയിൽ ഭേദഗതി വരുത്തി ഉത്തരവാകുന്നു.

2. പരാമർശിത മാർഗ്ഗരേഖ മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്

9. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
14. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
15. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
16. ഡയറക്ടർ ജനറൽ, കില
17. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
18. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
19. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
20. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ഡിഎ1/232/2023-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 07-07-2023

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - ഭിന്നശേഷി വിഭാഗക്കാർക്കുള്ള സ്കോളർഷിപ്പ്/ബത്ത - അർഹതപ്പെട്ട മുഴുവൻ തുകയും ഗുണഭോക്താക്കൾക്ക് നൽകുന്നത് - സംബന്ധിച്ച്.

സൂചന:-
1. സ.ഉ.(കൈ) നം.84/2022/തസ്വഭവ, തീയതി 19.04.2022
2. സ.ഉ.(കൈ) നം.86/2022/തസ്വഭവ, തീയതി 19.04.2022
3. സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28.05.2022
4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.06.2023 നു നടന്ന യോഗത്തിന്റെ തീരുമാനം 3.12

**********

ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്/ബത്ത നൽകുന്നതിന് ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകൾ ഗ്രാമപഞ്ചായത്തിനു തുക കൈമാറേണ്ടതാണ് എന്ന് സൂചന 1,2 ആസൂത്രണ മാർഗ്ഗരേഖ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ യഥാക്രമം 60:30:10 എന്ന അനുപാതത്തിലാണ് തുക വകയിരുത്തി നൽകേണ്ടത്. ചില തദ്ദേശ ഭരണസ്ഥാപനങ്ങളിൽ അർഹതപ്പെട്ട വിഹിതം ഭിന്നശേഷി വിഭാഗക്കാർക്ക് ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അർഹതപ്പെട്ട മുഴുവൻ തുകയും ഭിന്നശേഷി സ്കോളർഷിപ്പ് ഇനത്തിൽ നൽകാൻ തദ്ദേശ ഭരണസ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർ, പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, മത്സ്യതൊഴിലാളി വിഭാഗം, അതിദരിദ്രകുടുംബങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ടവർ എന്നിവർക്ക് അർഹതപ്പെട്ട മുഴുവൻ തുകയും നൽകുന്നുണ്ട് എന്ന് തദ്ദേശ ഭരണസ്ഥാപനങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.

ലീന എൻ പി
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും

5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
14. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
15. ഡയറക്ടർ ജനറൽ, കില
16. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
17. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
18. വിവര പൊതുജനസമ്പർക്ക(വെബ് &ന്യൂ മീഡിയ) വകുപ്പ്
19. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
20. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - ശ്രുതിതരംഗം പദ്ധതിയും, അതുമായി ബന്ധപ്പെട്ട ഉപ പദ്ധതികളും സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കൈമാറിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (സി)വകുപ്പ്

സ.ഉ.(സാധാ) നം.162/2023/SJD തീയതി,തിരുവനന്തപുരം, 26-07-2023

---

പരാമർശം:-

1. 30.06.2012 തീയതിയിലെ സ. ഉ. (എം.എസ്.) നം. 40/2012 സാ.ക്ഷേവ.
2. 05.05.2014 തീയതിയിലെ സ. ഉ. (എം.എസ്.) നം. 33/2014 സാ.നീ.വ.
3. 28.09.2017 തീയതിയിലെ സ. ഉ. (സാധാ) നം. 640/2017 സാ.നീ.വ.
4. 26.02.2019 തീയതിയിലെ സ. ഉ. (സാധാ) നം. 426/2019 ത.സ്വ.ഭ.വ.
5. 14.02.2020 തീയതിയിലെ സ. ഉ. (സാധാ) നം. 79/2020 സാ.നീ.വ. തീയതി
6. ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 10.07.2023 ന് വൈകുന്നേരം 4.30 ന് ചേർന്ന ശ്രുതി തരംഗം പദ്ധതിയുമായി ബന്ധപ്പെട്ടു നടന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്

ഉത്തരവ്

സംസ്ഥാനത്ത് സാമൂഹ്യനീതിവകുപ്പിന് കീഴിൽ കേരള സാമൂഹ്യ സുരക്ഷാമിഷൻ മുഖാന്തിരം ശ്രവണശേഷി ഇല്ലാത്ത കുട്ടികൾക്ക് ശ്രവണശക്തി വീണ്ടെടുക്കുന്നതിനായി കോക്ലിയർ ഇംപ്ലാന്റേഷൻ സ്കീം (ശ്രുതിതരംഗം) എന്ന പേരിൽ പദ്ധതി നടപ്പാക്കിക്കൊണ്ടും പ്രവർത്തന മാർഗ്ഗരേഖ അംഗീകരിച്ചുകൊണ്ടും പരാമർശം(1), (2) എന്നിവ പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് ശ്രുതിതരംഗം പദ്ധതിയിലൂടെയല്ലാതെ കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതിയ്ക്ക് വിധേയരായ കുട്ടികളുടെ സ്പീച്ച് പ്രോസസർ അപ്ഗ്രേഡ് ചെയ്യുന്നതിനായി **ധ്വനി** എന്ന പേരിൽ പദ്ധതി നടപ്പാക്കിക്കൊണ്ടും പ്രവർത്തനമാർഗരേഖ അംഗീകരിച്ചുകൊണ്ടും പരാമർശം(3) പ്രകാരം ഉത്തരവായിരുന്നു.

2. സംസ്ഥാനത്ത് കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിയ്ക്ക് വിധേയരായ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസിനായി ഓരോ തദ്ദേശസ്വയം ഭരണ സ്ഥാപനവും ഒരു കുട്ടിക്ക് 50,000/- രൂപ നിരക്കിൽ കുട്ടികളുടെ ലിസ്റ്റ് സഹിതം കേരള സാമൂഹ്യ സുരക്ഷാമിഷന് കൈമാറുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിക്കൊണ്ട് പരാമർശം (4) പ്രകാരവും , അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ട് പരാമർശം (5) പ്രകാരം ഉത്തരവായിരുന്നു.

3. 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രകാരം കേരള സാമൂഹ്യ സുരക്ഷാ

മിഷൻ മുഖേന നടപ്പാക്കി വന്നിരുന്ന ശ്രുതിതരംഗം പദ്ധതി 2023-24 വർഷം മുതൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖാന്തിരം നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ , ശ്രുതിതരംഗം പദ്ധതിയുടെ ഉപ പദ്ധതികളായ, ധ്വനി പദ്ധതിയും, അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസ് പദ്ധതിയും കൂടി ഒരു ഏജൻസി ചെയ്യുന്നതാവും ഉചിതമെന്നതിനാൽ, മൂന്ന് പദ്ധതികളും സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയ്ക്ക് അടിയന്തിരമായി കൈമാറി ഉത്തരവാകുന്നതിന് പരാമർശം (6) പ്രകാരം തീരുമാനമായിട്ടുണ്ട്.

4. ഈ സാഹചര്യത്തിൽ, പരാമർശം (6)-ലെ ചുവടെ ചേർക്കുന്ന തീരുമാനങ്ങൾക്ക് വിധേയമായി സാമൂഹ്യനീതി വകുപ്പിന് കീഴിൽ കേരള സാമൂഹ്യ സുരക്ഷാമിഷൻ മുഖാന്തിരം നടപ്പാക്കി വന്നിരുന്ന ശ്രുതിതരംഗം പദ്ധതിയും ,ധ്വനി പദ്ധതി, അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസ് പദ്ധതി എന്നീ ഉപ പദ്ധതികളും 2023-2024 സാമ്പത്തിക വർഷം മുതൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖേന നടപ്പാക്കുന്നതിനായി കൈമാറിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ശ്രുതിതരംഗം, ധ്വനി, അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസ് എന്നീ പദ്ധതികൾ പ്രകാരം കേരള സാമൂഹ്യ സുരക്ഷാമിഷന് ലഭ്യമായിട്ടുള്ള അപേക്ഷകൾ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയ്ക്ക് കൈമാറേണ്ടതും പുതിയ അപേക്ഷകൾ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖേന സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.
2. കേരള സാമൂഹ്യ സുരക്ഷാമിഷനും ഉപകരണങ്ങൾ വിതരണം ചെയ്യുന്ന കമ്പനിയുമായുള്ള കരാർ കാലാവധി 2023 ആഗസ്റ്റ് 31-ന് അവസാനിക്കുന്ന സാഹചര്യത്തിൽ, ധ്വനി പദ്ധതി പ്രകാരം കേരള സാമൂഹ്യ സുരക്ഷാമിഷനിൽ നിലവിലുള്ള അപേക്ഷകളിൽ അർഹരായ 25 കുട്ടികളുടെ അപേക്ഷകൾ പരിഗണിച്ച് സ്പീച്ച് പ്രോസസ്സർ അപ്ഗ്രേഡ് ചെയ്ത് നൽകുന്നതിനായി സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ നിന്നും അടിയന്തിരമായി ഫണ്ട് അനുവദിക്കേണ്ടതാണ്.
3. ശ്രുതിതരംഗം പദ്ധതിയുമായി ബന്ധപ്പെട്ട് കേരള സാമൂഹ്യ സുരക്ഷാമിഷന് നിലവിലുള്ള ബാധ്യതയായ 2.34 കോടി രൂപ അനുവദിക്കുന്നതിന് കേരള സാമൂഹ്യ സുരക്ഷാമിഷൻ ധനവകുപ്പിന് പ്രൊപ്പോസൽ സമർപ്പിക്കേണ്ടതും ധനവകുപ്പ് തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.
4. ശ്രുതിതരംഗം പദ്ധതിപ്രകാരം, കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയയ്ക്ക് വിധേയരായി രണ്ട് വർഷക്കാലാവധി പൂർത്തിയാകാത്ത കുട്ടികൾക്കുള്ള ഓഡിറ്ററി വെർബൽ തെറാപ്പി ഇനിമുതൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖാന്തിരം നൽകുന്നതിന് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി നടപടികൾ സ്വീകരിക്കേണ്ടതാണ്.
5. കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയയ്ക്ക് വിധേയരായ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കേരള സാമൂഹ്യ സുരക്ഷാമിഷന് ലഭ്യമാക്കിയിട്ടുള്ള തുക സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ ഏത് അക്കൗണ്ടിലേയ്ക്കാണ് നൽകേണ്ടത് എന്നതു സംബന്ധിച്ച് വ്യക്തത വരുത്തി സ്റ്റേറ്റ് ഹെൽത്ത് ഏജൻസി കേരള സാമൂഹ്യ സുരക്ഷാമിഷനെ അറിയിക്കേണ്ടതും അപ്രകാരം അറിയിപ്പ് ലഭ്യമാകുന്ന മുറയ്ക്ക് കേരള സാമൂഹ്യ സുരക്ഷാമിഷൻ ഈ പദ്ധതിയ്ക്കായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കിയ തുക ഗുണഭോക്തൃ പട്ടികയും അപേക്ഷകളും സഹിതം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയ്ക്ക് കൈമാറേണ്ടതുമാണ്. ഭാവിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ പദ്ധതിയ്ക്കായുള്ള വിഹിതം നേരിട്ട് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് നൽകേണ്ടതാണ്.
6. കേരള സാമൂഹ്യ സുരക്ഷാമിഷൻ മുഖേന കരാടിസ്ഥാനത്തിൽ നിയമിച്ച് ശ്രുതിതരംഗം പദ്ധതിയിൽ സേവനമനുഷ്ഠിക്കുന്ന തെറാപ്പിസ്റ്റുകളുടെ സേവനം തുടരുന്ന വിഷയം സ്റ്റേറ്റ് ഹെൽത്ത് ഏജൻസി പരിഗണിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ദിലീപ് കുമാർ.റ്റി.ഐ
ജോയിന്റ് സെക്രട്ടറി

1. ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്
2. എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷ മിഷൻ
3. എക്സിക്യൂട്ടീവ് ഡയറക്ടർ, സ്റ്റേറ്റ് ഹെൽത്ത് ഏജൻസി
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരളം, തിരുവനന്തപുരം
5. ആരോഗ്യ വകുപ്പ്
6. ധനകാര്യ വകുപ്പ്
7. തദ്ദേശ സ്വയം ഭരണ വകുപ്പ്
8. ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
9. കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സാമൂഹ്യനീതി വർക്കിംഗ് ഗ്രൂപ്പിൽ ഭിന്നശേഷി വിഭാഗത്തിൽ നിന്നുള്ള പ്രതിനിധികളെ നിർബന്ധമായും ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1915/2023/LSGD തീയതി,തിരുവനന്തപുരം, 27-09-2023

പരാമർശം:-

1. സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച ബഹു. നിയമസഭാ സമിതി മുമ്പാകെ മുൻപാകെ സമർപ്പിക്കപ്പെട്ട 12-1-2017 - ലെ നിവേദനം
2. പഞ്ചായത്ത് ഡയറക്ടറുടെ 12.12.2018ലെ PAN/25867/2018-J3(DP) നമ്പർ കത്ത്
3. സ.ഉ.(കൈ) നം.86/2022/തസ്വഭവ, തീയതി 19.04.2022
4. സ.ഉ.(കൈ) നം.84/2022/തസ്വഭവ, തീയതി 19.04.2022
5. സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് കൺവീനറുടെ 13.06.2023ലെ 1019/എസ്.ആർ.ജി./2022 നമ്പർ കത്ത്.

**ഉത്തരവ്**

സർക്കാർ നൽകിയിട്ടുള്ള പൊതു മാർഗ്ഗനിർദ്ദേശങ്ങളും ജില്ലാ ആസൂത്രണ സമിതി നൽകിയിട്ടുള്ള നിർദ്ദേശങ്ങളും പരിഗണിച്ച് അവസ്ഥാരേഖയെ അടിസ്ഥാനമാക്കി കരട് പ്രോജക്ട് നിർദ്ദേശങ്ങൾക്ക് രൂപം നൽകുന്നതിനായി വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഉദ്യോഗസ്ഥരും വിദഗ്ധരുമാണ് വർക്കിംഗ് ഗ്രൂപ്പുകളിലെ അംഗങ്ങൾ. തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ അനിവാര്യമായും ഉണ്ടായിരിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകളുടെ വിവരം, അവയുടെ ചുമതലകൾ, അവയുടെ പുനസംഘടന എന്നിവ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശിത മാർഗ്ഗരേഖകളിൽ വിശദമാക്കിയിട്ടുണ്ട്.

2. പദ്ധതി നിർവഹണ വർക്കിംഗ് ഗ്രൂപ്പുകളിൽ ഭിന്നശേഷിക്കാരെ ഉൾപ്പെടുത്തണമെന്ന് പരാമർശം (1) ഹർജിയിൽ ആവശ്യപ്പെട്ടിട്ടുണ്ട്. പദ്ധതി നിർവ്വഹണ വർക്കിംഗ് ഗ്രൂപ്പുകളിൽ ആകെ എണ്ണത്തിന് ആനുപാതികമായി ഭിന്നശേഷി വിഭാഗത്തിൽ നിന്നുള്ള പ്രതിനിധികളെ ഉൾക്കൊള്ളിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറും, 'സാമൂഹ്യനീതി (ഭിന്നശേഷിയുള്ളവർ, വയോജനങ്ങൾ മുതലായവ)' എന്ന വർക്കിംഗ് ഗ്രൂപ്പിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഒരാളെ അംഗമായി ഉൾപ്പെടുത്താവുന്നതാണെന്ന് സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പും ശിപാർശ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 'സാമൂഹ്യനീതി (ഭിന്നശേഷിയുള്ളവർ,

വയോജനങ്ങൾ മുതലായവ)' എന്ന വർക്കിംഗ് ഗ്രൂപ്പാണ് ഭിന്നശേഷിയുള്ളവർക്കായുള്ള കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളിൽ തയ്യാറാക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ 'സാമൂഹ്യനീതി (ഭിന്നശേഷിയുള്ളവർ, വയോജനങ്ങൾ മുതലായവ)' എന്ന വർക്കിംഗ് ഗ്രൂപ്പിൽ ഭിന്നശേഷി വിഭാഗത്തിൽ നിന്നുള്ള പ്രതിനിധികളെ നിർബന്ധമായും ഉൾപ്പെടുത്തുന്നതിനും മറ്റു വർക്കിംഗ് ഗ്രൂപ്പുകളിൽ പ്രസ്തുത വർക്കിംഗ് ഗ്രൂപ്പ് മേഖലയുമായി ബന്ധപ്പെട്ട് അനുഭവ പരിചയമുള്ള ഭിന്നശേഷി പ്രതിനിധികൾ ഉണ്ടെങ്കിൽ അവരെ ഉൾപ്പെടുത്തുന്നത് പരിഗണിക്കുകയും ചെയ്യേണ്ടതാണ് എന്ന് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
12 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
18. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
19. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
20. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
21. ഡയറക്ടർ ജനറൽ, കില
22. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
23. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
24. വിവര പൊതുജനസമ്പർക്ക(വെബ് &ന്യൂ മീഡിയ) വകുപ്പ്
25. പ്രസിഡന്റ്, അഭയം ഡിഫറന്റ്ലി ഏബിൾഡ് പേഴ്സൻസ് ആൻഡ് പാരന്റ്സ് അസോസിയേഷൻ, എടത്വാ, ആലപ്പുഴ - 689573
26. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ഡിഎ1/295/2023-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 04-11-2023

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - പ്രവർത്തനം ഇല്ലാത്ത പകൽവീടുകൾ/വൃദ്ധജന പരിപാലന കേന്ദ്രങ്ങളിൽ കെയർടേക്കർമാരെ നിയോഗിക്കുന്നത് ഒഴിവാക്കുന്നതും പദ്ധതി രൂപീകരണത്തിൽ ദുർബല വിഭാഗങ്ങൾക്ക് മുൻഗണന നൽകുന്നതും - സംബന്ധിച്ച്.

സൂചന:-
1. സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28.05.2022
2. കാസർഗോഡ് ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകൾ നടപ്പിലാക്കുന്ന വികസന പദ്ധതികളിലെ അപാകതകൾ സംബന്ധിച്ച ധനകാര്യ പരിശോധന വിഭാഗത്തിന്റെ പരിശോധന റിപ്പോർട്ടിലെ ശിപാർശകൾ

**********

തദ്ദേശ ഭരണസ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച സൂചിത മാർഗരേഖ ഖണ്ഡിക 7.1.14 അനുസരിച്ച്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വയോജന സൗഹൃദ പരിപാടികളുടെ ഭാഗമായി പകൽ വീടുകളുടെയും വയോജന പരിപാലന കേന്ദ്രങ്ങളുടെയും നടത്തിപ്പിനായി ജീവനക്കാരെ നിയോഗിക്കാനും അവർക്ക് പ്രതിമാസം 7000 രൂപയിൽ അധികരിക്കാതെ വേതനം നൽകുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

സൂചന (2 ) ലെ കാസർഗോഡ് ജില്ലയിൽ ബ്ലോക്കുകളിൽ ധനകാര്യ പരിശോധനാ സ്ക്വാഡ് നടത്തിയ പരിശോധനയിൽ ബ്ലോക്കുകളിൽ പദ്ധതിയിൽ ഉൾപ്പെടുത്തി ഹോണറേറിയം അടിസ്ഥാനത്തിൽ കെയർടേക്കർ സഹായികളെ താത്കാലികമായി നിയമിക്കപ്പെട്ട പകൽ പരിപാലന കേന്ദ്രങ്ങൾ പ്രവർത്തിക്കാതെ അടച്ചിട്ടിരിക്കുന്നതായി റിപ്പോർട്ട് ചെയ്യുകയും കെയർ ടേക്കർമാരുടെ സേവനം ആവശ്യമെങ്കിൽ മാത്രം ലഭ്യമാക്കേണ്ടതാണ് എന്നും , ഇപ്രകാരമുള്ള പകൽ വീട്/ പകൽപരിപാലനകേന്ദ്രങ്ങളിൽ നടത്തിയ കെയർടേക്കർ നിയമനങ്ങൾ അടിയന്തിരമായി നിർത്തലാക്കാനും മേല്നോട്ടച്ചുമതല അതാതു വാർഡ് മെമ്പർമാർക്കോ /ഗ്രാമപഞ്ചായത് അധികൃതർക്കോ കൈമാറുന്നതിനും നിർദേശിച്ചിട്ടുണ്ട് .ആയതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനം ഇല്ലാത്ത പകൽവീടുകൾ/ വൃദ്ധജന പരിപാലന കേന്ദ്രങ്ങളിൽ കെയർടേക്കർമാരെ നിയോഗിച്ച് വേതനം നൽകുന്നുണ്ടെങ്കിൽ അപ്രകാരം അവർക്ക് വേതനം നൽകുന്നത് അവസാനിപ്പിക്കേണ്ടതാണ്. പ്രവർത്തനം ഇല്ലാത്ത കാലയളവിൽ നൽകിയ വേതനം ബന്ധപ്പെട്ടവരിൽ നിന്നും

ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

പദ്ധതി ആസൂത്രണ മാർഗ്ഗരേഖകൾ പ്രകാരം ദുർബല വിഭാഗത്തിൽ പെട്ടവർക്കും പട്ടിക വിഭാഗത്തിൽപ്പെട്ടവർ, വിധവകൾ, വയോധികർ, കിടപ്പ രോഗികൾ എന്നിങ്ങനെ എല്ലാവർക്കും ഉപകാരപ്പെടുന്ന രീതിയിൽ പദ്ധതികൾ ഏറ്റെടുക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇത് പ്രകാരവും, നീണ്ട നാൾ ( കുറഞ്ഞത് അഞ്ചു വർഷക്കാലമെങ്കിലും )ജനങ്ങൾക്ക് ഉപയോഗപ്രദമാകുന്ന പദ്ധതികൾ രൂപീകരിച്ചു നടപ്പാക്കുന്നതിനും ,ജനങ്ങൾക്ക് പദ്ധതി കൊണ്ടുള്ള പ്രയോജനം അപഗ്രഥിച്ചു നടപ്പാക്കുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങൾ ശ്രദ്ധ ചെലുത്തേണ്ടതാണ്. ഇപ്രകാരമുള്ള പദ്ധതികൾ തദ്ദേശ സ്ഥാപനങ്ങൾ രൂപീകരിക്കുന്നത് ജില്ലാ ആസൂത്രണ സമിതികൾ നിരീക്ഷിക്കേണ്ടതും മേൽ വിഷയത്തിൽ പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പ്രകാരം നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ പാലിക്കുന്നുണ്ടെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർമാർ/ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതുമാണ്.

ലീന എൻ പി
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
10. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
11. ചീഫ് ടൗൺ പ്ലാനർ
12. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
13. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
14. എല്ലാ ജില്ലാ കളക്ടർമാർക്കും
15. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
16. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
17. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
18. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
19. ഡയറക്ടർ ജനറൽ, കില
20. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
21. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
22. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
23. ധനകാര്യ (ഇൻസ്പെക്ഷൻ വിംഗ്) വകുപ്പ്
24. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വയോജനങ്ങൾക്ക് കട്ടിൽ നൽകുന്ന പദ്ധതി - പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ വ്യവസ്ഥകളിൽ ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.195/2024/LSGD തീയതി,തിരുവനന്തപുരം, 23-01-2024

പരാമർശം:- 1. സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28.05.2022

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 04.01.2024-നു നടന്ന യോഗത്തിന്റെ തീരുമാനം 3.3

**ഉത്തരവ്**

തദ്ദേശ ഭരണസ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച പരാമർശിത മാർഗരേഖ ഖണ്ഡിക 7.1.14(2) പ്രകാരം നിരാലംബരായ 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്കും ശയ്യാവലംബരായ വയോജനങ്ങളല്ലാത്ത നിർദ്ധന രോഗികൾക്കും കട്ടിൽ വാങ്ങി നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. മാർഗരേഖ ഉത്തരവിന്റെ മേൽ ഖണ്ഡികയിൽ താഴെപ്പറയുന്ന ഭേദഗതികൾ ഉൾപ്പെടുത്തി ഉത്തരവാകുന്നു.

2. കട്ടിൽ നൽകുമ്പോൾ അഗതി-ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ട കുടുംബത്തിലെ 60 വയസ്സു കഴിഞ്ഞ വയോജനങ്ങൾ, അതിദരിദ്രരുടെ ലിസ്റ്റിൽ ഉൾപ്പെട്ട കുടുംബങ്ങളിലെ 60 വയസ്സു കഴിഞ്ഞ വയോജനങ്ങൾ, മാനസിക വെല്ലുവിളി നേരിടുന്ന അംഗങ്ങൾ ഉള്ള കുടുംബത്തിലെ 60 വയസ്സു കഴിഞ്ഞ വയോജനങ്ങൾ, മാറാരോഗം പിടിപെട്ട് കിടപ്പിലായവർ (പ്രായപരിധി നോക്കാതെ) ചലനശക്തി നഷ്ടപ്പെട്ടവർ (പ്രായപരിധി നോക്കാതെ) എന്നിവർക്ക് ഏറ്റവും ഉയർന്ന പരിഗണന നൽകി കട്ടിൽ നൽകേണ്ടതാണ്. ഈ വിഭാഗത്തിൽപ്പെട്ട എല്ലാവരെയും ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ ഗ്രാമസഭ/വാർഡ് സഭയിൽ പ്രത്യേക ഇടപെടൽ നടത്തണം. മുകളിൽപ്പറഞ്ഞ വിഭാഗത്തിന് കട്ടിൽ കൊടുത്തതിനുശേഷം മാത്രം മാർഗ്ഗരേഖ പ്രകാരമുള്ള വരുമാന പരിധിക്കു വിധേയമായി അർഹതയുള്ള മറ്റുള്ളവർക്കും കട്ടിൽ നൽകാവുന്നതാണ്. ഒരു വ്യക്തിക്ക് ഒരിക്കൽ മാത്രം കട്ടിൽ നൽകേണ്ടതാണ്. കട്ടിലിന്റെ വില, സ്പെസിഫിക്കേഷൻ, മറ്റു നിബന്ധനകൾ തുടങ്ങിയവ പരാമർശിത മാർഗ്ഗരേഖ വ്യവസ്ഥ പ്രകാരം തുടരേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ മാർഗ്ഗരേഖയിൽ പറയുന്ന നിരാലംബർ, ശയ്യാവലംബർ എന്ന വിശേഷണം ഒഴിവാക്കുന്നു.

3. പരാമർശിത മാർഗ്ഗരേഖ മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
12. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
14. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
17. ഡയറക്ടർ ജനറൽ, കില
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
20. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
21. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ (NIPMR) - ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കായുള്ള സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യമൊരുക്കുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനും NIPMRന്റെ സേവനം ഉപയോഗപ്പെടുത്താൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.225/2024/LSGD തീയതി,തിരുവനന്തപുരം, 26-01-2024

---

പരാമർശം:-

1. സ.ഉ.(സാധാ)നം.1701/2020/തസ്വഭവ, തീയതി 22.09.2020
2. സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28.05.2022
3. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ (NIPMR) എക്സിക്യൂട്ടീവ് ഡയറക്ടറുടെ 12.07.2023ലെ NIPMR/SJD/56/2023 നമ്പർ കത്ത്
4. വികേന്ദ്രീകൃതാസൂത്രണസംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 04.01.2024-ന നടന്ന യോഗത്തിന്റെ 4.31 നമ്പർ തീരുമാനം

**ഉത്തരവ്**

സംസ്ഥാന സാമൂഹ്യനീതി വകുപ്പിനു കീഴിൽ ഭിന്നശേഷി പുനരധിവാസ മേഖലയിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനമാണ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷൻ (എൻ.ഐ.പി.എം.ആർ). ഫിസിയോതെറാപ്പി, സ്പീച്ച് തെറാപ്പി, ഒക്യുപേഷണൽ തെറാപ്പി, ഓഡിയോ ടെസ്റ്റുകൾ, ഡെവലപ്മെന്റ് തെറാപ്പി, ഡയറ്റീഷ്യന്റെ സേവനം എന്നിവ നൽകുന്നതോടൊപ്പം സെറിബ്രൽ പാൾസി, ഓട്ടിസം, ഇന്റലക്ചൽ ഡിസെബിലിറ്റി ബാധിതരായ കുട്ടികൾ എന്നിവർക്കായുള്ള സ്പെഷ്യൽ സ്കൂൾ സൗകര്യവും NIPMR നൽകുന്നുണ്ട്. ഒപ്പം ഫിസിയാട്രിസ്റ്റ്, ഡെവലപ്മെന്റൽ പീഡിയാട്രീഷ്യൻ എന്നിവരുടെ സേവനവും, കൂടാതെ ഭിന്നശേഷിക്കാർക്കായി എല്ലാ രീതിയിലുമുള്ള പ്രോസ്തറ്റിക്സ് & ഓർത്തോട്ടിക്ക് ഉപകരണങ്ങളും നിർമ്മിക്കുന്നുമുണ്ട്. സ്ഥാപനത്തിൽ നിന്നും പ്രോസ്തറ്റിക്സ് & ഓർത്തോട്ടിക്ക് ഉപകരണങ്ങൾ വാങ്ങാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പരാമർശം 1, 2 പ്രകാരം അനുമതി നൽകിയിട്ടുള്ളതുമാണ്.

2. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള ഭിന്നശേഷിക്കാർക്കായുള്ള സ്ഥാപനങ്ങൾ സജ്ജീകരിക്കുന്നതിന് ഈ മേഖലയെക്കുറിച്ച് ശാസ്ത്രീയ പരിജ്ഞാനമില്ലാത്ത ഏജൻസികളാണ് നിലവിൽ ടെണ്ടറുകൾ ഏറ്റെടുക്കുന്നതെന്നും ഇവർ ഒരുക്കുന്ന സംവിധാനങ്ങൾ/ സജ്ജീകരണങ്ങളുടെ ശാസ്ത്രീയതയും ഗുണനിലവാരവും പരിശോധിച്ച് ഉറപ്പാക്കുന്നതിന് ആവശ്യമായ സംവിധാനങ്ങളോ സാങ്കേതിക വിദഗ്ദ്ധരോ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ

ലഭ്യമല്ലാത്തതിനാൽ പദ്ധതി നടത്തിപ്പിന്റെ ഗുണം ഗുണഭോക്താക്കൾക്ക് പ്രാപ്യമാകുന്നില്ലായെന്നും തദ്ദേശഭരണസ്ഥാപനങ്ങൾ നടത്തി വരുന്നതും പുതിയതായി ആരംഭിക്കുന്നതുമായ ബഡ്സ് സ്കൂളുകൾ, ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകൾ, സ്കൂളുകളിലെ ഭിന്നശേഷിക്കാർക്കുള്ള റിസോഴ്സ് റൂമുകൾ എന്നിവയ്ക്കാവശ്യമായ ഉപകരണങ്ങൾ നൽകുന്നതിനും ആവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കുന്നതിനും NIPMR ൽ പ്രവർത്തിക്കുന്ന സെന്റർ ഫോർ മൊബിലിറ്റി ആന്റ് അസിസ്റ്റീവ് ടെക്നോളജി (C MAT) ന് സാധിക്കുമെന്നതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങൾ ഇപ്പോൾ നടത്തി വരുന്നതും പുതുതായി ആരംഭിക്കുന്നതുമായ ബഡ്സ് സ്കൂളുകൾ, ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകൾ, സ്കൂളുകളിലെ ഭിന്നശേഷിക്കാർക്കുള്ള റിസോഴ്സ് റൂമുകൾ എന്നിവയ്ക്കാവശ്യമായ ഉപകരണങ്ങൾ നൽകുന്നതിനും ആവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കുന്നതിനും NIPMR നെ ചുമതലപ്പെടുത്തി നടപ്പാക്കുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്നും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ (NIPMR) എക്സിക്യൂട്ടിവ് ഡയറക്ടർ പരാമർശം 3 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

3. പരാമർശം ( 4 ) - ലെ ബഹു. തസ്വഭവകുപ്പ് മന്ത്രി അധ്യക്ഷനായ വകുപ്പുതലയോഗത്തിൽ സർക്കാർ ഇക്കാര്യം പരിശോധിച്ച തീരുമാനമായതിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ ഇപ്പോൾ നടത്തി വരുന്നതും പുതുതായി ആരംഭിക്കുന്നതുമായ ബഡ്സ് സ്കൂളുകൾ, ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകൾ, സ്കൂളുകളിലെ ഭിന്നശേഷിക്കാർക്കുള്ള റിസോഴ്സ് റൂമുകൾ എന്നിവയ്ക്കാവശ്യമായ ഉപകരണങ്ങൾ/സജ്ജീകരണങ്ങൾ NIPMR-ൽ നിന്നു വാങ്ങുന്നതിനും NIPMR-ന്റെ സേവനങ്ങൾ ഉപയോഗപ്പെടുത്തുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

ജോയിന്റ് സെക്രട്ടറി

1. എക്സിക്യൂട്ടിവ് ഡയറക്ടർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ (NIPMR), കല്ലേറ്റുംകര, തൃശ്ശൂർ
2. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
6. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
12. എല്ലാ ജില്ലാകളക്ടർമാർക്കും
13. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
14. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

17. ഡയറക്ടർ ജനറൽ, കില
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
20. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
21. തദ്ദേശ സ്വയംഭരണ (ഐ.എ.) വകുപ്പ്
22. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ബഡ്സ് സ്ഥാപനങ്ങൾക്ക് ഗ്രാന്റ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും കുടുംബശ്രീ മുഖേന അനുവദിക്കുന്ന തുകയുടെ വിനിയോഗം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളും അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(കൈ) നം.41/2024/LSGD തീയതി,തിരുവനന്തപുരം, 15-03-2024

---

പരാമർശം:-

1. 24.07.2007-ലെ സ.ഉ.(കൈ) നം.183/2007/തസ്വഭവ
2. 29.07.2009-ലെ സ.ഉ.(കൈ) നം.148/2009/തസ്വഭവ
3. 06.04.2013-ലെ സ.ഉ.(കൈ) നം.144/2013/തസ്വഭവ
4. 05.12.2017-ലെ സ.ഉ.(കൈ) നം.236/2017/തസ്വഭവ
5. 07.02.2018-ലെ സ.ഉ. (കൈ) നം.20/2018/തസ്വഭവ
6. 22.02.2018-ലെ സ.ഉ. (കൈ) നം.25/2018/തസ്വഭവ
7. 20.11.2021-ലെ സ.ഉ. (കൈ) നം.268/2021/തസ്വഭവ
8. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 13/11/2023 തീയതിയിലെ KSHO/197/2023-L നം. കത്ത്.

**ഉത്തരവ്**

പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം പഞ്ചായത്തുകൾക്ക് ബഡ്സ് സ്പെഷ്യൽ സ്കൂൾ മാതൃകയിൽ മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി പ്രത്യേക സ്കൂൾ പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടത്തുന്നതിന് അനുമതി നല്കിക്കൊണ്ടും പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം ബഡ്സ് സ്പെഷ്യൽ സ്കൂളുകൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ചുകൊണ്ടും ജില്ലാതല ഉപദേശകസമിതി രൂപീകരിച്ചുകൊണ്ടും പരാമർശം സർക്കാർ ഉത്തരവ് (3) പ്രകാരം ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ മാർഗ്ഗരേഖ അംഗീകരിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽപരാമർശം (2), (3) സർക്കാർ ഉത്തരവുകളിലെ മാർഗ്ഗരേഖകൾക്കൊപ്പം ബഡ്സ് /ബിആർസി സ്ഥാപനങ്ങൾക്ക് പൊതുവായി ബാധകമാവുന്ന ചില നിബന്ധനകൾ കൂടി ഉൾപ്പെടുത്തി പരാമർശം (5) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. 2017-18 ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം കുടുംബശ്രീയുടെ കീഴിൽ എല്ലാ ജില്ലകളിലുമായി 200 ബഡ്സ് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനും ഒരു സ്ഥാപനത്തിന് 25 ലക്ഷം രൂപ വീതം നല്കുന്നതിനും പരാമർശം (4) പ്രകാരം ഭരണാനുമതി നല്കിയിരുന്നു. പരാമർശം (6) പ്രകാരം ടി ഉത്തരവിൽ ഭേദഗതി വരുത്തുകയും, സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റായി ഒരു സ്ഥാപനത്തിന് ആദ്യ ഗഡുവായി 50% തുകയും (12.5 ലക്ഷം രൂപ)

പ്രസ്തുത തുക ചെലവഴിച്ച് വിനിയോഗ സാക്ഷ്യപത്രം നല്കുന്ന മുറയ്ക്ക് അടുത്ത ഗഡുവായി 12.5 ലക്ഷം രൂപയിൽ അധികരിക്കാത്ത തുകയും അനുവദിക്കുന്നതാണെന്ന് ഉത്തരവായിരുന്നു. അതിൻപ്രകാരം 200 ബഡ്സ് സ്ഥാപനങ്ങൾക്ക് ഗ്രാന്റ് അനുവദിച്ച് പരാമർശം (7) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

3. 2021-22 ബഡ്ജറ്റിൽ പുതുതായി 250 തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ കൂടി ബഡ്സ് സ്കൂളുകൾ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. പരാമർശം (7) പ്രകാരം ഗ്രാന്റ് അനുവദിച്ച 200 ബഡ്സ് സ്ഥാപനങ്ങൾക്കും പുതുതായി ആരംഭിക്കുന്ന ബഡ്സ് സ്ഥാപനങ്ങൾക്കും ബാധകമാകുന്ന തരത്തിൽ തുക അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും കുടുംബശ്രീ മുഖേന അനുവദിക്കുന്ന തുക ചെലവഴിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിക്കുന്നതിനും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (8) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ബഡ്സ് സ്ഥാപനങ്ങൾക്ക് ഗ്രാന്റ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും കുടുംബശ്രീ മുഖേന അനുവദിക്കുന്ന തുകയുടെ വിനിയോഗം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളും അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**I. തുക അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

1. സ്വന്തം കെട്ടിടമാണെങ്കിൽ - നിർമ്മാണം പൂർത്തീകരിച്ച് സ്ഥാപനം ആരംഭിക്കുവാൻ തക്കവണ്ണം പ്രവർത്തനക്ഷമമായിരിക്കണം.

2. വാടക കെട്ടിടമാണെങ്കിൽ - എഗ്രിമെന്റിന്റെ പകർപ്പ് കുടുംബശ്രീ ജില്ലാമിഷനിൽ സമർപ്പിക്കണം. ഡി.പി.ആറിൻ പ്രകാരം സജ്ജീകരണങ്ങൾ ഒരുക്കുവാൻ തക്കവണ്ണം കെട്ടിടത്തിൽ സൗകര്യമുണ്ടായിരിക്കണം.

**II. കുടുംബശ്രീ മുഖേന അനുവദിക്കുന്ന തുക ചെലവഴിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ**

1. പഠന സാമഗ്രികളും സഹായ ഉപകരണങ്ങളും വാങ്ങുന്നതിന്

2. ഓഫീസ് ആവശ്യത്തിനുള്ള കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങുന്നതിന് (സ്പെസിഫിക്കേഷൻ അനുബന്ധമായി ചേർത്തിട്ടുണ്ട്)

3. വിദ്യാർത്ഥി സൗഹൃദ മേശയും കസേരയും മറ്റ് അത്യാവശ്യ അടിസ്ഥാന സൗകര്യങ്ങളും, ഫർണിച്ചറുകളും വാങ്ങുന്നതിന്

4. സ്ഥാപനത്തിൽ വിദ്യാർത്ഥി സൗഹൃദ റാംപ്, റെയിൽ, മറ്റ് സുരക്ഷാ സംവിധാനങ്ങൾ, ശുചിമുറികൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന്.

5. വിദ്യാർത്ഥികൾക്കുള്ള വിനോദ ഉപാധിയായി ടെലിവിഷൻ, കേബിൾ സംവിധാനം ഒരുക്കുന്നതിനും (കേബിൾ കണക്ഷൻ എടുക്കുന്നതിനും പരമാവധി 1 വർഷം വരെയുള്ള മാസവാടക ഉൾപ്പെടെ)

6. സ്മാർട്ട് ക്ലാസ് റൂം തയ്യാറാക്കുന്നതിനും (വിശദമായ ലിസ്റ്റ് അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്), ഇന്റർനെറ്റ് കണക്ടിവിറ്റി ഒരുക്കുന്നതിനും (ഇന്റർനെറ്റ് കണക്ഷൻ എടുക്കുന്നതിനും പരമാവധി 1 വർഷം വരെയുള്ള മാസവാടക ഉൾപ്പെടെ)

7. തെറാപ്യൂട്ടിക് ഉപകരണങ്ങൾ വാങ്ങുന്നതിന് (വിശദമായ ലിസ്റ്റ് അനുബന്ധത്തിൽ ചേർത്തിട്ടുണ്ട് )

8. സ്ഥാപനത്തിലെ വിദ്യാർത്ഥികൾക്ക് ആവശ്യമുള്ള കളിയുപകരണങ്ങൾ, വാദ്യോപകരണങ്ങൾ വാങ്ങുന്നതിന് (വിശദമായ ലിസ്റ്റ് അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്)

9. സ്ഥാപനത്തിലേയ്ക്കാവശ്യമായ ഇലക്ട്രോണിക്സ്/ ഇലക്ട്രിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിന്, സോളാർ സംവിധാനം ഒരുക്കുന്നതിന്.

10. റീഹാബിലിറ്റേഷൻ സെന്ററുകളിൽ തൊഴിൽ വൈദഗ്ധ്യ പരിശീലനം നൽകുന്നതിനും, തൊഴിൽ ഉപകരണങ്ങൾ, അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനും ഉത്പന്നങ്ങൾ സൂക്ഷിക്കുന്നതിനുള്ള സൗകര്യം ഒരുക്കുന്നതിനും (വിശദമായ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാമിഷന്റെ അനുമതിയോടെ മാത്രം)

11. ഭക്ഷണം പാചകം ചെയ്യുന്നതിനാവശ്യമായ പാത്രങ്ങൾ, അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിന്. ബയോഗ്യാസ് സംവിധാനം ഒരുക്കുന്നതിന്.

12. ഈ ഫണ്ടുപയോഗിച്ച് വാങ്ങിയ ഉപകരണങ്ങളുടെ സർവ്വീസ്, അറ്റകുറ്റ പണികൾ ചെയ്യുന്നതിന് (അനുവദിച്ച തുകയുടെ പരമാവധി 6% തുക വരെ)

13. സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി കെട്ടിടം, ചുറ്റുമതിൽ തുടങ്ങിയവയുടെ അറ്റകുറ്റ പണികൾ ചെയ്യുന്നതിന് (അനുവദിച്ച തുകയുടെ പരമാവധി 6% തുക വരെ)

14. ഭിന്നശേഷി സൗഹൃദ കളിസ്ഥലം ഒരുക്കുന്നതിന് (അനുവദിച്ച തുകയുടെ പരമാവധി 6% തുക വരെ)

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)ള്, കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ)കേരള, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര - പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/183/2022-LSGD)

**കേരള സർക്കാർ**

**സംഗ്രഹം**

**ധനകാര്യ വകുപ്പ് - കേരള സർവ്വീസ് ചട്ടങ്ങളിൽ ഭിന്നശേഷിക്കാരെ പരാമർശിക്കുന്ന വാക്കുകൾ പരിഷ്ക്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**ധനകാര്യ (റൂൾസ്-ബി) വകുപ്പ്**

**സ.ഉ. (കൈ) നം. 95/2024/ധന** **തീയതി, തിരുവനന്തപുരം, 31-07-2024**

---

പരാമർശം :- 1. ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റിന്റെ 04/02/2020 തീയതിയിലെ 338/എസ്2/20/എസ്.സി.പി.ഡബ്ല്യു.ഡി.നം. സർക്കുലർ.

2. നിയമസഭാ സെക്രട്ടറിയുടെ 06.04.2024 തീയതിയിലെ 02323/ഡബ്ല്യു.റ്റി.സി&ഡി.ബി 1/2024/നി.സെ.നം. കത്ത്.

**ഉത്തരവ്**

ഭിന്നശേഷി സൗഹൃദ സംസ്ഥാനമായ കേരളത്തിൽ ഭിന്നശേഷിക്കാരെ അഭിസംബോധന ചെയ്യുമ്പോൾ "അംഗപരിമിതർ/വികലാംഗർ" എന്നീ പദപ്രയോഗങ്ങൾ പൂർണമായും ഒഴിവാക്കണമെന്നും, 'ഭിന്നശേഷിക്കാർ **(Differently Abled)**" എന്ന് മാത്രമേ ഉപയോഗിക്കാവൂ എന്നും പരാമർശത്തിലെ സർക്കുലർ പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. ഭിന്നശേഷിക്കാരായ സർക്കാർ ജീവനക്കാരുടെ സ്പാർക്ക് പ്രൊഫൈലിൽ **"PH (Physically Handicapped)"** എന്നു രേഖപ്പെടുത്തിയിരിക്കുന്ന ഭാഗങ്ങളിൽ **"DA (Differently Abled)"** എന്ന് മാറ്റം വരുത്തുന്നതിന് ആവശ്യമായ തിരുത്തലുകൾ സ്പാർക്ക് സോഫ്റ്റ് വെയറിൽ വരുത്തണമെന്ന് പരാമർശത്തിലെ കത്ത് പ്രകാരം സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി നിർദ്ദേശിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട് കേരള സർവ്വീസ് ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുവാൻ ചീഫ് പ്രോജക്ട് മാനേജർ, സ്പാർക്ക് അഭ്യർത്ഥിച്ചിട്ടുമുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് കേരള സർവ്വീസ് ചട്ടങ്ങളിൽ ഉപയോഗിച്ചിരിക്കുന്ന **"Disabled", "Physically Handicapped", "Physically or Mentally Challenged"** എന്നീ വാക്കുകൾക്ക് പകരം **"Differently Abled (DA)"** എന്ന് ഉപയോഗിക്കേണ്ടതാണ് എന്ന് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിലേക്കായി സർവ്വീസ് രേഖകളിലും സ്പാർക്ക് സോഫ്റ്റ് വെയറിലും ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതാണ്.

3. കേരള സർവ്വീസ് ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തി പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**ലക്ഷ്മി രഘുനാഥൻ**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് - II ), കേരള, തിരുവനന്തപുരം.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സെറിബ്രൽ പാൾസി ബാധിച്ചവർക്ക് ഡയപ്പർ വാങ്ങി നൽകാൻ ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2559/2024/LSGD തീയതി,തിരുവനന്തപുരം, 30-12-2024

പരാമർശം:-
1. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
2. ബഹു. മന്ത്രി 02.09.2024-ൽ കണ്ണൂർ ജില്ലയിൽ നടത്തിയ ജില്ലാതല തദ്ദേശ അദാലത്തിൽ ശ്രീ. അഷിൻ നൽകിയ കത്ത്
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.12.2024-നു നടന്ന യോഗത്തിന്റെ തീരുമാനം 3.12

**ഉത്തരവ്**

സെറിബ്രൽ പാൾസി ബാധിച്ചവർക്ക് ഡയപ്പർ വാങ്ങി നൽകുന്നതിന് പ്രോജക്ടുകൾ എറ്റെടുക്കാൻ ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും അനുമതി നൽകി ഉത്തരവാകുന്നു. ഇപ്രകാരം ഡയപ്പർ വാങ്ങി നൽകുമ്പോൾ സ്പെസിഫിക്കേഷൻ അടക്കമുള്ള കാര്യങ്ങളിൽ ബന്ധപ്പെട്ട മെഡിക്കൽ ഓഫീസറുടെ ശിപാർശ വാങ്ങേണ്ടതാണ്. വാങ്ങൽ നടപടിക്രമങ്ങൾക്ക് നിലവിലെ മാനദണ്ഡങ്ങൾ പാലിക്കണം. ഡയപ്പർ പോലുള്ളവ ശേഖരിക്കുന്നതിനും ഇൻസിനറേറ്റർ സ്ഥാപിച്ച് ഇവ സംസ്കരിക്കുന്നതിനും ഗ്രാമപഞ്ചായത്ത്/നഗരസഭ നടപടി സ്വീകരിച്ചതിനുശേഷമേ ഡയപ്പർ വാങ്ങി നൽകാവൂ. സംസ്ഥാന പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള ഇൻസിനറേറ്റർ ആണ് സ്ഥാപിക്കേണ്ടത്. ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിനും ജില്ലാ പഞ്ചായത്തിനും ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം കൈമാറാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T

ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്

7. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
10. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
11. എല്ലാ ജില്ലാ കളക്ടർമാർക്കും
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
14. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
15. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
16. ഡയറക്ടർ ജനറൽ, കില
17. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
18. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
19. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
20. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇടുക്കി-വയനാട് ജില്ലകളിലെ ഹൈറേഞ്ച് പ്രദേശത്തു താമസിക്കുന്ന വയോജനങ്ങൾക്കും പാലിയേറ്റീവ് രോഗികൾക്കും കമ്പിളി പുതപ്പ് വാങ്ങി നൽകാൻ തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2565/2024/LSGD തീയതി,തിരുവനന്തപുരം, 30-12-2024

---

പരാമർശം:-

1. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
2. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി 30.08.2024നു നടത്തിയ ജില്ലാതല അദാലത്തിൽ കുമിളി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് സമർപ്പിച്ച കത്ത്.
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.12.2024-നു നടന്ന യോഗത്തിന്റെ തീരുമാനം 3.13

**ഉത്തരവ്**

ഇടുക്കി, വയനാട് ജില്ലകളിലെ ഹൈറേഞ്ച് പ്രദേശത്തു താമസിക്കുന്ന 60 വയസ്സു കഴിഞ്ഞ വയോജനങ്ങൾക്കും പാലിയേറ്റീവ് രോഗികൾക്കും കമ്പിളി പുതപ്പ് വാങ്ങി നൽകാൻ ജില്ലകളിലെ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും അനുമതി നൽകി ഉത്തരവാകുന്നു. പരാമർശിത മാർഗ്ഗരേഖയിൽ പറയുന്ന വരുമാനം സംബന്ധിച്ച മാനദണ്ഡം ഇതിന് ബാധകമാണ്. 240 cm x 220 cm നീളവും വീതിയും 2.30 kg തൂക്കവുമുള്ള ഒരു പുതപ്പിന് പരമാവധി 1000 രൂപ നിരക്കിൽ വാങ്ങി നൽകാവുന്നതാണ്. മാനദണ്ഡ പ്രകാരമുള്ള വാങ്ങൽ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T

ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
4. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
5. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
6. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
8. ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷൻ, ഇടുക്കി/വയനാട്

9. ജില്ലാ പ്ലാനിംഗ് ഓഫീസർ, ഇടുക്കി/വയനാട്
10. ജോയിന്റ് ഡയറക്ടർ (തദ്ദേശസ്വയംഭരണ വകുപ്പ്), ഇടുക്കി/വയനാട്
11. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
12. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
13. ഡയറക്ടർ ജനറൽ, കില
14. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
15. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
16. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
17. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഭിന്നശേഷി വിദ്യാർത്ഥികൾക്കായുള്ള സ്കോളർഷിപ്പ് - ബൗദ്ധിക ഭിന്നശേഷിയുള്ള ഹോസ്റ്റലിൽ താമസിക്കുന്ന കുട്ടികൾക്ക് യാത്രാബത്തയ്ക്ക് പകരം ഈ തുക ഹോസ്റ്റൽ ബത്തയായി അനുവദിക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.117/2025/LSGD തീയതി,തിരുവനന്തപുരം, 13-01-2025

പരാമർശം:-
1. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
2. സ.ഉ.(സാധാ) നം.1394/2023/LSGD; തീയതി 07.07.2023
3. പാരന്റ്സ് അസോസിയേഷൻ ഫോർ ഇന്റലെക്ചലി ഡിസേബിൾഡ് (PAID Kerala) കേരള സംസ്ഥാന പ്രസിഡന്റിന്റെ 25.01.2024ലെ കത്ത്
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 04.07.2024ലെ LSGD/PD/12680/2024-EMP4 നമ്പർ കത്ത്.

**ഉത്തരവ്**

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ് അനുവദിക്കുന്നതിന് പരാമർശിത മാർഗ്ഗരേഖയിലെ 7.1.6 (എ) മുതൽ (ഇ) വരെയുള്ള ഖണ്ഡികകൾ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് പ്രതിമാസ സ്കോളർഷിപ്പ്, വസ്ത്രങ്ങൾക്കുള്ള വാർഷിക ബത്ത, പഠനസഹായി/വിദ്യാഭ്യാസ സാമഗ്രികൾക്കുള്ള വാർഷിക ബത്ത, ഡേ സ്കോളർക്ക് പ്രതിമാസ യാത്രാബത്ത, ഉല്ലാസ യാത്രയ്ക്കുള്ള ബത്ത എന്നിവ ഉൾപ്പടെ 28500 രൂപയാണ് പ്രതിവർഷം പരമാവധി നൽകാവുന്നത്.

2. മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് തുകയുടെ ഭാഗമായി യാത്ര ബത്തയായി അനുവദിച്ചിട്ടുള്ള 12000 രൂപ, ഹോസ്റ്റലിൽ താമസിക്കുന്ന കുട്ടികൾക്ക് നൽകുന്നില്ല എന്നും, അനാഥരായവരോ, കുടുംബത്തിലെ സാമ്പത്തിക ബുദ്ധിമുട്ട് കാരണമോ ആണ് ഹോസ്റ്റലിൽ താമസിക്കുന്നത് എന്നതിനാൽ ബൗദ്ധിക ഭിന്നശേഷിക്കാരിൽ യാത്ര ചെയ്യുന്നവർക്ക് യാത്ര ബത്തയും ഹോസ്റ്റലിൽ താമസിക്കുന്നവർക്ക് ഹോസ്റ്റൽ ബത്ത ആയും മേൽ തുക അനുവദിക്കണമെന്നും PAID കേരള സംസ്ഥാന പ്രസിഡന്റ് പരാമർശം 3 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

3. വീട്ടിൽ നിന്നും സ്കൂളിലേയ്ക്ക് പോകുന്ന കുട്ടികൾക്ക് സ്കൂളിൽ പോകുന്ന മാസങ്ങളിൽ (ഡേ സ്കോളർ) യാത്രാ ബത്ത അനുവദിയ്ക്കാമെന്നാണ് മാർഗ്ഗരേഖയിൽ പറയുന്നത് എന്നും,

ഹോസ്റ്റലിൽ താമസിക്കുന്നവർക്ക് യാത്രാബത്ത അനുവദിക്കുന്നതിന് പരാമർശമില്ല എന്നും, അത് പ്രകാരം ഹോസ്റ്റലിൽ താമസിച്ച് സ്കൂളിൽ പോകുന്ന ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കൂളിൽ പോകുന്ന മാസങ്ങളിൽ യാത്രാ ബത്ത/ ഹോസ്റ്റൽ ബത്ത അനുവദിയ്ക്കാവുന്നതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (4) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾ ഹോസ്റ്റലിൽ താമസിച്ചു പഠിക്കാൻ പ്രേരിതരാകുന്നത് അനാഥത്വം കൊണ്ടോ, സ്വന്തം വീടുകളിലെ പ്രതികൂല സാഹചര്യം മൂലമോ, പുനരധിവാസ സ്ഥാപനങ്ങളിലേക്കുള്ള ഗതാഗത സൗകര്യങ്ങളിലുള്ള അപര്യാപ്തത കൊണ്ടോ, എല്ലായിടത്തും പരിപൂർണ പുനരധിവാസം സാധ്യമാക്കുന്ന സ്ഥാപനങ്ങൾ ഇല്ലാത്തതുകൊണ്ടോ കൂടിയാണ്. മാത്രമല്ല ശാസ്ത്രീയമായി പുനരധിവാസം സാധ്യമാക്കുന്ന രീതിയിൽ ബഡ്സ് സ്കൂളുകളും മറ്റും ഇനിയും പുരോഗമിക്കേണ്ട സാഹചര്യവുമുണ്ട്. ജീവിതശൈലി മാറ്റത്തിന് ഉതകുന്ന രീതിയിൽ തെറാപ്പിയും മറ്റു സാമൂഹികപിന്തുണയും ഉറപ്പുവരുത്തുന്നതിന് ഇത്തരം സ്ഥാപനങ്ങളെ ആശ്രയിക്കുന്നവരുടെ മാതാപിതാക്കൾക്ക് ഹോസ്റ്റൽ ഫീസ് ഇനത്തിലും മറ്റുമായി വലിയ തുക ചെലവ് വരുന്നത് അവർക്ക് വലിയ ബാധ്യതയും ഉണ്ടാക്കുന്നുണ്ട്. ഭിന്നശേഷിയുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം ആർജ്ജിക്കുന്നതിന് മറ്റ് കുട്ടികളെപ്പോലെ തുല്യാവകാശമാണുള്ളത്. മേൽ വസ്തുതകൾ കണക്കിലെടുത്ത്, ബൗദ്ധിക ഭിന്നശേഷിയുള്ള കുട്ടികളുടെ ഹോസ്റ്റൽ വാസത്തിനായി രക്ഷിതാക്കൾക്കുണ്ടാകുന്ന ചെലവ് വിവരങ്ങളുടെ തെളിവ് സഹിതം അപേക്ഷകൾ ലഭ്യമാകുന്ന സാഹചര്യങ്ങളിൽ മാത്രം, ഇവർക്ക് യാത്രാബത്തയ്ക്ക് പകരമായി, തത്തുല്യമായ തുക ഹോസ്റ്റൽ ബത്തയായി അനുവദിച്ച് നൽകുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു. പരാമർശിത മാർഗ്ഗരേഖയിലെ ഖണ്ഡിക 7.1.6 (ബി)/(സി) പ്രകാരമുള്ള അനുവദനീയമായ പരിധിയിൽ ധനസഹായം അധികരിക്കാനും പാടുള്ളതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനുപമ ടി വി

സ്പെഷ്യൽ സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
10. പ്രസിഡന്റ്, PAID കേരള, W/R- 16/335, Padathukattil ബിൽഡിംഗ്, ഹോസ്പിറ്റൽ ജം., മുളന്തുരുത്തി പി.ഒ - 682314
11. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
12. എല്ലാ ജില്ലാകളക്ടർമാർക്കും
13. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
14. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)

15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
17. ഡയറക്ടർ ജനറൽ, കില
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
20. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
21. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പതിനാലാം പഞ്ചവത്സര പദ്ധതി - ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പും ബത്തയും മുടക്കം കൂടാതെ നൽകുന്നതിനുള്ള അധിക മാർഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.183/2025/LSGD തീയതി,തിരുവനന്തപുരം, 19-01-2025

പരാമർശം:-

1. സ.ഉ(കൈ)നം.36/2004/പ്ലാനിംഗ്; തീയതി 29.03.2004
2. 16.05.2018ലെ ഡിഎ1/569/2018-തസ്വഭവ നമ്പർ സർക്കുലർ
3. 25.01.2019ലെ ഡിഎ1/19/2019-തസ്വഭവ നമ്പർ സർക്കുലർ
4. 24.12.2020ലെ ഡിഎ1/322/2020-തസ്വഭവ നമ്പർ സർക്കുലർ
5. 21.04.2021ലെ ഡിഎ1/401/2019-തസ്വഭവ നമ്പർ സർക്കുലർ
6. സ.ഉ.(കൈ) നം.84/2022/തസ്വഭവ; തീയതി 19.04.2022
7. സ.ഉ.(കൈ) നം.86/2022/തസ്വഭവ; തീയതി 19.04.2022
8. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
9. 07.07.2023ലെ ഡിഎ1/232/2023-തസ്വഭവ നമ്പർ സർക്കുലർ
10. സ.ഉ.(കൈ) നം.198/2023/തസ്വഭവ; തീയതി 13.11.2023
11. സ.ഉ.(കൈ) നം.164/2024/തസ്വഭവ; തീയതി 25.11.2024
12. ശ്രീ. മാർട്ടിൻ പോൾ ഫയൽ ചെയ്ത 9961/2019 നമ്പർ റിട്ട് പെറ്റീഷനിലെ ബഹു. ഹൈക്കോടതിയുടെ 11.12.2024ലെ ഉത്തരവ്

**ഉത്തരവ്**

വാർഷിക പദ്ധതിയുടെ ഭാഗമായി ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകിയത് പത്താം പഞ്ചവത്സരപദ്ധതി കാലയളവിൽ പരാമർശം (1) ഉത്തരവ് പ്രകാരമാണ്. തുടർന്ന് 11, 12, 13, പഞ്ചവത്സര പദ്ധതികളിലും ഇതിനായുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പല തദ്ദേശഭരണ സ്ഥാപനങ്ങളും ഇതിനായി പ്രോജക്ടുകൾ ഏറ്റെടുക്കുന്നില്ലെന്നും ഏറ്റെടുക്കുകയാണെങ്കിൽതന്നെ ഭാഗികമായാണ് സ്കോളർഷിപ്പും ബത്തയും നൽകുന്നതെന്നും മുടക്കം കൂടാതെ അവ നൽകുന്നില്ലെന്നുമുള്ള ധാരാളം പരാതികൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് ലഭ്യമാക്കേണ്ട സ്കോളർഷിപ്പിന്റെയും

ബത്തയുടെയും വിതരണത്തിൽ വീഴ്ച വരുത്തരുതെന്നും ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം മതിയായ ഫണ്ട് ലഭ്യമല്ലെങ്കിൽ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ കൂടി വിഹിതം മാറ്റി വയ്ക്കണമെന്നും പരാമർശം (2) മുതൽ (5) വരെയുള്ള സർക്കുലറുകൾ പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

2. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന അർഹരായ മുഴുവൻ കുട്ടികൾക്കും സ്കോളർഷിപ്പും ബത്തയും മുടക്കം കൂടാതെ അതത് മാസം നൽകുന്നതിനുള്ള പ്രോജക്ടുകൾ ഗ്രാമ പഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും അവയുടെ വാർഷിക പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കണമെന്ന് പതിനാലാം പഞ്ചവത്സരപദ്ധതി കാലയളവിലേക്ക് വേണ്ടി പരാമർശം (8) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിലെ ഖണ്ഡിക 7.1.6 പ്രകാരം നിർദേശം നൽകിയിട്ടുണ്ട്. സ്കോളർഷിപ്പ്, ബത്ത എന്നീ ഇനങ്ങളിൽ നൽകേണ്ട തുകയുടെ നിരക്കുകളും മറ്റ് വിശദാംശങ്ങളും ആയതു പ്രകാരം നൽകിയിട്ടുള്ളതുമാണ്. ഇത്തരത്തിൽ അനുവദനീയമായ സ്കോളർഷിപ്പും ബത്തയും നൽകുന്നതിനാവശ്യമായ തുക ഗ്രാമ പ്രദേശങ്ങളിൽ 60:30:10 എന്ന അനുപാതത്തിൽ ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ വാർഷിക പദ്ധതിയിൽ വകയിരുത്തി നൽകണമെന്നും മേല്പറഞ്ഞ അനുപാതത്തിൽ തുക കണ്ടെത്താൻ കഴിയുന്നില്ലെങ്കിൽ ആ കുറവ് പരിഹരിക്കുന്നതിന് മറ്റ് തലങ്ങളിലെ തദ്ദേശഭരണസ്ഥാപനങ്ങളുടെ വിഹിതം ഉപയോഗിക്കാവു ന്നതാണെന്നും പരാമർശം (6) ഉത്തരവിലെ ഖണ്ഡിക 6.4 (ബി)(2)-ൽ നിർദ്ദേശിച്ചിട്ടുമുണ്ട്. നഗരഭരണസ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അനുവദനീയമായ സ്കോളർഷിപ്പും ബത്തയും നൽകുന്നതിന് വേണ്ട മുഴുവൻ തുകയും നഗരഭരണ സ്ഥാപനങ്ങൾ അവയുടെ വാർഷിക പദ്ധതിയിൽ വകയിരുത്തണമെന്ന് പരാമർശം (7) ഉത്തരവിലെ ഖണ്ഡിക 6.4 ബി (2) പ്രകാരവും നിർദ്ദേശം നൽകിയിട്ടുണ്ട്.

3. ഇപ്രകാരമുള്ള നിർദ്ദേശങ്ങൾ നിലവിലുള്ളപ്പോഴും ചില തദ്ദേശഭരണസ്ഥാപനങ്ങളെങ്കിലും ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അർഹതപ്പെട്ട മുഴുവൻ തുകയും നൽകാൻ തദ്ദേശഭരണസ്ഥാപനങ്ങൾ ശ്രദ്ധിക്കണമെന്ന് പരാമർശം (9) പ്രകാരം വീണ്ടും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എന്നിരുന്നാലും ഇപ്പോഴും ചില തദ്ദേശഭരണസ്ഥാപനങ്ങൾ അർഹതപ്പെട്ട മുഴുവൻ തുകയും നൽകുന്നില്ലെന്ന പരാതി നിലനിൽക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രസ്തുത നിലപാടുകൾക്കെതിരെ പലരും കോടതിയെ സമീപിക്കുന്ന സ്ഥിതിയും സംജാതമായിട്ടുണ്ട്. ഇത്തരത്തിൽ പരാതിക്ക് ഇടനൽകുന്ന രീതിയുള്ള പ്രവർത്തനം തദ്ദേശഭരണസ്ഥാപനങ്ങളുടെ ഭാഗത്ത് നിന്ന് ഉണ്ടാകാൻ പാടില്ലാത്തതാണ്. പ്രസ്തുത സാഹചര്യത്തിൽ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് പരാമർശം (8) ഉത്തരവിലെ ഖണ്ഡിക 7.1.6 പ്രകാരം അനുവദനീയമായ സ്കോളർഷിപ്പും ബത്തയും നൽകുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നതു സംബന്ധിച്ച് ചുവടെ പറയുന്ന അധിക മാർഗ്ഗനിർദ്ദേശങ്ങൾ നൽകി സർക്കാർ ഉത്തരവാകുന്നു.

1. എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകുന്നതിനുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കേണ്ടതും അർഹരായ എല്ലാ കുട്ടികൾക്കും സ്കോളർഷിപ്പും ബത്തയും മുഴുവനായും മുടക്കം കൂടാതെയും അതത് മാസം തന്നെ നൽകേണ്ടതുമാണ്.
2. ഇതിനായി വികസനഫണ്ട് (പൊതുവിഭാഗം സാധാരണ വിഹിതം), പതിനഞ്ചാം ധനകാര്യ

കമ്മീഷൻ ഗ്രാന്റ് (ബേസിക് ഗ്രാന്റ്), തനതുഫണ്ട് എന്നിവ ഉപയോഗിക്കാവുന്നതാണ്. പട്ടികജാതി/പട്ടികവർഗ്ഗ ഗുണഭോക്താക്കളുടെ എണ്ണത്തിന് അനുസരിച്ചുള്ള തുക SCSP/TSP വിഹിതത്തിൽ നിന്നും വകയിരുത്താവുന്നതുമാണ്.

3. പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം ഇതിനാവശ്യമായ തുക ഗ്രാമ-ബ്ലോക്ക്—ജില്ലാ പഞ്ചായത്തുകൾ യഥാക്രമം 60:30:10 എന്ന അനുപാതത്തിൽ വഹിക്കേണ്ടതാണ്. നഗരഭരണ സ്ഥാപനങ്ങൾ മതിയായ തുക സ്വന്തമായി വകയിരുത്തണം.
4. 40 ശതമാനമോ അതിൽ കൂടുതലോ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കാണ് സ്കോളർഷിപ്പും ബത്തയും നൽകേണ്ടത്. അതിനായി മെഡിക്കൽ ബോർഡ് പരിശോധനയുടെ അടിസ്ഥാനത്തിൽ നൽകുന്ന ഡിസെബിലിറ്റി സർട്ടിഫിക്കറ്റ്/ഏകീകൃത തിരിച്ചറിയൽ കാർഡ് (UDID) പരിഗണിച്ചാൽ മതിയാകുന്നതാണ്. കുടുംബത്തിന്റെ വാർഷിക വരുമാന പരിധിയോ മറ്റ് ഘടകങ്ങളോ പരിഗണിക്കേണ്ടതില്ല.
5. ബഡ്സ് സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് അവരുടെ വെല്ലുവിളിയുടെ തോത് പരിഗണിക്കാതെ സ്കോളർഷിപ്പും ബത്തയും അനുവദിക്കാവുന്നതാണ്.
6. അതത് ത്തദ്ദേശഭരണസ്ഥാപനത്തിലെ സ്ഥിര താമസക്കാരായ രക്ഷിതാക്കളുടെ കുട്ടികൾക്കാണ് സ്കോളർഷിപ്പിനും ബത്തയ്ക്കും അർഹതയുള്ളത്.
7. സ്കോളർഷിപ്പും ബത്തയും ലഭിക്കുന്നതിനായി ഗുണഭോക്താക്കളിൽ നിന്ന് അപേക്ഷകൾ വാങ്ങേണ്ടതില്ല. സ്കോളർഷിപ്പിനും ബത്തയ്ക്കും അർഹതയുള്ള കുട്ടികളെ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, അംഗനവാടി പ്രവർത്തകർ, ആശാവർക്കർമാർ എന്നിവരുടെ സഹായത്തോടെയും മറ്റ് ഉചിതമായ മാർഗ്ഗങ്ങളിലൂടെയും അന്വേഷണം നടത്തി ഐ.സി.ഡി.എസ്സ് സൂപ്പർവൈസർമാർ കണ്ടെത്തേണ്ടതും അവരുടെ വിശദാംശങ്ങൾ ശേഖരിച്ച് ഗുണഭോക്താക്തു ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്. അവ എല്ലാ വർഷവും അടുത്ത വർഷത്തെ പദ്ധതി രൂപീകരണത്തിനു മുന്നോടിയായി കാലികമാക്കേണ്ടതുമാണ്. ഏതെങ്കിലും ഘട്ടത്തിൽ അർഹതയുള്ള ഏതെങ്കിലും കുട്ടികളെ വിട്ടുപോയതായി ശ്രദ്ധയിൽപ്പെടുകയോ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനായി അപേക്ഷ നൽകുകയോ ചെയ്യുകയാണെങ്കിൽ, അർഹത പരിശോധിച്ച് അവരെ ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതും അടുത്ത മാസം മുതൽ സഹായം നൽകേണ്ടതുമാണ്.
8. ഗുണഭോക്താക്കളുടെ ലിസ്റ്റിന് ഗ്രാമസഭ/വാർഡ്സഭ/വാർഡ്കമ്മിറ്റിയുടെ അംഗീകാരം വാങ്ങേണ്ടതില്ല. എന്നാൽ ഗുണഭോക്താക്കളുടെ ലിസ്റ്റിന് ഗ്രാമപഞ്ചായത്ത് / നഗരസഭയുടെ അംഗീകാരം വാങ്ങിയിരിക്കേണ്ടതാണ്.
9. പരാമർശം (8) ഉത്തരവിലെ ഖണ്ഡിക 7.1.6 ലെ ഏതെങ്കിലും ഘടകങ്ങൾക്ക് സാമൂഹ്യനീതി വകുപ്പോ മറ്റേതെങ്കിലും വകുപ്പുകളോ ധനസഹായം നൽകുന്നുണ്ടെങ്കിൽ തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നും നൽകുന്ന ധനസഹായത്തിൽ ഇരട്ടിപ്പ് ഉണ്ടാകുന്നില്ലെന്ന് ഉറപ്പാക്കേണ്ടതാണ്.
10. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകേണ്ട ഗുണഭോക്താക്കളുടെ ലിസ്റ്റ്, അടുത്ത വർഷത്തെ പദ്ധതി രൂപീകരണത്തിന് മുന്നോടിയായി, CDPO മാർ ബന്ധപ്പെട്ട ICDS സൂപ്പർവൈസർമാരിൽ നിന്നും വാങ്ങി അതിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്തുകൾ ഇതിനായി വകയിരുത്തേണ്ട വിഹിതം കണക്കാക്കി എല്ലാ വർഷവും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ അറിയിക്കേണ്ടതാണ്. ജില്ലാ പഞ്ചായത്തുകളുടെ സംഗതിയിൽ ജില്ലാ സാമൂഹ്യനീതി ആഫീസർ CDPO മാരിൽ നിന്നും വിവരം ശേഖരിക്കേണ്ടതും ജില്ലാ പഞ്ചായത്തുകൾ

ഇതിനായി വകയിരുത്തേണ്ട വിഹിതം കണക്കാക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറിയെ അറിയിക്കേണ്ടതുമാണ്.

11. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും മുഴുവനായും നൽകുന്നതിനുള്ള കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തങ്ങളുടെ വാർഷിക പദ്ധതി സംബന്ധിച്ച ശിപാർശയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാരും നിർവ്വഹണ ഉദ്യോഗസ്ഥനും ഉറപ്പാക്കേണ്ടതാണ്.
12. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും മുഴുവനായും നൽകുന്നതിനുള്ള പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ടെന്ന് അതത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർ ഉറപ്പുവരുത്തേണ്ടതാണ്.
13. സ്കോളർഷിപ്പ്/ബത്തയിലെ പ്രതിമാസ ഘടകങ്ങൾ വർഷത്തിൽ 12 മാസവും നൽകേണ്ടതാണ്.
14. ധനസഹായതുക നിർവ്വഹണ ഉദ്യോഗസ്ഥൻ ഗുണഭോക്താവിന്റെയും (കുട്ടിയുടെ) രക്ഷകർത്താവിന്റെയും ജോയിന്റ് ബാങ്ക് അക്കൗണ്ടിലേക്ക് അതത് മാസം തന്നെ നൽകണം.
15. ധനസഹായം നൽകിവരുന്നവരുടെ ലിസ്റ്റ് തദ്ദേശഭരണസ്ഥാപനത്തിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതും ഓരോ സാമ്പത്തിക വർഷവും ആദ്യം കൂടുന്ന ഗ്രാമസഭ/വാർഡ്സഭ/വാർഡ് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതുമാണ്.
16. കൂടാതെ, എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയതിന്റെ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിക്കുകയും, സാമ്പത്തിക വർഷത്തിന്റെ അവസാനം, ബന്ധപ്പെട്ട പ്രോജക്ടിന്റെ ഭൗതിക നേട്ടമായി, ധനസഹായം നൽകിയ ഗുണഭോക്താക്കളുടെ വിവരങ്ങൾ, അനുവദിച്ച തുകയുടെ വിശദാംശങ്ങൾ സഹിതം സുലേഖ സോഫ്റ്റ്‌വെയറിൽ നിർബന്ധമായും രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനാവശ്യമായ സൗകര്യവും, ഈ വിവരങ്ങൾ സംസ്ഥാനാടിസ്ഥാനത്തിൽ ക്രോഡീകരിക്കുന്നതിനുള്ള സൗകര്യവും സുലേഖ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതിന് ഇൻഫർമേഷൻ കേരള മിഷൻ ഉടൻ നടപടി സ്വീകരിക്കേണ്ടതാണ്.
17. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകുന്നതിനാവശ്യമായ വിഹിതം കണ്ടെത്തുന്നതിന് പരാമർശം (6), (7) ഉത്തരവുകളിലെ ഖണ്ഡിക 5.4.1(8) പ്രകാരം നിർബന്ധമായും നീക്കിവയ്ക്കേണ്ട 5 ശതമാനം തുക ഉപയോഗിക്കുവാൻ പാടുള്ളതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനുപമ ടി വി

സ്പെഷ്യൽ സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്

8. ഡയറക്ടർ, റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ, അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്
11. അഡ്വക്കേറ്റ് ജനറൽ, കേരള (ആമുഖ കത്ത് സഹിതം)
12. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
13. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
14. എല്ലാ ജില്ലാ കളക്ടർമാർക്കും
15. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
16. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
17. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
18. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
19. ഡയറക്ടർ ജനറൽ, കില
20. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
21. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
22. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
23. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
24. വനിതാ ശിശു വികസന വകുപ്പ്
25. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് - ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ നൽകാനുള്ള പ്രോജക്ട് - നേരിട്ട് സ്കൂട്ടർ വാങ്ങി പ്രോജക്ട് നടപ്പാക്കുന്നതിന് പ്രത്യേകാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.342/2025/LSGD തീയതി,തിരുവനന്തപുരം, 04-02-2025

പരാമർശം:-
1. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
2. 08.11.2022ലെ ഡിഎ1/387/2022-തസ്വഭവ നമ്പർ സർക്കുലർ
3. പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 02.11.2024ലെ കത്ത്.

**ഉത്തരവ്**

സ്കൂട്ടർ ഓടിക്കാൻ കഴിവുള്ള ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വാങ്ങി നൽകാൻ പരാമർശിത മാർഗരേഖ പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കുമാണ് ഇതിനായി പ്രോജക്ട് ഏറ്റെടുക്കാൻ അനുമതിയുള്ളത്. ഇത്തരം ചെലവേറിയ ഉപകരണങ്ങൾ ത്രിതല പഞ്ചായത്തുകൾ ജില്ലാ പഞ്ചായത്ത് മുഖേന വാങ്ങണമെന്ന് പരാമർശിത സർക്കുലർ പ്രകാരവും നിർദ്ദേശം നൽകിയിട്ടുണ്ട്.

2. പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 'ഭിന്നശേഷിയുള്ളവർക്ക് സൈഡ് വീൽ സ്കൂട്ടർ' നൽകുന്നതിനായി പ്രൊജക്ട് രൂപീകരിച്ചെങ്കിലും പരാമർശിത സർക്കുലർ വ്യവസ്ഥ കാരണത്താൽ ആ വർഷം നടപ്പാക്കാൻ സാധിച്ചില്ല. തുടർന്ന്, 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 'ഭിന്നശേഷിയുള്ളവർക്ക് സൈഡ് വീൽ സ്കൂട്ടർ' എന്ന പദ്ധതി (പ്രോ. നം.S0017/25), പത്തുലക്ഷം രൂപ വകയിരുത്തി ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ നിർവഹണ ഉദ്യോഗസ്ഥയായി വീണ്ടും രൂപീകരിക്കുകയും, സർക്കുലർ പ്രകാരം വാങ്ങൽ നടപടികൾ സ്വീകരിക്കുന്നതിന് ആലപ്പുഴ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയെ അറിയിക്കുകയും ചെയ്തിരുന്നു. എന്നാൽ നടപ്പ് വർഷം ഇതിനായി ആലപ്പുഴ ജില്ലാ പഞ്ചായത്ത് പദ്ധതി ഏറ്റെടുത്തിട്ടില്ലായെന്നും ത്രിതല പഞ്ചായത്തുകൾക്കായി കേന്ദ്രീകൃതമായി ടെൻഡർ ചെയ്യുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് അവ്യക്തതയുണ്ടെന്നും അതിനാൽ സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വാങ്ങലിനായി ആലപ്പുഴ ജിലാ പഞ്ചായത്തിൽ നിന്നും നടപടികൾ സ്വീകരിക്കാൻ നിർവ്വാഹമില്ലെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറി ബ്ലോക്ക് പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ 'ഭിന്നശേഷിയുള്ളവർക്ക് സൈഡ് വിൽ സ്കൂട്ടറുകൾ' പ്രതിപാദ്യ സർക്കുലറിൽ പറയും പ്രകാരം ജില്ലാ പഞ്ചായത്ത് മുഖേനയുള്ള വാങ്ങൽ നടപടികളിലൂടെ

ലഭ്യമാക്കുന്നതിന് ജില്ലാ പഞ്ചായത്തിന് നിർദ്ദേശം നൽകുകയോ; അല്ലാത്ത പക്ഷം ബ്ലോക്ക് പഞ്ചായത്തിന് നേരിട്ട് KELTRON പോലുള്ള സ്ഥാപനങ്ങളിൽ നിന്നും വാങ്ങൽ നടപടികൾ സാധ്യമാക്കുന്നതിന് അനുമതി ലഭ്യമാക്കുകയോ ചെയ്യണമെന്ന് പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പരാമർശം 3 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വാങ്ങലിനായി ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രോജക്ട് ഏറ്റെടുത്തിട്ടില്ലാത്ത പ്രത്യേക സാഹചര്യത്തിൽ, പരാമർശിത സർക്കുലറിലെ മറ്റ് നിർദ്ദേശങ്ങൾ പാലിച്ച് ഭിന്നശേഷിയുള്ളവർക്ക് 'സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ' നടപടിക്രമങ്ങൾ പാലിച്ച് നേരിട്ട് വാങ്ങി വിതരണം ചെയ്യുന്നതിന് (പ്രോ. നം.S0017/25) പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിന് പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു. പ്രോജക്ട് നടപ്പാക്കുന്നതിനുള്ള മറ്റ് നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T

ജോയിന്റ് സെക്രട്ടറി

1. പ്രസിഡന്റ്/ സെക്രട്ടറി, പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത്, ചേർത്തല - 688531
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
3. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
4. ജില്ലാ പ്ലാനിംഗ് ഓഫീസർ, ആലപ്പുഴ
5. ജോയിന്റ് ഡയറക്ടർ(തദ്ദേശസ്വയംഭരണ വകുപ്പ്), ആലപ്പുഴ
6. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
7. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
8. ഡയറക്ടർ ജനറൽ, കില
9. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
10. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
11. വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
12. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കാസർഗോഡ് ജില്ലാ പഞ്ചായത്ത് - മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള ജില്ലാതല കർമ്മ പദ്ധതി - 2017-18 മുതൽ നടപ്പാക്കുന്ന പദ്ധതികളുടെ മിച്ചം തുക ഉപയോഗിച്ച് ഭിന്നശേഷിക്കാരുടെ ക്യാമ്പ് നടത്തി ആവശ്യമായ ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.689/2025/LSGD തീയതി,തിരുവനന്തപുരം, 14-03-2025

---

പരാമർശം:-

1. കാസർഗോഡ് ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 23.11.2023-ലെ 58(1)-ാം നമ്പർ തീരുമാനവും കാസർഗോഡ് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 23.09.2024-ലെ B4-2158/23 -ാം നമ്പർ കത്തും
2. തദ്ദേശ സ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടറുടെ 04.12.2024ലെ LSGD/PD/41777/2024-DPLA1 നമ്പർ റിപ്പോർട്ട്
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 30.01.2025-നു നടന്ന യോഗത്തിന്റെ തീരുമാനം 2.4 ഖണ്ഡിക 4.19

**ഉത്തരവ്**

കാസർഗോഡ് ജില്ലാ പഞ്ചായത്ത് 2017-18 വർഷം മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള ജില്ലാതല കർമ്മ പദ്ധതിക്ക് പ്രോജക്ട് ഏറ്റെടുത്തിരുന്നു (പ്രോ.നം. 19/18). ജില്ലാ പഞ്ചായത്ത് വിഹിതം, മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം, മുൻകാലങ്ങളിൽ വിവിധ പദ്ധതികൾക്കായി അനുവദിച്ചിരുന്ന തുക ബാങ്കിൽ സൂക്ഷിച്ചതിന്റെ ലഭ്യമായ പലിശ 68,38,628 രൂപ എന്നിവ ഉൾപ്പടെ ആകെ 2,23,75,707 രൂപയാണ് പ്രോജക്ടിന് വിഹിതം വകയിരുത്തിയിരുന്നത്. 2017-18 മുതൽ 2024-25 വരെ ഓരോ വർഷവും ഈ ആവശ്യത്തിനായി വിവിധ പ്രോജക്ടുകൾ തയ്യാറാക്കി നടപ്പാക്കുകയും, പ്രസ്തുത പ്രോജക്ടുകളുടെ ചെലവുകൾക്ക് ശേഷം 1,09,64,650/- രൂപ ശേഷിക്കുകയും ചെയ്തിരുന്നു. ഈ തുകയിൽ നിന്ന് എൻഡോസൾഫാൻ ബാധിത ലിസ്റ്റിലുള്ളതും ലൈഫ് ഭവന പദ്ധതിയിൽ വീട് ലഭിച്ചിട്ടുള്ളതുമായ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരുടെ വീടുകൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് ഒരു ലക്ഷം രൂപ വീതം നൽകാൻ 21.08.2022-ലെ കോഓർഡിനേഷൻ കമ്മിറ്റി പ്രത്യേക അനുമതി നൽകിയിരുന്നു. എന്നാൽ അതിനായി 40 പേർ മാത്രമാണ് അപേക്ഷകരായി വന്നത് എന്നതിനാൽ ബാക്കിയുള്ള തുക (69,64,650 രൂപ)യും പലിശയും ഉപയോഗിച്ച് ഭിന്നശേഷി വിഭാഗക്കാർക്ക് പ്രത്യേക പരിശോധനാ ക്യാമ്പ് നടത്തി ഉപകരണങ്ങൾ നൽകാനുള്ള പ്രോജക്ട് നടപ്പാക്കുന്നതിന് അനുമതി

നൽകണമെന്ന് കാസർഗോഡ് ജില്ലാ പഞ്ചായത്ത് സെക്രട്ടറി പരാമർശം 1 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

2. 2017-18 മുതൽ ലഭിച്ച തുക കാസർഗോഡ് ജില്ലാ മാനസിക-ശാരീരികവെല്ലുവിളിനേരിട്ടവർക്കുള്ള പുനരധിവാസ പദ്ധതിയുടെ തുടർച്ചയായി നടപ്പിലാക്കുന്ന എൻ.പി.ആർ.പി.ഡി (നാഷണൽ പ്രോഗ്രാം ഫോർ ദി റീഹാബിലിറ്റേഷൻ ഓഫ് പേഴ്സൺസ് വിത്ത് ഡിസബിലിറ്റി) പദ്ധതിയിൽ ഉൾപ്പെടുത്തി ഓർത്തോട്ടിക് ഉപകരണങ്ങൾ വാങ്ങി നൽകൽ, പെട്ടിക്കട നൽകൽ, സ്കൂളുകളിലെ റിസോഴ്സ് സെന്ററുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ തുടങ്ങി 9 പദ്ധതികൾക്കായാണ് തുക വിനിയോഗിച്ചത് എന്നും, എൻ.പി.ആർ.പി.ഡി പദ്ധതിക്കായി കേരള ഗ്രാമീൺ ബാങ്ക് വിദ്യാനഗർ ബ്രാഞ്ചിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിൽ പലിശ ഉൾപ്പെടെ ബാക്കി നിൽക്കുന്ന 1,09,64,650 രൂപയിൽ 40 ലക്ഷം രൂപ എൻഡോസൾഫാൻ ബാധിത ലിസ്റ്റിലുള്ളതും ലൈഫ് ഭവന പദ്ധതിയിൽ വീട് ലഭിച്ചിട്ടുള്ളതുമായ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരുടെ വീടുകൾ ഭിന്നശേഷി സൗഹൃദമാക്കി മാറ്റുന്നതിനായി ഒരു ഗുണഭോക്താവിന് ഒരു ലക്ഷം രൂപ എന്ന നിരക്കിൽ മാറ്റി വച്ചു എന്നും, ബാക്കി തുകയായ 69,64,650/- രൂപയ്ക്ക് ഭിന്നശേഷിക്കാർക്കുള്ള ക്യാമ്പ് നടത്തി ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനുള്ള പ്രോജക്ട് ഏറ്റെടുക്കാനാണ് ജില്ലാ പഞ്ചായത്ത് ഉദ്ദേശിക്കുന്നത് എന്നും, ഭിന്നശേഷിക്കാർക്കായുള്ള ക്യാമ്പ് നടത്തി ആവശ്യമായ ഉപകരണങ്ങളുടെ ലിസ്റ്റ് എടുത്തിട്ടുണ്ട് എന്നും ഈ പദ്ധതി കൂടി നടപ്പിലാക്കിയാൽ വർഷങ്ങളായി സ്പിൽ ഓവർ ആയി തുടർന്നു വരുന്ന പദ്ധതി അവസാനിപ്പിക്കാൻ സാധിക്കുമെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടർ പരാമർശം 2 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. പരാമർശിത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാ പഞ്ചായത്ത് 2017-18 ൽ ആരംഭിച്ച പദ്ധതിയുടെ മിച്ചമുള്ള മുഴുവൻ തുകയും ചെലവഴിക്കാൻ കഴിയും എന്നത് പരിഗണിച്ച്, 69,64,650/- രൂപ (അറുപത്തി ഒൻപതു ലക്ഷത്തി അറുപത്തി നാലായിരത്തി അറുനൂറ്റി അമ്പതു രൂപ മാത്രം )ചെലവഴിച്ച് ഭിന്നശേഷിക്കാരുടെ ക്യാമ്പ് നടത്തി ആവശ്യമായ ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. എന്നാൽ ഉപകരണങ്ങൾ നൽകുമ്പോൾ ഇരട്ടിപ്പുണ്ടാകാൻ പാടുള്ളതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ദീപ റ്റി വി

ജോയിന്റ് സെക്രട്ടറി

1. പ്രസിഡന്റ്/സെക്രട്ടറി, കാസർഗോഡ് ജില്ലാ പഞ്ചായത്ത് - 671123
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
3. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
4. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
5. ജില്ലാ പ്ലാനിംഗ് ഓഫീസർ, കാസർഗോഡ്
6. ജോയിന്റ് ഡയറക്ടർ (തദ്ദേശസ്വയംഭരണ വകുപ്പ്), കാസർഗോഡ്
7. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

8. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
9. ഡയറക്ടർ ജനറൽ, കില
10. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
11. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
12. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
13. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും - മേൽനോട്ട സംവിധാനം രൂപീകരിച്ചും അധിക മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1076/2025/LSGD തീയതി,തിരുവനന്തപുരം, 29-04-2025

പരാമർശം:-
1. സ.ഉ.(കൈ) നം.84/2022/തസ്വഭവ; തീയതി 19.04.2022
2. സ.ഉ.(കൈ) നം.86/2022/തസ്വഭവ; തീയതി 19.04.2022
3. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
4. സ.ഉ.(സാധാ) നം.183/2025/LSGD; തീയതി 19.01.2025
5. ശ്രീ. മാർട്ടിൻ പോൾ ഫയൽ ചെയ്ത 9961/2019 നമ്പർ റിട്ട് പെറ്റീഷനിലെ ബഹു. ഹൈക്കോടതിയുടെ 28.03.2025 ലെ വിധിന്യായം

**ഉത്തരവ്**

ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന അർഹരായ മുഴുവൻ കുട്ടികൾക്കും സ്കോളർഷിപ്പും ബത്തയും മുടക്കം കൂടാതെ അതത് മാസം നൽകുന്നതിനുള്ള പ്രോജക്ടുകൾ ഗ്രാമ പഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും അവയുടെ വാർഷിക പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കണമെന്ന് പതിനാലാം പഞ്ചവത്സരപദ്ധതി കാലയളവിലേക്ക് വേണ്ടി പരാമർശം (3) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിലെ ഖണ്ഡിക 7.1.6 പ്രകാരം നിർദേശം നൽകിയിട്ടുള്ളതാണ്. സ്കോളർഷിപ്പ്, ബത്ത എന്നീ ഇനങ്ങളിൽ നൽകേണ്ട തുകയുടെ നിരക്കുകളും മറ്റ് വിശദാംശങ്ങളും ആയതു പ്രകാരം വിശദീകരിച്ചിട്ടുണ്ട്.

2. ഇത്തരത്തിൽ അനുവദനീയമായ സ്കോളർഷിപ്പും ബത്തയും നൽകുന്നതിനാവശ്യമായ തുക ഗ്രാമ പ്രദേശങ്ങളിൽ നിശ്ചിത അനുപാതത്തിൽ ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ വാർഷിക പദ്ധതിയിൽ വകയിരുത്തി നൽകണമെന്നും, നഗരഭരണസ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അനുവദനീയമായ സ്കോളർഷിപ്പും ബത്തയും നൽകുന്നതിന് വേണ്ട മുഴുവൻ തുകയും അവയുടെ വാർഷിക പദ്ധതിയിൽ വകയിരുത്തണമെന്നും നിർദ്ദേശം നൽകിയിരുന്നെങ്കിലും, ചില തദ്ദേശഭരണസ്ഥാപനങ്ങൾ ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നതായും, അർഹതപ്പെട്ട മുഴുവൻ തുകയും നൽകുന്നില്ലെന്ന പരാതി നിലനിൽക്കുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും, ഇതിനെതിരെ പലരും കോടതിയെ സമീപിക്കുന്ന സ്ഥിതി സംജാതമാകുകയും ചെയ്തതിനെ തുടർന്ന്, ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് മാർഗ്ഗരേഖ ഉത്തരവ് പ്രകാരം അനുവദനീയമായ സ്കോളർഷിപ്പും ബത്തയും നൽകുന്നതിനുള്ള പ്രോജക്ടുകൾ

ഏറ്റെടുക്കുന്നതു സംബന്ധിച്ച അധിക മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് പരാമർശം 4 പ്രകാരവും ഉത്തരവായിരുന്നു.

3. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും സമയബന്ധിതമായി വിതരണം ചെയ്യുന്നത് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വമാണ്. ഈ പ്രോജക്ട് എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും മുടക്കം കൂടാതെ നടപ്പാക്കുന്നുണ്ട് എന്നും, അർഹരായ എല്ലാ ഗുണഭോക്താക്കളെയും ഉൾപ്പെടുത്തി സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരം പ്രസ്തുത പദ്ധതിയുടെ നിർവ്വഹണം നടത്തപ്പെടുന്നുണ്ട് എന്നും ഉറപ്പുവരുത്തുന്നതിനായി ചുവടെ പ്രകാരം മേൽനോട്ട സംവിധാനം രൂപീകരിച്ചും അധിക മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയും ഉത്തരവാകുന്നു.

- എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകുന്ന വിഷയത്തിൽ പരാമർശം ഉത്തരവിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്. ആയതിൽ വീഴ്ച്ച വരുത്തുന്നപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷണനടപടി സ്വീകരിക്കുന്നതാണ്.
- സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും, ഇല്ലെങ്കിൽ ആവശ്യമായ നടപടികൾ ശിപാർശ ചെയ്യുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ സംസ്ഥാനതല നോഡൽ ഓഫീസർ ആയി ചുമതലപ്പെടുത്തുന്നു. ജില്ലാ തലത്തിൽ ഇപ്രകാരമുള്ള മേൽനോട്ടം ജോയിന്റ് ഡയറക്ടർമാർ ഉറപ്പുവരുത്തേണ്ടതാണ്.
- ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന വിഷയത്തിൽ ഏതെങ്കിലും തദ്ദേശ ഭരണ സ്ഥാപനം വീഴ്ച്ച വരുത്തുന്ന പക്ഷം, ജോയിന്റ് ഡയറക്ടർമാർ ആവശ്യമായ നിർദ്ദേശം നൽകേണ്ടതും, ആവശ്യമുള്ളപക്ഷം വിഷയം പ്രിൻസിപ്പൽ ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതുമാണ്.
- സ്കോളർഷിപ്പ് ലഭിക്കാത്തത് സംബന്ധിച്ച ആക്ഷേപമുള്ള ഭിന്ന ശേഷിക്കാരായ കുട്ടികൾക്ക് നേരിട്ട് സമീപിക്കുന്നതിന്, സംസ്ഥാനതല/ ജില്ലാതല നോഡൽ ഓഫീസർമാർ ആവശ്യമായ സൗകര്യം ഒരുക്കേണ്ടതും ആയത് പരസ്യപ്പെടുത്തേണ്ടതുമാണ്.

4. പരാമർശം 5 വിധിന്യായം മേൽ പ്രകാരം പാലിച്ചുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്

9. ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്
10. ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്
11. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
12. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാ കളക്ടർമാർക്കും
14. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
15. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
16. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
17. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
18. ഡയറക്ടർ ജനറൽ, കില
19. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
20. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
21. അഡ്വക്കേറ്റ് ജനറൽ, കേരള (ആമുഖ കത്ത് സഹിതം)
22. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
23. സാമൂഹ്യ നീതി വകുപ്പ്
24. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എച്ച്.ഐ.വി. രോഗികൾക്ക് പോഷകാഹാര വിതരണത്തിന് പ്രതിമാസം ഉപയോഗിക്കാവുന്ന തുകയുടെ പരമാവധി പരിധി ഉയർത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1221/2025/LSGD തീയതി,തിരുവനന്തപുരം, 19-05-2025

പരാമർശം:- 1. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 24.04.2025-ന നടന്ന യോഗത്തിന്റെ തീരുമാനം 3.1

**ഉത്തരവ്**

എച്ച്.ഐ.വി ബാധിതർക്കും എയ്ഡ്സ് രോഗികൾക്കുമായുള്ള പോഷകാഹാര പ്രോജക്ടുകൾ ഗ്രാമപ്രദേശങ്ങളിൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ സംയുക്തമായും നഗര പ്രദേശങ്ങളിൽ നഗരഭരണ സ്ഥാപനങ്ങൾക്കും എറ്റെടുക്കാൻ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച പരാമർശിത മാർഗരേഖ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഒരു വ്യക്തിക്ക് പ്രതിമാസം 1000 രൂപയിൽ കവിയാത്ത തുക വികസന ഫണ്ടിൽ/തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കാനാണ് അനുമതി നൽകിയിട്ടുള്ളത്. ഒരു എച്ച്.ഐ.വി. രോഗിക്ക് പോഷകാഹാര വിതരണത്തിന് പ്രതിമാസം ഉപയോഗിക്കാവുന്ന പരമാവധി തുക 1,750 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ദീപ റ്റി വി

ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ, ആരോഗ്യ വകുപ്പ്

10. പ്രോജക്ട് ഡയറക്ടർ, കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി
11. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
12. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
14. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
17. ഡയറക്ടർ ജനറൽ, കില
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
20. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
21. ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
22. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

# 9. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഐ.റ്റി.ഐ, പോളിടെക്നിക് പാസ്സായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് അവരുടെ ട്രേഡിന് അനുസരിച്ചുള്ള ടൂൾ കിറ്റ് വാങ്ങി നൽകാൻ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കും അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2247/2022/LSGD തീയതി,തിരുവനന്തപുരം, 15-09-2022

---

പരാമർശം:- 1. സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28.05.2022

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.08.2022-ന നടന്ന യോഗത്തിന്റെ തീരുമാനം 3.11

**ഉത്തരവ്**

ഐ.റ്റി.ഐ. കളിൽ നിന്ന് വിവിധ ട്രേഡുകളിൽ പഠനം പൂർത്തിയാക്കിയ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതർ ഉണ്ട്. ഇവർക്ക് സ്വന്തമായി ടൂൾ കിറ്റുകൾ ഇല്ലാത്തതിനാൽ അവർ പഠിച്ച തൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്നതിന് കഴിയാത്ത സാഹചര്യമുണ്ടെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2. പരാമർശിത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഐ.റ്റി.ഐ, പോളിടെക്നിക്ക് കോഴ്സ് പാസ്സായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് അവരുടെ ട്രേഡിന് (ഇലക്ട്രീഷ്യൻ, പൈപ്പ് ഫിറ്റർ, വെൽഡിംഗ് തുടങ്ങിയ കോഴ്സുകൾ) അനുസരിച്ചുള്ള ടൂൾ കിറ്റ് വാങ്ങി നൽകാൻ അനുമതി നൽകി ഉത്തരവാകുന്നു. ഏതൊക്കെ ഉപകരണങ്ങളാണ് നൽകാവുന്നതെന്നും ഇതിന്റെ യൂണിറ്റ് നിരക്കെന്താണെന്നും യൂണിറ്റ് നിരക്ക് നിശ്ചയിക്കാനുള്ള ജില്ലാതല കമ്മിറ്റി തീരുമാനിക്കേണ്ടതാണ്. ജില്ലാതല കമ്മിറ്റിയിൽ ജില്ലയിലെ പോളിടെക്നിക്/ ഐ.റ്റി.ഐ പ്രിൻസിപ്പൽമാരിൽ ഒരാളെ കൂടി ഉൾപ്പെടുത്തേണ്ടതാണ്. ടൂൾ കിറ്റിന് എസ്.സി/എസ്.റ്റി വിഭാഗത്തിന് 75 ശതമാനം സബ്സിഡിയാണ് നൽകാവുന്നത്. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കും ഇതിനുള്ള പ്രോജക്ട് ഏറ്റെടുക്കാൻ അനുമതി നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും

5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. പഞ്ചായത്ത് ഡയറക്ടർ
9. നഗരകാര്യ ഡയറക്ടർ
10. ഗ്രാമവികസന കമ്മീഷണർ
11. ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്
12. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്
13. ഡയറക്ടർ, വ്യാവസായിക പരിശീലന വകുപ്പ്
14. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
15. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
16. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
17. എല്ലാ ജില്ലാകളക്ടർമാർക്കും
18. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
19. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
20. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
21. ഡയറക്ടർ ജനറൽ, കില
22. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
23. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്
24. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം - പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് നൽകുന്ന ധനസഹായവുമായി ഏകീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2593/2022/LSGD തീയതി,തിരുവനന്തപുരം, 26-10-2022

പരാമർശം:- 1. സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28.05.2022

2. സ.ഉ.കൈ) നം.43/2022/പ.ജാ.പ.വ.വി.വ; തീയതി 30.08.2022

3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.10.2022-ൽ കൂടിയ യോഗത്തിന്റെ തീരുമാനം നം. 3.1

**ഉത്തരവ്**

തദ്ദേശ ഭരണസ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച പരാമർശം (1) മാർഗരേഖ പ്രകാരം പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകാനുള്ള പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കും ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് 75000 രൂപ നിരക്കിൽ ധനസഹായം നൽകുന്നതിനാണ് അനുമതിയുള്ളത്. പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികൾക്ക് 1,00,000 രൂപയാണ് നൽകാവുന്നത്.

2. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് നൽകികൊണ്ടിരുന്ന ധനസഹായ തുക 75,000 രൂപയായിരുന്നു. എന്നാൽ പരാമർശം (2) ഉത്തരവു പ്രകാരം പട്ടികജാതി വിഭാഗത്തിലെ പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായ നിരക്ക് 1.25 ലക്ഷം രൂപയായി പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് വർദ്ധിപ്പിച്ചിട്ടുണ്ട്. ടി വകുപ്പ് നൽകുന്ന ധനസഹായവും തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന ധനസഹായവും ഏകീകരിക്കണമെന്നതാണ് പതിമൂന്നാം പഞ്ചവത്സരപദ്ധതി മുതൽ സർക്കാർ സ്വീകരിച്ചിരിക്കുന്ന നയം.

3. ഈ സാഹചര്യത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന പട്ടികജാതി വിഭാഗത്തിലെ പെൺകുട്ടികൾക്കു നൽകുന്ന വിവാഹ ധനസഹായതുക 1.25 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് ഉത്തരവാകുന്നു. പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികൾക്കും വിവാഹ ധനസഹായം ഈ നിരക്കിൽ നല്കാവുന്നതാണ്. പരാമർശം (1) മാർഗ്ഗരേഖയിൽ പ്രതിപാദിക്കുന്നതു പോലെ പട്ടികജാതി വിഭാഗത്തിന് 3.00 ലക്ഷം രൂപ വാർഷിക വരുമാനമെന്നതടക്കമുള്ള മറ്റു മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്. എന്നാൽ പട്ടികവർഗ്ഗ വിഭാഗത്തിന് വരുമാനപരിധി ബാധകമല്ല. തദ്ദേശ ഭരണ സ്ഥാപനങ്ങൾ നൽകുന്ന ഈ നിരക്ക് 15.10.2022 നു ശേഷം

നടക്കുന്ന വിവാഹത്തിനാണ് ബാധകമായിരിക്കുന്നത്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
4. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
5. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
6. പഞ്ചായത്ത് ഡയറക്ടർ
7. നഗരകാര്യ ഡയറക്ടർ
8. ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്
9. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. എല്ലാ ജില്ലാ ആസൂത്രണ സമിതിഅദ്ധ്യക്ഷന്മാർക്കും
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
14. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
15. ഡയറക്ടർ ജനറൽ, കില
16. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
17. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
18. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് വകുപ്പ്
19. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം. ഡിഎ1/395/2019-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 27-10-2022

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - ഗോത്ര സാരഥി പദ്ധതി - പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിഹിതം അനുവദിക്കുന്നത് - ഗുണഭോക്തൃലിസ്റ്റ് പരിശോധിച്ച് പദ്ധതി കാര്യക്ഷമമായി നടത്തുന്നത് - സംബന്ധിച്ച്.

സൂചന:-
1. ബഹു. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 1473/10/C2/2021/KeSCPCR, 7894/10/C2/2021/KeSCPCR, 5162/10/C2/2021/KeSCPCR എന്നീ സി.ആർ.എം.പി. നമ്പറുകളായ കേസുകളിലെ 20.01.2022 ലെ ഉത്തരവ്
2. 07.02.2022 ലെ ഡിഎ1/395/2019-തസ്വഭവ നമ്പർ സർക്കുലർ
3. സ.ഉ.(കൈ) നം.84/2022/തസ്വഭവ, തീയതി 19.04.2022
4. സ.ഉ.(കൈ) നം.86/2022/തസ്വഭവ, തീയതി 19.04.2022
5. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.10.2022 ന നടന്ന യോഗത്തിന്റെ തീരുമാനം 2.3 ഖണ്ഡിക 4.4

**********

പട്ടിക വർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് വിദ്യാലയത്തിൽ പോകാൻ സൗകര്യം ഒരുക്കുന്നതിനുള്ള ഗോത്രസാരഥി പദ്ധതി ഏറ്റെടുക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സൂചിത മാർഗ്ഗരേഖകൾ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ മുഖേനയാണ് നടത്തിയിരുന്നത്. എന്നാൽ 2020-21 മുതൽ തദ്ദേശഭരണസ്ഥാപനങ്ങളും പട്ടികവർഗ്ഗ വികസന വകുപ്പും കൂടി ചേർന്നാണ് ഈ പദ്ധതി നടപ്പാക്കുന്നത്. റ്റി.എസ്.പി വിഹിതം കുറവായതിനാൽ ചിലപ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ വിഹിതം കണ്ടെത്താൻ ബുദ്ധിമുട്ട് നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ വർഷം 2.54 കോടി രൂപ മാത്രമാണ് പട്ടികവർഗ്ഗ വികസന വകുപ്പ് ഗോത്രസാരഥി പദ്ധതിയ്ക്കായി മാറ്റി വെച്ചിട്ടുള്ളത്.

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിനായി പട്ടികവർഗ്ഗ വികസനവകുപ്പ് മാറ്റി വച്ചിരിക്കുന്ന ശീർഷകത്തിൽ നിന്ന് ഗോത്രസാരഥി പദ്ധതിക്കായി തുക മാറ്റിവെയ്ക്കുന്നത് പരിഗണിക്കുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികളുടെ ഗുണഭോക്തൃലിസ്റ്റ് അന്തിമമാക്കുന്നതനുസരിച്ച് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിഹിതം താഴേക്കു നൽകുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ നടപടി സ്വീകരിക്കണം. ഇതനുസരിച്ച് വിഹിതം ബന്ധപ്പെട്ട ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ മുഖേന ജില്ലകൾക്ക് നൽകാൻ നടപടി

സ്വീകരിക്കണം.

ഓരോ തദ്ദേശഭരണസ്ഥാപനത്തിലും ഇത്തരത്തിലുള്ള പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികളുടെ ഗുണഭോക്തൃലിസ്റ്റ് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ/ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ -ഉം തദ്ദേശ ഭരണസ്ഥാപനത്തിലെ റ്റി.എസ്.പി പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥനും സംയുക്തമായി പരിശോധിച്ച് അന്തിമമാക്കേണ്ടതാണ്. ഇതനുസരിച്ച് പട്ടികവർഗ്ഗ വികസന ഡയറക്ടർ വിഹിതം TDO മാർക്ക് കൈമാറണം. ഇങ്ങനെ കൈമാറി ലഭിക്കുന്ന തുക ആവശ്യമായ തുകയേക്കാൾ കുറവാണെങ്കിൽ കുറവ് എത്രയാണെന്നു കണക്കാക്കി ആ വിഹിതം ഗോത്രസാരഥി പദ്ധതി കാര്യക്ഷമമായി നടത്തുന്നതിന് അതതു തദ്ദേശഭരണസ്ഥാപനം വകയിരുത്തേണ്ടതാണ്.

ഇതിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിവരങ്ങൾ പട്ടികവർഗ്ഗ വികസന ഡയറക്ടർ നൽകണം. മേൽ പ്രകാരം നടപടികൾ സ്വീകരിക്കുന്നതിനാവശ്യമായ നിർദ്ദേശം പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് നൽകേണ്ടതും പഞ്ചായത്ത് ഡയറക്ടർ പ്രത്യേകമായി വിഷയം മോണിറ്റർ ചെയ്യേണ്ടതുമാണ്.

ലീന എൻ പി
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
5. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
6. പഞ്ചായത്ത് ഡയറക്ടർ
7. നഗരകാര്യ ഡയറക്ടർ
8. ഗ്രാമവികസന കമ്മീഷണർ
9. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
14. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
15. ഡയറക്ടർ ജനറൽ, കില
16. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
17. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
18. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്
19. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Sureshkumar K
Date: 31-10-2022 13:21:40
സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

നം. ഡിഎ1/120/2023-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 17-03-2023

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - പട്ടികജാതി/പട്ടികവർഗ്ഗ, മത്സ്യത്തൊഴിലാളി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നത് - നിലവിൽ അനുവദനീയമായ കോഴ്സുകൾക്കൊപ്പം ഐ.റ്റി.ഐ, അംഗീകൃത മെഡിക്കൽ സയൻസ് ഡിപ്ലോമ എന്നിവ ചേർക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28.05.2022
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 08.03.2023 നു നടന്ന യോഗത്തിന്റെ തീരുമാനം 3.3

**********

പതിനാലാം പഞ്ചവത്സരപദ്ധതി സബ്സിഡി - ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച സൂചിത മാർഗ്ഗരേഖ ഖണ്ഡിക 7.2.7 പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നതു സംബന്ധിച്ച് വിശദാംശങ്ങൾ ചേർത്തിട്ടുണ്ട്. ഇതനുസരിച്ച് ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക് (ഡിപ്ലോമ) എഞ്ചിനീയറിംഗ് അടക്കമുള്ള പ്രൊഫഷണൽ കോഴ്സ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം) ചാർട്ടേർഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ലാപ് ടോപ് നൽകാവുന്നത്. ഈ കോഴ്സുകൾക്കൊപ്പം ഐ.റ്റി.ഐ, അംഗീകൃത മെഡിക്കൽ സയൻസ് ഡിപ്ലോമ എന്നീ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കും ലാപ് ടോപ് നൽകാവുന്നതാണ്. മാർഗ്ഗരേഖ ഖണ്ഡിക 7.2.7 ലെ മറ്റു നിബന്ധനകൾ ലാപ് ടോപ് നൽകുന്നതിനു ബാധകമായിരിക്കുന്നതാണ്. പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കൊപ്പം മത്സ്യത്തൊഴിലാളി വിഭാഗത്തിലെ കുടുംബത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും മാർഗ്ഗരേഖ ഖണ്ഡിക 7.3.1 ലെ നിബന്ധനകൾക്ക് വിധേയമായി ലാപ് ടോപ് നൽകാവുന്നതാണ്.

ലീന എൻ പി
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും

3. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
4. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
5. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
6. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
7. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
8. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
9. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
10. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
11. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
12. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
13. ഡയറക്ടർ ജനറൽ, കില
14. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
15. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
16. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
17. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് സർക്കാർ സ്ഥാപനങ്ങളിൽ പരിശീലനം - ബി.എം.എൽ.റ്റി കോഴ്സിനോടൊപ്പം ഡി.എം.എൽ.റ്റി കോഴ്സ് പാസ്സായവരെ കൂടി തെരഞ്ഞെടുക്കാൻ - അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.635/2023/LSGD തീയതി,തിരുവനന്തപുരം, 17-03-2023

പരാമർശം:- 1. സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28.05.2022

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 08.03.2023 ന നടന്ന യോഗത്തിന്റെ തീരുമാനം 3.1

**ഉത്തരവ്**

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് സർക്കാർ സ്ഥാപനങ്ങളിൽ പരിശീലനം നൽകുന്നതിന് പദ്ധതി ഏറ്റെടുക്കാൻ പരാമർശിത മാർഗ്ഗരേഖ ഖണ്ഡിക 7.2.22 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഇത് പ്രകാരം എം.എൽ.റ്റി യോഗ്യതയുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ ഉദ്യോഗാർത്ഥികളെ സർക്കാർ സ്ഥാപനത്തിൽ നിയോഗിച്ച് പരിശീലനം നൽകാവുന്നതാണ്. പരിശീലന കാലയളവ് ആയ രണ്ടു വർഷകാലം പ്രതിമാസം 8000 രൂപ സ്റ്റൈപന്റ് നൽകാം. മാർഗ്ഗരേഖ പ്രകാരം എം.എൽ.റ്റി യോഗ്യതയുള്ളവർക്ക് മാത്രമാണ് നിലവിൽ പരിശീലനം നൽകാവുന്നത്. ബി.എം.എൽ.റ്റി ബിരുദകോഴ്സും ഡി.എം.എൽ.റ്റി ഇതിന്റെ ഡിപ്ലോമ കോഴ്സുമാണ്. പാരാമെഡിക്കൽ കൗൺസിലിന്റെ രജിസ്ട്രേഷൻ / അംഗീകാരം ഇല്ലാത്ത എം.എൽ.റ്റി പാസ്സായവരെയും ഇങ്ങനെ പരിശീലനത്തിനായി തദ്ദേശഭരണസ്ഥാപനങ്ങൾ തെരഞ്ഞെടുക്കുന്നുണ്ട്.

2. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് സർക്കാർ സ്ഥാപനങ്ങളിൽ പരിശീലനം നൽകുന്ന പദ്ധതിയിൽ ബി.എം.എൽ.റ്റി കോഴ്സിനോടൊപ്പം ഡി.എം.എൽ.റ്റി കോഴ്സ് പാസ്സായവരെ കൂടി തെരഞ്ഞെടുക്കാൻ അനുമതി നൽകി ഉത്തരവാകുന്നു. എന്നാൽ പാരാമെഡിക്കൽ കൗൺസിലിന്റെ രജിസ്ട്രേഷൻ / അംഗീകാരം ഉള്ള ബി.എം.എൽ.റ്റി, ഡി.എം.എൽ.റ്റി കോഴ്സ് പാസ്സായിട്ടുള്ളവരെ മാത്രമേ ഈ പദ്ധതിക്കായി തെരഞ്ഞെടുക്കുവാൻ പാടുള്ളൂ. ബി.എം.എൽ.റ്റി യോഗ്യതയുള്ളവർക്ക് 8000 രൂപയും ഡി.എം.എൽ.റ്റി യോഗ്യതയുള്ളവർക്ക് 7000 രൂപയും സ്റ്റൈപന്റ് ആയി നൽകാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

ജോയിന്റ് സെക്രട്ടറി

1. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

2. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
4. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
5. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
6. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
7. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
8. ഡയറക്ടർ, ആരോഗ്യ വകുപ്പ്
9. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
10. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
11. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
12. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
13. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
14. ഡയറക്ടർ ജനറൽ, കില
15. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
16. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
17. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
18. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി പദ്ധതി മാനദണ്ഡങ്ങൾ - സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിൽ ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.738/2023/LSGD തീയതി,തിരുവനന്തപുരം, 28-03-2023

പരാമർശം:-
1. സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28.05.2022
2. സ.ഉ.(പി) നം.5/2022/പജപവവിവ, തീയതി 05.12.2022
3. സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് കൺവീനറുടെ 15.01.2023ലെ 1431/എസ്.ആർ.ജി./2022 നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

പട്ടികജാതി/പട്ടികവർഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഉറപ്പാക്കാൻ വീടിനോടനുബന്ധിച്ച് പഠനമുറി നിർമ്മിച്ചു നൽകുന്നതിന് എല്ലാ തലത്തിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പദ്ധതി ഏറ്റെടുക്കാൻ, തദ്ദേശ ഭരണസ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച പരാമർശം (1) മാർഗരേഖ പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

2. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പും പഠനമുറി പദ്ധതി നടപ്പാക്കി വരുന്നുണ്ട്. പട്ടികജാതി വിഭാഗത്തിനുള്ള പഠനമുറി പദ്ധതിയുടെ നിലവിലുള്ള മാനദണ്ഡങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് പരാമർശം (2) പ്രകാരം ഭേദഗതി വരുത്തിയിട്ടുള്ള സാഹചര്യത്തിൽ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി നൽകുന്നതിന് പരാമർശം (1) മാർഗ്ഗരേഖ ഉത്തരവിലെ ഖണ്ഡിക 7.2.13 ൽ പ്രതിപാദിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ചുവടെ പ്രകാരം ഭേദഗതി വരുത്തി ഉത്തരവാകുന്നു. പുതുക്കിയ മാനദണ്ഡങ്ങൾ 01.04.2023 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്. ആനുകൂല്യത്തിന് അർഹതയുള്ള ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് പരാമർശം (1) മാർഗ്ഗരേഖ ഉത്തരവിലെ ഖണ്ഡിക 2.13 പ്രകാരം ആയിരിക്കുന്നതാണ്.

**7.2.13 - പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി:-** പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന്റെ സാമ്പത്തികവും സാമൂഹികവുമായ മുന്നേറ്റം യാഥാർത്ഥ്യമാകണമെങ്കിൽ അവർക്ക് മികച്ച വിദ്യാഭ്യാസം ലഭ്യമാക്കേണ്ടതുണ്ട്. അതിന് ആവശ്യമായ പഠന സൗകര്യം അവർക്ക് ആവശ്യമാണ്. പട്ടികജാതി / പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനസൗകര്യം ഉറപ്പാക്കുന്നതിനായി വീടുകളോടനുബന്ധിച്ച് പഠനമുറി നിർമ്മിക്കുന്നതിന് പരമാവധി രണ്ട് ലക്ഷം

രൂപ വരെ ധനസഹായം നൽകുന്നതിനുള്ള പ്രോജക്ടുകൾ എല്ലാ തലങ്ങളിലുമുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും ഏറ്റെടുക്കാവുന്നതാണ്. മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു;

1. സർക്കാർ/ എയ്ഡഡ്/ സ്പെഷ്യൽ/ ടെക്നിക്കൽ സ്കൂളുകളിലും കേന്ദ്രീയ വിദ്യാലയങ്ങളിലും 5 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ആനുകൂല്യം നൽകാവുന്നത്.
2. 800 ചതുരശ്ര അടിയിൽ അധികരിക്കാത്ത നിലവിലുള്ള വീടിനോട് ചേർന്ന് 120 ചതുരശ്ര അടി വിസ്തൃതിയിലാണ് പഠനമുറി നിർമ്മിക്കേണ്ടത്. 120 ചതുരശ്ര അടിയിൽ പഠനമുറി നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലസൗകര്യമില്ലാത്ത സാഹചര്യത്തിൽ 100 ചതുരശ്ര അടിയിൽ കുറയാത്ത വിസ്തൃതിയിൽ, നിർവ്വഹണ ഉദ്യോഗസ്ഥന്റെ പരിശോധനയുടെ അടിസ്ഥാനത്തിൽ, പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം നൽകാവുന്നതാണ്.
3. പഠനമുറി നിർമ്മിക്കുന്നതിന് 50,000 രൂപ മുൻകൂറായി നൽകാം. തദ്ദേശ ഭരണ സ്ഥാപനത്തിലെ എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ 75000 രൂപ വീതമുള്ള രണ്ട് ഗഡുക്കളായി തുടർന്നുള്ള ധനസഹായം അനുവദിക്കാം.
4. ആവശ്യമായ അളവിൽ പഠനമുറി നിർമ്മിക്കുന്നതിന് മതിയായ സ്ഥലസൗകര്യമില്ലാത്തവർക്ക് നിലവിലുള്ള കെട്ടിടത്തിന്റെ മുകളിലും പഠനമുറി നിർമ്മിക്കുന്നതിന്, തദ്ദേശ ഭരണ സ്ഥാപനത്തിന്റെ അസിസ്റ്റന്റ് എഞ്ചിനീയറുടെ സ്ട്രക്ച്ചറൽ സ്റ്റബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ, ധനസഹായം നൽകാവുന്നതാണ്.
5. നിലവിലുള്ള വീടിന്റെ വിസ്തീർണ്ണം ഏറ്റവും കുറവുള്ള കുടുംബം, ഒന്നിലധികം പെൺകുട്ടികൾ വിദ്യാർത്ഥിനികളായുള്ള കുടുംബം, വിധവ കുടുംബനാഥയായിട്ടുള്ള കുടുംബം, കിടപ്പുരോഗികൾ/ മാരകരോഗികൾ ഉള്ള കുടുംബം, ഒന്നിലധികം വിദ്യാർത്ഥികൾ ഉള്ള കുടുംബം എന്നിവർക്ക് മുൻഗണന നൽകേണ്ടതാണ്. മാനദണ്ഡങ്ങൾ ഒരുപോലെ വരുന്ന സാഹചര്യത്തിൽ കുറഞ്ഞ വരുമാനക്കാർക്ക് മുൻഗണന നൽകേണ്ടതാണ്.
6. ഗുണഭോക്തൃ ലിസ്റ്റിലെ അർഹതയുള്ള എല്ലാ 12-ാം ക്ലാസ് വിദ്യാർത്ഥികളെയും ആനുകൂല്യത്തിനായി ആദ്യം പരിഗണിക്കണം. അതിനുശേഷം 11 മുതൽ താഴോട്ടുള്ള ക്ലാസുകളിലെ വിദ്യാർത്ഥികളെ ഇതേ രീതിയിൽ പരിഗണിക്കേണ്ടതാണ്.
7. ആനുകൂല്യത്തിന് അർഹതയുള്ള വിദ്യാർത്ഥിയുടെ പേര് ഉൾപ്പെടുന്ന റേഷൻ കാർഡിൽ പ്രതിപാദിച്ചിരിക്കുന്ന കുടുംബാംഗത്തിന്റെ ഉടമസ്ഥതയിൽ ഉള്ള വീട്ടിൽ പഠനമുറി നിർമ്മിക്കാവുന്നതാണ്. അതായത് വീട് വിദ്യാർത്ഥിയുടെ മാതാവിന്റെയോ പിതാവിന്റെയോ പേരിൽ തന്നെ വേണമെന്ന് നിഷ്കർഷിക്കേണ്ടതില്ല. ഈ ഉത്തരവ് തീയതിയിലുള്ള റേഷൻ കാർഡ് വിവരങ്ങളാണ് അടിസ്ഥാനമാക്കേണ്ടത്.
8. പഠനമുറിയുടെ വൈദ്യുതീകരണത്തിനായി വയറിംഗ് പ്രവൃത്തികൾ (ലൈറ്റ്, ഫാൻ, പ്ലഗ് പോയിന്റ് അടക്കം) ചെയ്തിട്ടുണ്ടെങ്കിൽ പ്രത്യേക വാല്യൂവേഷൻ കൂടാതെ പരമാവധി 9100 രൂപ കൂടി വാല്യൂവേഷൻ തുകയിൽ ചേർക്കാവുന്നതാണ്. എന്നാൽ ഈ തുക ഉൾപ്പെടെ പഠനമുറിക്കായി നൽകുന്ന പരമാവധി ആനുകൂല്യം 2 ലക്ഷം രൂപയിൽ അധികരിക്കാൻ പാടില്ലാത്തതാണ്.

3. പരാമർശം (1) മാർഗ്ഗരേഖ മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
10. ഗ്രാമവികസന കമ്മീഷണർ
11. ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്
12. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്
13. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
14. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
15. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
16. എല്ലാ ജില്ലാകളക്ടർമാർക്കും
17. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
18. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
19. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
20. എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
21. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
22. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും (ജനറൽ)
23. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
24. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
25. ഡയറക്ടർ ജനറൽ, കില
26. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
27. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
28. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
29. പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ്
30. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വാസസ്ഥലത്ത് നിന്നും സ്കൂളുകളിൽ പോയി വരാൻ യാത്രാ സൗകര്യമൊരുക്കി നൽകി വന്ന "ഗോത്രസാരഥി പദ്ധതി" മാർഗ്ഗനിർദ്ദേശങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തി "വിദ്യാവാഹിനി" എന്ന് പുനഃ നാമകരണം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം) വകുപ്പ്**

സ.ഉ.(സാധാ) നം.415/2023/SCSTD 30-03-2023

---

പരാമർശം:-

1. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 17.01.2023 തീയതിയിലെ സി3/6200/2022 നമ്പർ കത്ത്.
2. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 17.02.2023 തീയതിയിലെ സി3/786/2023 നമ്പർ കത്ത്.
3. സ ഉ (സാധാ )നം .285/2023/പ ജ പ വ വി വ തീയതി: 28/02/2023

**ഉത്തരവ്**

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞു പോക്ക് തടയാനും, അവരെ പഠനത്തിൽ ഉത്സുകരാക്കാനും വേണ്ടി വാസസ്ഥലത്ത് നിന്നും സ്കൂളുകളിൽ പോയി വരാൻ യാത്രാ സൗകര്യമൊരുക്കി നൽകുന്ന "ഗോത്രസാരഥി പദ്ധതി" സർക്കാർ 2013 -14 വർഷം മുതൽ നടപ്പിലാക്കി വരുന്നു. 2020-21 അധ്യയന വർഷം മുതൽ പ്രസ്തുത പദ്ധതി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്നതിന് അനുമതി നൽകിയിരുന്നുവെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ പദ്ധതി നടപ്പാക്കുന്നതിനും, വാഹനങ്ങൾക്ക് തുക അനുവദിക്കുന്നതിനും തടസ്സം നേരിടുന്നതായും പരാമർശം (1) കത്ത് മുഖേന റിപ്പോർട്ട് ചെയ്തിരുന്നു. പദ്ധതിയുടെ പോരായ്മകൾ പരിഹരിച്ച് നടത്തിപ്പ് സുഗമമാക്കുന്നതിന് മുൻ വർഷങ്ങളിലെ മാർഗ്ഗനിർദ്ദേശങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്നും "വിദ്യാവാഹിനി" എന്ന് പുനഃ നാമകരണം ചെയ്ത് വകുപ്പ് തന്നെ നേരിട്ട് നടപ്പാക്കണമെന്നും പദ്ധതി നടത്തിപ്പിന്റെ മോണിറ്ററിംഗിനായി ഓരോ സ്കൂളിനും മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കാവുന്നതാണെന്നും പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം ശുപാർശ ചെയ്യുകയും പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2023-24 അധ്യയന വർഷം മുതൽ പട്ടികവർഗ്ഗ വികസന വകുപ്പ് തന്നെ പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകികൊണ്ടും ടി പദ്ധതി "വിദ്യാവാഹിനി"

എന്ന് പുനഃ നാമകരണം ചെയ്തു കൊണ്ടും പദ്ധതി നടത്തിപ്പിന്റെ മോണിറ്ററിംഗിനും നടത്തിപ്പിനുമായി ഓരോ സ്കൂളിനും ചുവടെ ചേർത്തിട്ടുള്ള അംഗങ്ങളെ ഉൾപ്പെടുത്തി മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | | |
|---|---|---|
| എ) | സ്കൂൾ ഹെഡ് മാസ്റ്റർ | കൺവീനർ |
| ബി) | സ്കൂൾ പി.ടി.എ. പ്രസിഡന്റ് | പ്രസിഡന്റ് |
| സി) | സ്ഥലത്തെ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | ജോയിന്റ് കൺവീനർ |
| ഡി) | സ്ഥലം ഗ്രാമ പഞ്ചായത്ത് വാർഡ് മെമ്പർ | അംഗം |
| ഇ) | സ്കൂളിലെ സീനിയർ അദ്ധ്യാപകൻ | അംഗം |
| എഫ്) | സ്ഥലത്തെ പട്ടികവർഗ പ്രൊമോട്ടർ/ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സോഷ്യൽ വർക്കർ /മെൻറ്റർ ടീച്ചർമാർ | അംഗങ്ങൾ |
| ജി) | പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഒരു വിദ്യാർത്ഥിയുടെ രക്ഷാകർത്താവ് | അംഗം |

(3) ഈ പദ്ധതി പട്ടികവർഗ്ഗക്കാരായ ഡ്രൈവർമാർക്കും വാഹന ഉടമകൾക്കും കൂടി ജോലിയും വരുമാനവും നൽകുന്ന രീതിയിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് എന്നതിനാൽ പദ്ധതി നടത്തിപ്പിന് വാഹനം ക്വട്ടേഷൻ ക്ഷണിക്കുമ്പോൾ പട്ടികവർഗ്ഗക്കാരായ വാഹന ഉടമകൾക്കും ഡ്രൈവർമാർക്കും മാത്രമേ അവസരം നൽകേണ്ടതുള്ളൂ.

പട്ടികവർഗ്ഗക്കാരായ യുവതീയുവാക്കൾക്ക് ഈ മേഖലയിലേക്ക് കടന്ന് വരാനുള്ള ലോൺ തുടങ്ങിയ സഹായങ്ങൾ നേടിയെടുക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങളും വകുപ്പ് ഉദ്യോഗസ്ഥർ നൽകേണ്ടതാണ്. മേൽ പറഞ്ഞതിൽ നിന്ന് വിഭിന്നമായി ചെയ്യേണ്ട പക്ഷം പട്ടികവർഗ്ഗക്കാരായ ഡ്രൈവർമാർക്കും വാഹന ഉടമകളും ലഭ്യമല്ല എന്ന് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. തുടർന്ന്, എത്രയും പെട്ടെന്ന് അനുയോജ്യരായ ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത് അവരെ ഈ പദ്ധതി നടത്തിപ്പിന് പ്രാപ്തരാക്കേണ്ടതാണ്. സ്കൂൾ വിദ്യാർത്ഥികളെ കൊണ്ട് പോകുന്ന വാഹനങ്ങൾക്കായി മോട്ടോർ വാഹന വകുപ്പ് പൊതുവായി നിർഷ്കരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്. പുതുക്കിയ വിശദമായ മറ്റ് മാർഗ്ഗനിർദ്ദേശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(4) പദ്ധതി പ്രകാരം വാടകയ്ക്ക് എടുക്കുന്ന വാഹനം, കോൺട്രാക്ടർ/വാഹന ഉടമയുടെ പെരും

വിശദാംശങ്ങളും, വാഹനത്തിൽ സഞ്ചരിക്കുന്ന കുട്ടികളുടെ പേരും വിലാസവും, സ്കൂളിൻറ്റെ വിലാസം, ദൂരം തുടങ്ങിയ എല്ലാ വിവരങ്ങളും ഡയറക്ടറേറ്റ് തലത്തിൽ "ഗൂഗിൾ സ്പ്രെഡ്ഷീറ്റിൽ (google spreadsheet)" ഏകീകരിച്ച രൂപത്തിൽ ലഭ്യമായിരിക്കേണ്ടതാണ്. നടത്തിപ്പ് തലത്തിലെ ഉദ്യോഗസ്ഥർ ഇതിൽ ഡാറ്റ നേരിട്ട് ചേർക്കേണ്ടതാണ്.

(5) ഡയറക്ടറേറ്റ് തലത്തിലും ജില്ലാതലത്തിലും റിവ്യൂ നടത്തിയും, ഓരോ തലത്തിലും 10% ശതമാനം random-check നടത്തിയും പദ്ധതി കാര്യക്ഷമമായി നടക്കുന്നു എന്നും പട്ടികവർഗ്ഗത്തിൽ പെട്ടവർക്ക് തന്നെയാണ് പദ്ധതിയുടെ ഉപയോഗം ലഭിക്കുന്നതെന്നും ഉറപ്പാക്കേണ്ടതാണ്.

(6) പദ്ധതി നടത്തിപ്പിനാവശ്യമായ ഫണ്ട് 2225-02-277-35-Promotion of education among ST students (പ്ലാൻ) ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രശാന്ത് എൻ ഐ എ എസ്

സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (സോഷ്യൽ & ജനറൽ സെക്ടർ), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എക്കോണമിക് & റവന്യൂ സെക്ടർ), കേരളം,തിരുവനന്തപുരം
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്
പൊതു വിദ്യാഭ്യാസ വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി. ആർ.ഡി, ഗവ. സെക്രട്ടറിയേറ്റ്,
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

1. സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളായിരിക്കും ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ .

2. പൊതുഗതാഗത സംവിധാനമില്ലാത്തതും ദുർഘടമായ പട്ടികവർഗ്ഗ പ്രദേശങ്ങളിൽ, പ്രത്യേകിച്ച് വനത്തിനുള്ളിലോ വനത്തിന് സമീപത്തോ താമസിക്കുന്ന, മറ്റ് വാഹന സൌകര്യം സുഗമമായി ലഭ്യമല്ലാത്ത പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മാത്രമാണ് വിദ്യാവാഹിനി പദ്ധതി.

3. എൽ.പി. & യു.പി. തലത്തിൽ പഠിക്കുന്ന വിദ്യാത്ഥികളുടെ വാസസ്ഥലവും സ്കൂളും തമ്മിൽ 1 കിലോമീറ്ററിൽ കൂടുതലും, ഹൈസ്കൂൾ തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളുടേത് 2 കീലോമീറ്ററിലും കൂടുതലും, സ്കൂൾ വകയോ മറ്റേതെങ്കിലും വകയോ വാഹന സൗകര്യമില്ലെങ്കിൽ ഈ പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

4. താമസിക്കുന്ന സ്ഥലത്തിന് ഏറ്റവും സമീപത്തായി സ്ഥിതി ചെയ്യുന്ന സ്കൂൾ ഏതാണോ ആ സ്കൂളിലേക്ക് പോകുന്നതിന് മാത്രമേ പദ്ധതി നടപ്പിലാക്കാൻ പാടുള്ളൂ. പ്രഥമാദ്ധ്യാപകരും ടൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരും ഇത് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

5. "വിദ്യാവാഹിനി" പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന മാത്രം നടത്തേണ്ടതും പദ്ധതി നടത്തിപ്പിൽ ഓവർലാപ്പിംഗ് ഒഴിവാക്കേണ്ടതുമാണ്. സമാനമായ സ്കീകമുകൾ ജില്ലാതലത്തിലോ ബ്ലോക് തലത്തിലോ, പഞ്ചായത്ത് തലത്തിലോ പദ്ധതിയിൽ ഉൾപ്പെടുത്താൻ പരിഗണിക്കുകയാണെങ്കിൽ അതത് തലത്തിൽ വകുപ്പ് ഉദ്യോഗസ്ഥർ ഈ ഉത്തരവ് ഏവരുടെയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

6. ഓരോ പ്രദേശങ്ങളിൽ നിന്നും സ്കൂളിൽ പോയി വരുന്ന വിദ്യാർത്ഥികളുടെ എണ്ണം അഞ്ചോ അതിൽ കുറവോ ആണെങ്കിൽ ടി വിദ്യാർത്ഥികൾക്ക് ഓട്ടോറിക്ഷയും, വിദ്യാർത്ഥികളുടെ എണ്ണം അഞ്ച് മുതൽ പത്ത് വരെ ആണെങ്കിൽ അവർക്ക് ജീപ്പും, അതിൽ കൂടുതൽ വിദ്യാർത്ഥികൾ ഉണ്ടെങ്കിൽ അനുയോജ്യവും സൗകര്യപ്രദവുമായ വാഹനം ഏർപ്പെടുത്തി നൽകേണ്ടതാണ്.

7. സ്കൂൾ ബസുകൾ (പി.ടി.എ. നടത്തുന്നത് ഉൾപ്പടെ) പ്രയോജനപ്പെടുത്തവാൻ സാധിക്കുന്ന സ്കൂളിലെ വിദ്യാർത്ഥികൾക്ക്, പൊതു വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന അതേ നിരക്കിലുള്ള ബസ്ചാർജ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നൽകാവുന്നതാണ് (എം.പി. എം.എൽ.എ ഫണ്ട് ഉപയോഗിച്ച് നിരവധി സ്കൂൾ ബസുകൾ ഉള്ളത് പ്രയോജനപ്പെടുത്താവുന്നതാണ്).

8. **ഈ പദ്ധതി പട്ടികവർഗ്ഗക്കാരായ ഡ്രൈവർമാർക്കും വാഹന ഉടമകൾക്കും കൂടി ജോലിയും വരുമാനവും നൽകുന്ന രീതിയിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് എന്നതിനാൽ പദ്ധതി നടത്തിപ്പിന് വാഹനം കണ്ട്രേഷൻ ക്ഷണിക്കുമ്പോൾ പട്ടികവർഗ്ഗക്കാരായ വാഹന ഉടമകൾക്കും ഡ്രൈവർമാർക്കും മാത്രമേ അവസരം നൽകേണ്ടതുള്ളൂ. പട്ടികവർഗ്ഗക്കാരായ യുവതീയുവാക്കൾക്ക് ഈ തൊഴിൽ മേഖലയിലേക്ക് കടന്ന് വരാനുള്ള ലോൺ തുടങ്ങിയ സഹായങ്ങൾ നേടിയെടുക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങളും വകുപ്പ് ഉദ്യോഗസ്ഥർ നൽ കേണ്ടതാണ്.** മേൽ പറഞ്ഞതിൽ നിന്ന് വിഭിന്നമായി ചെയ്യേണ്ട പക്ഷം പട്ടികവർഗ്ഗക്കാരായ ഡ്രൈവർമാർക്കും കോൺറ്റ്രാക്ടർ/വാഹന ഉടമകളും ലഭ്യമല്ല എന്ന് ടൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരും ഇത് സാക്ഷ്യപ്പെടുത്തേണ്ടതാണ്. തുടർന്ന്, എത്രയും പെട്ടെന്ന് അനുയോജ്യരായ ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത് അവരെ ഈ പദ്ധതി നടത്തിപ്പിന് പ്രാപ്തരാക്കേണ്ടതാണ്. സ്കൂൾ വിദ്യാർത്ഥികളെ കൊണ്ട് പോകുന്ന വാഹനങ്ങൾക്കായി മോട്ടോർ വാഹന വകുപ്പ് പൊതുവായി

നിർഷ്കരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

9. ഈ പദ്ധതി നടത്തിപ്പിന്റെ മോണിറ്ററിംഗിനും നടത്തിപ്പിനുമായി ഓരോ സ്കൂളിനും മോണിറ്ററിംഗ് കമ്മിറ്റി രൂപികരിക്കേണ്ടതാണ്.

10. സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ മുഖേന പരിശോധിച്ച് ഉറപ്പ് വരുത്തി ശിപാർശ ചെയ്യുന്ന മുറയ്ക്ക് മാത്രം പദ്ധതിക്ക് അനുമതി നൽകേണ്ടതാണ്.

11. വാഹനങ്ങൾ സ്കൂൾ പ്രഥമാദ്ധ്യാപിക/ അദ്ധ്യാപകൻ ക്വട്ടേഷനുകൾ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യുന്ന കോൺറ്റ്രാക്ടർ/വാഹന ഉടമകളുമായി നെഗോഷ്യയേറ്റ് ചെയ്ത് നടപ്പിലാക്കാവുന്നതാണ്. കരാറിൽ ഏർപ്പെടുന്നതിന് മുൻപായി ജില്ലയിലെ പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർക്ക് റിപ്പോർട്ട് ചെയ്യേണ്ടതും, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർമാർ അധ്യയന വർഷാരംഭത്തിൽ തന്നെ ഹെഡ് മാസ്റ്റർമാർ നൽകുന്ന പ്രൊപ്പോസൽ പരിശോധിച്ച് നടപടി സ്വീകരിക്കേണ്ടതുമാണ്.

12. പദ്ധതിക്കായി തെരഞ്ഞെടുക്കുന്ന വാഹനങ്ങൾ മോട്ടോർ വാഹന വകുപ്പിന്റെ എല്ലാ മാനദണ്ഡങ്ങളും പാലിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതും, വാഹനത്തിന് full insurance coverage ഉണ്ടായിരിക്കേണ്ടതുമാണ്.

13. വാഹനങ്ങളുടെ ഉടമകളുമായി വിദ്യാവാഹിനി പദ്ധതിക്കായി രൂപീകരിച്ച കമ്മിറ്റി /ഹെഡ് മാസ്റ്റർ ഒരു അധ്യയന വർഷത്തേക്ക് ധാരണാപത്രം ഒപ്പ വയ്ക്കേണ്ടതാണ്. ഏർപ്പെടുത്തുന്ന വാഹനത്തിന് ഏതെങ്കിലും കാരണത്താൽ വരാൻ സാധിക്കാത്ത പക്ഷം കരാർ ഒപ്പിട്ട വാഹന ഉടമ വിദ്യാർത്ഥികൾക്ക് യാത്ര മുടക്കം വരാത്ത വിധം ബദൽ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

14. പദ്ധതിയിൽ ഉൾപ്പെടുന്ന എല്ലാ പട്ടികവർഗ്ഗ വിദ്യാർത്ഥികളെയും ഓരോ വർഷവും ഒറ്റ തവണ പ്രീമിയം അടവ് നടത്തി അപകട ഇൻഷുറൻസ് ചെയ്യേണ്ടതാണ്. ബന്ധപ്പെട്ട സ്ഥാപന മേധാവി ലഭ്യമാക്കുന്ന ലിസ്റ്റ് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ പരിശോധിച്ച് പ്രീമിയം തുക പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർമാർ സ്ഥാപനമേധാവിക്ക് അനുവദിച്ച് നൽകുന്നതാണ്.

15. തെരഞ്ഞെടുക്കപ്പെടുന്ന സ്കൂളുകളിൽ അധ്യയന വർഷം ആരംഭിക്കുന്നതിന് മുൻപ് തന്നെ വാഹന ഉടമയുമായി കരാറിൽ ഏർപ്പെടേണ്ടതും സ്കൂൾ തുറക്കുമ്പോൾ മുതൽ പദ്ധതി ആരംഭിക്കേണ്ടതുമാണ്. ജൂൺ 30ന് ശേഷം പുതുതായി സ്കൂളുകളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതല്ല.

16. പദ്ധതിയുടെ ഗുണഭോക്താക്കളായ വിദ്യാർത്ഥികളുടെ പേര്, ക്ലാസ്, സ്കൂളിന്റെ പേര്, കോൺടാക്ട് നമ്പർ, ജാതി, വാർഷിക വരുമാനം, യാത്ര ചെയ്യുന്ന ദൂരം എന്നിവ ഉൾപ്പെടുന്ന വിശദ വിവരങ്ങൾ സ്ഥാപന മേധാവികൾ ഒരു എക്സൽ ഷീറ്റിൽ തയ്യാറാക്കി ഇ-മെയിൽ മുഖേന ബന്ധപ്പെട്ട പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർമാർക്ക് അയക്കേണ്ടതും, ആയത് ക്രോഡീകരിച്ച് പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർമാർ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് അയക്കേണ്ടതുമാണ്.

17. ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകൾ കണക്കിലെടുത്ത് പദ്ധതിയുടെ സദുദ്ദേശത്തിനനുസൃതമായ സൗകര്യങ്ങൾ അധിക സാമ്പത്തിക ബാധ്യത ഉണ്ടാകാത്ത വിധത്തിൽ പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർമാരുടെ അനുമതിക്ക് വിധേയമായി ഏർപെടുത്തേണ്ടതാണ്.

18. പദ്ധതി നടപ്പിലാക്കുന്നതിന് എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ടുകളോ വൈഷമ്യങ്ങളോ കാണുന്ന പക്ഷം ആയത് സുതാര്യമായും പ്രാദേശികമായും പരിഹരിക്കേണ്ടതാണ്.

19. പദ്ധതിയുടെ മേൽ നോട്ടം ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ വഹിക്കേണ്ടതാണ്.

20. പദ്ധതിക്കായി തെരഞ്ഞെടുക്കുന്ന വാഹനങ്ങളുടെ വാടക സർക്കാർ അംഗീകൃത (മോട്ടോർ വെഹിക്കിൾ ആക്ട് പ്രകാരം) നിരക്കിന് വിധേയമായിരിക്കേണ്ടതാണ്.

21. ഏതൊക്കെ പ്രദേശങ്ങളിലാണ് പദ്ധതി നടപ്പിലാക്കേണ്ടത് എന്നുള്ളത് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ പരിശോധിച്ച് ഉറപ്പ് വരുത്തി സ്കൂളും സങ്കേതവും തമ്മിലുള്ള ദൂരം പ്രദേശത്തിന്റെ ഘടന എന്നിവ ഉൾപ്പെടെ സാക്ഷ്യപ്പെടുത്തി നൽകേണ്ടതാണ്.

22. ബന്ധപ്പെട്ട സ്കൂൾ ഹെഡ് മാസ്റ്റർ ഓരോ മാസത്തേയും പദ്ധതി നടത്തിപ്പിന്റെ റിപ്പോർട്ടും ഹാജർ പട്ടികയും അനുബന്ധ രേഖകളും, തൊട്ടടുത്ത മാസം 10 നകം ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർക്ക് നൽകേണ്ടതും, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ ആയത് പരിശോധിച്ച് ഉറപ്പ് വരുത്തി സാക്ഷ്യപ്പെടുത്തി നൽകുന്ന മുറക്ക് പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർമാർ അർഹമായ തുക DBT സംവിധാനത്തിലൂടെ വാഹന കോൺറ്റ്രാക്ടർ/ഉടമകൾക്ക് അനുവദിച്ച് നൽകേണ്ടതുമാണ്.

23. കേന്ദ്ര സർക്കാർ/ സംസ്ഥാന സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങൾ/ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ എന്നിവയിൽ ജീവനക്കാരായ പട്ടികവർഗ്ഗക്കാരുടെ മക്കൾക്ക് വിദ്യാവാഹിനി പദ്ധതിയിൽ ഗുണഭോക്താക്കളായിരിക്കുന്നതല്ല.

24. പട്ടിക വർഗ്ഗ പ്രൊമോട്ടർ/സോഷ്യൽ വർക്കർമാർ എന്നിവർ ആഴ്ചയിൽ ഒരു ദിവസം സ്കൂളിൽ എത്തിച്ചേർന്ന് പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഹാജർ വിവരം ശേഖരിക്കേണ്ടതും വിദ്യാവാഹിനി പദ്ധതി പ്രകാരം വാഹന സൗകര്യം ഉണ്ടായിട്ടും സ്കൂളിൽ പഠനത്തിന് വരാത്ത പട്ടികവർഗ്ഗ വിദ്യാർത്ഥികളെ കണ്ടെത്തി സ്കൂളിൽ എത്തിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും വിശദ വിവരം ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരെ അറിയിക്കേണ്ടതുമാണ്. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ മാസത്തിൽ ഒരു തവണ പദ്ധതി നടപ്പിലാക്കുന്ന സ്കൂളുകൾ സന്ദർശിച്ച് വിവരങ്ങൾ ശേഖരിച്ച് പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്മെൻറ് ഓഫീസർമാരെ അറിയിക്കേണ്ടതുമാണ്.

25. പദ്ധതി പ്രകാരം വാടകയ്ക്ക് എടുക്കുന്ന വാഹനം, കോൺറ്റ്രാക്ടർ/വാഹന ഉടമയുടെ പെരും വിശദാംശങ്ങളും, വാഹനത്തിൽ സഞ്ചരിക്കുന്ന കുട്ടികളുടെ പേരും വിലാസവും, സ്കൂളിൻറ്റെ വിലാസം, ദൂരം തുടങ്ങിയ എല്ലാ വിവരങ്ങളും ഡയറക്ടറേറ്റ് തലത്തിൽ "ഗൂഗിൾ സ്പ്രെഡ്ഷീറ്റിൽ (google spreadsheet)" ഏകീകരിച്ച രൂപത്തിൽ ലഭ്യമായിരിക്കേണ്ടതാണ്. നടത്തിപ്പ് തലത്തിലെ ഉദ്യോഗസ്ഥർ ഇതിൽ ഡാറ്റ നേരിട്ട് ചേർക്കേണ്ടതാണ്. ഡയറക്ടറേറ്റ് തലത്തിലും ജില്ലാതലത്തിലും റിവ്യു നടത്തിയും, ഓരോ തലത്തിലും 10% ശതമാനം random-check നടത്തിയും പദ്ധതി കാര്യക്ഷമമായി നടക്കുന്നു എന്നും പട്ടികവർഗ്ഗത്തിൽ പെട്ടവർക്ക് തന്നെയാണ് പദ്ധതിയുടെ ഉപയോഗം ലഭിക്കുന്നതെന്നും

ഉറപ്പാക്കേണ്ടതാണ്.

–

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

നം. ഡിഎ1/174/2023-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 17-05-2023

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - ഗോത്രസാരഥി പദ്ധതി "വിദ്യാവാഹിനി" എന്ന പേരിൽ പട്ടികവർഗ്ഗ വികസന വകുപ്പ് തന്നെ നടപ്പാക്കുന്നതിനാൽ തദ്ദേശ സ്ഥാപനങ്ങൾ ഇനിമുതൽ മേൽ പ്രൊജക്റ്റ് ഏറ്റെടുക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. സ.ഉ.(സാധാ)നം.725/2020/തസ്വഭവ; തീയതി 01.04.2020
2. സ.ഉ.(കൈ) നം.84/2022/തസ്വഭവ, തീയതി 19.04.2022
3. സ.ഉ.(കൈ) നം.86/2022/തസ്വഭവ, തീയതി 19.04.2022
4. സ.ഉ.(സാധാ)നം.415/2023/SCSTD; തീയതി 30.03.2023
5. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 25.04.2023-ന നടന്ന യോഗത്തിന്റെ തീരുമാനം 3.2
6. സ.ഉ.(സാധാ)നം.989/2023/തസ്വഭവ തീയതി 06.05.2023

**********

വിദൂരവും ദുർഘടവുമായ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ നിന്ന് വിദ്യാർത്ഥികളെ സ്കൂളുകളിൽ എത്തിക്കുന്നതിന് യാത്രാസൗകര്യമൊരുക്കുന്നതിന്റെ ഭാഗമായി ഗോത്രസാരഥി എന്ന പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കുന്നുണ്ടായിരുന്നു. പട്ടികവർഗ്ഗവികസന വകുപ്പ് ആവശ്യപ്പെട്ട പ്രകാരം ഗോത്രസാരഥി പദ്ധതി നടത്തിപ്പിനായി ടി.എസ്.പി. ഫണ്ട് വകയിരുത്തി പ്രൊജക്റ്റ് ഏറ്റെടുക്കാൻ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും സൂചന (1) ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പുമായി ചേർന്ന് ഗോത്രസാരഥി പ്രോജക്റ്റ് ഏറ്റെടുക്കാൻ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പതിനാലാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖകൾ പ്രകാരവും അനുമതി നൽകിയിരുന്നു.

പട്ടികജാതി പട്ടികവർഗ്ഗവികസന വകുപ്പിന്റെ സൂചന (4) ഉത്തരവു പ്രകാരം ഗോത്രസാരഥി പദ്ധതിയുടെ പേര് "വിദ്യാവാഹിനി" എന്ന് പുനഃനാമകരണം ചെയ്യുകയും ഈ പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ് തന്നെ നടപ്പാക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ തദ്ദേശ ഭരണസ്ഥാപനങ്ങൾ ഇനി മുതൽ ഗോത്രസാരഥി പദ്ധതിക്കായി പ്രോജക്ടുകൾ എടുക്കേണ്ടതില്ലെന്ന് നിർദ്ദേശം നൽകുന്നു.

ലീന എൻ പി
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
5. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
8. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഗ്രാമവികസന കമ്മീഷണർ
10. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്
11. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
12. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
14. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
17. ഡയറക്ടർ ജനറൽ, കില
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
20. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
21. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്
22. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി പദ്ധതി - നിലവിലുള്ള മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1877/2023/LSGD തീയതി,തിരുവനന്തപുരം, 21-09-2023

പരാമർശം:-
1. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
2. സ.ഉ.(സാധാ)നം.738/2023/തസ്വഭവ; തീയതി 28.03.2023
3. തൃശ്ശൂർ ജില്ലാ പട്ടികജാതി വികസന ഓഫിസറുടെ 08.08.2023ലെ DDOTSR/3627/2023-G6 നമ്പർ കത്ത്

**ഉത്തരവ്**

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഉറപ്പാക്കാൻ വീടിനോട് അനുബന്ധിച്ച് പഠനമുറി നിർമ്മിച്ചുനൽകുന്നതിന് എല്ലാ തലത്തിലുമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും പദ്ധതി ഏറ്റെടുക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച പരാമർശം (1) ലെ മാർഗ്ഗരേഖ (ഖണ്ഡിക 7.2.13) പ്രകാരം അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത മാനദണ്ഡങ്ങൾ പരാമർശം (2) പ്രകാരം പരിഷ്കരിച്ചും ഉത്തരവായിട്ടുണ്ട്.

2. പരിഷ്കരിച്ച മാനദണ്ഡങ്ങളുടെ ഖണ്ഡിക 7.2.13 - ലെ ക്രമനമ്പർ 3 അനുസരിച്ച് പഠനമുറി നിർമ്മിക്കുന്നതിന് 50,000 രൂപ മുൻകൂറായി നൽകാവുന്നതും തുടർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ 75,000 രൂപ വീതമുള്ള രണ്ട് ഗഡുക്കളായി ധനസഹായം അനുവദിക്കാവുന്നതുമാണ്. ലൈഫ് പദ്ധതിയിൽ ഭവന നിർമ്മാണ ആനുകൂല്യങ്ങൾ നൽകുമ്പോഴും പട്ടികജാതി വികസന വകുപ്പ് പഠനമുറിക്കുള്ള ധനസഹായം അനുവദിക്കുമ്പോഴും എഞ്ചിനീയറുടെ മൂല്യ നിർണ്ണയം വ്യവസ്ഥ ചെയ്യുന്നില്ല. പഠനമുറി പദ്ധതിയുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പട്ടികജാതി വികസന വകുപ്പും വ്യത്യസ്ത രീതിയിൽ തുക നൽകുന്നത് ഏകീകരിക്കണമെന്ന ആവശ്യവും ഉന്നയിക്കപ്പെട്ടിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതനുസരിച്ച് പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നത് സംബന്ധിച്ച പരാമർശം 1 ന്റെ ഖണ്ഡിക 7.23 പ്രകാരം നിശ്ചയിച്ചതും പരാമർശം 2 പ്രകാരം

പരിഷ്കരിച്ചതുമായ മാനദണ്ഡങ്ങളുടെ ക്രമനമ്പർ 3 ചുവടെ പറയും പ്രകാരം ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

'3. പഠനമുറി നിർമ്മിക്കുന്നതിന് എഗ്രിമെന്റ് വച്ചശേഷം 30,000 രൂപ മുൻകൂറായി നൽകാം. നിർവ്വഹണ ഉദ്യോഗസ്ഥന്റെ തന്നെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 60,000 രൂപ (ബേസ്മെന്റ് പൂർത്തിയാകുമ്പോൾ), 80,000 രൂപ (മേൽക്കൂര പൂർത്തിയാകുമ്പോൾ), 30,000 രൂപ (പ്ലാസ്റ്ററിംഗ്, വൈറ്റ് വാഷ് തുടങ്ങിയവ പൂർത്തിയാകുമ്പോൾ) എന്നിങ്ങനെ മൂന്ന് ഗഡുക്കളായി തുടർന്നുള്ള ധനസഹായം അനുവദിക്കാം. ഇപ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും നൽകുന്നതു പോലെ ആകെ നാല് ഗഡുക്കളായി തുക നൽകുന്നത് ഏകീകരിക്കുന്നു. മേൽപ്രകാരം ആരംഭ ഘട്ടത്തിലും പൂർത്തീകരണ ഘട്ടത്തിലുമായി മാത്രം വാല്യുവേഷൻ പരിമിതപ്പെടുത്തുന്നു.'

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
10. ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്
11. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്
12. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
13. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
14. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
15. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
16. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
17. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
18. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
19. ഡയറക്ടർ ജനറൽ, കില
20. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
21. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
22. വിവര പൊതുജനസമ്പർക്ക(വെബ് &ന്യൂ മീഡിയ) വകുപ്പ്
23. പട്ടിക ജാതി പട്ടികവർഗ്ഗ വികസന വകുപ്പ്
24. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് സർക്കാർ സ്ഥാപനങ്ങളിൽ പരിശീലനം - വിദ്യാർത്ഥികളുടെ യോഗ്യതയിൽ 'ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ്' ഉൾപെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2058/2023/LSGD തീയതി,തിരുവനന്തപുരം, 19-10-2023

പരാമർശം:- 1. സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28.05.2022

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.09.2023-ന് നടന്ന യോഗത്തിന്റെ തീരുമാനം 3.7

**ഉത്തരവ്**

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ച് ജോലി നേടുന്നതിനായി തൊഴിൽ പരിചയം നൽകുന്നതിനും അവർക്ക് സ്റ്റൈപന്റ് നൽകുന്നതിനും പ്രോജക്ട് എറ്റെടുക്കാൻ പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി - ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച പരാമർശിത മാർഗ്ഗരേഖ (ഖണ്ഡിക 7.2.22) പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി പരിചയത്തിനായി തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികളുടെ യോഗ്യത സംബന്ധിച്ചും നൽകാവുന്ന പ്രതിമാസ സ്റ്റൈപന്റ് സംബന്ധിച്ചും മാർഗ്ഗരേഖയിൽ പ്രതിപാദിക്കുന്നുണ്ട്. മേൽ പ്രകാരം മാർഗ്ഗരേഖയിൽ പറയുന്ന യോഗ്യതയോടൊപ്പം താഴെപ്പറയുന്ന യോഗ്യതയുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ യുവജനങ്ങളെയും പരിശീലനത്തിനായി തെരഞ്ഞെടുക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

| യോഗ്യത | പ്രതിമാസ സ്റ്റൈപ്പന്റ് |
|---|---|
| (1) ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് | 7000 രൂപ |

2. ആയത് പ്രകാരം പരാമർശിത മാർഗ്ഗരേഖയിൽ ഭേദഗതി വരുത്തിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
5. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്

6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
8. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ, പട്ടിക ജാതി വികസന വകുപ്പ്
10. ഡയറക്ടർ, പട്ടിക വർഗ്ഗ വികസന വകുപ്പ്
11. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
12. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
13. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
14. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
15. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
16. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
17. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
18. ഡയറക്ടർ ജനറൽ, കില
19. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
20. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
21. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
22. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജില്ലാ കലോത്സവങ്ങളിലും കായിക മേളകളിലും മത്സരിച്ച് വിജയിച്ച വിദ്യാർത്ഥികൾക്ക് അവരവരുടെ മേഖലയിൽ ആവശ്യമായ ഉപകരണങ്ങൾ വാങ്ങി നൽകുന്നത് - സ്കൂൾ വിദ്യാർത്ഥികൾക്ക് കൂടി ധനസഹായം നൽകാൻ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2388/2023/LSGD തീയതി,തിരുവനന്തപുരം, 01-12-2023

പരാമർശം:- 1. സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28.05.2022

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.11.2023-ൽ കൂടിയ യോഗത്തിന്റെ തീരുമാനം നം. 3.3

**ഉത്തരവ്**

ജില്ലാ കലോത്സവങ്ങൾ, ജില്ലാ കായിക മേളകൾ, യൂണിവേഴ്സിറ്റി തല മത്സരങ്ങൾ എന്നിവയിൽ മത്സരിച്ച് വിജയിച്ച് ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്ന കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥി/വിദ്യാർത്ഥിനികൾക്ക് അവരവരുടെ മേഖലയിൽ തുടർന്നും പ്രവർത്തിക്കുന്നതിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം നൽകുന്നതിന് പരാമർശം (1) മാർഗ്ഗരേഖ പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

2. മേൽ പരാമർശിച്ച രീതിയിൽ സ്കൂൾ വിദ്യാർത്ഥികളിൽ ജില്ലാതല കലോത്സവങ്ങൾ, കായിക മേളകളിൽ വിജയിച്ച് ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്നവർക്ക് ധനസഹായം നൽകാമോ എന്ന് വ്യക്തത വരുത്തണമെന്ന് തദ്ദേശഭരണസ്ഥാപനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്.

3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം (2)ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്കൂൾ വിദ്യാർത്ഥികൾക്ക് കൂടി താഴെപ്പറയും പ്രകാരം ധനസഹായം നൽകാൻ അനുമതി നൽകി ഉത്തരവാകുന്നു.

കോളേജ് വിദ്യാർത്ഥികൾക്ക് നിലവിലെ മാർഗ്ഗരേഖ പ്രകാരം താഴെ പറയുന്ന രീതിയിലാണ് ഉപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം നൽകാവുന്നത്;

| തലം | അർഹതാ മാനദണ്ഡം | നൽകാവുന്ന ധനസഹായം | |
|---|---|---|---|
| | | ഒന്നാം സ്ഥാനം | രണ്ടാം സ്ഥാനം |
| ജില്ലാതലം | കോളേജിൽ നിന്നുള്ള വിജയം | 6000 രൂപ | 3500 രൂപ |
| യൂണിവേഴ്സിറ്റിതലം | ജില്ലയിൽ നിന്നുള്ള വിജയം | 9000 | 6000 |

| | | | |
|---|---|---|---|
| | | രൂപ | രൂപ |

സ്കൂൾ വിദ്യാർത്ഥികൾക്ക് താഴെ പറയുന്ന രീതിയിൽ ധനസഹായം നൽകാവുന്നതാണ്

| തലം | അർഹതാ മാനദണ്ഡം | നൽകാവുന്ന ധനസഹായം | |
|---|---|---|---|
| | | ഒന്നാം സ്ഥാനം | രണ്ടാം സ്ഥാനം |
| ജില്ലാതലം | സബ് ജില്ലാ കലാമേളയിൽ നിന്നുള്ള വിജയം | 4000 രൂപ | 2500 രൂപ |
| സംസ്ഥാനതലം | ജില്ലയിൽ നിന്നുള്ള വിജയം | 7000 രൂപ | 4500 രൂപ |

4. നിലവിലെ മാർഗ്ഗരേഖ പ്രകാരം കോളേജ് വിദ്യാർത്ഥികൾക്ക് ധനസഹായം നൽകാവുന്നത് ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമാണ്. ഈ രീതി തുടരേണ്ടതാണ്. സ്കൂൾ വിദ്യാർത്ഥികൾക്ക് ധനസഹായം നൽകാനുള്ള പ്രോജക്ട് ബ്ലോക്ക് പഞ്ചായത്തിനും ഗ്രാമപഞ്ചായത്തിനും നഗരസഭകൾക്കും ഏറ്റെടുക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
5. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-അറബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
10. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
11. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
12. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
13. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
14. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
15. ഡയറക്ടർ ജനറൽ, കില
16. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
17. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
18. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
19. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകൽ - മുഴുവൻ സമയ ഗവേഷണം നടത്തുന്ന വിദ്യാർത്ഥികൾക്കും അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1016/2024/LSGD തീയതി,തിരുവനന്തപുരം, 11-06-2024

പരാമർശം:- 1. സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28.05.2022

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.03.2024-ന നടന്ന യോഗത്തിന്റെ തീരുമാനം 3.4

**ഉത്തരവ്**

തദ്ദേശ ഭരണസ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച പരാമർശിത മാർഗരേഖ ഖണ്ഡിക 7.2.7 പ്രകാരം ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക്ക് (ഡിപ്ലോമ), എഞ്ചിനീയറിംഗ്, അടക്കമുള്ള പ്രൊഫഷണൽ കോഴ്സ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം) ചാർട്ടേഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നൽകാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിനൊപ്പം, പരാമർശിത മാർഗ്ഗരേഖയിൽ പറയുന്ന സ്ഥാപനങ്ങളിൽ ചേർന്നിട്ടുള്ള മുഴുവൻ സമയ ഗവേഷണം നടത്തുന്ന പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്കും ലാപ് ടോപ് നൽകാൻ അനുമതി നൽകി ഉത്തരവാകുന്നു.

2. മേൽ പ്രകാരം പരാമർശിത മാർഗ്ഗരേഖയിൽ ഭേദഗതി വരുത്തിയും ഉത്തരവാകുന്നു. മേൽ ഭേദഗതിയോടെ പരാമർശിത ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T

ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്

7. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ, പട്ടിക ജാതി വികസന വകുപ്പ്
10. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്
11. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
12. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
14. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
17. ഡയറക്ടർ ജനറൽ, കില
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
20. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
21. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി പട്ടിക വർഗ വികസന വകുപ്പ് - പട്ടിക വിഭാഗക്കാർ അധിവസിക്കുന്ന മേഖലകളെ കോളനി, സങ്കേതം എന്നിവയ്ക്ക് പകരമായി "നഗർ", "ഉന്നതി", "പ്രകൃതി" മുതലായ പേരുകളോ, ഓരോ സ്ഥലത്തും പ്രാദേശികമായി താൽപര്യമുള്ള കാലാനുസൃതമായ പേരുകളോ തെരഞ്ഞെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പ്**

സ.ഉ.(കൈ) നം.16/2024/SCSTD തീയതി,തിരുവനന്തപുരം, 18-06-2024

---

പരാമർശം:- 1. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 08.06.2024 തീയതിയിലെ SCDD/2797/2024-P2(PL) നമ്പർ കത്ത്.

**ഉത്തരവ്**

പട്ടിക വിഭാഗക്കാർ കൂടുതലായി അധിവസിക്കുന്ന മേഖലകളെ "കോളനി," "സങ്കേതം", "ഊര്" എന്നീ പേരുകളിലാണ് നിലവിൽ അഭിസംബോധന ചെയ്തുവരുന്നത്. മേൽ പേരുകളിൽ അഭിസംബോധന ചെയ്യുന്നത് അവമതിപ്പിന് കാരണമാകുന്നത് ശ്രദ്ധയിൽപ്പെട്ടതായും മേൽ പരാമർശിച്ച പേരുകൾക്ക് പകരം കാലാനുസൃതമായി നാമകരണം നടത്തുന്നതാണ് ഉചിതം എന്നും പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ പരാമർശത്തിലെ കത്ത് പ്രകാരം ശിപാർശ ചെയ്യുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പട്ടിക വിഭാഗക്കാർ കൂടുതലായി അധിവസിക്കുന്ന മേഖലകളെ "കോളനി," "സങ്കേതം", "ഊര്" എന്നീ പേരുകൾക്ക് പകരമായി "നഗർ", "ഉന്നതി", "പ്രകൃതി" മുതലായ പേരുകളോ, ഓരോ സ്ഥലത്തും പ്രാദേശികമായി താൽപര്യമുള്ള കാലാനുസൃതമായ പേരുകളോ തെരഞ്ഞെടുക്കാവുന്നതാണ് എന്ന് ഇതിനാൽ ഉത്തരവാകുന്നു. ഇത്തരം പ്രദേശങ്ങൾക്ക് വ്യക്തികളുടെ പേരുകൾ നൽകുന്നത് പല സ്ഥലത്തും തർക്കങ്ങൾ ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ വ്യക്തികളുടെ പേരുകൾ പരമാവധി ഒഴിവാക്കേണ്ടതാണ്. എന്നാൽ നിലവിൽ വ്യക്തികളുടെ പേര് നൽകിയിട്ടുള്ള സ്ഥലങ്ങളിൽ ആയത് തുടരാവുന്നതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പി.റ്റി.ജോയി
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ & ഇ / ആഡിറ്റ്)കേരള
വിവര പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്)

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന്
കേരള സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് സർക്കാർ സ്ഥാപനങ്ങളിൽ പരിശീലനം - വിദ്യാർത്ഥികളുടെ യോഗ്യതയിൽ 'ബി.എസ്.സി. നേഴ്സിംഗ് (ആയുർവേദ)' കൂടി ഉൾപെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1074/2024/LSGD തീയതി,തിരുവനന്തപുരം, 19-06-2024

പരാമർശം:-

1. സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28.05.2022
2. സ.ഉ.(സാധാ) നം.2058/2023/LSGD; തീയതി 19.10.2023
3. നാഷണൽ ആയുഷ് മിഷൻ സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ 04.01.2024ലെ NAM/293/2022-A3 നമ്പർ കത്ത്
4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.03.2024-ന നടന്ന യോഗത്തിന്റെ തീരുമാനം 3.1

**ഉത്തരവ്**

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ചുള്ള ജോലി നേടുന്നതിനായി പ്രവൃത്തി പരിചയം നേടുന്നതിന് സർക്കാർ സ്ഥാപനങ്ങളിൽ പരിശീലനം നൽകാനും പരിശീലന കാലഘട്ടത്തിൽ സ്റ്റൈപന്റ് നൽകാനും പരാമർശിത മാർഗ്ഗരേഖ ഖണ്ഡിക 7.2.22 പ്രകാരം ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും അനുമതി നൽകിയിട്ടുണ്ട്. ബി.എസ്.സി. നഴ്സിംഗ്, ജനറൽ നഴ്സിംഗ്, ഐ.റ്റി.ഐ, എം.എൽ.റ്റി, ഫാർമസി, റേഡിയോഗ്രാഫർ തുടങ്ങിയ പാരാമെഡിക്കൽ യോഗ്യത, പോളിടെക്നിക്, അംഗീകൃത തെറാപ്പിസ്റ്റുകൾ, എഞ്ചിനീയറിംഗ്, സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സ് എന്നീ യോഗ്യതയുള്ളവർക്കൊപ്പം ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് പാസ്സായവർക്കുമാണ് പരിശീലനത്തിന് സ്റ്റൈപ്പന്റ് നൽകാവുന്നതാണ്. മേൽ പറഞ്ഞ കോഴ്സുകൾക്കൊപ്പം നാലു വർഷം ദൈർഘ്യമുള്ള ബി.എസ്.സി. നേഴ്സിംഗ് (ആയുർവേദ) പാസ്സായവരെയും സർക്കാർ ആശുപത്രികളിൽ ആയുർവേദ നേഴ്സിംഗ് പരിശീലനത്തിന് നിയോഗിക്കാൻ അനുമതി നൽകി ഉത്തരവാകുന്നു. ഇവർക്ക് മാർഗ്ഗരേഖ പ്രകാരമുള്ള പരിശീലന കാലയളവിൽ പ്രതിമാസം 10,000 രൂപ സ്റ്റൈപന്റ് നൽകാവുന്നതാണ്. മാർഗ്ഗരേഖയിലെ മറ്റു മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

2. മേൽ പ്രകാരം പരാമർശിത മാർഗ്ഗരേഖ ഖണ്ഡിക 7.2.22 ഭേദഗതി ചെയ്യുന്നു. മേൽ ഭേദഗതിയോടെ പരാമർശിത മാർഗ്ഗരേഖ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T

ജോയിന്റ് സെക്രട്ടറി

1. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
4. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
5. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
6. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്
8. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്
9. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
10. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
11. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
12. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
13. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
14. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
15. ഡയറക്ടർ ജനറൽ, കില
16. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
17. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
18. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
19. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി പദ്ധതി - നിലവിലുള്ള മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.881/2025/LSGD തീയതി,തിരുവനന്തപുരം, 01-04-2025

പരാമർശം:-
1. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
2. സ.ഉ.(സാധാ) നം.738/2023/തസ്വഭവ; തീയതി 28.03.2023
3. സ.ഉ.(സാധാ) നം.1877/2023/തസ്വഭവ; തീയതി 21.09.2023
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 07.02.2025 ലെ LSGD/PD/4617/2025-DPLA1 നമ്പർ കത്ത് .

**ഉത്തരവ്**

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച പരാമർശം (1) ലെ മാർഗരേഖ (ഖണ്ഡിക 7.2.13) പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പഠനസൗകര്യം ഉറപ്പാക്കാൻ വീടിനോട് അനുബന്ധിച്ച് പഠനമുറി നിർമ്മിച്ചുനൽകുന്നതിന് എല്ലാ തലത്തിലുമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും പദ്ധതി ഏറ്റെടുക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത മാനദണ്ഡങ്ങൾ പരാമർശം (2) പ്രകാരം പരിഷ്കരിച്ചും ഉത്തരവായിട്ടുണ്ട്.

2. പഠനമുറി പദ്ധതിയുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പട്ടികജാതി വികസന വകുപ്പും വ്യത്യസ്ത രീതിയിൽ തുക നൽകുന്നത് ഏകീകരിക്കണമെന്ന ആവശ്യം ഉന്നയിക്കപ്പെട്ടതിനെത്തുടർന്ന് പട്ടികജാതി വികസന വകുപ്പിൽ നിന്നും നൽകുന്നതു പോലെ നാല് ഗഡുക്കളായി തുക നൽകുന്നത് ഏകീകരിച്ചും ആരംഭ ഘട്ടത്തിലും പൂർത്തീകരണ ഘട്ടത്തിലുമായി മാത്രം വാല്യുവേഷൻ പരിമിതിപ്പെടുത്തിക്കൊണ്ടും പരാമർശം (3) പ്രകാരം ഉത്തരവായിട്ടുണ്ട്.

3. അസിസ്റ്റന്റ് എൻജിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ആരംഭഘട്ടത്തിലും പൂർത്തീകരണ ഘട്ടത്തിലും നിർബന്ധമാക്കിയത് ഗുണഭോക്താക്കൾക്ക് വളരെയധികം പ്രയാസം സൃഷ്ടിക്കുന്നുണ്ടെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതനുസരിച്ച് പരാമർശം (3) ഉത്തരവിന്റെ ഖണ്ഡിക 3 ചുവടെ ചേർക്കും വിധം ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

"3. പഠനമുറി നിർമ്മിക്കുന്നതിന് എഗ്രിമെന്റ് വച്ചശേഷം 30,000/- രൂപ മുൻകൂറായി നൽകാം. 60,000/- രൂപ (ബേസ്മെന്റ് പൂർത്തിയാകുമ്പോൾ), 80,000 രൂപ (മേൽക്കൂര പൂർത്തിയാകുമ്പോൾ), 30,000 രൂപ (പ്ലാസ്റ്ററിംഗ്, വൈറ്റ് വാഷ് തുടങ്ങിയവ പൂർത്തിയാകുമ്പോൾ) എന്നിങ്ങനെ മൂന്ന് ഗഡുക്കളായി തുടർന്നുള്ള ധനസഹായം അനുവദിക്കാം. ഇപ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും നൽകുന്നതുപോലെ ആകെ നാല് ഗഡുക്കളായി തുക നൽകുന്നത് ഏകീകരിച്ചും ആദ്യ ഘട്ട വാല്യുവേഷൻ ഒഴിവാക്കി പൂർത്തീകരണ ഘട്ടത്തിൽ മാത്രം വാല്യുവേഷൻ പരിമിതപ്പെടുത്തിയും ഉത്തരവാകുന്നു."

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്
11. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്
12. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
13. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
14. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
15. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
16. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
17. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
18. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
19. ഡയറക്ടർ ജനറൽ, കില
20. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
21. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
22. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
23. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്
24. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

# 10. മത്സ്യത്തൊഴിലാളി ക്ഷേമം

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

നം. ഡിഎ1/120/2023-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 17-03-2023

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - പട്ടികജാതി/പട്ടികവർഗ്ഗ, മത്സ്യത്തൊഴിലാളി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നത് - നിലവിൽ അനുവദനീയമായ കോഴ്സുകൾക്കൊപ്പം ഐ.റ്റി.ഐ, അംഗീകൃത മെഡിക്കൽ സയൻസ് ഡിപ്ലോമ എന്നിവ ചേർക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28.05.2022
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 08.03.2023 നു നടന്ന യോഗത്തിന്റെ തീരുമാനം 3.3

**********

പതിനാലാം പഞ്ചവത്സരപദ്ധതി സബ്സിഡി - ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച സൂചിത മാർഗ്ഗരേഖ ഖണ്ഡിക 7.2.7 പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നതു സംബന്ധിച്ച് വിശദാംശങ്ങൾ ചേർത്തിട്ടുണ്ട്. ഇതനുസരിച്ച് ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക് (ഡിപ്ലോമ) എഞ്ചിനീയറിംഗ് അടക്കമുള്ള പ്രൊഫഷണൽ കോഴ്സ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം) ചാർട്ടേർഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ലാപ് ടോപ് നൽകാവുന്നത്. ഈ കോഴ്സുകൾക്കൊപ്പം ഐ.റ്റി.ഐ, അംഗീകൃത മെഡിക്കൽ സയൻസ് ഡിപ്ലോമ എന്നീ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കും ലാപ് ടോപ് നൽകാവുന്നതാണ്. മാർഗ്ഗരേഖ ഖണ്ഡിക 7.2.7 ലെ മറ്റു നിബന്ധനകൾ ലാപ് ടോപ് നൽകുന്നതിനു ബാധകമായിരിക്കുന്നതാണ്. പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കൊപ്പം മത്സ്യത്തൊഴിലാളി വിഭാഗത്തിലെ കുടുംബത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും മാർഗ്ഗരേഖ ഖണ്ഡിക 7.3.1 ലെ നിബന്ധനകൾക്ക് വിധേയമായി ലാപ് ടോപ് നൽകാവുന്നതാണ്.

ലീന എൻ പി
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും

3. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
4. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
5. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
6. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
7. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
8. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
9. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
10. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
11. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
12. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
13. ഡയറക്ടർ ജനറൽ, കില
14. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
15. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
16. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
17. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മത്സ്യ തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ഫർണിച്ചർ - സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 7.3.2 ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.679/2023/LSGD തീയതി,തിരുവനന്തപുരം, 21-03-2023

പരാമർശം:- 1. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 08.03.2023 ന നടന്ന യോഗത്തിന്റെ തീരുമാനം 3.7

**ഉത്തരവ്**

രജിസ്റ്റേർഡ് മത്സ്യ തൊഴിലാളികളുടെയോ അനുബന്ധ തൊഴിലാളികളുടെയോ മത്സ്യ തൊഴിലാളി/ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ പറ്റിയ മത്സ്യ അനുബന്ധ തൊഴിലാളികളുടെയോ മക്കൾക്ക് ഫർണിച്ചർ (തടികൊണ്ടുള്ള മേശ, കസേര) വാങ്ങി നൽകാൻ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും അനുമതി നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി - ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 7.3.2 ചുവടെ പ്രകാരം ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

"രജിസ്റ്റേർഡ് മത്സ്യ തൊഴിലാളികളുടെയോ അനുബന്ധ തൊഴിലാളികളുടെയോ മത്സ്യ തൊഴിലാളി/ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ പറ്റിയ മത്സ്യ അനുബന്ധ തൊഴിലാളികളുടെയോ മക്കൾക്ക് ഫർണിച്ചർ (തടികൊണ്ടുള്ള മേശ, കസേര) ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും വാങ്ങി നൽകാവുന്നതാണ്. സ്കൂൾ അധികൃതരിൽ നിന്ന് ലഭിക്കുന്ന വിദ്യാർത്ഥികളുടെ ലിസ്റ്റ് പ്രകാരം ഫർണിച്ചർ വാങ്ങി സ്കൂൾ അധികൃതർ മുഖേന നൽകണം. ഒരു വിദ്യാർത്ഥിക്ക് ഒരിക്കൽ മാത്രമേ ഈ ആനുകൂല്യം നൽകുവാൻ പാടുള്ളൂ. ഇപ്രകാരമുള്ള ലിസ്റ്റ് പിന്നീട് ചേരുന്ന ഗ്രാമസഭ/വാർഡ്സഭ/വാർഡ് കമ്മിറ്റി മുമ്പാകെ അവതരിപ്പിക്കേണ്ടതാണ്. ഗുണഭോക്തൃ ലിസ്റ്റ് തൊട്ടടുത്ത് ചേരുന്ന ഗ്രാമസഭ/വാർഡ് സഭ/ വാർഡ് കമ്മിറ്റിയിൽ അവതരിപ്പിക്കണം. ഇപ്രകാരം ഫർണിച്ചർ വാങ്ങി നൽകുന്നതിന് ഒരു ഗുണഭോക്താവിന് 6000 രൂപ നിരക്കിൽ ചെലവഴിക്കാവുന്നതാണ്".

2. പരാമർശിത മാർഗ്ഗരേഖ മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
4. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
5. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
6. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
7. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
8. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
9. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
10. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
11. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
12. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
13. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
14. ഡയറക്ടർ ജനറൽ, കില
15. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
16. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
17. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
18. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

# 11. വിദ്യാഭ്യാസം

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലകൾക്ക് ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനും ആധുനികവത്ക്കരണത്തിനുമുള്ള പ്രോജക്ട് - മറ്റ് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കൊപ്പം പ്രോജക്ട് ഏറ്റെടുക്കാൻ ജില്ലാ പഞ്ചായത്തുകൾക്കും അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.169/2023/LSGD തീയതി,തിരുവനന്തപുരം, 20-01-2023

---

പരാമർശം:-
1. സ.ഉ.(കൈ) നം.84/2022/തസ്വഭവ, തീയതി 19.04.2022
2. സ.ഉ.(കൈ) നം.86/2022/തസ്വഭവ, തീയതി 19.04.2022
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 09.01.2023 നു നടന്ന യോഗത്തിന്റെ തീരുമാനം 3.2

**ഉത്തരവ്**

ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലകൾക്ക് ഫർണിച്ചർ, കെട്ടിടം എന്നിവ ഉൾപ്പെടെയുള്ള ഭൗതിക സൗകര്യങ്ങളും കമ്പ്യൂട്ടർവൽക്കരണം ഉൾപ്പെടെ ആധുനികവൽക്കരണത്തിനുമുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാൻ ഗ്രാമ / ബ്ലോക്ക്പഞ്ചായത്തുകൾക്ക് പരാമർശം (1) പ്രകാരവും നഗരഭരണ സ്ഥാപനങ്ങൾക്ക് പരാമർശം (2) പ്രകാരവും അനുമതി നൽകിയിട്ടുണ്ട്.

2. കെട്ടിടമുൾപ്പടെയുള്ള ഭൗതിക സാഹചര്യമൊരുക്കാൻ വലിയ തുക ആവശ്യമായി വരും. ഈ സാഹചര്യത്തിൽ മറ്റു തദ്ദേശഭരണസ്ഥാപനങ്ങൾക്കൊപ്പം ജില്ലാ പഞ്ചായത്തുകളിൽ നിന്നുകൂടി മുകളിൽ പറഞ്ഞവയ്ക്ക് ധനസഹായം നൽകാൻ അനുമതി നൽകണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മറ്റ് തദ്ദേശഭരണസ്ഥാപനങ്ങൾക്കൊപ്പം, ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലകൾക്ക് ഫർണിച്ചർ, കെട്ടിടം എന്നിവ അടക്കമുള്ള ഭൗതിക സൗകര്യങ്ങളും കമ്പ്യൂട്ടർവൽക്കരണം ഉൾപ്പെടെയുള്ള ആധുനികവത്ക്കരണത്തിനുമുള്ള സൗകര്യങ്ങളും ഒരുക്കുന്നതിന് ജില്ലാ പഞ്ചായത്തുകൾക്ക് പ്രോജക്ട് ഏറ്റെടുക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

ജോയിന്റ് സെക്രട്ടറി

1. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്

3. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
4. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
5. ഗ്രാമവികസന കമ്മീഷണർ
6. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
7. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
8. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
9. എല്ലാ ജില്ലാ കളക്ടർമാർക്കും
10. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
11. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
12. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
13. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
14. ഡയറക്ടർ ജനറൽ, കില
15. സെക്രട്ടറി, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ
16. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
17. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
18. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
19. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - സ്കൂളുകൾക്കും ഓഫീസുകൾക്കും ആവശ്യമായ മുഴുവൻ ഐ.സി.ടി ഉപകരണങ്ങൾ വാങ്ങുന്നതിനും വിന്യസിക്കുന്നതിനുമായി പുറത്തിറക്കിയ മാർഗനിർദേശങ്ങളുടെ അനുബന്ധം ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.818/2023/GEDN തീയതി,തിരുവനന്തപുരം, 30-01-2023

പരാമർശം:-
1. 27.09.2019 ലെ സ.ഉ.(സാധാ) നം.3847/2019/പൊ.വി.വ
2. 14.02.2022 ലെ സ.ഉ.(സാധാ) നം.830/2022/പൊ.വി.വ
3. 27.12.2022 ലെ കൈറ്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കൈറ്റ്/2022/1515-6(14) നമ്പർ കത്ത്

**ഉത്തരവ്**

പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും ആവശ്യമായ ഐ.സി.ടി ഹാർഡ്‌വെയർ ഉപകരണങ്ങൾ വിവിധ സർക്കാർ ഫണ്ടുകൾ ഉപയോഗിച്ച് വാങ്ങുന്നതിനുള്ള മിനിമം സ്പെസിഫിക്കേഷൻ, ഈടാക്കാവുന്ന പരമാവധി തുക, വില്പനാനന്തര സേവന വ്യവസ്ഥകൾ തുടങ്ങിയവ സംബന്ധിച്ച് പരാമർശം (1) ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ 15 വ്യവസ്ഥകളും അനുബന്ധമായി ഉപകരണങ്ങളുടെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. ഈ ഉത്തരവിലെ 15 വ്യവസ്ഥകളും നിലനിർത്തിയും അനുബന്ധം മാത്രം ഭേദഗതി ചെയ്തും പരാമർശം (2) ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഹൈടെക് സ്കൂളിന് വേണ്ടി കൈറ്റ് നടത്തിയ പുതിയ ടെണ്ടർ പ്രകാരം സ്പെസിഫിക്കേഷനിലും വിലയിലും വന്ന വ്യത്യാസം ഉൾപ്പെടുത്തി കെൽട്രോൺ സമർപ്പിച്ച പ്രൊപ്പോസലനുസരിച്ച് മാർഗനിർദ്ദേശങ്ങളുടെ 15 വ്യവസ്ഥകളും നിലനിർത്തി അനുബന്ധം മാത്രം ഭേദഗതി ചെയ്യാൻ സർക്കാരിലേക്ക് ശുപാർശ സമർപ്പിക്കണമെന്ന് പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ഐ.ടി സാങ്കേതിക സമിതിയുടെ 22.12.2022-ലെ യോഗത്തിൽ നിർദേശിച്ചിട്ടുണ്ടെന്നും ഇതനുസരിച്ച് പരാമർശം (1) ലെ അനുബന്ധം ഭേദഗതി ചെയ്യണമെന്നും പരാമർശം (3) പ്രകാരം കൈറ്റ് സി.ഇ.ഒ. അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള മുഴുവൻ സ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും ആവശ്യമായ ഐ.സി.ടി. ഹാർഡ്‌വെയർ ഉപകരണങ്ങൾ സർക്കാർ ഫണ്ടോ, എം.പി/എം.എൽ.എ/തദ്ദേശഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ വിവിധ സ്കീമുകൾക്കുമുള്ള ഫണ്ടോ ഉപയോഗിച്ചുള്ള വാങ്ങലുകൾക്കും ഒറ്റപ്പെട്ട വാങ്ങലുകൾക്കും ആയത് വിന്യസിക്കുന്നതിനും പരാമർശം (1) സർക്കാർ ഉത്തരവിലെ 15 വ്യവസ്ഥകളും അതേപടി നിലനിർത്തി അനുബന്ധം മാത്രം ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പുതുക്കിയ അനുബന്ധം ഇതോടൊപ്പം ചേർത്തിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

ബഹു. സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
എല്ലാ മന്ത്രിമാരുടേയും, പ്രതിപക്ഷനേതാവിന്റേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
എല്ലാ എം.പി. മാർക്കും, എം.എൽ.എ. മാർക്കും
പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്
സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
സെക്രട്ടറി, ഐ.ടി. വകുപ്പ്
സെക്രട്ടറി, ധനകാര്യ വകുപ്പ്
സെക്രട്ടറി, വ്യവസായ വകുപ്പ്
പൊതുവിദ്യാഭ്യാസ ഡയറക്ടർ
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഡയറക്ടർമാർക്കും
(കൈറ്റ്, എസ്.എസ്.കെ., എസ്.സി.ഇ.ആർ.ടി., എസ്.ഐ.ഇ.ടി., സീമാറ്റ്,
കെ.എസ്.എം.എൽ.എ., കെ.എസ്.എം.എസ്.കെ.)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർക്ക്
എല്ലാ ട്രഷറി ഓഫീസർമാർക്കും
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ്സൈറ്റ് മുഖേന
പ്രസിദ്ധീകരണത്തിന്)
പ്രിൻസിപ്പൽ, അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള തിരുവനന്തപുരം
സ്റ്റോക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
പൊതുവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ. യ്ക്ക്
പൊതുവിദ്യാഭ്യാസ (എസ് സി/എം/ജെ/യു) വകുപ്പ്

അനുബന്ധം

| Sl No | Item | Minimum Specification | Rate (Inclusive of tax) in Rs. |
|---|---|---|---|
| 1 | Laptop | **Laptop Computer**<br><br>Processor - Intel Core i3 1115 G4 @4.10 GHz,<br>2 Core, 6 MB Cache, TDP 12W<br>Memory - 8 GB DDR4 RAM Expandable up to at least 16 GB<br>Storage - 256 GB SSD<br>Display - 14" Antiglare HD LED Backlit Display<br>Integrated wireless b/g/n, Integrated Bluetooth<br>Integrated Stereo Speaker<br>Keyboard with Touch Pad<br>Integrated HD Camera<br>Integrated Audio<br>Expansion Port - 3 USB Port (at least one number of USB 3.0),<br>10/100/1000 Ethernet, HDMI,<br>1 Headphone/microphone (combo or Separate) & Standard features<br>230V, 50Hz AC Supply with rechargeable Battery Pack comprising of Li-Polymer battery / Li-ion Polymer battery<br>Optical Scroll mouse<br>Backpack Carry case<br>Weight- Less than or equal to 1.7 Kg (Weight without charger)<br>Certification - ROHS Compliance & BIS for Product<br>Operating System - KITE GNU-Linux 20.04<br>**5 year comprehensive onsite warranty including battery and charger** | **35,207** |
| 2 | Projector | **Multimedia Projector**<br><br>Native Resolution XGA (1024x768)<br>Brightness 3600 ANSI Lumens<br>Aspect Ratio 4:3 and 16:9 compatible<br>Input: 1 x HDMI, 1x VGA,<br>Contrast Ratio: 15000:1<br>Accessories HDMI Cable (1.5 Metre), Remote control with battery<br>Certifications: The product should have BIS certification<br>**Warranty: 5 Years Comprehensive on Site Including Lamp** | **31,248** |

| | | | |
|---|---|---|---|
| | | | |
| 3 | Speaker | **USB Speaker**<br><br>2.0 Multimedia Stereo Speaker<br>USB Powered<br>Hardwired 3.5 mm connection (for audio)<br>Mesh in front to safeguard speaker diaphragm<br>Frequency Response - 180Hz - 18kHz<br>Output RMS Power Minimum 2.5W + 2.5W<br>S/N Ratio - >= 65dB<br>**Warranty: 5 years carry in** | **867** |
| 4 | Projector Screen | **Wall type pull down projection screen (6ft x 4ft) -** In a rugged case with manual pull-down, spring-loaded mechanism for slow retraction, wrinkle free high-definition white anti-glare matte finish fabric screen with back protection for light penetration, viewing angle minimum 160 deg wide (+/- 80 deg left and right) Durable Octagonal shaped housing with powder coated finish, with all necessary mounting hardware for wall mounting. Screen Size - 6 ft x 4 ft; Weight maximum - 8 Kg; **Warranty:5 years onsite comprehensive** | **3,000** |
| 5 | Projector Ceiling Mount Kit - Supply & Installation | **Projector Ceiling Mount Kit – Supply & Installation:** Projector Ceiling Mount including mounting hardware and accessories, 3ft (1.5ft length extendable up to 3 ft), Universal type compatible with all projector brands & models, Pole Material - Aluminum, Mounting Bracket & Legs made of Cold roll steel powder coated- white, capable of fixing on all type of Roofing; **Warranty: 5 years onsite comprehensive**<br><br>**HDMI Cable (10 mtr) P/N:** 1.4 V high speed HDMI cable with 24K Gold plated connectors that must be corrosion resistant, HDMI male to male connectors, non-slip and non-screw connectors, should be able to withstand minimum pull force, Conductors 28 AWG copper wire, PVC Jacket, shielding level triple and shielding type Aluminum-Mylar, Dust cap on both ends, supports 1080P video resolution, supports 10.2GB bandwidth and ROHS compliance; **Warranty: 5 years onsite comprehensive**<br><br>**Wall Face Plate for HDMI (Metal Passive Wall plate):** Fitted with HDMI female to female coupler HDMI connectors are to be gold plated and with ROHS compliance. Back box suitable for the above made of ABS plastic with mounting screws. Colour: White/Ivory, Wall mounting type.; **Warranty: 5 years onsite comprehensive** | **7,130** |

| | | | |
|---|---|---|---|
| | | **Power cabling for Projector 15M -** Around 15 mtrs of Cable and 5A plug top; **Warranty: 5 years onsite comprehensive**<br><br>**Installation using Cap & Casing:** Supplying of PVC Casing and Cap having BIS approved ( IS14927 Part II) for the required length of power cable / data cable except the free length at connecting ends, Installation of ceiling mount unit of projector as per the location for required image size specified by the end user / screen size, Installation of projector with proper connections, Laying of casing cap with proper screws, fixtures tags etc. properly and neatly as per the site requirements, Fixing of HDMI Face plate with back box, Termination of face plate and back box, etc. | |

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാനത്തെ ഹയർസെക്കൻഡറി സ്കൂളുകളിൽ ജലഗുണനിലവാര നിർണയ ലാബുകളിലേക്ക് ആവശ്യമായ ടെസ്റ്റിംഗ് സാമഗ്രികൾ, പരിശോധന ചെലവുകൾ എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിൽ നിന്നും വഹിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്**

സ.ഉ.(സാധാ) നം.953/2023/LSGD തീയതി,തിരുവനന്തപുരം, 02-05-2023

---

പരാമർശം:-

1. 16/11/2022 ന് ബഹു മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന നവകേരളം കർമ്മപദ്ധതി 2 ന്റെ സംസ്ഥാനതല അവലോകന യോഗ തീരുമാനം നമ്പർ 1
2. 09/02/2023 ലെ നവകേരളം കർമ്മപദ്ധതി കോർഡിനേറ്ററുടെ എൻ.കെ.പി/എ1/113/2021 /എച്ച്.കെ.എം നം കത്ത്
3.

**ഉത്തരവ്**

സംസ്ഥാനത്തെ ഹയർസെക്കണ്ടറി സ്കൂളുകളിൽ ജലഗുണനിലവാര പരിശോധനാ ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനം നടന്നുവരുന്ന സാഹചര്യത്തിൽ പുതിയ ലാബുകൾ കൂടി പ്രവർത്തന സജ്ജമാകുമ്പോൾ സംസ്ഥാനത്ത് 567 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പരിശോധനാ ഫലം വിലയിരുത്തി ജല ഗുണ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രാദേശിക ഇടപെടലുകൾ സാധ്യമാക്കണമെന്ന് പരാമർശം 1 പ്രകാരം തീരുമാനിച്ചിരുന്നു. പരിശോധനാ ഫലം ലഭിക്കുന്ന മുറയ്ക്ക് ആരോഗ്യ വകുപ്പ് തുടർ നടപടികൾ സ്വീകരിച്ച് ജലജന്യ രോഗങ്ങൾ പടരുന്നത് ഒഴിവാക്കുവാനും സ്കൂൾ ലാബുകളിൽ പരിശോധന നടത്തി, ഉയർന്ന പരിശോധന ആവശ്യമായി വരുന്ന സാമ്പിളുകൾ ജല അതോറിറ്റിയുടെ ലാബുകളിൽ പരിശോധന നടത്തുന്നതിനായി അയച്ചുകൊടുക്കുവാനും, കേരള വാട്ടർ അതോറിറ്റിയുടെ എല്ലാ ലാബുകളിലും ഇതിന് സൗകര്യമുണ്ടാകണമെന്നും സ്കൂൾ ജലഗുണ പരിശോധനയുള്ള ലാബിലേക്ക് ആവശ്യമായ ടെസ്റ്റിംഗ് സാമഗ്രികൾ, അധിക പരിശോധന ആവശ്യമെങ്കിൽ കേരള വാട്ടർ അതോറിറ്റിയുടെ ലാബിൽ പരിശോധിക്കുന്നതിനുള്ള ചെലവുകൾ എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിൽ നിന്നും വഹിക്കുവാനും പരാമർശം (1) ലെ യോഗത്തിൽ തീരുമാനിച്ചിരുന്നു.

2) പ്രസ്തുത തീരുമാനം നടപ്പിലാക്കുന്നതിനാവശ്യമായ ഉത്തരവ് ലഭ്യമാക്കണമെന്ന് നവകേരളം കർമ്മപദ്ധതി കോർഡിനേറ്റർ പരാമർശം (2) പ്രകാരം അഭ്യർഥിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ ഹയർസെക്കൻഡറി സ്കൂളുകളിൽ നടപ്പിലാക്കുന്ന ജലഗുണനിലവാര നിർണയ ലാബുകളിലേക്ക് ആവശ്യമായ ടെസ്റ്റിംഗ് സാമഗ്രികളുടേയും, അധിക പരിശോധന ആവശ്യമെങ്കിൽ കേരള വാട്ടർ അതോറിറ്റിയുടെ ലാബിൽ പരിശോധിക്കുന്നതിനുള്ള ചെലവുകളും

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിൽ നിന്നും വഹിക്കാൻ അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

കോർഡിനേറ്റർ , നവകേരളം കർമ്മപദ്ധതി
പ്രിൻസിപ്പൽ ഡയറക്ടർ, LSGD, സ്വരാജ് ഭവൻ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ,ശുചിത്വ മിഷൻ
ജലവിഭവ വകുപ്പ്
വിദ്യാഭ്യാസ വകുപ്പ്
ആരോഗ്യ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള,തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫൊർമേഷൻ കേരള മിഷൻ
ഡയറക്ടർ(I&PRD),വെബ് & മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ലൈബ്രറികൾക്ക് സൗജന്യമായി ദിനപത്രം നൽകുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് യഥേഷ്ടാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1040/2023/LSGD തീയതി,തിരുവനന്തപുരം, 15-05-2023

---

പരാമർശം:-

1. സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28.05.2022
2. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറിയുടെ 18.11.2022ലെ ഡി2/2906/22 നമ്പർ കത്ത്
3. സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് കൺവീനറുടെ 10.01.2023ലെ 1449/എസ്.ആർ.ജി./2022 നമ്പർ റിപ്പോർട്ട്
4. സ.ഉ.(സാധാ) നം. 169/2023/LSGD തീയതി 20.01.2023

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഗ്രന്ഥശാലകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും, പുസ്തകങ്ങൾ വാങ്ങി നൽകുന്നതിനുമുള്ള പദ്ധതികൾ രൂപീകരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പതിനാലാം പഞ്ചവത്സര പദ്ധതി പരാമർശം (1) സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലകൾക്ക് ഫർണിച്ചർ, കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും, ആധുനികവൽകരണത്തിനുമുള്ള പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് ജില്ലാ പഞ്ചായത്തുകൾക്കും പരാമർശം (4) പ്രകാരം അനുമതി നൽകിയിട്ടുണ്ട്

2. ഗ്രന്ഥശാലകൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി സൗജന്യമായി ദിനപത്രം നൽകിയിരുന്നുവെങ്കിലും ഇത് സംബന്ധിച്ച് നിലവിൽ സർക്കാർ നിർദ്ദേശങ്ങൾ ഇല്ലാത്തതിനാൽ അപ്രകാരം പത്രം നൽകാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇപ്പോൾ തയ്യാറാകുന്നില്ലായെന്നും ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗ്രന്ഥശാലകൾക്ക് ഫർണീച്ചർ, പുസ്തകങ്ങൾ, കമ്പ്യൂട്ടർ എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നൽകുന്ന പ്രോജക്ടിൽ ദിനപത്രം കൂടി ഉൾപ്പെടുത്തി വാങ്ങി നൽകുന്നതിന് അനുമതി നൽകണമെന്നും കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറി പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വായനശാലകളുടെയും ഗ്രന്ഥശാലകളുടെയും നടത്തിപ്പും പ്രോത്സാഹനവും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ

മേഖലാടിസ്ഥാനത്തിലുള്ള ചുമതലയാണ്. ആയതിനാൽ വായനശാലകളുടെയും ഗ്രന്ഥശാലകളുടെയും പ്രോത്സാഹനത്തിന്റെ ഭാഗമായി, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി കണക്കിലെടുത്ത് ഭരണസമിതിയുടെ അംഗീകാരത്തിന് വിധേയമായി, സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള "സി" ഗ്രേഡും അതിനുമുകളിലുമുള്ള ലൈബ്രറികൾക്ക് മൂന്ന് ദിനപത്രങ്ങൾ വീതവും ; "സി' ഗ്രേഡിന് താഴെയുള്ള ലൈബ്രറികൾക്ക് രണ്ട് ദിനപത്രം വീതവും ;തനത് ഫണ്ട് ഉപയോഗിച്ച്, വാർഷിക ബജറ്റിൽ ഉൾപ്പെടുത്തി, ലൈബ്രറികളുടെ അപേക്ഷ പ്രകാരം വാങ്ങി നൽകുന്നതിന് ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

ജില്ലാ - ബ്ലോക്ക് പഞ്ചായത്തുകൾ ഇതിനായുള്ള തങ്ങളുടെ വിഹിതം ഗ്രാമപഞ്ചായത്തുകൾ മുഖേനയാണ് നൽകേണ്ടത്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
8. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഗ്രാമവികസന കമ്മീഷണർ
10. സെക്രട്ടറി, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ, തിരുവനന്തപുരം-33
11. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
12. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
14. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
17. ഡയറക്ടർ ജനറൽ, കില
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
20. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
21. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രെട്ടറിയുടെ/പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വിദ്യാഭ്യാസം - പ്രൈമറി സ്കൂൾ തലത്തിൽ കായിക പരിശീലനം നൽകുവാനുള്ള അദ്ധ്യാപകരുടെ യോഗ്യത, വേതനം എന്നിവ നിശ്ചയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1528/2023/LSGD തീയതി,തിരുവനന്തപുരം, 26-07-2023

പരാമർശം:- 1. സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28.05.2022

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.06.2023 ന നടന്ന യോഗത്തിന്റെ തീരുമാനം 3.5

**ഉത്തരവ്**

തദ്ദേശ ഭരണസ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച പരാമർശിത മാർഗരേഖ ഉത്തരവ് പ്രകാരം (ഖണ്ഡിക 7.4.2), അപ്പർ പ്രൈമറി / ഹൈ സ്കൂൾ/ ഹയർ സെക്കന്ററി സ്കൂളുകളിൽ കായിക അദ്ധ്യാപകരില്ലെങ്കിൽ കരാറടിസ്ഥാനത്തിൽ ഒരു അദ്ധ്യയന വർഷം പരമാവധി 10 മാസക്കാലയളവിലേയ്ക്ക് പ്രതിമാസം 15,000 രൂപ ക്രമത്തിൽ ബി.പി.എഡ്സ്/എം.പി.എഡ്സ്/ തത്തുല്യ യോഗ്യത ഉള്ളവരെ നിയോഗിക്കാൻ അനുമതി നൽകിയിട്ടുണ്ട്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറി കൂടി ശുപാർശ ചെയ്ത പ്രകാരം, അഞ്ചാം ക്ലാസ്സ് മുതലുള്ള സ്കൂൾ വിദ്യാർത്ഥികൾക്ക് കായിക പരിശീലനം നൽകാനുള്ള അദ്ധ്യാപകരുടെ യോഗ്യത, വേതനം, ക്ലാസ്സുകളുടെ സമയക്രമം എന്നിവ താഴെ പറയും പ്രകാരം പരിഷ്കരിച്ച് ഉത്തരവാകുന്നു.

| പ്രൈമറി സ്കൂൾ തലത്തിൽ കായിക പരിശീലനം നൽകുവാനുള്ള അദ്ധ്യാപകരുടെ യോഗ്യത, വേതനം, ക്ലാസ്സുകളുടെ സമയക്രമം മുതലായവ | | | |
|---|---|---|---|
| തസ്തിക | യോഗ്യത | വേതനം | സമയക്രമം |
| കായികാദ്ധ്യാപകൻ | CPED,DPED,BPED, VHSC IN PE G.V.Raja/Kannur Sports Division നിന്നും Plus two പാസ്സായവർ ഇവരുടെ അഭാവത്തിൽ വിരമിച്ച | 15000<br>500x 30 Session<br>ഒരു സെഷൻ ഒരു മണിക്കൂർ | |

| | | | |
|---|---|---|---|
| | കായികാദ്ധ്യാപകർ | | |
| യോഗ | അംഗീകൃത സർവ്വകലാശാലയിൽ നിന്നും BNYS (Batchelor of Naturopathy and Yoga) അംഗീകൃത യൂണിവേഴ്സിറ്റികൾ നടത്തുന്ന Certificate in yoga, BSC in Yoga | Rs.400x 30 ഒരു സെഷൻ ഒരു മണിക്കൂർ | അതത് സ്കൂൾ അധികാരികൾക്ക് സമയക്രമം നിശ്ചയിക്കാം |
| കരാട്ടെ | 8th dan blackbelt, NIS Certificate (6 Weeks) | Rs.400x 30 ഒരു സെഷൻ ഒരു മണിക്കൂർ | |
| ജിംനാസ്റ്റിക്സ് | NIS Certificate (6 Weeks) ഇവരുടെ അഭാവത്തിൽ സംസ്ഥാനതല മെഡൽ ജേതാവ് | Rs.400x 30 ഒരു സെഷൻ ഒരു മണിക്കൂർ | |
| ജൂഡോ | NIS Certificate (6 Weeks) ഇവരുടെ അഭാവത്തിൽ സംസ്ഥാനതല മെഡൽ ജേതാവ് | Rs.400x 30 ഒരു സെഷൻ ഒരു മണിക്കൂർ | |
| നീന്തൽ | NIS Certificate (6 Weeks) ഇവരുടെ അഭാവത്തിൽ സംസ്ഥാനതല മെഡൽ ജേതാവ് | Rs.400x 30 ഒരു സെഷൻ ഒരു മണിക്കൂർ | |

2. പതിനാലാം പഞ്ചവത്സരപദ്ധതി ആസൂത്രണ മാർഗ്ഗരേഖ പ്രകാരം വനിതകൾക്ക് ജൂഡോ, കരാട്ടെ, യോഗ എന്നിവയ്ക്ക് പരിശീലനം നൽകാൻ അനുമതി നൽകിയിട്ടുണ്ട്. ഇപ്രകാരം പരിശീലനം നൽകുമ്പോഴും യോഗ്യത, വേതനം എന്നിവ മുകളിൽ പറഞ്ഞ പ്രകാരമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും

5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. സെക്രട്ടറി, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ
12. എല്ലാ ജില്ലാ ആസൂത്രണ സമിതിഅദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
14. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
17. ഡയറക്ടർ ജനറൽ, കില
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
20. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
21. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എച്ച്.എൽ.എൽ ലൈഫ് കെയർ ലിമിറ്റഡിൽ നിന്നും ജനകീയാസൂത്രണ പദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിൽ വരുന്ന ഹൈസ്കൂളുകളിലേക്കും, ഹയർ സെക്കന്ററി സ്കൂളുകളിലേക്കും പെൺകുട്ടികൾക്കാവശ്യമായ ശുചിത്വ ഉപകരണങ്ങൾ ടെണ്ടർ കൂടാതെ വാങ്ങുന്നതിനും, ബോധവൽക്കരണ പരിപാടികൾ ഏല്പിക്കുന്നതിനും അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2107/2023/LSGD തീയതി,തിരുവനന്തപുരം, 28-10-2023

---

പരാമർശം:-

1. എച്ച്.എൽ.എൽ ലൈഫ് കെയർ ലിമിറ്റഡ് സീനിയർ വൈസ് പ്രസിഡന്റിന്റെ 12/09/2023-ലെ HLL/CMO/SVP/VBD/23-24/01 നമ്പർ കത്ത്.
2. 26/09/2023-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 4.9-ാം നമ്പർ തീരുമാനം.

**ഉത്തരവ്**

വനിതകളുടെ ശുചിത്വത്തിനാവശ്യമായ നാപ്കിനുകൾ, മറ്റുപകരണങ്ങൾ എന്നിവ നല്കുന്നതിന് കേന്ദ്ര സർക്കാരിന്റെ വിവിധ മന്ത്രാലയങ്ങളുടെ അക്രഡിറ്റേഷൻ എച്ച്.എൽ.എൽ ലൈഫ് കെയർ ലിമിറ്റഡിനുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പ് ചുമതലപ്പെടുത്തിയത് പ്രകാരം സ്കൂളുകളിൽ സാനിറ്ററി വെൻഡിംഗ് മെഷീനും, ഇൻസിനറേറ്ററും സ്ഥാപിച്ചിട്ടുണ്ട്. അതോടൊപ്പം കേരള വനിതാവികസന കോർപ്പറേഷന്റെ ഷീപാഡ് പദ്ധതിയുമായും സഹകരിക്കുന്നുണ്ട്. ഇവയൊക്കെ പരിഗണിച്ച് താഴെപ്പറയുന്ന ഉപകരണങ്ങളും ബോധവല്ക്കരണ പരിപാടിയും ടെണ്ടർ കൂടാതെ എച്ച്.എൽ.എൽ-നെക്കൂടി ഏല്പിക്കാൻ അനുമതി നല്കണമെന്ന് പരാമർശം (1) പ്രകാരം എച്ച്.എൽ.എൽ ലൈഫ് കെയർ ലിമിറ്റഡ് ആവശ്യപ്പെട്ടിട്ടുണ്ട്.

I. സാനിറ്ററി നാപ്കിൻ വെൻഡിംഗ് മെഷീനും, സാനിറ്ററി നാപ്കിൻ ഇൻസിനറേറ്ററും സ്ഥാപിക്കലും മെയ്ന്റനൻസും

II. സാനിറ്ററി നാപ്കിൻ വിതരണം.

III. വനിതകൾക്കിടയിൽ ആർത്തവ ശുചിത്വം സംബന്ധിച്ച ബോധവൽക്കരണം.

2. സർക്കാർ ഈ വിഷയം പരാമർശം (2)-ലെ കോർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിച്ചു. എച്ച്.എൽ.എൽ-ന്റെ മുകളിൽ പറഞ്ഞ സേവനം ഹൈസ്കൂളുകളിലും, ഹയർ സെക്കന്ററി സ്കൂളുകളിലുമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രയോജനപ്പെടുത്താൻ കഴിയുന്നത്. എച്ച്.എൽ.എൽ ഒരു പൊതുമേഖലാ സ്ഥാപനമായതിനാലും എച്ച്.എൽ.എൽ ഇവ സ്വയം ഉല്പാദിപ്പിക്കുന്നവയാണ് എന്നതിനാലും ടെണ്ടർ കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇവ വാങ്ങാനും, ബോധവൽക്കരണ പരിപാടി എച്ച്.എൽ.എൽ ലൈഫ് കെയർ ലിമിറ്റഡിനെക്കൂടി ഏല്പിക്കാനും അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

1. അസോസിയേറ്റ് വൈസ് പ്രസിഡന്റ്, എച്ച്.എൽ.എൽ ലൈഫ് കെയർ ലിമിറ്റഡ്,എച്ച്.എൽ.എൽ ഭവൻ, തിരുവനന്തപുരം, 695012.
2. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും, സെക്രട്ടറിമാർക്കും.
4. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും, സെക്രട്ടറിമാർക്കും.
5. എല്ലാ കോർപ്പറേഷൻ മേയർമാർക്കും, സെക്രട്ടറിമാർക്കും.
6. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും, സെക്രട്ടറിമാർക്കും
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
8. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്.
9. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്.
10. ഗ്രാമവികസന കമ്മീഷണർ.
11. ചീഫ്, വികേന്ദ്രീകൃതാസൂത്രണം.
12. എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷന്മാർക്കും.
13. എല്ലാ ജില്ലാ കളക്ടർമാർക്കും.
14. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്.
17. ഡയറക്ടർ ജനറൽ, കില, തൃശ്ശൂർ
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
19. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
20. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
21. കരുതൽ ഫയൽ/ഓഫീസ് കോപ്പി .

ഉത്തരവിൻ പ്രകാരം,
Signed by
Viraj K
Date: 28-10-2023 12:32:42
സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ സ്കൂളുകളിൽ സാനിട്ടറി നാപ്കിൻ, വെൻഡിംഗ് മെഷീൻ, ഉപയോഗിച്ച നാപ്കിൻ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള ഡിസ്പോയർ എന്നിവ നൽകുന്ന 'ഷീപാഡ് പദ്ധതി' ഏറ്റെടുക്കാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2305/2023/LSGD തീയതി,തിരുവനന്തപുരം, 22-11-2023

---

പരാമർശം:-

1. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 31.01.2023-ലെ KSWDC/P5/SHE PAD/2021-22/306-ാം നമ്പർ കത്ത്
2. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 30.05.2023-ലെ KSWDC/P5/SHE PAD/2023-24/2296-ാം നമ്പർ കത്ത്
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.09.2023-ന് നടന്ന യോഗത്തിന്റെ തീരുമാനം 2.5 ഖണ്ഡിക 4.2

**ഉത്തരവ്**

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനും തദ്ദേശഭരണസ്ഥാപനങ്ങളുമായി സഹകരിച്ച് സർക്കാർ/എയിഡഡ് സ്കൂളുകളിലെ കൗമാരക്കാരായ പെൺകുട്ടികളുടെ ആരോഗ്യ പരിരക്ഷയും ശുചിത്വവും മുൻ നിർത്തി സാനിട്ടറി നാപ്കിൻ, അവ സൂക്ഷിക്കുന്നതിനുള്ള അലമാര, ഉപയോഗിച്ച നാപ്കിൻ പ്രകൃതിക്ക് ദോഷമല്ലാത്ത രീതിയിൽ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള ഡിസ്പോയർ എന്നിവ സൗജന്യമായി നൽകുന്ന 'ഷീപാഡ് പദ്ധതി' സ്കൂളുകളിൽ നടത്തുന്നുണ്ട്. ഷീപാഡ് പദ്ധതി തദ്ദേശസ്വയംഭരണ വകുപ്പിന്റെ പദ്ധതി മാർഗ്ഗരേഖയിൽ മുടക്കം കൂടാതെ നടത്തേണ്ട പദ്ധതികളുടെ പട്ടികയിൽ ഉൾപ്പെടുത്തണമെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലെ എല്ലാ സർക്കാർ/എയ്ഡഡ് സ്കൂളുകളിലും ഷീപാഡ് പദ്ധതി നടപ്പിലാക്കുന്നതിന് ഓരോ സാമ്പത്തിക വർഷത്തിന്റേയും ആരംഭത്തിൽ തന്നെ കേന്ദ്രീകൃത ഓർഡർ വനിതാ വികസന കോർപ്പറേഷനെ ഏൽപ്പിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകണമെന്നും കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ പരാമർശം (1) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. മേൽ പദ്ധതി നടപ്പാക്കുന്നതിന് വനിതാ വികസന കോർപറേഷന് നിലവിൽ ഉള്ള മാനവവിഭവ ശേഷി, മറ്റ് സംവിധാനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ പരാമർശം (2) പ്രകാരവും

ലഭ്യമാക്കിയിട്ടുണ്ട്.

2. പരാമർശിത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന കൗമാരക്കാരായ പെൺകുട്ടികളുടെ ആർത്തവ സമയത്തുള്ള ആരോഗ്യ പരിരക്ഷയും ശുചിത്വവും സംരക്ഷിക്കുന്നതിന് വേണ്ട അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനുള്ള ഉത്തരവാദിത്വം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേതാണ്. സാനിട്ടറി നാപ്കിൻ, വെൻഡിംഗ് മെഷീൻ, ഉപയോഗിച്ച നാപ്കിൻ പ്രകൃതിക്ക് ദോഷമല്ലാത്ത രീതിയിൽ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള ഡിസ്പോയർ എന്നിവ സ്കൂളുകളിൽ സ്ഥാപിക്കുന്ന 'ഷീപാഡ് പദ്ധതി' കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനുമായി സഹകരിച്ചു നടപ്പാക്കാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ടെണ്ടർ കൂടാതെ വനിതാ വികസന കോർപ്പറേഷനെ ഈ പ്രവൃത്തികൾ ഏല്പിക്കാനും അനുമതി നൽകുന്നു. എന്നാൽ നാപ്കിൻ വിതരണത്തിനോടൊപ്പം സ്കൂളുകളിലെ പി.റ്റി.എ. യുടെ സഹകരണം കൂടി ഉറപ്പാക്കി, സമഗ്രമായ പദ്ധതിയായി മാത്രമേ മേൽ പദ്ധതി നടപ്പാക്കാവൂ. നാപ്കിൻ വെന്റിംഗ് മെഷീൻ, നാപ്കിൻ ഡിസ്പോയർ/നാപ്കിൻ ഇൻസിനറേറ്റർ എന്നിവയുടെ കൃത്യമായി മെയിൻടെനൻസ് നടപ്പാക്കുന്നത് പദ്ധതിയിൽ ഉറപ്പാക്കേണ്ടതാണ്. സ്കൂൾ പിറ്റി.എ, മദർ പിറ്റി.എ എന്നിവരുടെ അഭിപ്രായം കണക്കിലെടുത്തുവേണം പദ്ധതി നടപ്പിലാക്കാനുള്ള സ്ഥലം ഉൾപ്പെടെയുള്ളവ നിശ്ചയിക്കേണ്ടത്. അദ്ധ്യയന വർഷം ആരംഭിക്കുന്നതു മുതൽ അദ്ധ്യയന വർഷം അവസാനിക്കുന്നതു വരെ ടി പദ്ധതി സ്കൂളുകളിൽ തടസ്സമില്ലാതെ നടപ്പിലാക്കേണ്ടതാണ്. ആയതിനാൽ ടി പദ്ധതി ബഹുവർഷ പദ്ധതിയായും നടപ്പിലാക്കാവുന്നതാണ്. പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നാപ്കിൻ ഡിസ്പോയർ, നാപ്കിൻ വെന്റിംഗ് മെഷീൻ മുതലായ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും യഥാസമയം പരിപാലനം നടത്താത്തതിനാൽ പലതും നശിച്ചു പോയിട്ടുള്ള സാഹചര്യമുണ്ട്. അതിനാൽ പദ്ധതിയുമായി ബന്ധപ്പെട്ട ഉപകരണങ്ങളുടെ മെയിന്റനൻസ് കൃത്യമായി നടപ്പാക്കേണ്ടതുമാണ്. പദ്ധതിയുടെ പരിപാലനത്തിനായും ബന്ധപ്പെട്ട സ്കൂൾ പിറ്റി.എ/ മദർ പിറ്റി.എ. യുടെ സഹകരണം ഉറപ്പു വരുത്തേണ്ടതാണ്. ഈ പദ്ധതി നിർബന്ധ (മാൻഡേറ്ററി) പദ്ധതിയല്ല. പ്രൊജക്റ്റ് ഏറ്റെടുക്കുന്ന വിഷയത്തിലും, ഓരോ വർഷവും ആരംഭത്തിൽ തന്നെ കേന്ദ്രീകൃത ഓർഡർ KSWDC-ക്ക് നൽകുന്ന വിഷയത്തിലും അതതു തദ്ദേശഭരണ സ്ഥാപനത്തിന് തീരുമാനമെടുക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1.മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, തിരുവനന്തപുരം - 23
2. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
6. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
7. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
8. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്

9. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
10. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
11. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
12. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാ കളക്ടർമാർക്കും
14. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
15. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
16. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
17. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
18. ഡയറക്ടർ ജനറൽ, കില
19. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
20. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
21. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
22. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അംഗീകൃത ഏജൻസികളുടെയും അക്രഡിറ്റഡ് ഏജൻസികളുടെയും സേവനം ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗ്ഗരേഖ -സ്പഷ്ടീകരണം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(കൈ) നം.209/2023/LSGD തീയതി,തിരുവനന്തപുരം, 02-12-2023

പരാമർശം:- 1. സ.ഉ(എംഎസ്) നം. 133/2013/തസ്വഭവ തീയതി 30/03/2013.

2. സ.ഉ(എം.എസ്) നം.325/2013/തസ്വഭവ തീയതി 05/10/2013.

3. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് ചെയർമാന്റെ 19/07/2023-ലെ KAICO/HO/Tech/12 B/2023-93 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ചില പ്രത്യേക സാഹചര്യങ്ങളിൽ അംഗീകൃത/അക്രഡിറ്റഡ് ഏജൻസികളുടെ സേവനം ഉപയോഗപ്പെടുത്തേണ്ടതായി വരും. അങ്ങനെ സേവനം ഉപയോഗപ്പെടുത്തുന്നതിനായി വ്യക്തമായ മാനദണ്ഡങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗരേഖ (എൻ.ജി.ഒ നയം) അംഗീകരിച്ചുകൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. പരാമർശം (1) മാർഗ്ഗരേഖയിലെ ഖണ്ഡിക( 4 ) പ്രകാരം സർക്കാർ സ്ഥാപനങ്ങൾക്കും ഏജൻസികൾക്കും സർക്കാരിന്റെ കീഴിലുള്ള സ്വയംഭരണ സ്ഥാപനങ്ങൾക്കും വീണ്ടും സർക്കാരിന്റെ ഒരു അക്രഡിറ്റേഷൻ ആവശ്യമില്ലാത്തതിനാൽ അത്തരം ഏജൻസികൾ അക്രഡിറ്റഡ് ഏജൻസികളുടെ വിഭാഗത്തിൽപ്പെടുന്നവയല്ല. അത്തരം ഏതെങ്കിലും സ്ഥാപനത്തിന്റെയോ ഏജൻസിയുടെയോ സ്വയംഭരണ സ്ഥാപനത്തിന്റെയോ ബന്ധപ്പെട്ട മേഖലയിലുള്ള സേവനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉപയോഗിക്കാവുന്നതാണെന്ന് ഖണ്ഡികയിൽ പ്രതിപാദിക്കുന്നു. ധനകാര്യ വകുപ്പിന്റെ അക്രെഡിറ്റേഷൻ ഉത്തരവുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമാണ് .

3. പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പദ്ധതികൾ നിർവഹിക്കുന്നതിനായി ടെൻഡറുകൾ ക്ഷണിക്കുമ്പോൾ മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെടുന്ന കെയ്കോ പോലുള്ള സർക്കാർ സ്ഥാപനങ്ങളെ അക്രഡിറ്റഡ് ഏജൻസികളുടെ ലിസ്റ്റിൽപ്പെടുത്താൻ കഴിയില്ലെന്ന നിലപാടാണ് സ്വീകരിക്കുന്നതെന്നും, ആയതിനാൽ കെയ്കോ ഉൾപ്പെടെയുള്ള വിവിധ സർക്കാർ സ്ഥാപനങ്ങൾ ഏജൻസികൾ, സ്വയംഭരണ സ്ഥാപനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പല പദ്ധതികളിൽ നിന്നും പിന്തള്ളപ്പെടുന്ന സാഹചര്യമാണുള്ളതെന്നും

ആയതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തികൾ ഏറ്റെടുത്ത് നിർവഹിക്കുന്നതിനുള്ള അക്രഡിറ്റേഷൻ തങ്ങളുടെ സ്ഥാപനത്തിനും അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (3) പ്രകാരം കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ ചെയർമാൻ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ (KAICO) ഖരമാലിന്യ പരിപാലന സംവിധാനം ഏർപ്പെടുത്തുന്ന ഒരു സർക്കാർ സ്ഥാപനമാണ്. ഖരമാലിന്യ പരിപാലന മേഖലയിൽ അക്രഡിറ്റേഷനുവേണ്ടി സർക്കാരിന് KAICO അപേക്ഷ നൽകിയെങ്കിലും സർക്കാർ സ്ഥാപനമായതിനാൽ പ്രത്യേക അക്രഡിറ്റേഷൻ ആവശ്യമില്ല എന്ന് സർക്കാർ മാനേജിംഗ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ ഇടയിൽ അവ്യക്തതയുണ്ട് എന്ന് മാനേജിംഗ് ഡയറക്ടർ അറിയിച്ചിരിക്കുന്നു. അതിനാൽ തദ്ദേശഭരണസ്ഥാപനങ്ങൾ ടെണ്ടർ ക്ഷണിക്കുമ്പോൾ KAICO പിന്തള്ളപ്പെടുന്നു. കൃഷി വകുപ്പിന് കീഴിലുള്ള KAICO-യ്ക്ക് ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണം - പരിപാലനം, കമ്പോസ്റ്റിംഗ് യൂണിറ്റുകളുടെ നിർമ്മാണം, സാനിറ്ററി നാപ്കിൻ വെന്റിംഗ് മെഷീനും ഇൻസിനറേറ്ററും സ്ഥാപിക്കൽ തുടങ്ങിയവയിൽ പ്രവൃത്തി പരിചയമുണ്ട്. ഇവ പരിഗണിച്ച് KAICO മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഇത്തരം പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുള്ള അംഗീകൃത ഏജൻസിയാണെന്ന് അറിയിച്ചു ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
2. ഗ്രാമവികസന കമ്മിഷണർ, തിരുവനന്തപുരം
3. ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം
4. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
5. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
6. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
7. ഡയറക്ടർ, കില, തൃശ്ശൂർ
8. എല്ലാ ജില്ലാ കളക്ടർ (ആസൂത്രണ സമിതി സെക്രട്ടറി)മാർക്കും
9. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
10. എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ്, കമ്മിഷണർ(ജനറൽ)മാർക്കും
11. പഞ്ചായത്ത് ജോയിന്റ് ഡയറക്ടർമാർക്ക്
12. ചെയർമാൻ, കേരള അഗ്രോഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം.

13. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി അംഗങ്ങൾക്ക്
14. ജനറൽ സെക്രറി, കേരളാ ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
15. സ്രെകട്ടറി, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
16. സ്രെകട്ടറി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംബർ
17. സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേംബർ
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി.
19. സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

പകർപ്പ് :

1. തദ്ദേശ സ്വയംഭരണ വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എക്ക്
3. കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 02-12-2023 14:30:30

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - അഞ്ചാംക്ലാസ്സ് മുതലുള്ള സ്കൂൾ വിദ്യാർത്ഥികൾക്ക് കായികപരിശീലനം നൽകുന്നതിനുള്ള അധ്യാപകരുടെ യോഗ്യത, വേതനം എന്നിവ നിശ്ചയിച്ച സ.ഉ.(സാധാ) നം.1528/2023/LSGD തീയതി 26.07.2023 ഉത്തരവിൽ ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2397/2023/LSGD തീയതി,തിരുവനന്തപുരം, 02-12-2023

---

പരാമർശം:-
1. സ.ഉ.(സാധാ) നം. 2383/2021/തസ്വഭവ; തീയതി 25.11.2021
2. സ.ഉ.(സാധാ) നം.1528/2023/തസ്വഭവ; തീയതി 26.07.2023
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.10.2023-ൽ കൂടിയ യോഗത്തിന്റെ തീരുമാനം നം. 3.4 (എ), (ബി)

**ഉത്തരവ്**

തദ്ദേശ ഭരണസ്ഥാപനങ്ങൾ മുഖേന അഞ്ചാം ക്ലാസ് മുതലുള്ള സ്കൂൾ വിദ്യാർത്ഥികൾക്ക് കായിക പരിശീലനം നൽകുന്നതിന് അദ്ധ്യാപകർക്ക് ആവശ്യമായ യോഗ്യത, നൽകാവുന്ന വേതനം തുടങ്ങിയവ പരാമർശം (2) ഉത്തരവ് പ്രകാരം നിശ്ചയിച്ചിരുന്നു. ആയത് പ്രകാരം യോഗ അദ്ധ്യാപകർക്കുവേണ്ട യോഗ്യതയായ, (i) അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള BNYS (Bachelor of Naturopathy and Yoga Sciences) ബിരുദം (ii) അംഗീകൃത സർവ്വകലാശാലകളിൽ നിന്നുള്ള Certificate in Yoga, BSC in Yoga
- എന്നീ യോഗ്യതയോടൊപ്പം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ സ്റ്റേറ്റ് റിസോഴ്സ് സെന്ററും യോഗ അസോസിയേഷൻ ഓഫ് കേരളയും ചേർന്നു നടത്തുന്ന ഒരു വർഷത്തെ Diploma in Yoga Teacher Training (DYT) കൂടി ഉൾപ്പെടുത്തി ഉത്തരവാകുന്നു.

2. പരാമർശം (2) ഉത്തരവിൽ അഞ്ചാംക്ലാസ്സ് മുതലുള്ള സ്കൂൾ വിദ്യാർത്ഥികൾക്ക് കായികപരിശീലനം നൽകുന്നത് സംബന്ധിച്ച വ്യവസ്ഥകളാണെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും യോഗ്യത സംബന്ധിച്ച പട്ടികയിൽ അഞ്ചാംക്ലാസ് മുതലുള്ള സ്കൂൾ വിദ്യാർത്ഥികൾ എന്നതിനുപകരം പ്രൈമറി സ്കൂൾതലം എന്നാണ് തലവാചകമായി ചേർത്തിട്ടുള്ളത്. പരാമർശം (2) ഉത്തരവിന്റെ സംഗ്രഹത്തിലും അപ്രകാരമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് "അഞ്ചാം ക്ലാസ്സ് മുതലുള്ള സ്കൂൾതലം" എന്ന് തിരുത്തിക്കൊണ്ടും ഉത്തരവാകുന്നു.

3. പരാമർശം (2) ഉത്തരവ് മേൽ ഭേദഗതിയോടെ മാത്രം നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അറബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. സെക്രട്ടറി, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ
12. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
14. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
17. ഡയറക്ടർ ജനറൽ, കില
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
20. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
21. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-സാക്ഷരതാ പ്രേരക്മാരുടെ തദ്ദേശ സ്വയംഭരണ വകുപ്പിലേയ്ക്കുള്ള പുനർവിന്യാസം-തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രേരക്മാരുടെ പ്രവർത്തനങ്ങൾ നിശ്ചയിച്ചും ഹോണറേറിയം വിതരണത്തിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചും ഉത്തരവാകുന്നു

**തദ്ദേശ സ്വയംഭരണ (ഇആർബി) വകുപ്പ്**

സ.ഉ.(സാധാ) നം.743/2024/LSGD തീയതി,തിരുവനന്തപുരം, 12-04-2024

പരാമർശം:-
1. 22.09.2023-ലെ സ.ഉ (കൈ) നം.140/2023/പൊവിവ
2. 06-11-2023 ൽ അഡിഷണൽ ചീഫ് സെക്രട്ടറിയുടെ ചേംബറിൽ നടന്ന യോഗത്തിന്റെ നടപടി കുറിപ്പ്
3. 24-01-2024 ൽ ബഹുമാനപെട്ട തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ ചേംബറിൽ നടന്ന യോഗത്തിന്റെ നടപടി കുറിപ്പ്

**ഉത്തരവ്**

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമായിരുന്ന കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയെയും സാക്ഷരതാ പ്രേരക്മാരെയും തദ്ദേശ സ്വയംഭരണ വകുപ്പിലേയ്ക്ക് പുനർവിന്യസിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാക്ഷരതാ പ്രേരകമാരുടെ പ്രവർത്തനങ്ങളെക്കുറിച്ചും ഉത്തരവാദിത്വങ്ങളെക്കുറിച്ചും ഹോണറേറിയം വിതരണത്തെക്കുറിച്ചും പ്രസ്തുത സർക്കാർ ഉത്തരവിൽ പരാമർശിച്ചിരുന്നില്ല.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പിലേയ്ക്ക് പുനർവിന്യസിക്കപ്പെട്ട സാക്ഷരതാ പ്രേരക്മാരുടെ പ്രവർത്തനങ്ങളെക്കുറിച്ചും ഉത്തരവാദിത്വങ്ങളെക്കുറിച്ചും ഹോണറേറിയം വിതരണത്തെക്കുറിച്ചും താഴെ പറയും പ്രകാരമുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:-

(a) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുനർ വിന്യസിക്കപ്പെട്ട സാക്ഷരതാ പ്രേരക്മാരുടെ നിയന്ത്രണം പൂർണ്ണമായും തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയുടെ കീഴിലായിരിക്കും.

(b) സാക്ഷരതാ പ്രേരക്മാരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട മാലിന്യ നിർമ്മാർജ്ജനം, ലഹരി വിമുക്ത പ്രവർത്തനം എന്നിവയുടെ IEC Campaigns, ഡിജിറ്റൽ സാക്ഷരത പ്രവർത്തനങ്ങൾ, പഠനം മുടങ്ങിയ വിദ്യാർത്ഥികളുടെ തുടർ പഠനം തുടങ്ങിയ ഫീൽഡ് തല പ്രവർത്തനങ്ങൾക്കായി വിന്യസിക്കേണ്ടതും , അവരെ ഉപയോഗിച്ച് തദ്ദേശ സ്വയംഭരണ വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സ്വീകരിക്കേണ്ടതുമാണ് .

(c) ജില്ലാ തലത്തിൽ സാക്ഷരതാ മിഷൻ JD LSGD യുടെ കീഴിൽ പ്രവർത്തിക്കണം.

(d) പ്രേരക്മാരുടെ പ്രവർത്തനം എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ലഭിക്കുന്നുണ്ടെന്ന് പ്രിൻസിപ്പൽ ഡയറക്ടർ ഉറപ്പാക്കണം. പ്രേരക്മാരുടെ അവസാന രണ്ടു കാറ്റഗറി

ഒഴിവാക്കി പുനഃക്രമീകരിക്കേണ്ടതാണ്. ഒഴിവു വരുന്ന ഇടങ്ങളിൽ പുതുതായി പ്രേരക്മാരെ നിയമിക്കേണ്ടതില്ല .

(e) സാക്ഷരതാ പ്രേരക്മാരുടെ ഹോണറേറിയം നിലവിൽ അവർ ജോലി ചെയുന്ന സ്ഥാപനങ്ങളിൽ നിന്നും നൽകേണ്ടതാണ്. . .60:40 എന്ന അനുപാതത്തിൽ ഹോണറേറിയം പങ്കു വയ്ക്കുന്ന വ്യവസ്ഥ തുടരാവുന്നതാണ്. (60% തദ്ദേശ സ്ഥാപനങ്ങളുടെ തനതു വരുമാനത്തിൽ നിന്നും അവശേഷിക്കുന്ന 40% സാക്ഷരതാ മിഷന്റെ തനതു വരുമാനത്തിൽ നിന്നും) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മാസാമാസം വേതനം മുടക്കം കൂടാതെ പ്രേരക്മാർക്കു ലഭ്യമാകുന്നു എന്ന് ഉറപ്പാക്കേണ്ടതും, സാക്ഷരതാ മിഷന്റെ വിഹിതം quarterly basis-ൽ സർക്കാർ/മിഷൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് തിരികെ നൽകേണ്ടതുമാണ്.

3)22.09.2023 വരെയുള്ള ഹോണറേറിയം കുടിശ്ശിക സാക്ഷരതാ മിഷൻ നൽകിയിട്ടുണ്ട്.ഈ സാഹചര്യത്തിൽ 22.09.2023 മുതൽ 31 -03 2023 വരെയുള്ള ആറു മാസത്തെ കുടിശ്ശിക പ്രേരക്മാർക്കു നൽകേണ്ടതുണ്ട് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ വിഹിതം (60%)തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്നാണ് കണ്ടെത്തേണ്ടത് . അതായതു നിലവിൽ ഹോണറേറിയം ഇനത്തിലെ സോഴ്സ് ഓഫ് ഫണ്ടിങ്ങിനു മാറ്റം വരുന്നതിനാലും , നിലവിൽ പെരുമാറ്റ ചട്ടം നില നിൽക്കുന്നതിനാലും, ഈ വിഷയത്തിൽ ഇലക്ഷൻ കമ്മീഷന്റെ അനുമതി ലഭ്യമാക്കേണ്ടതുണ്ട് .

4)ഈ സാഹചര്യത്തിൽ ഇലക്ഷൻ കമ്മീഷന്റെ അനുമതി ലഭ്യമാക്കുന്നതിന് കാലതാമസം നേരിടും എന്നതിനാലും, കഴിഞ്ഞ 6 മാസക്കാലമായി യാതൊരു തുകയും അവർക്കു ലഭിച്ചിട്ടില്ലാത്തതിനാലും, അടിയന്തരാശ്വാസം എന്ന നിലയിൽ 22.09.2023 മുതൽ 31 -03 2023 വരെ പ്രേരക്മാർക്കു അർഹതപ്പെട്ട ഹോണറേറിയത്തിന്റെ 40 % മിഷന്റെ തനതു ഫണ്ടിൽ നിന്നും ചുവടെ പറയും പ്രകാരം അനുവദിക്കാനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

| വിഭാഗം | പ്രതിമാസ ഹോണറേറിയം (രൂപയിൽ) | സാക്ഷരതാ മിഷൻ നൽകേണ്ട തുക (രൂപ) |
|---|---|---|
| നോഡൽ പ്രേരക് | 15000 | 6000 |
| പ്രേരക് /അസിസ്റ്റന്റ് പ്രേരക് | 12000 | 4800 |

5) പ്രസ്തുത അടിയന്തരാശ്വാസം പ്രേരക്മാരുടെ അക്കൗണ്ടിൽ സാക്ഷരതാ മിഷൻ ഉടനടി നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA.R.S.
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
കേരള സാക്ഷരതാ മിഷൻ അതോറിറ്റി ഡയറക്ടർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് (web & new media)

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ഡിഎ1/259/2024-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 27-06-2024

സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രൊജക്റ്റ് ഏറ്റെടുക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. സ.ഉ.(കൈ) നം.84/2022/തസ്വഭവ, തീയതി 19.04.2022
2. സ.ഉ.(കൈ) നം.86/2022/തസ്വഭവ, തീയതി 19.04.2022
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.06.2024-ന നടന്ന യോഗത്തിന്റെ തീരുമാനം 3.11

**********

സ്കൂളിൽ പോകുന്ന വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ട് തയ്യാറാക്കുന്നുണ്ട്. മേൽ പ്രോജക്ടിന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി പൊതുവിൽ അനുമതി നൽകാറില്ല. മിക്ക സ്കൂളുകളിലും വാഹനമുണ്ടെന്നതും പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് വിദ്യാവാഹിനി (ഗോത്ര സാരഥി) പദ്ധതിയിലൂടെ യാത്രാസൗകര്യം ഒരുക്കുന്നുണ്ട് എന്നതും പരിഗണിച്ച്, സൈക്കിൾ വാങ്ങി നൽകുന്നതിന് പൊതു അനുമതി നൽകുന്നത് ഉചിതമല്ലെന്ന് സൂചിത യോഗം നിരീക്ഷിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ, വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം ചെലവഴിക്കാവുന്നതല്ലെന്നും അതിനായി പ്രോജക്ട് ഏറ്റെടുക്കേണ്ടതില്ലെന്നും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുന്നു.

MANOJ T
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്

7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
14. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
15. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
16. ഡയറക്ടർ ജനറൽ, കില
17. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
18. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
19. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
20. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി - പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗരേഖയിലെ വ്യവസ്ഥ - ഭേദഗതി ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

G.O.(Rt)No.1151/2024/LSGD തീയതി,തിരുവനന്തപുരം, 27-06-2024

---

പരാമർശം:-

1. സ.ഉ. (സാധാ) നം.03/2012/തസ്വഭവ; തീയതി 02.01.2012
2. സ.ഉ. (കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
3. സംസ്ഥാന പോലീസ് മേധാവിയുടെ 04.10.2023ലെ C2-21243/2023/PHQ നമ്പർ കത്ത്.
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 30.12.2023ലെ LSGD/PD/62922/2023-EMP4 നമ്പർ റിപ്പോർട്ട്
5. സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് കൺവീനറുടെ 16.03.2024ലെ 1492/എസ്.ആർ.ജി./2023 നമ്പർ കത്ത്.
6. സംസ്ഥാന പോലീസ് മേധാവിയുടെ 31.05.2024ലെ C2-93587/2024/PHQ നമ്പർ കത്ത്.
7. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 06.06.2024-ന നടന്ന യോഗത്തിന്റെ തീരുമാനം 3.17

**ഉത്തരവ്**

ഹൈസ്കൂൾ വിദ്യാർത്ഥികളിൽ നിയമത്തോടുള്ള ബഹുമാനം, അച്ചടക്കം, പൗരബോധം, സമൂഹത്തിലെ ദുർബല ജനവിഭാഗങ്ങളോട് ദയാവായ്പ്, സാമൂഹ്യ വിപത്തുകളെ ചെറുത്ത് നിൽക്കാനുള്ള കഴിവ് എന്നീ ഗുണങ്ങൾ പാകി, യുവാക്കളിൽ നൈസർഗ്ഗികമായ കഴിവുകൾ പരിപോഷിപ്പിക്കുവാനും അതുവഴി അസഹിഷ്ണുത, ലഹരി ഉപയോഗം, അച്ചടക്കമില്ലായ്മ, അക്രമം മുതലായ നിഷേധാത്മക പ്രവണതകളെ പ്രതിരോധിക്കുവാൻ അവരെ പ്രാപ്തരാക്കുവാനും, വിദ്യാർത്ഥികളിൽ തങ്ങളുടെ കുടുംബം, സമൂഹം, പരിസ്ഥിതി എന്നിവയോട് പ്രതിബദ്ധത വളർത്തുവാനും ലക്ഷ്യമിട്ട്, സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി, പോലീസ് വകുപ്പ് മുഖേന നടപ്പാക്കി വരുന്നുണ്ട്. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പാക്കുന്ന സ്കൂളുകൾക്ക്, അവരുടെ തനത് ഫണ്ടിൽ നിന്നും 50,000

രൂപയിൽ കവിയാത്ത തുക ചെലവഴിക്കുന്നതിന് പരാമർശം 1 പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ ഈ അനുമതി, സർക്കാർ/എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂളിലെ കുട്ടികൾക്ക് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പരിശീലനത്തിനായി വേണ്ടി വരുന്ന തുകയിൽ പോലീസ് വകുപ്പിൽ നിന്നും ലഭ്യമാക്കുന്നത് കഴിച്ചുള്ള തുക, സ്കൂൾ ഒന്നിന് 20,000 രൂപയിൽ അധികരിക്കാതെ, ജില്ലാ പഞ്ചായത്തുകൾക്കും നഗര ഭരണ സ്ഥാപനങ്ങൾക്കും വിനിയോഗിക്കാവുന്നതാണ് എന്ന തരത്തിൽ, പരാമർശം 2 മാർഗ്ഗരേഖ ഉത്തരവിലെ ഖണ്ഡിക 7.4.4 പ്രകാരം ഭേദഗതി ചെയ്തിട്ടുണ്ട്.

2. ഇതിനുപരിയായി, സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിക്കായി അതത് വർഷങ്ങളിലെ പ്ലാൻ ഫണ്ടിൽ നിന്നുകൂടി തുക ചെലവ് ചെയ്യാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്നും, തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിനിയോഗിക്കാത്ത പ്ലാൻ ഫണ്ട് പദ്ധതിക്കായി അനുവദിക്കണമെന്നും, ഗ്രാമപഞ്ചായത്തിന്റെ ഫണ്ടിൽ നിന്ന് അവരുടെ പ്രദേശത്തുള്ള സ്റ്റുഡന്റ് പോലിസ് കേഡറ്റ് പദ്ധതി നടപ്പാക്കുന്ന സ്കൂളുകൾക്ക് അതിനായി 25,000 രൂപയും, ജില്ലാ പഞ്ചായത്തുകൾക്ക് സ്കൂൾ ഒന്നിന് 25,000 രൂപയും, നഗരഭരണ സ്ഥാപനങ്ങൾക്ക് സ്കൂൾ ഒന്നിന് 50,000 രൂപയും ചെലവ് ചെയ്യുന്നതിന് അനുമതി നൽകണമെന്നും സംസ്ഥാന പോലീസ് മേധാവി പരാമർശം 3 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ, സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിക്കായി 50,000/- രൂപയിൽ കവിയാത്ത തുക അനുവദിക്കാൻ പരാമർശം 1 പ്രകാരം അനുമതി നൽകിയിരുന്നത് പുനഃസ്ഥാപിക്കണമെന്നും, കോർപ്പറേഷൻ പരിധിയിൽ പദ്ധതി വിഹിതം 75,000/- രൂപയാക്കി വർദ്ധിപ്പിച്ചു നൽകണമെന്നും സംസ്ഥാന പോലീസ് മേധാവി പരാമർശം 6 പ്രകാരവും അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സ്റ്റുഡന്റ് പോലീസ് കേഡറ്റ് സ്കീമിന്റെ പ്രാധാന്യം കണക്കിലെടുത്ത്, സ്റ്റുഡന്റ് പോലീസ് കേഡറ്റ് സ്റ്റേറ്റ് നോഡൽ ഓഫീസറുടെ ആവശ്യപ്രകാരം പ്രസ്തുത പദ്ധതിയുടെ പ്രവർത്തനത്തിന് അധിക നിരക്കിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് തുക വകയിരുത്തുന്നതിനുള്ള അനുമതി നൽകാവുന്നതാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 4 പ്രകാരവും, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് പരാമർശം 5 പ്രകാരവും ശിപാർശ ചെയ്തിട്ടുണ്ട്.

4. പരാമർശിത യോഗതീരുമാനത്തിന്റെ കൂടി അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയെ സംബന്ധിക്കുന്ന, തദ്ദേശ ഭരണസ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച പരാമർശം 2 മാർഗരേഖയുടെ ഖണ്ഡിക 7.4.4 ചുവടെ പ്രകാരം ഭേദഗതി ചെയ്തു ഉത്തരവാകുന്നു.

"**7.4.4. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പരിശീലനം** : സർക്കാർ എയ്ഡഡ് ഹൈസ്കൂളുകൾ, സർക്കാർ/ എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകൾ എന്നിവിടങ്ങളിലെ കുട്ടികൾക്ക് Student Police Cadet (SPC) പരിശീലനത്തിനായി പോലീസ് വകുപ്പിൽ നിന്നും ലഭിക്കുന്നത് കഴിച്ചുള്ള തുക, തനത് ഫണ്ട്, തനത് ഫണ്ട് ഇല്ലെങ്കിൽ വികസന ഫണ്ട് (സാധാരണ വിഹിതം) എന്നിവ ഉപയോഗിച്ച് വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകൾ ഗ്രാമ പഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും ഏറ്റെടുക്കാവുന്നതാണ്. ഇതിനായി കോർപ്പറേഷനുകൾക്ക് ഒരു സ്കൂളിന് 75,000 രൂപയും, മുനിസിപ്പാലിറ്റികളടക്കമുള്ള മറ്റു തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഒരു സ്കൂളിന് 50,000 രൂപയും വകയിരുത്താവുന്നതാണ്. ഗ്രാമപ്രദേശങ്ങളിൽ ജില്ലാ പഞ്ചായത്തിന്റേയും ഗ്രാമപഞ്ചായത്തിന്റെയും വിഹിതം ചേർത്ത്

വേണം പരമാവധി 50,000 രൂപ ഉപയോഗിക്കേണ്ടത്. ഒരു സ്കൂളിനുള്ള ഗ്രാമ പഞ്ചായത്തിന്റെയും ജില്ലാ പഞ്ചായത്തിന്റെയും ആകെ വിഹിതം 50,000 രൂപയിൽ അധികരിക്കാത്തവിധം ജില്ലാ പഞ്ചായത്തുകൾ തങ്ങളുടെ വിഹിതം സ്കൂളുകൾ സ്ഥിതിചെയ്യുന്ന സ്ഥലത്തെ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറി സംയുക്തമായി പ്രോജക്ട് നടപ്പിലാക്കേണ്ടതാണ്."

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T

JOINT SECRETARY

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
5. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
6. ഡയറക്ടർ-റൂറൽ, തദ്ദേശ സ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-അർബൻ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. സംസ്ഥാന പോലീസ് മേധാവി
9. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
10. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
11. എല്ലാ ജില്ലാ കളക്ടർമാർക്കും
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
14. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
15. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
16. ഡയറക്ടർ ജനറൽ, കില
17. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
18. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
19. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
20. ആഭ്യന്തര വകുപ്പ് (D2/96/2023-HOME)
21. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ഡിഎ1/294/2024-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 05-08-2024

സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടിയുള്ള പ്രോജക്ടുകൾ ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുക്കുന്ന വിഷയത്തിൽ സ്പഷ്ടീകരണം നൽകുന്നത് - സംബന്ധിച്ച്.

സൂചന:-
1. സ.ഉ.(കൈ) നം.84/2022/തസ്വഭവ, തീയതി 19.04.2022
2. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 17.07.2024 -നു നടന്ന യോഗത്തിന്റെ തീരുമാനം 3.2

**********

തദ്ദേശ ഭരണസ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട സൂചന 1 പദ്ധതി ആസൂത്രണ മാർഗ്ഗരേഖ ഖണ്ഡിക 8.6(17) പ്രകാരം സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടിയുള്ള പ്രോജക്ടുകൾ ഗ്രാമ/ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ് എന്ന് പ്രതിപാദിച്ചിട്ടുണ്ട്. സൂചന 2 സബ്സിഡി-ധനസഹായം-അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ ഖണ്ഡിക 7.4.5 പ്രകാരം തുടർ സാക്ഷരതാ പ്രവർത്തനങ്ങൾക്ക് ആവശ്യമുള്ള പ്രോജക്ടുകൾ എല്ലാതലത്തിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാമെന്നും പ്രതിപാദിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ തുടർസാക്ഷരതാ പ്രവർത്തനത്തിനുള്ള പ്രോജക്ട് ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണോ എന്ന് സ്പഷ്ടീകരണം നൽകണമെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്നുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയും പ്രകാരം വ്യക്തത വരുത്തുന്നു;

സൂചന 2 സബ്സിഡി ധനസഹായ മാർഗ്ഗരേഖയിൽ പറയും പ്രകാരം തുടർ സാക്ഷരതാ പ്രവർത്തനങ്ങൾക്ക് സഹായകരമായ പ്രോജക്ടുകൾ **എല്ലാ തലത്തിലുമുള്ള** തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഏറ്റെടുക്കാവുന്നതാണെന്ന് വ്യക്തത വരുത്തുന്നു.

MANOJ T
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
5. ഡയറക്ടർ, കേരള സംസ്ഥാന സാക്ഷരതാ മിഷൻ
6. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
7. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
8. എല്ലാ ജില്ലാകളക്ടർമാർക്കും
9. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
10. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
11. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
12. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
13. ഡയറക്ടർ ജനറൽ, കില
14. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
15. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
16. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
17. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം. EWB3/104/2024-LSGD

തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്

തിരുവനന്തപുരം,

തീയതി: 07-11-2024

സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ്- സംസ്ഥാനത്തെ വിദ്യാലയങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കുന്ന വിഷയത്തിൽ സ്പഷ്ടീകരണം നൽകുന്നത്- സംബന്ധിച്ച്

സൂചന:- 1.04.07.2024 തീയതിയിലെ EWB3/104/2024-LSGD നമ്പർ സർക്കുലർ

2.ചീഫ് എഞ്ചിനീയറുടെ 26.07.2024 തീയതിയിലെ LSGD/PD/21366/2024-DB2 നമ്പർ കത്ത്

2024-2025 അധ്യയന വർഷം സംസ്ഥാനത്തെ വിദ്യാലയങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നത് സംബന്ധിച്ച് സൂചന (1) പ്രകാരം സർക്കുലർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രസ്തുത പരിപത്രത്തിലെ നിർദ്ദേശങ്ങളിൽ വ്യക്തത വരുത്തണമെന്ന് സൂചന (2) പ്രകാരം ചീഫ് എഞ്ചിനീയർ ആവശ്യപ്പെട്ടിരുന്നു.

മേൽ നിർദ്ദേശം സർക്കാർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സൂചന (1) സർക്കുലറിലെ ഖണ്ഡിക (2),(7),(8) എന്നിവയിൻമേൽ ചുവടെ ചേർത്തിരിക്കും പ്രകാരം സ്പഷ്ടീകരണം നല്കുന്നു.

**ഖണ്ഡിക (2):** സംസ്ഥാനത്തെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയ കെട്ടിടങ്ങൾ ക്രമവൽക്കരിയ്ക്കുന്നതിന് സർക്കാർ കാലാകാലങ്ങളിൽ ചട്ടപ്രകാരം പുറപ്പെടുവിയ്ക്കുന്ന ഉത്തരവുകളിൽ യാതൊരുവിധ ഇളവും നൽകാൻ സൂചന (1)-ലെ സർക്കുലർ നിർദ്ദേശിച്ചിട്ടില്ല. കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ക്രമവൽക്കരണം സംബന്ധിച്ച്

സർക്കാർ പുറപ്പെടുവിച്ച 09/02/2024 തീയതിയിലെ സ.ഉ(പി) നം.20/2024/എൽ.എസ്.ജി.ഡി, സ.ഉ(പി)നം.21/2024/എൽ.എസ്.ജി.ഡി എന്നീ ഉത്തരവുകളിൽ പരാമർശിക്കുന്ന തരത്തിൽ കെ.എം.ബി.ആർ/കെ.പി.ബി.ആർ വ്യവസ്ഥകളിൽ അനുവദനീയമായ ഇളവുകൾ മാത്രം നൽകുക എന്നത് മാത്രമേ ടി സർക്കുലർ ഉദ്ദേശിച്ചിരുന്നുള്ളൂ.

**ഖണ്ഡിക (7):** 15/02/2021 ലെ നം.EWA3/179/2020-LSGD സർക്കുലർ പ്രകാരം 01.01.2012-ന് ശേഷം ഒക്യുപെൻസി സർട്ടിഫിക്കറ്റ് ലഭ്യമായ കെട്ടിടങ്ങൾക്ക് 1.25 ശതമാനം നിരക്കിൽ സൂപ്പർവിഷൻ ചാർജ്ജ് ഈടാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അത് നിലവിൽ പ്രാബല്യത്തിൽ ഉള്ള സർക്കാർ നിർദ്ദേശമാണ്. സൂപ്പർ വിഷൻ ചാർജ്ജ് ഈടാക്കുന്ന സംഗതി, പൊതുമരാമത്ത് വകുപ്പുമായി ചർച്ച ചെയ്ത് പുറപ്പെടുവിച്ച മുൻ നിർദ്ദേശങ്ങളുടെ തുടർച്ചയായിരുന്നു ഇപ്പോഴും നിലവിലുള്ള 2021 ലെ സർക്കുലർ. അതിൽ നിന്ന് മാറ്റം വരുത്തുന്നതിന് പ്രത്യേകിച്ചൊരു തീരുമാനവും പരാമർശം (1)-ലെ സർക്കുലറിൽ പ്രതിപാദിയ്ക്കുന്നില്ല. സൂപ്പർ വിഷൻ ചാർജ്ജ് ഒഴിവാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതാണ് എന്നത് കൊണ്ടുദ്ദേശിയ്ക്കുന്നത്, നിലവിൽ പ്രാബല്യത്തിലുള്ള സർക്കുലർ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ യോഗ്യത ഉള്ളവയ്ക്ക് (01.01.2012-ന് മുൻപ് ഒക്യുപെൻസി സർട്ടിഫിക്കറ്റ് ലഭ്യമായവയ്ക്ക്) അർഹമായ ആനുകൂല്യം നൽകുക എന്നത് മാത്രമാണ്. 01.01.2012 ന് ശേഷം ഒക്യുപെൻസി സർട്ടിഫിക്കറ്റ് ലഭ്യമായ കെട്ടിടങ്ങൾക്ക് സൂപ്പർവിഷൻ ചാർജ്ജ് ഒഴിവാക്കുക എന്നത് അല്ല.

**ഖണ്ഡിക (8):** അനധികൃത നിർമ്മാണം സാധൂകരിയ്ക്കാനോ ഇളവ് നൽകാനോ യാതൊന്നും പരാമർശം (1)-ലെ സർക്കുലർ നിർദ്ദേശിയ്ക്കുന്നില്ല. എന്നാൽ അടുത്ത അധ്യായന വർഷത്തിനു മുമ്പായി ആവശ്യമായ രേഖകൾ സമർപ്പിച്ച് റഗുലറൈസ് ചെയ്യേണ്ടതാണ് എന്ന നിബന്ധനയോടെ 2024-2025 അധ്യയന വർഷത്തേക്ക് മാത്രമായി താൽക്കാലിക ഫിറ്റനസ് സർട്ടിഫിക്കറ്റ് നൽകുവാനും, നിബന്ധനകളിൽ 2025-2026 അധ്യയന വർഷത്തിന് മുമ്പായി പാലിക്കുന്നതാണെന്ന സത്യവാങ്മൂലം അതത് സ്കൂൾ അധികൃതർ ഹാജരാക്കേണ്ടതാണ് എന്നുമാണ് സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളത്.

ഉത്തരവിൻ പ്രകാരം

ബിജുക്കുട്ടൻ എം എസ്

അഡിഷണൽ സെക്രട്ടറി

Signed by
Keerthi I P
Date: 07-11-2024 17:32:05

സെക്ഷൻ ഓഫീസർ.

പകർപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

പൊതു വിദ്യാഭ്യാസ ഡയറക്ടർ, പൊതു വിദ്യഭ്യാസ വകുപ്പ്, തിരുവനന്തപുരം

വെബ്&ന്യൂ മീഡിയ, ഐ.& പി.ആർഡി

പൊതു വിദ്യഭ്യാസ വകുപ്പ്

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.DB1/18/2024/തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 29-11-2024

സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മേൽനോട്ട ചുമതലയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിലുള്ള സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ ബാലസൗഹൃദപരമായും ആരോഗ്യപരമായും മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

പരാമർശം:-

1. 19/04/2022 ലെ സ.ഉ(കൈ)നം. 84/2022/ത.സ്വ.ഭ.വ സർക്കാർ ഉത്തരവ്
2. 19/04/2022 ലെ സ.ഉ(കൈ)നം. 86/2022/ത.സ്വ.ഭ.വ സർക്കാർ ഉത്തരവ്
3. 28/05/2022 ലെ സ.ഉ(കൈ)നം. 115/2022/ത.സ്വ.ഭ.വ സർക്കാർ ഉത്തരവ്
4. കേരള സംസ്ഥാന ബാലവകാശ കമ്മീഷന്റെ 30/06/2023 തീയതിയിലെ സി.ആർ.എം.പി. നമ്പർ : 5830/04/C2/2022/KeSCPCR നമ്പർ ഉത്തരവ്
5. തദ്ദേശ സ്വയംഭരണ വകുപ്പ്, പ്രിൻസിപ്പൽ ഡയറക്ടറുടെ 03.02.2024 ലെ LSGD/PD/2986/2024-EMP4 നമ്പർ കത്ത്

ആലപ്പുഴ ജില്ലയിലെ കായംകുളം ഗവ. ടൗൺ യു.പി. സ്കൂളിലുണ്ടായ ഭക്ഷ്യവിഷബാധയുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ സ്വമേധയാ കേസെടുക്കുകയും, 2009 ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനായുള്ള ആക്ടിലെ വകുപ്പ് 15 പ്രകാരം പരാമർശം (4) ശിപാർശ തദ്ദേശ സ്വയംഭരണ വകുപ്പിന് നൽകി തീർപ്പാക്കി ഉത്തരവായിരുന്നു.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മേൽനോട്ട ചുമതലയുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അധികാരപരിധിയിലുള്ള സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ ബാലസൗഹൃദപരമായും ആരോഗ്യപരമായും മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾകൊള്ളിച്ചുകൊണ്ട് സൂചന 1 മുതൽ 3 വരെയുള്ള ഉത്തരവുകൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

1) ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പരാമർശം (1) പ്രകാരമുള്ള മാർഗ്ഗരേഖയിൽ ചുവടെ ചേർക്കുംപ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്.

6.4 (എ) കുട്ടികളുടെ വികസനത്തിനുവേണ്ടിയുള്ള പ്രത്യേക പദ്ധതി
8.8.2 അങ്കണവാടികൾ പരിപാലിക്കൽ
8.83 ഭക്ഷണ വിതരണ പരിപാടികൾ

2) മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ നടപ്പിലാക്കുന്നതിനായി പരാമർശം (2) പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖയിൽ ചുവടെ ചേർക്കും പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്.

6.4 (എ) കുട്ടികളുടെ വികസനത്തിനുവേണ്ടിയുള്ള പ്രത്യേക പദ്ധതി
8.8.2 അങ്കണവാടികൾ പരിപാലിക്കൽ
8.83 ഭക്ഷണ വിതരണ പരിപാടികൾ

3) ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടേയും നഗര ഭരണ സ്ഥാപനങ്ങളുടേയും 2022-23 മുതൽ 2026-27 വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച് പരാമർശം (3) പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗരേഖയിൽ ചുവടെ ചേർക്കും പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്.

7.4.1 ലൈബ്രേറിയൻമാരുടെ സേവനം ലഭ്യമാക്കൽ
7.4.2 കായിക അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കൽ
7.4.3 കായികക്ഷമത - എൽ.പി.എസ് കുട്ടികളിൽ

കൂടാതെ തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (5) പ്രകാരം 2009-ലെ വിദ്യാഭ്യാസ അവകാശ നിയമപ്രകാരം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മേൽനോട്ട ചുമതലയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരപരിധിയിലുള്ള സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ ബാലസൗഹൃദപരമായും ആരോഗ്യപരമായും മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ സർക്കാർ തലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാവുന്നതാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

dispense with the assigning of Medical Officers as implementing officers for the program to sanction financial assistance to kidney patients issued as per Circular No. DA1/151/2022/LSGD Dated 18.9.2022, subject to the condition that the Medical Officer shall certify the need for the procedure and render medical advice as required. Also regarding the issue of guidelines with respect to doctors working with Local Self Government Institutions, the role of Health & Family Welfare- Department is limited as transfer of powers to Local Self Government Institutions, was effected, while implementing Panchayath Raj Act. However, the Health Department has specific guidelines about the duties and responsibilities of medical officers in transferred institutions with respect to ensuring proper delivery of healthcare services. In all such healthcare programs that are undertaken by the local self government institutions in health institutions under their jurisdiction and in the community under their geographical jurisdiction, medical officers deputed to such institutions are required to implement the technical part of the program while the financial disbursal is to be done by the Secretary of the concerned local self government institution.

(4). Thus the contentions raised by the petitioner has been addressed as far as Health and Family Welfare Department is concerned. The Ext P5 representation is disposed of as above, and the judgment of Hon'ble High Court dated 1/11/2022 in WP(c) No 34191/2002 filed by Dr. K. Prathibha is here by complied with .

(By order of the Governor)
TINKU BISWAL
PRINCIPAL SECRETARY

The Advocate General Kerala,Ernakulam (with C/L)
The Director of Health Services,THiruvananthapuram
Dr. K. .Prathibha, Assistant Surgeon, Family Health Centre ,
Thanalur,Malappuram

Stock File

Forwarded /By order

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. 93/ഡി സി.1/2023/ തസ്വഭവ
തദ്ദേശ സ്വയം ഭരണ (ഡി.സി.) വകുപ്പ്
തിരുവനന്തപുരം,
തീയതി: 17-03-2023

<u>സർക്കുലർ</u>

വിഷയം:- കൊവിഡ് മഹാമാരിയുടെ കാലത്ത് കൊവിഡ് പ്രതിരോധ പരിരക്ഷയുടെ ഭാഗമായി തദ്ദേശഭരണസ്ഥാപനങ്ങൾ വാങ്ങിയിട്ടുള്ള വിവിധ മെഡിക്കൽ ഉപകരണങ്ങളുടെ തുടർ പരിപാലനം സംബന്ധിച്ച്

സൂചന:- 14.02.2023-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോർഡിനേഷൻ സമിതി യോഗത്തിലെ പൊതു വിഷയങ്ങളിൽ തീരുമാനം നമ്പർ 3(6)

**********

കൊവിഡ് മഹാമാരിയുടെ കാലത്ത് കൊവിഡ് പ്രതിരോധ പരിരക്ഷയുടെ ഭാഗമായി തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ വിവിധ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ഇവ സംബന്ധിച്ച കണക്ക് ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ /നിർവഹണ ഉദ്യോഗസ്ഥർ ശേഖരിക്കേണ്ടതും ഇപ്പോൾ ഉപയോഗപ്രദമായതിന്റേയും ഉപയോഗ ശൂന്യമായതിന്റേയും കണക്ക് പ്രത്യേകമെടുത്ത് സൂക്ഷിക്കേണ്ടതുമാണ്. ഉപയോഗപ്രദമായവ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ ആരോഗ്യ സ്ഥാപനത്തിന് നൽകേണ്ടതും പാലിയേറ്റീവ് പ്രവർത്തനത്തിന് ഉപയോഗിക്കാൻ കഴിയുന്നവ തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പാലിയേറ്റീവ് പ്രവർത്തനത്തിനായി ഉപയോഗിക്കേണ്ടതുമാണ്.

SHEEJA.R.S.
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
ആരോഗ്യവകുപ്പ് ഡയറക്ടർ
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്I /ആഡിറ്റ് II ) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA) വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന ആയുർവേദ ആശുപത്രികളിൽ ഔഷധം വിതരണം ചെയ്യാൻ തട്ടുക്കശ്ശേരി സർവ്വീസ് സഹകരണ ബാങ്കിന് കീഴിൽ പ്രവർത്തിക്കുന്ന കേരളശ്രീ ആയുർവേദിക്സ് എന്ന സ്ഥാപനത്തിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.674/2023/LSGD തീയതി,തിരുവനന്തപുരം, 21-03-2023

---

പരാമർശം:-

1. തട്ടുക്കശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റിന്റെ 09.07.2019, 15.01.2020, 14.10.2022 തീയതികളിലെ കത്തുകളും അനുബന്ധരേഖകളും
2. പഞ്ചായത്ത് ഡയറക്ടറുടെ 06.11.2019 ലെ ജെ1-13675/2019 നമ്പർ റിപ്പോർട്ട്
3. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 18.11.2019, 19.02.2020 തീയതികളിലെ സി2-1576/2019 നമ്പർ റിപ്പോർട്ടുകൾ
4. സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28.05.2022
5. ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളറുടെ (ആയുർവ്വേദം) 01.07.2022 ലെ എംഎൽ3.2851/2021/ഡി.സി നമ്പർ റിപ്പോർട്ട്
6. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 09.01.2023 ന നടന്ന യോഗത്തിന്റെ തീരുമാനം 4.4

**ഉത്തരവ്**

തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ആയുർവേദ മരുന്നുകൾ ഔഷധിയിൽ നിന്നോ സർക്കാർ ഉത്തരവ് പ്രകാരം വാങ്ങാൻ അനുവദിക്കപ്പെട്ട മറ്റ് സ്ഥാപനങ്ങളിൽ നിന്നോ വാങ്ങുന്നതിനാണ് സബ്സിഡി - ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച പരാമർശം (4) മാർഗ്ഗരേഖ പ്രകാരം അനുമതി നൽകിയിട്ടുള്ളത്. പാലക്കാട് ജില്ലയിലെ കേരളശ്ശേരി ഗ്രാമപഞ്ചായത്തിൽ തട്ടുക്കാശ്ശേരി സർവീസ് സഹകരണ സംഘത്തിന് കീഴിൽ പ്രവർത്തിച്ചു വരുന്ന കേരളശ്രീ ആയുർവേദിക്സ് എന്ന ഔഷധ നിർമ്മാണ സ്ഥാപനത്തിന്റെ മരുന്നുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന ആയുർവേദ ആശുപത്രികളിൽ വിതരണം ചെയ്യാനുള്ള അനുമതി നൽകണമെന്ന് തട്ടുക്കാശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. പ്രസ്തുത സ്ഥാപനം ഒരു സഹകരണ സ്ഥാപനമായതിനാൽ വകുപ്പിൽ പ്രാബല്യത്തിൽ ഉള്ള വിലയിൽ അധികരിക്കാതെ, സ്ഥാപനം തനതായി ഉത്പാദിപ്പിക്കുന്ന, ഡ്രഗ് കൺട്രോളറുടെ അംഗീകാരമുള്ള ഔഷധങ്ങൾ വാങ്ങാൻ തദ്ദേശസ്ഥാപനങ്ങൾക്ക്

സോപാധികം അനുമതി നല്കാവുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

3. കേരളശ്രീ ആയുർവേദിക്സ് എന്ന സ്ഥാപനവും പ്രസ്തുത സ്ഥാപനത്തിന് ലോൺ ലൈസൻസിൽ ഔഷധം നിർമ്മിച്ച് നൽകുന്ന വള്ളുവനാട് ആയുർവേദ ഔഷധശാല എന്ന സ്ഥാപനവും പ്രസ്തുത മേഖലാ ആയുർവേദ ഡ്രഗ്സ് ഇൻസ്പെക്ടർ പരിശോധിച്ച്, ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്റ്റ്, ഷെഡ്യൂൾ റ്റി മാനദണ്ഡങ്ങൾ പാലിച്ച് പ്രവർത്തിക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നും കൂടാതെ സ്ഥാപനം നിർമ്മിക്കുന്ന ഔഷധങ്ങൾ സാമ്പിൾ പരിശോധനയ്ക്ക് അയച്ചതിൽ ഗവൺമെന്റ് ഡ്രഗ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ പരിശോധന റിപ്പോർട്ട് പ്രകാരം ഗുണനിലവാരമുള്ളതാണെന്ന് ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ടെന്നും ആയതിനാൽ തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള ആയുർവേദ ഡിസ്പെൻസറികൾ മുഖാന്തിരം ഔഷധങ്ങൾ വിതരണം നടത്തുന്നതിന് കേരളശ്രീ ആയുർവേദിക്സ്, കേരളശ്ശേരി.പി.ഒ., പാലക്കാട് -678 641 എന്ന സ്ഥാപനത്തിന് അനുമതി നൽകാവുന്നതാണ് എന്നും ആയുർവേദ ഡ്രഗ്സ് കൺട്രോളർ പരാമർശം (5) പ്രകാരവും ശിപാർശ ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വകുപ്പിൽ പ്രാബല്യത്തിൽ ഉള്ള വിലയിൽ അധികരിക്കാതെ, മറ്റ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട്, കേരളശ്രീ ആയുർവേദിക്സ് എന്ന സ്ഥാപനം ലോൺ ലൈസൻസിൽ തനതായി ഉത്പാദിപ്പിക്കുന്ന, ഡ്രഗ് കൺട്രോളറുടെ അംഗീകാരമുള്ള ഔഷധങ്ങൾ വാങ്ങാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക്, കേരളശ്രീ ആയുർവേദിക്സിന്റെ ലോൺ ലൈസൻസിന്റെ കാലാവധിയായ 13/03/2024 വരെ, അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
10. ഗ്രാമവികസന കമ്മീഷണർ
11. ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്
12. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
13. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
14. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
17. ഡയറക്ടർ ജനറൽ, കില

18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
20. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
21. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെപാലിയേറ്റീവ് കെയർ നഴ്സുമാരുടെ കരാർ പുതുക്കൽ, അനധികൃമായി പിരിച്ചു വിടൽ, ശിക്ഷണ നടപടി എന്നിവ നടപ്പിലാക്കുന്നതിന് മുന്നോടിയായി ഒരു അപ്രൈസൽ കമ്മിറ്റി രൂപീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡി.ബി)വകുപ്പ്**

സ.ഉ.(സാധാ) നം.1191/2023/LSGD തീയതി,തിരുവനന്തപുരം, 08-06-2023

---

പരാമർശം:- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പാലിയേറ്റീവ് കമ്മ്യൂണിറ്റി നഴ്സുമാരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 25/04/2023 ന് യോഗത്തിന്റെ നടപടി കുറിപ്പിലെ തീരുമാനം നമ്പർ 3.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പാലിയേറ്റീവ് കമ്മ്യൂണിറ്റി നഴ്സുമാരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 25/04/2023 ന് യോഗം ചേർന്നിരുന്നു. പാലിയേറ്റീവ് കെയർ നഴ്സുമാരുടെ കരാർ പുതുക്കൽ, അനധികൃമായി പിരിച്ചു വിടൽ, ശിക്ഷണ നടപടി എന്നിവ നടപ്പിലാക്കുന്നതിന് മുന്നോടിയായി ഒരു അപ്രൈസൽ കമ്മിറ്റി രൂപീകരിക്കുന്നതിന് തീരുമാനം എടുത്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ടി യോഗത്തിലെ പരാമർശ നടപടികുറിപ്പ് തീരുമാനം നമ്പർ 3 പ്രകാരം പാലിയേറ്റീവ് കെയർ നഴ്സുമാരുടെ കരാർ പുതുക്കൽ, അനധികൃമായി പിരിച്ചു വിടൽ, ശിക്ഷണ നടപടി എന്നിവ നടപ്പിലാക്കുന്നതിന് മുന്നോടിയായി ബ്ലോക്ക് തലത്തിൽ പ്രസ്തുത ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, പഞ്ചായത്തുമായി ബന്ധപ്പെട്ട സി.എച്ച്.സി യിലെ ഒരു മെഡിക്കൽ ഓഫീസർ എന്നിവരെ ഉൾപ്പെടുത്തി ഒരു മൂന്നംഗ അപ്രൈസൽ കമ്മിറ്റി രൂപീകരിക്കുന്നതിനും അപ്പലേറ്റ് അതോറിറ്റിയായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ജില്ലാ ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് (റൂറൽ)

ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്(അർബൻ)
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
സെക്രട്ടറി,പാലിയേറ്റീവ് നഴ്സസ് ഫെഡറേഷൻ
അക്കൗണ്ടന്റ് ജനറൽ(എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിംഗ്, ഐ&പി.ആർഡി
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നമ്പർ.ഡി.ബി3/143/2023/ത.സ്വ.ഭ.വ

തദ്ദേശസ്വയംഭരണ(ഡി.ബി. ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 10-07-2023

**സർക്കുലർ**

വിഷയം:- തസ്വഭവ - തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള പി.എച്ച്.സി/സി.എച്ച്.സി/എഫ്.എച്ച്.സി എന്നിവിടങ്ങളിൽ ദിവസ വേതനം/കരാർ വ്യവസ്ഥകളിൽ നിയമിക്കപ്പെടുന്ന ജീവനക്കാരുടെ വേതനം - സംബന്ധിച്ച്

സൂചന:- 1) 12/2018 ലെ 442/ഡി.ബി.2/18/തസ്വഭവ നമ്പർ സർക്കുലർ.
2) 11/02/2021 ലെ സ.ഉ(പി) നം.29/2021/ധന നമ്പർ സർക്കാർ ഉത്തരവ്.
3) 18/04/2022 ലെ ഡി.ബി.2/259/2021/തസ്വഭവ നമ്പർ സർക്കുലർ.
4 ) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 08/03/2023 ലെ 2.3 ഖണ്ഡിക 4.2, പൊതു തീരുമാനം 3.2 തീരുമാനങ്ങൾ.

**********

തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള പി.എച്ച്.സി/സി.എച്ച്.സി/എഫ്.എച്ച്.സി എന്നിവിടങ്ങളിൽ ദിവസ വേതനം/കരാർ വ്യവസ്ഥകളിൽ നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് സൂചന (2) ഉത്തരവിൽ പ്രതിപാദിച്ചിരിക്കുന്ന പ്രകാരമുള്ള വേതനം നൽകേണ്ടതാണ്. ധനകാര്യ വകുപ്പ് കാലാകാലങ്ങളിൽ പുതുക്കുന്ന നിരക്ക് ഇവർക്കും ബാധകമാക്കാവുന്നതാണ്. ഇത് 2023 ഏപ്രിൽ ഒന്ന് മുതൽ ബാധകമായിരിക്കും. എന്നാൽ ഏതെങ്കിലും തദ്ദേശ സ്വയംഭരണസ്ഥാപനം പഴയ നിരക്കിൽ ജീവനക്കാരുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ കരാർ കാലാവധി തീരുംവരെ (പരമാവധി ഒരു വർഷം) കരാർ പ്രകാരമുള്ള വേതനം നൽകാവുന്നതാണ്.

ഇതോടനുബന്ധിച്ച് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 30/11/2018-ലെ തീരുമാനപ്രകാരം ഇറങ്ങിയ സൂചന(1)-ലെ സർക്കുലറും, വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 02/12/2021-ലെ തീരുമാനപ്രകാരം ഇറങ്ങിയ സൂചന (3) സർക്കുലറും, ഇതോടനുബന്ധിച്ച് ഈ വകുപ്പിൽ നിന്നും നൽകിയിട്ടുള്ള കത്തുകളും റദ്ദ് ചെയ്യുന്നു.

ഉത്തരവിൻ പ്രകാരം

അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

സെക്ഷൻ ഓഫീസർ.

പകർപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് (റൂറൽ)
ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്(അർബൻ)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (വിംഗ്), ഐ&പി.ആർ.ഡി, തിരുവനന്തപുരം
ഓഫീസ് പകർപ്പ്/കരുതൽ ഫയൽ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറി കിട്ടിയ സ്ഥാപനങ്ങളിൽ ആവർത്തന ചെലവ് വരുത്തുന്ന രീതിയിലുള്ള പദ്ധതികൾ സർക്കാർ അനുമതി ഇല്ലാതെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതില്ല എന്നതിൽ വ്യക്തത വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡി.ബി)വകുപ്പ്**

സ.ഉ.(സാധാ) നം.1523/2023/LSGD തീയതി,തിരുവനന്തപുരം, 26-07-2023

---

പരാമർശം:-

1. 11/05/2017 തീയതിയിലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ യോഗത്തിന്റെ നടപടികുറിപ്പിലെ തീരുമാനം നമ്പർ 2.13,
2. 15/06/2023 തീയതിയിലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 15/06/2023 -ൽ നടന്ന യോഗത്തിന്റെ നടപടി കുറിപ്പിലെ പൊതുവിഷയം3(1) തീരുമാനം.

**ഉത്തരവ്**

ആർദ്രം പദ്ധതിയുടെ ഭാഗമായി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, കുടുംബാരോഗ്യ കേന്ദ്രം, പ്രൈമറി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിൽ ഉച്ച കഴിഞ്ഞ് ഒ.പി സേവനം ഉറപ്പാക്കുന്നതിനായി ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കുവാൻ പരാമർശം(1) പ്രകാരം തീരുമാനിച്ചിരുന്നു. എന്നാൽ പല തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും കൈമാറി കിട്ടിയ ഇത്തരം സ്ഥാപനങ്ങളിൽ ഇതിലധികം സ്റ്റാഫിനെ ദിവസവേതനം/കരാറടിസ്ഥാനത്തിൽ അനുമതി കൂടാതെ നിയമിക്കുന്ന പ്രവണതയുണ്ട്. ഇങ്ങനെ സ്റ്റാഫുകളെ നിയമിക്കേണ്ടത് പരിശോധനയുടെ അടിസ്ഥാനത്തിൽ അതതു വകുപ്പുകളാണ്. ഇതു തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ചുമതലയല്ല. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, കുടുംബാരോഗ്യ കേന്ദ്രം, പ്രൈമറി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് മുൻഗണന നൽകാവുന്നതാണെന്നും എന്നാൽ ഇനി മുതൽ ആവർത്തന ചെലവ് വരുത്തുന്ന രീതിയിലുള്ള പദ്ധതികൾ സർക്കാർ അനുമതി ഇല്ലാതെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതില്ലെന്നും എന്നാൽ സർക്കാർ അനുമതി ഇതിനകം നൽകിയിട്ടുള്ള കേസുകളിൽ അനുമതി നൽകി കൊണ്ടുള്ള ഉത്തരവിൽ പറയുന്ന കാലയളവിലേക്ക് ഇതിനകം നിയമിച്ചവർക്ക് തുടരാവുന്നതാണെന്നും എന്നാൽ സ്വന്തമായി ആവർത്തന ചെലവ് കണ്ടെത്താവുന്ന രീതിയിലുള്ള പദ്ധതികൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണെന്നും പരാമർശം(2) തീരുമാന പ്രകാരം ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് (റൂറൽ)
ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് (അർബൻ)
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എല്ലാ മുൻസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (വിംഗ്), ഐ&പി.ആർ.ഡി
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

LSG GUIDE

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഡോ. പ്രതിഭ കെ. ഫയൽ ചെയ്ത 3967/2023 നം. റിട്ട് ഹർജിയിന്മേലുള്ള ബഹു. ഹൈക്കോടതിയുടെ 05.05.2023ലെ വിധിന്യായം - നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1651/2023/LSGD തീയതി,തിരുവനന്തപുരം, 14-08-2023

---

പരാമർശം:-

1. ഡോ. കെ. പ്രതിഭ ചീഫ് സെക്രട്ടറിക്ക് സമർപ്പിച്ച 21.10.2022ലെ കത്ത്
2. 3967/2023 നം. റിട്ട് ഹർജിയിന്മേലുള്ള ബഹു. കേരള ഹൈക്കോടതിയുടെ 05.05.2023ലെ വിധിന്യായം
3. സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് കൺവീനറുടെ 18.07.2023ലെ 706/എസ്.ആർ.ജി/2023 നമ്പർ കത്ത്.
4. ഡോ. കെ. പ്രതിഭ അഡീഷണൽ ചീഫ് സെക്രട്ടറിക്ക് സമർപ്പിച്ച 24.07.2023-ലെ കത്ത്

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥരായി മെഡിക്കൽ ഓഫീസർമാരെ നിയമിക്കുന്നതിനെതിരെ സർക്കാർ മെഡിക്കൽ ഓഫീസർ ആയ ഡോ. കെ. പ്രതിഭ പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിക്കുകയും തുടർന്ന് പ്രസ്തുത അപേക്ഷയിലെ ആവശ്യങ്ങൾ പരിഗണിക്കുന്നതിന് നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു. കേരള ഹൈക്കോടതി മുമ്പാകെ 3967/2023 നം. റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും ചെയ്തു . ബഹു. ഹൈക്കോടതിയുടെ പരാമർശം (2) ലെ വിധിന്യായത്തിൽ ഉത്തരവ് കൈപ്പറ്റി ഒരുമാസത്തിനകം പരാതിക്കാരിയെ നേരിൽ കേട്ട്, Exhibit P4 (ഡോ. കെ. പ്രതിഭയുടെ പരാമർശം (1) ലെ അപേക്ഷ ) തീർപ്പാക്കുന്നതിന് ഒന്നാം എതിർകക്ഷിയായ ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

2. വൃക്ക രോഗികൾക്ക് ധനസഹായം നൽകുന്ന പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥരായി മെഡിക്കൽ ഓഫീസർമാരെ നിയമിക്കുന്നതിനെതിരെയുള്ള ആക്ഷേപമാണ് പരാമർശം (1)-ൽ പ്രധാനമായും ഉന്നയിച്ചിട്ടുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജനപ്രതിനിധികളെ ഉൾപ്പെടുത്തി നടത്തുന്ന സെമിനാർ/ യോഗങ്ങളിൽ മെഡിക്കൽ ഓഫീസർമാരെ കൂട്ടത്തോടെ പങ്കെടുപ്പിക്കുന്നത് തടയണം, ആരോഗ്യവകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിൽ ഡോക്ടർ, നേഴ്സ്, മറ്റ് ക്ലിനിക്കൽ സ്റ്റാഫുകൾ എന്നി തസ്തികകളിൽ ആശുപത്രി വികസന

സമിതിയുടെയോ, തദ്ദേശ സ്ഥാപനത്തിന്റെയോ ഫണ്ടിൽ നിന്ന് ദിവസവേതനത്തിന് താൽകാലിക നിയമനം നടത്തുന്നതിനുള്ള ഇൻർവ്യൂ, നിയമനം എന്നിവ ജില്ലാ മെഡിക്കൽ ഓഫീസിന്റെ പൂർണ്ണ നിയന്ത്രണത്തിൽ കൊണ്ട് വരണം, ആരോഗ്യ സ്ഥാപനങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രസിഡന്റും, സെക്രട്ടറിയും നേരിട്ട് നിർദ്ദേശങ്ങൾ നൽകുന്നത് ഒഴിവാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ താൽപര്യങ്ങൾ ജില്ലാ മെഡിക്കൽ ഓഫീസ് മുഖേന നടപ്പിലാക്കുന്നതിന് മാനദണ്ഡം ഉണ്ടാക്കണം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പൊതുജനാരോഗ്യത്തിന് വേണ്ടി മാറ്റി വെയ്ക്കുന്ന പദ്ധതി നടത്തിപ്പിൽ ഒരു പങ്കുമില്ലാത്ത മെഡിക്കൽ ഓഫീസർമാർ പ്രസ്തുത പദ്ധതിയുടെ ബില്ലുകൾ പാസ്സാക്കുന്നതിന് ഒപ്പ് ഇട്ട് നൽകുന്ന ഉത്തരവാദിത്തമേൽക്കുന്നത് ഒഴിവാക്കണം തുടങ്ങിയ ആവശ്യങ്ങളും ഉന്നയിച്ചിട്ടുണ്ട് .

3. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി നിർമ്മിക്കപ്പെട്ട 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരവും 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമ പ്രകാരവും പ്രാദേശിക സർക്കാരുകളായ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള അധികാരങ്ങൾ ലഘൂകരിക്കുന്നത് സംബന്ധിച്ച ആവശ്യങ്ങളായതിനാൽ, മേഖലയുമായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ അസോസിയേഷനുകൾ, വിവിധ സർവീസ് സംഘടനാ ഭാരവാഹികൾ എന്നിവരെയുൾപ്പടെ വിളിച്ചു ചേർത്ത്, ഒരു സ്റ്റേക്ക്ഹോൾഡർ കൺസൾട്ടേഷൻ നടത്തി പരാമർശം (3) പ്രകാരം ലഭിച്ച റിപ്പോർട്ടും പഞ്ചായത്തുകളിൽ മെഡിക്കൽ ഓഫീസർമാർ യോഗങ്ങളിൽ പങ്കെടുക്കുന്നത് സംബന്ധിച്ച് ലഭ്യമായ കണക്കും പരിശോധിക്കുകയുണ്ടായി .

4. ബഹു. ഹൈക്കോടതിയുടെ വിധിന്യായം പാലിക്കുന്നതിനായി പരാതിക്കാരിയായ ഡോ. പ്രതിഭ കെ. യെ നേരിൽ കേൾക്കുന്നതിന് 21.07.2023നു ഉച്ചയ്ക്ക് 12 മണിക്ക്, തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഹിയറിംഗ് നടത്തുകയും പരാതിക്കാരിയായ ഡോ. പ്രതിഭ ഓൺലൈനായി ആയതിൽ പങ്കെടുക്കുകയും ചെയ്തു.

5. 18.09.2022-ലെ ഡിഎ1/151/2022 തസ്വഭവ നമ്പർ സർക്കുലർ നിർദ്ദേശം പുനഃപരിശോധിച്ച് ഡയാലിസിസ് രോഗികൾക്ക് ധനസഹായം നൽകുന്ന പദ്ധതിയിൽ ധനസഹായ തുകയുടെ ചെക്ക് ഒപ്പിട്ട് നൽകുന്ന ചുമതല പഞ്ചായത്ത് സെക്രട്ടറി നിർവ്വഹിക്കണമെന്നും ഗുണഭോക്താവിന്റെ ധനസഹായത്തിനുള്ള അർഹത മെഡിക്കൽ ഓഫീസറെക്കൊണ്ട് പരിശോധിപ്പിക്കാമെന്നും രോഗികളുടെ അർഹതാരേഖകൾ പഞ്ചായത്ത് ഭരണസമിതി പരിശോധിച്ച് ഗ്രാമസഭ തുടർന്ന് പാസ്സാക്കുന്നു എന്നിരിക്കെ മെഡിക്കൽ ഓഫീസർമാർ ചികിത്സാ ബില്ലുകൾ ശുപാർശ ചെയ്തു നൽകേണ്ട സാഹചര്യം പ്രായോഗിക ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്നും, രോഗപരിശോധന/ ചികിത്സ എന്നിവയുമായി ബന്ധമില്ലാത്ത പൊതു അവലോകന മീറ്റിംഗുകളിൽ മെഡിക്കൽ ഓഫീസർമാരെ പങ്കെടുപ്പിക്കുന്നത് ഒഴിവാക്കണമെന്നും ജില്ലാ ആസൂത്രണ സമിതി നടത്തുന്ന ജില്ലാതല മീറ്റിംഗുകളിൽ മെഡിക്കൽ ഓഫീസർമാരെ പങ്കെടുപ്പിക്കുന്നതിന് പകരം ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്ന് പ്രാതിനിധ്യം ഉറപ്പാക്കിയ ശേഷം നിർദ്ദേശങ്ങൾ രേഖാപരമായി ജില്ലാ മെഡിക്കൽ ഓഫീസ് മുഖേന PHC, CHC, FHC എന്നിവിടങ്ങളിലേക്ക് കൈമാറാവുന്നതാണെന്നും, മെഡിക്കൽ ഓഫീസറെ ചികിത്സയുമായി ബന്ധമില്ലാത്ത പദ്ധതികളിൽ നിർവ്വഹണ ഉദ്യോഗസ്ഥരായി ചുമതലപ്പെടുത്തുന്നതും ഡോക്ടർ പരിജ്ഞാനം ആവശ്യമില്ലാത്ത പ്രവൃത്തിയുടെ ചുമതല നൽകുന്നതും ഒഴിവാക്കണമെന്നും, PHC, CHC, FHC എന്നിവിടങ്ങളിൽ ഒന്നോ രണ്ടോ ക്ലറിക്കൽ സ്റ്റാഫുകളെ മാത്രമാണ് ആരോഗ്യവകുപ്പ് അനുവദിച്ചിട്ടുള്ളതെന്നും, ആരോഗ്യ സ്ഥാപനങ്ങൾക്ക് അകത്ത് MLA, MP, ഗ്രാമപഞ്ചായത്ത്, മറ്റ് ഫണ്ടുകൾ ഉപയോഗിച്ച് സംരംഭങ്ങൾ പ്രവർത്തനം

തുടങ്ങുന്നതിന് മുമ്പ് ജില്ലാ മെഡിക്കൽ ഓഫീസിന്റേയോ ആരോഗ്യ വകുപ്പ് ഡയറക്ടറുടേയോ അംഗീകാരം വാങ്ങണമെന്ന് നിഷ്കർഷിക്കണമെന്നും, താൽകാലിക തസ്തികയിലേക്ക് ഡോക്ടർമാർ, ലാബ് ടെക്നീഷ്യൻ, മറ്റ് സ്ഥാനത്തേയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിയമിക്കുന്ന ഉദ്യോഗാർത്ഥികളെ മെഡിക്കൽ പരിജ്ഞാനം ഇല്ലാത്ത ആളുകൾ ഇന്റർവ്യൂ നടത്തുന്ന പ്രവണത അനുയോജ്യമല്ലാത്തതിനാൽ ജില്ലാ മെഡിക്കൽ ഓഫീസ് നിർദ്ദേശിക്കുന്ന മെഡിക്കൽ ബോർഡിനെ ഉപയോഗപ്പെടുത്തണം എന്നും മെഡിക്കൽ ഓഫീസർമാരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥരായി ചുമതലപ്പെടുത്തുന്നത് ഒഴിവാക്കണമെന്ന ആവശ്യമല്ല ഉന്നയിക്കുന്നതെന്നും ബന്ധമില്ലാത്ത മേഖലകളിൽ നിർവ്വഹണം ഏല്പിക്കരുത് എന്നതാണ് ആവശ്യമെന്നും പരാതിക്കാരി ഹിയറിംഗിൽ അറിയിച്ചു.

6. ഭരണഘടനയുടെ 73, 74 ഭേദഗതികൾക്ക് തുടർച്ചയായാണ് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടും പുറപ്പെടുവിച്ചിട്ടുള്ളത്. ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്ന പ്രകാരമുള്ള ചുമതലകളും നടപടികളുമാണ് പ്രാദേശിക സർക്കാരുകൾ നിർവ്വഹിക്കുന്നത്. കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 176, 181 വകുപ്പുകളിലും കേരള മുനിസിപ്പാലിറ്റി നിയമത്തിന്റെ 52, 227 വകുപ്പുകളുടെയും അടിസ്ഥാനത്തിൽ വികസന വകുപ്പുകളിലെ ധാരാളം സ്ഥാപനങ്ങളെയും ഉദ്യോഗസ്ഥരെയും സ്തീമുകളെയും 1995-ൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. ആരോഗ്യ വകുപ്പിനെ സംബന്ധിച്ചിടത്തോളം ജില്ലാ ആശുപത്രികളും അതിന് താഴെയുള്ള ആരോഗ്യ സ്ഥാപനങ്ങളും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ടവയാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ഉദ്യോഗസ്ഥരുടെമേൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള നിയന്ത്രണ അധികാരങ്ങൾ വ്യക്തമാക്കി SRO No. 534/97 പ്രകാരം 1997-ൽ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകൊടുത്ത ഉദ്യോഗസ്ഥർ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പൂർണ്ണമായ നിയന്ത്രണത്തിലും മേൽനോട്ടത്തിലും ആയിരിക്കുന്നതും അവർ സർക്കാർ പൊതുവായി നിശ്ചയിക്കുന്ന നിയന്ത്രണങ്ങൾക്കും വിധേയമായി തദ്ദേശഭരണ സ്ഥാപനത്തിന്റെ അധികാര പരിധിയിൽ വരുന്ന കാര്യങ്ങൾക്കുവേണ്ടി തദ്ദേശഭരണ സ്ഥാപനം നിശ്ചയിക്കുന്ന പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിക്കുകയും നിർവ്വഹിക്കുകയും ചെയ്യേണ്ടതുമാണ്. മെഡിക്കൽ ഓഫീസറുടെ മേലുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ആരോഗ്യവകുപ്പിന്റെയും ഇരട്ട നിയന്ത്രണം നിലവിലെ ചട്ടങ്ങൾ പ്രകാരമാണ് നിലനിൽക്കുന്നത്.

7. പ്രാദേശികമായി പൊതുജനങ്ങളുടെ ആരോഗ്യസംരംക്ഷണ പ്രവർത്തനത്തിന് നേതൃത്വം നൽകുകയെന്നത് പ്രാദേശിക സർക്കാരുകളുടെ ഉത്തരവാദിത്വമാണ്. മേഖലയിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ ആരോഗ്യ രംഗത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചെയ്തു വരുന്നത് അവിടുത്തെ മെഡിക്കൽ ഓഫീസർമാർ അടക്കമുള്ള ജീവനക്കാരുടെ സഹകരണവും വൈദഗ്ധ്യവും കൊണ്ട് മാത്രമാണ്. അതുകൊണ്ട് തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യരംഗത്ത് ഇത്തരം പ്രവർത്തനങ്ങൾ ആസൂത്രണം നടത്തുന്നതിനും നിർവ്വഹിക്കുന്നതിനും വേണ്ട സാങ്കേതിക, പ്രൊഫഷണൽ വൈദഗ്ധ്യം പകർന്നു നൽകുന്നതിനും സാങ്കേതികമായി നേതൃത്വം നൽകുന്നതിനും വേണ്ടി ഈ ആരോഗ്യ സ്ഥാപനങ്ങളുടെയും അവിടെയുള്ള ആരോഗ്യ പ്രവർത്തകരേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്ത നിയമത്തിന്റെ ഉദ്ദേശം പരിപൂർണ്ണമായും സാധൂകരിക്കപ്പെടുന്നുണ്ട്. ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾക്കും

പ്രവർത്തനങ്ങൾക്കും മാത്രമാണ് മെഡിക്കൽ ഓഫീസർമാരുടെ സേവനം തദ്ദേശ ഭരണ സ്ഥാപനങ്ങൾ നിലവിൽ ഉപയോഗപ്പെടുത്തുന്നത്.

8. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട 3 പ്രധാന ഘട്ടങ്ങളും (പ്രോജക്ടുകൾ തയ്യാറാക്കി ഡാറ്റാ എൻട്രി നടത്തുക, അംഗീകാരം ലഭിക്കുന്നതിനെ തുടർന്ന് നിർവ്വഹണ നടപടികൾ സ്വീകരിക്കുക, പേയ്മെന്റ് നൽകൽ) നിലവിൽ നിർവഹിച്ചു വരുന്നത് നിർവഹണ ഉദ്യോഗസ്ഥൻ തന്നെയാണ്. ഒരൊറ്റ പ്രോജക്ടിനെ സാങ്കേതിക മേൽനോട്ടമെന്നും ധനസഹായ വിതരണമെന്നും രണ്ടായി തരംതിരിച്ച് അതിനായി രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥരെ ഏൽപ്പിക്കാൻ നിലവിലെ ചട്ടങ്ങൾ അനുവദിക്കുന്നില്ല. ഒരു വകുപ്പിന് മാത്രം ഇപ്രകാരം ഇളവ് അനുവദിച്ചാൽ സ്വാഭാവികമായും കൃഷി, മൃഗസംരക്ഷണം, ഫിഷറീസ്, വിദ്യാഭ്യാസം തുടങ്ങി എല്ലാ വകുപ്പുകളിൽ നിന്നും ഇത്തരമൊരു ആവശ്യം ഉയർന്നു വരും. തദ്ദേശഭരണ സ്ഥാപനങ്ങളുടെ എല്ലാ പ്രോജക്ടുകളുടെയും വിവിധ നിർവഹണ ഘട്ടങ്ങളുടെ ഒരു ഭാഗം സെക്രട്ടറിക്ക് ഏറ്റെടുക്കാൻ കഴിയുന്ന നിലയല്ല തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഇന്നുള്ളത്. മാത്രമല്ല, സെക്രട്ടറി മറ്റ് നിരവധി പ്രോജക്ടുകളുടെ നിർവഹണ ഉദ്യോഗസ്ഥനുമാണ്.

9. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവഹണത്തിൽ നിന്നും മെഡിക്കൽ ഓഫീസർമാരെ ഒഴിവാക്കണമെന്നും ആയത് ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന നോൺ ക്ലിനിക്കൽ ഡോക്ടർമാരിലൂടെ നിർവഹിക്കണമെന്നുമുള്ള ആവശ്യം പ്രായോഗികമായി നടപ്പാക്കാൻ കഴിയുന്ന നിർദ്ദേശമല്ല. നോൺ ക്ലിനിക്കൽ മെഡിക്കൽ ഓഫീസർമാരുടെ എണ്ണം വളരെ പരിമിതമാണ്. ഗ്രാമപഞ്ചായത്തുകളിലും നഗരഭരണ സ്ഥാപനങ്ങളിലും നോൺ ക്ലിനിക്കൽ കേഡറിലുള്ള മെഡിക്കൽ ഓഫീസർമാർ ഇല്ല. രോഗത്തിന് ചികിത്സ നൽകുന്നത് മാത്രമല്ല, രോഗം വരാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിക്കുന്നതിന് നേതൃത്വം കൊടുക്കേണ്ട ചുമതലയും ഡോക്ടർമാരുടെതാണ്.

10. മെഡിക്കൽ ഓഫീസർമാരുടെ ജോലിഭാരം ലഘൂകരിക്കുന്നതിന്റെ ഭാഗമായാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസനഫണ്ടിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ വേതനം നൽകിക്കൊണ്ട് എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഒരു ഡോക്ടറെയും പാരാമെഡിക്കൽ ജീവനക്കാരെയും, കമ്മ്യൂണിറ്റി മെഡിക്കൽ സെന്ററുകളിൽ രണ്ട് ഡോക്ടർമാരെയും പാരാമെഡിക്കൽ ജീവനക്കാരെയും നിയോഗിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണ ചുമതലയിൽ നിന്നും മെഡിക്കൽ ഓഫീസർമാർ ഒഴിഞ്ഞു മാറുന്നത് സ്വീകാര്യമല്ല. ആയതിനാൽ, നിലവിലുള്ളത് പോലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യ പ്രവർത്തനങ്ങളുടെ ആസൂത്രണവും നിർവ്വഹണവും നടത്തേണ്ട ഉത്തരവാദിത്വം ജില്ലാ ആശുപത്രി/CHC/PHC/FHC മെഡിക്കൽ ഓഫീസർക്ക് തന്നെയായിരിക്കും. പ്രാദേശിക തലത്തിൽ ആരോഗ്യ മേഖലയിലെ ബഹുമുഖ പ്രവർത്തനങ്ങൾ ഭംഗിയായി നിറവേറ്റുന്നതിന് മെഡിക്കൽ ഓഫീസർമാരുടെ സഹകരണം അത്യന്താപേക്ഷിതമാണ്.

11. ഡോക്ടറുടെ ഉത്തരവാദിത്വ നിർവ്വഹണത്തിന് തടസ്സം വരാത്ത തരത്തിൽ ഡി.പി.സി തലത്തിലോ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലോ നടത്തുന്ന പദ്ധതി വിലയിരുത്തൽ യോഗങ്ങൾ ഒഴിച്ചു കൂടാൻ കഴിയാത്തതാണ്. അതിൽ മെഡിക്കൽ ഓഫീസർ അടക്കമുള്ള ആരോഗ്യ പ്രവർത്തകർ നിർബന്ധമായും പങ്കെടുക്കേണ്ടതുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി കിട്ടിയ സ്ഥാപനം എന്ന നിലയിൽ മെഡിക്കൽ ഓഫീസർ അടക്കം ഉള്ള എല്ലാ ആരോഗ്യ പ്രവർത്തകരുടേയും പ്രവർത്തനങ്ങൾ ഫലപ്രദമാകുന്നുവെന്ന്

ഉറപ്പ് വരുത്തുന്ന തരത്തിൽ മോണിറ്റർ ചെയ്യാനും വിലയിരുത്താനുമുള്ള ഉത്തരവാദിത്വം ഭരണസമിതിക്കുണ്ട്. ആരോഗ്യവുമായി ബന്ധപ്പെട്ട് പ്രാദേശികമായി ഉണ്ടാകുന്ന എല്ലാ പ്രശ്നങ്ങൾക്കും ഉത്തരവാദി ആകേണ്ടി വരുന്നതും, മറുപടി പറയേണ്ടി വരുന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. മാർഗ്ഗരേഖ പ്രകാരമുള്ള പദ്ധതി നിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥരുടെ ജില്ലാ തല യോഗം ഭരണഘടനാ സ്ഥാപനമായ ജില്ലാ ആസൂത്രണ സമിതി വിളിച്ചുചേർക്കുന്നത് അനിവാര്യമായ സംഗതിയാണ്. അത്തരം യോഗങ്ങളിൽ നിർവ്വഹണ ഉദ്യോഗസ്ഥർ നിർബന്ധമായും പങ്കെടുക്കേണ്ടതുമുണ്ട്.

12. ആരോഗ്യ പ്രവർത്തകർ മാത്രം ചെയ്യേണ്ട ആരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട പ്രൊഫഷണലിസം ആവശ്യപ്പെടുന്ന പ്രൊജക്ടുകളിൽ മെഡിക്കൽ ഓഫീസർമാരെ മാത്രമേ നിർവ്വഹണ ഉദ്യോഗസ്ഥരായി ചുമതലപ്പെടുത്താനാകൂ. ഡോക്ടറുടെ സേവനം ഏതിനൊക്കെ വേണം എന്നത് പ്രൊജക്ട് വിഭാവനം ചെയ്യുമ്പോൾ തന്നെ നിശ്ചയിക്കുകയും അതിന്റെ നിർവ്വഹണ ചുമതല ആരോഗ്യമേഖലയിൽ വൈദഗ്ധ്യമുള്ളയാൾ എന്ന നിലയിൽ പൂർണ്ണമായി ഏറ്റെടുക്കുകയും വേണം. ആരോഗ്യ പ്രോജക്ടുകൾ രൂപീകരിക്കുന്ന ആരോഗ്യ വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ പ്രസ്തുത മെഡിക്കൽ ഓഫീസർ തന്നെയാണ്. PHC/FHC യിലെ ക്ലറിക്കൽ ജീവനക്കാരടക്കമുള്ള ജീവനക്കാരും ആരോഗ്യ മേഖല പ്രൊജക്ടുകൾ നിർവ്വഹിക്കുന്നതിന് സഹായകരമാണ്. നിർവ്വഹണത്തിന് മെഡിക്കൽ ഓഫീസറുടെ പ്രൊഫഷണൽ മേൽനോട്ടം മതിയാകും. രോഗികളെ പരിശോധിക്കുന്നതിന് തടസ്സം വരാതെ തന്നെ പ്രോജക്ട് നിർവ്വഹണത്തിനും പദ്ധതി വിശദീകരണ/അവലോകന യോഗങ്ങളിൽ പങ്കെടുക്കാനും മെഡിക്കൽ ഓഫീസർക്ക് സമയം കണ്ടെത്താനാകും. രാവിലെ 9 മണി മുതൽ ഉച്ചക്ക് 2 മണിവരെയുള്ള ഒ.പി. സമയത്ത് 2 അല്ലെങ്കിൽ 3 ഡോക്ടർമാർ ഒരേ സമയം രോഗികളെ പരിശോധിക്കുന്നതിനായി ആരോഗ്യകേന്ദ്രത്തിൽ ഉണ്ടാകാറുണ്ട്. ഡോക്ടർമാരുടെ പ്രത്യേക ജോലി സ്വഭാവം പരിഗണിച്ചുകൊണ്ട് പദ്ധതി നിർവ്വഹണത്തിനും അവലോകനത്തിനുമായുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗങ്ങളുടെ സമയം ക്രമീകരിക്കുന്നതും ഓൺലൈനായി പങ്കെടുക്കാനുള്ള സാദ്ധ്യതകളും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പരിശോധിക്കാവുന്നതാണ്.

13. ഡയാലിസിസിന് ധനസഹായം നൽകുന്ന പ്രോജക്ടിന് വേണ്ടിയുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ഗ്രാമസഭയിലാണ്. ആ ഗ്രാമസഭയിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസറും പങ്കെടുക്കേണ്ടതാണെന്ന നിർദ്ദേശം നിലവിലുള്ളതാണ്. ഗ്രാമസഭയിൽ തീരുമാനിക്കുന്ന ഗുണഭോക്തൃ ലിസ്റ്റ് പഞ്ചായത്ത് ഭരണ സമിതി അംഗീകാരം നൽകുക മാത്രമാണ് ചെയ്യുന്നത്. സർക്കാർ/ പ്രൈവറ്റ് ആശുപത്രിയിൽ ആണെങ്കിലും ഇന്ത്യൻ മെഡിക്കൽ കൗൺസിലിൽ രജിസ്റ്റർ ചെയ്യപ്പെട്ട മെഡിക്കൽ പ്രാക്ടീഷണറുടെ മേൽനോട്ടത്തിലാണ് ഡയാലിസിസ് നിർവ്വഹിക്കപ്പെടുന്നത്. നിർവഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ പഞ്ചായത്തിന് പുറത്തുള്ള ആശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾ പരിശോധിക്കണമെന്ന് പ്രതീക്ഷിക്കപ്പെടുന്നുമില്ല. ഈ പ്രോജക്ടിന്റെ ഭരണപരമായ മേൽനോട്ടം മാത്രമേ മെഡിക്കൽ ഓഫീസർക്ക് നിർവ്വഹിക്കേണ്ടി വരുന്നുള്ളൂ. ഈ പദ്ധതിയുടെ ഗുണഫലങ്ങൾ ബോധ്യപ്പെട്ടതിനെ തുടർന്നാണ് ഈ പ്രൊജക്ട് നടപ്പാക്കുന്നതിനുള്ള അനുമതി മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വിവിധ ജില്ലകളിൽ ഈ പദ്ധതി വിജയകരമായി നടപ്പാക്കി വരുന്നുണ്ട്.

14. ജില്ലാതലത്തിൽ ജില്ലാകളക്ടർ ചെയർമാനും ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), ജില്ലാ പ്രോഗ്രാം മാനേജർ (NHM) എന്നിവർ അംഗങ്ങളുമായ കമ്മിറ്റി ഇന്റർവ്യൂ ചെയ്ത് തയ്യാറാക്കുന്ന ഡോക്ടർമാരുടെ ചുരുക്കപ്പട്ടികയിൽ നിന്നാണ് തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങൾ മെഡിക്കൽ ഓഫീസർമാരെ തെരഞ്ഞെടുക്കുന്നത്. ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും താൽക്കാലിക നിയമനത്തിന് നിയതമായ വ്യവസ്ഥകൾ ഉണ്ട്. ക്രമരഹിതമായിട്ടാണ് താൽക്കാലിക നിയമനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടക്കുന്നത് എന്ന വാദം വസ്തുതാപരമല്ല.

15. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ ടി വിഷയം വിശദമായി പരിശോധിച്ചു. ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്ത പ്രകാരമുള്ള നടപടികളാണ് പ്രാദേശിക സർക്കാരുകൾ നിർവ്വഹിക്കുന്നത്. പഞ്ചായത്ത് രാജ് ആക്ട് ഭേദഗതിക്കനുസൃതമായി കേരള നിയമസഭ പാസ്സാക്കിയ പഞ്ചായത്ത്/മുനിസിപ്പാലിറ്റി ആക്ട് 1994ലെ വ്യവസ്ഥകൾക്കനുസൃതമായിട്ടാണ് ഭരണസമിതികൾ നിർദ്ദേശങ്ങൾ നൽകുന്നത്. അതിനനുസൃതമായി പദ്ധതികൾ ഉദ്യോഗസ്ഥൻമാർ നിർവ്വഹിക്കേണ്ടതുണ്ട്. കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ജീവനക്കാര്യത്തിൽ ഭരണസമിതികൾക്ക് കേരള പഞ്ചായത്തീരാജ് ആക്ടിലെ (സെക്ഷൻ 181 തുടങ്ങിയ) വകുപ്പുകൾ ആവശ്യമായ അധികാരം നൽകുന്നുണ്ട്. മുൻകാലങ്ങളിലും സർക്കാർ അതിനനുസൃതമായി നിർദ്ദേശങ്ങൾ നൽകിയിട്ടുമുണ്ട്. ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട പ്രൊജെക്ടുകൾക്കും പ്രവർത്തനങ്ങൾക്കുമാണ് പഞ്ചായത്ത് ഡോക്ടറുടെ സേവനം എടുക്കുന്നത്. സ്റ്റാഫിന്റെ പരിമിതി എല്ലാ വകുപ്പുകളിലും ഉണ്ട്. കൃത്യനിർവഹണം ഏറ്റെടുക്കാതിരിക്കാൻ അത് കാരണം ആകുന്നില്ല. ഡോക്ടറുടെ പണി കേവലം curative അല്ല - preventive healthലും എക്സ്റ്റൻഷൻ പ്രവർത്തനങ്ങളും ഏറ്റെടുക്കേണ്ടി വരും.

പ്രാദേശിക തലത്തിൽ ആരോഗ്യ മേഖലയിലെ ബഹുമുഖ പ്രവർത്തനങ്ങൾ ഭംഗിയായി നിറവേറ്റുന്നതിന് മെഡിക്കൽ ഓഫീസർമാരുടെ സഹകരണം അത്യന്താപേക്ഷിതമാണ്. ഓരോ വികസന മേഖലയിലെയും (ഹെൽത്ത്, എഡ്യൂക്കേഷൻ, SC/ST development, Agriculture, ഫിഷറീസ്, Animal husbandry, dairying, Women and child welfare മുതലായവ) അഡ്മിനിസ്ട്രേറ്റീവ് ഘടകങ്ങൾ പഞ്ചായത്ത് സെക്രട്ടറി ചെയ്യണം എന്ന് വന്നാൽ ജനകീയാസൂത്രണ വികസന പ്രക്രിയയുടെ അന്തസത്തയ്ക്ക് (സംയോജിതവും ജനങ്ങളെ ഉള്ക്കൊണ്ടുമുള്ള വികസന പരിപ്രേക്ഷ്യത്തിന്) വിരുദ്ധമായിരിക്കും. മേൽസാഹചര്യത്തിൽ ഭരണഘടനാപരമായ വ്യവസ്ഥകൾ ഉയർത്തിപ്പിടിക്കേണ്ടതുണ്ട്. അതിനാൽ അപേക്ഷകയുടെ ആവശ്യം അനുവദിക്കുന്നത് പഞ്ചായത്ത് രാജ് ആക്ട് വ്യവസ്ഥകൾക്കും ജനകീയാസൂത്രണ വികസന പ്രക്രിയയ്ക്കും അനുസൃതമാകില്ല. പരാതിക്കാരിയുടെ പരാമർശം (1) അപേക്ഷയിലെ ആവശ്യങ്ങൾ അനുവദിക്കുന്നത് കേരള പഞ്ചായത്ത് രാജ് ആക്ട്/ കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയിലെ വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കും ജനകീയാസൂത്രണ വികസന പ്രക്രിയയ്ക്കും വിരുദ്ധമാകുമെന്നതിനാൽ, പരാമർശം (1) അപേക്ഷയിലെ ആവശ്യങ്ങൾ നിരസിച്ചുകൊണ്ടും, മേൽ പ്രകാരം പരാമർശം (2) ലെ ബഹു. ഹൈക്കോടതിയുടെ വിധി ന്യായം പാലിച്ചു കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. ഡോ. പ്രതിഭ കെ., കൊതയമാട്ടിൽ ഹൗസ്, മഠത്തിൽ റോഡ്, താനൂർ പി.ഒ. മലപ്പുറം
2. അഡ്വക്കേറ് ജനറൽ (കേരള ),എറണാകുളം (ആമുഖ കത്ത് സഹിതം)
3. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്

4. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
5. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
6. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
7. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
8. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
9. ഡയറക്ടർ ജനറൽ, കില
10. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
11. തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്
12. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലിയേറ്റീവ് കെയർ നഴ്സുമാരെ അനധികൃതമായി പിരിച്ചു വിടുന്നത്- സ.ഉ(സാധാ) നം.384/2017/തസ്വഭവ നമ്പർ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡി.ബി)വകുപ്പ്**

സ.ഉ.(സാധാ) നം.1813/2023/LSGD തീയതി,തിരുവനന്തപുരം, 13-09-2023

---

പരാമർശം:- 1.29/11/2017 തീയതിയിലെ സ.ഉ(സാധാ) നം.384/2017/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.

2 . തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പാലിയേറ്റീവ് കമ്മ്യൂണിറ്റി നഴ്സുമാരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ബഹു തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 02/04/2023 ന് ചേർന്ന യോഗം

**ഉത്തരവ്**

2003 മുതൽ പ്രതിമാസം മൂവായിരം രൂപ മുതൽ ജോലി ചെയ്ത് തുടങ്ങിയവരും ഇപ്പോഴും പ്രസ്തുത ജോലിയിൽ തുടരുന്നവരുമായ പാലിയേറ്റീവ് കെയർ നഴ്സുമാരെ പ്രൊജക്ട് നിലനിൽക്കുന്നിടത്തോളം കാലം പിരിച്ചുവിടാൻ പാടില്ല എന്ന് പരാമർശം (1) സർക്കാർ ഉത്തരവിലെ 2-ാമത്തെ പിരിവിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വരികൾ പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തെറ്റായ രീതിയിൽ വ്യാഖ്യാനിക്കുകയാണെന്നും 2003 വർഷം ജോലിചെയ്ത് തുടങ്ങിയവരും ഇപ്പോഴും സർവീസിൽ തുടരുന്നവരും എന്ന മാനദണ്ഡമുള്ളവരെ മാത്രമാണ് ഈ ഉത്തരവിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും അതിന് ശേഷം ജോലിയിൽ പ്രവേശിച്ചവരെ പിരിച്ച് വിടുന്നതിൽ തടസ്സമില്ല എന്നും വ്യാഖ്യാനിക്കുന്നു എന്ന് യോഗത്തിൽ പ്രതിനിധികൾ ആരോപണം ഉന്നയിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദായി പരിശോധിച്ചു. പരാമർശം ഉത്തരവിലെ ക്രമ നമ്പർ 2 - 2003 ലും തുടർന്നുള്ള വർഷങ്ങളിലും ജോലി ചെയ്ത് തുടങ്ങിയവരും ഇപ്പോഴും പ്രസ്തുത ജോലിയിൽ തുടരുന്നവരുമായ പാലിയേറ്റീവ് കെയർ നഴ്സുമാരെ പ്രൊജക്ട് നിലനിൽക്കുന്നിടത്തോളം കാലം പിരിച്ചുവിടാൻ പാടില്ല എന്ന് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പരാമർശം ഉത്തരവ് മേൽപ്പറഞ്ഞ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്. ടി ഭേദഗതിക്ക് ടി ഉത്തരവ് തിയതി മുതൽ മാത്രം പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനിൽ കുമാർ ജി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്(റൂറൽ)
ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് (അർബൻ)
സെക്രട്ടറി, പാലിയേറ്റീവ് നേഴ്സസ് ഫെഡറേഷൻ,ഇ.ബാലാനന്ദൻ സ്മാരക മന്ദിരം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ വിംഗ്, ഐ&പി.ആർ.ഡി
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന നിശ്ചിത യോഗ്യതയുള്ള പാലിയേറ്റീവ് നേഴ്സുമാരുടെ വേതനം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡി.ബി)വകുപ്പ്**

സ.ഉ.(സാധാ) നം.2083/2023/LSGD തീയതി,തിരുവനന്തപുരം, 25-10-2023

---

പരാമർശം:-

1. 07/03/2019 തീയതിയിലെ സ.ഉ(സാധാ) നം.553/2019/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.
2. 11/02/2021 തിയതിയിലെ സ.ഉ(പി) നം.29/2021/ധന നമ്പർ സർക്കാർ ഉത്തരവ്.
3. 03/06/2022 തീയതിയിലെ സ.ഉ(സാധാ) നം.1373/2022/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.
4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 26/09/2023-ൽ നടന്ന യോഗനടപടികുറിപ്പിലെ പൊതു വിഷയം ഖണ്ഡിക 3.1 തീരുമാനം

**ഉത്തരവ്**

പരാമർശം (4) ലെ തീരുമാനപ്രകാരം സംസ്ഥാനത്ത് പാലിയേറ്റീവ് രോഗികളുടെ എണ്ണം കൂടിയ സാഹചര്യത്തിൽ സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന നിശ്ചിത യോഗ്യതയുള്ള പാലിയേറ്റീവ് നേഴ്സുമാരുടെ പ്രതിമാസ വേതനം താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി സൂചന (2) ഉത്തരവിൽ പ്രതിപാദിക്കുന്ന ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് (JPHN) - ന് നൽകാവുന്ന 24,520/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

i) ഈ വർദ്ധനവിന് 01/10/2023 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

ii) പാലിയേറ്റീവ് നേഴ്സുമാരുടെ കുറഞ്ഞ യോഗ്യതയായ JPHN/ANM കോഴ്സ് പാസായവർക്ക് നൽകാവുന്ന വേതനമാണ് വർദ്ധിപ്പിച്ച് നിശ്ചയിച്ചിരിക്കുന്നത്. സൂചന(1) ഉത്തരവിലെ ഖണ്ഡിക 2.13.2 - ൽ പ്രതിപാദിക്കുന്ന യോഗ്യതകളിൽ ഏതെങ്കിലും യോഗ്യത ഉള്ളവരായിരിക്കണം.

iii) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പാലിയേറ്റീവ് പ്രവർത്തനത്തിൽ മറ്റ് യോഗ്യതയുടെ അടിസ്ഥാനത്തിൽ മുൻകാലങ്ങളിൽ നിയമിക്കപ്പെട്ടവർ ഇപ്പോൾ തുടരുന്നുവെങ്കിൽ ആയവർക്ക് സൂചന (3) ഉത്തരവ് പ്രകാരമുള്ള വേതനത്തിന് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ.

iv) പാലിയേറ്റീവ് രോഗികളുടെ എണ്ണം കൂടിയ സാഹചര്യത്തിൽ പാലിയേറ്റീവ് നേഴ്സുമാരുടെ ഫീൽഡ് സർവീസ് മാസത്തിൽ 20 ദിവസമെങ്കിലും രോഗികൾക്ക് ലഭ്യമാക്കേണ്ടതാണ്.

v) പാലിയേറ്റീവ് പരിചരണത്തിനായി സൂചന (1) ഉത്തരവിലെ മറ്റ് മാർഗ്ഗനിർദ്ദേശങ്ങൾ

മാറ്റമില്ലാതെ തുടരേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
കൺവീനർ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ വിംഗ്, ഐ&പി.ആർ.ഡി
തദ്ദേശ സ്വയംഭരണ(ഡി.എ) വകുപ്പ്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

നം. ഡിഎ1/363/2023-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 25-10-2023

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആരോഗ്യ മേഖല പ്രൊജക്ടുകൾ - ഡോക്ടർമാരേയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിക്കുന്നതിലും മറ്റ് പദ്ധതികൾ ഏറ്റെടുക്കുന്നതിലും മാർഗ്ഗരേഖ വ്യവസ്ഥകളിൽ വ്യക്തത വരുത്തുന്നത് - സംബന്ധിച്ച്.

സൂചന:-
1. സ.ഉ.(കൈ) നം.84/2022/തസ്വഭവ, തീയതി 19.04.2022
2. സ.ഉ.(കൈ) നം.86/2022/തസ്വഭവ, തീയതി 19.04.2022
3. സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28.05.2022
4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.09.2023-ന് നടന്ന യോഗത്തിന്റെ തീരുമാനം 3.5

**********

പ്രാദേശിക തലത്തിൽ ആരോഗ്യ മേഖലയിൽ ഇടപെടൽ നടത്തുന്നതിന് നിരവധി പദ്ധതികൾ ഏറ്റെടുക്കാൻ പ്രാദേശിക സർക്കാരുകളായ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സൂചന 1-3 മാർഗ്ഗരേഖകൾ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. കൈമാറിക്കിട്ടിയ ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക, അടിസ്ഥാന സൗകര്യ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, പ്രത്യേക സാഹചര്യങ്ങളിൽ കരാറടിസ്ഥാനത്തിൽ ഡോക്ടർമാർ ഉൾപ്പടെ ജീവനക്കാരെ നിയമിച്ച് വേതനം നൽകുന്നതിനും അനുമതി നൽകിയിട്ടുള്ളതാണ്. ഇതോടൊപ്പം പൊതുജനങ്ങൾക്ക് നേരിട്ട് സഹായം നൽകുന്നതിനും പദ്ധതി ഏറ്റെടുക്കാൻ അനുവാദമുണ്ട്. മേൽ വിഷയത്തിൽ സൂചിത മാർഗ്ഗരേഖ വ്യവസ്ഥകളിൽ ചുവടെ പ്രകാരം വ്യക്തത വരുത്തിയും അധിക നിർദ്ദേശങ്ങൾ നൽകിയും നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

i. തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് കുടുംബ ആരോഗ്യ കേന്ദ്രങ്ങളിലും/കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും ഡോക്ടറേയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിക്കുന്നതിനുള്ള വ്യവസ്ഥകൾ സൂചന (3) മാർഗ്ഗരേഖയിൽ പരാമർശിച്ചിട്ടുണ്ട്. ഇത് പ്രകാരം 61 ശതമാനം കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മാത്രമാണ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് ഡോക്ടറെ നിയമിച്ചിരിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുടുംബാരോഗ്യകേന്ദ്രമടക്കമുള്ള ആശുപത്രികളുടെ സേവനം മെച്ചപ്പെടുത്തുന്നതിന് പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ പ്രതിപാദിച്ച പ്രകാരം താഴെപ്പറയുന്ന ഖണ്ഡിക (V) അനുസരിച്ച് ഡോക്ടർമാരെ നിയമിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ പരിഗണന

നൽകേണ്ടതാണ്.

ii. ആരോഗ്യ വകുപ്പ് നിശ്ചയിച്ചിട്ടുള്ള സ്റ്റാന്റേർഡ് ഗൈഡ് ലൈനിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഡോക്ടർമാരേയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിക്കേണ്ടതുള്ളു. ഇപ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നിയമിക്കുന്ന ഡോക്ടറുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും എണ്ണം നിലവിലെ മാർഗ്ഗരേഖ പ്രകാരമുള്ള രീതിയിൽ നിലനിർത്തിയാൽ മതിയാകും.

iii. അധികമായ ഡോക്ടർ അടക്കമുള്ള സ്റ്റാഫിനെ നൽകേണ്ട ചുമതല ആരോഗ്യ വകുപ്പിനായതിനാൽ വകുപ്പുതലത്തിൽ തന്നെ മതിയായ സ്റ്റാഫിനെ നിയമിക്കുന്ന കാര്യം ആരോഗ്യവകുപ്പ് പരിശോധിക്കുന്നതാണ്. പ്രത്യേക പരിഗണന നൽകേണ്ട പ്രദേശമാണെങ്കിൽ ജനസംഖ്യ, OP/IP രോഗികളുടെ എണ്ണം, പ്രദേശത്തിന്റെ പ്രത്യേകത എന്നിവയുടെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പ് ഡയറക്ടർ ശിപാർശ ചെയ്യുകയാണെങ്കിൽ മാത്രമേ കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയോടെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് ഇനി അധിക സ്റ്റാഫിനെ നിയമിക്കേണ്ടതുള്ളു.

iv. നിലവിലെ ഉത്തരവു പ്രകാരം എഫ്.എച്ച്.സി/ സി.എച്ച്.സികളിൽ ഒരു പാരാമെഡിക്കൽ സ്റ്റാഫിനെയാണ് നിയമിക്കാവുന്നത്. ഇതനുസരിച്ച് നേഴ്സ് / ഫാർമസിസ്റ്റ് / ലാബ് ടെക്നീഷ്യൻ എന്നിവരിൽ ആരെ നിയമിക്കണമെന്ന് ബന്ധപ്പെട്ട മെഡിക്കൽ ഓഫീസറുടെ ശിപാർശയുടെ കൂടി അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനതലത്തിൽ തന്നെ തീരുമാനമെടുക്കാവുന്നതാണ്.

v. തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് ഡോക്ടറേയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിക്കുന്നതു സംബന്ധിച്ച് പതിനാലാം പഞ്ചവത്സരപദ്ധതി സൂചന (3) മാർഗ്ഗരേഖ ഖണ്ഡിക 7.6.2 ൽ താഴെ പറയുന്ന രീതിയിൽ വ്യക്തത വരുത്തുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | നിയമിക്കാവുന്ന പരമാവധി സ്റ്റാഫ് |
|---|---|---|
| 1. | കുടുംബാരോഗ്യ കേന്ദ്രം, പ്രൈമറി ഹെൽത്ത് സെന്റർ | ഡോക്ടർ 1<br>പാരാമെഡിക്കൽ സ്റ്റാഫ് 1 |
| 2. | സാമൂഹ്യാരോഗ്യ കേന്ദ്രം | ഡോക്ടർ 2<br>പാരാമെഡിക്കൽ സ്റ്റാഫ് 2 |
| 3. | താലൂക്കാശുപത്രികൾ, കോർപ്പറേഷൻ/ മുനിസിപ്പാലിറ്റികളുമായി ബന്ധപ്പെട്ട ആശുപത്രികൾ | ഡോക്ടർ 1<br>പാരാമെഡിക്കൽ സ്റ്റാഫ് 1 |

2. പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ ക്യാൻസർ പരിശോധനാ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതു സംബന്ധിച്ച് പരാമർശമുണ്ടെങ്കിലും രോഗ നിർണ്ണയ ടെസ്റ്റുകൾ ഏതൊക്കെ വ്യക്തികൾക്ക് നടത്താം, ചികിത്സാനിർണ്ണയം, തുടർ ചികിത്സ തുടങ്ങിയവയ്ക്ക് സ്വീകരിക്കേണ്ട മാനദണ്ഡം എന്നിവയിൽ വ്യക്തതവരുത്തണമെന്ന് ചില തദ്ദേശഭരണസ്ഥാപനങ്ങൾ ആവശ്യപ്പെടുന്നുണ്ട്. ഒപ്പം ഗ്രാമപഞ്ചായത്തു തലത്തിൽ ക്യാൻസർ പരിശോധനാ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതോടൊപ്പം തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ജില്ല,

താലൂക്കാശുപത്രികളിൽ സ്ഥിരം സംവിധാനമായി ക്യാൻസർ ക്യാമ്പ് നടത്തുന്നതിന് അനുമതി നൽകണമെന്നും തദ്ദേശഭരണസ്ഥാപനങ്ങൾ ആവശ്യപ്പെടുന്നുണ്ട്. ഈ വിഷയത്തിൽ താഴെ പറയും പ്രകാരം വ്യക്തത വരുത്തുന്നു.

- ക്യാൻസർ നിർണ്ണയത്തിനും പരിശോധനയ്ക്കും വ്യവസ്ഥാപിതമായ രീതിയും അതിനായി ക്യാൻസർ ഗ്രിഡ് -ഉം നിലവിലുണ്ട്. കുടുംബാരോഗ്യ കേന്ദ്രം, സാമൂഹ്യാരോഗ്യ കേന്ദ്രം, താലൂക്കാശുപത്രി / ജനറൽ ആശുപത്രി, ജില്ലാ ആശുപത്രി, മെഡിക്കൽ കോളേജ്, മൂന്ന് റീജിയണൽ ക്യാൻസർ സെന്ററുകൾ (തിരുവനന്തപുരം ആർ.സി.സി (5 ജില്ല), കൊച്ചി (4 ജില്ല), മലബാർ ക്യാൻസർ സെന്റർ (5 ജില്ല) എന്നീ തട്ടുകളിലായാണ് ക്യാൻസർ പരിശോധനയും ചികിത്സയും ക്രമപ്പെടുത്തിയിരിക്കുന്നത്. ഈ പ്രോട്ടോകോൾ അനുസരിച്ച് ആരോഗ്യ വകുപ്പിന്റെ മാർഗ്ഗരേഖ ഉടനെ പുറപ്പെടുവിക്കുന്നതാണ്. മാർഗ്ഗരേഖ കൂടി വന്നതിനുശേഷം മുകളിൽ പറഞ്ഞ ആവശ്യത്തിന്മേൽ ആരോഗ്യ വകുപ്പ് വ്യക്തത വരുത്തുന്നതാണ്. ഇപ്രകാരം ആരോഗ്യവകുപ്പ് മാർഗ്ഗരേഖ പുറപ്പെടുവിച്ചതിനുശേഷം ആവശ്യമെങ്കിൽ സർക്കാർ അധിക നിർദ്ദേശം നൽകുന്നതാണ്. ആരോഗ്യ വകുപ്പിന്റെ 'ശൈലി' ആപ്പ് ഉപയോഗിച്ച് ക്യാമ്പിന്റെ സ്വഭാവത്തിലുള്ള പരിശോധന നടന്നു വരുന്നുണ്ട്. ഈ സാഹചര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രത്യേക ക്യാമ്പ നടത്തുന്ന രീതി നിലവിൽ ആവശ്യമില്ല. എന്നാൽ ഗ്രിഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ ബന്ധപ്പെട്ട ആരോഗ്യ കേന്ദ്രത്തിൽ അടിസ്ഥാന സൗകര്യമൊരുക്കേണ്ടതാണ്.

3. കരൾ/വൃക്ക മാറ്റി വച്ചവർക്ക് മരുന്ന് വാങ്ങി നൽകുന്നതിന് ചില തദ്ദേശഭരണ സ്ഥാപനങ്ങൾ അനുമതി ആവശ്യപ്പെടുന്നുണ്ട്. പലപ്പോഴും ജനറിക് മരുന്നുകൾക്ക് പകരം ബ്രാൻഡഡ് മരുന്നാണ് വാങ്ങി സ്റ്റോക്ക് ചെയ്യുന്നത്. അതതു തലത്തിലെ ആശുപത്രികൾ പ്രദാനം ചെയ്യുന്ന ചികിത്സയും അവിടുത്തെ മെഡിക്കൽ ഓഫീസർമാർ ശിപാർശ ചെയ്യുന്ന മരുന്നുകളുമാണ് ഓരോ ആരോഗ്യ കേന്ദ്രത്തിലും ലഭ്യമാക്കേണ്ടത്. മറ്റു സ്പെഷ്യാലിറ്റി ആശുപത്രികൾ നടത്തിയ കരൾ/വൃക്ക മാറ്റി വച്ചവർക്ക് ആവശ്യമായ മരുന്നുകൾ, ഇത്തരം ആശുപത്രികൾ നിർദ്ദേശിക്കുന്ന മരുന്നുകൾ/ അനുബന്ധ മരുന്നുകൾ ജില്ല /താലൂക്ക് ആശുപത്രിയിലും സാമൂഹ്യാരോഗ്യ കേന്ദ്രത്തിലും കുടുംബാരോഗ്യ കേന്ദ്രത്തിലും തദ്ദേശഭരണ സ്ഥാപനങ്ങൾ വാങ്ങി സൂക്ഷിക്കേണ്ടതില്ല. ഇതിനു പകരം ഇത്തരം ആശുപത്രികൾ പ്രദാനം ചെയ്യുന്ന ചികിത്സയ്ക്ക് ആവശ്യമായ മരുന്ന് മുടക്കം കൂടാതെ ലഭ്യമാക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രത്യേക പരിഗണന നൽകണം.

4. അലോപ്പതി മരുന്നുകൾ KMSCL ൽ നിന്ന് ലഭിക്കാൻ കാലതാമസം വന്നാൽ കാരുണ്യ, മാവേലി സ്റ്റോർ, സപ്ലൈകോ, ജൻ ഔഷധി, നീതി സ്റ്റോറുകൾ എന്നിവയുടെ ഔട്ട് ലെറ്റുകളിൽ നിന്നു വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഇപ്പോൾ KMSCL നിന്ന് മരുന്നു ലഭിക്കാൻ കാലതാമസം ഉണ്ടാകാറില്ല. വളരെ വില കുറച്ച് ഇവിടെ മരുന്നുകൾ ലഭിക്കും. ഇത് പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്. അത്യാവശ്യഘട്ടത്തിൽ മാത്രമേ മുകളിൽ പറഞ്ഞ മറ്റ് സ്ഥാപനങ്ങളിൽ നിന്ന് മരുന്നു വാങ്ങാവൂ എന്ന് നിർദ്ദേശം നൽകുന്നു.

ലീന എൻ പി
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
10. ഗ്രാമവികസന കമ്മീഷണർ
11. ഡയറക്ടർ, ആരോഗ്യ വകുപ്പ്
12. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
13. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
14. എല്ലാ ജില്ലാകളക്ടർമാർക്കും
15. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
16. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
17. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
18. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
19. ഡയറക്ടർ ജനറൽ, കില
20. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
21. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
22. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
23. തദ്ദേശ സ്വയംഭരണ (ഡി.ബി.) വകുപ്പ്
24. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

LSGGUIDE

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ഡിഎ1/284/2023-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 09-11-2023

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - ശ്രുതിതരംഗം പദ്ധതി - കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിയ്ക്ക് വിധേയരായ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസിനായി തുക സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കൈമാറുന്നത് - സംബന്ധിച്ച്.

സൂചന:-
1. സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28.05.2022
2. സ.ഉ.(സാധാ) നം.162/2023/SJD; തീയതി 26.07.2023
3. സ്റ്റേറ്റ് ഹെൽത്ത് ഏജൻസി എക്സിക്യൂട്ടീവ് ഡയറക്ടറുടെ 12.09.2023, 17.10.2023 തീയതികളിലെ SHA/157/2023-MGR(OPN) നമ്പർ കത്തുകൾ

**********

സംസ്ഥാനത്ത് കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിയ്ക്ക് വിധേയരായ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസിനായി ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും ഒരു കുട്ടിക്ക് 50,000/- രൂപ നിരക്കിൽ കുട്ടികളുടെ ലിസ്റ്റ് സഹിതം കേരള സാമൂഹ്യ സുരക്ഷാമിഷന് കൈമാറുന്നതിന് സബ്സിഡി - ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച സൂചന (1) മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

2. സാമൂഹ്യനീതി വകുപ്പിന് കീഴിൽ കേരള സാമൂഹ്യ സുരക്ഷാമിഷൻ മുഖാന്തിരം നടപ്പാക്കി വന്നിരുന്ന ശ്രുതിതരംഗം പദ്ധതിയും ധ്വനി പദ്ധതി, അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസ് പദ്ധതി എന്നീ ഉപപദ്ധതികളും 2023-2024 സാമ്പത്തിക വർഷം മുതൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖേന നടപ്പാക്കുന്നതിനായി സൂചന (2) പ്രകാരം ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ പദ്ധതിയ്ക്കായുള്ള വിഹിതം നേരിട്ട് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് നൽകണമെന്നും ഇത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

3. മേൽ പദ്ധതിക്കായി കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് കൈമാറിക്കൊണ്ടിരുന്ന തുക, നിർവ്വഹണ ഏജൻസി സ്റ്റേറ്റ് ഹെൽത്ത് ഏജൻസിട്ടുള്ള സാഹചര്യത്തിൽ, ടി തുക യഥാസമയം SHA യുടെ നിർദ്ദിഷ്ട ബാങ്ക് അക്കൗണ്ടിൽ ഒടുക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണമെന്ന് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി സൂചന (3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് ചുവടെയുള്ള നിർദ്ദേശങ്ങൾ നൽകുന്നു.

- കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിയ്ക്ക് വിധേയരായ കുട്ടികളുടെ അനുബന്ധ

ഉപകരണങ്ങളുടെ മെയിന്റനൻസിനായി തദ്ദേശ സ്വയംഭരണ സ്ഥാപനം കൈമാറേണ്ട ഒരു കുട്ടിക്ക് 50,000/- രൂപ വീതമുള്ള തുക, ഇനി മുതൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ ചുവടെയുള്ള ബാങ്ക് അക്കൗണ്ടിൽ കൈമാറേണ്ടതാണ്.

•

| **Bank Account Details:** | |
|---|---|
| Name | : State Health Agency Kerala |
| A/c No. | : 3301005800000015 |
| IFSC | : PUNB0330100<br>PNB,Statue Branch |

- ഈ ഇനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വകയിരുത്തുന്ന ആകെ തുക സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ മേൽ ബാങ്ക് അക്കൗണ്ടിലേക്ക് അടവാക്കി ആയതിന്റെ ട്രാൻസാക്ഷൻ രസീതും ഗുണഭോക്താക്കളായ കുട്ടികളുടെ ലിസ്റ്റും സഹിതം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കൈമാറണം.
- വർഷാവർഷം ഓരോ കുട്ടിയുടേയും ഇംപ്ലാന്റിന്റെ മെയിന്റനൻസിന്റെ ആവശ്യകത ഉന്നയിക്കുകയോ, ഡോക്ടറുടെ സർട്ടിഫിക്കറ്റ് ആവശ്യപ്പെടുകയോ ചെയ്യേണ്ടതില്ല. മെയിന്റനൻസിന്റെ യൂണിറ്റ് കോസ്റ്റായി മാർഗ്ഗരേഖ പ്രകാരം നിശ്ചയിച്ച് നൽകിയ തുക സാമ്പത്തിക വർഷം ആദ്യം തന്നെ പ്രോജക്ട് മുഖേന സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കൈമാറുന്നതിനും വർഷാവസാനം തുകയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനും ഗ്രാമപഞ്ചായത്തുകളും/ നഗരഭരണ സ്ഥാപനങ്ങളും നടപടി സ്വീകരിക്കേണ്ടതാണ്.
- സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിലേക്ക് നൽകപ്പെടുന്ന തുക, എത് കുട്ടിക്ക് വേണ്ടിയാണോ തദ്ദേശ സ്ഥാപനം വകയിരുത്തിയിട്ടുള്ളത്, പ്രസ്തുത കുട്ടികളുടെ പരാമർശിക്കപ്പെട്ടിട്ടുള്ള ആവശ്യകതയിലേക്കായി തന്നെ വിനിയോഗിക്കേണ്ടതാണ്. ഇത് കൂടാതെ തുക വിനിയോഗം സംബന്ധിച്ച യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ലഭ്യമാക്കേണ്ടതുമാണ്.
- കേരള സാമൂഹ്യ സുരക്ഷാമിഷനിൽ ഈ പദ്ധതിയ്ക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കിയതിൽ പദ്ധതിക്കായി ചെലവഴിക്കാത്ത തുക ഗുണഭോക്തൃ പട്ടികയും അപേക്ഷകളും സഹിതം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയ്ക്ക് കൈമാറേണ്ടതാണ്.

ലീന എൻ പി
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
4. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
5. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
6. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
7. എക്സിക്യൂട്ടീവ് ഡയറക്ടർ, സ്റ്റേറ്റ് ഹെൽത്ത് ഏജൻസി

8. എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ
9. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
12. എല്ലാ ജില്ലാ കളക്ടർമാർക്കും
13. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
14. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
17. ഡയറക്ടർ ജനറൽ, കില
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
20. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
21. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ഡിഎ1/407/2023-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 01-12-2023

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശഭരണ സ്ഥാപനങ്ങൾ നിലവിൽ നടത്തിക്കൊണ്ടിരിക്കുന്ന ക്യാൻസർ നിർണ്ണയ ക്യാമ്പ് തുടരുന്നത് - സംബന്ധിച്ച്.

സൂചന:-
1. സ.ഉ.(കൈ) നം.84/2022/തസ്വഭവ, തീയതി 19.04.2022
2. സ.ഉ.(കൈ) നം.86/2022/തസ്വഭവ, തീയതി 19.04.2022
3. 25.10.2023ലെ ഡിഎ1/363/2023-തസ്വഭവ നമ്പർ സർക്കുലർ
4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.11.2023-ൽ കൂടിയ യോഗത്തിന്റെ തീരുമാനം നം. 3.1

**********

കിഡ്നി രോഗങ്ങളും കരൾ രോഗങ്ങളും ക്യാൻസറും മുൻകൂട്ടി കണ്ടെത്തുന്നതിന് ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും പരിശോധനാ ക്യാമ്പുകൾ സംഘടിപ്പിക്കാവുന്നതാണെന്ന് സൂചന 1, 2 മാർഗ്ഗരേഖകളിൽ പ്രതിപാദിച്ചിട്ടുണ്ട്. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെയും സഹായം ഇതിനായി തേടാനും അനുമതിയുണ്ട്. ഇത്തരം ക്യാമ്പുകൾ സംഘടിപ്പിക്കുന്നതോടൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ജില്ല, താലൂക്ക് ആശുപത്രികളിലും ജനറൽ ആശുപത്രികളിലും സ്ഥിരം സംവിധാനമായി ക്യാമ്പ് നടത്തുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങൾ അനുമതി ആവശ്യപ്പെട്ടിട്ടുണ്ട്.

ക്യാൻസർ നിർണ്ണയത്തിനും പരിശോധനയ്ക്കും വ്യവസ്ഥാപിതമായ രീതി ആരോഗ്യ വകുപ്പിന് കീഴിൽ നിലവിലുള്ളതിനാലും നിലവിലുള്ള പ്രോട്ടോകോൾ അനുസരിച്ച് ആരോഗ്യ വകുപ്പിന്റെ മാർഗ്ഗരേഖ ക്യാൻസർ പരിശോധനയും ചികിത്സയും ക്രമപ്പെടുത്തുന്ന വിഷയത്തിൽ പുറപ്പെടുവിച്ചതിന് ശേഷം വ്യക്തത വരുത്തി തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്ന് നിർദ്ദേശം നൽകാമെന്നതിനാലും ആരോഗ്യ വകുപ്പിന്റെ 'ശൈലി' ആപ്പ് ഉപയോഗിച്ച് ക്യാമ്പിന്റെ സ്വഭാവത്തിലുള്ള പരിശോധന നടന്നുവരുന്നതിനാലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേക ക്യാൻസർ നിർണ്ണയ ക്യാമ്പ നടത്തുന്ന രീതി ആവശ്യമില്ലെന്ന് സൂചിത സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

മേൽ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ചില തദ്ദേശഭരണ സ്ഥാപനങ്ങൾ നിലവിൽ നടത്തിക്കൊണ്ടിരിക്കുന്ന ക്യാൻസർ നിർണ്ണയ ക്യാമ്പ് നിർത്തിവെച്ചിട്ടുണ്ട് എന്ന് സർക്കാർ വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ, ആരോഗ്യ വകുപ്പുമായി ചേർന്ന് മാർഗ്ഗരേഖ പുറപ്പെടുവിക്കുംവരെ, ക്യാൻസർ പരിശോധനാ ക്യാമ്പ് തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക്

നടത്താവുന്നതാണ് എന്ന് വ്യക്തത വരുത്തുന്നു. എന്നാൽ ഇത്തരം ക്യാമ്പുകൾ നടത്തുമ്പോൾ തുടർ പരിശോധനയും ചികിത്സയും ആവശ്യമുള്ളവർക്ക്, അവ ആരോഗ്യവകുപ്പ് മുഖേന ഉറപ്പുവരുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ്.

ലീന എൻ പി
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-അറബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ, ആരോഗ്യ വകുപ്പ്
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
14. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
15. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
16. ഡയറക്ടർ ജനറൽ, കില
17. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
18. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
16. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
17. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
18. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
19. ഡയറക്ടർ ജനറൽ, കില
20. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
21. ഡയറക്ടർ, കേരള സോഷ്യൽ ഓഡിറ്റ് സൊസൈറ്റി
22. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
23. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
24. എക്സൈസ് വകുപ്പ്
25. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
26. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

# 15. പരിസ്ഥിതി സംരക്ഷണം

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ജൈവവൈവിധ്യ പരിപാലന സമിതികൾക്കാവശ്യമായ വിദഗ്ധോപദേശം നൽകുന്നതിനും പ്രവർത്തനം വിലയിരുത്തുന്നതിനും ജില്ലാ ആസൂത്രണ സമിതിയുടെ സബ്കമ്മിറ്റി എന്ന നിലയിൽ ജില്ലാതല ജൈവവൈവിധ്യ കോർഡിനേഷൻ കമ്മിറ്റികൾ രൂപീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**സ.ഉ.(സാധാ) നം.2550/2022/LSGD** തീയതി,തിരുവനന്തപുരം, **20-10-2022**

പരാമർശം:-

1. 30.07.2019-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിലെ തീരുമാനം നമ്പർ 4.13
2. കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 03.08.2021-ലെ A8/1373/2020/KSBB നമ്പർ കത്ത്
3. സംസ്ഥാനത്തെ ജൈവവൈവിധ്യ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായുള്ള സംസ്ഥാനതല സ്റ്റിയറിങ് കമ്മിറ്റിയുടെ 12.4.2022 ലെ യോഗത്തിലെ തീരുമാനം

**ഉത്തരവ്**

സംസ്ഥാനത്ത് എല്ലാ തദ്ദേശഭരണ സ്ഥാപനതലത്തിലും ജൈവ വൈവിധ്യ പരിപാലന സമിതികൾ (BMC) നിലവിൽ വന്നിട്ടുണ്ട്. ജൈവവൈവിധ്യ പരിപാലന സമിതികൾക്കാവശ്യമായ വിദഗ്ധോപദേശം നൽകുന്നതിനും പ്രവർത്തനം വിലയിരുത്തുന്നതിനും ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ ഒരു മോണിറ്ററിങ് സംവിധാനം എന്ന നിലയിൽ ജില്ലാതല ജൈവവൈവിധ്യ കോർഡിനേഷൻ കമ്മിറ്റികൾ രൂപീകരിക്കണമെന്ന കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ അഭ്യർത്ഥന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി പരാമർശം (1) പ്രകാരം പരിഗണിച്ചിരുന്നു.

2. സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളുൾപ്പെടെയുള്ള എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജൈവവൈവിധ്യ പരിപാലന സമിതികൾ (ബി.എം.സി.കൾ) രൂപീകരിക്കുന്നുണ്ടെങ്കിലും, ത്രിതല പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിലെ ബി.എം.സി.കളുടെ പ്രവർത്തനങ്ങളിൽ ഇടപെടുന്നതിനോ, മേൽനോട്ടം വഹിക്കുന്നതിനോ, ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനോ സംസ്ഥാന ജൈവവൈവിധ്യ ബോർഡിന് ഉപരിയായി, ജില്ലാതലത്തിൽ മറ്റ് സംവിധാനങ്ങളൊന്നും നിലവിലില്ലാത്ത സാഹചര്യമാണുള്ളതെന്നും ജില്ലാതല ജൈവവൈവിധ്യ കോർഡിനേഷൻ കമ്മിറ്റികൾ രൂപീകരിക്കുന്നതിലൂടെ ജൈവവൈവിധ്യ നിയമം, 2002, കേന്ദ്ര ജൈവവൈവിധ്യ ചട്ടങ്ങൾ 2004, സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ 2008 എന്നിവ പ്രകാരമുള്ള ചുമതലകൾ

നിർവ്വഹിക്കുന്നതിനുള്ള ബി.എം.സി. തലത്തിലെ പ്രവർത്തനങ്ങൾക്ക് ജില്ലാതലത്തിൽ തന്നെ മെച്ചപ്പെട്ട രീതിയിലുള്ള ഏകോപനം സാധ്യമാകുന്നതാണ് എന്നും നിർദ്ദിഷ്ട ഘടനയിൽ, ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ ജില്ലാതല ജൈവവൈവിധ്യ കോർഡിനേഷൻ കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം പുറപ്പെടുവിക്കാവുന്നതാണ് എന്നും കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറി പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. ജില്ലാ തലത്തിൽ ജില്ലാ ആസൂത്രണ സമിതിയുടെ സബ് കമ്മിറ്റി എന്ന നിലയിൽ ജില്ലാ തലത്തിൽ ജൈവവൈവിധ്യ കോ- ഓർഡിനേഷൻ കമ്മിറ്റി രൂപീകരിക്കുന്നതിന് സംസ്ഥാനത്തെ ജൈവവൈവിധ്യ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായുള്ള സംസ്ഥാന തല സ്റ്റിയറിങ് കമ്മിറ്റി പരാമർശം (3) പ്രകാരം തീരുമാനമെടുത്തിരുന്നു.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ജൈവവൈവിധ്യ പരിപാലന സമിതികൾക്കാവശ്യമായ വിദഗ്ധോപദേശം നൽകുന്നതിനും അവയുടെ പ്രവർത്തനം വിലയിരുത്തുന്നതിനും ജില്ലാ ആസൂത്രണ സമിതിയുടെ സബ്കമ്മിറ്റി എന്ന നിലയിൽ താഴെ പറയും പ്രകാരം ജില്ലാതല ജൈവവൈവിധ്യ കോർഡിനേഷൻ കമ്മിറ്റികൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു:

ജില്ലാ ആസൂത്രണസമിതി ചെയർപേഴ്സൺ - ചെയർ പേഴ്സൺ

ജില്ലാ പ്ലാനിംഗ് ഓഫീസർ - കൺവീനർ

ജില്ലാ കോ ഓർഡിനേറ്റർ, കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് - ജോയിന്റ് കൺവീനർ

<u>മറ്റ് അംഗങ്ങൾ</u>

പ്രിൻസിപ്പൽ കൃഷി ഓഫീസർ

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ജില്ലാ ഫിഷറീസ് ഓഫീസർ

ജില്ലാ മൃഗസംരക്ഷണ ഓഫീസർ

പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് (PAU)

ജില്ലാ ആസൂത്രണ സമിതി സെക്രട്ടേറിയറ്റിൽ നിന്ന് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡെപ്യൂട്ടി ഡയറക്ടർ

<u>സ്ഥിരം ക്ഷണിതാക്കൾ</u>

ജില്ലാ ആസൂത്രണ സമിതി നാമനിർദ്ദേശം ചെയ്യുന്ന 5- ൽ കുറയാത്ത വിദഗ്ദ്ധർ

ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രതിനിധികൾ (2 പേർ)

ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രതിനിധികൾ (2 പേർ)

നഗരസഭാ ചെയർമാൻമാരിൽ നിന്നും ഒരാൾ

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SHEEJA.R.S.

**ജോയിന്റ് സെക്രട്ടറി**

ജില്ലാ ആസൂത്രണസമിതി ചെയർപേഴ്സൺമാർക്ക്

മെമ്പർ സെക്രട്ടറി, പ്ലാനിങ് ബോർഡ്

മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ
ഡയറക്ടർ, കൃഷി വകുപ്പ്
ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്
ഡയറക്ടർ, ഫിഷറീസ് വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്I /ആഡിറ്റ് II) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്-

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

# 16. ദാരിദ്ര്യ ലഘൂകരണം

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-21-08-2022-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - ദേശീയ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ പ്രവർത്തിക്കുന്ന നിർമ്മാണ സാമഗ്രി യൂണിറ്റുകൾക്ക് സാധനങ്ങൾ വിതരണം ചെയ്യുന്ന വെണ്ടർ ആയി പ്രവർത്തിക്കുന്ന കുടുംബശ്രീ സി.ഡി.എസ്-കൾക്ക് റിവോൾവിംഗ് ഫണ്ട് അനുവദിക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.2397/2022/LSGD തീയതി,തിരുവനന്തപുരം, 01-10-2022

---

പരാമർശം:-

1. സ.ഉ.(സാധാ)നം.1611/18/ത.സ്വ.ഭ.വ തീയതി 13.06.2018
2. സ.ഉ.(കൈ)നം.110/18/ത.സ്വ.ഭ.വ തീയതി 13.08.2018
3. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 18.08.2020-ലെ 52996/E/2020/REGS നമ്പർ കത്ത്
4. 21.08.2022-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.16(ii)-ാം നമ്പർ തീരുമാനം

**ഉത്തരവ്**

ലൈഫ് മിഷൻ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് സിമന്റ് ഇഷ്ടിക, കട്ടിള തുടങ്ങിയ നിർമ്മാണ സാമഗ്രികൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് കുടുംബശ്രീയുടെ സഹകരണത്തോടെ ദേശീയ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നതിനും ഇത്തരം യൂണിറ്റുകൾക്ക് അസംസ്കൃത വസ്തുക്കൾ വിതരണം ചെയ്യാൻ സി.ഡി.എസ്-കളെ ചുമതലപ്പെടുത്താനും പരാമർശം (1), (2) ഉത്തരവുകൾ പ്രകാരം അനുവാദം നൽകിയിരുന്നു. മെറ്റീരിയൽ ഘടകത്തിലെ തുക ലഭ്യമാകാൻ കാലതാമസം ഉണ്ടാകുന്നത് സി.ഡി.എസ്-കളുടെ പ്രവർത്തനത്തെ ബാധിക്കുമെന്നതിനാൽ സി.ഡി.എസ്-കൾക്ക് പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ടിൽ നിന്നും വർക്കിംഗ് ക്യാപിറ്റൽ നൽകുന്നത് പരിശോധിക്കാൻ സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ യോഗം തീരുമാനിച്ച പ്രകാരം മിഷൻ ഡയറക്ടർ ശിപാർശ സമർപ്പിച്ചിരുന്നു. ഇക്കാര്യം 21.08.2022-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി യോഗം പരിശോധിക്കുകയും നിലവിൽ വെണ്ടറായി പ്രവർത്തിച്ചുവരുന്ന സി.ഡി.എസ്-കൾക്ക് വർക്കിംഗ് ക്യാപിറ്റലിന് പകരം പരമാവധി 2 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ട് ആയി നൽകാവുന്നതാണെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

2. മേൽ വിവരിച്ച സാഹചര്യത്തിൽ, പരാമർശം (1), (2) ഉത്തരവുകൾ പ്രകാരം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ നിലവിൽ വെണ്ടറായി പ്രവർത്തിച്ചു വരുന്ന സി.ഡി.എസ്.യൂണിറ്റുകൾക്ക് പരമാവധി 2 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ട് ആയി നൽകാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിലൻ എലിസബേത്ത് ജോർജ്
അണ്ടർ സെക്രട്ടറി

മിഷൻ ഡയറക്ടർ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് / സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)
✓എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ത.സ്വ.ഭ.(ഡി.എ.)വകുപ്പ്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by Nisam N
Date: 01-10-2022 12:18:49

സെക്ഷൻ ഓഫീസർ

"ഭരണഭാഷ മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-15.10.2022, 08-03-2023 എന്നീ തീയതികളിലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - കുടുംബശ്രീ സി.ഡി.എസ്.കൾക്ക്, ദേശീയ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ പ്രവർത്തിക്കുന്ന നിർമ്മാണ സാമഗ്രി യൂണിറ്റുകൾക്ക് സാധനങ്ങൾ വിതരണം ചെയ്യുന്ന വെണ്ടർ ആയി പ്രവർത്തിക്കാനും അപ്രകാരം പ്രവർത്തിക്കുന്ന കുടുംബശ്രീ സി.ഡി.എസ്-കൾക്ക് റിവോൾവിംഗ് ഫണ്ട് അനുവദിക്കാനും അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ഡി.) വകുപ്പ്**

സ.ഉ.(സാധാ) നം.694/2023/LSGD തീയതി,തിരുവനന്തപുരം, 23-03-2023

---

പരാമർശം:-

1. സ.ഉ.(സാധാ) നം.1611/18/ത.സ്വ.ഭ.വ തീയതി 13.06.2018
2. സ.ഉ.(കൈ) നം.110/18/ത.സ്വ.ഭ.വ തീയതി 13.08.2018
3. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 18.08.2020-ലെ 52996/E/2020/465 നമ്പർ കത്ത്
4. സ.ഉ.(സാധാ) നം.2397/2022/ത.സ്വ.ഭ.വ തീയതി 01-10-2022
5. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 13.10.2022-ലെ 4830/D/19/KSHO നമ്പർ കത്ത്
6. 15.10.2022-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 2.3(4.16)- ാം നമ്പർ തീരുമാനം
7. 08.03.2023-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.51- ാം നമ്പർ തീരുമാനം

**ഉത്തരവ്**

ലൈഫ് മിഷൻ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് സിമന്റ്, ഇഷ്ടിക, കട്ടില തുടങ്ങിയ നിർമ്മാണ സാമഗ്രികൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് കുടുംബശ്രീയുടെ സഹകരണത്തോടെ ദേശീയ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നതിനും ഇത്തരം യൂണിറ്റുകൾക്ക് അസംസ്കൃത വസ്തുക്കൾ വിതരണം ചെയ്യാൻ സി.ഡി.എസ്.-കളെ ചുമതലപ്പെടുത്തുന്നതിനും പരാമർശം (1), (2) ഉത്തരവുകൾ പ്രകാരം അനുവാദം നൽകിയിരുന്നു. മെറ്റീരിയൽ ഘടകത്തിലെ തുക ലഭ്യമാകാൻ കാലതാമസം ഉണ്ടാകുന്നത് സി.ഡി.എസ്-കളുടെ പ്രവർത്തനത്തെ ബാധിക്കുമെന്നതിനാൽ നിലവിൽ വെണ്ടറായി പ്രവർത്തിച്ചുവരുന്ന സി.ഡി.എസ്-കൾക്ക് പരമാവധി 2 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ട് ആയി നൽകാവുന്നതാണെന്ന് വികേന്ദ്രീകൃതാസൂത്രണ കോഓർഡിനേഷൻ സമിതിയുടെ 21.08.2022-ലെ തീരുമാന പ്രകാരം പരാമർശം (4) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മറ്റ് ആസ്തി നിർമ്മാണ പ്രവൃത്തികളുടെയും വെണ്ടർ ആയി പ്രവർത്തിക്കാൻ സി.ഡി.എസ്.കൾക്ക്

അനുവാദം നൽകണമെന്നും വർക്കിംഗ് ക്യാപിറ്റൽ അനുവദിക്കണമെന്നുമുള്ള പരാമർശം (3) പ്രകാരമുള്ള അഭ്യർത്ഥന അനുകൂലമായി പരിഗണിക്കാവുന്നതാണെന്ന് പരാമർശം (5) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഇക്കാര്യം പരിഗണിച്ച വികേന്ദ്രീകൃതാസൂത്രണ കോഓർഡിനേഷൻ സമിതി, ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം പ്രവർത്തിയ്ക്കുന്ന വീട് നിർമ്മാണ യൂണിറ്റുകൾക്കൊപ്പം, മറ്റ് ആസ്തി നിർമ്മാണ യൂണിറ്റുകൾക്കും വെണ്ടർമാരെന്ന നിലയിൽ സി.ഡി.എസ്.കൾക്ക് സാധന സാമഗ്രികൾ വിതരണം ചെയ്യാവുന്നതാണ് എന്ന് പരാമർശം (6) പ്രകാരം തീരുമാനിക്കുകയുണ്ടായി. ഇപ്രകാരം വെണ്ടർമാരായി പ്രവർത്തിക്കുന്ന സി.ഡി.എസ്.കൾക്കും രണ്ട് ലക്ഷം രൂപ റിവോൾവിംഗ് ഫണ്ട് അനുവദിക്കാവുന്നതാണ് എന്ന് പരാമർശം (7) പ്രകാരവും തീരുമാനിക്കുകയുണ്ടായി.

2.മേൽ വിവരിച്ച സാഹചര്യത്തിൽ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ വീട് നിർമ്മാണ യൂണിറ്റുകൾക്കൊപ്പം മറ്റ് ആസ്തി നിർമ്മാണ യൂണിറ്റുകൾക്കും വെണ്ടർമാർ എന്ന നിലയിൽ സാധന സാമഗ്രികൾ വിതരണം ചെയ്യാൻ കുടുംബശ്രീ സി.ഡി.എസ്.കൾക്ക് അനുമതി നൽകി ഉത്തരവാകുന്നു. ഇത്തരത്തിൽ വെണ്ടർമാരായി പ്രവർത്തിക്കുന്ന സി.ഡി.എസ്.കൾക്ക് പരമാവധി രണ്ട് ലക്ഷം രൂപ വീതം ഗ്രാമ പഞ്ചായത്തിൽ നിന്നും റിവോൾവിംഗ് ഫണ്ടായി വിതരണം ചെയ്യാനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിലൻ എലിസബേത്ത് ജോർജ്
അണ്ടർ സെക്രട്ടറി

മിഷൻ ഡയറക്ടർ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി.
ഡയറക്ടർ, എൽ.എസ്.ജി.ഡി.(റൂറൽ)
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (ഡയറക്ടർ, എൽ.എസ്.ജി.ഡി.(റൂറൽ) മുഖേന)
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
പ്രിൻസിപ്പൽ അക്കണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കാണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ത.സ്വ.ഭ.(ഡി.എ. ) വകുപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Nisam N
Date: 23-03-2023 14:47:20
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - അതിദാരിദ്ര്യനിർമ്മാർജ്ജന പദ്ധതി- വിവിധ വകുപ്പുകൾ മുഖേന നല്കുന്ന ആനുകൂല്യങ്ങൾക്ക്/സേവനങ്ങൾക്ക് തിരിച്ചറിയൽ രേഖകളും സാക്ഷ്യപത്രങ്ങളും ഹാജരാക്കുന്നതിൽ നിന്നും അതിദരിദ്ര പട്ടികയിൽപെട്ടവരെ ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ)വകുപ്പ്**

G.O.(Rt)No.1610/2023/LSGD തീയതി,തിരുവനന്തപുരം, 07-08-2023

---

പരാമർശം:- 1. 16/07/2021 തീയതിയിലെ സ.ഉ.(കൈ)നം.145/2021/തസ്വഭവ.

2. 27/03/2023 തീയതിയിലെ IA1/52/2022/തസ്വഭവ നം. കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ അതിദരിദ്രരെ കണ്ടെത്തുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ച് പരാമർശം(1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിദാരിദ്ര്യ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് അതിദരിദ്ര്യ സർവ്വേ പ്രകാരമുള്ള പട്ടികയിൽ ഉൾപ്പെട്ട എല്ലാ വ്യക്തികൾക്കും തിരിച്ചറിയൽ കാർഡ് നല്കുന്നതിന് പരാമർശം(2) പ്രകാരം നിർദ്ദേശം നല്കിയിട്ടുണ്ട്. എന്നാൽ അതിദരിദ്രരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളവർക്ക് വരുമാന സർട്ടിഫിക്കറ്റ്, വിവിധ തിരിച്ചറിയൽ രേഖകൾ എന്നിവ ഇല്ലാത്ത കാരണത്താൽ സർക്കാർ വകുപ്പുകൾ മുഖേന നൽകിവരുന്ന ആനുകൂല്യങ്ങൾ/സേവനങ്ങൾ നിഷേധിക്കപ്പെടുന്ന സാഹചര്യം സർക്കാറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിദരിദ്ര്യ സർവ്വേ പ്രകാരമുള്ള പട്ടികയിൽ ഉൾപ്പെട്ടവർക്ക് വിവിധ വകുപ്പുകൾ നല്കിവരുന്ന ആനുകൂല്യങ്ങൾ/സേവനങ്ങൾ ലഭ്യമാക്കുന്നതിന് ടിയാളുകൾക്ക് യാതൊരുവിധമായ തിരിച്ചറിയൽ കാർഡുകൾ, സാക്ഷ്യപത്രങ്ങൾ എന്നിവ നിഷ്കർഷിക്കേണ്ടതില്ല എന്നും ടിയാളുകൾക്ക് ആനുകൂല്യങ്ങൾ നല്കുന്നതിന് പ്രഥമ പരിഗണന നൽകേണ്ടതാണെന്നും നിർദ്ദേശിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

DR VENU V I A S

CHIEF SECRETARY

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
ഡയറക്ടർ (അർബൻ)തദ്ദേശ സ്വയംഭരണ വകുപ്പ്
ഡയറക്ടർ (റൂറൽ)തദ്ദേശ സ്വയംഭരണ വകുപ്പ്
മിഷൻ ഡയറക്ടർ, എം.ജി.എം.എൻ.ആർ.ഇ.ജി.എസ്.

സി.ഇ.ഒ., ലൈഫ് മിഷൻ
സ്റ്റേറ്റ് നോഡൽ ഓഫീസർ, അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി
എല്ലാ വകുപ്പ് തലവൻമാർക്കും, ED, IKM
കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/52/2022-Part-I)

ഉത്തരവിൻ പ്രകാരം

Signed by
Vijitha M B
Date: 08-08-2023 09:51:22
സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജനകീയ ഹോട്ടലുകൾ വഴി നൽകുന്ന ഉച്ചഭക്ഷണത്തിന്റെ സബ്സിഡി 2023 ആഗസ്റ്റ് 1 മുതൽ നിർത്തലാക്കിക്കൊണ്ടും വിലനിർണ്ണയാധികാരം ജില്ലാ ആസൂത്രണസമിതികൾക്ക് നല്കിക്കൊണ്ടും ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.1632/2023/തസ്വഭവ. തിരുവനന്തപുരം, തീയതി: 10/08/2023**

---

പരാമർശം:-1. 06/03/2020 തീയതിയിലെ സ.ഉ.(കൈ)നം.45/2020/തസ്വഭവ

2.കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 25/07/2023 തീയതിയിലെ 1606/ഡി.1/2020 കെ.എസ്.എച്ച്.ഒ നം കത്ത്.

ഉത്തരവ്

വിശപ്പരഹിത കേരളം പദ്ധതിയുടെ ഭാഗമായി കേരളത്തിലാകമാനം പരാമർശം-1 പ്രകാരം ആരംഭിച്ച ജനകീയ ഹോട്ടലുകളിലൂടെ നൽകിവരുന്ന ഉച്ചഭക്ഷണത്തിനുള്ള സബ്സിഡി, കോവിഡ് മഹാമാരി ഭീഷണിയല്ലാതാകുകയും സാമൂഹിക ജീവിതം കോവിഡ് കാലത്തിന് മുമ്പുള്ള നിലയിലാകുകയും ചെയ്ത സാഹചര്യത്തിൽ താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി 2023 ആഗസ്റ്റ് 1 മുതൽ ഒഴിവാക്കാവുന്നതാണെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം -2 കത്ത് പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

1. ഓരോ ജില്ലകളിലും ജനകീയ ഹോട്ടലുകളിൽ നിന്നും വിതരണം ചെയ്യുന്ന ഉച്ചയൂണിന്റെ നിരക്ക് സംബന്ധിച്ച് അതത് ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ കുടുംബശ്രീ ജില്ലാ മിഷനുമായി ചർച്ച നടത്തുകയും നിശ്ചിത വില തീരുമാനിക്കുകയും ചെയ്യേണ്ടതാണ്. ജനകീയ ഹോട്ടലുകളിൽ നിന്നും വിതരണം ചെയ്യുന്ന ഉച്ചയൂണിന്റെ നിരക്ക് കുറഞ്ഞത് 30 രൂപ എന്ന നിലയിലും, പാഴ്സൽ ഊണുകൾക്ക് 35 രൂപ എന്ന നിലയിലും നിശ്ചയിക്കാവുന്നതാണ്. ഇത്തരത്തിൽ വിതരണം ചെയ്യുന്ന ഊണുകൾക്ക് കുറഞ്ഞത് ചോറ്, തോരൻ, അച്ചാർ, നാടൻ വിഭവം ഉൾപ്പെടെ 3 തൊടുകറിയും ഒരു ഒഴിച്ചുകറിയും ഒരു (സാമ്പാർ/ രസം/ മോരുകറി/ പരിപ്പ്/ മീൻകറി) നിർബന്ധമായി ഉണ്ടായിരിക്കേണ്ടതാണ്.
2. കൂടുതൽ വിഭവങ്ങൾ, നോൺ വെജ് വിഭവങ്ങൾ, സ്പെഷ്യൽ വിഭവങ്ങൾ എന്നിവ ആവശ്യാനുസരണം തയ്യാറാക്കാവുന്നതും ഇവക്ക് അതത് ഹോട്ടൽ സംരംഭകർ നിശ്ചയിക്കുന്ന നിരക്ക് ഈടാക്കാവുന്നതുമാണ്. ഇത്തരത്തിൽ മറ്റു വിഭവങ്ങൾക്ക് മാർക്കറ്റ് നിരക്ക് ഈടാക്കുമ്പോൾ വില വിവര പട്ടിക എല്ലാവർക്കും കാണത്തക്ക രീതിയിൽ പ്രദർശിപ്പിക്കേണ്ടതാണ്.
3. അതിദരിദ്രർ/അശരണർ/കിടപ്പുരോഗികൾ എന്നിവർക്ക് സൗജന്യ ഭക്ഷണം ആവശ്യമുള്ള പക്ഷം അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ജനകീയ ഹോട്ടലുകളിൽ നിന്നും ലഭ്യമാക്കാവുന്നതും ഇതിനാവശ്യമായ ചെലവ് തദ്ദേശ സ്ഥാപനം വഹിക്കേണ്ടതുമാണ്.

4. ജില്ലാ ആസൂത്രണ സമിതികളിൽ (ഡി പി സി) എല്ലാ മാസവും ജനകീയ ഹോട്ടലുകളുടെ പ്രവർത്തനം ഒരു പ്രത്യേക അജണ്ടയാക്കി അവലോകനം നടത്തേണ്ടതാണ്.

5. ഏതെങ്കിലും ജനകീയ ഹോട്ടലുകൾക്ക് ഡിപിസി നിശ്ചയിച്ച നിരക്കിൽ ഊണുകൾ വിതരണം ചെയ്യാൻ സാധിക്കാതിരിക്കുകയോ അല്ലെങ്കിൽ നിശ്ചയിച്ച നിരക്കിൽ നിന്നും ഉയർന്ന നിരക്കിൽ ഊണുകൾ വിതരണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെടുകയോ ചെയ്താൽ അത്തരം യൂണിറ്റുകൾ ജനകീയ ഹോട്ടൽ എന്ന പേരിൽ തുടരുന്നതു സംബന്ധിച്ച തീരുമാനം ഡിപിസി-യ്ക്കു കൈക്കൊള്ളാവുന്നതാണ്.

6. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിലവിൽ നല്കിവരുന്ന പിന്തുണാസഹായങ്ങളായ വാടക, ഇലക്ട്രിസിറ്റി ചാർജ്ജ്, വാട്ടർ ചാർജ്ജ്, സിവിൽ സപ്ലൈസിൽ നിന്നും സബ്സിഡി നിരക്കിൽ ലഭിക്കുന്ന അരി എന്നിവ തുടർന്നും ജനകീയ ഹോട്ടലുകൾക്ക് നല്കാവുന്നതാണ്.

7. ജനകീയ ഹോട്ടലുകളുടെ പ്രവർത്തന സമയം ദീർഘിപ്പിക്കുക - എല്ലാ ജനകീയ ഹോട്ടലുകൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തി കൊടുക്കുന്ന സ്ഥലങ്ങളിൽ റസ്റ്റോറൻറ് മോഡലിൽ ജനകീയ ഹോട്ടലുകൾ പ്രവർത്തിക്കുന്നതിനുള്ള സ്ഥലപരിമിതി ഉള്ളതായി ജില്ലാമിഷനുകൾ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ 30% ജനകീയ ഹോട്ടലുകളിൽ ഉച്ചയൂണുകൾ മാത്രമാണ് വിതരണം ചെയ്തു വരുന്നത്. ഇത്തരം ഹോട്ടലുകൾ വരുമാനം കുറയുന്നതുമൂലം പൂട്ടിപ്പോകുന്ന അവസ്ഥയിലാണ്. എന്നാൽ ഉച്ചഭക്ഷണത്തിനുപരിയായി ചായ, സ്നാക്സ് തുടങ്ങിയ ലഘുഭക്ഷണങ്ങൾ കൂടി വിതരണം ചെയ്യുന്ന ഹോട്ടലുകൾക്ക് കൂടുതൽ വരുമാനം ലഭിച്ചു വരുന്നുണ്ട്. ജനകീയ ഹോട്ടലുകളിൽ ഉച്ചഭക്ഷണത്തിനുപരിയായി മറ്റ് സമയങ്ങളിൽ (പ്രഭാത ഭക്ഷണം, ചായ, ലഘു ഭക്ഷണം മുതലായവ) ഭക്ഷണം നൽകുന്നതിനുള്ള അടിസ്ഥാന സൗകര്യം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം നൽകാവുന്നതാണ്.

8. നാനോ ഷോപ്പുകൾ ആരംഭിക്കുക - ജനകീയ ഹോട്ടൽ യൂണിറ്റുകളിൽ സാധ്യത പരിശോധിച്ച് നാനോ ഷോപ്പുകൾ ആരംഭിക്കുന്നതിലൂടെ കുടുംബശ്രീ ഉത്പന്നങ്ങളുടെ വിപണനം മുഖേന വരുമാന വർദ്ധനവ് നേടാവുന്നതാണ്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ശുപാർശ ചെയ്തിട്ടുള്ള ഖണ്ഡിക 1 ൽ പരാമർശിച്ച വില അടിസ്ഥാന വിലയായി പരിഗണിച്ച് അതാത് കാലത്തെ അവശ്യസാധന വില വർദ്ധന സംബന്ധിച്ച് ജില്ലാ സപ്ലൈ ഓഫീസറുടെ അഭിപ്രായം തേടി ജനകീയ ഹോട്ടൽ സംരംഭങ്ങൾ നഷ്ടമില്ലാതെ തുടർന്നു പോകുന്നതിനാവശ്യമായ വില സംസ്ഥാന വ്യാപകമായി നിശ്ചയിച്ചു നടപ്പാക്കുന്നതിന് കുടുംബശ്രീ ജില്ലാ മിഷനുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും, ജനകീയ ഹോട്ടലുകളുടേയും പ്രതിനിധികൾ, ജില്ലാ സപ്ലൈ ഓഫീസർ എന്നിവരുമായി കൂടിയാലോചിച്ച് സംസ്ഥാനമാകെ ജനകീയ ഹോട്ടലുകളിലെ ഉച്ചഭക്ഷണത്തിന് ഒരേ വില നിശ്ചയിച്ചുകൊണ്ട്, സബ്സിഡി 2023 ആഗസ്റ്റ് 1 മുതൽ നിർത്തലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ജില്ലാ ആസൂത്രണ സമിതികൾക്ക് നിർദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ജനകീയ ഹോട്ടലുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും നിരീക്ഷിക്കുന്നതിനും മേൽ നിബന്ധനകൾക്കു വിധേയമായി കാലാകാലത്തെ വില വർദ്ധന ശുപാർശ ചെയ്യുന്നതിനും ജില്ലാ ആസൂത്രണ സമിതികൾ ഒരു സബ്-കമ്മിറ്റിക്ക് രൂപം നല്കേണ്ടതും സബ്

കമ്മിറ്റികൾ ശുപാർശ ചെയ്യുന്ന വില വർദ്ധന നടപ്പാക്കുന്ന വിഷയത്തിൽ ജില്ലാ ആസൂത്രണ സമിതികൾ ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ.പി.
ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, ജില്ലാ ആസൂത്രണ സമിതി & ജില്ലാ കളക്ടർ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്)
ജില്ലാ പ്ലാനിംഗ് ഓഫീസർ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
മെമ്പർ സെക്രട്ടറി, കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. ഐ.എ.1/129/2023/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by
Vijitha M B
Date: 10-08-2023 16:45:16
സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി - അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ തയ്യാറാക്കിയ മൈക്രോ പ്ലാനിലുൾപ്പെട്ട ഭവന രഹിതരായ അതിദരിദ്ര കുടുംബങ്ങൾക്ക് വീട് ലഭ്യമാകുന്നത് വരെ താമസ സൗകര്യം ഒരുക്കുന്നതിനായി വീടുകൾ/കെട്ടിടങ്ങൾ വാടകയ്ക്ക് എടുക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1636/2024/LSGD തീയതി,തിരുവനന്തപുരം, 06-09-2024

---

പരാമർശം:-

1. സ.ഉ.(കൈ) നം.145/2021/തസ്വഭവ തീയതി 16/07/2021
2. സ.ഉ.(കൈ) നം.1857/2021/തസ്വഭവ തീയതി 25/09/2021
3. സ.ഉ.(കൈ) നം.84/2022/തസ്വഭവ തീയതി 19/04/2022
4. സ.ഉ.(കൈ) നം.86/2022/തസ്വഭവ തീയതി 19/04/2022
5. സ.ഉ.(കൈ) നം.115/2022/തസ്വഭവ തീയതി 28/05/2022
6. സ.ഉ.(കൈ) നം.146/2022/തസ്വഭവ തീയതി 08/07/2022
7. 15/11/2022- ലെ സ ഉ (സാധാ) നം. 2808/2022/തസ്വഭവ
8. 07/07/2024-ലെ സ.ഉ.(സാധാ)നം.1236/2024/തസ്വഭവ
9. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 21/07/2024-തിയതിയിലെ LSGD/PD/6484/2024-EPEP1 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്ത് അതിദാരിദ്ര്യം അഞ്ചു വർഷത്തിനകം നിർമാർജ്ജനം ചെയ്യുന്നത് ലക്ഷ്യമാക്കി അതിദാരിദ്ര്യം അനുഭവിക്കുന്ന കുടുംബങ്ങളെ കണ്ടെത്തുന്നതിന് പരാമർശം 1-5 വരെ ഉത്തരവുകൾ പ്രകാരം സംസ്ഥാനവ്യാപകമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തലത്തിൽ നടത്തിയ അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയ പൂർത്തീകരിക്കുകയും അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ കണ്ടെത്തിയ കുടുംബങ്ങളെയും/വ്യക്തികളെയും അതിദാരിദ്ര്യാവസ്ഥയിൽ നിന്നും മോചിപ്പിക്കുന്നതിനുള്ള സൂക്ഷ്മതല പദ്ധതിയായ മൈക്രോ പ്ലാൻ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പരാമർശം (6) പ്രകാരം സർക്കാർ അംഗീകരിക്കുകയുമുണ്ടായി .

2. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഗുണഭോക്താവ് മറ്റൊരു തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിൽ ഭൂമിയാർജ്ജിക്കുന്ന പക്ഷം ഗുണഭോക്താവിനെ തെരെഞ്ഞെടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനം തന്നെ സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താവിന് ഭവനനിർമ്മാണാനുകൂല്യം നൽകുന്നതിന് പരാമർശം

(7) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

3. ഗ്രാമ പ്രദേശങ്ങളിൽ ഗ്രാമ പഞ്ചായത്തുകൾ അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി പ്രകാരം തയ്യാറാക്കിയ മൈക്രോ പ്ലാനുകൾക്ക് വിഹിതം നല്കുന്നതിനുള്ള പ്രോജക്ടുകൾ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ അവയുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് പരാമർശം (8) പ്രകാരം നിർദ്ദേശം നല്കിയിട്ടുണ്ട്.

4. 2025 നവംബർ -1 ന് കേരളം അതിദാരിദ്ര്യമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കുകയാണ് അതിദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യം.

5. അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ തയ്യാറാക്കിയ മൈക്രോ പ്ലാനിലുൾപ്പെട്ട ഭവന രഹിതരായ അതിദരിദ്ര കുടുംബങ്ങൾക്ക് ലൈഫ് ഭവന പദ്ധതിയിൽ വീട് ലഭ്യമാകുന്നത് വരെ താമസ സൗകര്യമൊരുക്കുന്നതിനായി വീടുകൾ/ കെട്ടിടങ്ങൾ വാടകക്ക് എടുക്കുന്നതിനുള്ള അനുമതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിനും ഒരു വീടിന് പ്രതിമാസം ഗ്രാമപഞ്ചായത്തുകളിൽ പരമാവധി 5,000/- രൂപയും മുനിസിപ്പാലിറ്റികളിൽ പരമാവധി 7,000/- രൂപയും കോർപ്പറേഷനുകളിൽ പരമാവധി 8,000/- രൂപയും വീട്ടുവാടകയിനത്തിൽ ചെലവഴിക്കുന്നതിനും ആയതിനുള്ള ഫണ്ട് വാർഷിക പദ്ധതി/തനത് ഫണ്ട്/ സ്പോൺസർഷിപ്പ് മുഖേന കണ്ടെത്തി വകയിരുത്തുന്നതിനുള്ള അനുമതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നല്കുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (9) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ തയ്യാറാക്കിയ മൈക്രോ പ്ലാനിലുൾപ്പെട്ട ഭവന രഹിതരായ അതിദരിദ്ര കുടുംബങ്ങൾക്ക് വീട് ലഭ്യമാകുന്നത് വരെ താമസ സൗകര്യം ഒരുക്കുന്നതിനായി വീടുകൾ/കെട്ടിടങ്ങൾ വാടകയ്ക്ക് എടുക്കുന്നതിന് മേൽ നിബന്ധനകൾക്കു വിധേയമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)കേരള, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (ഡി എ) വകുപ്പ് (അടുത്ത സി സി മീറ്റിംഗിൽ സാധൂകരണം നേടുന്നതിനായി)
തദ്ദേശ സ്വയംഭരണ (ഡി ഇ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര - പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/137/2024-LSGD)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു: തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി.എസ് -ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ
പി.എ. യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - അതിദരിദ്ര കുടുംബത്തിന്റെ ലിസ്റ്റിൽ ഉൾപ്പെട്ട അർഹരായ വിദ്യാർത്ഥികൾക്ക് പഠനമുറിക്ക് ധനസഹായം നൽകാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2564/2024/LSGD തീയതി,തിരുവനന്തപുരം, 30-12-2024

---

പരാമർശം:-

1. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
2. സ.ഉ.(സാധാ)നം.738/2023/തസ്വഭവ; തീയതി 28.03.2023
3. സ.ഉ.(സാധാ)നം.1877/2023/തസ്വഭവ; തീയതി 21.09.2023
4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതിയുടെ 05.12.2024 ൽ കൂടിയ യോഗത്തിന്റെ തീരുമാനം നം. 3.7

**ഉത്തരവ്**

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറിക്ക് ധനസഹായം നൽകാൻ പരാമർശം 1 മാർഗ്ഗരേഖ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച പരാമർശം 1 ഉത്തരവിന്റെ ഖണ്ഡിക 7.2.13, പരാമർശം 2, 3 ഉത്തരവുകൾ പ്രകാരം പരിഷ്കരിച്ചിട്ടുമുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കൊപ്പം, അർഹരായ വിദ്യാർത്ഥികൾ ഉള്ള അതിദരിദ്ര കുടുംബത്തിന്റെ ലിസ്റ്റിൽ ഉൾപ്പെട്ടവർക്കും പഠനമുറിക്ക് ധനസഹായം നൽകാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു. പരാമർശം 1 മാർഗ്ഗരേഖയിലെയും, പരാമർശം 2, 3 ഉത്തരവുകളിലെയും മറ്റു മാനദണ്ഡങ്ങളും വ്യവസ്ഥകളും പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T

ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്

9. നോഡൽ ഓഫീസർ, EPIP സെൽ
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
12. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
13. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
14. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
15. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
16. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
17. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
18. ഡയറക്ടർ ജനറൽ, കില
19. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
20. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
21. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
22. തദ്ദേശ സ്വയംഭരണ (ഐ.എ.) വകുപ്പ്
23. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

# 17. തെരുവു വിളക്ക്

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

ഇഡബ്ല്യുബി1/101/2020-തസ്വഭവ

തദ്ദേശസ്വയംഭരണ (പിപി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 26-10-2022

സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണവകുപ്പ്-നിലാവ് പദ്ധതി - വാറന്റി കാലയളവിൽ കേടാകുന്ന LED ബൾബുകളുടെ പരിപാലന ചെലവ്

സൂചന:- 1.25/12/2020-ലെ സ.ഉ.(കൈ) 202/2020/തസ്വഭവ

2. KSEBL ചെയർ മാൻ & മാനേജിംഗ് ഡയറക്ടറുടെ 24.12.2021-CP/Plg2/Nilaavu/2021-22/307. 21.06.2022-ലെ CP/Plg2/Nilaavu/LED Streetlight/2022-23/480 നമ്പർ കത്തുകൾ

3.02/06/2022-ലെ വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം നം. 4.3

സംസ്ഥാനത്തെ തെരുവു വിളക്കുകളിൽ പരമ്പരാഗത ബൾബുകൾ മാറ്റി LED സ്ഥാപിക്കുന്നതിനായി കിഫ്ബി ധനസഹായത്തോടെ KSEBL-ന് നിർവഹണ ചുമതലയോടെ നിലാവ് പദ്ധതിയ്ക്ക് അനുമതി നൽകിയിരുന്നു. പദ്ധതി പ്രകാരം ഏഴ് വർഷ വാറന്റി കാലയളവിൽ പ്രകൃതി ദുരന്തം കാരണമോ കൈകാര്യം ചെയ്യുന്നതിലെ അപാകത കാരണമോ അല്ലാതെ കേടാകുന്ന അല്ലാതെ LED-കൾ മാറ്റി സ്ഥാപിക്കുന്നതിലേയ്ക്കായി കരുതൽ സ്റ്റോക്ക് (ബഫർ) LED കൾ പദ്ധതിയുടെ PMU ആയ EESL—ലഭ്യമാക്കേണ്ടതും പരിപാലിക്കേണ്ടതുമാണ്. ഈ കാലയളവിലെ LED കളുടെ പരിപാലന ചുമതല അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ KSEBL മുഖേനയോ മറ്റ് സർവ്വീസ് കരാറുകാർ മുഖേനയോ മെയിന്റനൻസ് നടപ്പിലാക്കാവുന്നതാണ്.

തദ്ദേശസ്ഥാപനങ്ങൾ LED കളുടെ പരിപാലന പ്രവർത്തി KSEBL മുഖേനെ നിർവ്വഹിക്കുന്ന പക്ഷം ലേബർ ചർജ്ജ് ഇനത്തിൽ 166 രൂപ+18%GST നിരക്കിൽ തുക KSEB യിൽ നിക്ഷേപിക്കേണ്ടതാണ് എന്ന് സൂചന 2 പ്രകാരം അറിയിച്ചിട്ടുണ്ട്.

പദ്ധതിയുടെ ഭാഗമായി സ്ഥാപിക്കപ്പെടുന്ന LED കൾ വ്യാപകമായി കേടാകുന്നു എന്നതും മാറ്റി സ്ഥാപിക്കുവാൻ കാലതാമസമുണ്ടാകുന്നു എന്നതും ഉൾപ്പെടെയുള്ള പരാതികൾ പരിഗണിച്ച വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി സൂചന 3 പ്രകാരം ചുവടെപ്പറയും പ്രകാരം തീരുമാനിച്ചു. "നിലാവ് പദ്ധതിയുടെ ഭരണാനുമതി ഉത്തരവ് പ്രകാരം 7 വർഷ വാറന്റി കാലാവധിയ്ക്കുള്ളിൽ പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ച എൽ.ഇ.ഡികളിൽ കേടായ ബൾബുകൾ EESL സൗജന്യമായി ലഭ്യമാക്കണം. നിലാവ് പദ്ധതിയുടെ ഒന്നാം ഘട്ടമായി സ്ഥാപിച്ച 2 ലക്ഷം എൽ.ഇ.ഡികളിൽ കേടായവ K.S.E.B / EESL പുനഃസ്ഥാപിക്കണം. കേടായ LED കൾ മാറ്റി

സ്ഥാപിക്കുന്നത് പ്രവർത്തി ഏത് സ്ഥാപനത്തെ ഏൽപ്പിക്കണമെന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്. ഈ പ്രവൃത്തി KSEB യെ ഏൽപ്പിക്കുന്ന പക്ഷം കേടായ ഓരോ LED യും മാറ്റി സ്ഥാപിക്കുന്നതിന് ലേബർ ചാർജ്ജ് ആയി 166 രൂപ + GST 18% GST നിരക്കിൽ KSEB യ്ക്ക് നൽകേണ്ടതാണ്. മറ്റ് ഏജൻസികളെയാണ് ഏൽപ്പിക്കുന്നതെങ്കിൽ ടെണ്ടർ നടപടി സ്വീകരിക്കണം. എന്നാൽ മുകളിൽ പറഞ്ഞ നിരക്കിൽ അധികമാകാൻ പാടില്ല."

സർക്കാർ വിഷയം വിശദമായി പരിശോധിച്ചു. നിലാവ് പദ്ധതി പ്രകാരം സ്ഥാപിക്കപ്പെട്ട LED ബൾബുകൾ കേടാകുമ്പോൾ വാറന്റി കാലയളവിൽ EESL ലഭ്യമാക്കുന്ന ബഫർസ്റ്റോക്ക് ഉപയോഗിച്ച് മാറ്റി സ്ഥാപിക്കുവാനുള്ള ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. ഈ പ്രവൃത്തി KSEBL-നെ ഏൽപ്പിക്കുന്നില്ലെങ്കിൽ ടെണ്ടർ മുഖേന മറ്റ് സ്ഥാപനങ്ങളെ ചുമതലപ്പെടുത്തേണ്ടതും കരാറുകാരനുമായി Annual Maintenance Contract-ൽ ഏർപ്പെടേണ്ടതുംകരാറുകാരന് അനുവദിക്കുന്ന തുക KSEBL നിർദ്ദേശിച്ച നിരക്കിൽ അധികരിക്കുവാൻ പാടുള്ളതല്ല എന്ന് പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

PREETHA K S
ADDITIONAL SECRETARY

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

പകർപ്പ്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കിഫ്ബി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്

പഞ്ചായത്ത് ഡയറക്ടർ

നഗരകാര്യ ഡയറക്ടർ

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, KSEBL

എക്സിക്യൂട്ടീവ് ഡയറക്ടർ . ഇൻഫർമേഷൻ കേരള മിഷൻ

ധനകാര്യ വകുപ്പ്

ഊർജ്ജവകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുള്ള മിനിമാസ്റ്റ്, ഹൈമാസ്റ്റ്, എൽ.ഇ.ഡി തെരുവ് വിളക്കുകളുടെ പരിപാലനം യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിന് നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.199/2024/LSGD തീയതി,തിരുവനന്തപുരം, 24-01-2024

---

പരാമർശം:-
1. യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ചെയർമാൻ 20/10/2023 തീയതിയിൽ സർക്കാരിൽ സമർപ്പിച്ച അപേക്ഷ.
2. 04/01/2024 -ൽ നടന്ന യോഗത്തിന്റെ നടപടിക്കുറിപ്പിലെ ഖണ്ഡിക 4.7 തീരുമാനം.

**ഉത്തരവ്**

സംസ്ഥാനത്തെ വിവിധ തദ്ദേശ സ്വയംഭരണവകുപ്പ് സ്ഥാപനങ്ങൾ സ്ഥാപിച്ചിട്ടുള്ള മിനിമാസ്റ്റ്, ഹൈമാസ്റ്റ്, എൽ.ഇ.ഡി ഉൾപ്പെടെയുള്ള വിളക്കുകളുടെ പരിപാലനം ചെയ്യുവാനുള്ള അനുവാദം നൽകണമെന്ന് പരാമർശം(1) പ്രകാരം യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ചെയർമാൻ അപേക്ഷ സർക്കാരിൽ സമർപ്പിച്ചിരുന്നു.

സർക്കാർ ഈ വിഷയം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിക്കുകയും കമ്മിറ്റിയുടെ പരാമർശം(2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ഒരു പൊതുമേഖല സ്ഥാപനമാണെന്ന വസ്തുത പരിഗണിച്ച്, തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുള്ള മിനിമാസ്റ്റ്, ഹൈമാസ്റ്റ്, എൽ.ഇ.ഡി തെരുവ് വിളക്കുകളുടെ പരിപാലനം പ്രസ്തുത സ്ഥാപനത്തിന് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
കൺവീനർ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിംഗ് ബോർഡ്, പട്ടം
ചെയർമാൻ, യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്
അക്കൗണ്ടന്റ് ജനറൽ(എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
ഇൻഫർമേഷൻ ഫീസർ, വെബ്&ന്യൂ മീഡിയ വിംഗ്, ഐ&പി.ആർ.ഡി
കരുതൽ ഫയൽ(DB3/519/2023-LSGD)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# 18. വാഹനങ്ങൾ വാങ്ങൽ/വാടകയ്ക്ക് എടുക്കൽ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗ്രാമപഞ്ചായത്തുകൾക്കും, ബ്ലോക്ക് പഞ്ചായത്തുകൾക്കും, മുനിസിപ്പാലിറ്റികൾക്കും, ജില്ലാ പഞ്ചായത്തിലെയും കോർപ്പറേഷനിലെ മറ്റാവശ്യങ്ങൾക്കും (ജില്ലാ പഞ്ചായത്ത് പ്രസിഡന്റിനും കോർപ്പറേഷൻ മേയർക്കും ഒഴികെ) വാഹനം വാങ്ങുന്നതിന് തുക പരിധി ഉയർത്തുന്നതിന് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2030/2022/LSGD തീയതി,തിരുവനന്തപുരം, 20-08-2022

---

പരാമർശം:-

1. 28/05/2022 തീയതിയിലെ സ.ഉ(കൈ)നം.115/2022/തസ്വഭവ നമ്പർ ഉത്തരവ്.
2. 26/07/2022 തീയതിയിലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം നമ്പർ 3.1.1.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും എഞ്ചിനീയറിംഗ് വിഭാഗത്തിനും വാഹനം വാങ്ങുന്നതിനും വാടകയ്ക്കെടുക്കുന്നതിനും പരാമർശം (1) പ്രകാരം മാർഗ്ഗരേഖ പുറപ്പെടുവിച്ചിരുന്നു. ഇതുപ്രകാരം നിലവിൽ ഒരു വാഹനം പോലുമില്ലാത്ത തദ്ദേശ ഭരണസ്ഥാപനങ്ങളും നിലവിലുള്ള വാഹനം കണ്ടം ചെയ്യുന്ന തദ്ദേശഭരണ സ്ഥാപനങ്ങളും കഴിവതും വാഹനം വാടകയ്ക്കെടുത്ത് ഉപയോഗിക്കണമെന്നും വാടകയ്ക്കെടുക്കുന്നതിനു പകരം ആവശ്യമെങ്കിൽ ഇത്തരം സാഹചര്യത്തിൽ 10.00 ലക്ഷം രൂപയിൽ അധികരിക്കാത്ത വിലയുള്ള വാഹനം വാങ്ങുന്നതിനും പരാമർശം (1) ഉത്തരവിൽ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെയും കോർപ്പറേഷൻ മേയറുടെയും ഉപയോഗത്തിന് 20 ( ഇരുപത് ലക്ഷം)ലക്ഷം രൂപയിൽ അധികരിക്കാത്ത വിലയുള്ള വാഹനം വാങ്ങാവുന്നതാണ്. ഈ നിർദ്ദേശ പ്രകാരം മുനിസിപ്പാലിറ്റികൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിൽ 10 ലക്ഷം രൂപയിലധികം വിലവരുന്ന വാഹനം വാങ്ങാൻ കഴിയാത്തിനാൽ ഈ പരിധി വർദ്ധിപ്പിക്കണമെന്ന് തദ്ദേശഭരണ സ്ഥാപന അസോസിയേഷൻ ഭാരവാഹികളടക്കമുള്ളവർ ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിക്കുകയും കമ്മിറ്റിയുടെ പരാമർശം (2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകൾക്കും, ബ്ലോക്ക് പഞ്ചായത്തുകൾക്കും, മുനിസിപ്പാലിറ്റികൾക്കും, ജില്ലാ പഞ്ചായത്തിലെയും കോർപ്പറേഷനിലെ മറ്റാവശ്യങ്ങൾക്കും (ജില്ലാ പഞ്ചായത്ത് പ്രസിഡന്റിനും കോർപ്പറേഷൻ മേയർക്കും ഒഴികെ) 13 ലക്ഷം രൂപ വരെ

വിലയുള്ള വാഹനം വാങ്ങുന്നതിനും GEM പോർട്ടലിൽ വാഹനം ലഭ്യമല്ലായെങ്കിൽ മാത്രം ടെണ്ടർ, ഇ-ടെണ്ടർ മുഖേന വാങ്ങുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3.പരാമർശ ഉത്തരവ് ഇപ്രകാരം ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Reenamma P A
Date: 20-08-2022 15:41:04
സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ നിർമാർജ്ജന പദ്ധതികൾക്ക് ആവശ്യമായ പിക്ക് അപ്പ് വാൻ/ ഇലക്ട്രിക്ക് ഓട്ടോ എന്നിവ കേരള ഓട്ടോ മൊബൈൽസ് ലിമിറ്റഡിൽ (KAL) നിന്നും വാങ്ങുന്നത് - ഒരു വർഷത്തേയ്ക്ക് മാത്രം വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

**തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്**

**G.O.(Rt)No.2159/2022/LSGD** തീയതി,തിരുവനന്തപുരം, **02-09-2022**

പരാമർശം:- കേരള ഓട്ടോ മൊബൈൽസ് ലിമിറ്റഡ് മാനേജിങ് ഡയറക്ടറുടെ 04.03.2022-ലെ KAL/MDO/2021-22/ 544 നമ്പർ കത്ത്

**ഉത്തരവ്**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മാലിന്യ നിർമാർജന പ്രവർത്തനങ്ങൾക്കായി 3 വീലർ ഇലക്ട്രിക്ക് ഓട്ടോറിക്ഷകളും അനുബന്ധ വാഹനങ്ങളായ പിക്ക് അപ്പ് വാൻ, ഡെലിവറി വാൻ, തുടങ്ങിയ വാഹനങ്ങളും ടെൻഡർ നടപടികളില്ലാതെ കേരള ഓട്ടോ മൊബൈൽസ് ലിമിറ്റഡിൽ (KAL) നിന്നും വാങ്ങുന്നതിനായി ഗ്രാമ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും അനുമതി നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കേരള ഓട്ടോ മൊബൈൽസ് ലിമിറ്റഡ് പരമാർശം പ്രകാരം ഒരു പ്രൊപോസൽ സമർപ്പിച്ചിരുന്നു. ഇപ്രകാരം വാങ്ങുന്ന വാഹനങ്ങൾക്ക് അടിസ്ഥാന വിലയിൽ 2% കിഴിവ്, ബാറ്ററിയ്ക്ക് 3 വർഷ വാറണ്ടി, 5 ഫ്രീ സർവ്വീസ് എന്നിവ നൽകുമെന്നും കേരള ഓട്ടോ മൊബൈൽസ് ലിമിറ്റഡ് ഉറപ്പ് നൽകിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ നിർമാർജന പദ്ധതികൾക്ക് ആവശ്യമായ പിക്ക് അപ്പ് വാൻ/ ഇലക്ട്രിക്ക് ഓട്ടോ എന്നിവ കേരള ഓട്ടോ മൊബൈൽസ് ലിമിറ്റഡിൽ (KAL) നിന്നും ഗുണ നിലവാരം ഉറപ്പ് വരുത്തിക്കൊണ്ടും ടി സ്ഥാപനം വാഗ്ദാനം ചെയ്തിട്ടുള്ള ഇളവുകളോടെയും ഒരു വർഷത്തേയ്ക്ക് മാത്രം വാങ്ങുന്നതിന് താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു:

i) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വാഹനങ്ങൾ വാങ്ങാൻ അനുമതി നൽകിയിട്ടുള്ള കാലയളവിനുള്ളിൽ കേരള ഓട്ടോ മൊബൈൽസ് ലിമിറ്റഡ് മേൽ പരമാർശിച്ചിട്ടുള്ള വാഹനങ്ങൾ GeM പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

ii) കേരള ഓട്ടോ മൊബൈൽസ് ലിമിറ്റഡ് മേൽ പരാമർശിച്ചിരിക്കുന്ന തരം വാഹനങ്ങൾക്ക് ഓഫർ ചെയ്യുന്ന അടിസ്ഥാന വില (ex-showroom price) ഇതേ സ്പെസിഫിക്കേഷൻ ഉള്ള വാഹനത്തിന് PIAGGIO, Mahindra മുതലായ പ്രമുഖ കമ്പനികൾ GeM പോർട്ടലിൽ ഓഫർ ചെയ്യുന്ന വിലയേക്കാൾ കുറവായിരിക്കണം.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA.R.S.
JOINT SECRETARY

പ്രിസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
മാനേജിങ് ഡയറക്ടർ, കേരള ഓട്ടോ മൊബൈൽസ് ലിമിറ്റഡ്
എസ്ക്കിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചയായത്ത് ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പാലിറ്റികൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
സ്റ്റോർ പർച്ചേസ് (ബി ) വകുപ്പ് (SPD-B2/4/2022-SPD)
ധനകാര്യ (വികസന )വകുപ്പ് (2140406/Dev3/154/22/Fin)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ - തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഓഫീസ് ആവശ്യത്തിന് വാഹനം വാടകയ്ക്കെടുക്കുന്നത് - രണ്ടാമത്തെ ക്വട്ടേഷനിൽ വാഹനങ്ങളുടെ പഴക്കം സംബന്ധിച്ച നിബന്ധന ഒഴിവാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.680/2023/LSGD തീയതി,തിരുവനന്തപുരം, 21-03-2023

പരാമർശം:- 1. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 08.03.2023 നു നടന്ന യോഗത്തിന്റെ തീരുമാനം 3.6

**ഉത്തരവ്**

പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി - ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച പരാമർശിത മാർഗ്ഗരേഖ ഖണ്ഡിക 8.2 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഓഫീസ് ആവശ്യത്തിന് വാഹനം വാടകയ്ക്കെടുക്കുന്നതിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇത് പ്രകാരം 2017-നു ശേഷമുള്ള മോഡൽ വാഹനമായിരിക്കണം വാടകയ്ക്കെടുക്കേണ്ടതെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്.

2. എന്നാൽ ക്വട്ടേഷൻ ക്ഷണിക്കുമ്പോൾ 2017 നു ശേഷമുള്ള മോഡൽ വാഹനം ലഭ്യമാകുന്നില്ലെങ്കിൽ, രണ്ടാമത്തെ ക്വട്ടേഷനിൽ വാഹനങ്ങളുടെ പഴക്കം സംബന്ധിച്ച മാർഗ്ഗരേഖയിലെ നിബന്ധന ഒഴിവാക്കി ഉത്തരവാകുന്നു.

3. പരാമർശിത മാർഗ്ഗരേഖ മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
8. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്

9. ഗ്രാമവികസന കമ്മീഷണർ
10. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
11. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
14. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
15. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
16. ഡയറക്ടർ ജനറൽ, കില
17. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
18. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
19. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
20. തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്
21. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നിശ്ചിത സ്പെസിഫിക്കേഷനുള്ള ഇലക്ട്രിക് സ്കൂട്ടർ GEM പോർട്ടലിൽ ലഭ്യമല്ലെങ്കിൽ ആയത് ഓപ്പൺ മാർക്കറ്റിൽ നിന്നും വാങ്ങാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1021/2025/LSGD തീയതി,തിരുവനന്തപുരം, 23-04-2025

പരാമർശം:-
1. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
2. സ.ഉ.(സാധാ) നം.2589/2024/LSGD; തീയതി 31.12.2024
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.03.2025-നു നടന്ന യോഗത്തിന്റെ തീരുമാനം 3.3

**ഉത്തരവ്**

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഓഫീസ് ആവശ്യത്തിന് നിർദ്ദിഷ്ട സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇലക്ട്രിക് സ്കൂട്ടർ വാങ്ങാൻ പരാമർശം 2 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. പരാമർശം 2 ഉത്തരവു പ്രകാരമുള്ള സ്പെസിഫിക്കേഷനോടെയുള്ള ഇലക്ട്രിക് സ്കൂട്ടർ GEM പോർട്ടലിൽ ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ, GEM പോർട്ടലിൽ മുകളിൽ പറഞ്ഞ പ്രകാരമുള്ള ഇലക്ട്രിക് സ്കൂട്ടർ ലഭ്യമല്ലായെന്ന് നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണമെന്ന നിബന്ധനയോടെ, മറ്റു വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ച് ഓപ്പൺ മാർക്കറ്റിൽ നിന്നു ഇലക്ട്രിക് സ്കൂട്ടർ വാങ്ങാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ദീപ റ്റി വി

ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്

11. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
14. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
15. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
16. ഡയറക്ടർ ജനറൽ, കില
17. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
18. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
19. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
20. തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്
21. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ഡിഎ1/181/2025-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 22-05-2025

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - ഓഫീസ് ആവശ്യത്തിനായി വാഹനങ്ങൾ വാടകയ്ക്കെടുക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരമുള്ള മാനദണ്ഡങ്ങൾ ബഡ്സ് സ്കൂൾ തുടങ്ങിയ ആവശ്യത്തിന് വാടകയ്ക്കെടുക്കുമ്പോൾ അനുവർത്തിക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.03.2025-ന നടന്ന യോഗത്തിന്റെ തീരുമാനം 3.4

**********

സബ്സിഡി - ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച സൂചിത മാർഗ്ഗരേഖ പ്രകാരം, ഓഫീസ് ആവശ്യത്തിന് പ്രതിമാസം പരമാവധി 36,000 രൂപ വരെ വാടകയിനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ചെലവഴിക്കാൻ അനുമതി നൽകിയിട്ടുണ്ട്. പ്രതിമാസം പരമാവധി 2000 കിലോമീറ്റർ ആണ് വാഹനം ഓടാവുന്നത്. ബഡ്സ് സ്കൂൾ, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയ ആവശ്യത്തിന് ഇതേ നിരക്ക് ബാധകമാണോ എന്ന് വ്യക്തത വരുത്തണമെന്ന് ചില തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. മേൽ വിഷയത്തിൽ ചുവടെ പ്രകാരം സ്പഷ്ടീകരണം നൽകുന്നു.

ഓഫീസ് ആവശ്യത്തിന് വാഹനം വാടകയ്ക്കെടുക്കുമ്പോൾ സൂചിത സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 8.2 പ്രകാരമുള്ള മാനദണ്ഡം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പാലിക്കേണ്ടതാണ്. എന്നാൽ ബഡ്സ് സ്കൂൾ/ ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ എന്നിവിടങ്ങളിലെ കുട്ടികൾക്ക് യാത്രാസൗകര്യം ഒരുക്കുന്നതിന് ടെണ്ടർ/ക്വട്ടേഷൻ വിളിച്ച് ഏറ്റവും കുറഞ്ഞ നിരക്കിലുള്ള വാഹനം നടപടിക്രമങ്ങൾ പാലിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വാടകയ്ക്കെടുക്കാവുന്നതാണ്. ഇപ്രകാരം വാടകയ്ക്കെടുക്കുന്ന വാഹനത്തിന് ഓഫീസ് വാഹനത്തിനായി മാർഗ്ഗരേഖ പ്രകാരം നിശ്ചയിച്ചിരിക്കുന്ന നിരക്ക് ബാധകമല്ല.

ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
14. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
15. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
16. ഡയറക്ടർ ജനറൽ, കില
17. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
18. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
19. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
20. തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്
21. തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്
22. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ ആംബുലൻസ് വാങ്ങുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡി.ബി.)വകുപ്പ്

സ.ഉ.(സാധാ) നം.1350/2025/LSGD തീയതി,തിരുവനന്തപുരം, 31-05-2025

---

പരാമർശം:- 27.03.2025-ന് ചേർന്ന വികേന്ദ്രീകൃതാസൂത്രണം - കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 2.1 ഖണ്ഡിക 3.2-നമ്പർ തീരുമാനം

ഉത്തരവ്

തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ ആംബുലൻസ് വാങ്ങുന്ന വിഷയം വികേന്ദ്രീകൃതാസൂത്രണം - കോ-ഓർഡിനേഷൻ കമ്മിറ്റി പരിശോധിക്കുകയും ദേശീയ മാനദണ്ഡമനുസരിച്ച് ഓരോ ലക്ഷം ജനസംഖ്യയ്ക്കും ഒരു B.L.S. (Basic Life Support) ആംബുലൻസും ഓരോ 5 ലക്ഷം ജനസംഖ്യയ്ക്കും ഒരു A.L.S. (Advanced Life Support) ആംബുലൻസും വേണമെന്ന് വീക്ഷിക്കുകയുണ്ടായി. ദേശീയ മാനദണ്ഡമനുസരിച്ച് സംസ്ഥാനത്ത് 347 B.L.S. ആംബുലൻസുകൾ വേണ്ട സ്ഥാനത്ത് നിലവിൽ D.H.S., D.M.E., 108,ത സ്വ ഭ സ്ഥാപനങ്ങൾ എന്നീ വിഭാഗത്തിലുള്ള ഏജൻസികളുടെ കൈവശം ആകെ 1091 ആംബുലൻസുകളുണ്ട്. D.H.S., D.M.E., 108 എന്നീ ഏജൻസികളുടെ ഉടമസ്ഥതയിൽ മാത്രമായി (LSGIs ഒഴികെ) 490 B.L.S.- ആംബുലൻസുകളുമുണ്ട്.

2) ദേശീയ മാനദണ്ഡമനുസരിച്ച് സംസ്ഥാനത്ത് 69 A.L.S. ആംബുലൻസ് വേണ്ട സ്ഥാനത്ത് നിലവിൽ ലഭ്യമായ കണക്കനുസരിച്ച് D.H.S. ന്റെ കൈവശമായി 30 ആംബുലൻസുകൾ മാത്രമാണ് ഉള്ളത്. കൂടാതെ മുകളിൽ പറഞ്ഞ കണക്ക് രജിസ്റ്റർ ചെയ്ത ആംബുലൻസിന്റെ എണ്ണം മാത്രമാകയാൽ B.L.S. ആംബുലൻസിന്റെ കുറവില്ല എന്ന് യോഗം വിലയിരുത്തുകയും ചെയ്തു.

3) മേൽ വസ്തുതകൾ വികേന്ദ്രീകൃതാസൂത്രണം - കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 27.03.2025-ന് ചേർന്ന യോഗം പരിശോധിക്കുകയും 2.1 ഖണ്ഡിക 3.2 പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ ആംബുലൻസ് വാങ്ങുന്നത് സംബന്ധിച്ച വ്യക്തത വരുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച ഉത്തരവാകുന്നു.

1. M.P.LAD, M.L.A.SDF, C.S.R .-എന്നീ മാർഗ്ഗത്തിലൂടെ ആംബുലൻസ് ലഭിക്കാൻ സാധ്യതയുള്ളതിനാൽ ഇനി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ **B.L.S.** ആംബുലൻസുകൾ വാങ്ങേണ്ടതില്ല.
2. അടിയന്തര ജീവൻ രക്ഷയ്ക്ക് A.L.S.-അംബുലൻസ് വളരെ സഹായകരം ആയതിനാൽ A.L.S.-ആംബുലൻസ് വാങ്ങുന്നതിന് ജില്ലാ തലത്തിൽ സംയുക്ത പ്രോജക്ട് തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങൾക്ക് എടുക്കാവുന്നതും ജില്ലാ ആശുപത്രിയുടെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുമായി ബന്ധപ്പെടുത്തി മാത്രം ആംബുലൻസ് വാങ്ങാവുന്നതുമാണ്.

3. പാലിയേറ്റിവ് ആവശ്യത്തിന് വാഹനം വാങ്ങാവുന്നതാണ്.
4. ഏതെങ്കിലും ഗ്രാമപഞ്ചായത്തിലോ നഗരസഭയിലോ അടിയന്തരമായി ആംബുലൻസ് സേവനം ആവശ്യമായി വന്നാൽ അർഹതയുള്ള നിർദ്ധന വിഭാഗക്കാർക്ക് (അതിദരിദ്രർ, മുൻഗണനാ റേഷൻ കാർഡുള്ള S.C./S.T. വിഭാഗക്കാർക്ക്) ആംബുലൻസിന്റെ വാടക തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നും നൽകാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
കൺവീനർ, സ്റ്റേറ്റ് റിസോർസ് ഗ്രൂപ്പ്, പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) കേരള, തിരുവനന്തപുരം
കരുതൽ ഫയൽ.(DB2/455/2023-LSGD)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ